# ശ്രീ

# വാല്മീകിരാമായണം

(വൃത്താനുവൃത്തതർജ്ജമ)

## ഉത്തരകാണ്ഡം.

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

# ശ്രീ

# വാല്മീകിരാമായണം

(വൃത്താനുവൃത്തങ്ങളുമ)

കേരള സാഹിത്യ അക്കാദമി ★ തൃശ്ശൂർ ★

## ഉത്തരകാണ്ഡം.

വിവർത്തകൻ:

**വള്ളത്തോൾ.**

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

(പകർപ്പവകാശം വിവർത്തകന്)

[വില ൩ക. ൮ണ.

---

വിവർത്തകന്റെ ഒപ്പിടയാളമില്ലാത്ത പുസ്തകം വ്യാജനിർമ്മിതമായിരിക്കും.

Digitized By Kerala Sahitya Akademi

തൃശ്ശിവപേരൂർ
മംഗളോദയം അച്ചുകൂടത്തിൽ
അച്ചടിച്ചത്.

൧൧൧൮—കോപ്പി ൧൦൦൦.

Digitized By Kerala Sahitya Akademi

# പ്രസാധകക്കുറിപ്പ്

മഹാകവിയുടെ വാല്മീകിരാമായണം ആറു കാണ്ഡം ഒററപ്പുസ്തകമാക്കി ൧൧൧൪-ൽ പ്രസിദ്ധീകരിക്കപ്പെട്ടതിന്നു ൩ക. ൮ണ.യായിരുന്നു വില. (ആ പതിപ്പ് നിശ്ശേഷം തീൎന്നുപോയി.) ആ വിലതന്നെ ഉത്തരകാണ്ഡം മാത്രം ഉൾപ്പെട്ട ഇപ്പുസ്തകത്തിന്നു നിശ്ചയിക്കേണ്ടിവന്നതിൽ ഞങ്ങൾക്ക് അനല്പമായ വ്യസനമുണ്ട്. എന്നാൽ കടലാസ്സുവില റാത്തലിന്ന് ഒന്നരണ വീതമായിരുന്നത് ഇന്നു രണ്ടുറുപ്പികയായി വൎദ്ധിച്ചിരിക്കുന്നത് ഓൎത്തു സമാശ്വസിക്കുകയേ നിവൃത്തിയുള്ളു.

ലോകം കലക്കം വിട്ട് ഒന്നു തെളിഞ്ഞാൽ ഈ പുസ്തകവും മിതമായ വിലയ്ക്കുതന്നെ വായനക്കാരുടെ കൈയിൽ സമൎപ്പിക്കുവാൻ സാധിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി,
1118 മീനം 21-ാംനു.

പ്രസാധകന്മാർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ശ്രീ

# വാല്മീകിരാമായണം

## ഉത്തരകാണ്ഡം.

### ഒന്നാംസർഗ്ഗം: ഋഷീന്ദ്രാഗമനം.

രാമൻ രാക്ഷസരെക്കൊന്നു രാജ്യം കയ്യേററിരിക്കവേ,
രാമനെ പ്രതിനന്ദിപ്പാൻ വന്നു മുനികളേവരും:
അക്കൌശികൻ, യവക്രീതൻ, ഗാർഗ്യൻ,ഗാലവനങ്ങിനെ
മേധാതിഥിസുതൻ കണ്വൻ കിഴക്കേദ്ദിക്കുകാരിവർ;
ഭഗവാൻ നമുചി, സ്വസ്ത്യാത്രേയൻ, പ്രമുചി,യങ്ങിനെ
അഗസ്ത്യന,ത്രിഭഗവാൻ, സുമുഖൻ, വിമുഖാഖ്യനും
അഗസ്ത്യനൊത്തുവന്നെത്തി തെക്കേദ്ദിക്കിൽവസിപ്പവർ;
നൃകണ്ഡു, ധൌമ്യൻ,കവഷി, കൌഷീയവൃഷിസത്തമൻ,
ശിഷ്യരൊന്നിച്ചു വന്നെത്തീ പടിഞ്ഞാർദിക്കുകാരിവർ;
വസിഷ്ഠൻ, കശ്യപൻ,വിശ്വാമിത്രന,ത്രിസഗൌതമൻ,
ജമദഗ്നി ഭരദ്വാജനെന്നീസ്സപ്തർഷിമാർകളും; ൧
വടക്കേദ്ദിക്കിലെന്നെന്നും വാഴുവോരേ,ഴുപേരിവർ.
രാമാലയമണഞ്ഞിട്ടു സുമഹാത്മാക്കളാമവർ
ദ്വാസ്ഥനാലറിയിപ്പാനായ് നിന്നാരഗ്നിസമപ്രഭർ
വേദവേദാംഗവിദ്വാന്മാർ നാനാശാസ്ത്രവിശാരദർ.

Digitized By Kerala Sahitya Akademi

ദ്വാസ്ഥനോടോതിനാൻധർമ്മാത്മാവഗസ്ത്യമഹാമുനി:-
'ഉണർത്തു ദാശരഥിയോടൃഷിമാർ ഞങ്ങൾ വന്നതായ്.'
ദ്വാരപാലൻ തിടുക്കത്തോടഗസ്ത്യമൊഴിയാലുടൻ
മഹാത്മാവാം രാഘവൻെറയരികിൽച്ചെന്നിതഞ്ജസാ.
നയേങ്ഗിതജ്ഞൻസദ്വൃത്തൻ നിപുണൻധൈര്യമുള്ളവൻ
അവൻ രാകേന്ദുരുചിയാം രാമനെക്കണ്ടു സത്വരം ൨൦
ചൊല്ലിനാനൃഷിമാരോടൊത്തഗസ്ത്യൻവന്നിരിപ്പതായ്.
അബ്ബാലാർക്കാഭർ മുനിമാർ വന്നിരിപ്പതു കേട്ടവൻ
ദ്വാസ്ഥനോടുത്തരംചൊന്നാൻ:-'കൂട്ടികൊണ്ടുവരൂ സു
(ഖം.'

ആ വന്ന മുനിമാരെക്കണ്ടെണീററു തൊഴുതാദരാൽ
കുതുങ്ങി വന്ദിച്ചാ രാമനർഘ്യപാദ്യാദിപൂജയും
ഗോനിവേദനവും ചെയ്തു നല്കിനാനാസനങ്ങളെ.
പൊന്നണിഞ്ഞു വലുപ്പം പൂണ്ടവയായുത്തമങ്ങളായ്
ദർഭ്ഭപ്പുല്ലു വിരിച്ചുള്ളാ മാന്തോലിട്ടാസനങ്ങളിൽ
ഇരുന്നരുളിനാർ തക്കവിധമാ മുനിപുങ്ഗവർ. ൨൩
രാമൻെറ കുശലപ്രശ്നം കേട്ടു രാമനൊടോതിനാർ
ശിഷ്യരും മുഖ്യരും ചേന്ന വേദജ്ഞന്മാർ മഹർഷിമാർ:-
"ഞങ്ങൾക്കെങ്ങും മഹാബാഹോ, കുശലം രഘുനന്ദന:
ഭാഗ്യം, കാണായിവന്നല്ലോ ഹതാരി സുഖിതൻ ഭവാൻ!
ഭാഗ്യം, നിന്നാൽഹതൻ ഭൂപ,രാവണൻലോകരാവണൻ!
നിനക്കു രാമ, നിസ്സാരൻ രാവണൻ പുത്രപൌത്രവാൻ.
കില്ലില്ല, വില്ലെടുത്താൽ നീ വെല്ലുമല്ലോ ജഗത്രയം!
ഭാഗ്യം,നിന്നാൽഹതൻരാമ,രാവണൻരാക്ഷസേശ്വരൻ!
ഭാഗ്യം, വിജയി നീയിന്നു കാണായ് ജാനകിയാളൊടും

Digitized By Kerala Sahitya Akademi

ധർമ്മാത്മൻ,നിൻപ്രിയം ചെയ്യും തമ്പിലക്ഷ്മണനോടുമേ.
മാതൃഭ്രാതാക്കളൊത്തിന്നു കാണ്മായ് ഞങ്ങൾക്കു മന്നവ!
ഭാഗ്യം, പ്രഹസ്തൻ,വികടൻ,വിരൂപാക്ഷൻ,മഹോദരൻ,
അകമ്പനൻ ദുരാധർഷൻ, ഹതരായീ നിശാചരർ!
വലുപ്പമില്ലിങ്ങാർക്കുള്ള വലുപ്പത്തിൽക്കവിഞ്ഞതായ്,
അക്കുംഭകർണ്ണനെബ്ഭാഗ്യം, പോരിൽ വീഴിച്ചു രാമ നീ!
ത്രിശിരസ്സ്,തികായാഖ്യൻ, ദേവാന്തകനരാന്തകർ,
വീര്യോദ്ധൃതരീ രാക്ഷസരെ,ബ്ഭാഗ്യം, രാമ, വധിച്ചു നീ!
കുംഭൻ, നികുംഭനി,ക്കുംഭകർണ്ണപുത്രരക്കരെ,
ഘോരസച്ശ്രുവരെപ്പോരിൽ,ബ്ഭാഗ്യം, രാമ, വധിച്ചു നീ!
യുദ്ധോന്മത്താഭിധൻ മത്തൻ കാലാന്തകയമോപമർ,
യജ്ഞകോപൻ, ബലോപേതനഥ ധൂമ്രാക്ഷരാക്ഷസൻ,
കൊടുംപരിക്കു തട്ടിയ്ക്കുമിവർ ശസ്ത്രാസ്ത്രപാരഗർ
ഭാഗ്യം, നിഹതരായ് നിന്നാൽക്കാലനൊത്ത ശരങ്ങളാൽ!
ഭാഗ്യം, വാനോർക്കു കൊല്ലാവല്ലാത്ത രാക്ഷസർകോവുമായ്
ദ്വന്ദ്വയുദ്ധത്തിലേററിട്ടു നേടിയല്ലോ ജയം ഭവാൻ!
യുധി രാവണനെത്തോല്പിച്ചതിലില്ലത്രയൊന്നുമേ;
ഭാഗ്യം, ദ്വന്ദ്വാഹവത്തിൽക്കൊന്നല്ലോ രാവണിയെബ്ഭ
(വാൻ!
ഭാഗ്യം,മാ ത്രിദശദ്വേഷി, കാലൻ പോലോടിയേല്ക്കവേ
നേടീ വിടുതിയും വീര, ജയവും നീ മഹാഭുജ!
നിന്നിന്ദ്രജിദ്വധം കേട്ടു നന്ദിപ്പു ഞങ്ങളൊക്കയും:
അവധ്യനവനേവർക്കും പോരിൽ വന്മായ പൂണ്ടവൻ; ൩൦
ആയിന്ദ്രജിദ്വധംകേട്ടിട്ടാണീ ഞങ്ങൾക്കു വിസ്മയം!
വേറെയും വളരെക്കാമത്രൂപിരാക്ഷസവീരരെ,

Digitized By Kerala Sahitya Akademi

ഭാഗ്യം, നീ കൊലചെയ്കല്ലോ രഘുവംശവിവർദ്ധന!
ഇപ്പുണ്യസൌമിത്രാഭയദക്ഷിണ തന്നിട്ട വീര, നീ
ഭാഗ്യം,ജയത്താൽക്കാകുത്സ്ഥ, വർദ്ധിപ്പൂ ശത്രുനാശന!''
ഭാവിതാത്മാക്കളൃഷിമാരവർ ചൊന്നതു കേൾക്കയാൽ
പാരം വിസ്മിതനായ്‌രാമൻ ചോദിച്ചാൻ തൊഴുതിങ്ങി
(നെ:—
'ഭഗവാന്മാർകളേ, കുംഭകർണ്ണൻ, രാവണരാക്ഷസൻ,
ഈ വീരരെക്കവിച്ചെന്തേ വാഴ്ത്താൻ രാവണപുത്രനെ? മഹാ
മഹോദരൻ, പ്രഹസ്താഖ്യൻ, വിരൂപാക്ഷനരക്കനും,
മത്തോന്മത്തർ, ദുരാധർഷർ ദേവാന്തകനരാന്തകർ,
ഈ വീരരെക്കവിച്ചെന്തേ വാഴ്ത്താൻ രാവണപുത്രനെ?
അതികായൻ, ത്രിമൂർദ്ധാവു, ധൂമ്രാക്ഷൻ രജനീചരൻ
ഈ വീരരെക്കവിച്ചെന്തേ വാഴ്ത്താൻ രാവണപുത്രനെ?
പ്രഭാവമെമ്മട്ടിവനു ബലമെന്തെ,ന്തു വിക്രമം?
ഇവൻ രാവണനെക്കാളുമെന്തുകൊണ്ടിത്ര മീതെയായ്?
കേൾക്കാമെന്നിശ്ശൊന്നുണ്ടെങ്കിലി,ങ്ങാജ്ഞാപിക്കയല്ല
(ഞാൻ,
ചൊല്ലിക്കൂടാത്തതല്ലെങ്കിൽക്കേട്ടാൽക്കൊള്ളാം; കഥിക്കു.
എമ്മട്ടിന്ദ്രനെയുംവെന്നാനവൻ നേടീവരത്തെയും (വിൻ.
അച്ഛനാംരാവണനല്ല കെല്പുണ്ണിയ്ക്കാണി,തെങ്ങിനെ? ൪൦
എമ്മട്ടവൻ താതനിൽ മുന്തി പോരി–
ലെ,മ്മട്ടരക്കൻ ഹരിയെജ്ജയിച്ചു,
വരങ്ങളും നേടി?യിതൊക്കെയിപ്പോൾ,–
ച്ചോദിക്കുമെന്നോടരുൾചെയ്ക മാമുനേ!'

Digitized By Kerala Sahitya Akademi

## രണ്ടാംസർഗ്ഗം: പൌലസ്ത്യോല്പത്തികഥനം

ആ മഹാത്മാവു കാകുത്സ്ഥനാഃച്ചോദിച്ചതു കേട്ടടൻ
കുംഭയോനി മഹാഃതേജസ്സിയു രാമനോടോതിനാൻ:—
"രാമ, കേൾ തച്ചരിതവും മഹാതേജോബലങ്ങളും
മാററാരെക്കൊന്നതുമവൻ പരാവധ്യത്വമാർന്നതും.
ആദ്യമാ രാവണനുടെ വംശം രാഘവ, ജന്മവും
അവനു നല്കപ്പെട്ടോരു വരവും നിന്നോടോതിടാം:
പുരാ കൃതയുഗേ രാമ, പ്രജാപതിസുതൻ പ്രഭു
പുലസ്ത്യസംജ്ഞൻ ബ്രഹ്മർഷി സാക്ഷാൽ ബ്രഹ്മാവിനൊ
വർണ്ണിയ്ക്കവയ്യ,വനുള്ള ധർമ്മശീലഗുണങ്ങളെ; (ത്തവൻ;
പുത്രൻപ്രജാപതിയ്ക്കെന്നതൊന്നേ ചൊല്ലാൻകഴിഞ്ഞിട്ടു!
ഇഷ്ടനല്ലോ സുരന്മാർക്കീ പ്രാജാപത്യതയാലവൻ
പ്രിയൻ ജഗത്തിനൊട്ടുക്ക.ബുദ്ധിമാൻ സദ്ഗുണങ്ങളാൽ.
മുനിപുംഗവനദ്ദേഹം മേരുശൈലേശ്വരാന്തികേ
തൃണബിന്ദ്വാശ്രമം പുക്കു വാണാൻ ധർമ്മാർജ്ജനത്തിനായ്.
അധർമ്മിഷ്ഠൻ തപം ചെയ്യാൻ സ്വാധ്യായനിയതേന്ദ്രി
പിണസ്സുയായ് വിഘ്നമവനാശ്രമം പുക്കു കന്യമാർ: (യൻ
ദേവാഹിപ്പെൺകൊടികളും രാജർഷിസുതമാർകളും
അപ്സരസ്സുകളും ചെല്ലുമദ്ദിക്കിൽക്കളിയാടുവാൻ;
സർവ്വർത്തുഭോഗ്യത്വത്താലും കാടിന്റെയഴകാലുമേ
പതിവായവിടെച്ചെന്നു കളിയാടും കുമാരിമാർ.
പുലസ്ത്യവിപ്രൻ മരുവുംസ്ഥലത്തിനുടെ ഭംഗിയാൽ,
വാദ്യങ്ങൾ കൊട്ടിയും പാട്ടു പാടിയും നൃത്തമാടിയും
ആ മുനിയ്ക്കു തപോവിഘ്നം വരുത്തി വരഗാത്രിമാർ.

Digitized By Kerala Sahitya Akademi

അതിൽച്ചൊടിച്ചു തേജസ്വിയരുൾചെയ്തു മഹാമുനി:—
'എവളെന്നുന്നിൽ വന്നെത്തു,മവൾ ഗർഭം ധരിച്ചുപോം.'
ആ മഹാത്മാവുതൻ വാക്കു കേട്ടിട്ടായവരേവരും
ബ്രഹ്മശാപഭയംമൂലമട്ടിക്കിൽച്ചെന്നിടാതെയായ്.

എന്നാൽക്കേട്ടീലതു തൃണബിന്ദുരാജർഷിതൻമകൾ:
അവളാശ്രമമുൾപ്പുക്കു നടന്നാളങ്ങു നിർഭയം;
കാണ്ടുനില്ക്കുമവൾക്കങ്ങു കാണായീലൊരുതോഴിയും. (ഛ
അപ്പോളുരോദാത്തു ചൊല്ലുന്നുണ്ടായിരുന്നു മഹാദ്യുതി,
താന്താൻ തപോഭാവിതനാം പ്രാജാപത്യൻ മഹാമുനി;
ഓത്തൊച്ച കേട്ടിട്ടു തപോനിധിയെച്ചെന്നു കാൺകെയാൽ
മൈ വിളർത്തവളായ് സ്പഷ്ടഗർഭയായ്പ്പോയിതായവൾ!
മിടിച്ചു നെഞ്ചവൾക്കേററം തനിയ്ക്കേടു കാൺകയാൽ;
എന്താണെനിയ്ക്കിതെന്നോർത്തുപോയ്നിന്നാൾ ജനകാശ്ര
ആനിലയ്ക്കവളെക്കണ്ടു ചോദിച്ചാൻ തൃണബിന്ദുവും:— (മേ.
'എന്തേ, നിന്നുടലിവ്വണ്ണം പന്തികേടിലകപ്പെടാൻ?'
ഉഴന്നക്കൂപ്പി തൊഴുതു തപോധനനൊടോതിനാൾ:—
'കാണ്മീലാ താത, ഞാൻ ബന്ധമെന്മെയ്യിങ്ങിനെയാകുവാ
എന്നാൽ, മുനേ, കൃതാത്മാവാം പുലസ്ത്യമുനിതന്നുടെ (ൻ.
ദിവ്യാശ്രമത്തിൽപ്പോയേൻ ഞാൻ താപസക്കൂട്ടരെ നോക്ക
(വാൻ.
ഒരൊററത്തോഴിയും വന്നു കാണായീലവിടത്തിൽ മേ;
മെയ്യിന്നു മാററം കണ്ടിട്ടു പേടിയാലിങ്ങു പോന്നു ഞാൻ.'
തപസ്സാൽക്കാന്തി കാളുന്ന രാജർഷി തൃണബിന്ദുവോ,
ധ്യാനമാണ്ടാന,റിഞ്ഞാനൃ,ഷിതൻ കർമ്മമെന്നതും.

Digitized By Kerala Sahitya Akademi

കൃതാത്മാവാം മുനീന്ദ്രന്റെയശ്ശാപത്തെയറിഞ്ഞവൻ
പുത്രിയെക്കൊണ്ടുചെന്നിട്ടു പുലസ്ത്യനോടിതോതിനാ
'ഭഗവൻ, സൽഗുണൌഘാലങ്കൃതയീമമ പുത്രിയെ (ൻ:-
കൈക്കൊൾകമാമുനേ, ചോദിയ്ക്കാതെ കിട്ടിയ ഭിക്ഷയായ്.
തപം ചെയ്കിന്ദ്രിയങ്ങൾക്ക വാട്ടംതട്ടുമ്പൊഴങ്ങയെ
പതിവായ്പ്പെരികെ ശ്ശുശ്രൂഷിച്ചുകൊള്ളു,മസംശയം.'
അമ്മട്ടു ചൊല്ലും ധൎമ്മിഷ്ഠനായ രാജൎഷിയോടുടൻ
ആവട്ടെയെന്നാനാ വിപ്രൻ കന്യകാഗ്രഹണോത്സുകൻ.
പോനു, മകളെ നല്കി,ത്തന്നാശ്രമത്തെയ്ക്കു മന്നവൻ;
അവളോ, നന്മയാൽ ഭൎത്തൃമോദം ചേൎത്തങ്ങുമേവിനാൾ.
അവൾതൻശീലവൃത്തത്താൽത്തെളിഞ്ഞു മുനിപുംഗവൻ;
പ്രീതിപൂണ്ടു മഹാതേജസ്സവനിങ്ങിനെ ചൊല്ലിനാൻ:—
'സന്തോഷിച്ചേൻ വരശ്രോണി, പാരം നിൻ സൽഗുണ
(ങ്ങളാൽ;
അതിനാൽത്തരുവൻ ദേവി,നമുക്കൊത്തുള്ളൊരുണ്ണിയെ,
രണ്ടാൾക്കും വംശകരനെ,പ്പൌലസ്ത്യഖ്യാതിശാലിയെ.
നീ വിശ്രവിച്ചുവല്ലോഞാൻചൊല്ലുമ്പോൾ വേദമിങ്ങിനെ;
അതിനാൽ വിശ്രവസ്സെന്നാം പേരവനി,ല്ല സംശയം.'
ഇതു കേട്ടിട്ടു ഹൃദയം കളിൎത്തിടിന ദേവിയാൾ
ചിലനാൾക്കിടയിൽപ്പെററു വിശ്രവസ്സെന്നപുത്രനെ,
മുപ്പാരിലും പുകഴ്പ്പോനെ,ക്കീൎത്തിധൎമ്മസമേതനെ.
ശ്രുതിമാനായ് വ്രതാചാരപരനായ്സ്സമദൃഷ്ടിയായ്
അച്ഛനൊപ്പം തപസ്സുള്ളോനായ്ത്തീൎന്നു വിശ്രവസ്സൃഷി.

——•<>•——

Digitized By Kerala Sahitya Akademi

## മൂന്നാംസൎഗ്ഗം: വൈശ്രവണോൽപത്തി.

പിന്നെപ്പുലസ്ത്യന്റെ മകൻ വിശ്രവസ്സൃഷിപുംഗവൻ
വൈകാതെതാൻ തപം പൂണ്ടു വാണാനച്ഛനുതുല്യമേ
സത്യവാൻ ശീലവാൻ ശാന്തൻ ശുദ്ധൻ സ്വാധ്യായ
(തൽപരൻ
ഭോഗത്തിലെല്ലാം നിസ്സംഗൻ നിത്യം ധൎമ്മപരായണൻ.
അവസ്ഥയിതറിഞ്ഞിട്ടു ഭരദ്വാജൎഷി നല്കിനാൻ
ഭാൎയ്യയായ് വിശ്രവസ്സിന്നു ദേവവൎണ്ണിനി പുത്രിയെ.
ധൎമ്മത്താലേ ഭരദ്വാജപുത്രിയെ സ്വീകരിച്ചവൻ,
ജ്യോതിശ്ശാസ്ത്രാവബോധത്താൽക്കണ്ടിൻ നന്മ നിനച്ചു
മികച്ച സന്തോഷമോടേ വിശ്രവസ്സൃഷിപുംഗവൻ (തിൽ
അവളിൽ,ബ്രഹ്മവീൎയ്യം പൂണ്ടൊരത്ഭുതപുത്രനെ
ജനിപ്പിച്ചിതു ധൎമ്മജ്ഞൻ സൎവബ്രഹ്മഗുണാഢ്യനെ.
അവൻ പിറന്ന നേരത്തു ഹൎഷം തേടി പിതാമഹൻ
ശ്രേയസ്സേകും ബുദ്ധി കണ്ടു, 'ധനാധീശ്വരനാകുക.'
നന്ദിച്ചവന്നു പേരിട്ടാൻ ദേവൎഷിജനയുക്തനായ്,
'വിശ്രവസ്സിൻ മകനിവൻ വിശ്രവസ്സാമ്യമുള്ളവൻ;
അതിനാൽ വൈശ്രവണനെന്നായിപ്പേരു പുകഴ്ന്നിടും.'
ആ വൈശ്രവണനാകട്ടേ, തപോവനമതിങ്കലേ
വളൎന്നാനതിതേജസ്വീ ഹോമത്താലഗ്നി പോലവേ.
തോന്നീ മഹാശയനവന്നാശ്രമത്തിൽ വസിക്കവേ:—
ചെയ്യുന്നുണ്ടുററ ധൎമ്മം ഞാൻ: ധൎമ്മമല്ലോ മഹാഗതി.'ഹം
അനേകമായിരത്താണ്ടു വങ്കാട്ടിൽത്തപമേററവൻ
കട്ടംനിയമബന്ധത്തിൽച്ചെയ്തുകൊണ്ടാൻ പെരുന്തപം.

Digitized By Kerala Sahitya Akademi

ആയിരത്താണ്ടു ചെന്നപ്പോളതാതു മുറ തേടിനാൻ
വെള്ളം കുടിച്ചും, കാററുണ്ടു,മൂണില്ലാതെയുമങ്ങിനെ;
അനേകായിരമാണ്ടേവം ചെന്നിതോരാണ്ടു പോലവേ!
പിന്നെ നന്ദിച്ചു തേജസ്വി സേന്ദ്രദേവഗണത്തൊടും
അവൻെറയാശ്രമപദം പൂകി ബ്രഹ്മാവിതോതിനാൻ:—
'ഉണ്ണീ,നിങ്കൽത്തെളിഞ്ഞു ഞാനിക്കർമ്മംകൊണ്ടു സുവ്രത;
വരം വാങ്ങുക, ഭദ്രം തേ; വരാർഹൻ നീ മഹാമതേ!'
ആവൈശ്രവണനും ചാരേചെന്നവേധസ്സോടോതിനാൻ:
'ഭഗവാനേ, കൊതിപ്പേൻ ദിക്പാലത്വം ധനരക്ഷയും.'
അരുളീ വൈശ്രവണനോടകമേ തോഷമാർന്നുടൻ
ബ്രഹ്മാവു ദേവസംയുക്തനാ'വാ'മെന്നു സഹർഷനായ്:—
'യമേന്ദ്രവരുണന്മാരിൽ നാലാമത്തെദ്ദിശീശനെ
സൃഷ്ടിപ്പാൻമതിന്നേൻഞാൻ:സ്ഥാനമേതാഗ്രഹിപ്പു നീ
അതു പൂകുക ധർമ്മജ്ഞ; നിധിനാഥനുമാക നീ;
യമേന്ദ്രതോയേശരിൽ നീ നാലാമത്തവനാസ്സുഖം.
സൂര്യാഭമായ്പ്പുഷ്പകമെന്നോതുവോരീ വിമാനവും
വാങ്ങു കേറിനടപ്പാനായ്; വാനോർക്കു സമനാക നീ.
നന്നാസ്സുഖം! വന്നപാടു പോകട്ടേ ഞങ്ങളേവരും;
നിനക്കിരുവരം തന്നു ഞങ്ങളുണ്ണീ, കൃതാർത്ഥരായ്.' ൨൦
എന്നോതി,പ്പോയിതാ ബ്രഹ്മാവുമ്പരൊത്തു നിജാലയേ.
ബ്രഹ്മാവു മുമ്പാം ദേവന്മാരംബരംപുക്കതിന്നുമേൽ
കാട്ടിൽവെച്ചച്ഛനോടോതി തൊഴുതാപ്രിയതാശയൻ:—
'എനിക്കു പാർപ്പിടം കല്പിച്ചീലാദ്ദേവൻ പ്രജാപതി;
ഭഗവൻ, നേടിനേൻ ബ്രഹ്മാവിങ്കൽനിന്നിഷ്ടമാംവരം.
ഭഗവൻ, നോക്കുക വിഭോ, മമ നല്ലോരു പാർപ്പിടം,



Digitized By Kerala Sahitya Akademi

പീഡയേതൊരു ദേഹിയ്ക്കുമുളവാകാത്ത ദിക്കിലായ്.’
എന്നു പുത്രൻെറ ചൊൽ കേട്ടു വിശ്രവസ്സൃഷിപുംഗവൻ,
‘ശ്രൂലോം നല്ലവനേ കേൾക്കകെ’ന്നായ്ധർമ്മജ്ഞനോതി
ഉണ്ടു തെക്കടൽവക്കത്തായ് ത്രികൂടമൊരു പർവ്വതം;(നാൻ:
അതിന്മേലുണ്ടി,ടംപെട്ടാ മഹേന്ദ്രപുരി പോലവേ
ലങ്കാഖ്യയാം രമ്യപുരി വിശ്വകർമ്മാവു തീർത്തതായ്
അരക്കർക്കമരാവി,ന്ദ്രന്നമരാവതി പോലവേ.
ആ ലങ്കയിൽപ്പാർക്ക നീ ശുഭമാം,മില്ല കില്ലിതിൽ.
പൊന്നിന്മതിൽകിടങ്ങൊത്തു യന്ത്രശസ്ത്രം ചുഴന്നതായ്
പൊൻവൈഡൂര്യക്കമാനങ്ങൾ ചേർന്നു ചേലൊത്തത
അരക്കരത്തുപേക്ഷിച്ചു പണ്ടു വിഷ്ണുഭയാർത്തിയാൽ. (പ്പുരി;
അരക്കരൊരുമങ്ങിപ്പാ പാതാളത്തെക്കു പോകയാൽ;
ഒഴിവാണിപ്പൊഴാലങ്ക,യതിന്നില്ലുടമസ്ഥനും.
അതിനാലവിടെപ്പാർപ്പാൻ പൊയ്ക്കൊൾകുണ്ണീ യഥാസു
ദോഷമില്ലങ്ങു നീ പാർത്താലില്ലങ്ങാർക്കുമുപദ്രവം.’ (ഖം:
ഏവമച്ഛൻെറ ധർമ്മിഷ്ഠവാക്കു കേട്ടസ്സുധാർമ്മികൻ
അപ്പൊഴേ മലമേലുള്ള ലങ്ക പാർപ്പിടമാക്കിനാൻ,
അനേകമായിരം ഹൃഷ്ടതുഷ്ടാശരരൊടൊപ്പമേ;
വൈകാതഭ്യുദയപ്പെട്ടിതവൻെറ ഭരണത്തിനാൽ.
ആശരശ്രേഷ്ഠനായ് വാണാൻ പ്രീതിയോടേ സുധാർമ്മികൻ
ആഴിക്കിടങ്ങുള്ളാ ലങ്കയിങ്കലാ വിശ്രവസ്സുതൻ.
വേണ്ടപ്പൊഴെല്ലാം ധർമ്മിഷ്ഠൻ ധനനാഥൻ പിതാക്കളെ
പുഷ്പകാരൂഢനായ്ച്ചെന്നു കണ്ടുംപോന്നിതുതാഴ്മയിൽ:൩൭

Digitized By Kerala Sahitya Akademi

അമർത്ത്യഗന്ധർവ്വർ പുകഴ്ത്തുമാറു, പിൻ-
വിലാസിനീകുളത്തണിവാഹനസ്ഥനായ്
ഗമിച്ചു,മച്ചുന്ദരികത്തു, രശ്മിയാൽ
വിളക്കമേകും രവി പോലെ വിത്തപൻ.''

## നാലാംസർഗ്ഗം: രാക്ഷസോൽപത്തി

അഗസ്ത്യപ്രവചനം കേട്ടു രാമനാശ്ചര്യമാണ്ടുപോയ്:
'പണ്ടെങ്ങിനെയരക്കന്മാരുണ്ടായ്‌വന്നിതു ലങ്കയിൽ?'
വീണ്ടും വീണ്ടും ശിരസ്സാട്ടി വിസ്മയപ്പെട്ടുകൊണ്ടവൻ
ത്രേതാഗ്നിതുല്യനാം കുംഭജാതനെപ്പാർത്തു ചൊല്ലിനാൻ:-
'മുന്പുമീ ലങ്ക ഭഗവൻ, രാക്ഷസർക്കായിരുന്നിതോ?
ഭഗവാനുടെയിപ്പോൽ കേട്ടേററം വിസ്മിതനായി ഞാൻ!
അരക്കർ പൌലസ്ത്യകുലജാതരാണെന്നു കേൾപ്പു നാം;
ഇപ്പോൾ, മററുവഴിക്കായുമുൽപത്തിയുരചെയ്തു നീ.
രാവണൻ, കുംഭകർണ്ണൻതാൻ, പ്രഹസ്തൻ, വികടാഭി
(ധൻ,
രാവണാത്മജരി,ക്കൂട്ടർ തമ്മെക്കാളുവർ കെല്പരോ? ൭
ആരിവർക്കാദിമൻ വിപ്ര? കെല്പേറുമവനെന്തു പേർ?
തെറെറന്തു ചെയ്കിട്ടെ,വ്വണ്ണ,മോടിയ്ക്കപ്പെട്ടു വിഷ്ണുവാൽ?
ഇതെല്ലാം വിസ്തരിച്ചെ,ന്നോടങ്ങുന്നനഘ! ചൊല്ലണം;
എൻെറയിസ്സംശയം തീർക്കി,രുളക്കൻ കണക്കിനെ.'
വെട്ടപ്പിണങ്ങുംശുഭമാംരാമൻെറമൊഴി കേൾക്കയാൽ
ചെററു വിസ്മിതനായ് രാമനോടു ചൊന്നാനഗസ്ത്യനും:-

Digitized By Kerala Sahitya Akademi

"മുല്പാടംഭസ്സു സൃഷ്ടിച്ചിട്ടു,ദകോത്ഭവൻ പ്രജാപതി
അതു കാപ്പാൻ പ്രാണികളെസ്സൃഷ്ടിച്ചു പത്മസംഭവൻ. (ശ്
ആ പ്രാണികൾ വണക്കത്തിൽ സ്രഷ്ടാവിന്നരികത്തുപോ
'ഞങ്ങൾ ചെയ്യേണ്ടതെന്തെ'ന്നാർ, പൈദാഹഭയമേ
(ല്ക്കയാൽ.
പ്രജാപതി ചിരിച്ചുംകൊണ്ടാപ്രാണികളോടോതിനാൻ;
വിളിച്ചരുളി, 'രക്ഷിപ്പിൻ പണിപ്പെട്ടെ'ന്നു മാനദൻ.
'രക്ഷിഷ്യാ'മെന്നിഹ ചിലർ, 'യക്ഷിഷ്യാ'മെന്നു മറ്റു പേർ,
പശിയുംദാഹവുംപൂണ്ടു ചൊല്ലക്കേട്ടു ധാതാവുമോതിനാൻ:—
'രക്ഷിഷ്യാമെന്നു ചൊന്നോർകൾ രക്ഷസ്സാകട്ടെ നിങ്ങ
(ളിൽ;
യക്ഷിഷ്യാമെന്നു ചൊന്നോരോ,യക്ഷരാകട്ടെ നിങ്ങളിൽ.'
അങ്ങു ഹേതിപ്രഹേത്യാഖ്യരാശരാധിപർ സോദരർ,
മധുകൈടഭരെപ്പോലെയുണ്ടായ്‌വന്നിതരിന്ദമർ.
അതിൽ പ്രഹേതി ധർമ്മിഷ്ഠനന്നേ പുക്കാൻ തപോവനം;
ഹേതിയോ, വേട്ടിരിപ്പാനായുറ്റയത്നം തുടങ്ങിനാൻ. ഫ൭
കാലന്റെപെങ്ങൾ ഭയം കൂട്ടും ഭയയെന്നൊരു കന്യയെ
അമേയാത്മാവവൻ വേട്ടു താനേതന്നെ മഹാമതി.
ജനിപ്പിച്ചാനവളിലാ ഹേതി രാക്ഷസപുംഗവൻ
വിദ്യുൽകേശാഖ്യ പൂണ്ടോരു പുത്രനെപ്പുത്രവത്തമൻ.
വിദ്യുൽകേശൻ ഹേതിപുത്രൻ ദീപ്താർക്കസദൃശപ്രഭൻ
വളർന്നുവന്നു തേജസ്വി, നീരിൽത്താണ്ടലർ പോലവേ.
ആ രാക്ഷസന്നു നല്ലോരു യൗവനം വന്നവേളയിൽ(നും.
അവനെക്കൊണ്ടു വേൾപ്പിപ്പാൻ നിശ്ചയം ചെയ്തിതച്ഛ
പിന്നെ പ്രഭാവാൽസ്സന്ധ്യയ്ക്കു നേരാം സന്ധ്യാതനൂജയെ

Digitized By Kerala Sahitya Akademi

പുത്രാൎത്ഥമായ് വരിച്ചാനാ ഹേതി രാക്ഷസപുംഗവൻ. ൨൦
ആൎക്കെങ്കിലും കൊടുക്കേണമല്ലോ എന്നോൎത്തു സന്ധ്യയും
കൊടുത്താളത്തനുജയെ വിദ്യുൽകേശനു രാഘവ.
സന്ധ്യാപുത്രിയെ വേട്ടിട്ടാ വിദ്യുൽകേശൻ നിശാചരൻ,
ശചിയൊത്തു മൂൎക്കോൻ പോലെ,യവളൊത്തു രമിയ്ക്കു
തെല്ലുനാളാൽഗ്ഗൎഭിണിയായ് രാമ, സാലകടങ്കട (യായ്.
ആ വിദ്യുൽകേശനാലംബുരാശിയാൽക്കാറു പോലവേ.
പിന്പാ രാക്ഷസിയാൾ ഗൎഭം മേഘഗൎഭസമപ്രഭം
മന്ദരേ ചെന്നു മോചിച്ചു തീഗ്ഗൎഭം ഗംഗ പോലവേ.
വിദ്യുൽകേശരതം വാഞ്ഛരിച്ചു.ഗ്ഗൎഭത്തെ വെടിഞ്ഞവൾ
രമിച്ചു പതിയോടൊത്തു തന്നുണ്ണിയെ മറന്നഹോ! ൨൫
വെടിഞ്ഞ ഗൎഭമോ, തത്ര മുതിൎത്തിതിടിനേരൊലി;
അവളാൽ ത്യക്തനബ്ബാലൻ ശരദൎക്കസമപ്രഭൻ (നാൻ.
കൈമുഷ്ടി വായിൽ വെച്ചിട്ടു താൻതാൻ കേണുതുടങ്ങി

പിന്നെ,ക്കാളപ്പുറത്തേറിക്കന്നിമകളുമായ്ശ്ശിവൻ
വാനിലൂടേ ഗമിയ്ക്കുമ്പോൾ കേട്ടാൻ കേഴുന്നൊരൊച്ചയെ;
കണ്ടാനപൎണ്ണാസഹിതൻ കേഴും രാക്ഷസപുത്രനെ.
കനിഞ്ഞ ഗൌരിതൻ ചൊല്ലാൽ ഭഗവാൻ മുപ്പുരനാശനൻ
ആ രക്ഷസ്സുതനെത്തായയ്ക്കൊക്കും പ്രായത്തിലാക്കിനാൻ.
അമരത്വവുമങ്ങേകിദ്ദേവേശൻ നിത്യനക്ഷരൻ
വാനേറും പുരവും നല്കീ കുന്നിൽമാതിൻപ്രിയത്തിനായ്.
മൃഡാനിയും വരം നല്കീ, രാക്ഷസൎക്കു നൃപാത്മജ:
ഉടനേ ഗൎഭമുണ്ടാകലുടനേ പ്രസവിയ്ക്കലും,
ഉടൻതാനമ്മതൻപ്രായത്തിനൊക്കം പ്രായമാകലും.'

Digitized By Kerala Sahitya Akademi

സുകേശനേവം വരദാനഗർവിതൻ
സമൃദ്ധി നേടി പ്രഭുശക്തരാന്തികാൽ
ഖഗം പുരം നേടി, വലാരി പോലവേ
ചരിച്ചിതെങ്ങും മതിമത്തരൻ മഹാൻ.

## അഞ്ചാംസർഗ്ഗം: മാല്യവദാദ്യുൽപത്തി.

വരം ലഭിച്ച ധർമ്മിഷ്ഠരക്ഷസ്സായ സുകേശനെ
കണ്ടു, ഗ്രാമണി ഗന്ധർവൻ വിശ്വാവസുസമപ്രഭൻ;
അവന്നു ദേവവതിയാം രണ്ടാം ശ്രീ പോലെഴും മകൾ,
മൂപ്പാരിലും പുകൾപ്പെട്ട രൂപയൌവനശാലിനി,
രക്ഷഃശ്രീ പോലെയവളെസ്സുകേശന്നേകി ധാർമ്മികൻ.
വരത്താൽഭ്രൂതിമാനാമീ പ്രിയ ഭർത്താവിനാലവൾ
തോഷിച്ചു,മുതൽകൈവന്നാലൊരു'പാപ്പർ'കണക്കിനേ.
അവളോടൊത്തു വിലസീ രജനീചരനാമവൻ,
അഞ്ജനോദിതനാം കൊമ്പൻ പിടിയാലെന്നപോലവേ.
സുകേശൻ ദേവവതിയിൽജ്ജനിപ്പിച്ചിതു രാഘവ; ൧
മൂന്നുപേരെജ്ജനിപ്പിച്ചു മൂന്നഗ്നിയ്യൊത്ത പുത്രരെ:
മാല്യവാൻ, ബലവന്മൌലി സുമാലി,യഗ്ര മാലിയും,
മുക്കണ്ണനൊത്തീ മുപ്പുത്രരരക്കരെയരക്കർകോൻ.
മുപ്പാരു പോലെയവ്യഗ്രർ, മൂന്നഗ്നിപ്പടി നില്പവർ,
മുമ്മന്ത്രം പോലെയത്യുഗ്രർ, മുരോഗം പോലെ ദാരുണർ,
മൂന്നാൾ സുകേശപുത്രന്മാർ മുവഗ്നിദ്യുതി ചേർന്നവർ
വളർന്നാരങ്ങു,പേക്ഷിയ്ക്കപ്പെട്ട രോഗങ്ങൾ പോലവേ.

Digitized By Kerala Sahitya Akademi

അച്ചുന്നീശതപശ്ശക്ത്യാ വരലാഭമറിഞ്ഞവർ
തീപ്പ്ചെയ്തു തപംചെയ്യാൻ മേരു പുക്കിതു സോദരർ.
ഘോരമാംനിയമംകൈക്കൊണ്ടാ രാക്ഷസർന്നൃപോത്തമ,
ഭൂതങ്ങളെല്ലാം പേടിയ്ക്കുമാറു ചെയ്താർ കൊടുംതപം.
സത്യാൎജ്ജവശമം ചേൎന്ന സുദുല്പ്രഭതപങ്ങളാൽ
ലോകത്രയം തപിപ്പിച്ചാർ സദേവാസുരമാനുഷം.
പിന്നീടു വൻവിമാനത്തിൽ വന്നെത്തി സ്വാമിനാന്മുഖൻ
സുകേശപുത്രരോടോതീ, 'വരം തരുവനെ'ന്നുതാൻ.
അജൻ സേന്ദ്രാമരവൃതൻ വരം നല്കാനണഞ്ഞതിൽ,
മരങ്ങൾപോലെ ചാഞ്ചാടിത്തൊഴുതേവരുമോതിനാർ,
'തപസ്സാൽ പ്രീതനായ്ദ്ദേവ, വരം തരുവതാകിലോ,
ഞങ്ങൾ, തോല്ക്കാതെമാററാരെക്കൊന്നായുസ്സേറുവോരു (മായ്
പ്രഭുക്കളായ്ത്തമ്മിലിണങ്ങുന്നോരാകേണ'മെന്നുതാൻ.
അസ്സുകേശജരോടി,'മ്മട്ടാക'മെന്നോതിയാ വിഭു
ബ്രഹ്മലോകത്തിനായ്പ്പോയാൻ ബ്രഹ്മൻ ബ്രാഹ്മണവ (ത്സലൻ.
വരം ലഭിച്ചു,ഭയരായ്ത്തീൎന്ന രാക്ഷസരേവരും
ഉപദ്രവിയ്ക്കയായ് രാമ, ദേവാസുരജനങ്ങളെ.
ആ ദ്രോഹിയ്ക്കപ്പെട്ടും ദേവചാരണർഷിഗണങ്ങളോ,
നരകസ്ഥനരക്കൊപ്പം കണ്ടീലാ രക്ഷിതാവിനെ.

പിന്നീടു ചെന്നുള്ള കുളിത്തുരചെയ്തു രാഘൂത്തമ,
നിത്യശില്പീന്ദ്രനാം വിശ്വകൎമ്മാവോടാ നിശാചരർ:—
'ഓജസ്തേജോബലം ചേൎന്ന വമ്പരാം വാനവൎക്കഹോ,
നീതാനല്ലോസ്വതേജസ്സാൽ ഗൃഹംതീപ്പോൻയഥേഷ്ടമേ;

Digitized By Kerala Sahitya Akademi

ഞങ്ങൾക്കും തീൎത്തരിക ഗൃഹമൊന്നു മഹാമതേ:
മഞ്ഞണിക്കുന്നിലോ മേരുതന്നിലോ മന്ദരത്തിലോ
മഹേശ്വരഗൃഹം പോലേ തീൎക്ക ഞങ്ങൾക്ക വൻഗൃഹം.'
വിശ്വകൎമ്മാവുടനെയാ രാക്ഷസൎക്ക മഹാഭുജൻ
പാൎപ്പിടം ചൊല്ലിനാനി,ന്ദ്രന്നമരാവതി പോലവേ:—
'ഉണ്ടു തെക്കടൽവക്കത്തായ് ത്രികൂടമൊരു പൎവ്വതം;
സുവേലമെന്നു പേരായ് മറ്റൊന്നുമുണ്ടങ്ങു ശിഷ്ടരേ,
അക്കുന്നിന്റെ മുകില്ലൊക്കും നടുക്കൊടുമുടിയ്ക്കുമേൽ,
ചുററുംകല്ലുളിയാൽച്ചെത്തിപ്പക്ഷിയും കേറിടാത്തിടം,
നൂറുയോജന നീളം മുപ്പതുയോജന വീതിയും ൨൯
ചേൎന്നു, പൊന്മതിലോടും പൊങ്കമാനങ്ങൾ ചുഴന്നതായ്
ലങ്കയെന്നൊരു പുരി ഞാൻ തീൎത്തിട്ടുണ്ടിന്ദ്രശാസനാൽ.
അങ്ങു വാഴ്വിൻ ദുരാധൎഷർ നിങ്ങളാശരവൎയ്യരേ,
അമരാവതി പുക്കിന്ദ്രനൊത്ത വാനവർ പോലവേ;
ലങ്കാദുൎഗ്ഗം പെരുതരക്കരുമായ്പ്പുക്ക നിങ്ങളും
ശത്രുദുൎദ്ധൎഷരായ്ശ്ശത്രുവൎഗ്ഗനാശനരായ്വരും.'
വിശ്വകൎമ്മാവുതൻ വാക്ക കേട്ടിട്ടാ രാക്ഷസോത്തമർ
അസംഖ്യമാൾക്കാരൊന്നിച്ചു ചെന്നപ്പുരിയിൽ മേവി
(നാർ..
ഉറപ്പേറും മതിൽകിടങ്ങസംഖ്യം പൊൻഗൃഹങ്ങളും
ചുഴന്ന ലങ്കപുക്കിട്ടും പൂണ്ടു പാൎത്തു നിശാചരർ. ൩൦

ഈവമട്ടിരിക്കുംകാലത്തേ കാമിതംപോലെ രാഘവ,
നൎമ്മദാഭിഖ്യയായോരു ഗന്ധൎവ്വി രഘുനന്ദന:
പെണ്മക്കൾ മൂന്നവൾക്കുണ്ടു ധീശ്രീകീൎത്തിസമാഭമാർ;

Digitized By Kerala Sahitya Akademi

ജ്യേഷ്ഠക്രമത്തിലവളാ രാക്ഷസന്മാക്ക്രാക്ഷസി
നല്കീ തെളിഞ്ഞാ വാർതിങ്ങൾമുഖിമാരായ മക്കളെ;
മൂന്നാശരേന്ദ്രക്കാ മൂന്നു ഗന്ധർവ്വപ്പെൺകിടാങ്ങളെ
കൊടുത്താളുത്രമാം നാളിലമ്മ സദ്ഭാഗ്യമാർകളെ.
രാമ, വേളി കഴിച്ചിട്ടസ്സുകേശജർ സഭാര്യരായ്
രമിച്ചാര,പ്സരസ്ത്രീകളൊത്തു വാനവർ പോലവേ.
മാല്യവാൻതൻഗൃഹിണി,പേർകൊണ്ടും സുന്ദരി സുന്ദരി;
അവനവളിലുണ്ടായ മക്കളെക്കേട്ടുകൊൾക നീ:
വജ്രമുഷ്ടി, വിരൂപാക്ഷൻ, പിന്നെദ്ദുർമ്മുഖരാക്ഷസൻ,
സുപ്തഘ്നയജ്ഞകോപന്മാർ മത്തോന്മത്തരുമങ്ങിനെ
പെൺതയ്യനലയും രാമ, സുന്ദരിസ്സുത സുന്ദരി.
സുമാലിയുടെയും ഭാര്യ മുഴുവാർതിങ്ങൾനേർമുഖി
പേർ കേതുമതിയെന്നായോൾ പ്രാണനെക്കാൾ മികച്ച
(വൾ;
സുമാലി രാക്ഷസൻ കേതുമതിയിൽപ്പാർത്ഥിവോത്തമ,
ഉൽപാദിപ്പിച്ച സുതരെ ക്രമത്തിൽക്കേട്ടുകൊൾക നീ:
പ്രഹസ്താകമ്പനരഥ വികടൻ കാലകാർമ്മുകൻ
ധൂമ്രാക്ഷൻ ദണ്ഡനും ഭൂരിബലനായ സുപാർശ്വനും
സംഹ്രാദിയും പ്രഘസനും ഭാസകർണ്ണനരക്കനും
രാക്യ, പുഷ്പോൽകട, ശുചിസ്മിത കൈകസി,യങ്ങിനെ
കുംഭീനസിയു,മിക്കൂട്ടർ സുമാലിയുടെ മക്കൾ പോൽ.
മാലിതൻ ഭാര്യ വസുദയെന്ന ഗന്ധർവ്വമങ്ങയാൾ,
സുരൂപ പദ്മപത്രാക്ഷി സ്വക്ഷി യക്ഷീവരാഭയാൾ;
സുമാലിത്തമ്പിയവളിൽജ്ജനിപ്പിച്ച കിടാങ്ങളെ
പ്രഭോ, ഞാനുരചെയ്തീടാം; കേട്ടുകൊള്ളുക രാഘവ:



Digitized By Kerala Sahitya Akademi

അനിലൻ, പിന്നെയനലൻ, ഹരൻ, സമ്പാതിയെന്നവൻ
ഈ മാലേയനിശാടന്മാരാ വിഭീഷണമന്ത്രിമാർ.

ഇവണ്ണമേറെസ്സുതരും നിശാടരും
ചുഴന്ന മൂന്നാളവരാശരർഷഭർ
സഹേന്ദ്രദേവർഷിഭുജംഗയക്ഷ-
ക്കലട്ടിയററി ബഹുവീര്യഗർവ്വിതർ: ൪൫
ദുരാപർ, കാററിൻപടി പാരു ചുററുവോ-
ര,ടല്ക്കു മൃത്യുപ്രതിമപ്രതാപികൾ
വരാപ്തിയാലും ബഹുതള്ളലേന്തിയോർ
മഖത്തെയെല്ലാം പതിവായ് മുടിച്ചുവോർ.

## ആറാംസർഗ്ഗം: മാല്യവദാദിയുദ്ധാരംഭം.

ആക്രോഷിക്കപ്പെട്ടംവാനോർ തപോധനർ മുനീന്ദ്രരും
പേടിച്ചു ശരണംപുക്കാർ ദേവദേവൻ മഹേശനെ;
ലോകം സൃഷ്ടിച്ചൊടുക്കുന്നോനജനവ്യക്തവിഗ്രഹൻ
പാരിനെല്ലാമൊരാലംബമാരാധ്യൻ പരമൻ ഗുരു
മുപ്പുരാരി മനോജാരി മുക്കണ്ണനെയണഞ്ഞവർ
തൊഴുതോതീടിനാർ വാനോർ പേടിയാൽ വാക്കിടച്ചു
(യിൽ:—
‘ഭഗവാനേ, വിധിവരാൽത്തള്ളലുള്ള സുകേശജർ
പ്രജേശ, പ്രജകൾക്കെല്ലാമാർത്തി ചേർപ്പൂ പരാർദ്ദനർ.
ശരണ്യം ഞങ്ങൾതൻ സ്ഥാനമശരണ്യവുമാക്കിനാർ;
വാനോരെപ്പോക്കി വിണ്ണിങ്കൽ വാനോർ പോലെ കളി
(ച്ചുയാം!

Digitized By Kerala Sahitya Akademi

'ഞാൻവിഷ്ണു, ഞാൻമഹേശൻ, ഞാൻബ്രഹ്മാവു,
(മഘവാവു ഞാൻ,
ഞാനന്തകൻ,ഞാൻവരുണൻ,ഞാൻചന്ദ്രൻഞാൻദിനേ
(ശനും,
എന്നായ്,സ്സുമാലി,യാ മാലി, മാല്യവാനെന്ന രാക്ഷസർ
ദ്രോഹിയ്ക്കുന്നു രണോദ്ധൃഷ്ടരവർതൻ കൂട്ടുകാർകളും.
ദേവ, പേടിച്ചിരണ്ടുള്ള ഞങ്ങൾക്കഭയമേകണേ;
ദേവകണ്ടകരെക്കൊല്ലുകുഗ്രമാം വടിവേന്തി നീ!'
എന്നെല്ലാസ്സുരരും ചൊല്ലെ നീലലോഹിതനീശ്വരൻ
സുകേശനെക്കുറിച്ചോർത്തു വാനോരോടോതിനാൻ പ്രഭു:—
'കൊല്ലില്ലവരെ ഞാൻ; വധ്യരല്ലെനിയ്ക്കുവരുമ്പരേ;
എന്നാൽച്ചൊല്ലിത്തരാം നിങ്ങൾക്കവരെക്കൊല്ലുവാൻ
(വഴി: ഹം
ഈയൊരുമ്പാടിനെത്തന്നേ മുന്നിത്തി മുനിമുഖ്യരേ,
വിഷ്ണുവെശ്ശരണംപൂകുക;-വരെക്കൊല്ലുമാ പ്രഭു.'
മഹേശനെജ്ജയോദ്ഘോഷംകൊണ്ടു കൊണ്ടാടിയിട്ടവർ
വിഷ്ണുവിന്നരികത്തെത്തീ നക്തഞ്ചരഭയാർദ്ദിതർ.
ആശ്ശംഖചക്രിയാം ദേവനാനമിച്ചാദരിച്ചുടൻ
സുകേശപുത്രരെപ്പറ്റിസ്സംഭ്രമിച്ചുരിയാടിനാർ:—
'സുകേശപുത്രരാം മൂവർ ദേവ, മൂവഗ്നിസന്നിഭർ
കേറിക്കവർന്നു ഞങ്ങൾക്കുള്ളാസ്പദങ്ങൾ വരാപ്തിയാൽ.
ത്രികൂടമുടിമേലുണ്ടു ദുർഗ്ഗ ലങ്കാഖ്യയാം പുരി
അങ്ങു പാർത്തഴലേകുന്നു ഞങ്ങൾക്കെല്ലാം നിശാചരർ.
ഞങ്ങൾക്കിതത്തിന്നവരെക്കൊല്ക നീ മധുസൂദന;
ശരണംപൂകിയോർ ഞങ്ങൾ; താങ്ങായ്നില്ക്കുസുരേശ,നീ.

Digitized By Kerala Sahitya Akademi

മുഖപത്മങ്ങൾ ചക്രംകൊണ്ടറുത്തരുംക കാലനായ്,
പോരിൽക്കൂട്ടത്തൊടേ തള്ളലേറും ദുഷ്ടനിശാടരെ.
ഭയത്തിലഭയം നല്കാൻ ഞങ്ങൾക്കില്ല,ഞൊഴിഞ്ഞൊ
(രാൾ;
മുടിയ്ക്കു ഞങ്ങൾതൻ ഭീതി മഞ്ഞക്കൻപോലെദേവ, നീ.'
എന്നു ദേവകൾ ചൊന്നാറേ ദേവദേവൻ ജനാർദ്ദനൻ
അഭയം ശത്രുഭയദൻ നല്കിസ്സുരരൊടോതിനാൻ:—
'അറിവേനീശവരദഗവുള്ളരക്കൻ സുകേശനെ;
അറിവേൻ തൽസുതരെയും; മാല്യവാനതിൽ മൂത്തവൻ.
ഞാനാ മര്യാദ ലംഘിച്ച രജനീചരനീചരെ
ചൊടിച്ചുകൊന്നൊടുക്കുന്നുണ്ട;_ഴൽവേണ്ടാനിലിമ്പരേ.'
എന്നേവം പ്രഭുവാം വിഷ്ണു ചൊല്കയാൽസ്സുരരേവരും
മുദാ ഹരിയെ വാഴ്ത്തിക്കൊണ്ടണഞ്ഞിതു നിജാലയം.
വാനോരുടെയൊരുമ്പാട്ട കേട്ടു മാല്യവദാശരൻ
ആ രണ്ടു സഹജന്മാരാം വീരന്മാരോട്ട ചൊല്ലിനാൻ:—
'വാനോരുമൃഷിമാരും ചെന്നോതിട്ടു പരമേശനിൽ
നമ്മളെക്കൊല്ലുവാൻവേണ്ടിയീവണ്ണമറിയിച്ചുപോൽ :—
'സുകേശനന്ദനർ വിഭോ, വരദാനബലോദ്ധതർ
ദ്രോഹിപ്പു ഞങ്ങളെഗ്ഗർവാൽഘോരരൂപരടിയ്ക്കടി. വ
തോറവും രാക്ഷസരാൽ ഞങ്ങളാളല്ലാതായ് പ്രജാപതേ,
സ്വന്തംഗൃഹങ്ങളിൽപ്പാർപ്പാനദ്ദരാത്മാക്കളിൽഭയാൽ.
അതിനാലവരെക്കൊല്ക, ഞങ്ങൾക്കായി ത്രിലോചന;
ദാഹദചര, ദഹിപ്പിയ്ക്കു ഹുങ്കാരാൽത്താനരക്കരെ!'
ഇമ്മട്ടമരർ ചൊന്നാറേ, കേട്ടിട്ടന്തകസൂദനൻ
ചൊല്ലിനാൻതലയുംകയ്യും കുടഞ്ഞുംകൊണ്ടിതിൻവിധം:

Digitized By Kerala Sahitya Akademi

'എനിക്കു വധ്യരാം പോരില,സ്സുകേശജരുമ്പരേ;
എന്നാൽച്ചൊല്ലിത്തരാം നിങ്ങൾക്കവരെക്കൊല്ലുവാൻ വഴി:
ഗദാചക്രധരൻ മഞ്ഞപ്പട്ടുടുത്ത ജനാർദ്ദനൻ
ഹരിനാരായണൻശ്രീമാൻതന്നെശ്ശരണമാക്കുവിൻ.'
വഴി കല്പിച്ചരുളിയ കാമാരിക്കു പണിഞ്ഞവർ
നാരായണാലയം പുക്കു ചൊന്നാരവനൊടൊക്കയും.
നാരായണനുടൻ ശക്രമുഖ്യവാനോരൊടോതിനാൻ:—
'അസ്സുരാരികളെക്കൊല്ലുൻ സുരരേ, മാലകററുവിൻ.'
പേടിച്ചരണ്ടു വാനരോടച്യുതൻ രാക്ഷസേന്ദ്രരേ,
നമ്മെക്കൊല്ലുതിനേററാതി വേണ്ടതെന്തിങ്ങതോർക്കുവിൻ;
കാലൻ, ഹിരണ്യകശിപുവിനും മററസുരർക്കുമേ:
അക്കാലനേമി, നമുചി, സംഹ്രാദൻ വീരസത്തമൻ,
മായയേറിയ രാധേയൻ, ധാർമ്മികൻ ലോകപാലകൻ,
യമലാർജ്ജുനർ, ഹാർദ്ദിക്യൻ സുംഭൻ പിന്നെ നികുംഭകൻ,
ഇദ്ദാനവന്മാരസുരർ, നെഞ്ഞൂക്കും കെല്പുമേറിയോർ,
എപ്പോഴും പോരിലേററിട്ടു തോററതായ്ക്കേട്ടിടാത്തവർ,
ഏററം യജിച്ചോരെപ്പോഴു,മെപ്പോഴും മായയുള്ളവർ
സർവ്വാസ്ത്രദക്ഷരെപ്പോഴു,മെപ്പോഴുമരിഭീഷണർ
ആറുമായിരവുംവീതം കൊല്ലപ്പെട്ടിതു വിഷ്ണുവാൽ;
ഇതോർത്തിട്ടുടനെപ്പേർക്കും തക്കതൊന്നിങ്ങു ചെയ്യുവിൻ.'
സുമാലിയും മാലിയുമാ മാല്യവന്മൊഴി കേട്ടുടൻ,
അശ്വിമാരിന്ദ്രനോടെന്നവണ്ണമണ്ണനൊടോതിനാർ:—
'ചെയ്തു സ്വാധ്യായദാനങ്ങൾ യജ്ഞമൈശ്വര്യരക്ഷയും;
ആയുരാരോഗ്യവും നേടീ; ധർമ്മംനിർത്തീ വഴിക്കുതാൻ.

Digitized By Kerala Sahitya Akademi

അക്ഷോഭ്യദേവക്കടച്ചിലിറങ്ങിശ്ശുസ്സ്വപക്ഷത്തിയാൽ,
വെന്തു നേരററ മാററാരെ; നാം മൃത്യുഭയവജ്ജിതർ.
കണ്ണൻ മുക്കണ്ണനിവരും, വിണ്ണോർകോനും, കൃതാന്തനും
നമ്മൾക്കുനേരേ നിന്നീടാനെന്നും പേടിപ്പിതേവരും.
ദ്വേഷം വിഷ്ണുവിനുണ്ടാവാൻ ബന്ധമില്ലാശരേശ്വര;
വാനോർകൾതന്നേഷണിയാൽ വിഷ്ണുവിന്നിളകീ മനം.
അതിനാലിപ്പൊഴേ നമ്മളെല്ലാമൊത്തൊരുമിച്ചു പോയ്
കൊല്ലുതാൻവേണ,മാപത്തു വരുത്തിയ നിലിമ്പരെ!'

എന്നുരച്ചു കരുത്തന്മാർ ചെന്നൊത്തു പട പുറവുമായ്
ചൊടിച്ചൊരുമ്പാട്ടുദ്ഘോഷിച്ചാശരർഷഭരേവരും ൫
പോരിന്നായിപ്പുറപ്പെട്ടാർ, ജംഭവൃത്രാദ്യർപോലവേ;
എന്നുരച്ചോ,ക്കയും രാമ, പേർത്തൊരുക്കി നിശാചരർ
പോരിന്നായിപ്പുറപ്പെട്ടാർ, ക്രൂരന്മാർ കെല്പരേവരും:
രഥങ്ങളാ,നകൾ, ഗജപ്രായരാകിയ വാജികൾ,
കട്ടകം, കാള, കഴുത, ശിംശുമാരങ്ങൾ, പാമ്പുകൾ,
മത്സ്യങ്ങളു,ആമ, മകരം, ഗരുഡനൊത്ത പക്ഷികൾ,
സൃമരം, ചമരം, പന്നി, നരി, സിംഹവുമൊത്തുടൻ,
ലങ്കവിട്ടേവരും പോന്നിട്ടരക്കർ ബലഗർവിതർ
ഗമിച്ചാർ ദേവലോകത്തെയ്ക്കമരിന്നമരാരികൾ.
ലങ്കയ്ക്കു നാശം കണ്ടിട്ടു ഭയം സൂചിച്ചിടും വിധം ൧൦
ലങ്കാവാസികൾ ഭൂതങ്ങൾക്കെല്ലാം മനമിടിഞ്ഞുപോയ്!
ആറുമായിരവുംവീതം പെരുംതേർകളിലൂടവേ
പോയാർ സയത്നമായ്ദ്ദേവലോകത്തെയ്ക്കാശു രാക്ഷസർ;
അരക്കർ പോന്നതോടൊപ്പം വിട്ടുപോയ് ദൈവതങ്ങളും!

Digitized By Kerala Sahitya Akademi

ഉൽപാതങ്ങൾ സുഘോരങ്ങൾ മന്നിലും വാനിടത്തിലും
രാക്ഷസേന്ദ്രർക്കു നാശത്തിന്നുദിച്ചു കാലചോദനാൽ:
വലാഹകങ്ങൾ വർഷിച്ചാരെലിമ്പും ചുടുചോരയും;
കടൽ തിരം കവിച്ചേന്തി; കലുങ്ങി പർവ്വതങ്ങളും;
അട്ടഹാസം മുഴക്കിക്കൊണ്ടിടിയ്ക്കൊക്കുന്നൊരൊച്ചയിൽ
ഓരിയിട്ടു കുറുക്കന്മാർ ഘോരമങ്ങുഗ്രരൂപികൾ.
കാണായിവന്നു ജന്തുക്കൾ പറന്നെത്തുന്നതും ക്രമാൽ:
കഴുക്കൾ പേർത്തുപേർത്തങ്ങു ചെന്തീ ചാടുന്ന വായുമായ്;
കാലാഭം രാക്ഷസന്മാർതൻ മീതേ ചുററിപ്പറക്കയായ്;
പറന്നു കാൽ തുടുത്തുള്ള പെൺതത്തകൾ പിറാക്കളും;
കരഞ്ഞു കാക്കയും വൃദ്ധ ഗജം മുമ്പായ വർഗ്ഗവും.
ഈയുൽപാതങ്ങൾ കൂട്ടാക്കാതരക്കർ ബലഗർവ്വിതർ
കാലപാശക്കുടുക്കേററു പോയാർ ചിന്തിരിയാതെതാൻ.
മാല്യവാനും സുമാല്യാഖ്യൻ മാലിയും സുമഹാബലർ
മുന്നില്പവരരക്കർക്കു കത്തുമഗ്നികൾ പോലവേ.
എല്ലാപേരും മാല്യവാനെ, മാല്യവദ്ഗിരിതുല്യനെ
സേവിപ്പോരാ നിശാടന്മാർ, ധാതാവെസ്സുരർ പോലവേ.
വങ്കാറണിയ്ക്കൊത്തൊലിപ്പൂണ്ടാ രാക്ഷസവരപ്പട
ജയിപ്പാൻ ദേവലോകത്തെയ്ക്കെത്തീ മാലിക്കു കീഴിലായ്.

അരക്കർതന്നൊരുമ്പാടിതപ്പോഴേ ദേവദൂതനാൽ
അറിഞ്ഞിട്ടുടരാടീടാനുറച്ചാനച്യുതൻ പ്രഭു;
ശസ്ത്രതൂണീധരനവൻ ഗരുഡപ്പുറമേറിനാൻ:
സഹസ്രസൂര്യഭാസ്സൊത്ത ദിവ്യമാം ചട്ട ചാർത്തിയും,
ശരജാക്ഷൻ ശരം തിങ്ങി മിന്നും രണ്ടാവനാഴിയും

Digitized By Kerala Sahitya Akademi

അരപ്പട്ടയുമച്ഛശ്രീവാളും കെട്ടിമുറുക്കിയും,
ശങ്ഖം ചക്രം ഗദാശാർങ്ഗം വാളി മുഖ്യാസ്ത്രമേന്തിയും, നൂതു
കുന്നൊത്ത വിനതാസൂനു താർക്ഷ്യങ്കൽക്കേറി വിദ്രുതം
അരക്കരെ മുടിപ്പാനായെഴുന്നള്ളീടിനാൻ പ്രഭു.
താർക്ഷ്യപ്പുറത്തു വിലസീ ശ്യാമൻ പീതാംബരൻ ഹരി,
പൊങ്കുന്നിൻ മുടിമേൽ മിന്നൽ തങ്കുംകാറെന്ന പോലവേ.

അവൻ നിലിമ്പർഷിമഹാഹിസിദ്ധ-
ഗന്ധർവ്വയക്ഷസ്തുതി കേട്ടുകൊണ്ടേ
വാൾ ചക്രശാർങ്ഗായുധശങ്ഖമേന്തി-
ച്ചെന്നെത്തിനാൻ ദാനവസൈന്യവൈരി.
താർക്ഷ്യൻെറ പക്ഷാനിലനേററുലഞ്ഞു
ശസ്ത്രങ്ങൾ ചിന്നിക്കൊടിയാട പാറി
ശോഭിച്ചിതാ രാക്ഷസരാജസൈന്യം,
ചലാശ്മനീലാചലശൃങ്ഗമട്ടിൽ.
അരക്കരഞ്ഞായിരമായിരം ചുഴ-
ന്നടുത്തു ലക്ഷ്മീപതിയെപ്പിളത്തിനാർ,
നിശാതമായ് മാംസനിണം പുരണ്ടതാം
യുഗാന്തവഹ്ന്യാഭവരാസ്ത്രപങ്ക്തിയാൽ.

## ഏഴാംസർഗ്ഗം:—മാലിവധം

മുകന്ദഗിരിമേലാത്താ രാക്ഷസക്കാർകളുക്കൊടേ
മലമേൽക്കാറുകൾ മഴ പോലസ്ത്രമഴ തൂകിനാർ.
കറുത്തു വിലസും വിഷ്ണുവിരണ്ടാ രാക്ഷസേന്ദ്രരാൽ,
വർഷിക്കും കാർകൾ ചുഴലുമഞ്ജനക്കുന്നു പോലെയായ്,

Digitized By Kerala Sahitya Akademi

നെല്ക്കണ്ടത്തിൽച്ചാഴി പോലേ ചെന്തിയ്യിൽക്കൊതു
(പോലെയും,
കാട്ടിച്ച തേങ്കടത്തിൽപ്പോല,ജ്ഞൌ വമ്പിറുപോലെയും,
അരക്കർ വിട്ട ബാണൌഘം വജ്രവായു മനോജവം
ചെന്നണഞ്ഞു മുകുന്ദങ്കലൊ,ട്ടവിൽപ്പാർകൾ പോലവേ.
തേരൊത്തു തേരേറിയവരാ,നയൊത്താനയേറിയോർ,
ഹയമൊത്തു ഹയാരൂഢർ, കാലാളൊത്തംബരസ്ഥിതർ,
വേല്യഷ്ടിതോമരാസ്ത്രത്താൽക്കന്നൊത്താശരർ വിഷ്ണുവെ
വീഴ്പ്പുമുട്ടിയ്ക്കയായ്, പ്രാണായാമം വിപ്രനെയാംവിധം.
മത്സ്യങ്ങൾ വങ്കടലിനെപ്പോലരക്കർ ഹനിയ്ക്കവേ,
ശാർങ്ഗം കുലച്ചു ദുർദ്ധർഷനപ്പു തൂകീ നിശാടരിൽ.
പാരം വലിച്ചെയ്ക മനോവേഗക്കൂരമ്പിനങ്ങളാൽ
നൂറുമായിരവും കൊയ്താൻ വിഷ്ണു വജ്രസമങ്ങളാൽ.
വർഷത്തെക്കാററു പോലസ്ത്രവർഷാലോടിച്ചുവിട്ടടൻ
വമ്പിച്ച പാഞ്ചജന്യം ശങ്ഖൂതിനാൻ പുരുഷോത്തമൻ.
ശാർങ്ഗി കെല്പോടെയൂതും ജലജോത്തമശങ്ഖതോ,
മുപ്പാർ നടുങ്ങുംവിധമായ്ശ്ശബ്ദിച്ചു ഘോരനിസ്വനം. ഹ൦
വള്ളിശ്ശങ്ഖിൻെറയശ്ശബ്ദം ഞെട്ടിച്ചിതു നിശാടരെ,
കാട്ടിൽസ്സിംഹം മദമ്പാടൊത്തുള്ളാനകളെയാംവിധം
നില്പാൻകഴിഞ്ഞീലശ്വങ്ങൾക്ക,നകൾക്കൊഴിവായ്മദം;
തേർ വിട്ടു വീണുപോയ്‌വീരർ, ശങ്ഖൂത്തിൽക്കെല്പുപോക
ശാർങ്ഗവിൽവിട്ടസൽപുങ്ഖവജ്രവക്ത്രങ്ങളമ്പുകൾ (യാൽ!
ആ രാക്ഷസപ്പരിഷയെപ്പിളർന്നുഴിയിലാണ്ടുപോയ്.
പോരിൽ നാരായണൻ ബാണജാലമെയ്തു പിളർത്തവേ,
വജ്രമേററദ്രികൾക്കൊപ്പം മന്നിൽ വീണിതു രാക്ഷസർ.



Digitized By Kerala Sahitya Akademi

വിഷ്ണുവിൻ ചക്രമേററിട്ടു മുറിഞ്ഞ രിപുമെയ്യുകൾ,
ശൈലങ്ങൾ കാവിമണ്ചോല പോലൊഴുക്കുകയായ് നി
(ണം. ൧൭
പള്ളിശ്ശംഖിൻെറയൊലിയും, ശാർങ്ഗവില്ലിൻ നിനാദവും,
വിഴുങ്ങി രാക്ഷസരവങ്ങളെ വൈഷ്ണവമാം രവം.
അംവർതന്നാടിന കഴുത്തമ്പു വില്ലു രഥം ധ്വജം
കൊടി തൂണീരവും വിഷ്ണു മുറിച്ചു വിശിഖങ്ങളാൽ.
സൂൎയ്യൻ ഘോരാംശുവെപ്പോലെ,യാഴി നീത്തള്ളൽ പോല
(വേ,
കുന്നഹിശ്രേഷ്ഠരെപ്പോലേ,മേഘം പേമാരിപോലവേ
എയ്തുവിട്ടു കണകളെച്ചക്രിതൻ ശാർങ്ഗകാർമ്മുകം;
നൂറുമായിരവുംവീതം പാഞ്ഞു ചിക്കെന്നു പത്രികൾ.
ശരഭം സിംഹവൎഗ്ഗത്തെ,സ്സിംഹം ഗജകുലത്തെയും,
ഗജം വ്യാഘ്രങ്ങളെ, വ്യാഘ്രം ക്ഷുദ്രവ്യാഘ്രഗണത്തെയും,()
ക്ഷുദ്രവ്യാഘ്രം പട്ടികളെ,പ്പട്ടി പൂച്ചകൾതമ്മെയും,
പൂച്ച സൎപ്പങ്ങളെ,സ്സൎപ്പമെണ്ണെട്ടെലികളേയുമേ
അമ്മട്ടു വിളവാം വിഷ്ണു പായിച്ചു രജനീചരർ
എപ്പേരുമേ പായുകയായ് ചിലർ മന്നിൽക്കിടപ്പുമായ്.
പെരുത്തുപേരാശരരെക്കൊന്നിട്ടു മധുസൂദനൻ
മുഴക്കിനാൻ ശംഖൊലിയങ്ങി,ന്ദ്രൻ കാറൊലി പോലവേ.
വിഷ്ണുബാണഭയം പൂണ്ടും ശംഖനാദാൽത്തളൎന്നുമേ
നടകൊണ്ടിതു ലങ്കയ്ക്കായു,ടവാന്നാശരപ്പട.
ഹരിബാണങ്ങളേററിട്ടാശരപ്പടയുടഞ്ഞതിൽ,
സുമാലി ബാണവൎഷത്താൽത്തടുത്താൻ പോരിൽവിഷ്ണു
അവൻ മറച്ചാനവനെ മഞ്ഞു സൂൎയ്യനെയാം വിധം; (വെ-

Digitized By Kerala Sahitya Akademi

നെഞ്ഞുക്കേറുമരക്കന്മാർ വീണ്ടുമേ ധൈര്യമേന്തിനാർ.
പാഞ്ഞെടുത്താൻ ചൊടിയൊടാ രാക്ഷസൻ ബലഗർവിതൻ
ഉറക്കെയാർത്തു,രക്കന്മാർക്കയിരേകുന്നമട്ടിലായ്!
ഞാന്ന പണ്ടം വെടിഞ്ഞിട്ടു, കൈവീശുന്നാന പോലവേ
ഹർഷത്താലലറി, മിന്നൽ ചേന്ന കാർ പോലെ രാക്ഷസൻ
സുമാലിയാക്കെ,സ്സുതന്റെ കുണ്ഡലം മിന്നിടും തല
കൊയ്യാൻ; ചുററിത്തിരിഞ്ഞാരാരക്ഷസ്സിനുടെവാജികൾ..
ആ ഭ്രാന്താശ്വങ്ങൾ ചുററിച്ചു രാക്ഷസേശൻ സുമാലിയെ,
പരിഭ്രാന്തേന്ദ്രിയാശ്വങ്ങൾ ധൈര്യഹീനനെയാംവിധം.
ഉടൻ പടനിലത്തെല്ലും വങ്കയ്യുടയ വിഷ്ണുവെ,
സുമാലിത്തേർ ഹരിത്തേരിൻനേക്കശ്വങ്ങൾ വലിയ്ക്കവേ,
കരുങ്ങി വില്ലമ്പുമെടുത്തോടിയേററിത്തു മാലിയും.
മാലിതൻ വില്ലിൽനിന്നെയ്യപ്പെട്ട പൊന്നണിയമ്പുകൾ
വൃകീകേശവനിൽ,ക്രൌഞ്ചത്തിങ്കൽപ്പക്ഷികൾപോലവേ;
മാലിയൊട്ടേറെയമ്പെയ്യു മാലേല്പിപ്പതിലച്യുതൻ
കലുങ്ങിയില്ലാ പോരിങ്കലാ,ധിയാൽ വശി പോലവേ.
ചെറുഞാണൊലിയിട്ടിട്ടു ഭഗവാൻ ഭൂതഭാവനൻ
മാലിയ്ക്കുനേരെ ബാണങ്ങൾ ചൊരിഞ്ഞാനരിസൂദനൻ.
മാലിമെയ്യേറിയാ വജ്രവിദ്യുദ്ദ്യുതികളമ്പുകൾ
കുടിയ്ക്കയായതിൻചോര, സർപ്പങ്ങൾ സുധപോലവേ.
മാലിയെപ്പിന്തിരിപ്പിച്ചു ശംഖചക്രഗദാധരൻ
മാലിതൻ മൌലി, കൊടി,വില്ലു,ശ്വങ്ങളിവ വീഴ്ത്തിനാൻ.
മാലി തേർ വിട്ടു, ഗദയൊന്നേന്തി, നക്തഞ്ചരോത്തമൻ
ചാടി, മലയ്ക്കുമേൽനിന്നു സിംഹം പോലെ ഗദാധരൻ;

Digitized By Kerala Sahitya Akademi

ഗദയാൽപ്പക്ഷിവരനെ,ക്കാലൻ ശിവനെയാംവിധം
നെററിയ്ക്കടിച്ചാൻ, വജ്രത്താലിന്ദ്രൻ ശൈലത്തെയാം
(വിധം.
ആമാലിതൻഗദത്തല്ലാൽത്തുലോംവേദനകൊൾകയാൽ
ദേവനെപ്പിന്തിരിപ്പിച്ചു ഗരുഡൻ പോരിൽനിന്നുടൻ.
ദേവനെഗ്ഗരുഡൻ മാലിമൂലം പിന്മാററിനിന്നതിൽ ൪൦
പൊന്തീപാര,മരക്കന്മാർ കൂക്കിയാക്ഷ്നൊരാരവം!
അരക്കരലറും ശബ്ദം കേട്ടിട്ടാഖണ്ഡലാനുജൻ
രുഷാ താക്ഷ്യോപരി തിരിഞ്ഞിരുന്നു ഭഗവാൻ ഹരി
പിന്തിരിഞ്ഞാകിലും ചക്രം വിട്ടു മാലിവധത്തിനായ്.
തൻഭാസ്സാലംബരം മിന്നിച്ചക്കബിംബസമപ്രഭം
കാലചക്രാഭമച്ചക്രം വീഴ്ത്തീമാലിശിരസ്സിനെ.
ചക്രമേററററു കൊട്ടതാം രാക്ഷസേന്ദ്രന്റെയത്തല
ചോരയും തൂകി വീണു, പണ്ടാ രാഹുത്തല പോലവേ.
അതിൽപ്പെരുത്തു ഹർഷിച്ചവാനോർ കെല്പൊക്കെയിട്ടുടൻ,
'ദേവ, നന്നെ'ന്നു കീർത്തിച്ചു സിംഹനാദം മുഴക്കിനാർ.
മാലിയെക്കൊന്നതായ്ക്കണ്ടു മാല്യവാനും സുമാലിയും
പടയൊത്തഴലാൽ ചെന്നു പാഞ്ഞു ലങ്കയിലേയ്ക്കുതാൻ.
ആശ്വസിച്ചഗ്ഗരുഡനും തിരിയേവന്നു മുമ്പടി
പായിച്ചു ചിറകിൻകാററാലരിശംകൊണ്ടരക്കരെ.
മുഖാബ്ജമററും ചക്രത്താൽഗ്ഗദയാൽ നെഞ്ചുടഞ്ഞുമേ
കഴുത്തൊടിഞ്ഞും കരിയാൽ മുസലാൽത്തലകീറിയും
വാളാൽ മുറിഞ്ഞും ചിലപേർ ചിലരമ്പേററു മാഴ്കിയും,
വാനിൽനിന്നാഴിവെള്ളത്തിലാശു വീണു നിശാചരർ.

Digitized By Kerala Sahitya Akademi

അഴിഞ്ഞു ചിന്നും മുടിയുള്ളരക്കർ-
തൻനേർക്കിടിത്തീയെതിർനൽഗ്ഗുരൌഘം
ത്തൂകിപ്പിളത്താൻ മധുജിത്തി,ടിത്തീ-
യാലേ തടിത്തൊത്ത ഘനം കണക്കേ. ൧൦

ഛത്രം പൊളിഞ്ഞായുധപങ്ക്തി വീണു,
ശരങ്ങളേറ്റിട്ടുടൽമോടി നീങ്ങി,
ഭയാകുലാക്ഷം കുടർമാല ചാടി-
യസ്സൈന്യമുന്മത്തവുമായ്ച്ചമഞ്ഞു!

സിംഹം പരിക്കേകിടുമാനകൾക്കു
പോലാ,ന ചേരുന്ന നിശാചരക്കോ
അലർച്ചയും പാച്ചിലുമൊപ്പമായീ,
പുരാണസിംഹം വിമഥിക്കയാലേ!

ദൈത്യാരിതന്നമ്പുകൾ നേർക്കെതിർക്കേ,
സ്വബാണചാപങ്ങൾ വെടിഞ്ഞുകൊണ്ടേ
ആ രാക്ഷസക്കാറുകൾ പാച്ചിലായീ,
കാറ്റിട്ടലച്ചീടിന കാർകൾ പോലേ.

ചക്രപ്രഹാരാൽത്തലയാകെയറ്റു,-
മങ്ഗങ്ങളേറ്റം ഗദയേറ്റുടഞ്ഞും,
വാൾകൊണ്ടു രണ്ടായി മുറിഞ്ഞു,മദ്രി-
സമാനരായ് വീണിതു രാക്ഷസേന്ദ്രർ.

ചെരിഞ്ഞുതൂങ്ങും മണിഹാരകുണ്ഡല-
ത്തൊടും കരിംകാറെതിരാം നിശാചരർ
പതിക്കയാലങ്ങിടത്തുൻപോയ് നിലം,
കറുത്ത ശൈലങ്ങൾ പതിച്ചതിൻവിധം.

Digitized By Kerala Sahitya Akademi

## എട്ടാംസൎഗ്ഗം: മാല്യവദാദിപരാജയം.

അസ്സൈന്യത്തെസ്സുരോജാക്ഷൻപിന്തുടൎന്നുവധിയ്ക്കവേ,
മടങ്ങീ മാല്യവാൻ തിരത്തേറിയിട്ടാഴി പോലവേ.
ചൊടിയാൽക്കൺചുകപ്പാൎന്നു മുടിക്കോപ്പാട്ടമാശരൻ
പുരുഷോത്തമനാം പത്മനാഭനോടിത്തു ചൊല്ലിനാൻ:—
'വിഷ്ണോ, നീയറിയുന്നീലേ ക്ഷാത്രധൎമ്മം പുരാതനം?
മൂഢന്നൊപ്പം ഹനിപ്പൂ നീ ഭയാൽപ്പോർ വിട്ട ഞങ്ങളെ.
പരാങ്മുഖവധം പാപമാർ ചെയ്യുമസുരേതരൻ,
ചത്താല,ക്കൊന്നവൻ നേടാ പുണ്യത്തിന്നുള്ളവിണ്ണിനെ.
പോരാടേണം നിനക്കെങ്കിൽശ്ശംഖചക്രഗദാധര,
ഞാൻ നിന്നുകൊണ്ടേൻ;കാണട്ടേ കാണിച്ചീടുകനിൻബ
മാല്യവാൻമാല്യവച്ഛൈലംപോലേനിന്നതുകണ്ടുടൻ (ലം!
ആ രാക്ഷസേന്ദ്രനോടോതീ ബലവാൻവാസവാനുജൻ:—
'നിങ്ങളിൽപ്പേടി പൂണ്ടുള്ളം വിഷ്ണോൎക്കഭയമേകിനേൻ;
ഈ രാക്ഷസവധം ചെയ്കത,ത്തു കാപ്പതിനാണു ഞാൻ.
പ്രാണൻകൊണ്ടും പ്രിയംചെയ്കവേണമെന്നുംസുരൎക്ക
(ഞാൻ;
ആ ഞാനീനിങ്ങളെക്കൊല്ലും,പാതാളത്തെയ്ക്കുപോകിലും.'
അവ്വണ്ണമോതും ചെമ്മൈത്ത്യാൎക്കണ്ണനാം ദേവദേവനെ
വേലാൽപ്പിളൎത്താൻ മാറത്താ,യീറയേറുമരക്കർകോൻ.
മാല്യവാൻ ചാട്ടിയ മണിക്കിലുക്കം പൂണ്ട വേലതോ,
വിഷ്ണുവിൻ നെഞ്ചിലായ്മിന്നീ, കാറിന്മേൽ മിന്നൽപോ
(ലവേ.
ഉടൻ വലിച്ചെടുത്തിട്ടാ വേൽതാൻ വേലായുധപ്രിയൻ

Digitized By Kerala Sahitya Akademi

മാല്യവാനുടെ നേരിട്ടു ചാട്ടിനാനംബുജേക്ഷണൻ.
സ്കന്ദൻ ചാട്ടിയതിന്നൊപ്പം ഗോവിന്ദൻ വിട്ട വേലതോ,
രക്ഷസ്സിൻനേക്ക്,ഞ്ജനാദ്രിസ്ഥിന്ദ്രവേൽപോലെ ചെല്ലുയാ
രാക്ഷസേന്ദ്രന്റെ മാറത്ത് പടൻ വിരിമാറിലേ (യ്;
പതിച്ചിതതി,ടിത്തീയ്യു കുന്നിന്മുടിയിലാംവിധം.
അതിൽ,ച്ചട്ടപിളന്നേററം മൂർഛയിൽപ്പെട്ടു മാല്യവാൻ
വീണ്ടും വെളിവിയന്ന,ദ്രിപോലെ നിന്നിതു നിശ്ചലം;
ഏറെ മുള്ളുകൾ ചേരും കാരിരിമ്പിൻശൂലമൊന്നുടൻ
എടുത്തു ദേവവൈഗ്ഗാഢംകുത്തിനാൻ മാറിടത്തിലായ്.ഫ
മുഷ്ടികൊണ്ടും ഹരിയെയാഞ്ഞിടിച്ചു സമരപ്രിയൻ
കുറവില്ലാതുരത്തെയ്യൊന്നു പിൻവാങ്ങി രാക്ഷസൻ.
അന്നേരം,നന്നുനന്നെന്നൊരൊച്ച പൊങ്ങീനഭസ്ഥലേ;
അരക്കൻ വിഷ്ണുവെത്തച്ചിട്ട,ടിച്ചാൻ താർക്ഷ്യനേയുമേ.
അതിൽച്ചൊടിച്ച ഗരുഡൻ പക്ഷക്കാററാലരക്കനെ,
കാററു ചപ്പിലയെപ്പോലേ പറപ്പിച്ചാൻ മഹാബലൻ.
ഖഗേന്ദ്രപക്ഷക്കാററേററു ചേട്ടൻ പാഞ്ഞതുകാണ്കയാൽ
സുമാലി, തമ്പടയൊട്ടുംകൂടി ലങ്കയ്ക്കു മണ്ടിനാൻ;
പക്ഷക്കാററു പറപ്പിച്ച മാല്യവാനാ മരക്കനും
സ്വന്തംപടയൊടൊന്നിച്ചു ലങ്കപൂകീ സലജ്ജനായ്. ൨൦

ഇവണ്ണമാ രാക്ഷസരാ ഹരിയോടംബുജേക്ഷണ,
മുഖ്യനേതാക്കളും ചത്തു പോരിൽത്തോററു പലപ്പോഴും.
വിഷ്ണുവായ്പ്പൊരുതാൻ കെല്പില്ലാഞ്ഞു പേടിച്ചരണ്ടവർ
ലങ്കവിട്ടച്ചിമാരോടും പാതാളം പുക്കു പാക്കവാൻ.
സുമാലി രക്ഷസ്സിനുകീഴവർ പാർത്തു രഘൂത്തമ,

Digitized By Kerala Sahitya Akademi

വീൎയ്യത്തിനാൽസ്സാലകടങ്കടാവംശേ പ്രകീൎത്തവർ.
നീ കൊന്ന പൌലസ്ത്യനിശാചരരെക്കാളുമേററവും
സുമാലി, മാല്യവാൻ,മാലിയെന്നിവൎക്കേറുമേ ബലം.
കൊല്ലില്ല ദേവാരികളാം സുരശല്യനിശാടരെ,
ശംഖചക്രഗദാപാണിവിഷ്ണുദേവനൊഴിഞ്ഞൊരാൾ. ൨൭
ഭവാൻ നാരായണൻ ദേവൻ ചതുൎബ്ബാഹു സനാതനൻ
പിറന്നു രാക്ഷസഘ്നതിന്നജേയൻ പ്രഭുവവ്യയൻ.
നശിച്ച ധൎമ്മം നിൎത്തുന്നോൻ, കാലംതോറും പ്രജാകരൻ
പിറക്കുന്നു ഖലന്മാരെക്കൊല്ലാനാശ്രിതവത്സലൻ.

ഈവണ്ണമങ്ങയൊടു ഞാൻ നരനാഥ,രാക്ഷ-
സോൽപത്തിയിന്നു മുഴവൻ വഴിപോലുരച്ചേൻ;
വീണ്ടും ധരിയ്ക്കു സുതരൊത്ത ദശാനനന്റെ
ജന്മപ്രഭാവമതുലം രഘുമുഖ്യ, സൎവ്വം.
രസാതലത്തിൽസ്സുചിരം ചരിച്ചിത-
സ്സുമാലിരക്ഷസ്സു മുകുന്ദഭീതിയാൽ;
തൽപുത്രരും പൌത്രരുമായ് മഹാബലൻ
ധനേശ്വരൻ പിന്നെ വസിച്ചു ലങ്കയിൽ.

## ഒമ്പതാംസൎഗ്ഗം: രാവണാദ്യുൽപത്തി.

തെല്ലുകാലം കഴിഞ്ഞാറേ സുമാലി രജനീചരൻ
പാതാളംവിട്ടുപോന്നു,ഭൂലോകത്തൊട്ടുക്ക ചുററിനാൻ:
കരിംകാറിന്നു നേരായോൻ തങ്കക്കുണ്ഡലമിട്ടവൻ
അപത്മയാം ശ്രീയ്ക്കൊത്തൊരു കന്യയാം മകളം താനുമായ്

Digitized By Kerala Sahitya Akademi

രാക്ഷസാധീശനവനന്തഴിത്തട്ടിൽ നടക്കവേ
കണ്ടെത്തീ പുഷ്പകം കേറിപ്പോകുന്ന ധനനാഥനെ.
പുലസ്ത്യപ്രഭുവായ് വിളുവാമച്ഛനെക്കാണുവാൻ സുഖം
പോകുമദ്ദേവസമനെക്കണ്ടു ചണ്ഡാംശുതുല്യനെ
വിസ്മയപ്പെട്ടു മന്നികൽനിന്നു പാതാളമാണ്ടവൻ
നിനച്ചാനീവിധം നക്തഞ്ചരരിൽബ്ബുദ്ധിയേറിയോൻ: ര
'നമ്മയ്ക്കെന്തൊന്നു ചെയ്യേണ്ടു,ഞങ്ങൾക്കുന്നതിയെങ്ങി
(നെ?'
പിന്നെ,കൈകസിയെന്നോതും മകളോടോതിരാക്ഷ
(സൻ:—
'പുത്രി,നിന്നെക്കൊടുക്കാറായ്: പോകുന്നു തവയൌവനം;
നിന്നെച്ചോദിപ്പതില്ലാരും, തള്ളുമെന്നുള്ള ശങ്കയാൽ.
പാടുംപെട്ടു നിനക്കായിദ്ധർമ്മമോർത്തങ്ങളേവരും;
നീയെല്ലാഗ്ഗുണവും ചേർന്നോൾ സാക്ഷാൽശ്രീപോലെ
(യോമനേ!
കന്യാപിതൃത്വം ദുഃഖംതാൻ മാനമിച്ഛിപ്പുമേവനും:
അറിഞ്ഞുകൂടാ, പെണ്ണിന്നാർ വരനാമെന്നു കന്യകേ!
മാതൃവംശം, താതവംശം, വേൾക്കുന്നോനുടെ വംശവും,
മൂവംശം സംശയേ നിർത്തിവാഴുന്നു കന്യയെപ്പൊഴും! ൧൦
എന്നാൽ,മുനിവരൻ ശ്രേഷ്ഠൻ മകളേ, ബ്രഹ്മവംശജൻ
പൌലസ്ത്യൻ വിശ്രവസ്സിങ്കൽച്ചെല്ലു;താന്താൻ വരിയ്ക്കു
നിനക്കുണ്ടായ്വരും പുത്രി, പുത്രന്മാരില്ല സംശയം, (നീ-
തേജസ്സാൽസ്സൂര്യസമനാമിദ്ധനേശൻെ മാതിരി.'
അവ്വാക്ക കേട്ടപ്പെൺതയ്യലച്ഛനുകലെഴുമാസ്ഥയാൽ
ചെന്നു നിന്നാൾ, വിശ്രവസ്സു തപംചെയ്യുമിടത്തിലായ്.



Digitized By Kerala Sahitya Akademi

അതുനേരത്തു ഹേ രാമ, പുലസ്ത്യസുതനന്തണൻ,
നാലാമനഗ്നി പോല,ഗ്നിഹോത്രത്തിന്നായിരിക്കയാം;
അഘോരസമയം നോക്കാത,ച്ഛങ്കലെഴുമാസ്ഥയാൽ
അവൻെറ മുമ്പിൽച്ചെന്നെത്തിത്തലയും താഴ്ത്തിമേവി
(നാൾ,
മന്നിൽക്കാൽവൻവിരൽത്തുമ്പാൽവരച്ചുംകൊണ്ടുഭാമിനി.
സുശ്രോണിയാമപ്പൂർണ്ണേന്ദുമുഖിയെപ്പാർത്തുകണ്ടവൻ
തൻതേജസ്സാൽ ജ്വലിപ്പോളൊടത്യന്തോദാരനോതിനാ
‘ഭദ്രേ,നീയാരുടെമകളെ,ങ്ങുനിന്നിങ്ങു വന്നതും? (ൻ:—
കാര്യമെന്തെ,ന്തിനായിട്ടു? സത്യംപറക ശോഭനേ.’
എന്നുകേട്ടിട്ടുതൊഴുകൈപൂണ്ടപ്പെണ്ണുങ്കൊടിചൊല്ലിനാൾ:
‘എന്നുള്ളു, തൻപ്രഭാവത്താലിവിടെയ്ക്കറിയാം മുനേ:
അച്ഛൻെറ ചൊല്പാൽ ബ്രഹ്മർഷേ, വന്നോളെന്നറികെ
(ന്നൊന്നീ;
എൻപേർ കൈകസിയെന്നല്ലോ ശേഷമങ്ങെയ്ക്കറിഞ്ഞി
ധ്യാനംപൂണ്ടാമുനിയുമൊന്നിവണ്ണമുരിയാടിനാൻ: (ടാം!’
‘മനസ്സിലായി, ഭദ്രേ നീ വന്നതിൻ കാരണം മമ:
പുത്രർവേണം നിനക്കെങ്കൽനിന്നു മത്തേഭഗാമിനി.
ഘോരമാം സമയത്തല്ലോ വന്നതെന്നരികത്തു നീ;
അതിനാലിന്നമട്ടുണ്ടാം പുത്രരെന്നതു കേൾ ശുഭേ:
ഘോരബന്ധുപ്രിയന്മാരായ്ഘോരരായ്ഘോരരൂപരായ്
ക്രൂരരാകും നിശിചരന്മാരെസ്സുശ്രോണി, നീ പെറും.’
അവളാ വാക്ക കേട്ടിട്ടു വണങ്ങിയുരിയാടിനാൾ:—
‘ഹാത്തോളും നിങ്കൽനിന്നേവം ദുഷ്ടപ്പൊത്ത പുത്രരെ
ഞാനിച്ഛിപ്പീല ഭഗവൻ; പ്രസാദിച്ചരുളേണമേ!’

Digitized By Kerala Sahitya Akademi

എന്നത്ഥിക്കയാൽ, വീണ്ടും വിശ്രവസ്സൃഷിപുംഗവൻ
ചൊല്ലീ, രോഹിണിയോടിന്ദുപോലെകൈകസിയോടി
'നിനക്കൊട്ടുവിലുണ്ടാകമൊരുപുത്രൻശുഭാനനേ, (ദം:—
എൻകുലത്തിന്നു യോജിച്ച ധർമ്മാത്മാവാസ്സതും ദൃഢം.'
ഇതിൻപടിക്കപ്പെൺതയ്യൽ തെല്ലു നാൾകൊണ്ടുരാ
പെററു, കണ്ടാലറയ്ക്കുന്ന ഘോരരാക്ഷസമൂർത്തിയെ:(ഘന,
കഴുത്തു പത്തു, വൻദംഷ്ട്ര, നീലാഞ്ജനചയാഭയും,
ചെഞ്ചുണ്ടു, വന്മുഖ,മെരികേശം, കയ്യിരുപത്തുമായ്.
അവൻ ജനിച്ചനേരത്തു, തീ വിഴുങ്ങും കുറുക്കനും
മാംസാശരുമിടത്തായി വട്ടംചുററി നടന്നപോൽ;
പർജ്ജന്യൻചോരവർഷിച്ചു;രൂക്ഷംശബ്ദിച്ചു കാർകളും;നം
മങ്ങിപ്പോയ് കതിരോൻ; മന്നിൽവീണു വൻകൊള്ളിമീനുക
കുലുങ്ങീ ഭൂമിവലയം; കാററടിച്ചു സുഘോരമായ്; (ളും;
കലങ്ങിപ്പോയ്, കലങ്ങാത്ത പുഴകൾക്കീശനാഴിയും!
അവന്നു പേരിട്ടു പിതാമഹതുല്യൻ പിതാവുടൻ:—
'ദശാസ്യനായ്ജ്ജാതനിവൻ ദശാസ്യാഭിധനാസ്സതും.'
അതിന്നു ശേഷമുളവായ് കുംഭകർണ്ണൻ മഹാബലൻ:
വലുപ്പമിങ്ങില്ലി,യ്യാൾതൻ വലുപ്പത്തിൽക്കവിഞ്ഞതായ്!
പിന്നീടുണ്ടായ് ശൂർപ്പണഖയെന്നുള്ള വികൃതാസ്യയാൾ;
വിഭീഷണൻ ധർമ്മപരൻ കൈകസിക്കന്തിമൻ സുതൻ.
അസ്സോദരികൻ പിറന്നപ്പോൾപൊഴിഞ്ഞു പുഷ്പവൃഷ്ടി
ദേവപ്പെരുമ്പറകളും മുഴങ്ങീ ഗഗനസ്ഥലേ, (കളും;
നന്നു നന്നെന്ന മൊഴിയുമന്തരിക്ഷത്തിലങ്ങിനെ!
വളൎന്നിതപ്പെരുംകാട്ടിലേ,ററമോജസ്സോടൊപ്പമ
കുംഭകർണ്ണദശാസ്യന്മാരുലകിന്നുഭയങ്കരർ:

Digitized By Kerala Sahitya Akademi

കുംഭകൎണ്ണൻ മദോദ്രിക്തൻ ധൎമ്മം തേടും മുനീന്ദ്രരെ
തിന്നുകൊണ്ടെപ്പൊഴും തൃപ്തിയെന്ന്യെ മുപ്പാരുചുററിനാൻ
വിഭീഷണൻ ധൎമ്മപരൻ സദാ ധൎമ്മത്തിൽ നില്പവൻ
ഓത്തോതി നിയതാഹാരനായി വാണു ജിതേന്ദ്രിയൻ.
പിന്നെവൈശ്രവണൻദേവനവിടെത്തെല്ലുനാൾക്കകം
അച്ഛനെക്കാണുവാൻ വന്നു പുഷ്പകത്തിൽധനേശ്വരൻ.
തേജസ്സാൽക്കത്തുവോൻ പോലുള്ളവനെക്കണ്ടുകൈകസി
ചെന്നണഞ്ഞു ദശഗ്രീവനോടുരച്ചിതു രാക്ഷസി:-
കാൺകുണ്ണീ, വൈശ്രവണനാംഭ്രാതാവെ,ദ്ദ്യുതിശാലിയെ;
ഭ്രാതൃത്വമൊപ്പമെന്നാലും, കാൺകീമട്ടായ നിന്നെയും!
ദശാസ്യ,യത്നംചെയ്താലും നീയമേയപരാക്രമ,
നീയുംവൈശ്രവണന്നൊപ്പമാകുമാറെ,ൻെറപൈതലേ.'
അമ്മതൻ വാക്കിവണ്ണം കേട്ടദ്ദശാസ്യൻ പ്രതാപവാൻ
നിസ്തുലാമൎഷമുൾക്കൊണ്ടാനു.ടൻചെയ്താൻ പ്രതിജ്ഞയും:
'നേരായ്പ്രതിജ്ഞചെയ്യുന്നേൻ:മാൽവേണ്ടാ,ജസ്സു കൊ
(ണ്ടു ഞാൻ
ഭ്രാതാവിൻെറ കിടയ്ക്കായോ മീതെയായോ ഭവിയ്ക്കുവൻ.'
പിന്നീടച്ചുണയാൽത്തന്നേ ദശാസ്യൻ തമ്പിമാരുമായ്
ദുഷ്കരത്തൊഴിൽ ചെയ്യാനായ്ത്തപസ്സിന്നായൊരുങ്ങിനാ
'തപസ്സാൽ നേടുവൻ കാമ'മെന്നുചിന്തിച്ചുറച്ചവൻ (ൻ:
ചെന്നണഞ്ഞാൻ സ്വസിദ്ധിയ്ക്കായ് ഗോകൎണ്ണാശ്രമമു

അതിങ്കൽ നിസ്തുല്യതപം തുടങ്ങിയാ- (ത്തമം.
സ്സഹാനുജൻ രാക്ഷസനുഗ്രവിക്രമൻ
പ്രസന്നനാക്കീ പ്രഭുവാം വിരിഞ്ചനെ;-
ത്തെളിഞ്ഞവൻ നല്കി ജയം വരും വരം."

Digitized By Kerala Sahitya Akademi

# പത്താംസർഗ്ഗം: രാവണാദിവരലാഭം.

രാമൻ ചോദിച്ചു മുനിയോടെ, 'ഋട്ടേ, വ്വണ്ണമാം തപം
ചെയ്തു ബ്രഹ്മൻ, വനത്തിങ്കലാ ഭ്രാതാക്കൾ മഹാബലർ?'
അഗസ്ത്യനേററവും പ്രീതിപ്പെട്ടു രാമനൊടോതിനാൻ:-
"അതാതു ധർമ്മവിധികൾ പൂണ്ടാരങ്ങസ്സഹോദരർ:
കുംഭകർണ്ണൻ പണിപ്പെട്ടു നിത്യം ധർമ്മപഥസ്ഥനായ്
വേനല്ക്കു പഞ്ചാഗ്നിനടുക്കമൻറു തപമേന്തിനാൻ;
വർഷത്തിൽ വീരാസനമാർന്നിരുന്നാൻ മഴയേററുതാൻ;
തണുപ്പുകാലത്തനിശം തണ്ണീർനടുവിൽ മേവിനാൻ.
പതിനായിരമാണ്ടേവമായവന്നു കഴിഞ്ഞുപോയ്,
ധർമ്മത്തിൽ ശ്രദ്ധവെച്ചും സന്മാർഗ്ഗത്തിലടിയുന്നിയും. ൫

വിഭീഷണൻ ധർമ്മപരനെന്നും ധർമ്മസ്ഥിതൻ ശുചി
ഒററക്കാലൂന്നിനിന്നാനങ്ങൊരയ്യായിരമാണ്ടുകൾ.
അവൻെറ നിയമാന്തത്തിലാടിനാരപ്സരസ്സുകൾ;
പൊഴിഞ്ഞു പൂവിൻമഴയും; പുകഴ്ത്തീ സുരവൃന്ദവും.
പിന്നീടയ്യായിരംകൊല്ലം നോക്കിനിന്നിതു സൂര്യനെ:
ശിരസ്സും കൈകളും പൊക്കിനിന്നാൻ സ്വാധ്യായതൽ (പരൻ.
കഴിഞ്ഞു, നിയതാത്മാവാം വിഭീഷണനുമിങ്ങിനെ,
നാകിസ്ഥ നന്ദനത്തിൽപ്പോലീരയ്യായിരമാണ്ടുകൾ.

പതിനായിരമാണ്ടൂണില്ലാതെ നിന്നു ദശാനനൻ;
ആയിരത്താണ്ടുചെന്നാറേഹോമിച്ചു തലയൊന്നവൻ. ൧൦
ഏവം കഴിഞ്ഞിതവനു കൊല്ലമൊമ്പതിനായിരം;
വീഴ്കയുംചെയ്തു ചെന്തീയ്യിലവൻെറ തലയൊമ്പതും!

Digitized By Kerala Sahitya Akademi

പത്താമോരായിരത്താണ്ടിൽപ്പത്താമത്തെശിരസ്സുമേ
ദശാസ്യൻവെട്ടവാനോങ്ങുമ്പോളങ്ങെത്തി പിതാമഹൻ:
ഏററം നന്ദിച്ചു വാനോരോടൊത്തണഞ്ഞു പിതാമഹൻ,
'നിൻപേരിൽ ഞാൻ ദശഗ്രീവ, നന്ദിച്ചേനെ'ന്നു ചൊ
(ല്ലിനാൻ:—
'ചോദിച്ചുകൊൾക ധർമ്മജ്ഞ വേണ്ടുന്ന വരമാശു നീ;
എന്തിഷ്ടം തേ തരേണ്ടൂ ഞാൻ? പാഴായ്പ്പോകില്ല
(നിൻശ്രമം.'
അനന്തരം ദശഗ്രീവനുൾ കുളിർത്തുരിയാടിനാൻ
ദേവനെത്താനുകുമ്പിട്ടു ഹർഷത്താൽ വാക്കിടച്ചയിൽ:—
'ഭഗവൻപ്രാണികൾക്കെന്നും മൃതിയിൽത്തന്നെയാംഭയം:
മൃത്യുവെപ്പോലൊരരിയില്ല;—മരത്വംവരിപ്പുഞാൻ.'
എന്നു കേട്ടു വിധാതാവു ദശഗ്രീവനൊടോതിനാൻ:—
'വരാ സർവാമരത്വം തേ; വരം വേറെ വരിക്കു നീ.'
എന്നു ലോകവിധാതാവാം വിരിഞ്ചനരുൾചെയ്കയാൽ
തിരുമുമ്പിൽത്തൊഴുതുനിന്നേവം ചൊന്നാൻ ദശാനനൻ:—
'സുപർണ്ണനാഗയക്ഷന്മാർ ദൈത്യദാനവരാക്ഷസർ
കൊല്ലൊല്ലെന്നെ പ്രജാധ്യക്ഷ, ദേവന്മാരും സനാതന.
മററുദേഹികളിൽക്കുസലില്ലെനിക്കുമരാർച്ചിത:
പുല്ലാണെന്നു നിനക്കുന്നേനാ മനുഷ്യാദിദേഹികൾ!' ൨൦
എന്നാരക്കൻ ദശഗ്രീവൻ ചൊന്നനേരത്തു ധാർമ്മികൻ
ദേവൻ ദേവകളോടൊപ്പമരുൾചെയ്തു പിതാമഹൻ:—
'നീയിപ്പറഞ്ഞതിൻവണ്ണം വരും രാക്ഷസപുങ്ഗവ!'
എന്നോതി വീണ്ടും ചൊന്നാനദ്ദശാസ്യനൊടു രാഘവ:—
'വീണ്ടുമേ കേട്ടുകൊൾകി,ങ്ങു തുഷ്ടനാമെൻെറ നൽവരം:

Digitized By Kerala Sahitya Akademi

നീ മുമ്പറുത്തു, ഹോമിച്ചുവല്ലോ തലകളഗ്നിയിൽ,
അവ വീണ്ടും നിനക്കുണ്ടാമാമട്ടിൽത്തന്നെ രാക്ഷസ
നിനക്കിങ്ങേകുവൻ സൌമ്യ, മററും ദുൎല്ലഭമാം വരം:
നിൻദേഹമിച്ഛാമാത്രത്താലിഷ്ടംപോലായ്ച്ചമഞ്ഞിടും,
സന്ദേഹമില്ല ഞാൻ തന്ന വരംമൂലം നിശാചര!'
ഏവം ബ്രഹ്മാവരുൾകയാൽദ്ദശഗ്രീവാശരനുടൻ
തീയ്യിൽ ഹോമിച്ച തലകളുണ്ടായ്വന്നിതു വീണ്ടുമേ.

അദ്ദശഗ്രീവനോടേവം കഥിച്ചിട്ടു പിതാമഹൻ
വിഭീഷണനൊടൊന്നോതീ രാമ, ലോകപിതാമഹൻ:—
'വിഭീഷണ, നിനക്കുണ്ണീ, ബുദ്ധി ധൎമ്മത്തിലാകയാൽ
സന്തുഷ്ടനായേൻ ധൎമ്മാത്മൻ; വരം വാങ്ങുക സുവ്രത.'
വിഭീഷണൻധൎമ്മപരൻ തൊഴുകൈ പൂണ്ടുണൎത്തിനാൻ,
ചന്ദ്രകലംശു പോലെന്നും ഗുണമെല്ലാമിണങ്ങിയോൻ:—
'ഭഗവാനേ കൃതാൎത്ഥൻ ഞാൻ: തോഷിച്ചല്ലോ ജഗദ്ഗുരു!
കല്പിച്ചേകാം വരമെനിക്കെങ്കിൽക്കേൾക്കുക സുവ്രത:
അത്യാപത്തേല്ക്കിലുമെൻ ബുദ്ധി ധൎമ്മത്തിലാകണം
ബ്രഹ്മാസ്ത്രവും പഠിയ്ക്കാതെ തോന്നട്ടേ ഭഗവൻ മമ.
ആശ്രമങ്ങളിലോരോന്നിൽച്ചെല്ലുമെൻബുദ്ധിയൊക്കയും
ധൎമ്മിഷ്ഠയായ്ഭവിക്കട്ടെ,യധൎമ്മം ഞാൻ പുലൎത്തണം!
ഇതാണുൽകൃഷ്ടവരമായത്യുദാര, ഗണിപ്പു ഞാൻ:
പാരിൽധൎമ്മപരന്മാൎക്കില്ലല്ലോ ദുൎല്ലഭമൊന്നുമേ.'
വീണ്ടും പ്രീതൻപ്രജാനാഥൻവിഭീഷണനൊടോതിനാൻ:
'ഉണ്ണീ, ധൎമ്മിഷ്ഠനല്ലോ നീ,യിതെല്ലാമാവിധം വരും.
അരക്കനായ്ജ്ജനിച്ചിട്ടും നിനക്കരിനിഷൂദന,

Digitized By Kerala Sahitya Akademi

അധർമ്മനിനവില്ലല്ലോ തരുന്നേനമരത്വവും.’ ൩൯

 എന്നോതി,ക്കുംഭകർണ്ണന്നു വരംനല്കാനടുക്കവേ
പ്രജാപതിയൊടൊന്നോതീ തൊഴുതസ്സുരരേവരും:-
‘എന്നാലോ കുംഭകർണ്ണന്നു നല്കീടൊല്ലേ വരം ഭവാൻ:
ഇദ്ദുർബ്ബുദ്ധി ജഗത്ത്രാസകരനെന്നറിവില്ലയോ?
നന്ദനത്തിങ്കലേഴപ്സരസ്സി,ന്ദ്രാനുഗർ പത്തുപേർ
ഇവന്നു തീനായ് ബ്രഹ്മാവേ, മുനിമാരും മനുഷ്യരും.
വരം കിട്ടുന്നതിന്മുന്നേ രാക്ഷസൻ ചെയ്കതോർക്കിൽ,
വരം കിട്ടീടുകിലിവൻ മൂപ്പാരും തിന്നൊടുക്കുമേ!
വരവ്യാജാൽ വെളിവുകേടിവന്നേകൂ മഹാദ്യുതേ;
എന്നാൽ നന്മ വരും ലോകർക്കി,വന്നുതെളിവും വരും.’ ൪൦
ഏവം സുരർപറഞ്ഞപ്പോളോർത്താൻ ബ്രഹ്മാവു പത്മജൻ;
കാത്തപ്പൊഴേ സന്നിധിയിലെത്തീ ദേവി സരസ്വതി.
തൊഴുകൈപ്പൂണ്ടരികിൽ നിന്നസ്സരസ്വതിചൊല്ലിനാ
(ൾ:-
‘ഇതാ,വന്നെത്തിനേൻ ദേവ, ഞാൻ ചെയ്യേണ്ടുന്നതെ
(ന്തുവാൻ?’
പ്രജാപതിയുമാ വന്ന സരസ്വതിയൊടോതിനാൻ:-
‘രാക്ഷസേന്ദ്രാനനേ വാനോരോർത്ത വാക്കാക വാണി നീ.’
‘ആവാ,മെന്നവളുൾപ്പുക്കാൾ; പിന്നെച്ചൊന്നാൻ പ്രജാ
(പതി:-
‘കുംഭകർണ്ണ,മഹാബാഹോ, വാങ്ങിക്കൊൾകിഷ്ടമാംവരം.’
കുംഭകർണ്ണനുമാ വാക്കു കേട്ടിട്ടൊന്നുരിയാടിനാൻ:-
‘അനേകമാണ്ടുറങ്ങാനാണാഗ്രഹം ദേവദേവ,മേ.’ ൪൧
‘അവ്വണ്ണമാകെ’ന്നരുളി,പ്പോയാൻ ബ്രഹ്മാവു സാമരൻ

Digitized By Kerala Sahitya Akademi

വാദേവിയും രാക്ഷസനെക്കൈവെടിഞ്ഞു മടങ്ങിനാൾ.
ബ്രഹ്മാവൊന്നിച്ച ദേവന്മാർ വാനാണ്ടതിനുശേഷമോ,
വാദേവിയാൽ ത്യക്തനവൻ തന്നതാംബുദ്ധിനേടിനാൻ;
കുംഭകൎണ്ണൻ ദുരാത്മാവു ചിന്തിച്ചാൻ സങ്കടത്തോടേ:—
"എന്തുകൊണ്ടേവമീ വാക്കെൻ വായിൽ നിന്നിഹ വീണു (പോയ്?
എന്നെയാ വന്നദേവന്മാരന്ധാളിപ്പിച്ചതാവണം!"
എവം വരം നേടി മഹസ്സാളും ഭ്രാതാക്കളേവരും
ശ്ലേഷ്മാതകവനം പുക്കു സുഖമായങ്ങു മേവിനാർ.

## പതിനൊന്നാംസൎഗ്ഗം: രാവണാലങ്കാക്രമണം.

ഈ നിശാടർ വരം വാങ്ങിച്ചതറിഞ്ഞസ്സുമാലിയും
ഭയം പോക്കിഭടരുമായ്പ്പാതാളം വിട്ടു കേറിനാൻ:
മാരീചൻതാൻ,പ്രഹസ്തൻതാൻ,വിരൂപാക്ഷൻ, മഹോദ
കേറീ ചൂണ്ടിച്ചിവരുമാ രക്ഷസ്സിനുടെ മന്ത്രിമാർ. (രൻ,
സുമാലി മന്ത്രിമാരൊത്തു രാക്ഷസൎഷഭർ ചുററുമായ്
ദശാസ്യകലണഞ്ഞിട്ടു പുണൎന്നിങ്ങിനെ ചൊല്ലിനാൻ:—
'ഭാഗ്യ,മുണ്ണി, നിനക്കിങ്ങു നിറവേറീ മനോരഥം:
നീ വാങ്ങിയല്ലോ മുപ്പാരിൻനാഥനോടു മഹാവരം!
എന്തുമൂലം ലങ്കവിട്ടു ഞങ്ങൾ പാതാളമാണ്ടുവോ,
ആ വാഴ്ച വിഷ്ണുഭയവും ഞങ്ങൾക്കററു മഹാഭുജ. ൫
അഭീക്ഷ്ണമവനെപ്പേടിച്ചോ,ത്തഗേഹം വെടിഞ്ഞുടൻ
പാഞ്ഞുപോയ് ഞങ്ങളെല്ലാരുംപാതാളംപുക്കിരിയ്ക്കയാം;
അരക്കർപാൎത്തുപോന്നോരീ നമ്മൾതൻപുരിലങ്കയിൽ



Digitized By Kerala Sahitya Akademi

കേറിപ്പാപ്പും തുടങ്ങി, നിന്നുന്നൻ ധീമാൻ ധനേശ്വരൻ.
സാമമോ ദാനമോ ഭേദംതാനോ കൈക്കൊണ്ടുകന്നേഷ,
ആവുമെങ്കിൽ മഹാബാഹോ, വീണ്ടെടുക്കുകവേണ്ടതാം.
എന്നാലുണ്ണില്ല ലങ്കേശനായി വാഴാമസംശയം;
ഈയയോഗ്യതമാം രക്ഷോവംശം നീ കേററിയെന്നുമാം.
ഞങ്ങൾക്കെല്ലാം പ്രഭുവുമായ്സുതമല്ലോ മഹാബല.'
ഇങ്ങനെ മാതാമഹനോടുരചെയ്താൻദശാനനൻ:- ൨൦
'വിത്തേശൻ ഗുരു ഞങ്ങൾക്കു;പറയൊല്ലീവിധംഭവാൻ.'
രാക്ഷസേശൻ മഹാസാമത്താലുമേ നിരസിയ്ക്കയാൽ,
അവൻെറയുള്ളറിഞ്ഞിട്ടന്നൊന്നുമോതീല രാക്ഷസൻ.
തെല്ലുകാലം കഴിഞ്ഞാറേ,തത്ര വാഴുന്ന രാവണൻ
ആമട്ടേ ചൊന്നനേരത്തു ദശാസ്യനൊടു രാക്ഷസൻ
പ്രഹസ്തൻ താഴ്മപൂണ്ടേവമുരചെയ്തിതു യുക്തിയിൽ:—
'ദശഗ്രീവ,മഹാബാഹോ,ഭവാനീവണ്ണമോതൊലാ;
സൌഭ്രാത്രമില്ലാ ശൂരക്കു;കേട്ടുകൊൾകെൻെറയീ മൊഴി:
ഇണക്കം ചേരുമദിതി,ദിതിയെന്നീസ്സഗർഭ്യമാർ
പ്രജേശനാം കശ്യപനു ഭാൎയ്യമാരായ് സുരൂപമാർ. ൨൫
പെററാളദിതി മുപ്പാരിന്നീശന്മാരാം നിലിമ്പരെ;
ദിതിയ്ക്കോ, കശ്യപനിൽനിന്നുളവായ് ദൈത്യരാംസുതർ.
പണ്ടു ധൎമ്മജ്ഞ,കാടാഴിമാടു കൂടീടുമീ മഹി
വീര,ദൈത്യരുടേതത്രേ; പ്രഭുതപ്രമുടയോര,വർ.
അവരെപ്പടയിൽക്കൊന്നു വിഷ്ണു ശേഷി മുഴുത്തവൻ
വാനോരുടെ വശത്താക്കിയെന്നെന്നേയ്ക്കും ജഗത്ത്രയം.
ഈ മാററം നീയൊരാൾമാത്രം ചെയ്കതായിട്ടുവന്നിടാ;
സുരാസുരാചരിതമാണു;- തിനാൽച്ചെയ്യുകെൻ മൊഴി.'

Digitized By Kerala Sahitya Akademi

ഇതുകേട്ടു ദശഗ്രീവൻ ഹർഷംപൂണ്ടമറവസ്സോടേ
ചെററുനേരംവിചാരിച്ചിട്ടാ,'വാ'മെന്നേററു ചൊല്ലിനാൻ.
എന്നിട്ടു,തേപ്രഹർഷത്താലന്നാളിൽത്തന്നെ വീര്യവാൻ
കാട്ടിലെത്തീ ദശഗ്രീവനാ രാക്ഷസരൊടൊപ്പമേ;
ത്രികൂടത്തിലിരുന്നു,ന്നദ്ദശഗ്രീവൻ നിശാചരൻ
ദൂതു ചൊല്ലാനയച്ചാൻ വാഗ്മിയാടി കൂടം പ്രഹസ്തനെ:—
'പ്രഹസ്ത,ചെല്ക വേഗം നീ ചൊല്ക സാമത്തിലിങ്ങിനെ,
നൈരൃതർഷഭനാം വിത്തനാഥനോടെൻെറ വാക്കിനാൽ:
'വമ്പരാം രാക്ഷസർക്കുള്ളതാണീ ലങ്കാപുരി മന്നവ;
കേറിപ്പാർത്തു ഭവാൻ സൌമ്യ;നന്നല്ലിതു തവാനഘ.
ഇപ്പോളതുന്നു ഞങ്ങൾക്ക തന്നാലതുലവിക്രമ,
പ്രീതി ചേർത്തിതെനിയ്ക്കുന്നാം; ധർമ്മം രക്ഷിച്ചുവെന്നു
ധനദൻ നേർക്കരക്ഷിച്ച ലങ്കാപുരിയണഞ്ഞവൻ (മാം'
അത്യുദാരമിതിൻവണ്ണം വിത്തപാലനൊടോതിനാൻ:—
'അയച്ചാനെന്നെ നിൻതമ്പി ദശഗ്രീവൻ ശുഭവ്രത,
നിന്നടുക്കൽ മഹാബാഹോ, സർവ്വശസ്ത്രധരോത്തമ.
കേട്ടാലും സുമഹാപ്രാജ്ഞ, സർവ്വശാസ്ത്രവിശാരദ,
എങ്കൽനിന്നു ധനാധീശ,ദശാസ്യനുടെ ഭാഷിതം:
ഈ രമ്യപുരിയിൽപ്പണ്ടു സുമാലി മുതലായവർ
വാണുപോന്നു വിശാലാക്ഷ, ഭീമവിക്രമരാശരർ.
അതിനാലാണുണർത്തിപ്പതധുനാ വിശ്രവസ്സുത;
ഇതു നല്കുക, സാമത്താൽ യാചിയ്ക്കുമവനായ്ഗ്ഗുരോ!' ൩൦
പ്രഹസ്തൻ ചൊല്ലിയതു കേട്ടിട്ടു ദേവൻ ധനേശ്വരൻ,
വാഗ്മിയാടിയുള്ളവൻ ചൊന്നാനാ പ്രഹസ്തനൊടുത്തരം:—
'എനിയ്ക്കച്ഛൻ തന്നതാണീ ലങ്ക രാക്ഷസവർജ്ജിതം;

Digitized By Kerala Sahitya Akademi

യക്ഷരും വന്നു പാൎത്താരെൻ ദാനമാനാദിനന്മയാൽ.
ചൊല്ലു പോയ് രാവണനൊടെൻപുരം നാടുംമഹാഭുജ,
നിന്റേതുമാണു;-നുഭവിച്ചാലും രാജ്യമബാധമേ:
നിസ്സമായ്പ്പങ്കുവെയ്ക്കേണ്ടാ നാടുമെന്നുടെ വിത്തവും.’
എന്നുരച്ചു ധനാധീശൻപോയാനച്ഛന്റെസന്നിധൌ;
വന്ദിച്ചു താതനോടോതീ രാവണന്റെ മനോരഥം:—
‘ഇതാ, ദശാനനനെനിക്കയച്ചു താത,ദൂതനെ, ൨൭
‘തത്ര രാക്ഷസർ മുൻവാണ ലങ്കാനഗരി’യെന്നുമായ്;
ഞാനിങ്ങെന്തൊന്നു ചെയ്യേണ്ടു? ചൊല്ലിത്തരികസുവ്രത.’
ബ്രഹ്മർഷിയിതു കേട്ടിട്ടാ വിശ്രവസ്സൃഷിപുംഗവൻ
ചൊന്നാൻതൊഴുതവിത്തേശനോടു‘ണ്ണീ, കേൾക്കകെ (മൊഴി:
ദശഗ്രീവൻ മഹാബാഹു പറഞ്ഞാനെന്നൊടക്കലും;
ഞാൻ ശകാരിക്കയുംചെയ്തു പലപാടദ്ദുരാശനെ;
‘നീ മേന്മേൽക്കെട്ടുപോകുന്നിതെ’ന്നുംചൊന്നേൻചൊ (ടിച്ചു ഞാൻ.
ശ്രേയസ്കരം ധൎമ്മയുതം മകനേ, കേൾക്കകെന്മൊഴി:
വരാപ്തിമൂലമുൾകെട്ടോൻ മാന്യാമാന്യരെയാ ഖലൻ
അറിവീലെ,ന്റെ ശാപത്താൽഘോരനായുംചമഞ്ഞ (വൻ.
പോയ്ക്കൊള്ളുക മഹാബാഹോ,കൈലാസക്കുന്നിലേക്കുനീ;
പുരിയും തീൎത്തുകൊൾകാ,ൾക്കാരൊത്തു ലങ്കവെടിഞ്ഞു
അങ്ങുണ്ടു ചേലൊത്ത നദീമുഖ്യ മന്ദാകിനീനദി, (ടൻ.
സൂൎയ്യോപമപ്പൊന്തണ്ടാർകൾ നിറഞ്ഞ സലിലത്തൊടും
ആമ്പൽചെങ്ങഴിനീർപ്പൂവും മണമുള്ളവ മറ്റുമായ്:

Digitized By Kerala Sahitya Akademi

അതിങ്കൽദ്ദേവഗന്ധൎവ്വാപ്സരോനാഗകിന്നരർ
വിളയാടിസ്സദാ ചേൎന്നു രമിക്കുന്നുണ്ടു നിത്യവും.
നന്നല്ലീ രാക്ഷസനൊടു വൈരം തവ ധനേശ്വര:
ഇവനുററ വരം വാങ്ങിക്കൊണ്ടതങ്ങറിവില്ലയോ?'
എന്നിച്ചൊന്നതു കൈക്കൊണ്ടിട്ടു,ള്ളകലെഴമാസ്ഥയാൽ
പോയാൻ ഭാൎയ്യാസുതാമാത്യധനവാഹനയുക്തനായ്.

അനന്തരം പ്രഹസ്തൻ ചെന്നറിയിച്ചാൻ സഹൎഷമേ,
മഹാത്മാവായ സാമാത്യാനുജനാം ദശകണ്ഠനെ:–
'ആ ലങ്കയൊഴിവായല്ലോ: ധനേശനതു വിട്ടുപോയ്;
ഞങ്ങളൊത്തവിടെച്ചെന്നുതൻധൎമ്മം കാത്തുകൊൾകനീ.'
പ്രഹസ്തനേവം ചൊന്നാറേ ദശഗ്രീവൻ മഹാബലൻ
ലങ്കാപുരത്തിലുൾപ്പൂക്കാൻ ഭ്രാതൃസേനാനുഗാന്വിതൻ;
ധനേശൻ വിട്ടതിൽ നെട്ടംപാത വേറുതിരിച്ചതിൽ
ചെന്നേറിനാനദ്ദേവാരി, വിണ്ണിൽദ്ദേവേന്ദ്രനാംവിധം.

അരക്കരന്നാളഭിഷേകവും കഴി–
ച്ചൊരദ്ദശാസ്യൻ കുടികൊണ്ടു ലങ്കയിൽ;
കറുത്ത കാറിന്നെതിരാമരക്കരാൽ
നിറഞ്ഞതായ്ത്തീൎന്നു നിതാന്തമപ്പുരി. ൧൦
ധനേശനോ, പിതൃവചനത്തിലാസ്ഥയാൽ–
ച്ചമച്ചിതശ്ശിവിമലാദ്രിയിൽപ്പുരം,
സ്വലംകൃതോത്തമഗൃഹഭൂഷിതം, പുര–
ന്ദരൻ ദിവി ത്രിദശപുരം കണക്കിനേ.

Digitized By Kerala Sahitya Akademi

## പന്ത്രണ്ടാംസർഗ്ഗം: ഇന്ദ്രജിദുല്പത്തി.

അഭിഷിക്തൻനിശാടേന്ദ്രൻനിനച്ചാൻതമ്പിമാരുമായ്
പെങ്ങളാം രാക്ഷസിയുടെ വിവാഹത്തെക്കുറിച്ചുടൻ.
വിദ്യുജ്ജിഹ്വാഖ്യനാം കാലകേയദാനവമുഖ്യനായ്
കൊടുത്താൻ പെങ്ങളാം ശൂർപ്പണഖയെന്ന നിശാടിയെ.
കൊടുത്താ രാക്ഷസൻ താന്താൻ നടന്നു വേട്ടയാടുവാൻ;
അങ്ങു കണ്ടെത്തിനാൻ രാമ,മയനെന്നൊരു ദൈത്യനെ.
കന്യയൊത്തവനെക്കണ്ടു ദശഗ്രീവൻ നിശാചരൻ
ചോദിച്ചി,'താർ നീയൊററയ്ക്കു നിർമ്മർത്ത്യമൃഗമാംവനേ
ഇക്കുട്ടിമാൻനേർമിഴിയുമായി നില്ക്കുന്നതെന്തുവാൻ?'
ചോദിക്കുമാ രാക്ഷസനോടോതീ രാമ,മയാസുരൻ:— ൧
'കേട്ടുകൊൾക, പറഞ്ഞീടാമെൻെറ വൃത്താന്തമൊക്കയും.
മുൻ കേട്ടിരിക്കാം നീ വത്സ, ഹേമയാമപ്സരസ്സിനെ;
അവളെത്തന്നു വാനോർ മേ,ശചിയെശ്ശക്രനാംവിധം.
അവളിൽസ്സക്തനായ് വാണേൻഞാനൊരഞ്ഞൂറുവത്സരം;
പോയല്ലോ ദേവകാര്യത്താൽ,പ്പതിനാലാണ്ടുമുമ്പവൾ.
ഹേമയ്ക്കുവേണ്ടി മുഴുവൻ ഹേമമാമൊരുമന്ദിരം
മായയാൽത്തീർത്തിരുന്നുഞാൻ വജ്രവൈഡൂര്യചിത്രമായ്;
അവിടെദ്ദീനനായ്പ്പാർത്തേന,വൾ വിട്ടഴലാണ്ടു ഞാൻ.
അപ്പുരം വിട്ടു മകളെക്കൊണ്ടിതാ, കാട്ടിലെത്തിനേൻ:
ഇതെൻെറപുത്രിരാജാവേ, വയററിലവൾപേററിയോൾ.
ഇവൾക്കുപതിയെത്തേടാൻ പോന്നതാണിവളൊത്തുഞാ
കന്യാപിതൃത്വം ദുഃഖംതാൻമാനമിച്ഛിക്കുമേവനും; (ൻ:
കന്യ, രണ്ടുകുലം നിത്യം സംശയേ നിർത്തിനില്ക്കുവോൾ!

Digitized By Kerala Sahitya Akademi

അഭാൎയ്യയിലെനിയ്ക്കുണ്ടായിട്ടുണ്ടിരുവർ പുത്രരും:
ഒന്നാമൻ വത്സ,മായാവി, രണ്ടാമനഥ ദുന്ദുഭി.
ഏവം, ചോദിച്ചനിന്നോടു ചൊന്നേൻവാസ്തവമൊക്കയും;
നിന്നെയിന്നുണ്ണി, നീയാരെന്നെവ്വണ്ണമറിയേണ്ടു ഞാൻ?'
എന്നു കേട്ടളവാ രക്ഷസ്സേവം താഴ്മയിലോതിനാൻ:—
'ബ്രഹ്മാവിൽനിന്നു മൂന്നാമൻ വിശ്രവസ്സാഷിയില്ലയോ,
അപ്പൌലസ്ത്യന്റെപുത്രൻഞാൻ, ദശഗ്രീവസമാഹ്വ
(യൻ.'
എന്നു രാക്ഷസർകോൻ ചൊല്ലിക്കേട്ടാറേ രാമ,ദാനവൻ
മഹൎഷിപുത്രനാണെന്നു കണ്ടു സാഹ്ലാദനായ്മയൻ
പുത്രിയാളെയവന്നേകാനുറച്ചാനതുനേരമേ:
അവൾതൻകയ്യു കൈകൊണ്ടു പിടിച്ചു മയനപ്പോഴേ
ചിരിച്ചുരച്ചു ദൈത്യേന്ദ്രൻ രാക്ഷസേന്ദ്രനൊടിങ്ങിനെ:—
'ഹേമാപ്സരസ്സിനുണ്ടായൊരീയെന്മകളെ മന്നവ,
മണ്ഡോദരീകന്യകയെക്കൈക്കൊണ്ടാലും കളത്രമായ്.'
'ഓ'യെന്നുതാനവനൊടു ചൊന്നാൻ രാമ,ദശാനനൻ;
അങ്ങുതാൻതീജ്ജ്വലിപ്പിച്ചുചെയ്താൻപാണിഗ്രഹത്തെയും.
മുനിശാപമവന്നേററതറിഞ്ഞോൻതന്നെയാ മയൻ; ൨൦
ബ്രഹ്മവംശം നിനച്ചത്രേ കൊടുത്തതു കുമാരിയെ.
അവന്നു നല്കീ പാഴാകാത്തൊരത്യത്ഭുതവേലുമേ
വന്തപോലങ്ങു;-മേല്പിച്ചതിതല്ലോ ലക്ഷ്മണന്റെമേൽ.
ഏവം വേളി കഴിച്ചിട്ടു ലങ്കേശ്വരനാം പ്രഭു
പുരി പുക്കു,നുജന്മാൎക്കും വരുത്തീ ഭാൎയ്യമാർകളെ:
വൈരോചനന്റെ ദൌഹിത്രി വജ്രജ്വാലാഭിധാനയാൾ,
അവളെക്കുംഭകൎണ്ണന്റെ ഭാൎയ്യയാക്കീ ദശാനനൻ.

Digitized By Kerala Sahitya Akademi

ശൈലൂഷനെന്ന പെരിയ ഗന്ധർവ്വപ്രഭുവിൻ മകൾ,
ധർമ്മജ്ഞയാം സരമയെഭാര്യയാക്കീ വിഭീഷണൻ:
ജനനം മാനസസരസ്സിൻെറ തീരത്തിലാണപോൽ; വ൭
വെള്ളം പൊങ്ങീ സരസ്സിങ്കലന്നേരം മഴവേളയിൽ.
മാതാവപ്പെതലിൽ സ്നേഹാല്പറക്കേണ ചൊല്ലി
(നാൾ:—
'സരോ,മാ വൃദ്ധികൊൾകെ'ന്നായ,തിൽസ്സരമയായവൾ.
ഏവം വേളി കഴിച്ചങ്ങു രമിച്ചാരാ നിശാചരർ,
തൻ തൻ ഭാര്യയുമായ് വിൺപൂംകാവിൽഗ്ഗന്ധർവ്വർപോ
(ലവേ.
പിറന്നു മണ്ഡോദരിയിൽ മേഘനാദാഖ്യനാം മകൻ;
അവനാണി,ന്ദ്രജിത്തെന്നു നിങ്ങൾ ചൊല്ലിവരുന്നവൻ:
പിറന്നനേരമേ പണ്ടു രാവണാത്മജനാമവൻ
കരഞ്ഞു കാറിന്നൊതിരാം മഹാനാദം മുഴക്കിപോൽ;
സ്തംഭിച്ചുപോയിതാ ലങ്ക തന്നാദംകൊണ്ടു രാഘവ;
അവന്നച്ഛൻ സ്വയം മേഘനാദനെന്നേകി നാമവും.
വളന്നു രാമ,ചേലാന്ന രാവണാന്തഃപുരത്തവൻ
നൽസ്ത്രീകൾകാപ്പോൻ,പിറകാൽമൂടപ്പെട്ടഗ്നിപോലവേ,
ഹഷമച്ഛന്നുമമ്മയ്ക്കും വളത്തിക്കൊണ്ടു രാവണി.

## പതിമ്മൂന്നാംസർഗ്ഗം: വൈശ്രവണസന്ദേശം.

ചെററുനാളങ്ങുചെന്നാറേലോകേശൻ ചൊന്നയല്ലയാ
കട്ടത്ത നിദ്ര ദേഹം പൂണ്ടണഞ്ഞു കുംഭകർണ്ണനെ. (ൽ
ഇരിക്കും ജ്യേഷ്ഠനോടപ്പോളുരച്ചാൻ കുംഭകർണ്ണനും:—
'നിദ്രയേല്ക്കുന്നു മേ രാജൻ; തീർപ്പിയ്ക്കുക കിടപ്പകം.'

Digitized By Kerala Sahitya Akademi

രാജാവുടൻ നിയോഗിച്ച വിശ്വകൎമ്മാരർ ശില്പികൾ
ഒരുയോജന വിസ്താരം രണ്ടുനീളവുമാം ഗൃഹം
നിൎമ്മിച്ചാർ കുംഭകൎണ്ണന്നു നിൎബ്ബാധമതിഭംഗിയിൽ:
പളുങ്കുംപൊന്നുമായുള്ള ചിത്രത്തൂണു ചുഴന്നതായ്
വൈഡൂൎയ്യക്കല്ലൊത്തുകൊത്തു കിങ്ങിണിച്ചാൎത്തണിഞ്ഞ
(തായ്
കൊമ്പിൻകമാനവുംവെച്ചു വജ്രസ്ഫടികവേദിയായ് ൭
മനോഹരം സൎവ്വസുഖം പണിചെയ്യിച്ചു രാക്ഷസൻ
നിത്യം നീളെസ്സുഖകരം മേരുപുണ്യഗൃഹോപമം.
അതിങ്കൽ, നിദ്ര ബാധിച്ച കുംഭകൎണ്ണൻ മഹാബലൻ
അനേകമായിരംകൊല്ലമുണരാതെയുറങ്ങിടും.
കുംഭകൎണ്ണനുറക്കത്തിൽപ്പെട്ടിരിയ്ക്കേദ്ദശാനനൻ
ദേവൎഷിയക്ഷഗന്ധൎവ്വന്മാരെ സ്വൈരം കുഴക്കിനാൻ.
നന്ദനം മുതലായുള്ള ചിത്രോദ്യാനങ്ങളില്ലയോ,
അവയും ചെന്നതിക്രോധാൽത്തകൎത്തു ദശകന്ധരൻ;
കളിയ്ക്കുമാനപുഴയെ,പ്പാറിയ്ക്കും കാററു ശാഖിയെ,
എല്ലാ വജ്രം മലകളെപ്പോല,രക്കൻ മുടിയ്ക്കയായ്. ൮
ദശാസ്യൻതൻ നടപടിയിതറിഞ്ഞു ധനേശ്വരൻ
തൻകുലത്തിന്നു തക്കോരു നടപ്പോൎത്തു സുധാൎമ്മികൻ
കുബേരൻ സോദരസ്നേഹം കാണിപ്പാനൊ,രു ദൂതനെ
ചൊല്ലിവിട്ടിതു ലങ്കയ്ക്കു ദശാസ്യന്നു ഹിതത്തിനായ്.
അവൻ ലങ്കാപുരം പുക്കു വിഭീഷണനിലെത്തിനാൻ;
അയാൾ ധൎമ്മത്തിൽ മാനിച്ചു ചോദിച്ചു വന്നകാൎയ്യവും.
ക്ഷേമം പുരാനും ചാൎന്നോൎക്കും ചോദിച്ചിട്ടു വിഭീഷണൻ
കാട്ടിക്കൊടുത്താനവനു സഭയിങ്കൽദ്ദശാസ്യനെ.



Digitized By Kerala Sahitya Akademi

തൻതേജസ്സാൽ ജ്വലിയ്ക്കുന്ന രാജാവെത്ത്ര കണ്ടവൻ
ജയിയ്ക്കെന്നോതി മാനിച്ചു നിന്നാൻ മിണ്ടാതെയൊട്ടിട.
അഞ്ജസ്സലാം വിരിപ്പിട്ടു മിന്നും തൃക്കട്ടിലിന്നുമേൽ
ഇരിയ്ക്കുമദ്ദശഗ്രീവനോടടൻ ദൂതനോതിനാൻ:—
'ഉണർത്തിയ്ക്കാം തമ്പുരാനേ,നിന്നണ്ണൻ ചൊന്നതൊക്കയും,
രണ്ടുവംശത്തിനുംവീര,തന്നടപ്പിനുമൊത്തതായ്:
'കൊള്ളാ,മിതിത്രയുംപോരും; മര്യാദക്കാരനാകിനി;
ധർമ്മത്തിലൂന്നിനിന്നാലു,മാവുമെങ്കിൽ യഥാവിധി.
നന്ദനോന്മഥനം കണ്ടേൻ, കേട്ടേനിങ്ങൃഷിഹിംസയും;
നിന്നെച്ചൊല്ലിസ്സുരന്മാർതൻ ശ്രമവും ഭ്രവ, കേട്ടു ഞാൻ.
ധിക്കരിച്ചു പലവുരുവെന്നെയും രാക്ഷസേന്ദ്ര, നീ:
പോറേണമല്ലോ ബന്ധുക്കൾ ബാലനെ,ത്തെറ്റു ചെയ്കി(ലും.
ഞാനോ,ഹിമാദ്രിമുകളിൽപ്പോയേൻ ധർമ്മം ചരിയ്ക്കുവാൻ
രൗദ്രമാം വ്രതവും പൂണ്ടു നിയതൻ നിയതേന്ദ്രിയൻ.
കണ്ടേനതിങ്കൽ പ്രഭുവാം ദേവനെഗ്ഗൗരിയൊത്തുഞാൻ;
ദേവിയിൽദ്ദൈവയോഗാലെന്നിടംകണ്ണുപതിഞ്ഞുപോയ്,
ഏതാണീ, നല്ല പെണ്ണെന്നു; വേറെയൊന്നല്ല കാരണം:
നേരറ്റൊരുടൽപ്പൂണ്ടല്ലോ വാഴ്വതങ്ങു മൃഡാനിയാൾ!
ദേവീദിവ്യപ്രഭാവത്താൽപ്പൊട്ടിപ്പോയ് വാമമെന്മിഴി;
സവ്യം പിങ്ഗവുമായ്, രേണുധ്വസ്തജ്യോതിസ്സുപോലവേ!
പിമ്പ,ക്കുന്നിൽ വിശാലം മറ്റൊരു താഴ്വര പുക്ക ഞാൻ
മിണ്ടാതൊരെട്ടുനൂറാണ്ടു വല്യതാം വ്രതമേന്തിനേൻ. ൨൭
മുറയ്ക്കതു കഴിഞ്ഞപ്പോളു,ങ്ങു ദേവൻ മഹേശ്വരൻ
പ്രസാദമുൾക്കൊണ്ടീവണ്ണമരുൾചെയ്തീടിനാൻ പ്രഭു:—

Digitized By Kerala Sahitya Akademi

'നിന്നിൽധൎമ്മജ്ഞ,നന്ദിച്ചേനിത്തപംകൊണ്ടു സുവ്രത:
ചരിച്ചിതീ വ്രതം ഞാനും നിസ്തും മാത്രം ധനാധിപ;
മൂന്നാമനായൊരാളില്ലാ വ്രതമേവം ചരിക്കുവാൻ.
പണ്ടു ഞാനേപ്പെട്ടത്തിക്കൊണ്ടതാണി,ദ്ദുഷ്കരവ്രതം;
അതിനാൽഞാനുമായ്സ്സൌമ്യ,സഖ്യം കൊൾക ധനേ
തപസ്സിനാൽജ്ജയിച്ചല്ലോ; സഖാവാക മമാനഘ.(ശ്വര;
ദേവീപ്രഭാവാൽപ്പൊട്ടിപ്പോയല്ലോ, നിൻ വാമമാം മിഴി;
സവ്യം പിങ്ഗവുമായല്ലോ, ദേവിതന്നുടൽ പാക്കയാൽ;
അതിനാലെന്നുമേകാക്ഷിപിങ്ഗാഖ്യ നിലനില്ക്കുമേ.'
ഏവം ശിവനുമായ്സ്സഖ്യം ചെയ്തിട്ടു വിട വാങ്ങി ഞാൻ
തിരിച്ചുവന്നപോതത്രേ കേട്ടു നിൻപാപചേഷ്ടിതം.
ത്യജിക്കു നീയധൎമ്മിഷ്ഠസംസൎഗ്ഗം കലദൂഷണം:
വഴി നോക്കുന്നുപോൽ നിന്നെക്കൊല്ലാൻ ദേവഷിമണ്ഡ
(ലം.'
എന്നു കേട്ടു ദശഗ്രീവൻ ക്രോധാൽച്ചെങ്ങിയ കണ്ണുമായ്
കൈപ്പടങ്ങൾ ഞെരിച്ചും പല്ലിറുമ്മിയുമിതോതിനാൻ:—
'മനസ്സിലായി മേ ദൂത, നീ കഥിക്കുന്നതിൻ പൊരുൾ;
എന്നാൽ, നീയും, നിന്നെ, വിട്ട സഹോദരനുമില്ലിനി!
എനിക്കു ഹിതമായൊന്നല്ലിച്ചൊല്ലത്തു ധനേശ്വരൻ:
മഹേശസഖ്യമാണല്ലോ മൂഢ, കേൾപ്പിച്ചിട്ടന്നു നീ. സഹി
പൊറുക്കാവുന്നതല്ലേ,വം നീയിച്ചൊന്നതെനിക്കെടോ;
ഇതേവരെ ക്ഷമിച്ചല്ലോ ദൂത,പാരമയാളിൽ ഞാൻ.
ജ്യേഷ്ഠൻ ഗുരുവിവൻ വധ്യനല്ലെന്നത്രേ നിനച്ചു ഞാൻ;
ഇപ്പോളവൻെറ ചൊൽ കേട്ടിട്ടീവിധം തീൎച്ചയാക്കിനേൻ:
മൂന്നുലോകത്തെയും വെല്ലുന്നുണ്ടു കയ്യൂക്കെടുത്തു ഞാൻ.

Digitized By Kerala Sahitya Akademi

ഇക്ഷണംതന്നെ,യവനാമൊരാൾതൻ പന്തികേടിനാൽ
ആ നാലു ദിക്പാലരെയും കാലാലയമണയ്ക്കുവൻ.'
എന്നുരച്ചിട്ടു ലങ്കേശൻ വെട്ടീ വാൾകൊണ്ടു ദൂതനെ;
തിന്മാൻകൊടുത്താനവനെദ്ദുഷ്ടരാം രാക്ഷസർക്കുടൻ. ൪൦
പിന്നെ സ്വസ്ത്യയനംചെയ്തു തേരിൽക്കയറി രാവണൻ
ധനേശ്വരാന്തികത്തേയ്ക്കു പോയാൻ മുപ്പാരു വെല്ലുവാൻ.

## പതിനാലാംസർഗ്ഗം:—രാവണയക്ഷയുദ്ധം

സദാ കെല്പാൽത്തിളയ്ക്കുന്നോരമാത്യരിരുമൂന്നുപേർ:
മഹോദരപ്രഹസ്തന്മാർ, മാരീചശുകസാരണർ,
സദാ പോർ തേടിടുംവീരൻ ധൂമ്രാക്ഷനിവർ ചുറ്റുമായ്
നടകൊണ്ടീടിനാൻ ശ്രീമാൻ കോപാൽപ്പാർകൾ ചുട്ടും
പുരങ്ങൾ, പുഴ ശൈലങ്ങൾ വനോപവനവൃന്ദവും (പടി.
കടന്നവൻമുഹൂർത്തത്താൽക്കൈലാസക്കുന്നിലെത്തിനാൻ.
പോരിന്നേറ്റമൊരുമ്പെട്ടു മന്ത്രിമാരൊത്തു ദുർമ്മതി
അരക്കർക്കോനക്കുന്നിന്മേൽ വന്നിരിപ്പതു കേൾക്കയാൽ,
യക്ഷരാ രാക്ഷസനുടെ നേരേ നില്പാനശക്തരായ്;
രാജഭ്രാതാവെന്നറിഞ്ഞു ചെന്നാർ വിത്തേശനുള്ളെടം. ൫
ചെന്നുണർത്തിച്ചിതവരാ ഭ്രാതാവിൻ ഭാവമൊക്കയും;
ധനദാനുജ്ഞയാൽപ്പോരിന്നണഞ്ഞു ഹർഷമോടവർ.
ഉടനാ രാക്ഷസേശന്റെ പട വൻകടൽ പോലവേ
വല്ലാതൊന്നിളകിത്തീർന്നു മല തുള്ളിച്ചിടുംപടി.
യക്ഷരാക്ഷസർ കൂടിച്ചേർന്നുളവായ് പടയൊന്നുടൻ;

Digitized By Kerala Sahitya Akademi

അതിലാ രാക്ഷസാമാത്യരഴൽപ്പെട്ടും ചമഞ്ഞുപോയ്.
ആമട്ടാം പടയെക്കണ്ടദ്ദശഗ്രീവൻ നിശാചരൻ
ഹർഷനാദം പെരുത്താർത്തു പാഞ്ഞേററാനരിശത്തൊടേ.
രാക്ഷസേന്ദ്രൻെറയാഘോരപരാക്രമരമാത്യരിൽ
ഓരോരുത്തൻ പൊരുതിനാനായിരം യക്ഷരോടതിൽ.
പിന്നീട്ടു,ലയ്ക്ക, ഗദ, വാൾ, വേൽ, തോമരമിതൊക്കയും
ഏററുകൊണ്ടു ദശഗ്രീവനസ്സൈന്യത്തിലിറങ്ങിനാൻ.
വീഴ്പ്പ്മട്ടുംവിധം പോരിൽ പ്രഹരിച്ചദ്ദശാസ്യനെ
മഴ പെയ്യും കാർകൾ പോലേ തട്ടത്താരസ്ത്രധാരയാൽ.
എന്നാൽ വേദനയാർന്നീലാ യക്ഷർതൻ ശസ്ത്രമേററവൻ,
മേഘങ്ങളേററം പേമാരിയേല്പിച്ച മല പോലവേ.
കാലൻെറ ദണ്ഡിനൊത്തോരു ഗദ പൂണ്ടദ്ദുരാശയൻ
യക്ഷരെക്കാലഗേഹത്തിലാക്കിക്കൊണ്ടേറി സേനയിൽ.
ചിന്നും ശുഷ്കേന്ധനം പോലെ, വായ്പെഴും കച്ചിൽ പോ (പെയ്യും
യക്ഷപ്പടയെരിച്ചു, കാററൊത്ത ചെന്തീയു പോലവൻ.
അതിങ്കലാ മഹാമാത്യർ മഹോദരശുകാദ്യരോ,
വാതങ്ങൾ കാർകളെപ്പോലേ മുക്കാലും തീർത്തു യക്ഷരെ.
തല്ലാൽച്ചതഞ്ഞു പോർമന്നിൽ വീണുപോയീടിനാർ ചി
കട്ടത്ത പല്ലുളാൽച്ചുണ്ടുകടിച്ചാർ പോരിലീറയാൽ. (ലർ;
തളർന്നുതമ്മിൽത്തഴകി,പ്പോർനിലത്തായുധങ്ങൾപോയ്
ഇടിവാർന്നിടിനാർ യക്ഷർ, നീരാൽക്കരകൾ പോലവേ.
മന്നിൽപ്പൊരുതവേ കൊല്ലപ്പെട്ടു വിണ്ണിൽഗ്ഗമിപ്പവർ,
കാണും മഹർഷികളിവർക്കില്ലാതായ് വാനിടത്തിടം!
കെല്പേറുമാ യക്ഷവരർക്കടപേററതു കാണ്കയാൽ

Digitized By Kerala Sahitya Akademi

ധനാധീശൻ മഹാബാഹു ചൊല്ലിവിട്ടിതു യക്ഷരെ. ൨൦
അതുനേരത്തുതാൻ രാമ, ബലയാന സമൃദ്ധനായ്
അയയ്ക്കപ്പെട്ട യക്ഷൻ പോന്നെത്തി സംയോധകണ്ടകൻ.
വിഷ്ണുവെപ്പോലവൻ ചക്രമെയ്ക്ക മാരീചനാഹവേ
കുന്നിൽനിന്നൂഴിമേൽവീണു, ക്ഷീണപുണ്യഗ്രഹാഭനായ്.
ബോധം പൂണ്ടൊട്ടുനേരത്താൽ ക്ഷീണം തീർത്താ നിശാചരൻ
ആ യക്ഷനോടു പോരിട്ടാന;-വനും തോറ്റു മണ്ടിനാൻ.
പിന്നെ,പ്പൊൻ ചാർത്തി വൈഡൂര്യപ്പൊടി പാടേ വിരിച്ചതായ്
ദ്വാരേ മിന്നും തോരണാന്തം കേറിനാനതിരോളവും;
കേറുമപ്പോളുദ്ദശ്രീവനകുതഞ്ചരനെ മന്നവ,
വിലക്കിനാൻ ദ്വാരപാലൻ സൂര്യഭാനുസമാഹ്വയൻ; ൨൫
യക്ഷൻ വിലക്കിയെന്നാലും കേറിനാനാ നിശാചരൻ.
ആ നിർത്തപ്പെട്ട രക്ഷസ്സു രാമ, നില്ക്കാഞ്ഞ നേരമോ,
തോരണത്തെപ്പറിച്ചിട്ടാ യക്ഷനെയാഞ്ഞടിയ്ക്കയാൽ,
ധാതു തൂകും മലയ്ക്കൊപ്പം ചോര തൂകി ലസിയ്ക്കയായ്.
കുന്നിൻ കൊടുമുടിയ്ക്കൊത്ത തോരണംകൊണ്ടടിയ്ക്കിലും,
നാശം പിണഞ്ഞീലാ വീരനാ,ത്മഭൂവിൻ വരത്തിനാൽ.
പിന്നീടത്തോരണംകൊണ്ടേ യക്ഷനെത്തല്ലിനാനവൻ;
അപ്പോൾക്കാണാതെയായ്, ദേഹം ചെണ്ണീറായ്പ്പോയ യക്ഷനെ!
രക്ഷസ്സിൻ വിക്രമം കണ്ടു മണ്ടിപ്പോയാരശേഷരും;
പുഴയും ഗുഹയും ചെന്നു പൂക്കാർ പേടിച്ചരണ്ടവർ
ശസ്ത്രം വെടിഞ്ഞടങ്ങി ശ്രീ കെട്ടുപോയ മുഖത്തോടും.

Digitized By Kerala Sahitya Akademi

## പതിനഞ്ചാംസർഗ്ഗം:—പുഷ്പകഗ്രഹണം

യക്ഷേന്ദ്രന്മാരസംഖ്യംപേർ ഭയപ്പെട്ടതു കാൺകയാൽ
മാണിചാരമഹായക്ഷനോടു ചൊന്നാൻ ധനേശ്വരൻ:—
'കൊല്ക യക്ഷേന്ദ്ര,ദുർവൃത്തൻ പാപബുദ്ധി ദശാസ്യനെ;
പോരിടും വീരരാം യക്ഷന്മാർക്കൊരാലംബമാക നീ.'
എന്നു കേട്ടു മഹാബാഹു മാണിഭദ്രൻ സുദുർജ്ജയൻ,
നാലായിരംപേർ യക്ഷന്മാർ ചുഴന്നൊത്തടരാടിനാൻ:
തോമരം മുൾത്തടി ഗദ കുന്തം വേൽ മുസലങ്ങളാൽ
താഡിച്ചുകൊണ്ടാ യക്ഷന്മാരോടിയേററാരക്കരെ,
തുമുലപ്പോരടിച്ചാശു പരുന്തിൻപടി ചുററിയും
'ഹാഹോ, നല്ക, മനസ്സില്ലാ, തരികെ'ന്നേവമോതിയും.
ദേവഗന്ധർവരും വേദം ചൊല്ലീടുമൃഷിവൃന്ദവും
ആക്കൂടിച്ചേർന്ന പട കണ്ടേററവും വിസ്മയിച്ചുപോയ്.
പ്രഹസ്തനായിരംപേരെപ്പോരിൽക്കൊന്നിതു യക്ഷരെ;
കൊന്നു മഹോദരൻ മറെറാരായിരംപേരനിന്ദ്യരെ.
ഈററപൂണ്ടങ്ങു രാജാവേ, മാരീചൻ പോർ കൊതിപ്പവൻ
വീഴ്ത്തീ രണ്ടായിരംപേരെ,ക്കണ്ണിമയ്ക്കുമിടയ്ക്കകം.
യക്ഷർ തന്നൃജുവാം പോരെങ്ങെ?ങ്ങുവാൻ പുരുഷർഷഭ,
അരക്കരുടെ മായപ്പോരെ?തിനാലവർ മീതെയായ്.
ധൂമ്രാക്ഷൻ പെരുതാം പോരിലെതിർത്താ മാണിഭദ്രനെ
ചൊടിച്ചുലയ്ക്കയാൽ നെഞ്ചത്തടിച്ചാനി;-ളകീലവൻ.
മാണിഭദ്രനുമദ്ധൂമ്രാക്ഷാശരന്റെ ശിരസ്സിലായ്
ഗദ വീശിയടിച്ചാനൊ;-ന്നവൻ മോഹിച്ചുവീണുപോയ്.
ധൂമ്രാക്ഷനത്തല്ലിൽ നിണം വാർന്നു വീണതു കാൺകയാൽ,

Digitized By Kerala Sahitya Akademi

മാണിഭദ്രനെ യുദ്ധത്തിൽപ്പാഞ്ഞേററിത്തു ദശാനനൻ.
ആ മാണിഭദ്രൻ, ക്രോധിച്ചു പാഞ്ഞേതല്ക്കുന്ന ദശാസ്യനെ
മൂന്നുവേലുകളെക്കൊണ്ടു കുത്തിനാൻ യക്ഷപുംഗവൻ.
കുത്തേററു മാണിഭദ്രൻെറ മുടിയ്ക്കായ്ത്തല്ലിനാൻ രണേ;
അത്തല്ലേററിട്ടവനുടെ മുടിയൊന്നു ചെരിഞ്ഞുപോയ്.
ദശാസ്യനോ, കലുങ്ങീലപ്പടയാളി തട്ടത്തതിൽ;
അതുനാൾമുതലീ യക്ഷൻ പാൎശ്വമൌലി സമാഖ്യനായ്. ()
മഹാത്മാവാകുമാ മാണിഭദ്രൻ പിന്മാറിയപ്പൊഴോ,
വമ്പിച്ചൊരൊച്ചയക്കുന്നത്തുളവായ്വന്നു മന്നവ.

ഉടൻ ദൂരത്തു കാണായീ ഗദയേന്തും ധനേശ്വരൻ,
ശുക്രപ്രോഷ്ഠപദോപേതൻ, ശംഖപദ്മസമാവൃതൻ.
ശാപാൽക്കുരുത്തംകെട്ടോനാം ഭ്രാതാവെ യുധി കണ്ടവൻ
ചൊല്ലീ പൈതാമഹകുലത്തിന്നു തക്കൊന്നു ബുദ്ധിമാൻ:—
'ഞാൻ തടുത്തിട്ടമറിയുന്നില്ലല്ലോ നീ സുദുൎമ്മതേ;
മേലാലിതിൻഫലം നേടി നരകം പുക്കറിഞ്ഞിടും!
വെളിവില്ലാഞ്ഞു നഞ്ഞുണ്ടിട്ട,റിയാത്തൊരു ദുൎമ്മതി
അവസാനത്തിലറിയു,മച്ചെയ്യപ്പെട്ടതിൻ ഫലം!
ദേവന്മാർ നിന്നിൽ നന്ദിപ്പീലൊരു ധൎമ്മത്തിനാലുമേ;
അതിനാലീ നിലയ്ക്കാക്കപ്പെട്ട നീയറിയാതെയായ്!
അപമാനിപ്പതെവനോ പിതൃമാതൃഗുരുക്കളെ,
അതിൻഫലമവൻ കാണും, കാലനാടിപെട്ടംവിധൌ!
അസ്ഥിരം ദേഹമെന്നോൎത്തു തപം നേടാതിരിയ്ക്കുകിൽ,
ചത്തു തൻഗതിയാണ്ടിട്ടാ മൂഢൻ പശ്ചാത്തപിച്ചിടും.
ധൎമ്മാൽധനം സുഖം രാജ്യ;—മധൎമ്മാലഴൽമാത്രമാം;

Digitized By Kerala Sahitya Akademi

അതിനാൽസ്സുഖദം ധൎമ്മം ചെയ്ക, പാപമകറ്റുക.
പാപത്തിന്റെ ഫലം ദുഃഖം, താനിതു ഭുജിയ്ക്കണം;
അതിനാൽ സ്വവിനാശത്തിന്നജ്ഞൻ ചെയ്യുന്നു പാപമേ.
സ്വേച്ഛയാൽനന്മതോന്നീടാബുദ്ധികെട്ടവൎക്കമേ;
എന്തേതാം കൎമ്മമോ ചെയ്വതെന്തേതാം ഫലമേ വരൂ. ൨൫
നന്മ തോന്നൽ, സുഖം, പുത്രർ, ശൌൎയ്യം, ധൈൎയ്യമി
(തൊക്കയും
സൽക്കൎമ്മത്താൽജ്ജയിച്ചല്ലോ നേടുന്നു പാരിൽമാനുഷർ.
ഈ നീയോ നരകം പൂകും, ബുദ്ധിയിങ്ങിനെയാകയാൽ;
സംസാരിയ്ക്കില്ല ഞാൻ നിന്നോടി,തത്രേ ശിഷ്ടർതൻമുറ!'
എന്നുരച്ചിട്ടവൻ തച്ചു തല്ലാൽപ്പിൻവാങ്ങിടായാടിനാർ,
അവന്റെ സചിവന്മാരാം മാരീചാദികളേവരും.

പിമ്പാ,പ്പെരിയ യക്ഷേന്ദ്രൻ ഗദയാൽദ്ദശകണ്ഠനെ
തലയ്ക്കായ്ത്തല്ലിനാനെ;-നാൽ നില വിട്ടിളകീലവൻ.
പിന്നീടു രാമ, വമ്പോരിൽത്തമ്മിൽപ്പൊരുതിനാരവർ;
മയങ്ങീലാ തളൎന്നീലാ രണ്ടാളും യക്ഷരാക്ഷസർ. ൩൦
ആഗ്നേയാസ്ത്രമവൻതൻനേൎക്കെയ്താനാധനനായകൻ;
വാരുണത്താൽത്തടുത്താനാ,യസ്ത്രത്തിനെയരക്കർകോൻ.
പിന്നെ, രാക്ഷസർതൻ മായയുൾപ്പൂക്കാ രാക്ഷസേശ്വരൻ
നൂറായിരം സ്വരൂപങ്ങളെടുത്താൻ നിധനത്തിനായ്:
നരി, പന്നി, കരിംകാറു, പൎവ്വതം, സാഗരം, മരം,
യക്ഷൻ, ദൈത്യനുമായിട്ടു കാണായ്വന്നു ദശാനനൻ.
ദേഹത്തെയും പ്രയോഗിച്ചാന;-വ കാണായിതി,ല്ലവൻ!
പിന്നെ, രാമ, മഹത്തായൊരസ്ത്രമേന്തിദ്ദശാനനൻ



Digitized By Kerala Sahitya Akademi

തലയ്ക്കടിച്ചു വമ്പിച്ച ഗദ വീശി ധനേശനെ.
ഈമട്ടവൻെറ തല്ലേററു മയങ്ങി, ച്ചോര വാൎന്നവൻ നട-
വേരറുത്തൊരശോകത്തെപ്പോലെ വീണു ധനേശ്വരൻ.
ഉടൻ പത്മാദിനിധികൾ ചുഴന്നധനനാഥനെ
നന്ദനപ്പൂവനേ കൊണ്ടുപോയാശ്വാസപ്പെടുത്തിനാർ.
അദ്ധനേശനെ വെന്നിട്ടൊരിപ്പമുൾക്കൊണ്ടരക്കർകോൻ
അവൻെറ പുഷ്പകം നേടീ വിമാനം ജയലക്ഷണം:
പൊന്തൂണുകൾ ചുഴന്നൊത്തു, വൈഡൂൎയ്യക്കൽക്കമാനമായ്,
മുത്തുജന്നൽ നിരന്നി, ഷ്ടമെല്ലാം കായ്ക്കും മരത്തൊടും,
മനോജവം, കാമഗമം, കാമരൂപം, വിഹംഗമം,
പൊന്മണിക്കോണിയൊത്തേ, ററം തങ്കപ്പൊന്തിണ്ണയുള്ള
ദേവവാഹനമക്ഷയ്യം, ദൃഷ്ടിഹൃൽസുഖദം സദാ, (തായ്,
പെരുത്താശ്ചൎയ്യമായ്, ഭക്തിചിത്രമായ്, വിധി തീൎത്ത
(തായ്,
കാമങ്ങളെല്ലാമൊത്തേ, റെ മെച്ചപ്പെട്ട മനോജ്ഞമായ്
ചൂടും തണുപ്പുമില്ലാതെ സൎവ്വൎത്തുസുഖദം ശുഭം.
വീൎയ്യത്താൽ വെന്നതായുള്ളാക്കാമഗം കേറി മന്നവൻ
മുപ്പാരും വെന്നതായോൎത്താൻ ദൎപ്പവായ്പാൽദ്ദുരാശയൻ!
ശ്രീകുബേരനെ വെന്നിട്ടു കൈലാസം വിട്ടിറങ്ങിനാൻ.

സ്വതേജസാ ജയമതു നേടിയുത്തമം
പ്രതാപവാനമലകിരീടധാരവാൻ
വിളങ്ങിനാൻ പെരിയവിമാനമാണ്ടെഴും
ദശാനനൻ, സദസി ഹുതാശനാംവിധം.

Digitized By Kerala Sahitya Akademi

# പതിനാറാംസർഗ്ഗം: ചന്ദ്രഹാസഗ്രഹണം.

ഭ്രാതാവാകും ധനദനെ രാമ,വെന്നാ നിശാടർകോൻ,
സ്കന്ദൻ പിറന്ന പെരിയൊരമക്കാടത്തു പൂകിനാൻ.
വലുതാം പൊന്നമക്കാട്ടു കാണപ്പെട്ടു ദശാസ്യനാൽ,
രശ്മിജാലം ചുഴന്നൊത്തു രണ്ടാം സൂര്യൻ കണക്കിനേ!
ഒരു നൽക്കാട്ടുകളെഴും മലമേലേറിനാനവൻ;
അതിങ്കലപ്പോൾ സ്തംഭിച്ചതായ്ക്കണ്ടു രാമ, പുഷ്പകം.
'സ്തംഭിച്ചെന്തേ നടന്നീടാതാകുവാനിതു കാമഗം?'
എന്നോർത്താനാ,സ്സചിവരാൽച്ചുറ്റപ്പെട്ടനിശാടർകോൻ:
'യഥേഷ്ടം നടകൊള്ളായ്വാനെന്താണിയെന്റെ പുഷ്പകം?
ഇതു, കുന്നിന്നുമേൽ വാഴുമെവന്റെ പണിയായിടും?'
അപ്പോളുണർത്തിനാൻ രാമ, മാരീചൻ മതിമത്തരൻ:—
'ഇപ്പുഷ്പകം നടക്കായ്വാനുണ്ടാം മന്നവ, കാരണം:
ഇപ്പുഷ്പകം ധനേശന്നേ കേറാവൂ എന്നതും വരാം;
അതുകൊണ്ടു ധനാധീശനില്ലാഞ്ഞിട്ടിളകാതെയായ്.'
എന്നവൻ ചൊല്ലുമിടയിൽ,ക്കരാളൻ കൃഷ്ണപിങ്ഗളൻ
കുറിയോൻ വികടൻ മുണ്ഡി നന്ദി വക്രഭുജൻ ബലി
അരികേ വന്നണഞ്ഞിട്ടു ചൊന്നാൻ ശങ്കരകിങ്കരൻ
രാക്ഷസേന്ദ്രനൊടീവണ്ണം നന്ദീശചരനശങ്കമേ:—
'തിരിച്ചുപോ ദശഗ്രീവ: കളിപ്പൂ ഗിരിമേൽശ്ശിവൻ;
സുപർണ്ണനാഗഗന്ധർവ്വ ദേവയക്ഷരക്ഷരും,
ഭൂതങ്ങളാരുമേ ശൈലം കേറൊല്ലെന്നാണു നിശ്ചയം.'
നന്ദിവാക്കീവിധം കേട്ടു കോപാൽക്കുണ്ഡലമാടിയും

Digitized By Kerala Sahitya Akademi

ചൊടിയാൽക്കൺചുകപ്പാർന്നും പുഷ്പകം വിട്ടിറങ്ങിനാൻ,
'ആരാണീശ്ശിവ'നെന്നോതിശ്ശൈലമൂലത്തിലെത്തിനാൻ.
കണ്ടാനങ്ങു,ജ്ജ്വലം ശൂലമൂന്നിദ്ദേവന്റെ ചാരവേ
നില്ക്കുന്ന നന്ദിയെയവൻ, രണ്ടാംശിവനെയാംവിധം!
ആ വാനരാസ്യനെക്കണ്ടു പുച്ഛിച്ചപ്പിശിതാശനൻ
പൊട്ടിച്ചിരിച്ചാനങ്ങേററം, നീരണിക്കാറു പോലവേ.
ശിവന്റെ മറെറാരുടലാം ഭഗവാൻ നന്ദി രുഷ്ടനായ്
ചൊന്നാനങ്ങരികേ നിന്ന ദശാസ്യാശരനോടുടൻ:— ൧൫
'വാനരാകൃതിയാമെന്നെപ്പുച്ഛിച്ചു ദശകന്ധര,
പൊട്ടിച്ചിരിച്ചുവല്ലോ നീ,യിടിത്തീവീഴൽപോലവേ,
അതിനാലെന്റെ വീര്യം ചേർന്നൊന്നെപ്പോലൊത്ത മഹസ്സോ
പിറക്കും വാനരർ, കുലത്തോടേ നിന്നെ മുടിയ്ക്കുവാൻ: (ട്ടം
മനസ്സിൻവേഗമിയലും ക്രൂരർ ദംഷ്ട്രാനഖായുധർ
നടക്കുംമലകൾക്കൊത്തോർ യുദ്ധോന്മത്തർബലോദ്ധതർ;
അവർ നിന്റെ പെരുംഗർവ്വും പലമട്ടാം ഞെളിച്ചിലും
തീക്ഷ്ണ,മൊത്തൊരുമിച്ചിട്ടു പുത്രാമാത്യരുടേയുമേ!
എനിക്കു കഴിവുണ്ടിപ്പോൾ നിന്നെക്കൊല്ലാൻ നിശാചര;
കൊല്ലേണ്ടാ;നീകൊലപ്പെട്ടു തങ്കർമ്മംകൊണ്ടുമുന്നമേ!' ൨൦
എന്നാ മാഹാത്മ്യമിയലും ദേവൻ ചൊല്ലിയനേരമേ
ദേവഭേരികൾ ശബ്ദിച്ചു; വീണു പൂമഴയംബരാൽ.
നന്ദിതന്നുടെയാ വാക്കു മതിയ്ക്കാതെ മഹാബലൻ
പർവ്വതത്തിന്നരികിലായ്ച്ചെന്നു ചൊന്നാൻ ദശാനനൻ:—
'പോകുമെൻപുഷ്പകത്തിന്റെ പോക്കുതീരെത്തടുക്കയാൽ,
പറിച്ചുകളയുന്നുണ്ടു ഞാനീ നിൻകുന്നു ഗോപതേ!
എന്തന്തസ്സാൽഭവൻ നിത്യം രമിപ്പൂ രാജരീതിയിൽ?

Digitized By Kerala Sahitya Akademi

അറിയേണ്ടും ഭയസ്ഥാനമറിയുന്നീലടുത്തതായ്!’
എന്നോതി രാമ,മലതന്നടിയിൽക്കൈകളിട്ടവൻ ൨൭
കുലുക്കിനാനത്ര ബലവാ;-നിളക്കം പൂണ്ടിതഗ്ഗിരി.
കുന്നിളക്കകയാൽദ്ദേവപാർഷദന്മാർ വിറച്ചുപോയ്;
വിറച്ചു കുന്നിൻമകളും കെട്ടിപ്പുല്കീ മഹേശനെ.
തദാ രാമ, മഹാദേവൻ ദേവപ്രവരനാം ഹരൻ
കാൽവൻവിരലിനാലക്കുന്നൊന്നമർത്താൻ സലീലമായ്.
അമർന്നിതങ്ങവനദ്രിയ്ക്കടിയിൽപ്പെട്ട കയ്യുകൾ;
അന്നേരം വിസ്മയപ്പെട്ടിതാ രക്ഷസ്സിൻെറ മന്ത്രിമാർ.
ആ രക്ഷസ്സരിശത്താലും കൈയമർന്നതിനാലുമേ
പെട്ടെന്നാരാവമൊന്നിട്ടാൻ, മൂപ്പാരുമുലയുംവിധം;
കല്പകാലത്തെയിടിയെന്നത്രേ സചിവരോർത്തുപോയ്! ()
വിറകൊണ്ടൂ വഴികളിൽ നില്ക്കുമിന്ദ്രാദിദേവകൾ;
കലങ്ങിപ്പോയ് കടലുകൾ; കുലുങ്ങീ പർവതങ്ങളും;
യക്ഷവിദ്യാധരന്മാരുമെന്തിതെന്നായി സിദ്ധരും!
മുറയിട്ടീടുമവനോടമാത്യരരിയാടിനാർ:—
‘തോഷിപ്പിയ്ക്കു, മഹാദേവൻ നീലകണ്ഠനുമേശനെ:
അവനല്ലാതെ ശരണമില്ലിങ്ങു ദശകന്ധര!
ശരണംപ്പുക്കവനെത്തന്നെ വാഴ്ത്തിവണങ്ങി നീ;
ശിവൻദയാലുതോഷിച്ചുനിൻപേരിൽത്തെളിവാർന്നിടും.’
എന്നങ്ങമാത്യർചൊന്നപ്പോൾ വാഴ്ത്തിക്കൊണ്ടാൻവൃഷാങ്കനെ
നാനാസാമസ്തുതികളാൽക്കൈവണങ്ങിദ്ദശാനനൻ. (വെ,
ആയിരത്താണ്ടരക്കന്നു കേണുകൊണ്ടേ കഴിഞ്ഞുപോയ്;
പിന്നെ പ്രീതൻ മഹാദേവൻ കുന്നിന്മേലരുളും പ്രഭു ൩൦

Digitized By Kerala Sahitya Akademi

അവൻെറ കൈ വിടുത്തോതീ ദശാസ്യനൊടു രാഘവ:
'നന്ദിച്ചേൻനിൻെറവീര്യത്താൽശ്ശൌര്യത്താലും ദശാനന;
വൻഘോരാരാവമിട്ടല്ലോ കുന്നിന്നടിയിലാണ്ട നീ,
അതിൽപ്പേടിച്ചു മുപ്പാരും രാവമേററുമില്ലയോ,
അതിനാൽ,ത്തവ രാജാവേ, വരും രാവണനെന്ന പേർ.
വാനോർ മനുഷ്യർ യക്ഷന്മാർ പാരിലുള്ളവർ മററുമേ
ചൊല്ലും, ജഗദ്രാവണനാം നിന്നെ രാവണനെന്നുതാൻ.
പോയ്ക്കൊൾക പൌലസ്ത്യ, മടിയ്ക്കാതിഷ്ടിയ്ക്കുംവഴിയ്ക്കുനീ:
ഞാനിതാ, വിടയുംതന്നേൻ; പോവാം രാക്ഷസനായക!'
എന്നു താൻതാൻ ശിവൻചൊന്നനേരം ലങ്കേശനോതി
(നാൻ:—
'നന്ദിച്ചെങ്കിൽ മഹാദേവ, തരിക,ർത്ഥിച്ചിടും വരം:
കൊല്ലാവല്ലായ്ക ഞാൻ നേടീ ദേവഗന്ധർവ്വദൈത്യരാൽ
യക്ഷനാഗാശരന്മാരാൽ മററുജ്ജ[illegible]കളാലുമേ;
ദേവ, മർത്ത്യരെയെണ്ണുന്നീല,വർ നിസ്സാരരാണു മേ;
ബ്രഹ്മാവോടു ചിരായുസ്സും വാങ്ങിനേൻ മുപ്പുരാന്തക;
വേണ്ടുന്ന ബാക്കിയായുസ്സും ശസ്ത്രവും മമ നല്ക നീ.'
ആ രാവണനിതിൻവണ്ണം ചൊന്നനേരത്തു ശങ്കരൻ
ചന്ദ്രഹാസാഖ്യമായ് മിന്നും പെരുംവാളൊന്നു നല്കിനാൻ.
പിന്നെക്കൊടുത്താനായുസ്സിൻശേഷവും ഭൂതനായകൻ; ()
കൊടുത്തിട്ടോതിനാൻ ശർവ്വനി,'തിനെദ്ധിക്കരിയ്ക്കൊലാ:
നീ ധിക്കരിയ്ക്കിലോ,കില്ലില്ലെങ്കൽത്താൻവന്നുചേർന്നിടും.'
ഏവം മഹേശനാൽത്തന്നേ പേരിടപ്പെട്ട രാവണൻ
മഹാദേവനെ വന്ദിച്ചു പുഷ്പകത്തിൽക്കരേറിനാൻ.

Digitized By Kerala Sahitya Akademi

പിന്നീടു രാമ, പാൎത്തട്ടിൽസ്സഞ്ചരിച്ചിതു രാവണൻ,
ഉദീൎണ്ണരാം ക്ഷത്രിയരെ ദ്രോഹിച്ചുംകൊണ്ടതാതിടം.
ശൂരരാം ക്ഷത്രിയർ ചിലർ തേജസ്വികൾ രണോദ്ധതർ
അവൻെറയാജ്ഞകേൾക്കാഞ്ഞു കൂട്ടത്തോടേനശിച്ചുപോ
ചിലരോ,ദുർജ്ജയൻരക്ഷസ്സെന്നറിഞ്ഞറിവേറുവോർ, (യ്.
'ഞങ്ങൾ തോറ്റെ'ന്നു, ബലഗൎവ്വുള്ളരക്കനൊടോതിനാർ.

---

## പതിനേഴാംസൎഗ്ഗം:—വേദവതീധൎഷണം

പിന്നെ മന്നവ, മന്നിങ്കൽ നടക്കുന്ന മഹാഭുജൻ
ഹിമവാൻെറ വനംകേറിസ്സഞ്ചരിച്ചിതു രാവണൻ.
കണ്ടെത്തിയങ്ങവൻ, മാന്തോൽജടപൂണ്ടൊരുകന്യയെ,
ആൎഷധൎമ്മോജ്ജ്വലിതയെ,ദ്ദേവതാപ്രതിരൂപയെ.
വ്രതം വാച്ചുഴകേറുന്നാക്കന്യയെക്കാൺകകാരണം
കാമമോഹങ്ങളുൾത്തിങ്ങിച്ചോദിച്ചാൻ ചിരിപൂണ്ടവൻ:—
'എന്തിച്ചെയ്യുതു ഭദ്രേ,നീ സ്വയൌവനവിരുദ്ധമായ്?
നിൻെറയീ വടിവിന്നൊത്തതല്ലല്ലോ ചൎയ്യയീവിധം!
കാമഭ്രാന്തു നരൎക്കേകും ത്വദ്രൂപം ഭീരു, നിസ്തുലം
തപോവിധിയ്ക്കുതകൊന്നല്ലി;—തു ചൊല്ലേണ്ടനിശ്ചയം.
എന്തിതാ,രുടെ നീ? ഭദ്രേ,ഭൎത്താവാരു വരാനനേ?
നിന്നെഭജിയ്ക്കുവോനല്ലോ മന്നിങ്കൽഭൂരിപുണ്യവാൻ!
ചോദിയ്ക്കുമെന്നോടെല്ലാംചൊല്ലു,ന്തിനാണുപരിശ്ര
(മം?'
ഈവിധംരാവണൻചൊന്നപ്പോളാ,പ്പേരാണ്ടകന്യയാൾ

Digitized By Kerala Sahitya Akademi

ശരിഷ്ഠാതിത്ഥ്യമവനു ചെയ്തരച്ചിതു താപസി:-
'കുശധ്വജനെന്നിഷ്ഠൂന്മൻ ബ്രഹ്മർഷിയമിതപ്രഭൻ
വ്യാഴത്തിൻെറമകൻ ശ്രീമാൻ ധീയാൽവ്യാഴത്തിനൊത്ത
വേദാഭ്യാസം സദാ ചെയ്യുമാമഹാത്മാവുതനുടെ (വൻ
കന്യ വാണ്ണയി ഞാൻ; വേദവതിയെന്നാണെ, നിഷ്ഠുപേർ·
ദേവഗന്ധർവ്വരും യക്ഷരാക്ഷസോരഗർക്കുടിയും ൨൦
അച്ഛങ്കൽവന്ന, പേക്ഷിച്ചുപോന്നിതെന്നെക്കൊടുക്കവാ
എന്നാലച്ഛനവക്കേകീലെന്നെ രാക്ഷസപുങ്ഗവ; (ൻ.
അതിൻകാരണവും ചൊല്ലാം; കേട്ടുകൊൾക നിശാചര:
എനച്ഛന്നു രുചിച്ചോരു ജാമാതാവു, സുരേശ്വരൻ
ത്രിലോകേശൻ വിഷ്ണുവത്രേ; മററാക്കും നല്കിയില്ല താൻ.
അവിടെയ്ക്കേകുവാൻ നോക്കുന്നതു കേട്ടു ബലോദ്ധതൻ
ദംഭുവെന്നുള്ളൊരസുരത്തമ്പുരാൻ ജാതരോഷനായ്;
കൊന്നാൻ രാവിലുറങ്ങുന്നെനച്ഛനെപ്പാപിയാമവൻ.
അതിൽദ്ദുഃഖാർത്തയെന്നമ്മയെനച്ഛനുടെയായുടൽ
കെട്ടിപ്പുല്കി, മഹാഭാഗ, ചെയ്താളഗ്നിപ്രവേശമേ. ൨൫
പിന്നീട, ച്ഛൻെറ ഹരിയെപ്പററിയുള്ള മനോരഥം
നിറവേററുവനെന്നു, ള്ളാലവനെത്താൻ വരിപ്പു ഞാൻ;
എന്നീ പ്രതിജ്ഞ ചെയ്തിട്ടു വന്തപം ചെയ്കയാണു ഞാൻ.
ഇതൊക്കയും കഥിച്ചേൻ ഞാൻ ഭവാനോടാശരർഷഭ:
കണവൻ വിഷ്ണു; പുരുഷോത്തമൻവിട്ടന്യനല്ല മേ;
വിഷ്ണുവെക്കിട്ടുവാനല്ലോ കൊൾവൂഘോരവ്രതത്തെഞാൻ.
അറിഞ്ഞേൻ നിന്നെരാജാവേ; പോക പൌലസ്ത്യനന്ദന:
തപസ്സാലറിയുന്നു ഞാൻ മൂപ്പാരിൽപ്പെട്ടതൊക്കയും.'

Digitized By Kerala Sahitya Akademi

രാവണൻ വ്രതവാസ്സുള്ളാക്കന്യയോടോതി പിന്നെയും,
വിമാനാഗ്രംവിട്ടിറങ്ങി,കന്ദർപ്പശരപീഡിതൻ:—
'നീ തള്ളലുള്ളോളി,വ്വർണ്ണമല്ലോ സുശ്രോണിനിന്മനം;
വൃദ്ധക്കേ കുട്ടിമാങ്കണ്ണി;ശോഭിപ്പൂ പുണ്യസംഗ്രഹം.
നീ,സർവ്വഗുണസമ്പത്തിചേർന്നോൾ ത്രൈലോക്യസുന്ദരി
ചൊല്ലാസ്സിതിൻവിധംഭീരു:പോകുന്നുനിൻറയൌവ
ഞാനോലങ്ക്വേശ്വരൻ ഭദ്രേ, ദശഗ്രീവസമാഹ്വയൻ; (നം!'
എൻഭാര്യയാക; ഭോഗങ്ങൾ ഭുജിയ്ക്കുക സുഖേന നീ.
ആരാണു, കേവലം വിഷ്ണുവെന്നു നീയുരചെയ്യുവൻ?
വീര്യത്താലും തപസ്സാലും ഭോഗത്താൽക്കെല്ലിനാലുമേ
എൻതുല്യനല്ല ഭദ്രേ,നീ കാമിയ്ക്കുമവനങ്ങനേ!'
എന്നവൻ ചൊന്നസമയത്താവേദവതികന്യയാൾ വദ
ചൊന്നാളീ,'മട്ടരുതരുതെ'ന്നാരക്ഷസ്സുതന്നൊടായ്:—
'മുപ്പാരിന്നീശനായ് ലോകമെല്ലാം കുമ്പിട്ട വിഷ്ണുവെ
നീയൊഴിഞ്ഞാരു നിന്ദിയ്ക്കും ബുദ്ധിമാനാശരേശ്വര?''
ആ വേദവതിയീവണ്ണം ചൊന്നനേരത്തു രാക്ഷസൻ
കൈകൊണ്ടു കുന്തലിന്മേലായ്പ്പിടിച്ചാൻ പെങ്കിടാവി
(നെ
ആ വേദവതിയോ, ക്രോധിച്ചറുത്തു കുന്തൽ കയ്യിനാൽ:
അവൾതൻകയ്യുവാളായ്ത്തീർന്നറുത്തു ചികുരത്തിനെ!
രോഷാൽ ജ്വലിച്ചാ,ശരനെച്ചുട്ടെരിപ്പോൾ കണക്കവൾ
മരിയ്ക്കുവാൻവെമ്പലൊടുംചെന്തീകത്തിച്ചുചൊല്ലി
(നാൾ:—
'നീ നീച,തീണ്ടിട്ടകയാൽജ്ജീവിപ്പാനിച്ഛയില്ലമേ; നം
അതിനാൽച്ചാടിടുന്നേൻഞാൻ തീയ്യിൽ,നീകാൺകെരാ
(ക്ഷസ!

9 *

Digitized By Kerala Sahitya Akademi

തീണ്ടിയല്ലോ വനത്തിങ്കൽവെച്ചെന്നെപ്പാപബുദ്ധിനീ;
അതിനാൽ,നിൻവധത്തിന്നായ്വീണ്ടുമേഞാൻപിറന്നി
(ടും.
പെണ്ണിന്നുകൊല്ലവയ്യല്ലോ പാപാത്മാവാമൊരാണിനെ;
നിന്നെശ്ശപിച്ചുകൊണ്ടാലെൻതപസ്സിന്നിടിവും വരും.
കമ്മം ദാനം ഹുതമെനിയ്ക്കുണ്ടു വല്ലതുമെങ്കിലോ,
ഞാനയോനിജയായ്സ്സാധ്വിപിറക്കും ധൎമ്മിപുത്രിയായ്.'
എന്നുരച്ചിട്ടകത്തുന്നചെന്തീയ്യിൽച്ചാടിനാളവൾ;
പൊഴിഞ്ഞൂ വാനിൽനിന്നെ,ങ്ങും ദിവ്യമാംപുഷ്പവൎഷവും.
[വീണ്ടുംപിറന്നുതണ്ടാരിൽത്തണ്ടാരിന്നെതിർകാന്തി
(യാൾ;
പില്പാട്ട വീണ്ടും കണ്ടെത്തിമുന്നേപ്പോലാ നിശാചരൻ.
കന്യയെക്കൊണ്ടുതൻഗേഹംപുക്കാൻപത്മോദരാഭയെ;
അവളെക്കൊണ്ടുചെന്നിട്ടുമന്ത്രിയെക്കാട്ടിരാവണൻ
കണ്ടിട്ടുലക്ഷണാഭിജ്ഞനാരാവണനൊടോതിനാൻ:-
'ഇസ്സുശ്രോണിഗൃഹേവാണാൽ നിൻകൊലയ്ക്കായ്ച്ചമ
(ഞ്ഞിടും.'
ഇതു കേട്ടവളെപ്പോക്കീരാവണൻ രാമ, സിന്ധുവിൽ;
അസ്സാധ്വിയോ,കരയ്ക്കേറിയജ്ഞക്ഷേത്രനടുക്കിലായ്
വീണ്ടുംപിറന്നു,രാജാവിൻകരികൊണ്ടുഴതീടവേ.]
അവളിജ്ജനകക്ഷ്മാപമകളായുളവായ് പ്രഭോ, ൩൫
നിൻഭാൎയ്യയായ്മഹാബാഹോ;നിത്യനാംവിഷ്ണുതന്നെ നീ.
ക്രോധത്താൽമുന്നമേകൊന്നമലപോലുള്ളവൈരിയെ,
നിന്നമാനുഷമാം വീൎയ്യം നേടിക്കൊന്നീടിനാളിവൾ!
ഏവം മഹാഭാഗയിവൾ വീണ്ടുമുണ്ടാം മനുഷ്യരിൽ,

Digitized By Kerala Sahitya Akademi

കരികൊണ്ടുഴതേടത്തു, വേദിമേലഗ്നി പോലവേ.
മുന്നംകൃതയുഗേവേദവതിയായ്ജ്ജാതയാമിവൾ,
ത്രേതായുഗം വന്നളവാരക്ഷസ്സിനെവധിപ്പവാൻ
പിറന്നു പെരുമപ്പെട്ട വിദേഹപ്രഭുവിൻ കുലേ;
സീതോൽപത്തിവശാൽമർത്ത്യർ സീതയെന്നരചെയ്തു
(യാം.

## പതിനെട്ടാംസർഗ്ഗം: രാവണമരുത്തസമാഗമം.

ആവേദവതിചെന്തീയ്യിൽപ്പൂക്കതിൽപ്പിന്നെ രാവണൻ
പുഷ്പകത്തിങ്കലേ കേറിഭ്രമിച്ചുറ്റിനടക്കയായ്.
അന്നുവാനോരുമായ്സ്സത്രംചെയ്യുംനൃപമരുത്തനെ,
ഉശീരബീജത്തിലണഞ്ഞിട്ടു കണ്ടെത്തി രാവണൻ:
സംവർത്തനെന്നാബ്രഹ്മർഷി സാക്ഷാൽ ഗീഷ്പതിസോദരൻ
യജിപ്പിയ്ക്കുന്നു ധർമ്മജ്ഞൻവാനോരെല്ലാം ചുഴന്നവൻ.
വരാൽദുർജ്ജയനാം നക്തഞ്ചരനെക്കണ്ടു ദേവകൾ
തിര്യഗ്യോനികളായ്നിന്നാർ തദാക്രമഭയത്തിനാൽ:
മഹേന്ദ്രൻ മയിലായ്ത്തീർന്നു; ധർമ്മരാജാവു കാക്കയായ്;
ധനാധീശൻ ഓന്തായി; വരുണൻഹംസരൂപനായ്. ൫
മററു വാനോരുമീമട്ടിലായപ്പോതരിസൂദന,
രാവണൻ ശാലയുൾപ്പൂക്കാൻ,ക്രുദ്ധൻ ശ്വാവുപോലവേ.
ആമന്നവങ്കൽച്ചെന്നിട്ടു രാവണൻരാക്ഷസാധിപൻ
ചൊന്നാൻ,'യുദ്ധംതരികനീ;ഃതാറെറന്നോപറകെ'ന്നു
(ടൻ.

Digitized By Kerala Sahitya Akademi

നീയാരെന്നാനവനൊടമഹീപാലൻ മരുത്തനും;
അതിൽപ്പുച്ഛച്ചിരി ചിരിച്ചുരചെയ്തിതു രാവണൻ:-
'അകത്തുഘലനാട്യത്താൽ നന്ദിച്ചേൻനിന്നിൽമന്നവ;
അറിവീലല്ലിവിത്തേശന്തമ്പി രാവണനെന്നെ നീ!
മററാരുള്ളു ത്രിലോകത്തിലെ,ൻകരുത്തറിയാത്തവൻ?
ഭ്രാതാവിനെജ്ജയിച്ചിട്ടീവിമാനംവാങ്ങിയോനിവൻ!' ഫം
ആ മരുത്തൻനൃപതിയുമാരാവണനൊടോതിനാൻ:
'കേമൻതന്നേഭവാൻ:തോല്പിച്ചല്ലോ യുദ്ധത്തിലണ്ണനെ;
നിന്മട്ടിൽ ശ്ലാഘ്യനായിട്ടൊരാളില്ലുലകമൂന്നിലും!
[അധൎമ്മം ചെയ്തശ്ലാഘ്യമെന്നത്രേ ലോകനിശ്ചയം;
ദുഷ്കൎമ്മംചെയ്തുവാഴ്ത്തുന്നു,'വെന്നേൻജ്യേഷ്ഠനെ'യെന്നുനീ!]
മുന്നമെന്തോ വെറുംധൎമ്മം ചെയ്തത്രേ വാങ്ങി നീ വരം;
മുമ്പു കേട്ടിട്ടുമില്ലല്ലോ, നീ താൻതാൻ ചൊന്ന ചെയ്തി
(ഞാൻ!
നില്ക്കി,നിജ്ജീവനൊടേ നീ മടങ്ങീടില്ല ദുൎമ്മതേ:
നിന്നെക്കൂരമ്പുകൊണ്ടിന്നു കാലാലയമണെച്ചുവൻ!'
പിന്നെ വില്ലും കണകളുമെടുത്തു നരനായകൻ
പടയ്ക്കിറങ്ങിനാൻ ക്രോധാൽ,സ്സംവൎത്തൻതാൻ വിലക്കി
(നാൻ.
സസ്നേഹമാ മുനിശ്രേഷ്ഠനാ മരുത്തനൊടോതിനാൻ:-ഫ൭
'എൻവാക്കു കേൾക്കമെന്നാകിൽ,പ്പോരടങ്ങുചിത
(പ്പെടാ:
ഇജ്ജ്യൈവയലത്തെ മുഴമിയ്ക്കാഞ്ഞാൽക്കുലമെരിഞ്ഞുപോം;
ദീക്ഷിതന്നെങ്ങുവാൻ യുദ്ധം? ദീക്ഷിതന്നെങ്ങു കോപവും?
ജയം സദാപി സന്ദിഗ്ദ്ധ;-മരക്കനതിദുജ്ജയൻ.'

Digitized By Kerala Sahitya Akademi

ഗുരുവാക്കാലെ പിൻവാങ്ങിയാമരുത്തൻ മഹീശ്വരൻ
വില്ലമ്പു വെച്ചു മുന്മട്ടേ പൂണ്ടു സത്രം നടത്തിനാൻ.
അവൻതോററെന്നുവെച്ചങ്ങു ഘോഷംകൂട്ടീടിനാൻശുകൻ;
'വെല്ലു രാവണനെ'ന്നി,മ്പം പിടിച്ചാത്താനുറക്കവെ.
യാഗത്തിനങ്ങണഞ്ഞുള്ളാ മുനീന്ദ്രരെയശിച്ചവൻ
അവർതൻചോരവേണ്ടോളംമോന്തിപ്പാർചുററിവീണ്ടുമേ.
രാവണൻ പോയപോതിന്ദ്രൻ മുതലാംലോകപാലരും
വാനോരും തൻവടിവെടുത്തജ്ജന്തുക്കളൊടോതിനാർ:
ഹർഷിച്ചങ്ങോതിനാനിന്ദ്രൻപീലി നീലച്ച മൈലോടായ്:—
'നിങ്കൽത്തെളിഞ്ഞേൻ; ധർമ്മജ്ഞ, നിനക്കില്ലഹിയാൽ (ഭയം.
ഈയോരായിരമാം കണ്ണുമുണ്ടാം നിന്നുടെ പീലിമേൽ;
ഞാൻ വർഷിക്കെ പ്രമോദിക്കു,മെൻ പ്രസാദത്തിനാലെ
ഈമട്ടിന്ദ്രൻവരം നല്കീ മയിലിന്നു സുരേശ്വരൻ. (നീ!'
മയിൽപ്പീലിക്കു മത്ത്യേന്ദ്ര,നൈല്യമേ മുന്നമുള്ളുപോൽ;
സുരേന്ദ്രന്റെ വരം നേടി,പ്പോയാർമൈലുകളൊക്കയും.
പ്രാഗ്വംശേ കാകനോടോതീ ധർമ്മരാജാവു രാഘവ: വൽ
'പക്ഷീ,ഞാൻ നിങ്കൽ നന്ദിച്ചേൻ കേൾക്ക നന്ദിക്കുമെൻ (മൊഴി:
ഞാനോരോ വ്യാധിയാൽ മററുജന്തുക്കളെ വലക്കുവോൻ;
നിനക്കതൊന്നുമുണ്ടാകില്ലെ,ൻപ്രസാദത്തിനാൽദൃഢം.
നിനക്കില്ലാ മൃതിഭയ,മെൻവരത്താൽ വിഹങ്ഗമേ;
മനുഷ്യർ നിന്നെക്കൊല്ലുന്നനാളോളം നീയിരുന്നിടും.
എന്നാട്ടിൽ മേവുമീ മർത്ത്യർ പശികൊണ്ടു വലഞ്ഞവർ,
നീയഷ്ടിചെയ്താൽബ്ബന്ധുക്കളൊത്തു സംതൃപ്തരായ്വരും!'

Digitized By Kerala Sahitya Akademi

ഗങ്ഗാംഭസ്സിൽക്കളിയ്ക്കുന്ന ഹംസത്തോടോതി പാശിയും:
'കേട്ടാലും പ്രീതിയുതമെൻവാക്ക പക്ഷികുലേശ്വര:
ചന്ദ്രബിംബത്തിന്നെതിരായ്സ്സൌമ്യസുന്ദരമാംനിറം
നിനക്കുണ്ടായ്വരും പാരം വെൺനുരയ്ക്കൊത്തകാന്തിയിൽ.
എന്നെയ്യുണർത്തിട്ടെപ്പോഴും ഭങ്ഗിയുള്ളവനായ്വരും;
അതുലപ്രീതിയും നേടു;-മിതെൻസംപ്രീതിലക്ഷണം!'
മുമ്പന്നങ്ങൾക്ക ഹേ രാമ, വെളുപ്പോടൊത്ത നൈല്യമാം:
ചിറകിൻതല നീലാഭം; മാറിളംപുല്ലുനേർനിറം.
പിന്നെ വൈശ്രവണൻ ചൊല്ലീ കുന്നത്തമരുമോന്തോ (ടായ്:-
'സ്വർണ്ണവർണ്ണം തരുന്നുണ്ടു നന്ദിയാലേ നിനക്ക ഞാൻ:
എന്നെന്നും നിന്നുടെ തല പൊന്നുള്ളൊന്നായ്ച്ചമഞ്ഞി
സ്വർണ്ണനേർനിറമിതെൻ,പ്രീതിതന്നടയാളമാം!' (ടും;
എന്നവർക്കു വരം നല്കിസ്സത്രോത്സവസമാപ്തിയിൽ മട
തിരിച്ചാരാനൃപനുമായ് സ്വഗേഹത്തെയ്ക്കു വിണ്ണവർ.

## പത്തൊമ്പതാംസർഗ്ഗം:—അനരണ്യശാപം.

മരുത്തനെജ്ജയിച്ചിട്ടു ചെന്നാനാ രാക്ഷസാധിപൻ
നരേന്ദ്രനഗരംതോറുമടർതേടിദ്ദശാനനൻ:
മഹേന്ദ്രവരുണക്കൊക്കും രാജേന്ദ്രരെയണഞ്ഞവൻ,
'യുദ്ധം തരികെനിയ്ക്കെ'ന്നായ്ക്കഥിച്ചാൻ കൌണപേ (ശ്വരൻ:—
'അല്ലെങ്കിൽ, ഞങ്ങൾ തോറ്റെന്നു ചൊല്ക്കി,താണെ (ന്നെറ നിശ്ചയം

Digitized By Kerala Sahitya Akademi

ഈമട്ടു ചെയ്യാതെ മറിച്ചായാൽ വിടുതി കിട്ടിടാ!'
അപ്പോളുൽഭീതർ വിദ്വാന്മാർ ധൎമ്മത്തിൽപ്പൊത്ത മന്നവർ
തമ്മിലൊത്തു വിചാരിച്ചു രാജാക്കന്മാർ മഹാബലർ
അരാതിതൻ വരബലം കണ്ടു, തോറ്റെന്നു ചൊല്ലിനാർ:
പുരുരവോനൃപൻ, ഗാധി, ദുഷ്ഷന്തൻ, സുരഥൻ, ഗയൻമു·
ഈ മനോരേഖരും താത, 'ഞങ്ങൾ തോറ്റെ'ന്നു ചൊ
(ല്ലിനാർ.

പിന്നീടയോദ്ധ്യയിൽക്കേറി രാവണൻരാക്ഷസാധിപൻ,
അമരാവതിയിന്ദ്രൻ പോലനരണ്യൻ ഭരിപ്പതിൽ,
പുരുഷവ്യാഘ്രനായ്ക്കെല്പിലിന്ദ്രനൊത്താ നരേന്ദ്രനെ
ചെന്നണഞ്ഞുരചെയ്താൻ, 'പോർതരികെ'ന്നായി രാവ
(ണൻ:—
'തോറ്റെന്നുചൊല്ലുകയോചെയ്യുകേ,വമാണെന്റെ ശാസ
അപ്പാപശീലന്റെമൊഴികേട്ടയോദ്ധ്യാധിനായകൻ(നം!'
അനരണ്യൻ കുപിതനായ് രാക്ഷസേന്ദ്രനൊടോതിനാൻ:—
'ദ്വന്ദ്വയുദ്ധം തരുന്നുണ്ടു രാക്ഷസേശ, നിനക്കുഞാൻ;
നില്ക്കൊരുങ്ങുക ചിക്കെന്നു; ഞാനുമങ്ങിനെയായിടാം.' ഫം
വിട്ടാനുടൻ വൻപടയെ, ക്കഥ മുൻകേട്ടിരുന്നവൻ;
പുറപ്പെട്ടു രാക്ഷസനെക്കൊല്ലാൻ ഭൂപന്റെയപ്പട:
പതിനായിരമാമാന നിയുതം തുരഗങ്ങളും
അനേകമായിരം തേരും കാലാളും നരസത്തമ;
ഊഴി മൂടിപ്പുറപ്പെട്ടു തേർകാലാളൊത്തു പോരിനായ്.
പിന്നെത്തുടങ്ങി വമ്പിച്ചു യുദ്ധം യുദ്ധവിശാരദ,
അനരണ്യനരേന്ദ്രാശരേന്ദ്രർതങ്ങളിലത്ഭുതം.
ആ രാവണപ്പടയൊടേററിട്ടു ഭൂപതിതൻ പട

Digitized By Kerala Sahitya Akademi

പാടേ മുടിഞ്ഞുപോയ് തിയ്യിലിട്ട ഹവ്യം കണക്കിനെ,
ഒട്ടേറെ നേരംപോർചെയ്തു,മുററവിക്രാന്തികാട്ടിയും; ഉജ്
ജ്വലിയ്ക്കുമവനോടേററു ചിക്കെന്നല്ലാവശേഷമായ്
ആകെയങ്ങുരുതിപ്പെട്ടു തിയ്യിൽപ്പാററകൾ പോലവേ.
ആ നരാധീശ്വരൻ കണ്ടാനാ വമ്പട നശിപ്പതായ്,
പെരുംകടലണഞ്ഞൊരു കാട്ടാറിൻനിര പോലവേ.
മഴവില്ലെതിർവില്ലൊച്ചപ്പെടുത്തിക്കൊണ്ടുടൻ സ്വയം
ആ രാവണനൊടങ്ങേററാനരിശംമൂത്ത മന്നവൻ.
അനരണ്യാർദ്ദിതന്മാരായ് മാരീചശുകസാരണർ
മണ്ടിനാർ മാനുകൾക്കൊപ്പം പ്രഹസ്താന്വിതർമന്ത്രിമാർ.
പിന്നീടെണ്ണൂറുബാണങ്ങൾനന്നായിട്ടെയ്തുവീഴ്ത്തിനാൻ വം
ആ രാക്ഷസേശന്റെ തലയ്ക്കി,ക്ഷ്വാകുകുലനന്ദനൻ.
അവന്നാ വീഴമസ്ത്രങ്ങൾ കേടേല്പിച്ചീലൊരേടവും,
മേഘങ്ങൾ തൂകും മഴകൾ കുന്നിന്മുടിയിലാംവിധം!
ഉടൻചൊടിച്ചു നൃപനെക്കൈത്തലംകൊണ്ടരക്കർകോൻ
തലയ്ക്കായ്ത്തല്ലിനാന;-പ്പോളവൻതേർവിട്ടുവീണുപോയ്;
മെയ് കുഴഞ്ഞു വിറക്കൊണ്ടാമന്നവൻമന്നിൽവീണുപോയ്,
ഇടിത്തിയ്യാൽ വെന്തു കാട്ടിൽ മരം വീഴ്ന്നതു പോലവേ.
ആയിക്ഷ്വാകുക്ഷ്മാപനോടു ചിരിച്ചോതീ നിശാചരൻ:–
'ഇപ്പോളെന്തുഫലം നേടീ, ഞാനായ്പ്പോരാടിയിട്ടു നീ?
മൂപ്പാരിലില്ല മേ ദ്വന്ദ്വയുദ്ധമേകാനൊരാൾ നൃപ; വ൭
കേട്ടിട്ടില്ലായിരിയ്ക്കാം,മെൻബലം ഭോഗപരൻ ഭവാൻ!'
എന്നവൻ ചൊല്ലവേ, പ്രാണൻ നേർത്ത രാജാവുമോതിനാൻ:–

Digitized By Kerala Sahitya Akademi

'ഇങ്ങെന്തു ചെയ്യാനെളുതാം? കാലം ദുൎല്ലംഘ്യമല്ലയോ?
തന്നെത്താൻ വാഴ്ത്തിടും നീയല്ലെന്നെ വെന്നതു രാക്ഷസ:
കാലംതാനെന്നെ മട്ടിച്ചു; ഹേതുമാത്രമെനിയ്ക്കു നീ.
എന്തു ചെയ്യാനെനിയ്ക്കിപ്പോളെളുതാ,മുയിർ പോകവേ?
പിൻവാങ്ങാതടർ ചെയ്യുമ്പോളല്ലോ ഹിംസിച്ചതെന്നെ നീ.
ഇക്ഷ്വാകുധൎഷണംമൂലംഞാനൊന്നോതുന്നു രാക്ഷസ: (നീ.
ദാനം,ഹോമം,തപമിവനന്നായ്ഞാൻചെയ്തിരിയ്ക്കുകിൽ,
ചെമ്മേകാത്തേൻപ്രജകളെയെങ്കിൽ നേരാവുകെന്മൊ
ഴിറക്കമേ മഹാത്മാക്കളാമിക്ഷ്വാകുക്കൾതൻ കുലേ, (ഴി;
രാമാഭിധൻ ദാശരഥി;-യവൻ നിന്നുയിർ കൊണ്ടുപോം.'
ഇടിയ്ക്കുനേരാം ശബ്ദത്തിൽത്താക്കി ദേവപ്പെരുംപറ;
അശ്ശാപം ചൊല്കവേ പുഷ്പവൎഷവും വീണിതംബരാൽ.
ആ രാജാവഥ രാജേന്ദ്ര, പൂക്കാൻ ത്രിദിവമാം പദം;
ആ നൃപൻ വിണ്ണണഞ്ഞപ്പോള,വിടം വിട്ടു രാക്ഷസൻ.

## ഇരുപതാംസൎഗ്ഗം:—രാവണനാരദസമാഗമം:

പിന്നെ മന്നിൽ നരന്മാരെ വിറപ്പിയ്ക്കുമരക്കർകോൻ
കണ്ടെത്തീ മുകിലിന്മേലായ് നാരദാഖ്യമുനീന്ദ്രനെ.
അദ്ദേഹത്തെപ്പണിഞ്ഞിട്ടു ദശഗ്രീവൻ നിശാചരൻ
കുശലപ്രശ്നവും ചെയ്തു ചോദിച്ചാൻ വന്നകാരണം.
കാറിന്മേൽ മരുവും ഭൂരിപ്രഭൻ ദേവൎഷി നാരദൻ
തേജസ്വി പുഷ്പകേ വാഴുമാ രാവണനൊടോതിനാൻ:—
'രാക്ഷസാധിപതേ, സൌമ്യ, നില്ക്കൂ നീ വിശ്രവസ്സുത;



Digitized By Kerala Sahitya Akademi

നന്ദിച്ചേൻ സൽകുലോദ്ഭൂത, വാഴ്ത്തുംനിൻവിക്രമങ്ങളാൽ.
വിഷ്ണുവിൻദൈത്യവധവും, ഗന്ധർവോരഗർ നിഗ്ഗമായ്
പൊരുതിത്തോല്പതുംമൂലമേറെസ്സന്തുഷ്ടനായിഞാൻ. ഒ
ന്നല്ലൊന്നു ചൊല്ലാം നീ കേട്ടിടേണ്ടതായ്, കേൾക്കമെ
(ങ്കിലോ:
കേട്ടിട്ടു മേൽവേണ്ടതു നീ ചെയ്യേണംരാക്ഷസോത്തമ.
എന്നാലെൻവചനം താത, കേൾക്കവാൻശ്രദ്ധവെയ്ക്കനീ:
കൊല്വതെന്തിന്നിതിനെ നീ, യവധ്യൻ വാനവക്കുമേ?
ഈ ലോകം താത, കൊല്ലപ്പെട്ടതല്ലോ മൃത്യുബാധയാൽ!
ദേവദാനവഗന്ധർവ്വദൈത്യരാക്ഷസയക്ഷരാൽ
അവധ്യൻ നീ നരന്മാരെ ക്ലേശിപ്പിപ്പതയുക്തമാം:
എന്നെന്നും നന്മ തോന്നാതെ വൻദുഃഖങ്ങൾ നിറഞ്ഞ
(തായ്
ജരാരോഗാവൃതവുമാം ലോകത്തെക്കൊല്ലുമേതൊരാൾ?
അതാതനിഷ്ടമേററിട്ടു വല്ലേടത്തുമനാരതം ഹം
മാഴ്കും മനുഷ്യലോകത്തിൽ ധീമ, ന്നാരടർ തേടിടും?
ക്ഷുത്തൃഡ്ജ്വരാദിയാൽ ദൈവംകൊന്നതായ്നാശമേല്പതായ്
വിഷാദശോകാകുലമാമുലകം നീ മുടിയ്ക്കൊലാ.
മർത്ത്യലോകം മഹാബാഹോ, കാങ്ക നീ രാക്ഷസേശ്വര,
മൂഢമേവം വിചിത്രാത്ഥമിതിൻഗതിയറിഞ്ഞിടാ:
ചിലേടം വാദ്യവും കൂത്തും കൂട്ടുന്നു മുത്തൊടാളുകൾ;
ചിലർ മാലാണ്ടു കേഴുന്നു കണ്ണീർ വാൎന്ന മുഖത്തൊടേ.
അച്ഛനമ്മസുതസ്നേഹാൽഭാര്യാബന്ധുപ്രസക്തിയാൽ
മയങ്ങി മങ്ങുമീലോകം, തൻകഷ്ടപ്പാടറിഞ്ഞിടാ!
ഈ മയങ്ങിയ ലോകത്തെ ക്ലേശിപ്പിപ്പതു പോരുമേ; ഹൃ

Digitized By Kerala Sahitya Akademi

വെന്നിരിക്കുന്നു നീ സൌമ്യ, മർത്ത്യലോകത്തെ നിർണ്ണയം.
തീർച്ചയായിവരെപ്പേരും പോകേണം യമമന്ദിരേ;
എന്നാൽപ്പൌലസ്ത്യ, യമനെക്കൊല്ലു പരപുരഞ്ജയ;
അയാളെ വെന്നാലെല്ലാമേ വെന്നതാ,മില്ല സംശയം.'
എന്നു കേട്ടാ,ത്മതേജസ്സാൽ ജ്വലിക്കും നാരദർഷിയെ
വണങ്ങിലങ്കപ്പെരുമാൾ ചിരിച്ചങ്ങുരിയാടിനാൻ:—
'മഹർഷേ, ദേവഗന്ധർവ്വവിഹാരസമരപ്രിയ,
പാതാളത്തെജ്ജയിപ്പാനായ്പ്പോകാൻഭാവിക്കയാണു ഞാൻ.
പിന്നെ മൂപ്പാരു വെന്നു,പ്പിൻനാഗരെക്കീഴടക്കി ഞാൻ
അമൃതിന്നായ്ക്കടയുവൻ രസാലയപയോധിയെ.' ൨൦
ദശാസ്യനോടരുളിനാൻ ഭഗവാൻ നാരദർഷിയും:—
'എന്നാൽ മറുവഴിക്കെങ്ങോട്ടാണു പോകുന്നതിന്നു നീ?
അതിദുർഗ്ഗമമീ മാർഗ്ഗം പ്രേതരാജപുരിക്കുതാൻ
ചെന്നീടുന്നു ദുരാധർഷ,മമിത്രകുലനാശന!'
ശരൽക്കാറെതിർവർണ്ണത്തിൽച്ചിരിച്ചദ്ദശകന്ധരൻ
ചൊന്നാൻ, വേണ്ടോളമായെന്നു; പിന്നീടൊന്നിതുമോതിനാൻ:—
'എന്നാലീവഴിയേ വിപ്ര, കാലനെക്കൊല്ലുതിന്നു ഞാൻ,
സൌരിയാമരചൻ വാഴും തെക്കേദ്ദിക്കിന്നുപോകുവൻ.
ക്രോധത്താൽശ്ശപഥംചെയ്തേൻ ഭഗവാനേ, രണാർത്ഥി ഞാൻ,
'നാലുദിക്പാലകരെയും വെല്ലുന്നേ'നേവമായ് പ്രഭോ;
അതിനാൽ പ്രേതരാജാവിൻപുരിക്കു നടകൊണ്ടു ഞാൻ
പ്രാണികൾക്കു വിപത്തേകുന്നോനു മൃത്യു പെടുത്തുവൻ!'

Digitized By Kerala Sahitya Akademi

എന്നാശ്ശംസിച്ചാമുനിയെക്കൈവണങ്ങിദ്ദശാനനൻ
പോയാൻ തെക്കേദ്ദിക്കിലേയ്ക്കു മന്ത്രിമാരൊത്തുഹൃഷ്ടനായ്.
നാരദൻ തെല്ലുസമയം ധ്യാനമാണ്ടമിതപ്രഭൻ
പുകവിട്ടഗ്നിപോലുള്ളോൻചിന്തചെയ്തുദ്വിജോത്തമൻ:-
'ആരായുരത്യയേ സേന്ദ്രചരാചരജഗത്ത്രയം
ധമ്മാൽമുടിയ്ക്കു,മക്കാലനെവ്വണ്ണം ജിതനായ്വരും?
രണ്ടാമഗ്നി കണക്കാരോ സ്വദത്തകൃതസാക്ഷിയാം,
ലോകമേതുമഹാത്മാവാൽച്ചേഷ്ടിപ്പൂ ലബ്ധസംജ്ഞമായ്,
ആരെപ്പേടിച്ചുരണ്ടെന്നുമോടുന്നൂ മൂന്നുലോകവും,
അവനിൽ സ്വയമെവ്വണ്ണം ചെല്ലുമീ രാക്ഷസേശ്വരൻ?
ആർ വിധാതാവു ധാതാവും, പുണ്യം പാപവുമാരവാൻ,
വെന്നിരിയ്ക്കുന്നു മൂപ്പാരാരെ,മ്മട്ടവനെ വെന്നിടും?
വേറിട്ടെന്തൊരൊരുക്കം ചെയ്യിട്ടി,തൊപ്പിച്ചുമാറിടും?
കൌതുകംപൂണ്ടാൽപ്പോകുന്നേൻ കാലഗേഹത്തിലേയ്ക്കു
(ഞാൻ,
ഇക്കാലരാക്ഷസരുടെ യുദ്ധം കാണ്മതിനായ് സ്വയം.'

ഇരുപത്തൊന്നാംസർഗ്ഗം:—

രാവണയമരുടെ യുദ്ധം.

ഏവം ചിന്തിച്ചു വിപ്രേന്ദ്രനതിവേഗേന പോയിനാൻ
കാലൻറെ മന്ദിരത്തെയ്ക്കാ വൎത്തമാനമുരയ്ക്കുവാൻ.
കണ്ടാനവിടെയദ്ദേഹ,മോരോരോ ദേഹിതകൃല്യം
അഗ്നിസാക്ഷികമായ്ത്തക്കതാചരിയ്ക്കുന്നദേവനെ.
അച്ചെന്ന നാരദമുനിശ്രേഷ്ഠനെക്കണ്ടു കാലനും

Digitized By Kerala Sahitya Akademi

നന്നായിരുത്തി,ധർമ്മത്താലർഘ്യവും നല്കിയോതിനാൻ:—
'സുഖംതാനല്ലി ദേവർഷേ? നശിപ്പീലല്ലി ധർമ്മവും?
എന്തുദ്ദേശിച്ചെഴുന്നള്ളി ദേവഗന്ധർവ്വസേവിത!'
അരുളിച്ചെയ്തിതന്നേരം ഭഗവാൻ നാരദർഷിയും:—
'കേട്ടുകൊൾക, പറഞ്ഞീടാം,മേപ്പാട്ടുംചെയ്തുകൊൾകനീ:
ഇതാ, ദശാസ്യൻ രക്ഷസ്സു തോല്പി പററാത്ത താങ്കളെ
പൊരുതിക്കീഴടക്കാനായ് വരുന്നുണ്ടു പിതൃപ്രഭോ.
ഇതുകാരണമത്രേ ഞാൻ വെമ്പി വന്നതു മന്നവ;
ദണ്ഡമായുധമുള്ളങ്ങയ്ക്കെന്തുപാനിഹ വന്നിടും?'
ഇതിന്നിടയ്ക്കു ദൂരത്താ,യുദിച്ച രവി പോലവേ
കാണായീ ദീപ്തി പൂണ്ടെത്തുമാ രക്ഷസ്സിൻ വിമാനവും.
അപ്പുഷ്പകത്തിൻപ്രഭയാലദ്ദിക്കെല്ലാം മഹാബലൻ
ഇരുട്ടില്ലാത്തതാക്കിത്തീർത്ത,രികത്തെത്തിനാനവൻ.
കണ്ടാനസ്സുമഹാബാഹു ദശഗ്രീവനതാതിടം
സൽകർമ്മവും ദുഷ്കൃതവും ഭുജിയ്ക്കും പ്രാണിപങ്ക്തിയെ.
കണ്ടാൻ യമന്റെയനുഗരേയും പോരാളിമാരെയും:
യമന്റെയാൾക്കാരുഗ്രന്മാർ ഘോരരൂപർ ഭയംകരർ;
കൊല്ലപ്പെടും ദേഹികളെ,ക്കുഴക്കപ്പെടുവോരെയും
കണ്ടാൻകടുംഞെരക്കംപൂണ്ടോരെ,ക്കേണാർക്കുവോരെയും,
പുഴക്കളും ദാരുണരാം നായ്ക്കളും തിന്നുവോരെയും.
ചെവിനോവുംവിധംപേടിച്ചേർക്കുംവാക്കുകൾചൊല്ലു
(വോർ,
ചോരനീരാം വൈതരണി പലപാടു കടക്കുവോർ,
പഴുത്ത മണലിൽപ്പേർത്തും വറുക്കപ്പെട്ടിടുന്നവർ,
അസിപത്രക്കാട്ടിലാക്കിക്കീറപ്പെടുമധാർമ്മികർ,

Digitized By Kerala Sahitya Akademi

രൌരവം ക്ഷാരനദിയും ക്ഷുരധാരകളെന്നിതിൽ
വിശപ്പുംദാഹവുംപ്പൂണ്ടുവെള്ളംചോദിച്ചിടുന്നവർ, ൧൯
ശവമായോർ,കൃശാത്മന്മാർ,വിവൎണ്ണർ,മുടിചിന്നിയോർ,
രൂക്ഷന്മാർ,ചേറഴക്കാണ്ടോരോ,ടീടുന്നവരി.ങ്ങിനെ
നൂറുമായിരവുംപേരെ വഴിയിൽക്കണ്ടു രാവണൻ.
ചിലർ,തൻസുകൃതംമൂലം ഗീതവാദ്യസ്വനങ്ങളാൽ
നൽഗ്ഗൃഹങ്ങളിൽ മോദിച്ചീടുന്നതും കണ്ടു രാവണൻ;
ഗോപ്രദന്മാർ ഗോരസവു,മന്നദായികളന്നവും
ഗൃഹദന്മാർ ഗൃഹവുമാം ക്രിയാഫലമശിപ്പതും.
പൊൻകല്പമുത്തണിഞ്ഞുള്ള മങ്കമാരോടുകൂടവേ
തൻതേജസ്സാൽ ജ്വലിക്കുന്ന മററു ധാൎമ്മികർതമ്മെയും
കണ്ടാനങ്ങു മഹാബാഹു രാവണൻ രാക്ഷസാധിപൻ. ൨൦
തൻദുഷ്കൃതാൽ വലക്കപ്പെട്ടീടുമായവരെബ്ബലാൽ
വിടുവിച്ചാനഥ ബലി വിക്രമംകൊണ്ടു രാവണൻ.
അദ്ദശഗ്രീവരക്ഷസ്സു വിടുവിച്ച ശരീരികൾ
ചെററുനേരംസുഖംകൊണ്ടാർപെട്ടെന്നനിനയാതെതാൻ!

പ്രേതങ്ങളെപ്പെരുംക്രൂരൻ രാക്ഷസൻ വിടുവിക്കവേ
പ്രേതപാലരതിക്രോധാൽപ്പാഞ്ഞെററു രാക്ഷസേന്ദ്രനെ.
ഉടൻ ഹലഹലാശബ്ദമുയൎന്നു ദിക്കിലൊക്കയും,
ധൎമ്മരാജൻെറ യോദ്ധാക്കൾ ശൂരന്മാർ പാഞ്ഞടുക്കവേ.
ഉലക്ക കുന്തം പരിഘം ശൂലം വേൽ തോമരങ്ങളും
ചൊരിഞ്ഞാർപുഷ്പകത്തിന്മേലശ്ശൂരർപെരുതായിരം;൨൧
അപ്പുഷ്പകത്തിലെത്തിണ്ണ, മേട, തോരണ, മാസനം
ഇവ ചിക്കെന്നുടച്ചിട്ടാർ കടന്നലുകൾപോലവർ.

Digitized By Kerala Sahitya Akademi

ദേവാധിഷ്ഠാനമായുള്ളാ വിമാനം പുഷ്പകം രണേ
ഉടച്ചിട്ടു,മതേമട്ടായ,ക്ഷയം ബ്രഹ്മതേജസാ!
എണ്ണിയാൽക്കഴിയാത്തുണ്ടാ, മഹാത്മാവിനു വമ്പട;
അനേകനൂറായിരമുണ്ടഗ്രയായികൾ ശൂരരും.
മല,വൃക്ഷങ്ങൾ, വളരെക്കന്തമിത്യാദികൊണ്ടുടൻ
അവന്റെ മന്ത്രികളവർ ബലംപോലിച്ചപോലെയും
പോരടിച്ചു മഹാവീരരാ,രാജാവു ദശാസ്യനും; ൩൦
ശസ്ത്രങ്ങളെല്ലാമേററിട്ടു ചോര പററിയ മെയ്യുമായ്
വമ്പിച്ച യുദ്ധം ചെയ്താരാ രാക്ഷസേശ്വരമന്ത്രിമാർ.
തമ്മിൽത്തുലോം മഹാഭാഗർ താഡിച്ചാരായുധങ്ങളാൽ
കൃതാന്തരാവണരുടെയമാത്യന്മാർ മഹാഭുജ.
ആ മന്ത്രിമാരെ വിട്ടിട്ടു യമയോധർ മഹാബലർ
ശൂലങ്ങൾ തൂകിപ്പാഞ്ഞേററാരദ്ദശാസ്യന്റെ നേക്കുതാൻ.
താഡനത്താൽ ഞെരിഞ്ഞിട്ടു മെയ്യിൽച്ചോരയൊലിയ്ക്കയാൽ,
പുഷ്പിതാശോകഭാസ്സായീ പുഷ്പകത്തിലരക്കർകോൻ.
അവൻ,ശൂലങ്ങൾ ഗദകൾ കുന്തം വേലമ്പുതോമരം
ഉലയ്ക്ക കൽ മരമിവ വിട്ടാനസ്ത്രബലാൽ ബലി. ൩൫
മരങ്ങൾ, കല്ലാ,യുധമെന്നിതെല്ലാമതിഘോരമായ്
യമസൈന്യങ്ങളിൽപ്പെയ്തതഥവീണിതു ഭൂമിയിൽ.
അവയെല്ലാം പിളത്തിട്ടായസ്ത്രവുംപോക്കിവിട്ടവർ
തച്ചാർ നൂറായിരം പേർകൾ ഘോരാശരനെയേകനെ;
ചുഴന്നവനെയെപ്പേരും, മലയെക്കാർകൾ പോലവേ,
സശൂലഭിന്ദിപാലത്താൽപ്പൊതുക്കീ വീപ്പിടാപ്പടി.
ചട്ട പോയ,രിശംകൊണ്ടു ചോര പാരമൊലിച്ചവൻ

Digitized By Kerala Sahitya Akademi

പുഷ്പകത്തെവെടിഞ്ഞിട്ടു നിന്നുകൊണ്ടാൻനിലത്തു താൻ.
പിന്നെവില്ലമ്പുകളെടുത്തേററാൻ പോരിൽച്ചൊടിച്ചവൻ
തെല്ലിടയ്ക്കുള്ളിലുണർവുംപൂണ്ടുനിന്നാൻ യമാഭനായ്. ൪൦.
പിന്നെപ്പാശുപതം ദിവ്യമസ്ത്രം വില്ലിൽത്തൊടുത്തവൻ
വലിച്ചാൻ'നില്ലുനില്ലെ'ന്നായവരോടോതിയച്ചില;
കാർമ്മുകം യുധി കാതോളം വലിച്ചിന്ദ്രാരിയാമവൻ
ചൊടിച്ചശ്ശരമാഞ്ഞെയ്താൻ, മുപ്പുരേ ശംഭു പോലവേ.
ആയമ്പിൻവടിവോ, ധൂമമില്ലാജ്ജ്വാല ചുഴന്നതായ്,
വേനലിൽക്കാടെരിയുമാററാളും തിയ്യിന്നു തുല്യമായ്.
പോരിൽ ക്രവ്യാദർ പിൻചെന്നാ ജ്വാലാമാലാഢ്യമാം
വൃക്ഷഗുല്മങ്ങളെച്ചാമ്പലാക്കിപ്പാഞ്ഞുനടക്കയായ്. (ശരം
അതിൻതേജസ്സിനാൽ വെന്താ യമൻെറ പടയാളികൾ,
കാട്ടുതീയേററവൃക്ഷങ്ങൾപോലെ,പ്പോരിങ്കൽ വീണുപോയ്.
പില്പാട,മാത്യരോടൊത്തു രാക്ഷസൻ ഭീമവിക്രമൻ
പാർത്തലത്തെക്കലുക്കംമട്ടാർത്തു ചീർത്ത രവത്തോടേ.

## ഇരുപത്തിരണ്ടാംസർഗ്ഗം:—യമവിജയം.

അവൻെറ വലുതാമാർപ്പു കേട്ടിട്ടാ പ്രഭുവാം യമൻ
മാററാൻെറ ജയമൂഹിച്ചാൻ, തൻസൈന്യത്തിൻ വിനാ-
(ശവും.
ഭടർതൻവധമൂഹിച്ചു ചൊടിയാൽക്കൺചുകന്നവൻ
സൂതനോടു തിടുക്കത്തിൽച്ചൊന്നാൻ:—'തേരിങ്ങു കൊണ്ടു-
(വാ.'

Digitized By Kerala Sahitya Akademi

സൂതൻ പെരിയ ദിവ്യത്തേർകൊണ്ടുവന്നങ്ങു നിർത്തി
അവല്പതേജസ്സവനുമപ്പള്ളിത്തേരിലേറിനാൻ. (നാൻ;
കയർ മുൾത്തടി കൈക്കൊണ്ടു നിന്നാൻ തന്മുന്നിൽ മൃത്യു
ഇവനല്ലോ മുടിക്കുന്നതെന്നെന്നും ത്രിജഗത്തിനെ. (വും:
കാലദണ്ഡും ശരീരം പൂണ്ടവന്നരികിൽ മേവിനാൻ,
തേജസ്സാലഗ്നിയെപ്പോലെ കത്തും ദിവ്യം യമായുധം. ഠ
കാലപാശങ്ങളുംതിങ്ങി നിന്നാരതിനു ചുററുമായ്;
മെയ്പൂണ്ടു നിന്നിതവ്വണ്ണം തൊട്ടാൽത്തീയ്യെഴാത്ത മുൾ
കലുങ്ങി മൂന്നുലകവും, വിറക്കൊണ്ടിതു ദേവകൾ. (ത്തടി.
യമനാക്കും ഭയം ചേർപ്പോനാമട്ടരിശമാണ്ടതിൽ.
ചോരവർണ്ണാശ്വവരരെത്തെളിച്ചുംകൊണ്ടു സൂതനും
പോനാൻ,ഘോരാരവൻരക്ഷോനാഥൻനില്ക്കുമിടത്തിനായ്.
പച്ചക്കുതിരകൾക്കൊക്കുമാ മനോജവവാജികൾ,
അസ്സംഗരംനടന്നേടത്തെത്തിച്ചു യമനെ ക്ഷണാൽ.
ആമട്ടായ് മൃത്യുവും ചേന്ന വികൃതത്തേരു കാണ്കയാൽ,
രാക്ഷസേന്ദ്രൻെറ സചിവർ ചിക്കെന്നോടിത്തുടങ്ങിനാർ;
കരുത്തിൻകുറവാൽപ്പേടിച്ചുരണ്ടു വെളിവററവർ,
'പോരിങ്ങുവയ്യാഞങ്ങൾക്കെ'ന്നോതിദ്ദിക്കുകൾപൂകിനാർ.
എന്നാൽ, ജഗദ്ഭീതികരമാമട്ടാം തേരു കാണ്കയാൽ
കലുങ്ങിലാ ദശഗ്രീവൻ, ഭയപ്പെട്ടതുമില്ലവൻ!

യമൻ രാവണനോടേററു തോമരംവേല്കൾ ചാട്ടിനാൻ;
പിളർത്താൻ രാവണനുടെ മർമ്മങ്ങളെയതിക്രുധാ.
രാവണൻ മുന്നിലയിലേ നിന്നമ്പിൻമഴ തൂകിനാൻ
അസ്സൂര്യപുത്രത്തേരിന്മേ,ലംബുദം മഴ പോലവേ.



Digitized By Kerala Sahitya Akademi

വൻവേലമ്പാൽപ്പെരുംമാറിൽ പ്രഹരിയ്ക്കപ്പെട്ടപ്പൊഴോ,
ആളായീലെതിർ ചെയ്യാനാ രാക്ഷസൻശല്യപീഡിതൻ.
നാനായുധങ്ങളാലേവം രിപുഘ്നൻ യമനേഴനാൾ
പോരാടിപ്പിന്തിരിപ്പിച്ചു വെളിവും പോക്കി വൈരിയെ.
അന്നു വല്ലാത്ത പോരത്രേ ചെയ്തു യമനിശാചരർ,
വിജയം തേടുവോർ വീരാ, പോരിൽപ്പിന്മാറിടാത്തവർ.
അതിനാൽദ്ദേവഗന്ധർവ്വർ സിദ്ധന്മാരൃഷിമുഖ്യരും
പിതാമഹനെ മുന്നിർത്തിയണഞ്ഞാരപ്പടക്കളം.
പ്രളയം വന്നതായിട്ടു തോന്നീ ലോകത്തിനൊക്കയും,
രാക്ഷസോത്തമനും പ്രേതനാഥനും പോരടിയ്ക്കവേ!
ഇന്ദ്രവജ്രാഭമാം വില്ലിട്ടൊലിക്കൊള്ളിച്ചരക്കർകോൻ
ആകാശത്തിടമില്ലാതെയാക്കംമട്ടമ്പുതൂകിനാൻ. ൨൦
നാലമ്പാൽമൃത്യുവിന്നേകീ പരിക്കേ,ഴാലെ സൂതനും
നൂറായിരത്താൽ യമനെയെയ്താൻ മർമ്മങ്ങളിൽ ദ്രുതം.
അതിൽച്ചൂണക്കൊണ്ടയമന്നുണ്ടായ്‌വക്ത്രത്തിൽനിന്നുടൻ
ജ്വാല കോലുന്ന കോപാഗ്നി, പുകയും നെടുവീർപ്പുമായ്.
ആശ്ചര്യമതു കണ്ടിട്ടു ദേവദാനവസന്നിധൌ
മൃത്യുകാലരതിക്രുദ്ധരിമ്പം തേടീടിനാർ തുലോം.
അരിശം പെരുകം മൃത്യു കൃതാന്തനൊടുണർത്തിനാൻ:–
'എന്നെപ്പോരിൽ വിട്ടു കൊല്ലുൻ പാപിയാമിയരക്കനെ.
ഇന്നീയരക്കനില്ലാതാ;–മിതല്ലോ പ്രകൃതിസ്ഥിതി:
ഹിരണ്യകശിപു ശ്രീമാനേ,വം നമുചി ശംബരൻ,
വിസന്ധി–ധൂമകേതുക്കളും വിരോചനസുതൻ ബലി, ൨൫
ശംഭു ദൈത്യമഹാരാജൻ, വൃത്രൻ ബാണനുമങ്ങിനെ,

Digitized By Kerala Sahitya Akademi

രാജർഷിമാർകൾ ശാസ്ത്രജ്ഞർ, ഗന്ധർവ്വരരഗോത്തമർ,
ഋഷി-പന്നഗ-ദൈത്യന്മാര,പ്സരസ്ത്രീകൾ, യക്ഷരും,
യുഗാന്തമാകുമൂഴത്തിലൂഴിയും. കൂററനാഴിയും
മുടിഞ്ഞുപോയ് മഹാരാജ, പുഴ കന്നും മരങ്ങളും;
ഇവരും മററുപലരും ബലവാന്മാർ ദുരാസദർ
എൻനോക്കാലവൃതിപ്പെട്ടു; പിന്നെയെന്തീ നിശാചരൻ?
വിട്ടകെന്നെസ്സധർമ്മജ്ഞ; കൊല്ലാമിവനെയിങ്ങു ഞാൻ:
എൻനോക്കേററാലുയിർക്കൊള്ളില്ലാരും പ്രബലനാകിലും.
ഇതെന്നുടെ ബലത്താലല്ലി;-തല്ലോ, പ്രകൃതിസ്ഥിതി;
എൻനോക്കേററാലവൻ സൌരേ,ജീവിയ്ക്കില്ലല്പനേരവും.'
ഇമ്മട്ടവൻെറ ചൊൽ കേട്ടു ധർമ്മരാജൻ പ്രതാപവാൻ
അങ്ങാമൃത്യുവിനോടോതി:'നില്ക്കൂ, ഞാൻകൊന്നുകൊള്ളു (വൻ.'
ചൊടിച്ചു കൺചുകപ്പോട്ടമുടൻ വൈവസ്വതൻ പ്രഭു
പാഴായ്പ്പോകാത്തതാം കാലദണ്ഡുകയ്യാൽച്ചുഴററിനാൻ:
ഉണ്ടല്ലോ, കാലപാശങ്ങളതിൻ നാലുവശത്തിലും;
മൂർത്തിമത്താം മുൾത്തടിയും നില്പുണ്ടഗ്ന്യശനിപ്രഭം;
ഇതൊന്നു കാണുകിൽത്തന്നേപ്രാണികൾക്കുയിർപോകു (മേ;
എന്തു, പിന്നെത്തൊട്ടുകയോകൊൾകയോചെയ്യപോവു (കിൽ?
ജ്വലിച്ചിത,ബ്ബലിഷ്ഠൻകൈവെയ്ക്കയാലാ മഹായുധം,
അരക്കനെയെരിയ്ക്കുംമട്ടു,രുജ്വാലോൽകരത്തൊടും.
ഉടനെപ്പോക്കുളും വിട്ടു പാഞ്ഞാർ പേടിച്ചു സർവ്വരും;
ദണ്ഡൊങ്ങും യമനെക്കണ്ടിട്ടിളകീ നിളെയുമ്പരും.

Digitized By Kerala Sahitya Akademi

യമൻ രാവണനെദ്ദണ്ഡാലടിപ്പാനായ്ത്തുടങ്ങവേ,
പിതാമഹൻവെളിപ്പെട്ടുനിന്നായമനൊടോതിനാൻ:—
'വൈവസ്വത, മഹാബാഹോ, പാടില്ല പുരുവിക്രമ:
പാടില്ലി,ദ്ദണ്ഡിനാൽക്കൊല്ലാനങ്ങയ്ക്കീയാതുധാനനെ:
വരംകൊടുത്തിട്ടുണ്ടല്ലോ ഞാനിവന്നമരർഷഭ;
ഞാനാപ്പറഞ്ഞവാക്യത്തെബ്ഭോഷ്കാക്കിത്തീർക്കൊലാ
(ഭവാൻ.
ദേവൻതാൻ, മാനുഷൻതാനെൻ, വാക്കു ഭോഷ്കാക്കുമെങ്കി
(ലോ,
അവൻ മൂന്നുലകിൻവാക്കും ഭോഷ്കാക്കീ, തർക്കമില്ലിതിൽ!
ഇതോ, പ്രിയാപ്രിയന്മാരിൽത്തുല്യം, കോപിച്ചയയ്ക്കുകിൽ
കൊന്നൊടുക്കുംപ്രജകളെ, ഘോരം ത്രൈലോക്യഭീഷണം:
ഏതുദേഹിയിലും പാഴാകാത്തുള്ളൊന്നു, മിതപ്രഭം,
മൃത്യുമുൻനില്പതിക്കാലദണ്ഡന്നാൽപ്പണ്ടു നിർമ്മിതം.
ഇതു വീഴ്ത്തരുതേ സൌമ്യ, രാവണന്റെ തലയ്ക്കു നീ;
ഇതു വീണാലൊരുവനും ജീവിക്കില്ലല്പനേരവും.
ഇതു വീണതിനാൽച്ചത്തില്ലെന്നാകാമീ നിശാചരൻ;
ചത്തെന്നുമാം ദശഗ്രീവൻ; ഭോഷ്കുരണ്ടാകിലുംപെടും. ൪൭
പിൻവലിക്കുകലങ്കേശനായിട്ടോങ്ങിയ ദണ്ഡിനെ;
ലോകത്തെ നോക്കുന്നുണ്ടെന്നാൽ, സ്സത്യമാക്കീടുകെന്മൊ
(ഴി!'
എന്നു കേട്ടിട്ടു ധർമ്മാത്മാവുത്തരംചൊല്ലിനാൻ യമൻ:—
'ഇതാ, പിന്മാററിനേൻദണ്ഡു: ഞങ്ങൾക്കുടയവൻഭവാൻ!
പോരിൽനില്ക്കുമെനിക്കിപ്പോളെന്തു ചെയ്യാൻ കഴിഞ്ഞി
വരം ലഭിച്ചോരിവനെക്കൊല്ലുവയ്യെന്നിരിക്കുകിൽ? (ടും,

ഇതാ, മറയുവൻ ഞാനീ രക്ഷസ്സിൻ മുമ്പിൽനിന്നുടൻ.'
എന്നുരച്ചശരീരിയായ് മറഞ്ഞരുളിയങ്ങുതാൻ.
ദശാസ്യനോ, ജയംനേടി,ത്തൻപേർകേൾപ്പിച്ചു വീണ്ടുമേ
അപ്പുഷ്പകത്തിൽക്കയറിപ്പുറപ്പെട്ടു യമാലയാൽ.
വൈവസ്വതൻ വിരിഞ്ചാദിവാനവന്മാരൊടൊപ്പമേ
വിണ്ണിൽഗ്ഗമിച്ചാൻ ഹർഷിച്ചു, നാരദൻ മുനിമുഖ്യനും.

## ഇരുപത്തിമൂന്നാം സർഗ്ഗം:—വരുണാജയം

സുരേന്ദ്രനാകും യമനെജ്ജയിച്ചിട്ടു ദശാനനൻ
തൻതുണക്കാർകളെക്കണ്ടു പോർ പുകഴ്ത്തുന്ന രാവണൻ.
പ്രഹരത്താൽ ഞെരിഞ്ഞേററമുതിരം വാർന്ന മെയ്യുമായ്
വന്ന രാവണനെക്കണ്ടു വിസ്മയപ്പെട്ടു രാക്ഷസർ.
പിന്നെജ്ജയത്താൽ ശ്ലാഘിച്ചു മാരീചാദികളേവരും
ദശാസ്യനാൽസ്സാന്ത്വിതരായ്പ്പുഷ്പകത്തിൽക്കരേറിനാർ.
ഉടൻപാതാളമണയാനരക്കൻ പുക്കി സാഗരം,
ദൈത്യോരഗൗഘംവാഴ്വൊന്നു,നന്നായ്വരുണരക്ഷിതം.
വാസുകിത്രാതമാം ഭോഗവതീപുരമണഞ്ഞവൻ
നാഗരെക്കീഴണച്ചമ്പിൽപ്പുക്കാൻ മണിമതീപുരം:
പാർപ്പുണ്ടങ്ങു വരം നേടിനിവാതകവചാസുരർ;
അവരെച്ചെന്നു പോരിന്നായ്വിളിച്ചാൻ രജനീചരൻ.
അതിവിക്രാന്തരദൈത്യരേവരും ബലശാലികൾ
നാനായുധങ്ങളൊത്തിമ്പംപൂണ്ടു പോരിന്നിറങ്ങിനാർ.
ശൂലംത്രിശൂലംകുലിശംമഴവാൾ പട്ടസങ്ങളാൽ
തമ്മിൽപ്പിളർത്താർ, കോപിച്ചു ദൈതേയരുമരക്കരും.

Digitized By Kerala Sahitya Akademi

അവക്കു പൊരുതിക്കൊണ്ടേ കൊല്ലമൊന്നു കഴിഞ്ഞുപോ
രണ്ടുകൂട്ടക്കുമില്ലുണ്ടു വിജയംതാനി,ടിച്ചിൽതാൻ. (യ്;
പിന്നെ,മൂപ്പാരിനൂനായ ധാതാവാം ദേവനവ്യയൻ
ദ്രുതം പള്ളിവിമാനത്തിലേറിയങ്ങെഴുന്നള്ളിനാൻ; ൨൦
നിവാതകവചന്മാർതൻ പടവെട്ടൽ തടുത്തുടൻ
യഥാത്ഥം ചൊല്ലുകയുംചെയ്താൻ, വൃദ്ധനായ പിതാമ
(ഹൻ:—
‘ഈ രാവണനെവെന്നീടാൻപോരാപോരിൽസ്സുരാസുരർ;
നിങ്ങൾക്കൊരിടിവേകാനും പോരല്ലോ ദേവദാനവർ.
അരക്കനും നിങ്ങളുമായ്സ്സഖ്യമാണുചിതം ദൃഢം;
വീതിസ്സപ്പെട്ടിടാതല്ലോ മിത്രക്കെല്ലാപ്പദാത്ഥവും.’
പിമ്പ,ഗ്നിസാക്ഷിയായിട്ടു സഖ്യംചെയ്തിതു രാവണൻ;
നിവാതകവചന്മാരോടങ്ങു പൂണ്ടിതു വേഴ്ചയും.
അവരാൽനേക്കമാനിസ്സപ്പെട്ടങ്ങോരാണ്ടു മേവിനാൻ,
തൻപുരത്തെന്നതിന്മട്ടേ പ്രിയംനേടിദ്ദശാനനൻ. ൨൫
ഇങ്ങിനിന്നു നൂററൊന്നു മായയങ്ങു പഠിച്ചവൻ
വരുണൻെറ പുരം തേടിസ്സഞ്ചരിച്ചാൻ രസാതലേ.
അതോടേ, കാലകേയന്മാർ വാണതാമശ്മപത്തനം
പുക്കാ,ബ്ബലിഷ്ഠരാം കാലകേയരെക്കൊലചെയ്തുടൻ,
വാൾകൊണ്ടുവെട്ടിനാൻ ശൂപ്പണഖതൻെറമണാളനെ,
കെല്പുള്ളളിയനാം വിദ്യുജ്ജിഹ്വനെ,ബ്ബലമത്തനെ,
തന്നരക്കരെ നാക്കാലേ നക്കിത്തിന്മോനെയാഹവേ;
അയാളെവെന്നൊട്ടിടയാൽക്കൊന്നു നാനൂറുദൈത്യരെ.
പിന്നെ,വെൺകാർനിറം പൂണ്ടുകൈലാസംപോലെദീപ്തമാ
ദിവ്യമാംവാരുണഗൃഹംകണ്ടെത്തി രാക്ഷസാധിപൻ, (യ്

പാൽചുരന്നങ്ങു നില്ക്കുന്ന സുരഭിപ്പയ്യിനേയുമേ:
എവൾതൻ പാലൊഴുക്കിങ്കൽനിന്നോ പാലാഴിയാം ക
(ടൽ,
അഗ്ഗോവൃഷേന്ദ്രാംബികയെക്കണ്ടാനവിടെ രാവണൻ.
പിറന്നതിതിൽനിന്നല്ലോ കളിർതിങ്ങൾ നിശാകരൻ;
ഇതാശ്രയിച്ചു ജീവിപ്പൂ നരയുണ്ണും മഹഷിമാർ;
ഇതിലുണ്ടായിതമൃതും, പിതൃക്കൾക്കുള്ള കവ്യവും.
പാരിൽസ്സുരഭിയെന്നായി നരർ ചൊല്ലുന്നതാരെയോ,
ആ മഹാദ്ഭുതയായോളെ വലംവെച്ചിട്ടു രാവണൻ
പൂക്കാൻ, കണ്ടാൻ,മഹാഘോരനാനാസൈന്യങ്ങൾകാപ്പു
ജലധാരാനിചിതമായ്ശ്ശരന്മേഘനികാശമായ് (തായ്
സദാ ഹഷിപ്പതായുള്ള വരുണൻെറ വരാലയം.
സേനേശരെപ്പരിക്കേല്പിച്ചു,വരാൽയുധിതാഡിതൻ
യോധഃരാടോതിനാൻ: 'വെക്കം രാജാവിനൊടുണൎത്തുവി
'രാവണൻപോരിനായ്വന്നിട്ടുണ്ടു':നല്ക്കുകവന്നടർ; (ൻ:—
തോററെന്നു ചൊല്ലുകയോചെയ്ക തൊഴുതെ;—നാൽബ്ഭയം
(വരാ."

അപ്പോഴേക്കും മഹാത്മാവാംവരുണൻതൻെറ പുത്രരും
പൌത്രന്മാരും പുറപ്പെട്ടു ഗോപുഷ്കരരുമായ് ക്രുധാ:
അവർ വീൎയ്യഗുണോപേതർ നിജസൈന്യം ചുഴന്നവർ
ഉദ്യൽസൂൎയ്യദ്യുതി പെടും കാമഗത്തേർകൾപൂട്ടിനാർ.
ഉടൻ തുടങ്ങീ, രോമാഞ്ചമുണ്ടാക്കും കൊടുതാമടർ,
ജലേശപുത്രർ, മതിമാൻ ദശാസ്യനിവർതങ്ങളിൽ. ൧൦
അരക്കനാം രാവണൻെറ വീൎയ്യമേറിയ മന്ത്രിമാർ
ആ വാരുണപ്പടകളെയൊക്കയും വീഴ്ത്തിനാർ ക്ഷണാൽ.

Digitized By Kerala Sahitya Akademi

പോരിലാ നിജസൈന്യത്തെക്കണ്ടിട്ടു വരുണാത്മജർ,
ശരൌഘത്താൽപ്പരിക്ഷംപെട്ടു,ടർ നിർത്തിമടങ്ങിനാർ;
മന്നിൽനിന്നോരവർദശകണ്ഠനെപ്പുഷ്പകത്തിലായ്
കണ്ടുവാനേറിനാരാശു കുതിച്ചോടുന്ന തേർകളാൽ.
അത്തുല്യസ്ഥാനമാണ്ടിട്ടു വല്ലാതവർ നടത്തിനാർ
ആകാശയുദ്ധം തുമുലം ദേവദാനവരീതിയിൽ.
പിന്നെരാവണനെപ്പോരിൽത്തീയിന്നൊത്ത ശരങ്ങളാൽ
പിന്തിരിപ്പിച്ചവർ മുദാ നാനാശബ്ദം മുഴക്കിനാർ. ൩൭
രാജാവിൻ തോല്മ കണ്ടിട്ടു രുഷ്ടനായി മഹോദരൻ,
വീരൻ മൃത്യുഭയംവിട്ടു പോരിടാൻവേണ്ടി നോക്കിനാൻ.
മഹോദരനവൻ പോരിൽഗ്ഗദയാലാഞ്ഞടിക്കയാൽ
വീണുവാരുണർമന്നിങ്കൽ,ക്കാററിന്നെപ്പോലെകാമഗർ.
വരുണാത്മജർതന്നാശുചയോധൌഘത്തെ വധിച്ചവൻ,
തേർപോയി നില്ക്കുമവരെ നോക്കിയാർത്താനുറക്കനെ.
അവർതൻ തേർത്തുരങ്ങങ്ങൾ ചത്ത സൂതരൊടൊപ്പമേ
ചിക്കെന്നുവീണുപോയ്മന്നിൽ,മഹോദരനടിക്കയാൽ.
തേർകൾവിട്ടാ മഹാത്മാവാം വരുണൻെറ കുമാരകർ
വാനത്തു നിന്നാർ ശൂരന്മാർ,സ്വപ്രഭാവാലനാമയം; ൪൦
ചാപം കുലച്ചിട്ടു മഹോദരനെക്കീറിവിട്ടവർ
ചൊടിച്ചുചെന്നൊത്തടരിൽപ്പാഞ്ഞേററാർദശകണ്ഠനെ;
വില്ലിൽനിന്നതിരൂക്ഷം വജ്രതുല്യഘോരശരങ്ങളാൽ
പിളർത്തിനാർ വന്മലയെക്കാർകൾ പോലതിരുഷ്ടരായ്.
അതിൽച്ചൊടിച്ചുപൌലസ്ത്യൻകാലാഗ്നിയ്ക്കൊത്തണ
(ഞ്ഞുടൻ
അത്യുഗ്രാസ്ത്രങ്ങളവർതൻ മർമ്മത്തൊട്ടുക്ക തൂകിനാൻ:

Digitized By Kerala Sahitya Akademi

ഉലസ്ഥകൾ വിചിത്രങ്ങള,ഥ ഭല്ലശതങ്ങളും,
പട്ടസം, വേലിതുകളും ശതഘ്നീതോമരങ്ങളും
ചാട്ടിക്കൊണ്ടാനവരിൽനേൎക്കുന്നിനിന്ന ദുരാസദൻ. ൪൭
അതുമൂലം വലകയേ ചെയ്തു ശീഘ്രം പദാതികൾ
വൻചേറാണ്ടിട്ടു,രുപതാണ്ടൊത്തുള്ളാനകൾ പോലവേ.
വലഞ്ഞതസ്സമഥൌജസ്സർ തളരുന്നതു കാങ്കയാൽ
രസിച്ചാൎത്തു ദശഗ്രീവൻ, പെരുംകാറെന്നപോലവേ.
ഹനിച്ചു വാരുണന്മാരെപ്പെരുതാൎപ്പിട്ടു രാക്ഷസൻ
നാനായുധപ്രയോഗത്താൽ, മാരിയാൽക്കാറു പോലവേ.
അതിൽപ്പിന്മാറി മന്നിങ്കൽ വീണോരവരെയൊക്കയും
തന്നാൾക്കാർ പോരിൽനിന്നാശുകൊണ്ടാക്കീഭവനങ്ങളു
അരക്കനവരോടോതീ:—'വരുണങ്കലുണൎത്തുവിൻ.' ൫൦.
പ്രഹാസൻവരുണാമാത്യനാ രാവണനൊടോതിനാൻ:—
'ബ്രഹ്മലോകത്തെഴുന്നള്ളിയിരിപ്പു പാട്ടു കേൾക്കുവാൻ
വാരിസമ്രാട്ടു വരുണൻ, നീ പോരിന്നുവിളിപ്പവൻ.
എന്തിനുനിൻശ്രമം വീര, തമ്പുരാൻ പോയിരിയ്ക്കവേ?
തോററുവല്ലോ ഭവാനോടി,ങ്ങുള്ള വീരകുമാരകർ.'
അതുകേട്ടുനിശാടേന്ദ്രൻ,തൻപേർ കേൾപ്പിച്ചുഹൃഷ്ടനായ്
ആൎപ്പുമിട്ടിട്ടുവരുണമന്ദിരം വിട്ടിറങ്ങിനാൻ.
ആച്ചെന്നാണഞ്ഞവഴിയിലൂടേതാൻ പിന്തിരിച്ചവൻ
വാനത്തുകേറി ലങ്കയ്ക്കായ് നടകൊണ്ടിതു രാക്ഷസൻ.



Digitized By Kerala Sahitya Akademi

## അധികപാഠം ഒന്നാംസർഗ്ഗം:—
## ബലിരാവണസമാഗമം

---

ഹർഷത്താലാർത്തു വരുണമന്ദിരം വിട്ടിറങ്ങിനാൻ
ഹർഷത്താൽ വാക്കിടറിട്ടും മഹോദരനൊടൊപ്പമേ;
പിമ്പശ്മനഗരം വീണ്ടും ചുററിനാർ യുദ്ധദുർമ്മദർ.
അങ്ങുകാണായ് ദശഗ്രീവനേ,ററം മിന്നുമൊരാലയം:
വൈഡൂര്യതോരണമൊട്ടും ത്തുമുത്തിൻനിര ചാർത്തിയും
പൊൻതൂണാൽനിറയപ്പെട്ടുംനീളെത്തിണ്ണകൾചേർന്നുമേ
വജ്രംപളുങ്ങൊത്തുകൊത്തും കിങ്ങിണിത്തൊങ്ങൽതിങ്ങി
പെരുത്താസനമൊത്തി,ന്ദ്രഭവനംപോലെരമ്യമായ്. (യും
രമ്യം മഹാഗൃഹം കണ്ടു ദശഗ്രീവൻ പ്രതാപവാൻ:—
'ആർക്കുള്ളതീസ്സൌമ്യഗൃഹം മേരുമന്ദരസന്നിഭം?
ചെല്ലൂപ്രഹസ്ത,വേഗംനീ,യറിയൂശ്രേഷ്ഠമാംഗൃഹം.'
എന്നു കേട്ടുത്തമഗൃഹമകംപൂക്കാൻ പ്രഹസ്തനും;
ദ്വാരം വിജനമായ്ക്കണ്ടു മതിൽക്കെട്ടഥ പൂകിനാൻ.
മതിൽക്കെട്ടേഴുപിന്നിട്ടനേരംകണ്ടാനൊരഗ്നിയെ;
കരാളെയുമതിൽക്കണ്ടു; ചിരിച്ചാനിമ്പമോടയാൾ;
അപ്പെരുംചിരികേട്ടിട്ടു കോൾമയിർക്കൊണ്ടിതായവൻ:
നില്പാണത്തീനടുക്കിൽ,പ്പൊന്മാലയിട്ടോൻ വിമോഹനൻ
സൂര്യനെപ്പോലെദുഷ്പ്രേക്ഷ്യൻ സാക്ഷാൽ മൃത്യുവിനൊത്ത
ആവിധംകണ്ടുസഹസാ പുറത്തേയ്ക്കുതിരിച്ചവൻ (വൻ.
ചൊന്നാൻ രാവണനോടെല്ലാവൃത്തവുംരജനീചരൻ.

ഉടനേ പുഷ്പകത്തിങ്കൽനിന്നിറങ്ങിദ്ദശാനനൻ
മതിന്തു ഭവനം പൂകാൻ ഭിന്നാഞ്ജനചയോപമൻ.

Digitized By Kerala Sahitya Akademi

നിന്നാൻ ചിക്കെന്നൊരാൾ ദ്വാരം മറച്ചവനുമുന്നിലായ്:
ചന്ദ്രചൂഡൻപ്രശസ്താംഗൻ,തിഷ്ഠിൽനില്പോൻ,ഭയംകരൻ
ശ്വേതവക്ത്രൻ,തുടുംകണ്ണൻ,ചെംചുണ്ടൊത്തു,ദ്ധ്വരോ
(മവാൻ,
സുഘോരമായ ദൃക്കളുള്ളോൻ,കംബുഗ്രീവൻ മഹാഹനു,
ഗൂഢശ്മശ്രു,നിഗൂഢാസ്ഥി,ദംഷ്ട്രാഭാരോമഹോഷ്ണൻ;
ഈമട്ടായുള്ളൊരുവനെയങ്ങുകണ്ടിതു രാവണൻ,
ഇരിമ്പുലക്കയൊന്നേന്തി, ദ്വാരം രോധിച്ചുനില്പതായ്.
അവനായാളെക്കണ്ടിട്ടു രോമംപൊട്ടിത്തരിച്ചുപോയ്;
മിടിപ്പു കൂടീ നെഞ്ചിന്നു; വിറയും പിടിപെട്ടുപോയ്.
ദുർന്നിമിത്തങ്ങൾ കണ്ടിട്ടു രാമ,ചിന്തയുമേന്തിനാൻ.
അവൻചിന്തിച്ചിടുംനേരമപ്പുമാൻസ്വയമോതിനാൻ:—
'ചിന്തിപ്പതെന്തു രക്ഷസ്സേ, ചൊല്ലു നീ ശങ്കയെന്നിയേ:
ഞാൻ വീര,യുദ്ധസൽകാരം ചെയ്യുവൻ രജനീചര!'
എന്നുരച്ചു,വനാ രക്ഷസ്സോടു പിന്നെയുമോതിനാൻ:—
'നിനക്കു ബലിയോടോ, പോർവേണ്ടതെ;ന്നോടു തന്നെ
(യോ?'
ചൊൽ കേട്ടു രാവണൻ വീണ്ടും കോൾമയിർക്കൊണ്ടു
(പോയ്തുലോം;
പിന്നെധൈര്യംപിടിച്ചേവമുരചെയ്തിതു രാവണൻ:-
'ഇഗ്ഗൃഹത്തിലിരിപ്പോനാര?-തു ചൊല്ലു വദദ്വര;
അവനായ്ത്തന്നെപോർചെയ്വ,ഞാനുകരുതുംവിധം.'
അവനങ്ങോതിനാൻ വീണ്ടും:-'വാഴ്‌വതിങ്ങസുരേശ്വരൻ:
അദ്ദേഹം പരമോദാരൻ, ശൂരൻ, സത്യപരാക്രമൻ,
വീരൻ, ബഹുഗുണൻ, പാശമേന്തുംമൃത്യുവിനൊത്തവൻ,

Digitized By Kerala Sahitya Akademi

ബാലാക്കൻ പോലെ തേജസ്വി, പോരിൽപ്പിന്മാറിടാ
(ത്തവൻ,
അമഷി ദുജ്ജയൻ വെല്ലോൻഗുണാഢ്യി ബലിയെന്നവൻ;
പ്രിയംവദൻ, പകക്കന്നോൻ, ഗുരുവിപ്രപ്രിയൻ സദാ,
കാലകാങ്ക്ഷി,മഹാസത്ത്വൻ,സത്യവാക്സൌമ്യദശ്നൻ;
അവൻസവ്ഗുണോപേതൻ, ശൂരൻ, സ്വാധ്യായതൽ
(പരൻ,
ഗജ്ജിപ്പോൻ, വീശുവോൻ, നിത്യംജ്വലിപ്പോൻ, ചൂടന
(ല്ക്കവോൻ;
വാനോരാൽ ഭൃത്യവൃന്ദത്താൽ വിഹങ്ഗോരഗരാലുമേ
ഭയപ്പാടറിയാത്തോനോടടർ തേടുന്നതെന്തു നീ?
നിനക്ക ബലിയായ്വേണം പോരെന്നാലാശരേശ്വര,
ഉടംപ്പുക്കപൊരുതിക്കൊൾക സുമഹാസത്ത്വ, വൈകൊ
(ലാ.'

എന്നു കേട്ടു ദശഗ്രീവനുടംപ്പുക്കാൻ ബലിയുള്ളേടം;
ലങ്കാധിപതിയെക്കണ്ടു ചിരിച്ചാനഗ്നിസന്നിഭൻ,
സൂയ്യനെപ്പോലെ ദുഷ്പ്രേക്ഷ്യനായ്നിന്നദ്ദാനവോത്തമൻ;
കണ്ടതോടൊപ്പമേ വിശ്വരൂപവാനാം മഹാബലി
പിടിച്ചാ രാത്രിചരനെ മടിയിൽക്കേററിദ്ദയാതിവാൻ:_
'ദശഗ്രീവ,നിനക്കെന്തൊരിഷ്ടംചെയ്തുതരേണ്ടു ഞാൻ?
നീ വന്നതെന്തിന്നു? മഹാബാഹോ, ചൊല്ക്കാശരേശ്വര!'
ഏവം മാബലിചൊന്നാരേ രാവണൻതാനുമോതിനാൻ:_
'കേട്ടേൻ, ഭവാനെബ്ബന്ധിച്ചാൻ വിഷ്ണുവെന്നു മഹോദയ;
എന്നാൽ ദൃഢം ഞാൻ മതിയാംനിൻബന്ധം വേർപെട്ട
(ത്തുവാൻ.'

Digitized By Kerala Sahitya Akademi

എന്നു ചൊല്ലിയനേരത്തു ചിരിച്ചോതീടിനാൻ ബലി:-
'കേട്ടുകൊൾക, പറഞ്ഞീടാം നീ ചോദിപ്പോരുവരാവണ:
ഇതാ, പടിയ്ക്കൽ നില്ക്കുന്നുണ്ടല്ലോ നിത്യം കറുത്തൊരാൾ;
ഇവൻ ദൈത്യോത്തമരെയും മററത്യൂർജ്ജിതർതമ്മെയും
കീഴാക്കിനാൻ, പണ്ടുമതിൽപ്പുണ്ടുമുള്ളോരെയും ബലി;
ബന്ധിച്ചാനെന്നെയുമിവൻ; കാലം ദുല്ലംഘ്യമല്ലയോ.
ഏതൊരാൾക്കിവനെപ്പാരിൽ വഞ്ചിപ്പാൻ ശേഷി രാവ
സവ്ഭൂതക്ഷയകരൻ, പടിയ്ക്കൽ സ്ഥിതനാമിവൻ (ണ?
ചെയ്യോൻ, ചെയ്യിച്ചുപോരുന്നോൻ, ധാതാവു,ലകിന്നീ
(ശ്വരൻ.
അറിയാ നീയുമീ ഞാനും കാലത്രിതയനാഥനെ:
കലിയും, കാലവു,മവൻ സവ്ഭൂതാപഹാരകൻ.
മൂപ്പാരെല്ലാമൊടുക്കുന്നോൻ, സൃഷ്ടിപ്പവനതേവിധം:
ഇദ്ദേഹം സംഹരിയ്ക്കുന്നു ചരാചരജഗത്തിനെ;
സൃഷ്ടിപ്പു വീണ്ടുമഖിലമനാദ്യന്തൻ മഹേശ്വരൻ;
കരണം, കാരണം, കത്താവി,വനപ്പുരുഷോത്തമൻ.
യജ്ഞവും ദാനവും പിന്നെ ഹോമവും യാമിനീചര,
എല്ലാം ലോകേശ്വരനിവൻ, സൃഷ്ടിപ്പോൻ കാക്കുവോൻ
ഇത്രയും വലുതാം ഭൂതമൊന്നില്ലു,ലകു മൂന്നിലും! (ദ്ഗധം;
ഞാനും,പൌലസ്ത്യ, നീയും,മറേറററംപണ്ടുള്ളകൂട്ടരും,
അവക്കു നേതാവീ വമ്പൻ, കയറാൽ മാടിനാംവിധം.
വൃത്രൻ, ദനു, ശുകൻ, ശംഭു, നിശംഭു, വഥ ദംഭവും,
അക്കാലനേമി-പ്രഹ്ലാദർ, വിരോചനസുതൻ ബലി,
താരകൻ, കാലകേയന്മാർ, മുചുകുന്ദൻ, വിചദ്ധ്വൻ,
ഹിരണ്യാക്ഷൻ, മധു,വഥ കൈടഭൻ, ധൂമ്ര-ശംബരർ,

Digitized By Kerala Sahitya Akademi

യമളാർജ്ജുന-കംസന്മാർമധു -കൈടഭരെന്നിവർ
ജ്വലിപ്പോർ, ചൂടുനല്കുന്നോർ, വീശുവോർ, പെയ്യിടുന്ന
(വർ; ൪൯

സഹസ്രയജ്ഞരെല്ലാരു,മെല്ലാരും വൻതപസ്വികൾ,
എല്ലാവരും മഹാത്മാക്കളെ,ല്ലാരും യോഗധർമ്മികൾ;
ഐശ്വര്യമാർന്നിട്ടെല്ലാരും ഭോഗം നേടി മഹത്തരം;
നല്കീ യജിച്ചാരോ,ത്തോതീ, കാത്തു പ്രജകൾതമ്മെയും;
തമ്പക്കിൽക്കാപ്പവരെ,തിർപക്കിലോ പ്രഹരിപ്പവർ
ഇവർക്കു യുദ്ധങ്ങളിലും തുല്യനില്ലുലകങ്ങളിൽ;
ശൂരന്മാര,ഭിജാതന്മാർ, സർവ്വശസ്ത്രാസ്ത്രപാരഗർ,
സർവ്വവിദ്യാവിദഗ്ദ്ധന്മാർ പോരിൽപ്പിന്മാറിടാത്തവർ;
എല്ലാവരും മഹാത്മാക്കൾ കലക്കീ ദേവനാടുകൾ
പോരിൽജ്ജയിച്ചുപലപാടെല്ലാസ്സുരഗണത്തെയും; ൫൦
വാനോർക്കും പോന്നവരിവർ തമ്പക്കിൻരക്ഷ ചെയ്യുവോർ
ബാലാർക്കതേജസ്സുടയോർ ഭോഗസക്തർ മദിച്ചുപോയ്!
വാനോരെയാക്രമിച്ചെന്നാലവർക്കാ വിഷ്ണുവീശ്വരൻ
ഉപായപൂർവ്വമറുതി വരുത്തും ഭഗവാൻ ഹരി:
പ്രത്യക്ഷനാസ്സുരമവർക്കുപായമുളവാക്കുവാൻ;
വീണ്ടുമാത്മാവിനാലാത്മാവാണ്ടു വാണീടുമായവൻ.
ഇവണ്ണമീ മഹാത്മാവാം ദേവനദ്ദാനവേന്ദ്രരെ
മുടിച്ചിതെല്ലാവരെയും ബലവാൻ കാമരൂപവാൻ.
പോരിൽദ്ദുർദ്ധർഷരഞ്ഞുപന്മാരുമൊട്ടുക്ക തോററുപോയ്
മുടിയ്ക്കപ്പെട്ടിതവനാൽക്കൃതാന്തബലചോദിതർ!' ൫൧
എന്നോതി വീണ്ടും രക്ഷസ്സോടോതിനാൻ ദാനവേ
(ശ്വരൻ: —

"ഇതാ, കാണ്മീലയോ വീര, ചക്രമൊന്നെരിതീപ്പടി,
ഇതെടുത്തെൻെറ ചാരത്തു വന്നാലും നീ മഹാബല.
പില്പാടു ചൊല്ലിത്തരുവൻ മുക്തിമാർഗ്ഗമനശ്വരം.
അത്തു ചെയ്ക മഹാബാഹോ, താമസിയ്ക്കൊല്ല രാവണ.'
ഇതു കേട്ടു ചിരിച്ചുംകൊണ്ടരക്കൻ പോയ് മഹാബലൻ
വൻദിവ്യകുണ്ഡലമിരിപ്പുള്ളേടത്തെയ്ക്കു രാഘവ.
പറിച്ചുനോക്കീ കളിയായ് രാവണൻ ബലഗർവിതൻ;
കരുമട്ടുമിളക്കീടാൻ ശക്തനായീല രാവണൻ.
നാണിച്ചുപിന്നെയുംപാരംയത്നിച്ചാനാമഹാബലൻ: ന്നാം
ദിവ്യം തെല്ലൊന്നു പൊങ്ങിച്ചപ്പോഴെയ്ക്കും മന്നിൽവീണു
(പോയ്,
വേരറുത്ത മരം പോലെ ചോരയും വാർന്നു രാക്ഷസൻ.
അന്നേരം പുഷ്പകത്തിങ്കൽനിന്നു കേൾക്കായി നിർഭരം,
ലങ്കേശസചിവന്മാർതന്നയ്യയ്യോ എന്നൊരാരവം.
ചെററിടയ്ക്കുള്ളിലുൾബ്ബോധം പൂണ്ടെഴുന്നേററു രാക്ഷസൻ
നാണംകൊണ്ടുമുഖംതാഴ്ത്തിനില്ക്കുവേബലിചൊല്ലിനാൻ:–
'വന്നാലും രാക്ഷസശ്രേഷ്ഠ, കേൾക്കുകെന്നുടെ ഭാഷിതം:
വീര, നീ തെല്ലു പൊങ്ങിച്ചോരീ രത്നാഞ്ചിതകുണ്ഡലം,
എൻപൂർവ്വകൻ കാതിലണിഞ്ഞിരുന്നൊന്നാണു,നോക്കി
(ടാം;
ഇതൊന്നിവ്വണ്ണമിവിടെത്തന്നെ വീണു മഹാബല; ന്നു
മറേറക്കുണ്ഡലമോ, ചെന്നുവീണു പർവ്വതസാനുവിൽ.
വീണു കിരീടം, പോർചെയ്കെ വേദിയ്ക്കരികിലൂഴിയിൽ,
പണ്ടെൻ ഹിരണ്യകശിപുവാകും പൂർവ്വപിതാമഹാൻ.
അവന്നില്ലന്തകൻ മൃത്യു രോഗമില്ലി,ല്ല ഹിംസകർ;

Digitized By Kerala Sahitya Akademi

ചാക്കില്ലവന്നു പകലും രാവിലും സന്ധ്യരണ്ടിലും
ആർദ്രത്താലില്ല ശുഷ്കത്താലില്ല ശസ്ത്രത്തിനാലെയും;
ഒരസ്ത്രത്താലെയുമവന്നില്ലല്ലോ രാക്ഷസോത്തമ!
പ്രഹ്ലാദനോടവൻ ചെയ്ത വാദമൊന്നതിദാരുണം;
അവൻ പ്രവാദിച്ചിരിയ്ക്കെപ്പോൾ,ധീരൻ ലോകഭയങ്കരൻ
പ്രഹ്ലാദനാം മഹാത്മാവിന്നായി പ്രത്യക്ഷവീര്യനായ് ൬൫
നരസിംഹസ്വരൂപത്തിൽപ്പിറന്നു രാക്ഷസോത്തമ;
ആ രൌദ്രനുടെ നോട്ടത്താലെല്ലാം ക്ഷോഭിച്ചിതെങ്ങുമേ.
പിന്നീട്ട കൈകളാലേന്തിക്കീറിക്കൊന്നു നഖങ്ങളാൽ,
പടിയ്ക്കൽ നില്പവനിവൻ വാസുദേവൻ നിരഞ്ജനൻ!
നീയ,ദ്ദേവാധിദേവൻെറ തത്ത്വം ഞാനോതിടുന്നതും
ശരിയ്ക്കു കേൾക്ക,നിന്നുള്ളിൽ ശ്രദ്ധയുണ്ടെന്നിരിയ്ക്കിൽ.
അനേകായിരമിന്ദ്രന്മാര,നേകായുതമാം സുരർ,
അസംഖ്യസപ്തർഷികളെന്നിവരെപ്പെരുതാണ്ടുകൾ
ആകെക്കീഴ്നിത്തിയോനല്ലോ, പടിയ്ക്കലരുൾവോനിവൻ!'
അവൻെറയാവാക്കുകേട്ടുരാവണൻതാനുമോതിനാൻ:_ ൬൬
'എന്നാൽ മൃത്യുവുമായ്ക്കാണപ്പെട്ടു പ്രേതാധിപൻ യമൻ
കയറേന്തിജ്ജ്വലിയ്ക്കുന്നോനൂർദ്ധ്വരോമാവു ഭീഷണൻ,
തേൾസർപ്പരോമവാൻ വിദ്യുജ്ജിഹ്വൻദംഷ്ട്രകളുള്ളവൻ
ഭീമവേഗൻ ചുടുംകണ്ണൻ സർവ്വസത്ത്വഭയങ്കരൻ
സൂര്യനെപ്പോലെ ദുഷ്പ്രേക്ഷ്യൻ പോരിൽപ്പിന്മാറിടാത്ത(വൻ;
പാപിവർഗ്ഗഘ്നനവനും പോരിലെന്നോടു തോററുപോയ്.
പെട്ടീലെനിയ്ക്കൊരുഭയമങ്ങുദൈത്യേന്ദ്ര, ദുഃഖവും;
അറിയുന്നീലിവനെഞാന,തിനാലുരചെയ്ക നീ.'

Digitized By Kerala Sahitya Akademi

രാവണൻതൻെറ ചൊൽ കേട്ടിട്ടോതീ വൈരോചനൻ
(ബലി:—
'ഇവൻ മുപ്പാർ ചമച്ചോൻ ഹരി നാരായണൻപ്രഭു വ്വം
അനന്തൻ കപിലൻ വിഷ്ണു നരസിംഹം മഹാദ്യുതി
സുധാമാവൃതധാമാവു പാശഹസ്തൻ ഭയാനകൻ
ഊരാറുസൃഷ്ടിക്ക് സമൻ പുരാണപുരുഷോത്തമൻ
കരിംകാറിൻനിറംചേർന്നോൻസുരനാഥൻസുരോത്തമൻ
ജ്വാലാമാലി മഹാബാഹു യോഗി ഭക്തജനപ്രിയൻ;
ഇവൻ ലോകങ്ങളാം താങ്ങുന്നു സൃഷ്ടിച്ചുന്നിതിവൻ പ്രഭു,
ഇവൻതാൻ കാലനായിട്ടു സംഹരിപ്പു മഹാബലൻ;
യജ്ഞവും യാജ്യനുമിവൻ ചക്രായുധധരൻ ഹരി
സർവദേവസ്വരൂപൻതാൻ സർവഭൂതസ്വരൂപനും
സർവലോകസ്വരൂപൻതാൻസർവജ്ഞാനസ്വരൂപനും; വ്വ
സർവ്വരൂപി മഹാരൂപി ബലദേവൻ മഹാഭുജൻ
വീരഘ്നൻ വീരചക്ഷുഷ്മാൻ ത്രൈലോക്യഗുരുവവ്യയൻ;
ഏവമിങ്ങേവരും ചൊല്ലു മോക്ഷം തേടും മഹർഷിമാർ;
ഇപ്പുമാനെയറിഞ്ഞോനിൽപ്പാപമൊന്നും പതിഞ്ഞിടാ;
സ്മരണേഷ്ടിസ്തുതികളാലിവൻ സർവ്വുമേകിടും!'
ഈ വാക്ക കേട്ടിട്ടപ്പോഴേ പുറപ്പെട്ടിതു രാവണൻ
ക്രോധത്താൽക്കണ്ണുകൾചുകന്നസ്ത്രമേന്തി മഹാബലൻ.
ആമട്ടാമവനെക്കണ്ടു മുസലാഢ്യൻ ഹരി പ്രഭു,
'ഇപ്പാതകിയെഞാനിപ്പോൾ കൊല്ലീലെ'ന്നു,ജഗദ്ധരൻ
മറഞ്ഞരുളിനാൻ രാമ, വിധാതാവിൻ പ്രിയത്തിനായ്;
അതികലപ്പുരുഷനെക്കണ്ടുമില്ലാ നിശാചരൻ. ൯൦

---



Digitized By Kerala Sahitya Akademi

# അധികപാഠം രണ്ടാംസൎഗ്ഗം: സൂൎയ്യവിജയം.

---

പിന്നെച്ചിന്തിച്ചപോലെക്കൊണ്ടാൻസൂൎയ്യലോകത്തിലേ
(ക്കവൻ,
രമ്യശ്രീമേരുശൃംഗത്തിലന്നല്ലിൽപ്പാൎത്തതിന്നുമേൽ,
മനസ്സമീരഗതിയായ്ദ്ദിവ്യമായ്ഗ്ഗഗനസ്ഥമായ്
സൂൎയ്യാശ്വസമമായുള്ള പുഷ്പകം കേറി രാവണൻ.
അങ്ങുകാണായ്സൂൎയ്യദേവൻ,സൎവ്വതേജോമയൻ,ശുഭൻ,
മികച്ച പൊന്നിൻകേയൂരം ചെമ്പട്ടിവയണിഞ്ഞവൻ,
നല്ലൂണ്ഡലങ്ങളെക്കൊണ്ടു മുഖം മിന്നിത്തെളിഞ്ഞവൻ,
പതക്കമങ്ഗദം ചാൎത്തി,ത്തുടമാലയുമിട്ടവൻ,
കയ്യിൽച്ചെഞ്ചന്ദനംതേച്ചോനാ,യിരംകതിൎമിന്നുവോ
(ൻ:
ആയാദിദേവനാദിത്യൻ, വിഭു, സപ്താശ്വവാഹനൻ,
ആദിമധ്യാന്തമില്ലാത്തോനു,ലകിൻസാക്ഷി,യീശ്വരൻ.
അദ്ദേവശ്രേഷ്ഠനെക്കണ്ടാ രാവണൻ രാക്ഷസാധിപൻ
സൂൎയ്യതേജോബലാൽ മാൎഗ്ഗംപ്രഹസ്തനൊടുചൊല്ലിനാൻ:–
'അമാത്യ,ചെല്ലു,വനൊടുചൊല്ലുൻസന്ദേശശാസനം;
ശ്രേഷ്ഠഭാസ്കരമാൎത്താണ്ഡനോടു നേൎക്കൊത്തുകഞ്ജുസാ:
രാവണൻ പോരിനായ് വന്നിട്ടുണ്ടു, നല്കുകവനടർ;
തോററെന്നുചൊല്ലുകയോ ചെയ്ക രണ്ടിലൊന്നിഹചെയ്യ
(ണം'
അച്ചൊല്ലാൽപ്പോയിതക്കൻെറയരികത്തെത്തു രാക്ഷസൻ;
പിങ്ഗളൻ ദണ്ഡിയീ ദ്വാരപാലരെക്കണ്ടിതങ്ങവൻ.
അവരോടദ്ദശാസ്യൻെറ തീൎപ്പെല്ലാംചൊല്ലിമൌനിയായ്

Digitized By Kerala Sahitya Akademi

നിന്നാൻ പ്രഹസ്തൻ. സൂര്യൻെറ തേജസ്സാൽച്ചുട്ടെരി
(ഞ്ഞവൻ.
ദണ്ഡിസൂര്യാന്തികേചെന്നുചൊന്നാൻവിഭുവൊടാനതൻ;
ദണ്ഡി ചൊന്നാദ്ദശാസ്യൻെറ വൃത്താന്തംകേട്ടുഭാസ്കരൻ
ശ്രീമാനൊന്നരുളിച്ചെയ്യാനാലോചിച്ചു ദിവാകരൻ:—
'ചെല്ക,വെല്കവനെദ്ദണ്ഡീ, തോററുവെന്നോകഥിയ്ക്ക നീ;
ചെയ്യുകൊൾകയഥേഷ്ടം താൻ നില്ക്കുവാനിടയില്ല മേ.'
ആ മഹാത്മാവരുൾകയാൽപ്പോന്നു,രാക്ഷസനോടവൻ
പറഞ്ഞുകൊണ്ടാനാദിത്യനരുളിച്ചെയ്യതൊക്കയും.
മഹാത്മാവാകുമദ്ദണ്ഡിയുരചെയ്യതുകേട്ടവൻ,
ജയിച്ചതായിശ്ശ്ലാഘിച്ചുനാടകൊണ്ടാനരക്കർകോൻ.

## അധികപാഠം മൂന്നാംസർഗ്ഗം:—
## രാവണമാന്ധാതൃസമാഗമം.

ചിന്തിച്ചുചന്ദ്രലോകത്തേയ്ക്കുപ്പോയ്‌പിന്നരക്കർകോ
രമ്യശ്രീമേരുശൃങ്ഗത്തിലല്പ്പ പാർത്തിട്ടുവീര്യവാൻ. (ൻ
അപ്പോളൊരുത്തൻ തേരേറിദ്ദിവ്യമാല്യാനുലേപനൻ
പോകുന്നതുണ്ടു മികവുള്ളപ്സരോനാരിമാരുമായ്,
രതാൽക്ഷീണിച്ചു,പ്സരോങ്ഗചുംബനാലുണർവേല്കുവോ
(ൻ;
അവനെക്കണ്ടതിൽക്കൌതുഹലിയായ്ത്തീൎന്നു രാവണൻ.
ഉടൻകണ്ടെത്തിയങ്ങു,ഗ്ര്യമുനിയാം പൎവ്വതർഷിയെ;
ദശാസ്യനാമഹാത്മാവെക്കണ്ടിട്ടിതുരിയാടിനാൻ:—
'സ്വാഗതംതവരക്ഷേപതേ,വേണ്ടപ്പോൾവന്നുചേൎന്നുനീ!

Digitized By Kerala Sahitya Akademi

ആരാണീ,ത്തേർകയറിയോന,പ്സരോഗണസേവിതൻ? ൭
നാണമില്ലാതെ പോകുന്നു; കാണുന്നീല ഭയാസ്പദം!'
ഈവിധം രാവണൻ ചൊന്നപോതുപർവ്വതനോതിനാൻ:-
'കേട്ടുകൊൾകുണ്ണി, നേർ നിന്നോടുരചെയ്യാം മഹാമതേ:
ഇവൻ ജയിച്ചു ലോകങ്ങൾ; തോഷിപ്പിച്ചു വിരിഞ്ചനെ;
മുക്തിയ്ക്കായ്സ്സുഖോൽകൃഷ്ടസ്ഥാനത്തെയ്ക്കു ഗമിയ്ക്കയാം.
ലോകങ്ങൾ തപസാ വെന്നു വിക്രമാൽ നീ കണക്കിവൻ;
പോകുന്നു വാദമില്ലുണ്ണീ, സോമം സേവിച്ച പുണ്യവാൻ.
നീയും രാക്ഷസശാർദ്ദൂല, ശൂരൻ സത്യപരാക്രമൻ;
കോപിയ്ക്കില്ലി,ത്തരക്കാരാം ധർമ്മശീലരിലൂർജ്ജിതർ.'

പിന്നെക്കണ്ടാൻ, മഹാകായനായോജസ്സേറിയോനു
മായ് ൮൦
മൈമിന്നിപ്പാട്ടുകൊട്ടൊത്തു തേരേറിപ്പോമൊരുത്തനെ.
'എങ്ങു പോകുന്നു ദേവർഷേ, വിളങ്ങും ദ്യുതിമാനിവൻ
മനം കവരുമാറാടിപ്പാട്ടും കിന്നരർതമ്മൊടും?'
ഇതു കേട്ടവനോടോതീ പർവ്വതൻ മുനിസത്തമൻ:-
'ഇവൻ, പോരിൽപ്പൊരും ശൂരൻ പോരിൽപ്പിന്മാറിടാ
(ത്തവൻ;
ഇവന,ങ്ങിനെ പോർചെയ്തെത്താധനത്താൽ ഞെരിഞ്ഞവൻ,
കൃതി, ശൂരൻ,രണേ വെല്ലോൻ, സ്വാമിയ്ക്കായുയിർപോ
(ക്കിയോൻ,
സസൈന്യർവീരർചലരെക്കൊന്നുപോരിൽമരിച്ചവൻ;
ഇയ്യാളതിഥി,യിന്ദ്രനുതാനോ, ചെല്ലുമിടത്തിനോ;
ഗീതനൃത്തവിലാസക്കാർ സേവിപ്പു നരവര്യനെ.' ൮൧

ചോദിച്ചു രാവണൻ വീണ്ടു'മാരിപ്പോവതിനപ്രഭൻ?'
രാവണൻതൻെറ ചൊൽ കേട്ടു പവ്തൻ പുനരോതിനാ
(ൻ:-
'ആകെപ്പൊന്നാംവിമാനത്തിലിക്കാണപ്പെട്ടവോൻനൃപ,
അപ്സരസ്ത്രീജനോപേതൻ മുഴവമ്പിളിനേർമുഖൻ
സ്വണ്ണദാനപശാലശ്രേ ചിത്രാഭരണവസ്ത്രവായ്
പോകുന്നു പായുംയാനത്തിൽമഹാരാജ.മഹസ്വിയായ്.'

പവ്തൻതൻെറ ചൊൽ കേട്ടു രാവണൻ വീണ്ടുമോ
തിനാൻ:-
'ഇപ്പോകുന്ന നൃപന്മാരെച്ചൊന്നാലുമൃഷിസത്തമ:
യാചിച്ചാൽപ്പോർവിരുന്നിങ്ങാരെനിയ്ക്കേകും മഹാത്മതി
ധമ്മജ്ഞ, വെക്കം ചൊല്ക,ച്ചൊന്നാണെനിയ്ക്കുങ്ങു പവ്ത!'?
എന്നു കേട്ടുത്തരം ചൊന്നാൻ ദശാസ്യനൊടു പവ്തൻ:-
'ഈ മന്നവർ മഹാരാജ, പോരല്ലാ വിണ്ണു തേടുവോർ.
എന്നാൽച്ചൊല്ലാം മഹാരാജ: വിചിത്രാഭരണാംബരൻ
രാജാവുണ്ടതിതേജസ്വി ദ്വീപേഴിന്നീശ്വരൻ മഹാൻ
മാന്ധാതാവെന്നു പേരാണ്ടോന;-ങ്ങയ്ക്കൂടരവൻ തരും.'
പവ്തൻതൻെറ വചനംകേട്ടു രാവണനോതിനാൻ:-
'എങ്ങാണിരിപ്പാ രാജാവു ചൊല്കതെന്നോടുസത്യമായ്:
ആ നരഷഭനുള്ളേടത്തെയ്ക്കു പോകുന്നതുണ്ടു ഞാൻ.'
രാവണൻതൻെറ വചനം കേട്ടാ മുനിയുമോതിനാൻ:-
'യുവനാശ്വൻെറമകനീ മാന്ധാതാവു നൃപോത്തമൻ വ
ദ്വീപേഴമേ സമുദ്രാന്തം വെന്നിപ്പോൾ വിണ്ണു പൂകിടും.'
ഉടൻ കണ്ടെത്തിനാൻ ബ്രഹ്മവരദൃപ്തൻ മഹാഭുജൻ
അയോദ്ധ്യാനാഥനാം വീരമാന്ധാതൃനൃപമുഖ്യനെ,

Digitized By Kerala Sahitya Akademi

തേരിൽപ്പോമവനെ,ശ്ശോഭിപ്പോനെ,ദീപേഴിനിശനെ,
വിചിത്രമായിപ്പൊൻചേൻമിന്നുംവന്നുത്തുമാലയാൽ
ജ്വലിസ്സും വടിവുള്ളോനെ,ദ്ദിവ്യമാല്യാങ്ഗരാഗനെ;
ദശാസ്യനവനോടോതി,'പോരെനിയ്ക്കേകുകെ'ന്നുതാൻ.
അതുകേട്ടു ചിരിച്ചേവം ദശാസ്യനൊടു ചൊല്ലിനാൻ:-
'നിനക്കായുസ്സുവേണ്ടെങ്കിൽപ്പോരാടിക്കൊൾകരാക്ഷ
(സ.'
മാന്ധാതാവിൻെറ വചനംകേട്ടുരാവണനോതിനാൻ:-നൃപ
'വരുണനകൽക്കുബേരനകൽ നട്ടഞ്ഞീലാ യമനകലും;
പിന്നെ, മാനുഷനാം നിന്നെയുണ്ടോപേടിപ്പു രാവണൻ?'
എന്നുരച്ച,വനെക്രോധാൽ ച്ചുട്ടംമട്ടായ്ദ്ദശാനനൻ
ചൊല്ലിവിട്ടാനുടന,ടർക്കുറുപ്പൊക്കമരക്കരെ.
ചൊടിപൂണ്ടു ദുരാത്മാവാം രാവണൻെറയമാത്യരും
ശരവർഷങ്ങൾ വർഷിച്ചു ശ്ശൂരർ പോർവിരുതുള്ളവർ.
ഘോരവാം കങ്കപത്രേഷുച്ചാർത്താൽബ്ബലിനാരേന്ദ്രനും
ആഞ്ഞെയ്തസ്സാൻ സാരണശ്ശുകപ്രഹസ്താകമ്പനാദ്യരെ,
മഹോദരവിരൂപാക്ഷമാരീചരെയുമൊക്കവേ.
പിന്നെ പ്രഹസ്തൻ നൃപനിൽശ്ശരവർഷങ്ങൾ തൂകിനാൻ;
അവയെല്ലാം മുറിച്ചാനേ,ല്ലതിന്നുന്നേ നൃപോത്തമൻ,
മുസ്സുണ്ഠി തോമരം ഭല്ലം ഭിണ്ഡിപാലമിവററിനാൽ;
നിറാകയായ്നാരേന്ദ്രനകൽ,ത്തിയ്യിൽപ്പാററകൾപോലവേ.
വീണ്ടും നൃപേന്ദ്രൻ ക്രോധിച്ചത്യുഗ്രതോമരമഞ്ചിനാൽ
പിളത്താനവനെ,പ്പണ്ടാക്രൌഞ്ചത്തെ സ്കന്ദനാംവിധം.
പേത്തും പേത്തും ചുഴററി,പ്പിമ്പൊരു വജ്രാഭമുദ്ഗരം
പെരുത്തുക്കോടാഞ്ഞുവിട്ടാൻരക്ഷസ്സിൻതേരിലേയ്ക്കവൻ.

Digitized By Kerala Sahitya Akademi

പതിച്ചിതേറെയുക്കോടാ വജ്രത്തിനൊത്ത മുൾത്തടി;
അതേററി,ന്ദ്രധ്വജം പോലേ കറങ്ങിപ്പോയി രാവണൻ.
അതിൽത്തെളിഞ്ഞുവിലസിംഹഘോഷാദ്യൽബലവാന്നൃപൻ,
പൂർണ്ണേന്ദുരശ്മിയേററുപ്പുകടൽവെള്ളം കണക്കിനെ.
ഉടനെ,വ്വണ്ണമുൾബ്ബോധം കെട്ട രാക്ഷസനാഥനെ
ചൂഴെച്ചൂഴന്നു നില്പായി രാക്ഷസപ്പടയൊക്കയും.
ചിരാലുൾബ്ബോധമാർന്നിട്ടു രാവണൻ ലോകരാവണൻ
പരിക്കിയററി ലങ്കേശൻ മാന്ധാതാവിന്നു നിർഭരം;
ചിക്കെന്നശ്വാവദ്ധ്യമാം തേരുമുടച്ചു സമഹാബലൻ.
ഉടൻ മറെറാരു തേരേറി മാന്ധാതാവാഞ്ഞുചാട്ടിനാൻ
രാവണങ്കൽ,ക്കടമണിച്ചാർത്താക്കുമൊരു വേലിനെ.
സൂര്യന്റെ രശ്മിയെപ്പോലേ ചെന്തിയ്യിൻജ്വാല പോ
(ലെയും
ജ്വലിച്ചു ശോഭിയ്ക്കുവതായ് മാന്ധാതാവാഞ്ഞുവിട്ടതായ്
ചെന്നെത്തുമാ വേൽ ശൂലത്താൽപ്പൌലസ്ത്യൻ രജനീ
(ചരൻ
ചുട്ടെരിച്ചിതു ലങ്കേശൻ, പാററയെത്തിയ്യു പോലവേ.
മയൻ കൊടുത്ത നാരാചമെടുത്തഥ ദശാനനൻ
ഊക്കോടുകൂടിയാഞ്ഞെയ്താൻ;- ത്തുവല്ലാതെകൊൾകയാൽ
മൂർച്ഛിച്ച നൃപനെക്കണ്ടിട്ടിമ്പംപൂണ്ടാ നിശാചരർ
മുഴക്കീ സിംഹനാദങ്ങളാ,ർപ്പുമിട്ടു മഹാബലർ.
തെല്ലുനേരത്തിനാൽബ്ബോധംപൂണ്ടയോദ്ധ്യാധിനായകൻ,
ആ മാററാനെ മുദാ മാററാർ കൊണ്ടാടുവതു കാങ്കയാൽ
അരിശംകൊണ്ടു ദുർദ്ധർഷൻ സൂര്യചന്ദ്രസമപ്രഭൻ
വലച്ചാൻ വളരെബ്ബാണം വർഷിച്ചാശരസേനയെ. ൧൦

Digitized By Kerala Sahitya Akademi

അവൻെറ വിൽഞാണൊലിയാലപ്പിൻചീററത്തിനാലുമേ
പടയൊന്നിളകിത്തീന്നു,കോടംകൊണ്ടകടൽപോലവേ;
നരരാക്ഷസർ കൂടിച്ചേൎന്നുഗ്രമായ്ത്തീന്നിതാ രണം.
ക്രോധം പൂണ്ടോർ, മഹാത്മാക്കഠം നരരാക്ഷസസത്തമർ
വില്ലുവാളുകഠം കൈക്കൊണ്ടോർ വീരർ വില്ലുകുലച്ചവർ.
രാവണൻതങ്കൽ മാന്ധാതാവാ,നൃപങ്കലരക്കനും
പെരുതായരിശംകൊണ്ടു ശരവൎഷങ്ങഠം തൂകിനാർ.
തമ്മിൽ ക്ഷോഭിച്ചവർ പെരുത്തസ്ത്രമേററു ഞെരിഞ്ഞു (പോയ്.
ആ രാവണൻപ്രയോഗിച്ചു രൌദ്രാസ്ത്രത്തെമഹാബലൻ;
അഗ്നിവ്യാസ്ത്രത്തെ മാന്ധാതാവാഗ്നേയത്താൽവിലക്കി (നാൻ; 63
ഗാന്ധൎവ്വത്താൽദശഗ്രീവൻ വാരുണത്താൽ നൃപേന്ദ്രനും.
അയാളെടുത്താൻ ബ്രഹ്മാസ്ത്രം സൎവ്വഭൂതഭയാവഹം;
ദിവ്യം മഹാപാശുപതം മാന്ധാതാവൊന്നിളക്കിനാൻ.
ആഘോരരൂപമാമസ്ത്രം ത്രൈലോക്യഭയവൎദ്ധനം;
തപസ്സാൽശങ്കരവരംകൊണ്ടു നേടിയതു,ത്തമം
കണ്ടു ഭൂതങ്ങഠം ഞെട്ടിപ്പോയ് സ്ഥാവരങ്ങഠം ചരങ്ങളും:
ചരാചരയുതം മൂപ്പാരൊട്ടുക്കപ്പോഠം വിറച്ചുപോയ്;
വിറച്ചു സുരരെപ്പേരും, ലയം ശങ്കിച്ചു നാഗരും!
ഉടൻ, സമാധിയോഗത്താൽക്കണ്ടിട്ടാ മുനിപുംഗവർ,
പുലസ്ത്യനും ഗാലവനും വിലക്കീ നരപാലനെ, 70
തക്ക നാനാമൊഴികളാലാശരപ്പെരുമാളെയും;
മനുഷ്യനും രാക്ഷസനും തമ്മിൽ വൻപ്രീതിചേൎത്തവർ
ഹൃഷ്ടരായ്ത്തിരിയേപോയാർ, വന്നണഞ്ഞവഴിക്കു താൻ.

Digitized By Kerala Sahitya Akademi

# അധികപാഠം നാലാംസർഗ്ഗം:—
# ശിവാഷ്ടോത്തരശതനാമോപദേശം.

---

വിപ്രന്മാർ പോയതിൽപ്പിന്നെരാവണൻരാക്ഷസാധി
(പൻ
പത്തായിരം യോജനയുള്ളൊന്നാമത്തെ മരുൽപഥം
കടന്നാൻ പുഷ്പകത്താലേ സുതേജസ്വി മഹാബലൻ:
വാഴുന്നുണ്ടങ്ങു സന്ന്യാസിഹംസർ നന്മതികളവർ.
അതിൻമേല്പോട്ടു പോയ് രണ്ടാംമരുൽപഥവുമായവൻ:
അതിനും യോജനപ്പാട് പതിനായിരമാണുപോൽ;
അങ്ങെന്നുംചേർന്നുനില്പുണ്ടു മുമ്മട്ടാം മേഘമൊക്കവേ;
ആഗ്നേയം,പക്ഷജം,ബ്രാഹ്മം,മുമ്മട്ടിങ്ങിനെയാണുപോ
പിന്നെപ്പോയി, മികച്ചുള്ള മൂന്നാം മാരുതമാർഗ്ഗവും: (ൽ.
വാഴ്പുണ്ടങ്ങെപ്പൊഴും സിദ്ധചാരണന്മാർ മനസ്വികൾ;
യോജനപ്പാട പതിനായിരംതാനാണതിന്നുമേ.
പോയാൻ രാവണനവ്വണ്ണം നാലാം വായുപഥത്തിലും:
അങ്ങു പാർപ്പുണ്ടു ഭൂതങ്ങൾ വിനായകരുമായ്സ്സദാ.
പിന്നെപ്പോയ്, വിരവോടഞ്ചാമത്തതാം വായുമാർഗ്ഗവും:
യോജനപ്പാട പതിനായിരംതാനാണതിന്നുമേ;
ഗങ്ഗ വൻനദിയങ്ങല്ലോ, കുമുദാദിഗജങ്ങളും;
കൊമ്പനാനകൾ നില്പുണ്ടങ്ങു,ഗങ്ഗാംഭസ്സിൽ നിന്നവർ
നീർത്തുള്ളികൾ പൊഴിച്ചെങ്ങുമുളവാക്കുന്നു ശുദ്ധിയെ;
കൊമ്പന്മാർതുമ്പികൊണ്ടൂത്തു കാറേററം ചിതറിച്ചനീർ
വള്ളിക്കുടിലിൽ വീണിട്ടു മഞ്ഞായ്ത്തീരുന്നു രാഘവ!
ചില്പാടുചെന്നണഞ്ഞാനാ രാക്ഷസൻ സുമഹാദ്യുതേ,



Digitized By Kerala Sahitya Akademi

പത്തായിരം യോജനയുള്ളാറാം വായുപഥത്തിലും:
അങ്ങു വാഴുന്നു ഗരുഡൻ ജ്ഞാതിബന്ധുക്കളൊത്തവൻ സദാ.-
യോജനപ്പാടു പതിനായിരമുള്ളൊന്ന്,ത ന്നുമേൽ
എഴാമതാം വായുപഥ,മങ്ങു വാഴ്വു മഹർഷിമാർ.
പോയാനതിനുമുകളിലെട്ടാം വായുപഥത്തിലും:
പത്തായിരം യോജനയുള്ളങ്ങത്രേ ഗംഗതന്നിടം;
ആദിത്യമാർഗ്ഗേ മരവുമതാണാകാശഗംഗപോൽ;
കാററുലച്ചുമതിന്നുണ്ടാ,മേററമുക്കമിരമ്പവും.
അതിന്മേലോട്ടുമോതീടാം: ചന്ദ്രൻ നില്പതതിങ്കലാം;
ആവിധം യോജനപ്പാടു മീതെയെണ്പതിനായിരം:
ചന്ദ്രൻമേവുന്നതിങ്ങല്ലോ ഗ്രഹനക്ഷത്രസംയുതൻ;
ചന്ദ്രബിംബത്തിൽനിന്നുണ്ടാം നൂറുലക്ഷം മരീചികൾ
എല്ലാവക്കും സുഖം നല്കിശ്ശോഭിപ്പിപ്പൂ ജഗത്തിനെ.
ചന്ദ്രൻ ദശാസ്യനെക്കണ്ടു ചുട്ടെരിപ്പതിനാംവിധം
ശീതാഗ്നിയെച്ചൊരിഞ്ഞൂനാ രാവണങ്കൽപ്പൊട്ടുന്നനെ.
ശീതാഗ്നിയെസ്സഹിച്ചീലാ തദമാത്യർ ഭയാർത്തിതർ;
പ്രഹസ്തൻ ജയശബ്ദം പൂണ്ടോതീ രാവണനോടടൻ:-
'തമ്പുരാനേ, തണുപ്പൊട്ടല്ലി;-ങ്ങുനിന്നു തിരിച്ചു നാം:
ചന്ദ്രരശ്മിപ്രതാപത്താലരക്കർ ഭയമാണ്ടുപോയ്; ൨൦
തൻകാന്തികൊണ്ടീശ്ശീതാംശു രാജേന്ദ്ര, ദഹനാത്മകൻ!'
പ്രഹസ്തവചനംകേട്ടിട്ടരിശം മൂത്ത രാവണൻ
വില്ലെടുത്തൊലിചേർത്തെയ്തു നാരാചങ്ങളവൻറമേൽ.
അപ്പോൾ ബ്രഹ്മാവുഴറേറാടേ ചന്ദ്രലോകത്തിലെത്തി
(നാൻ:
'ദശഗ്രീവ,മഹാബാഹോ,സാക്ഷാൽപൌലസ്ത്യനന്ദന,-

Digitized By Kerala Sahitya Akademi

പോകിഞ്ഞുനിന്നുടൻ സൌമ്യ, ചന്ദ്രകൽശ്ശ്വരമെയ്യോലാ;
പാരിന്നുഹിതമോപ്പോറീ ദ്വിജരാജൻ മഹാദ്യുതി.
നിനക്ക മന്ത്രവുംനല്കാം പ്രാണനാശഭയാപഹം:
ആരീ മന്ത്രം സ്മരിച്ചീടുമവന്നു മരണംവരാ.'
എന്നു കേട്ടുദശഗ്രീവൻ ദേവനെത്തൊഴുതോതിനാൻ:—
'എന്നിൽദ്ദേവ,തെളിഞ്ഞെങ്കിൽ, ഞാനനുഗ്രാഹ്യനെങ്കി (ലോ,
മഹാമന്ത്രം തരാമെങ്കിൽ,ത്തന്നാലും മമ ധാമ്മിക.
ത്വജ്ജപാൽ മേ മഹാഭാഗ, നീങ്ങേണം ദേവതാഭയം;
അമത്ത്യരിൽദ്ദാനവരിൽ ഖഗങ്ങളിലുമൊക്കവേ
തീരെനിർഭയനാമല്ലോ നിൻപ്രസാദാൽസ്സുരേശ, ഞാൻ!'
എന്നോതിയാറേബ്രഹ്മാവുംദശാസ്യനൊടുചൊല്ലിനാൻ:-
ജപിയ്ക്കാം പ്രാണനാശത്തിൽ, നിത്യമല്ലാശരാധിപ:
ജപമാലയെടുത്തിട്ടിപ്പുണ്യമന്ത്രം ജപിയ്ക്കണം;
ജപിയ്ക്കാഞ്ഞാൽത്തവ വരാ സിദ്ധി രാക്ഷസസത്തമ.
കേട്ടുകൊള്ളുക, മന്ത്രം ഞാൻ ചൊല്ലാംരാക്ഷസപു (ങ്ഗവ; നം
മന്ത്രത്തിൻപേരുചൊന്നാൽത്താൻ നേടും നീ പടയിൽ ജ്ജയം:

## ശിവാഷ്ടോത്തരശതം.

തൊഴാം തേ ദേവദേവേശ സുരാസുരനമസ്കൃത,
ഭൂതഭവ്യമഹാദേവ,ഹര, പിങ്ഗളലോചന.
ബാലൻ വൃദ്ധസ്വചത്രുപൻ നീപുലിത്തോൽമുണ്ടുടുത്തവൻ;
നീയച്ചനീയനാം ദേവ, മൂപ്പാരിൻപ്രഭുവീശ്വരൻ;

Digitized By Kerala Sahitya Akademi

ഹരൻ ഹരിന്നേമി ഭവാൻ യുഗാന്തദഹനാനലൻ
ഗണേശ്വരൻ ലോകശംഭു ലോകപാലൻ മഹാഭുജൻ
മഹാദേവൻ മഹാശൂലി മഹാദംഷ്ട്രൻ മഹാഭുജൻ
കാലൻ കാലസ്വരൂപൻതാൻ നീലഗ്രീവൻമഹോദരൻ
വേദാന്തഗൻ വേദമയൻ പശുക്കൾക്കീശനവ്യയൻ ൩൫
ശൂലിശൂലധ്വജൻ കാപ്പോൻ നേതാവഥ ശിവൻ ഹരി;
ശിഖണ്ഡിജടിലൻ മുണ്ഡി ലഗുഡാഢ്യൻ സുകീർത്തിമാൻ
ഭൂതേശ്വരൻ ഗണാധ്യക്ഷൻസർവ്വാത്മാ സർവ്വഭാവനൻ
സർവ്വദൻ സർവ്വസംഹാരി സൃഷ്ടിപ്പോൻ ഗുരുവവ്യയൻ
കമണ്ഡലുധരൻ ദേവൻ പിനാകിയഥ ധൂർജ്ജടി
മാനിസ്സൂത്തക്കവൻ പൂജ്യനോങ്കാരം സാമവേദഗൻ
മൃത്യു നീ മൃത്യുവിൻഭൂതൻ പാരിയാത്രൻ ശുഭവ്രതൻ;
ബ്രഹ്മചാരി ഗൃഹി യോഗി വീണാപണവതൂണവാൻ
അമരൻ ദർശനീയൻ നീ ബാലമാർത്താണ്ഡസന്നിഭൻ
ശ്മശാനചാരിഭഗവാനുമാപതിയരിന്ദമൻ ൪൦
ഭഗനേത്രപ്രമഥനൻ പൂഷാവിൻ പൽകൊഴിച്ചവൻ
ജ്വരഹർത്താ പാശഹസ്തൻ പ്രളയം കാലമങ്ങിനെ
ഉൽക്കാമുഖൻ വഹ്നികേതു മുനി ദീപ്തൻ വിശാംപതി
ഉന്മാദമോഹനകരൻ സമർത്ഥൻ ത്രിദശോത്തമൻ
വാമനൻ വാമദേവൻ പ്രാഗ്ദക്ഷിണ്യഃപ്പുറമുള്ളവൻ
ഭിക്ഷു താന്താൻ ഭിക്ഷുരൂപി ജടിലൻ ത്രിജടാന്വിതൻ
ചക്രഹസ്തൻ പ്രതിഷ്ടംഭി ചമൂസ്തംഭനനങ്ങിനെ
ഋതുകൃത്താം കാലമൂത്തു മധു നീ മധുരേക്ഷണൻ;
വാനസ്പത്യൻ ശീകരൻ നീ നിത്യമാശ്രമപൂജിതൻ
ജഗദ്ധാതാവു കർത്താവു സനാതനനജൻ പുമാൻ; ൪൫

Digitized By Kerala Sahitya Akademi

ധമ്മാധ്യക്ഷൻ വിരൂപാക്ഷൻ ത്രിവത്മാ ഭൂതഭാവനൻ
ത്രിണേത്രൻ ബഹുനേത്രൻ നീ സൂര്യായുതസമപ്രഭൻ
അഭിദേവൻ ദേവദേവൻ ജടയിൽച്ചന്ദ്രനുള്ളവൻ
ആട്ടവും കൂത്തുമുടയോൻ മുഴവാർതിങ്ങൾനേർമുഖൻ;
സുബ്രഹ്മണ്യൻ ശരണ്യൻ നീ സവ്ദേവമയൻ തഥാ
ഭൂതങ്ങൾക്കൊക്കെയാവാസം ബന്ധമെല്ലാമറുക്കുവോൻ
മോഹനൻ വഞ്ചനംചെയ്യോൻ സപ്പധാരി വരോത്തമൻ
പുഷ്പദന്തൻ വിഭാഗൻ നീ മൃത്യുവൊക്കെ ഹരിപ്പവൻ
ധനുദ്ധരൻ ഹരിശ്മശ്രു ഭീമൻ ഭീമപരാക്രമൻ
ഭക്താഭീഷ്ടപ്രദൻ സ്ഥാണു പരമാത്മാവു ശാശ്വതൻ. ൫൦

---

ഞാനുരച്ചീടിനേൻ പുണ്യനാമം നൂററെട്ടിതുത്തമം;
ജപിച്ചാലിതു മാററാരെ നശിപ്പിയ്ക്കും ദശാനന!'
രാവണന്നിങ്ങിനെ വരം കൊടുത്തക്കമലോദ്ഭവൻ
നിത്യമാം ബ്രഹ്മലോകത്തെയ്ക്കലസാതെ മടങ്ങിനാൻ;
വരം വാങ്ങിച്ചു തിരിയേ പോനു രാവണനും തദാ.

## അധികപാഠം അഞ്ചാംസൎഗ്ഗം:
## കപിലദശനം.

---

പിന്നീടൊരിയ്ക്കൽബ്ഭുവനം വിട്ടു പോന്നിട്ടു രാവണൻ
പടിഞ്ഞാറാഴിയിൽച്ചെന്നു സചിവാശരർതമ്മൊടും.
ദ്വീപിൽക്കാണായിതവനു ചെന്തിയ്യിൻനിറമൊത്തൊ

(രാൾ

മികച്ച പൊന്നുപോലുള്ളോരൊററയേ്യാ നിന്നിടുന്നതായ്,
പ്രളയത്തിൽക്കൊടുംതിയ്യു കത്തിക്കാണാവ്വതുംവിധം!
ഏമ്മട്ടമരരിൽശ്ശുക്രൻ, ഗ്രഹവഗ്ഗത്തിലക്കനും,
ശരഭങ്ങളിലോ സിംഹ,മൈരാവതമിഭങ്ങളിൽ,
മരക്കൂട്ടത്തിൽ മന്ദാരം, പവ്വതങ്ങളിൽ മേരുവും
അമ്മട്ടിൽക്കാണുമാറായീ, കബന്ധത്തിൽത്തീകണക്കവൻ.
നാനാരവത്തിൽഗ്ഗജ്ജിപ്പോൻ കൈകൾ ഞാന്നു ഭയ
(ങ്കരൻ ൭

ദംഷ്ട്രാലൻ വികടൻ കംബുകണ്ഠനോജസ്സു കൂടിയോൻ
മണ്ഡൂകകുക്ഷി പിങ്ഗാക്ഷൻ കൈലാസശിഖരോപമൻ
ഭീമൻ ചെന്തണ്ടലർമുഖൻ പൊൻപൂത്താർക്കാലടിയുള്ളവൻ
മഹാകായൻ മഹാനാദൻ മനോവായുജവാന്വിതൻ
ഭീമൻ തൂണികൾ ബന്ധിച്ചോൻ സഖഡ്ഗാബദ്ധചാമരൻ
ജ്വാലാമാലാപരിവൃതൻ കിങ്ങിണിസ്വനമൊത്തവൻ
പൊന്തണ്ടാർമാല മാറ്ത്തട്ടതന്നിൽത്തൂങ്ങിക്കിടപ്പവൻ
ജുഗുപ്സം പോലെ ശോഭിപ്പോൻ പൊൻപൂത്താർമാലയണി
(ഞ്ഞവൻ

പൊങ്ങുന്നിനൊത്തോനവനോടണ്ടുനക്ഷന്നിനൊത്തവൻ
പറഞ്ഞിതുദശഗ്രീവൻ,'പോരെനിയേ്യാകുകെന്നു'താൻ; ()
എന്നിട്ടമാത്യരൊത്തുച്ചമാത്തു ബലി ദശാനനൻ
ശൂലപട്ടിപട്ടസം വേലുമെടുത്താ രാക്ഷസോത്തമൻ.
സിംഹം വ്യാഘ്രത്തിനാൽപ്പോലേ കാളയാലാന പോലെ
(യും,

ആടിനാൽമേരുപോലാ,ററിൻചാട്ടത്താലാഴിപോലെയും
കുലുക്കപ്പെട്ടിടാതായാൾ ചൊല്ലീ രാവണനോടുടൻ:—

Digitized By Kerala Sahitya Akademi

“നിന്നാടർക്കൊതി രക്ഷസ്സേ, തീത്തേയ്ക്കാമിന്നു ദുമ്മതേ!”
എന്നേട്ടോ രാവണനൂക്ഷ സവ്വലോകഭയങ്കരം,
അമ്മട്ടനേകായിരമൃക്കവനിൽച്ചേർന്നിരുന്നപോൽ:
അവന്റെയക്കണ്ണാശ്ചൎയ്യം ഗ്രഹജാലം കണക്കിനെ;
പൽകടിക്കുന്നതിൻ ശബ്ദം,മാട്ടചക്കിന്റെപോലവേ. ൪൫
അവന്നു ധർമ്മം തപവും ജഗത്സിദ്ധിപ്രദായകം
ചേർന്നിരിപ്പൂ തുടകളിൽ;-ശ്ലിഷ്ടേ മേവുന്നു മന്മഥൻ;
വിശേഷദേവർനിതംബത്തിൽ,ശ്ലിഷ്ടസ്സിങ്കൽ മരുത്തുകൾ,
വസുക്കളെട്ടമരുമല്ലുദരത്തിൽപ്പയോധികൾ,
പാർശ്വങ്ങളിൽദ്ദിക്കുകളും, മൈസ്സന്ധികളിൽ മാരുതർ,
പൃഷ്ഠേ വാഴ്‌വൂ പിതൃഗണം ഹൃദയത്തിൽപ്പിതാമഹൻ;
ഗോദാനങ്ങൾ, വിശുദ്ധങ്ങൾ ഭൂമിദാനങ്ങളങ്ങിനെ
സ്വർണ്ണദാനങ്ങളിതുകൾ നില്പൂ രോമങ്ങളിൽസ്സദാ;
ഹിമവാൻ,ഹേമകൂടാദ്രി, മന്ദരം, മേരുവെന്നിവ
അപ്പമാനെസ്സമാലംബിച്ചസ്ഥിയായിട്ടുനില്ക്കുയാം; ൫൦
ഭുവാണവന്റെമാറത്രേ; ദ്യോവു മെയ്യിങ്കൽ നില്പതാം;
രണ്ടുസന്ധ്യയുടൽസ്സന്ധി; മേഘനസ്ഥങ്ങൾ കാറുകൾ;
കൈകൾ ധാതൃവിധാതാക്കൾ; ഭഗപൂഷാക്കൾ കൈ
(പ്പടം;
ഐരാവതം, വിശാലാക്ഷൻ, ശേഷൻ, വാസുകിയങ്ങി
കംബളാശ്വതരാഹീന്ദ്രർ, കക്കോടകധനഞ്ജയർ, (വെ
ആശേഘാരവിഷമാം നാഗം തക്ഷകൻ സോപതക്ഷകൻ
ഇവർ നില്പൂ വിഷം തീണ്ടിപ്പാനവന്റെ നഖങ്ങളിൽ;
അവന്റെ മുഖമാണഗ്നി; രുദ്രർ വാഴുന്നു തോൾകളിൽ;
ദിനങ്ങൾമാസങ്ങളെ;-കിറിണയിങ്കലൃതുക്കളാം;

Digitized By Kerala Sahitya Akademi

മൂക്കോ കറുത്ത വാവത്രേ; തദ്രന്ധ്രങ്ങളില്‍ മാരുതര്‍; വഹ്നി
ആയവന്റെ കഴുത്തത്രേ, വാണീദേവി സരസ്വതി;
ഇരുകാതശ്വിനീദേവര്‍; ചന്ദ്രഭാസ്കരര്‍ കണ്ണുകള്‍;
ആമ്നായാങ്ഗങ്ങള്‍,യജ്ഞങ്ങളെ,നല്ല വലമട്ടിലായ്
സദ്വൃത്തമൊത്ത വാക്യങ്ങള്‍,തേജസ്സിദ്ധിതപസ്സുകള്‍
ഇവയും ചേര്‍ന്നിരിപ്പുണ്ടാ നരരൂപന്റെ മേനിയില്‍.
അദ്ദേഹമഥ കൈമുഷ്ടി ചുരുട്ടിക്കളിമട്ടിലായ്
പത്തുകൈയൊന്നിടിച്ചപ്പോള്‍ മന്നില്‍ വീണിതു രാക്ഷ
വീണരാക്ഷസനെക്കണ്ടുമണ്ടിച്ചാന്‍യാതുധാനരെ; (സന്‍.
ജലദസന്നിഭനവന്‍ പൊന്മാര്‍മാലയണിഞ്ഞവന്‍
പിന്നെപ്പാതാളമുള്‍പ്പുക്കാന്‍ നടക്കും കന്നിനൊത്ത
(വന്‍. ൩൦

ദശാസ്യനുമെഴുന്നേററു വിളിച്ചു തന്നമാത്യരെ:–
‘എങ്ങോട്ടുപോയ്? ദ്രുതം ചൊല്ലിന്‍പ്രഹസ്തശുകസാര
(ണര്‍.’
ഈ രാവണോദിതം കേട്ടു രാക്ഷസന്മാരുമോതിനാര്‍:—
‘അപ്പുമാനിങ്ങുതാന്‍ പൂകീ ദേവദൈത്യമദാപഹന്‍.’
പിന്നെഗ്ഗരുത്മാന്‍സര്‍പ്പത്തെപ്പോലെ വാളേന്തിയൂക്കൊടേ
ചിക്കെന്നവന്‍ ബിലദ്വാരമകംപുക്കാന്‍ ദുരാശയന്‍.
ആ ദ്വാരം ചെന്നകംപുക്ക രാവണന്‍ വരനിര്‍ഭയന്‍
കണ്ടാനങ്ങു നരന്മാരെ, നീലാഞ്ജനചയാഭരെ,
ശൂരരെ,ത്തോള്‍വളയുമായ്, രക്തമാല്യാനുലേപരെ,
ഹാരം കൈമോതിരം തൊട്ട മൈക്കോപ്പുംചാര്‍ത്തിയോര്‍
കാണായിതങ്ങു മുക്കോടി മഹാന്മാരാട്ടമാടുവോര്‍ (കളെ.
നിത്യോത്സവര്‍ ഭയോപേതര്‍ പാവകപ്രഭര്‍ നിര്‍മ്മലര്‍.

Digitized By Kerala Sahitya Akademi

ഭയം കൂടാതെ വിഹരിയ്ക്കുന്നാ മുക്കോടിയാളുകളെ
ദ്വാരസ്ഥൻ രാവണൻ പാർത്താൻ രാക്ഷസൻ ഭീമവിക്ര
ആക്കാണപ്പെട്ട നരന്നു തുല്യരാണവരേവരും— (മൻ·
മെയ്യൊന്നു, കെല്പൊന്നു, നിറമൊന്നി,—മട്ടതിസത്വ
(രായ്
കൈനാലുള്ള മഹോത്സാഹന്മാരെക്കണ്ടിതു രാവണൻ;
അവരെക്കണ്ടു രോമാഞ്ചിതാങ്ഗനായ്പ്പോയ്ദശാനനൻ!
നടന്നാനങ്ങുനിന്നാശു വേധസ്സിൻവരമാന്നവൻ;
പിമ്പങ്ങുകണ്ടുപാമ്പിന്മേൽക്കിടക്കുംമറ്റൊരുത്തനെ:
വെണ്മപൂണ്ടു വിലപ്പെട്ട കൌസ്തുഭത്താൽവിളങ്ങിയോൻ
പള്ളികൊള്ളുകയാണങ്ങു തീപ്പൂതപ്പോടുമപ്പുമാൻ.
ദിവ്യമാല്യാനുലേപാഢ്യദിവ്യമൈക്കോപ്പണിഞ്ഞവൾ
സാധ്വി ദിവ്യാംബരം പൂണ്ടോൾ മുപ്പാരിന്നൊരുഭൂഷണം
വെൺചാമരം കയ്യിലെടുത്തങ്ങിരിപ്പുണ്ടു ദേവിയും
സ്വപദ്മ ലക്ഷ്മി വെളിയിൽത്തിളങ്ങും ലോകസുന്ദരി.
അച്ചാരുസ്മിതയെക്കണ്ടാ ലങ്കേശൻ പരിഹൃഷ്ടനായ്
പിടിപ്പാൻനോക്കിനാൻസിംഹാസനേമേവുന്ന സാധ്വി
(യെ;
അമാത്യരോടു വേർപെട്ടങ്ങപ്പോൾദുർബ്ബുദ്ധി രാവണൻ
കാമന്നുകീഴ്പെട്ടു,വളെപ്പിടിച്ചുകൂടാനൊരുങ്ങിനാൻ,
ഉറങ്ങും പാമ്പിനെപ്പോലെ രാവണൻ കാലചോദിതൻ.
ഉടൻ, മഹാഭുജൻ ദേവൻ, തിയ്യുകൊണ്ടു പുതച്ചവൻ,
പിടിപ്പാൻനോക്കുവതറിഞ്ഞു,പ്പുതപ്പിനെനീക്കിനാൻ;
ആ രാക്ഷസേശനെപ്പാർത്തിട്ടുള്ളത്തിൽച്ചിരിക്കൂട്ടിനാൻ.
അവന്റെ തേജസാ വെന്തു രാവണൻ ലോകരാവണൻ
അപ്പാതാളതലേ രാമ, നെടുതാം ശ്വാസവായുവാൽ



Digitized By Kerala Sahitya Akademi

വേരറുത്ത മരം പോലെ പാരിടത്തിങ്കൽ വീണുപോയ്.
രാക്ഷസൻ വീണതുമറിഞ്ഞേവമൊന്നുരിയാടിനാൻ:-
'എഴുന്നേല്ക്കാശരശ്രേഷ്ഠ, നിനക്കില്ലധുനാ മൃതി:
നിന്നെപ്പുലൎത്തും ബ്രഹ്മാവിൻവരം രാവണ,രക്ഷ്യമാം; ൨൦
പോകരാവണ, കില്ലെന്ന്യേ; ചാവുകില്ലിങ്ങുവെച്ചു നീ.
ഉണൎന്നു തെല്ലുനേരത്താലാശരൻ ഭീമവിക്രമൻ;
ആ മഹാത്മാവിനെക്കണ്ടു രാവണൻ ഭയമാണ്ടുപോയ്.
ഇതുകേട്ടിട്ടെഴുന്നേററു കോൾമയിർക്കൊണ്ടു രാവണൻ
ആ മഹാധൃതിയോടങ്ങു ചോദിച്ചാൻ ദേവകണ്ടകൻ:—
'ആരാണു ശൌൎയ്യമേറും നീ പ്രളയത്തിയ്യിനൊത്തവൻ?
ചൊല്ക നീ, സൎവ്വദേഹത്തിലമരും ദേവദേവനോ?'
ദുൎബ്ബുദ്ധിയാം രാവണനീവണ്ണം ചോദിച്ചനേരമേ
ചിരിച്ചദ്ദേവനും ചൊന്നാൻ മേഘഗംഭീരശബ്ദമായ്:-
'എന്നാൽ നിനക്കെന്തു?-ചിരാൽ വധ്യനാം നീ ദശാ
(സ്യ,മേ.' ൨൫
എന്നു കേട്ടിട്ടു തൊഴുകൈ പൂണ്ടു ചൊല്ലീ ദശാനനൻ:-
ബ്രഹ്മാവിൻവാക്കുമൂലം ഞാൻമൃത്യുവിൻകീഴ്പ്പെടാത്തവൻ;
പിറക്കില്ല പിറന്നിട്ടില്ലമൎത്ത്യരിലുമെൻസമൻ.
ബ്രഹ്മാവിൻെറ വരം വീൎയ്യത്താലെവൻ പാഴിലാക്കുമോ,
അവങ്കൽ മറുകയ്യില്ലാ യത്നവും ഹന്ത, ദുൎല്ലഭം!
എന്നാൽ മൂപ്പാരിലില്ലാ,രുമാ വരം പാഴിലാക്കുവാൻ;
ദേവേശ, മൃത്യുഹീനൻ ഞാന;-തിനാൽപ്പേടിയില്ലമേ.
അങ്ങയാൽ മൃത്യു വന്നേയ്ക്കാമെനിയ്ക്കി,ല്ലന്യനാൽ പ്രഭോ;
ശ്ലാഘ്യവും കീൎത്തിദവുമാണെ,നിയ്ക്കീ മൃതിയങ്ങയാൽ.'
പിന്നീട,ദ്ദേവദേവൻെറ മെയ്യിൽ ത്രൈലോക്യമൊക്കെ
(യും ൩൦

Digitized By Kerala Sahitya Akademi

കണ്ടു ചരാചരോപേതം രാവണൻ ഭീമവിക്രമൻ:
ആദിത്യവസുരുദ്രന്മാർ, മരുത്തുകളു,മശ്വികൾ,
പിതൃക്കൾ, സിദ്ധരെ,ന്നല്ല പിന്നെ വൈശ്രവണൻ, (യമൻ
ആഴിശൈലങ്ങൾ,പുഴകൾ, വിദ്യ, മൂന്നഗ്നി, വേദവും,
ഗ്രഹതാരങ്ങളാ,കാശം സാധ്യഗന്ധർവ്വചാരണർ,
വേദജ്ഞരാമൃഷീന്ദ്രന്മാർ, ഗരുഡൻ, പന്നഗങ്ങളും,
മററുദേവകളും, ദൈത്യാസുരന്മാരു,മരക്കരും
കിടക്കവോൻെറമെയ്യിങ്കൽക്കാണായീസൂക്ഷ്മരൂപമായ്.''

ചോദിച്ചു ധാർമ്മികൻ രാമനഗസ്ത്യർഷീന്ദ്രനോടുടൻ:-
'ദ്വീപിലുള്ളാപ്പുമാനാരാ? മുക്കോടിപ്പേരുമാരുവാൻ? നൃമ
പള്ളികൊണ്ട പുമാനാരു ദൈത്യാസുരമദാപഹൻ?'
രാമൻെറ വചനം കേട്ടിട്ടഗസ്ത്യമുനിയോടിനാൻ:-
''കേട്ടാലുമുരചെയ്തീടാം: ദേവദേവൻ സനാതനൻ
കപിലൻ ഭഗവാനത്രേ രാമ,ദ്വീപസ്ഥനാം നരൻ;
അവൻ നാരായണൻ ദേവൻ ശംഖചക്രഗദാധരൻ
ഭൂതങ്ങളെച്ചമയ്ക്കുന്നോനാവിധം സംഹരിപ്പവൻ
അനാദിയച്യുതൻ വിഷ്ണു നിത്യൻ പ്രഭവമവ്യയൻ.
അങ്ങാട്ടമാടിട്ടുന്നോരരോ, ദേവന്മാരാണു രാഘവ;
ധീമാൻ നരൻ കപിലനു നേരാം തേജഃപ്രതാപികൾ.
നോക്കീല കോപിച്ചവിടുന്നു,തിനാലാണു രാവണൻ
വെണ്ണീറാകാഞ്ഞതു വിഭോ, ദുരാത്മാവായ രാക്ഷസൻ.
പാടി,മന്നിൽമലയ്ക്കൊപ്പം വീണതേയുള്ളു രാവണൻ;
ചൊല്ലുമ്പോളവനെക്കീറീ, ഗോപ്യത്തെപ്പിളുനൻപടി.
പിന്നെപ്പേരുത്തുനേരത്താൽബ്ബോധംപൂണ്ടാനിശാചരൻ

Digitized By Kerala Sahitya Akademi

പോന്നാൻ, സചിവർ നിന്നീടമിടത്തെയ്ക്കസ്ഥവീയ്യവായ്;
അവരൊത്താശു ലങ്കയ്ക്കതാൻ തിരിച്ചാൻ ദശാനനൻ."
ഈ വാക്കൊട്ടുകൾ കേട്ടിട്ടാശ്ചയ്യമെന്നായി രാഘവൻ;
രാമൻെറയരികത്തങ്ങു പൂജിയ്ക്കപ്പെട്ടിരിപ്പവർ
ആശ്ചയ്യമെന്നാർ കപികളരക്കരിവരും തദാ.
രാമന്നരികിലായ് മേവും വിഭീഷണനുമോതിനാൻ:— ൭൭
'ആശ്ചയ്യ,മാപ്പണ്ടു കഴിഞ്ഞതതിന്നോമ്മയിലാക്കി മേ!'
അഗസ്ത്യനോതിനാൻ:—"രാമ,കേട്ടല്ലോനീയിതൊക്കയും;
കണ്ടു സൽകൃതരായ്ത്തിന്നത്തങ്ങാം രാമ,ഗമിയ്ക്കയായ്."

## ഇരുപത്തിനാലാംസർഗ്ഗം:
## സോദരീസമാശ്വാസനം.

മടക്കത്തിൽ വഴിയ്ക്കിമ്മം പൂണ്ടാദുബ്ബുദ്ധി രാവണൻ
കവന്നു ദേവരാജഷിദാനവപ്പെങ്കിടാങ്ങളെ:
നല്ലോരു പെണ്ണോ പെൺതന്വോ കാണായാലാ, നിശാ
(ചരൻ
ബന്ധുക്കളെക്കൊന്നവളെ വിമാനത്തിൽത്തടഞ്ഞിടും.
ഏവം രാക്ഷസദൈത്യാഹിമനുഷപ്പെങ്കിടാങ്ങളെ
വിമാനത്തിലവൻ കേററീ യക്ഷീദാനവിമാരെയും.
അവരെപ്പേരുമൊരുപോലഴലാൽ വാത്തു കണ്ണുനീർ
തീജ്വാലപോലുള്ളൊന്നങ്ങു ശോകാഗ്നിഭയസംഭവം.
ചാരുസവ്വാങ്ഗികളവരാ,ർകളാഴിയിലാംവിധം
ഭയശോകാശിവാശ്രുക്കളാ വിമാനേ നിറഞ്ഞുപോയ്. ൫

Digitized By Kerala Sahitya Akademi

ഗന്ധർവ്വിമാർ നാഗികളും മഹർഷിപ്പെൺകിടാങ്ങളും
കേണാർ വിമാനേ വളരെദ്ദൈത്യമാനവമാതരും:
കുന്തൽ നീണ്ടവർ വാർതിങ്കൾമുഖിമാർ മുഗ്ദ്ധഗാത്രിമാർ
വട്ടണിക്കൊങ്കമാർ വജ്രവേദിയ്ക്കൊത്തര മിന്നുവോർ
തേർച്ചക്രം പോലെയാം ശ്രോണിത്തട്ടിനാൽക്കരൾ കക്കു(വോർ
ദേവസ്ത്രീയെതിർനല്ലാർകൾ തങ്കപ്പൊൻകാന്തി തങ്കുവോർ
ശോകദുഃഖഭയത്രാസാൽത്തളർന്നിതു സുമദ്ധ്യമാർ.
അവർതൻനെടുവീർപ്പാലേ നാലുപാടും ജ്വലിയ്ക്കയാൽ,
തീയിട്ടോരഗ്നികുണ്ഡത്തിന്നൊപ്പമായ്ത്തീർന്നു പുഷ്പകം.
ദശാസ്യങ്കീഴിലാം ശ്യാമസ്ത്രീകൾ മാലാണ്ടുഴന്നുപോയ്
സിംഹംപിടിച്ച പെൺമാൻകൾപോലെദീനാനനാക്ഷിമാ(ർ.
ഒരുത്തി ചിന്തിച്ചിതതിലെ,'ന്നൊത്തീനാക്കിയേയ്ക്കുമോ!'
മാൽ മൂത്തൊരുത്തി ചിന്തിച്ചാളെ, 'ന്നെക്കൊന്നേയ്ക്കുമോ (ഇവൻ!'
എന്നു,ച്ഛ,നമ്മ, കണവൻ ഭ്രാതാവിവരെയോർത്തുടൻ
ദുഃഖശോകങ്ങളേറെയൊപ്പം വിലപിച്ചു വധൂടിമാർ:-
'എന്നോടു വേർപിരികയാലെമ്മട്ടായ്‌വരുമെന്മകൻ?
ഭ്രാതാവെമ്മട്ടു,മ്മയെമ്മട്ടു,ല്ലലാഴിയിലാണ്ടവർ?
അയ്യോ, ഞാനെന്തു ചെയ്യേണ്ടു ഭർത്താവദ്ദേഹമെന്നിയേ?
മൃത്യുവേ, ദയ ചെയ്ക.ത്താലാണ്ടെന്നെക്കൊണ്ടുപോക നീ.
മുൻജന്മത്തിങ്കലെന്തൊന്നു ചെയ്തിരിയ്ക്കുന്നു ദുഷ്കൃതം,
ഏവം മാലാണ്ടു നാമെല്ലാമല്ലലാഴിയിൽ വീഴുവാൻ?
നാമിന്നു കാണ്മതില്ലല്ലോ തന്മാലിതിനൊരററവും;

Digitized By Kerala Sahitya Akademi

അയ്യോ, മോശം മർത്ത്യലോകം! മററില്ലധമമിങ്ങിനെ:
ഈ നമ്മൾതൻ ദുർബ്ബലരാം നാഥരെബ്ബലി രാവണൻ
മുടിച്ചല്ലോ താരകളെക്കാലോല്പദ്രുതാനുഭോലവേ.
അയ്യോ, രാക്ഷസദുർജ്ജനൻ വധോപായങ്ങൾ തേട
(വോൻ!
അയ്യോ, ദുഷ്പ്രവൃത്തി പൂണ്ടിട്ടു വെറുക്കുന്നില തൻെറമേൽ!
സർവ്വഥാ തക്കതായൊന്നീ,ദുരാത്മാവിൻെറ വിക്രമം;
തക്കതല്ലാ, പരസ്ത്രീകൾതമ്മെത്തീണ്ടീടുമിത്തൊഴിൽ.
പരസ്ത്രീരതനാണല്ലോ പരമീ രാക്ഷസാധമൻ; ൨൦
അതിനാൽ സ്ത്രീനിമിത്തം താൻ വധമേല്ക്കും ദുരാശയൻ.'
പതിവ്രതപ്പെണ്മണിമാരിതു ചൊല്ലിയ നേരമേ
വാനിൽഭേരികൾ ശബ്ദിച്ചു; പോഴിഞ്ഞു പുഷ്പവർഷവും.
നൽപ്പതിവ്രതമാരാകും സ്ത്രീകളൊപ്പം ശപിക്കയാൽ
ഓജസ്സററാ,ളി കെട്ടു,ൾക്കാമ്പിടിഞ്ഞപടിയാ,യവൻ.

ഇവണ്ണം തദ്വിലപിതം കേട്ടുകൊണ്ടാശരർഷഭൻ
പൂകീ ലങ്കാപുരം നക്തഞ്ചരരാൽപ്പൂജ്യമാനനായ്.
അന്നേരംഘോരയായോരു കാമരൂപിണി രാക്ഷസി
പെട്ടെന്നു മന്നിലായ് വീണാളാ രാവണസഹോദരി.
അപ്പെണ്ണിനെയെഴുന്നേല്പിച്ചാശ്വസിപ്പിച്ചുരാവണൻ ൨൫
ചൊന്നാനി,'തെന്തുവാൻ ഭദ്രേ, ചൊല്ലാൻ ഭാവിപ്പതാ
(ശുനീ?'
ബാഷ്പം നിറഞ്ഞ കണ്ണോടേ കൺ ചുകന്നവളോതി
നാൾ:-
'ബലവാൻ നീ മമ ബലാൽ വൈധവ്യം ചേർത്തു മന്നവ:
അദ്ദൈത്യവീരരെക്കൊന്നുവല്ലോ നീ പോരിൽ മന്നവ;

Digitized By Kerala Sahitya Akademi

പതിന്നാലായിരംപേരെ,ക്കാലകേയസമാഖ്യരെ;
പ്രാണനെക്കാൾ മികച്ചോരെൻഭർത്താവതിൽ മഹാ
(ബലൻ;
കൊന്നിതങ്ങോരെയും താത, ഭ്രാതൃരൂപനരാതി നീ!
ഹനിച്ചു ബന്ധുവാകുന്ന നീ താന്താനെന്നെമന്നവ:
വൈധവ്യവും ഞാൻ പേറേണ്ടിവന്നു നിന്നാലെ മന്നവ!
ജാമാതാവിനെരക്ഷിയ്ക്കുവേണ്ടയോ പോർകളിൽഭവാൻ?
അവനെപ്പോരിൽനീതന്നേകൊന്നു; നാണവുമില്ലതേ!"
പെങ്ങളിങ്ങിനെ കേണോത്തു ചൊല്ലിയാറേ ദശാനനൻ
ആശ്വസിപ്പിച്ചവളൊടു സാമമായേവമോതിനാൻ:—
'പോരും നീ കേഴ്‌വതെൻകുഞ്ഞേ; പേടിയും വേണ്ടാരേ
(ടവും:
ദാനമാനപ്രസാദാൽത്തേ മോദമാപോളമേകുവൻ.
പോർമദംപൂണ്ടുഴറേറാടേ ജയമോർത്തു്പ്പൂരുകവേ
അറിയാതായമർകളിൽ സ്വപരന്മാരെ ഞാൻ ശുഭേ.
ജാമാതാവെയറിഞ്ഞില്ലാ പോർമത്താൽപ്പൊരുതുന്ന
(ഞാൻ;
അതിനാൽക്കൊന്നുപോയ് പോരിൽ നിൻഭർത്താവെസ്സ
(ഹോദരി!
ഇസ്ഥിതിയ്ക്കോത്തതിൻവണ്ണം ചെയ്യാം തവ ഹിതത്തെ
(ഞാൻ: സമ
ൈഐശ്വര്യമൊക്കം ഭ്രാതാവാം ഖരന്നരികിൽ വാഴ്ക നീ.
പതിന്നാലായിരംപേരാമരക്കർക്കുമഹാബലൻ
യാനദാനങ്ങളിൽ സ്വാമിയാകുമേ നിന്റെ സോദരൻ;
അങ്ങു ചിററമ്മതന്നുണ്ണി നിൻഭ്രാതാവീഖരൻ പ്രഭു

Digitized By Kerala Sahitya Akademi

നിന്നാജ്ഞയെസ്സദാകാലം ചെയ്തുകൊള്ളും നിശാചരൻ.
വെക്കം പോകട്ടെയീ വീരൻ ദണ്ഡകം കാത്തുകൊള്ളു
(വാൻ;
ഊർജ്ജസ്വി ദൂഷണനിവനനീകാധ്യക്ഷനായ്‌വരും.
അങ്ങു,നീ ചൊന്നതെപ്പോഴും ചെയ്യുമേ ശൂരനാം ഖരൻ;
സ്വാമിയായും ഭവിച്ചീടും കാമരൂപാശരക്കിവൻ.'
എന്നരച്ചിട്ടു,വന്നായിച്ചൊല്ലിവിട്ടു ദശാനനൻ
പതിന്നാലായിരം വീര്യമേറും രാക്ഷസയോധരെ.
കൂട്ടയിൽഘോരരാ നക്തഞ്ചരരേവരുമായ് ദ്രുതം
ദണ്ഡകത്തെയ്ക്കു പോന്നാനെ,ങ്ങെങ്ങും നിർഭയനാം ഖരൻ;
നാടുവാണീടിനാനങ്ങു ബാധയേതും പെടാതവൻ;
അശ്ശൂർപ്പണഖയും പാർത്താൾ ദണ്ഡകാവനമായതിൽ.

## ഇരുപത്തഞ്ചാം സർഗ്ഗം:—മധുസഖ്യം.

അക്കൊടുംകാട്ടു ഖരനായ്ക്കൊടുത്തിട്ടു ദശാനനൻ
പെണ്ങൾക്കാശ്വാസവും നല്കിത്തുഷ്ട്യാമുന്മട്ടിൽമേവി
(നാൻ.
പില്പാടാൾക്കാരുമായ്പ്പൂക്കാൻ കരുത്തേറുമരക്കർകോൻ
നികുംഭിലാഖ്യമായോരു ലങ്കോപവനമുത്തമം.
അങ്ങു യൂപശതം തിങ്ങിസ്സൌമ്യചൈത്യങ്ങൾ മിന്നിയും
യജ്ഞമൊന്നു നടക്കുന്നതീക്ഷിച്ചാനുജ്ജ്വലൽപ്രഭൻ.
പിന്നെ,ക്കൃഷ്ണാജിനം പൂണ്ടു സകമണ്ഡലുദണ്ഡനായ്
കാണായിതങ്ങു തന്നുണ്ണി ഘോരനാം മേഘനാദനും.

Digitized By Kerala Sahitya Akademi

ചെന്നണഞ്ഞ,വനെക്കെട്ടിപ്പുല്കി ലങ്കാധിനായകൻ
ചൊന്നാ,'നിച്ചെയ്യുതെന്തുണ്ണി? സത്യമായുരചെയ്കനീ.' ദ
യജ്ഞസമ്പത്സമൃദ്ധിക്കായുശനസ്സങ്ങു ചൊല്ലിനാൻ
അരക്കർകോൻരാവണനോടാ,രണേന്ദ്രൻതപോധനൻ:—
'ഞാൻ കഥിക്കാം ഭവാനോടു രാജാവേ, കേളതൊക്കെയും:
ചെയ്താനാ യജ്ഞമേഴെണ്ണം നിന്മകൻ ബഹുകമമായ്,
അഗ്നിഷ്ടോമാ-ശ്വമേധങ്ങൾ, യജ്ഞം ബഹുസുവർണ്ണകം,
രാജസൂയാഖ്യമാംയാഗം,ഗോമേധം,പിന്നെവൈഷ്ണവം;
നരദുർല്ലഭമാം മാഹേശ്വരയജ്ഞം തുടർന്നതിൽ
വരങ്ങൾനേടീനിൻപുത്രൻസാക്ഷാൽശ്ശിവനിൽനിന്നിഹ:
ധ്രുവം വാനിൽച്ചരിക്കുന്ന ദിവ്യകാമഗമാം രഥം,
താമസീമായയു,മിതു തമസ്സുണ്ടാക്കിടുന്നതാം;
ഈ മായയെ പ്രയോഗിച്ചാൽപ്പോരിലാശരനായക,
ഗതി കണ്ടെത്തുവാൻ ദേവാസുരർക്കും കഴിയില്ലപോൽ;
അമ്പൊടുങ്ങാത്ത രണ്ടാവനാഴി ദുർജ്ജയചാപവും
രാജാവേ, പോരിൽ മാറ്റാരെ മുടിക്കും പ്രബലാസ്ത്രവും.
ഈ വരം മുഴുവൻ വാങ്ങിച്ചി,ന്നു യാഗം കഴിഞ്ഞിതാ,
ദശാസ്യ,നിന്നെക്കാണ്മാൻനില്പാണു നിന്നുണ്ണി ഞാനുമേ.'
ഉടൻ ചൊന്നാൻ ദശഗ്രീവൻ:—'നന്നായീലൊട്ടുമിപ്പണി:
പൂജിച്ചുവല്ലോ ദ്രവ്യങ്ങൾകൊണ്ടിന്ദ്രാദിരിപുക്കളെ!
ഇനിപ്പോരിക:കൊള്ളാം, ചെയ്തതു ചെയ്തതുതാൻ ദൃഢം;
വത്സ,പോവുകനാംസൌമ്യ,തൻഗൃഹത്തിങ്കലേക്കുതാൻ.'
പിന്നെച്ചെന്നുദശഗ്രീവൻ സപുത്രൻ സവിഭീഷണൻ
തേങ്ങിക്കരയുമാ നാരിമാരെയെല്ലാമിറക്കിനാൻ:
സുലക്ഷണകൾ രത്നങ്ങൾ ദൈത്യാശരസുരർക്കവർ;



Digitized By Kerala Sahitya Akademi

അവരിൽസ്സുകൃതിയവറു കണ്ടു ധർമ്മിഷ്ഠനോതിനാൻ:-
'പേർ,കുലം,സ്വത്തിവകെട്ടമീമട്ടാംതൊഴിൽകൊണ്ടുനീ
ജ്ഞാതിപീഡയറിഞ്ഞിട്ടും തോന്നുംപോലെ നടക്കയാം:
ബന്ധുക്കളിൽക്കയത്തിനൽസ്ത്രീകളെക്കൊണ്ടുപോന്നുനീ;
നിന്നെധർഷിച്ചുതാൻകുംഭീനസിയെക്കൊണ്ടുപോയ്മധു!'
ഉടൻ ചോദിച്ചു ലങ്കേശൻ:-'ഞാനറിഞ്ഞീലി,തെന്തു
(വാൻ?
ആരാണു, നീ പറഞ്ഞോരു മധുനാമകനാമിവൻ?' വം.
വിഭീഷണൻ കുപിതനായ് ഭ്രാതാവിനൊടുചൊല്ലിനാൻ:-
'കേട്ടുകൊണ്ടാലു,മിപ്പാപകർമ്മത്തിൻെറ ഫലോദയം:
നമ്മൾക്കു മാതാമഹനാം സുമാലിയുടെ പൂർവ്വജൻ
ബുദ്ധിമാൻ മാല്യവാനെന്ന വൃദ്ധരാക്ഷസനില്ലയോ
അമ്മതന്നുടെ വല്യച്ഛൻ നമ്മൾക്കാര്യകനായവൻ,
അവനുകുംഭീനസിയെന്നൊരു ദൌഹിത്രി ജാതയായ്;
അവൾ നമ്മുടെ ചിററമ്മയായോരനലതൻമകൾ;
ഭ്രാതാക്കളായ നമ്മൾക്കു ധർമ്മത്താൽപ്പെങ്ങൾതാനി
(വൾ-
അവളെക്കൊണ്ടുപോയ് ഭൂപ, ബലവാൻമധുരാക്ഷസൻ:
ഉണ്ണി,യാഗം തുടന്നാറേ, ഞാൻ തണ്ണീരാണ്ടിരിയ്ക്കു
(വേ, വ്
കുംഭകർണ്ണൻ മഹാരാജ, നിദ്ര പൂണ്ടു കിടക്കവേ,
ഇങ്ങാശരേന്ദ്രരാമിഷ്ടാമാത്യരെക്കൊലചെയ്തവൻ
കേറിക്കട്ടാനവളെ നിൻശുദ്ധാന്തേ ഗുപ്തയാകിലും.
ക്ഷമിച്ചേനിതു കേട്ടിട്ടും; കൊന്നീലവനെ മന്നവ:
തിട്ടം, വരന്നു നല്കേണമല്ലോ ഭ്രാതാക്കൾ പെണ്ണിനെ-
എന്നാലി,പ്പാപകർമ്മത്തിൻ ഫലമാമിതു ദുർമ്മതേ,

Digitized By Kerala Sahitya Akademi

ഇപ്പോഴേ വന്നതുലകിലറിയപ്പെട്ടിടേണമേ!'

വിഭീഷണൻറചൊൽകേട്ടിട്ടാരാവണനന്തകർമകാൻ
തൻദൃഷ്ടാലിളകിത്തീന്നീർകാറ്റേറ്റുകടൽപോലെയായ്.
ചൊല്ലിനാനരിശംകൊണ്ടുകൺചെഞ്ഞിയ ദശാനനൻ:-
'ഒരുക്കുകെൻതേർ; ചിക്കെന്നു തെയ്യാറാകട്ടെ ശൂരരും;
എൻഭ്രാതാവാം കുംഭകർണ്ണൻതാനും, മുഖ്യനിശാടരും
വാഹനങ്ങളിലേറട്ടേ നാനാശസ്ത്രാസ്ത്രയുക്തരായ്.
ഇന്നു, രാവണനെപ്പേടിയ്ക്കാത്താ മധുവെയാഹവേ
കൊന്നു വിണ്ണിനു പോകുന്നുണ്ടടക്കായ്ക്കൂട്ടരൊത്തു ഞാ
(ൻ.'
മികച്ച നാലായിരമക്ഷൌഹിണിപ്പേർകളാശരർ
നാനാശസ്ത്രങ്ങളൊത്താശു പുറപ്പെട്ടു രണത്തിനായ്:
ഇന്ദ്രജിത്തു ഭടന്മാരെക്കൊണ്ടു സേനയ്ക്കു മുന്നിലായ്
ഗമിച്ചു രാവണൻ മധ്യേ, പിന്നിലായ്ക്കുംഭകർണ്ണനും.
വിഭീഷണൻധർമ്മപരൻധർമ്മംചെയ്കിത്തുലങ്കയിൽ; നഗ
മററു മേലാളരെപ്പേരും പോയാർ മധുപുരത്തിനായ്.
വിളങ്ങുമശ്വോഷ്ട്രഖരശിംശുമാരോരഗങ്ങളാൽ
ആകാശമിടതിങ്ങിച്ചു പോയാരാശരരേവരും.
അങ്ങു,മ്മരൽപ്പുക പെട്ടും ദൈത്യന്മാരും ശതം ശതം
പോകും രാവണനെക്കണ്ടു പിൻതുടർന്നിതു പിൻവശം.

എന്നാൽ, മധുപുരത്തിൽച്ചെന്നുൾപ്പുകിയ ദശാനനൻ
മധുവെത്തത്ര കണ്ടില; കണ്ടൂ തത്ര സഹോദരിയെ.
ആ രാക്ഷസേന്ദ്രനെപ്പേടിച്ചുകുംഭീനസിയപ്പോഴേ
വണക്കം പൂണ്ടു തൊഴുതു തലമുട്ടിച്ചു കാല്ക്കളിൽ.
എഴുന്നേല്പിച്ചു,വളോടു രാവണൻ രാക്ഷസോത്തമൻ ൪൦

Digitized By Kerala Sahitya Akademi

ചൊന്നാൻ പേടിക്കവേണ്ടെന്നാ,'യെന്തു ചെയ്തുതരേണ്ടു (ഞാൻ?'
അവളും ചൊന്നാളു:—'മഹാബാഹോ, കനിവുണ്ടെങ്കലെ (ങ്കിൽ നീ
രാജാവേ, കൊന്നുകളയായ്കെന്മണാളനെ മാനദ!
ചൊല്ലുന്നു, ഭയമൊന്നില്ലാ കുലസ്ത്രീകൾക്കിതിൻവിധം:
എല്ലാബ്ഭയങ്ങളെക്കാളും മീതേ വൈധവ്യസങ്കടം!
സത്യവാക്കാക രാജേന്ദ്ര; നോക്കുകർത്ഥിക്കുമെന്നെ നീ:
ചൊല്ലിയല്ലോമഹാരാജ,പേടിക്കേണ്ടെന്നുനീ സ്വയം.'
ഹർഷിച്ചു രാവണൻ ചൊന്നാനാ നില്ക്കും പെങ്ങളോടു (ടൻ:—
'എങ്ങവൻ, നിന്റെ കണവൻ? ചൊല്ലുകെന്നോടു വി (ദ്രുതം:
പോകുന്നേനവനൊന്നിച്ചു ദേവലോകം ജയിക്കുവാൻ;
പിന്മാറിനേൻമധുവധാൽ,നിങ്കൽ സ്നേഹാനുകമ്പയാൽ.'
എന്നു കേട്ടിട്ടു,റങ്ങുന്നാബ്ഭർത്താവായ നിശാടനെ
എഴുന്നേല്പിച്ചു ചൊന്നാളാ പ്രഹർഷം പൂണ്ടു രാക്ഷസി:—
'ഇതാ, ദശാസ്യൻ വന്നിട്ടുണ്ടെ,ൻഭ്രാതാവു മഹാബലൻ;
നിൻസാഹായ്യം വരിക്കുന്നുമുണ്ടു വിണ്ണിനെ വെല്ലുവാൻ.
ചെല്ലുകിവന്റെ തുണയ്ക്കായിക്കൂട്ടരൊത്തങ്ങു രാക്ഷസ:
സ്നേഹിച്ചിങ്ങണങ്ങുന്നവനെസ്സഹായിക്കുക വേണ്ടതാം.'
അവളച്ചൊല്ലിയതു കേട്ടാ,വാമെന്നോതിനാൻ മധു;
രാക്ഷസശ്രേഷ്ഠനെക്കണ്ടാൻ വേണ്ടുംവണ്ണമണഞ്ഞവൻ;
സൽക്കരിച്ചാൻവിധിക്കൊത്തു രാവണാശരനാഥനെ. ൩൦
സൽക്കാരമേറ്റു പൌലസ്ത്യൻ മധുവേശ്മത്തിൽ വിശ്ചവാൻ

Digitized By Kerala Sahitya Akademi

ഒരു രാത്രി വസിച്ചിട്ടു നടകൊൾവാനൊരുങ്ങിനാൻ.
പിന്നെ, വൈശ്രവണൻ വാഴും കൈലാസാദ്രിയണഞ്ഞ
നിറുത്തീസേനയെത്തത്ര, ശക്രതുല്യനരക്കർകോൻ. (വൻ

## ഇരുപത്താറാംസർഗ്ഗം: നളകൂബരശാപം.

അവിടെപ്പടയോടൊത്തു പാർക്കവാൻ തീർച്ചയാക്കിനാൻ,
സൂര്യൻ പോയസ്തമിച്ചാറേ വീര്യവാനദ്രശാലിനൻ.
കുന്നിൻനിറത്തിൽപ്പൂന്തിങ്കൾ വന്നുദിച്ചു മശാന്തരം
ഉറങ്ങി നാനാശസ്ത്രാസ്ത്രനിര ചേർന്ന പെരുംപട.
മലതന്മേലിരുന്നിട്ടാ വീര്യമേറിയ രാവണൻ
പാർത്താനങ്ങു നിലാവത്തു പാരം ശോഭിച്ച ഭംഗികൾ:
മിന്നും കൊങ്ങമരത്തോപ്പും, കടമ്പുകളി,ലഞ്ഞിയും,
നല്ലവണിപ്പൊയ്ക്കകളും, വിണ്ണാററിനുടെ വെള്ളവും,
ചമ്പകങ്ങള,ശോകങ്ങൾ, പുന്ന, മന്ദാരശാഖികൾ
മാവു, പാതിരി, പാച്ചോററി,യജ്ഞനം,ഞാഴൽ, കൈത
പുലാവു,തകരം,പിന്നെത്തെങ്ങും,മുരൾമരങ്ങളും (കൾ,ഇ
മററു വൃക്ഷങ്ങളും ചേർന്നു വിളങ്ങിന വനാന്തരേ,
കാമാത്തരനുരക്തന്മാർ മധുരസ്വരർ കിന്നരർ
പാട്ടുപാടിയിരുന്നു ചേർന്നൊത്തി,മ്പം പെരുകുംവിധം;
വിദ്യാധരർ മദോന്മത്തർ മദത്താൽക്കൺ ചുകന്നവർ
രമിച്ചിരുന്നു, രസമാർന്നിരുന്നു നാരിമാരുമായ്.
മണിയൊച്ചയ്ക്കുശരിയായ്ക്കേൾക്കായീ, ധനദാലയേ
കൂട്ടമിട്ടപ്സരസ്ത്രീകൾ പാടുന്ന മധുരസ്വനം.

Digitized By Kerala Sahitya Akademi

കാറേററു പൂക്കൾ വഷിസ്സും മരങ്ങൾ മധുഗന്ധികൾ
അപ്പവ്തത്തെസ്സൌരഭ്യം ചെമ്മേ പൂശിച്ചിരുന്നിതോ!
നേനും പൂമ്പാടിയുംചേന്ന പെരുതാം തൂമണത്തൊടും
വീശി, കാമം ദശാസ്യന്നു വാസ്സുമാറു സുഖാനിലൻ.
പാട്ടാൽ,പ്പൂമികവാൽ,ക്കാററിൻതണുപ്പാൽ,ഗ്ഗിരിഭങ്ഗി
(യാൽ,
രാവാകയാലും, വാർതിങ്കൾ വന്നുദിച്ചതിനാലുമേ
കാമന്നടിമയായ്ത്തീന്ന വീര്യമേറിയ രാവണൻ
നെടുവീപ്പിട്ടു നെടുവീപ്പിട്ടു ചന്ദ്രനെ നോക്കിനാൻ.

അന്നേരമവിടത്തിങ്കൽ,ദ്ദിവ്യമെക്കോപ്പു ചാത്തിയും
അപ്സരശ്രേഷ്ഠയാം രംഭ ദിവ്യപുഷ്പങ്ങൾ ചാത്തിയും
ദിവ്യമാം ചന്ദനം പൂശി മന്ദാരമലർ ചൂടിയും
ദിവ്യോത്സവത്തിനാരംഭംപൂണ്ടും പൂണ്ണേന്ദുനേർമുഖി, ഫ്ര
കനമൊത്തരഞ്ഞാൺ ചാത്തിക്കരൾകൺകവരുന്നതായ്
രതിയ്ക്കൊരുററ കാണിയ്ക്കയാകും ജഘനമേന്തിയും,
ആറ്റുതൂപ്പുക്കളുമണിഞ്ഞു,ണ്ണാങ്ങാപ്പൊട്ടു കുത്തിയും,
ഹ്രീകാന്തിശ്രീപ്രഭാകീത്തികളിലൊന്നെന്ന പോലവേ
മിന്നി, നീർക്കൊണ്ടൽനേർനീലച്ചേലകൊണ്ടുടൽമൂടിയും.
തിങ്കൾപോലവൾതൻവക്ത്രം;വില്ലൊക്കുംനല്ലചി
(ല്ലികൾ;
തുട തുമ്പിക്കരം പോലെ; പാണി പല്ലവകോമളം.
സൈന്യമധ്യത്തിലൂടേ പോവതു കണ്ടെത്തി രാവണൻ;
എഴുന്നേററു,ഗ്ഗമിപ്പോളെച്ചെന്നു കൈക്കു പിടിച്ചുടൻ
നാണിയ്ക്കെ,പ്പുഞ്ചിരിക്കൊണ്ടു ചൊല്ലീ കാമശരാതുരൻ:_
'പോവതെങ്ങു വരാരോഹേ? ലാഭമാക്കേകിടുന്നു നീ?

Digitized By Kerala Sahitya Akademi

നൽക്കാലമാക്കുവാൻ, നിന്നെയിപ്പോളനുഭവിപ്പുവാൻ?
പത്മോൽപലമണം ചേൎന്ന നിന്നാനനരസത്തിനാൽ,
സുധാമൃതരസത്താൽപ്പോലാക്കിന്നു മതിവന്നിടും?
നിൻെറയീത്തിങ്ങിവിങ്ങും നൽപ്പൊങ്കുടക്കളിർകൊണ്ട
(കൾ
ഏതൊരുത്തൻെറ മാൎത്തട്ടിൽത്തട്ടീടും ഭീരു, നന്മയിൽ?
പരന്നു പൊന്നുരുൾക്കൊത്തു പൊന്മേഖല ചുഴന്നതായ്
സ്വൎഗ്ഗാഭമാം നിൻ ജഘനത്തിങ്കലാരിന്നു കേറിടും?
എന്നെക്കാൾ മീതെയാരിന്നു, വിഷ്ണുവശ്വികളിന്ദ്രനോ?
എന്നെക്കടന്നു നീ ഭീരു, പോകുന്നതുമയുക്തമാം!
വിശ്രമിയ്ക്കൂ പൃഥുശ്രോണി: നൽപ്പാറപ്പുറമൊന്നിതാ;
മൂപ്പാരിൽ പ്രഭുവായിട്ടു ഞാനല്ലാതില്ലൊരുത്തനും.
ഇവണ്ണം താണു കൈക്കൂപ്പി നിന്നോടൎത്ഥിപ്പൂ രാവണൻ,
സ്വാമിയ്ക്കും സ്വാമി, മൂപ്പാരിൻധാതാവ;-ണയുകെങ്കൽ
(നീ!'
ഇതു കേട്ടു വിറക്കൊള്ളും രംഭ കൈതൊഴുതോതിനാൾ:—
'ദയ ചെയ്കി,വിധം ചൊല്ലീടരുതെ,ൻഗുരുവാണു നീ.
എന്നെയന്യരിൽനിന്നങ്ങു കാക്കേണം, ധൎമ്മമെല്ലുകിൽ:
ധൎമ്മത്താൽ സ്നുഷ ഞാനങ്ങയ്ക്കു;-ള്ളതേ പറയുന്നുഞാൻ.'
ദശാസ്യനൊന്നു ചോദിച്ചാൻ, കാണപ്പെട്ടോരു നേരമേ
കോൾമയിർക്കൊണ്ടുകീഴ്പോട്ടുനോക്കിനിന്നവളോടുട
'ഭാൎയ്യയാണെന്മകന്നെങ്കിലല്ലേ നീ സ്നുഷയാവതു?' (ൻ:-
'അതേ' എന്നുരചെയ്താളാ രംഭ രാവണനോടുമേ:-
'ധൎമ്മത്താൽ നിൻെറ പുത്രന്നു ഭാൎയ്യ ഞാനാശരഷഭ:
നിൻഭ്രാതാവാം കുബേരൻെറ പുത്രൻ പ്രാണാധികപ്രി
(യൻ,

Digitized By Kerala Sahitya Akademi

നളകൂബരനെന്നായി മുപ്പാരിൽ വിളികൊണ്ടവൻ;
ധർമ്മത്താൽ ബ്രാഹ്മണനവൻ, വീർയ്യത്താൽ ക്ഷത്രവംശ
(ജൻ,
ക്രോധത്തിനാലഗ്നിയവൻ, ക്ഷമയാൽ മന്നിനൊത്തവൻ;
ആ ലോകപാലപുത്രനായ്സ്സങ്കേതം ചെയ്തിരിപ്പു ഞാൻ;
അവനെച്ചൊല്ലിയാണേവം മോടികൂട്ടിയതൊക്കെ ഞാൻ
അവങ്കലല്ലാതന്യങ്കലില്ല സക്തിയെനിയ്ക്കുമേ; ൩൯
ആ നേരാലെന്നെ രാജാവേ, വിട്ടയയ്ക്കു പരന്തപ.
ഉൽകണ്ഠയോടധർമ്മാത്മാവെന്നെയും കാത്തിരിയ്ക്കയാം;.
അതിൽ വിഘ്നം മകനിങ്ങു ചെയ്യായ്കേ;ന്നെ വിടേണമേ!
നല്ലോർ നടന്ന വഴിയേ നടക്കു രാക്ഷസർഷഭ;
നിന്നെ മാനിച്ചിടേണ്ടോൾ ഞാൻ, നീയെന്നെക്കാത്തി
(ടേണ്ടവൻ.'
എന്നു കേട്ടുത്തരം ചൊന്നാൻ താഴ്മയോടേ ദശാനനൻ:-
'സ്നുഷയെന്നോതിയല്ലോ നീ;-യിക്രമം സതിമാർക്കതാൻ.
ഇതത്രേ വിണ്ണിലെ നടപ്പു,മരക്ക സനാതനം:
ഭർത്താവില്ലപ്സരസ്ത്രീകൾക്കി,ല്ലൊററസ്ത്രീയെ വേൾക്കലും.'
എന്നോതി രക്ഷസ്സവളെപ്പാറതന്മേൽക്കിടത്തിനാൻ; ൪൦
കാമഭോഗക്കൊതിയൊടും മൈഥുനത്തിനൊരുങ്ങിനാൻ-
പിന്നവൻ വിട്ട മാല്യംമെയ്ക്കോപ്പതിനുള്ള രംഭയോ
വല്ലാതായ്, കൊമ്പനിളത്തിലുലച്ച പുഴ പോലവേ;
കാർകൂന്തൽ ചിന്നിച്ചിതറി,ക്കരത്തളിർ വിറച്ചവൾ,
കാററത്താടിന പൂത്തൊരു വള്ളിപോലായി കേവലം.
അവൾ നാണിച്ചു പേടിച്ചു വിറച്ചു തൊഴുകയ്യുമായ്
നളകൂബരനിൽച്ചെന്നു വീണാൾ തച്ചരണങ്ങളിൽ.

Digitized By Kerala Sahitya Akademi

അമ്മട്ടാമവളെക്കണ്ടു മഹാനാം നളകൂബരൻ
ചോദിച്ചാനെ,'ന്തുവാൻ ഭദ്രേ, നീ വന്നെൻ കാല്ക്കൽ
(വീഴുവാൻ?'

അവളോ, നെടുവീർപ്പിട്ടു വിറച്ചു തൊഴുകയ്യുമായ്
അദ്ദേഹത്തോടഖിലവും നേരായ്ച്ചൊല്ലാൻ തുടങ്ങി
(നാഥ:-

'ഇതാ, ദശാസ്യൻ വന്നിട്ടുണ്ടു,സ്സുർനാട്ടിൽഗ്ഗമിക്കുവാൻ;
ദേവ, സൈന്യങ്ങളോടൊത്തു പാർത്താനീ രാത്രിയിങ്ങ
(വൻ.

അവൻ കണ്ടെത്തി,യിങ്ങോട്ടുപോരുമെന്നെയരിന്ദമ;
പിടിച്ചുനിർത്തി,'നീയാർക്കുള്ളോളെ'ന്നാനഥ രാക്ഷസൻ.
ഞാനോ നേരൊക്കെ,നേരൊക്കെയവനോടുരിയാടിനേൻ;
എന്റെയാ വാക്ക കേട്ടീലാ കാമമോഹാകുലാശയൻ.
യാചിച്ചേൻദേവ,'നിൻപുത്രഭാര്യ്യഞാനെ'ന്നുമായ്പ്രഭോ;
അതൊന്നും ഗണിയാതെന്നെക്കയറിത്തീണ്ടിനാനവൻ!
ഈയൊരെൻപിഴയങ്ങുന്നു പൊറുത്തരുൾക സുവ്രത: ഭോ
മൈക്കരുത്തൊപ്പമല്ലല്ലോ സൌമ്യ,പെണ്ണിനുമാണിനും.'
ഇതു കേട്ടേററമരിശംകൊണ്ടു വൈശ്രവണാത്മജൻ
ആ മൂത്ത കയ്യേറലിനെപ്പററി ധ്യാനിച്ചുനോക്കിനാൻ.
ക്ഷണത്താല,വനച്ചെയ്തതറിഞ്ഞു ധനദാത്മജൻ
ക്രോധാൽത്തുടുത്തകണ്ണോടുമെടുത്താൻപാണിയിൽജ്ജ
തണ്ണീരെടുത്താചമനം വിധിപോലാചരിച്ചവൻ (ലം;
രാക്ഷസേന്ദ്രനു കൊടുതാം ശാപമൊന്നരുളീടിനാൻ:-
'അകാമയാം നിന്നെയവൻതീണ്ടിയല്ലോ ബലാൽശ്ശുഭേ,
അതിനാൽ മററകാമസ്ത്രീയോടടുക്കുകയില്ലവൻ;



Digitized By Kerala Sahitya Akademi

കാമാൎത്ത്യാ കാമമില്ലാത്ത മങ്കയെത്തീണ്ടുമെങ്കിലോ, ൩൫
ഏഴായ്പ്പൊട്ടിത്തെറിച്ചീടു,മവന്റെ തലയപ്പൊഴേ!'
എരീതിയ്ക്കന്നുശരിയാമശ്ശാപം ചൊന്ന നേരമോ,
ദേവദുന്ദുഭികൾ ശബ്ദിച്ചു, പെയ്തു പൂമഴയംബരാൽ;
പിതാമഹാദിവാനോരുമാകവേ ജാതഹൎഷരായ്;
പാരിന്റെയെല്ലാനിലയുമാ രാക്ഷസന്റ മൃത്യുവും
അറിഞ്ഞതീവ നന്ദിച്ചാരൃഷിമാരും പിതൃക്കളും.
രോമാഞ്ചമുണ്ടാക്കിടുമശ്ശാപം കേട്ടു ദശാനനൻ
അകാമസ്ത്രീരതത്തിങ്കൽനിന്നു പിന്മാററിനാൻ മനം.
സന്തോഷിച്ചാര,വൻകൊണ്ടുപോന്ന സാധ്വികളേവരും,
നളകൂബരനാച്ചൊന്ന ശാപം കേട്ടു മനഃപ്രിയം. ൪൦

---

## ഇരുപത്തേഴാംസൎഗ്ഗം: സുമാലിവധം.

---

കൈലാസത്തെക്കടന്നിട്ടാ,ത്തല പത്തുള്ള രാവണൻ
ഇന്ദ്രലോകത്തു ചെന്നെത്തീ, തേജസ്സേറും നിശാചരൻ.
ആ രാക്ഷസബലം നാലുഭാഗവും ചെന്നുകേറവേ
കടയും കടലിന്നൊത്തൊരൊച്ച തിങ്ങീ സുരാലയേ.
രാവണൻതൻ വരവു കേട്ടിരിപ്പിളകിയണ്ടർകോൻ
ചൊന്നാനെല്ലാരൊടും,തത്ര ചേൎന്നൊത്ത സുരർതമ്മൊടും
വസുരുദ്രമരുൽപിശപസാധ്യാദിത്യഗണത്തൊടും:-
'ദുർബ്ബുദ്ധിയാം രാവണനോടമർ ചെയ്വാനൊരുങ്ങുവിൻ.'
എന്നിന്ദ്രൻ ചൊല്കയാൽ,പ്പാരിലിന്ദ്രന്നൊക്കുന്ന ദേവ
കരുങ്ങിസ്സുമഹാസത്വരമരിന്നായി മേവിനാർ. (കഠ ൩

Digitized By Kerala Sahitya Akademi

ഇന്ദ്രൻ രാവണനെപ്പററിപ്പാരം പേടിച്ചു ദീനനായ്
വിഷ്ണുവിൻെറ സമീപത്തു ചെന്നിട്ടിങ്ങിനെ ചൊല്ലി
(നാൻ:-
'എന്തു ചെയ്യേണ്ടു ഞാൻ വിഷ്ണോ? മഹാവീൎയ്യപരാക്രമൻ
കരുത്തനാ നിശിചരൻ നേരിടുന്നുണ്ടു പോരിനായ്:
വരദാനാൽക്കരുത്തൻ, മററൊന്നിനാലെയുമല്ലതാൻ;
സത്യമാക്കേണ്ടതാണല്ലോ വിധാതാവിൻെറയാ മൊഴി.
എന്നാൽ,നമുചി-വൃത്രന്മാർ,നരകൻ,ബലി,ശംബരൻ
ഇവരെ ത്വൽബലാലല്ലോ മുടിച്ചേൻ; ചെയ്കകാവിധം.
മററില്ല ദേവദേവേശ, നീയെന്ന്യേ മധുസൂദന,
രക്ഷിതാവും ശരണവും ചരാചരജഗത്ത്രയേ!
നീയോ, നാരായണൻ ശ്രീമാൻ പത്മനാഭൻ സനാതനൻ;
നിത്തുന്നുലോകങ്ങളെനീവാനോർകോൻ ശക്രനെന്നെയും.
സചരാചരമീ മുപ്പാരൊക്കയും നീ ചമച്ചതാം;
ഭഗവാനേ, യുഗാന്തത്തിൽ നിങ്കലേ ചേരുമേവരും.
അതിനാൽച്ചൊല്ക ശരിയായ്:-ത്താൻതന്നേദേവദേവ,
(നീ
രാവണൻതന്നോടമർ ചെയ്യാമോ ചക്രവുമായ് പ്രഭോ?'
എന്നു ശക്രൻ പറഞ്ഞാറേ ദേവൻ നാരായണൻ പ്രഭു
ചൊല്ലിനാ,'നങ്ങുപേടിയ്ക്കവേണ്ടാ; കേട്ടാലുമെൻമൊഴി:
വരാപ്തിയാൽദ്ദുൎജ്ജയനിദ്ദുരാത്മാവേററടുക്കുകിൽ
ജയിപ്പാനും വധിപ്പാനും ശക്തരാകാ സുരാസുരർ.
എല്ലാനിലയ്ക്കും, വലിയ കയ്യു ചെയ്യും ബലോൽകടൻ
രാക്ഷസൻപുത്രനോടൊപ്പം;സ്വഭാവാൽക്കണ്ടതാ
(ണിതും

Digitized By Kerala Sahitya Akademi

പോരാടുകെന്നെന്നൊടു നീ ചൊല്ലിയല്ലോ സുരേശ്വര;
പൊരുതീടില്ലടരിലാ രാവണനാശരനോടു ഞാൻ:
വിഷ്ണു യുദ്ധത്തിലരിയെക്കൊല്ലാതെ പിന്തിരിച്ചിടാ;
വരലബ്ധൻ രാവണനങ്കൽ ഫലിയ്ക്കില്ലിപ്പൊഴാഗ്രഹം.
പ്രതിജ്ഞ ചെയ്യാം ദേവേന്ദ്ര, നിന്നടുക്കൽശ്ശതക്രതോ:
ഈയരക്കന്നു മരണം വരുത്തിക്കൊൾവതുണ്ടു ഞാൻ;
ഞാൻതന്നെയീ രാവണനെക്കൂട്ടത്തോടേ വധിയ്ക്കുവൻ;
കാലം വന്നതറിഞ്ഞിട്ടു വാനോരെ പ്രീതരാക്കുവൻ. ൨൦
നേരിതോതീടിനേൻ നിന്നോടുമ്പർകോനേ, ശചീപതേ!
നിർഭയംപൊരുതിക്കൊൾക വാനോരൊത്തു മഹാബല!"
ഉടനാദിത്യരുദ്രന്മാർ വസുക്കൾ മരുദശ്വികൾ
മുതിർന്നരക്കർതൻനേർക്കു പുറപ്പെട്ടു പുരാൽ ദ്രുതം.
അന്നേരം, രാവറുതിയിൽ,കേൾക്കായ്വന്നിതു ചുററുമേ
പോരിങ്കൽ വമ്പിയലുമാ രാവണപ്പടതന്നൊലി.
പോർവമ്പുള്ള മഹാവീര്യരന്യോന്യംനോക്കിയിട്ടവർ
യുദ്ധത്തിലേയ്ക്കുതാൻ നേരേ കേറിനാരാത്തഹർഷരായ്.
അപ്പോളിളക്കമൊന്നുണ്ടായ്വന്നു സുരബലങ്ങളിൽ,
അനന്തമാ വമ്പട പോർമുന്നിൽ നില്പതു കാൺകയാൽ.
ഉടൻ തുടങ്ങീ ഘോരപ്പോർ ദേവദാനവരാക്ഷസർ
കൂടിക്കലർന്നലറിയും നാനാശസ്ത്രങ്ങളോങ്ങിയും.
അന്നേരം രാവണാമാത്യന്മാരാമശ്ശൂരരാക്ഷസർ
യുദ്ധത്തിന്നായ് നിലക്കൊണ്ടാർ, കണ്ടാൽപ്പേടിപെടു
(ത്തുവോർ:
മാരീചൻതാൻ, പ്രഹസ്തൻതാൻ, മഹാപാർശ്വ-മഹോദ
അകമ്പന-നികുംഭന്മാർ, ശുക-സാരണരങ്ങിനെ (രർ,

Digitized By Kerala Sahitya Akademi

സംഹ്രാദ-ധൂമകേതുക്കളും, മഹാദംഷ്ട്രൻ, ഘടോദരൻ,
ജംബുമാലി, മഹാഹ്രാദൻ, വിരൂപാക്ഷനരക്കനും,
സുപ്തഘ്ന-യജ്ഞകോപന്മാർ, ദുൎമ്മുഖൻ, ദൂഷണൻ, ഖരൻ,
ത്രിശിരസ്സൻ, കരവീരാക്ഷൻ, സൂൎയ്യശത്രുവരക്കനും, ൩൦
മഹാകായാ-തികായന്മാർ, ദേവാന്തക-നരാന്തകർ
ഇവരെല്ലാം ചുഴന്നൊത്തു മഹാവീൎയ്യൻ മഹാബലൻ
രാവണാൎയ്യകനായുള്ള സുമാലി പട പൂകിനാൻ.
അവൻ വാനോരെയെല്ലാമേ നാനാതീക്ഷ്ണായുധങ്ങളാൽ
മുടിച്ചാനരിശം കൊണ്ടു, കാർകളെക്കാററു പോലവേ.
അരക്കർ കൊലചെയ്തീടുമാ വാനോർപ്പട രാഘവ,
സിംഹങ്ങളോടിച്ച മൃഗശ്രേണി പോലോടി നീളവേ.

അന്നേരം വസുവൎഗ്ഗത്തിലെട്ടാമത്തവനാം വസു,
സാവിത്രനെന്ന പേരാണ്ട ശൂരൻ പുക്കാനടർക്കളം;
ത്വഷ്ടാവു, പൂഷാവു, ദീപ്തരീയാദിത്യരുമൊപ്പമേ ൩൭
പേടിയാതെ പടയൊടൊത്തടരിൽച്ചെന്നുകേറിനാർ.
ഉടൻ ചൊടിച്ചു പൊരുതാരരക്കരൊടു ദേവകൾ,
കീൎത്തിയെപ്പരിരക്ഷിപ്പോർ, പോരിൽപ്പിന്മാറിടാത്തവർ.
അരക്കരവരെപ്പേരും പോരിൽ നിന്ന നിലിമ്പരെ
നൂറുമായിരവും കൊന്നാർ നാനാ ഘോരായുധങ്ങളാൽ.
വാനോരും വിക്രമബലം വായ്ച്ചു ഘോരനിശാടരെ
തെളിശസ്ത്രങ്ങളാൽപ്പോരിൽപ്പൂകിച്ചാർ കാലമന്ദിരം.
അതുനേരത്തു ഹേ രാമ, സുമാലി രജനീചരൻ
നാനാശസ്ത്രങ്ങളോടും പാഞ്ഞേററാനപ്പടയെ ക്രുധാ;
അവൻ ത്രിദശസൈന്യത്തെ നാനാതീക്ഷ്ണായുധങ്ങളാൽ

Digitized By Kerala Sahitya Akademi

ക്രുധാ മുടിച്ചാൻ മുച്ചൂട്ടം കാറിനെക്കാററു പോലവേ.
വൻബാണമഴകൊണ്ടു,ശ്രൂലപ്രാസങ്ങൾകൊണ്ടുമേ
പരിക്കേററിട്ടണിനിലക്കൊള്ളാതായ് സുരരേവരും.
സുമാലിയദ്ദേവകളെപ്പായിച്ചീട്ടം ദശാന്തരേ,
എട്ടാമൻ വസുസാവിത്രൻനേക്കുനിന്നാൻ സരോഷനായ്;
തൻതേർപ്പട ചുഴന്നൊത്താ,പ്പൊരുതും യാതുധാനനെ
തട്ടത്താനതിതേജസ്വി വിക്രമംകൊണ്ടു സങ്ഗരേ.
പിന്നെ രോമാഞ്ചമുണ്ടാം മാറവർ വമ്പട വെട്ടിനാർ,
സുമാലിതാനും വസുവും പോരിൽപ്പിന്തിരിയാത്തവർ.
ഉടൻ വസു മഹാത്മാവു വമ്പിച്ച വിശിഖങ്ങളാൽ
ക്ഷണാലുടച്ചുവീഴിച്ചാന,വൻതൻപാമ്പുതേരിനെ.
അസംഖ്യമമ്പെയ്തടരിലവൻതൻ തേരുടച്ചുടൻ
ഗദയൊന്ന,വനെക്കൊല്ലാൻ കയ്യിലേന്തിടിനാൻ വസു-
അഗ്രം ജ്വലിച്ച യമദണ്ഡൊക്കം ഗദയെടുത്തുടൻ
വീശീടിനാനതു.സാവിത്രൻ സുമാലിയുടെ മൌലിയിൽ.
വിളങ്ങി നേരെയവനിൽ വീഴുമക്കൊള്ളിനേർഗദ,
മലമേലുമ്പർകോൻ വിട്ടു ചീറും വൻവജ്രമാംവിധം.
അവൻറയെല്ലോ, തലയോ, കാണപ്പെട്ടീല മാംസമോ,
പോക്കളത്തിൽഗ്ഗദാഘാതാൽ ഭസ്മമായിബ്ബവിശ്ശയാൽ!
അവനെക്കൊന്നതടരിൽക്കണ്ടാ രാക്ഷസരേവരും
തമ്മിലാത്തുവിളിച്ചും കൊണ്ടോപ്പമെമ്പാട്ടമോടിനാർ;
വസുവോടിച്ചിട്ടകയാൽ നിലക്കൊണ്ടീല രാക്ഷസർ.

Digitized By Kerala Sahitya Akademi

# ഇരുപത്തെട്ടാംസർഗ്ഗം ഇന്ദ്രരാവണയുദ്ധാരംഭം

—·—

സുമാലി വസുവാൽക്കൊല്ലപ്പെട്ടു ഭസ്മീഭവിച്ചതും,
വാനോർ വലച്ച തൻസൈന്യം പാഞ്ഞതും പാർത്തുകൊ
(ണ്ടയാൽ
ചൊടിച്ചു നേരെ നിന്നാനാ മേഘനാദൻ മഹാബലൻ
രാക്ഷസന്മാരെയെല്ലാമേ പിന്തിരിപ്പിച്ചു രാവണി:
മെച്ചപ്പെട്ടും കാമഗമാം രഥത്താലാ മഹാരഥൻ, (നാൻ.
കാട്ടിലേയ്ക്കെരിതീ പോലസ്സൈന്യത്തിൻനേർക്കു കേറി
നാനാശസ്ത്രങ്ങളും കൈക്കൊണ്ടായവൻ ചെന്നപ്പൊകവേ,
മണ്ടിനാർ ദിക്കിലേയ്ക്കെല്ലാം കണ്ടമാത്രസ്സു ദേവകൾ;
പോരിന്നെത്തുമവൻതൻനേർക്കാരുമില്ലാതെയായ് തദാ.
അപ്പൂറ്റുഴന്ന സുരരോടെല്ലാമങ്ങിന്ദ്രനോതിനാൻ:— ൩
'ഭയപ്പെടേണ്ടാ, പോകേണ്ടാ; തിരിപ്പിൻ പോരിനുമ്പരേ:
ഇതാ, ചെല്ലുന്നു പൊരുതാനപരാജിതനെന്മകൻ.'
പിന്നെജ്ജയന്തനെന്നുള്ള ദേവനിന്ദ്രന്റെനന്ദനൻ
അത്ഭുതാകൃതിയാംതേരിൽപ്പോരിനായേറ്റുകേറിനാൻ.
ഉടൻ ശചീതനയനെച്ചൂഴന്നസ്സുരരേവരും
രാവണാത്മജനെപ്പോരിൽച്ചെന്നേറ്റു പൊരുതീടിനാർ.
അദ്ദേവരാക്ഷസക്കൂത്തമട്ടിലായ്പ്പടവെട്ടിനാർ
മഹേന്ദ്രൻതന്റെ മകനും രാക്ഷസേന്ദ്രന്റെ പുത്രനും.
സൂതനാം മാതലിസുതനായിടും ഗോമുഖന്റെമേൽ
പൊഴിച്ചു രാവണസുതൻ പൊന്നണിഞ്ഞ ശരങ്ങളെ. ൪
ആമട്ടെപ്പാടുമാഞ്ഞെതിർത്താൻ ശചീസൂനു ജയന്തനും

Digitized By Kerala Sahitya Akademi

അവൻെറ സാരഥിയെയുമാ രാവണിയെയും രുഷാ.
അതിൽപ്പൊടിച്ചു കണ്ണേററം വിടന്നാ രാവണാത്മജൻ
ഉമ്പർകോന്മകനിൽപ്പാരമമ്പു പെയ്താൻ മഹാബലൻ.
പിന്നെ മൂർച്ചപെടും നാനാശസ്ത്രമായിരമായിരം
സുരസൈന്യങ്ങളിൽച്ചാട്ടീ രുഷ്ടനാം രാവണാത്മജൻ:
ശതഘ്നി മുസലം കുന്തം ഗദ വാൾ വെണ്മഴുക്കളും
പെരുംകുന്നിന്മുടികളും ചാട്ടിനാൻ രാവണാത്മജൻ.
വേദനകൊണ്ടു ലോകങ്ങളു,ളവായ് കൂരിരുട്ടുമേ,
ആ രാവണസുതൻവൈരിസൈന്യങ്ങളെവധിക്കവേ. ൧൯
പില്പാടദ്ദേവബലമശ്ശചീപുത്രന്നു ചുററുമേ
പലമട്ടിൽത്തരംകെട്ടുപോയിതമ്പിൻപരിക്കിനാൽ:
അരക്കനോ വാനവനോ എന്നറിഞ്ഞീല തങ്ങളിൽ;
അതാതിടത്തുടഞ്ഞോടിപ്പോകയായ് നാലുപാട്ടുമേ.
വാനോർ ഹനിച്ചു വാനോരെ,യരക്കരെയരക്കരും;
ഇരുട്ടിലാപ്പെട്ടറിയാഞ്ഞോ,ടിപ്പോയീടിനാർ ചിലർ.
അന്നേരം, ദൈത്യവരനാം പുലോമാവെന്ന വീര്യവാൻ
വീരൻ ശചീനന്ദനനെയെടുത്തകലെമാററിനാൻ;
ദൗഹിത്രനാകുമവനെയെടുത്തുകടൽപ്പുകിനാൻ:
അവനാര്യകനാണല്ലോ, പുലോമാവു ശചീഗുരു. ൨൦
ജയന്തനെങ്ങോ പോയ്പോയതറിഞ്ഞിട്ടഥ ദേവകൾ
മനസ്സിടിവൊടെപ്പേരും വേദനകൊണ്ടു മണ്ടിനാർ.

രാവണാത്മജനോ, രോഷാൽ സ്വന്തം പടകൾ (ചുററുമായ്,
പാഞ്ഞെററാനസ്സുരന്മാരോടി,ട്ടാൻ വലിയൊരൊച്ചയും.
മകൻ പോയ്പോയതും വാനോർപാഞ്ഞതും കണ്ടുവാസവൻ

Digitized By Kerala Sahitya Akademi

ചൊല്ലിനാൻ മാതലിയോടായ്,'ത്തേർകൊണ്ടുവരികി
(ങ്ങുടൻ.'
കരുക്കപ്പെട്ടിരുന്നാ വൻദിവ്യത്തേരതിഭീഷണം
അതിവേഗം തെളിച്ചുംകൊണ്ടാരാലെത്തിച്ചു മാതലി.
അത്തേരിങ്കൽബ്ബലിഷ്ഠങ്ങൾ മിന്നൽ ചേരുന്ന കാറുകൾ
മുന്നിൽക്കാററാലുലഞ്ഞു,ച്ചൂധ്വാനമോടിടിവെട്ടിനാർ.
ഗന്ധർവരൊത്തുചേർന്നിട്ടു നാനാവാദ്യങ്ങൾ കൊട്ടിനാർ;
ആടിനാരപ്സരസ്ത്രീകളു,ണ്ടർകോനെഴുന്നള്ളവേ.
ആദിത്യവസുരുദ്രന്മാർ മരുൽസാധ്യഗണങ്ങളും
നാനാശസ്ത്രങ്ങളും ചൂഴെച്ചേർന്നെഴുന്നള്ളിയണ്ടർകോൻ.
ശക്രൻ പുറപ്പെട്ടളവോ, രൂക്ഷമായ് വീശി മാരുതൻ;
സൂര്യൻനിഷ്പ്രഭനായ്ത്തീർന്നു, ചാടീപെരിയകൊള്ളിമീൻ.
ഇതുനേരത്തുതാൻ വീരൻ ദശഗ്രീവൻ പ്രതാപവാൻ
കേറിനാൻ ദിവ്യമാംതേരിൽ, വിശ്വകർമ്മാവുതീർത്തതിൽ,
രോമാഞ്ചമേകും വമ്പത്തിയുള്ള പാമ്പുകൾ ചുററിയും
അവററിൻ ചീററലാൽപ്പോരിൽക്കത്തുംമട്ടാന്മുള്ളതിൽ.
ദൈത്യരാക്ഷസവർഗ്ഗത്താൽച്ചുററപ്പെട്ടു രഥസ്ഥനായ്
പോരിന്നു നേരിട്ടു,ദൈത്യൻ ചെന്നെതിർത്താൻ മഹേന്ദ്ര
അപ്പുത്രനെത്തടുത്തിട്ടു താൻതന്നേ നിലവായിനാൻ; (നെ
പോർ വിട്ടു പോന്നിരിപ്പായിതാ രാവണതനൂജനും.
ഉടൻ തുടന്നു ദേവന്മാരരക്കരൊടു സങ്ഗരം
കാർകൾപോലടരിൽഘോരംശസ്ത്രംവർഷിച്ചുകൊണ്ടു
(താൻ
കുംഭകർണ്ണൻ ദുരാത്മാവു നാനാശസ്ത്രങ്ങളേന്തിയോൻ
പോരിലന്നറിയപ്പെട്ടീലാ,രോടോ പടവെട്ടിനാൻ!

18 *

Digitized By Kerala Sahitya Akademi

പൽകളാൽ,കൈകളാൽ,കാലാൽ,വേൽതോമരശരങ്ങ
(ളാൽ,
എന്നെന്നാലതിവാൽ ക്രുദ്ധൻ പ്രഹരിച്ചു നിലിമ്പരെ.()
പിന്നീട,ത്യുഗ്രരാം ഭദ്രന്മാരോടേററു നിശാചരൻ
മല്ലിട്ടെങ്ങും മുറിപ്പെട്ടാനവർതന്നായുധങ്ങളാൽ.
മെയ്യെങ്ങും ശസ്ത്രമേററസ്രമൊഴുക്കും കുംഭകർണ്ണനോ,
ഇടിമിന്നലുമായ് മാരി പെയ്യും കാർമുകിൽപോലെയായ്.
പോരിൽക്കിണഞ്ഞുപൊരുമാ രക്ഷസ്സൈന്യത്തെ
(യൊക്കയും
മണ്ടിച്ചിതു മരുത്തുക്കൾ നാനാതീക്ഷ്ണായുധങ്ങളാൽ:
പ്രഹരത്താൽ മുറിപ്പെട്ടു പിടഞ്ഞോർ ചിലരൂഴിയിൽ;
വാഹനങ്ങളിലേ പററിനിന്നാരങ്ങടരിൽച്ചിലർ:
തേർകുള,ശപം, കഴുതകളാ,ന പാമ്പുകളൊ,ട്ടകം,
ശിംശുമാര-വരാഹങ്ങൾ, പിശാചവദനങ്ങളും
ഇവയെക്കൈകളാൽപ്പുൽകിപ്പിടിച്ചുമഥിതരായ് ചിലർ;
ദേവാസ്ത്രത്താൽപ്പിളന്നിട്ടു ചാകയുംചെയ്തു രാക്ഷസർ.
ചിത്രം വരച്ചപോലായിതപ്പടത്തിക്കു കാഴ്ചയിൽ;
കൊലപ്പെട്ടു നിലംപൊത്തി മത്തേറിയ നിശാചരർ.
ചെഞ്ചോരയാം ജലംചേൎന്നും കാകഗൃദ്ധ്രങ്ങൾ തിങ്ങിയും
പടത്തലയ്ക്കലൊഴുകീ ശസ്ത്രനക്രാഢ്യമാം പുഴ.
അന്നേരമരിശംകൊണ്ടാൻ ദശഗ്രീവൻ പ്രതാപവാൻ,
അസ്സൈന്യമെല്ലാം സുരരാൽ വീഴ്ത്തപ്പെട്ടതു കാൺകയാൽ;
ആ വാഷ്ച സൈന്യക്കടലിൽച്ചെന്നിറങ്ങിജ്ജവാലവൻ
പോരിൽസ്സുരരെ മട്ടിച്ചുംകൊണ്ടേററാനിന്ദ്രനോടുതാൻ.
മഹാസ്വനപ്പെരുംവില്ലിന്നൊലി ചേൎത്തിയിന്ദ്രനും;

Digitized By Kerala Sahitya Akademi

അതിന്റെ വൻഞാണൊലിയാൽ മുഴങ്ങി ദിക്കുപത്തുമേ
ആ വൻവില്ലു വലിച്ചിന്ദ്രൻ രാവണന്റെ ശിരസ്സിലായ്,
പാവകാദിത്യതേജസ്സു താവുമമ്പുകൾ തൂകിനാൻ.
അവ്വണ്ണമേ മഹാബാഹു നേരേ നിന്നു ദശാസ്യനും
മൂടീ ശക്രനെ വില്ലിങ്കൽനിന്നു പെയ്ത ശരങ്ങളാൽ.
പോരാട്ടമവർതൻ ബാണവർഷത്താൽ നാലിടത്തിലും
അറിയാതായ് ശരിക്കൊന്നും;-മെല്ലാമിരുളിലാണ്ടുപോയ്!

---

## ഇരുപത്തൊമ്പതാം സർഗ്ഗം.
## ഇന്ദ്രഗ്രഹണം.

---

ഇരുളുണ്ടു പരന്നാറെ ദേവരാക്ഷസരേവരും
തമ്മിൽപ്പൊതുക്കിയുംകൊണ്ടു പോരടിച്ചു ബലോൽക
ഉടൻ വാനോർപ്പട മഹത്താമാ രാക്ഷസസേനയെ (ടർ
പോരിങ്കൽപ്പത്തിലൊന്നാക്കി കാലനൂരേററിബാക്കിയെ.
[ഇരുട്ടിലെഴപ്പോരതിലദ്ദേവരാക്ഷസരേവരും
തമ്മിൽക്കണ്ടറിയാതായി, തങ്ങളിൽപ്പൊരുതീടവേ.
ഇന്ദ്രനും രാവണനു,മാബ്ബലി രാവണപുത്രനും,
മൂന്നുപേരിവരന്ധാളിച്ചീലങ്ങിരുൾ ചുഴന്നതിൽ]
സേനയെല്ലാം വധിക്കപ്പെട്ടതു കണ്ടിട്ടു രാവണൻ
പാരം ചൊടിച്ചാൻപടയിലിട്ടാൻ വലിയൊരൊച്ചയും. ഒ
രഥസ്ഥനാം സാരഥിയോടോതീ ക്രോധാൽദ്ദുരാസദൻ:-
'മാററാർപ്പടയ്ക്കു നടു ചെന്നു,ഞ്ഞാളും കൊണ്ടുപോക മാം.

---

[ഈ അടയാളത്തിനുള്ളിൽപ്പെട്ടതു പ്രക്ഷിപ്തം.]

Digitized By Kerala Sahitya Akademi

ഇന്നീസ്സുരരെയെല്ലാമേ താന്താൻ പോരിൽ നടന്നുഞാൻ
അത്യുഗ്രനാനാശസ്ത്രത്താൽക്കാലാലയമണയ്ക്കുവൻ.
ഞാൻ കൊല്ലുന്നിന്ദ്രവരുണവൈവസ്വതകുബേരരെ;
സുരരെക്കൊലചെയ്തിട്ടു താൻതന്നേ മീതെ വാഴുവൻ.
വിഷാദിക്കുകവേണ്ടാ നീ; തേർ വേഗത്തിൽത്തെളിക്കുമേ;
ഒരിക്കൽക്കൂടിയോതുന്നേനങ്ങോളം കൊണ്ടുപോക മാം.
നന്ദനോദ്യാനമാണല്ലോ നമ്മൾ നിന്നീടുമീ സ്ഥലം;
കൊണ്ടുപോകെന്നെയിന്നേര,മുദയാദ്രിക്കടുക്കൽ നീ.'
അവന്റെയാ വാക്കു കേട്ടു മനോവേഗിഹയങ്ങളെ
തെളിച്ചുകൊണ്ടാനസ്സൂതൻ ശത്രുമധ്യത്തിലൂടെതാൻ.
അവന്റെ നിശ്ചയമതങ്ങറിഞ്ഞിന്ദ്രൻ സുരേശ്വരൻ
തേരിൽ വാഴുവനാപ്പോരിൽ മേവും സുരരൊടോതിനാൻ
'വാനോർ കേൾപ്പിനെനിക്കിങ്ങു തോന്നുന്നതുരചെ (യ്യിടാം
ചെമ്മേ ദശാസ്യാശരനെജ്ജീവനോടേ പിടിക്കണം.
ഈവൻകരുത്തൻപടയിൽക്കാറ്റൊത്തൂക്കുള്ളതേരുമായ്
കേറുമേവേലിയേറ്റത്തിൽക്കോൾകൊണ്ടകടൽപോലവേ
കൊല്ലാവുന്നവനല്ലിപ്പോൾ, വരനിർഭയനാമിവൻ
പിടിക്കുനാംരാക്ഷസനെ;-പ്പോരിൽശ്രദ്ധിച്ചുകൊള്ളു (വിൻ.
എവ്വണ്ണം ബലിയെക്കെട്ടി മുപ്പാരനുഭവിപ്പു ഞാൻ,
അവ്വണ്ണമിപ്പാപിയെയും കെട്ടിടാമെന്നു മന്മതം.'

പിമ്പിന്ദ്രൻ രാവണനെവിട്ടന്യഭാഗസ്ഥനായ് രണേ
അരക്കരെയുഴററിക്കൊണ്ടടരിട്ടാൻ നൃപോത്തമ:
വടക്കേതാം വശത്തൂടേ പിന്മാറാത്ത ദശാനനൻ

Digitized By Kerala Sahitya Akademi

ഉൾപ്പുകിനാൻ, തെക്കവശത്തൂടേ ദേവാധിരാജനും.
നൂറുയോജനയുൾപ്പുക്ക രാക്ഷസപ്പെരുമാളവൻ
ഉമ്പർപ്പടയിലെമ്പാടുമമ്പിൻമഴകൾ തൂകിനാൻ.
അതിൽ സ്വന്തംപട മുടിഞ്ഞതു കണ്ടു പുരന്ദരൻ
പിന്മാററിനാൻ രാവണനെ,പ്പതറാതെ ചുഴന്നുടൻ. ൨൦
ആർത്തു തദാ,'ഹാ,ഹതരായ് നാമെ'ന്നദ്ദൈത്യരാക്ഷസർ,
അരക്കർകോൻമഹേന്ദ്രന്റെവായിൽപ്പെട്ടതുകാൺകയാൽ
ഉടൻ തേരിൽക്കയറിയിട്ടരിശം മൂത്ത രാവണി
പാരംചൊടിച്ചു,ക്കൊടുതാംപടയിൽച്ചെന്നുകേറിനാൻ
രുദ്രൻ പുരാ നല്കിയതാമമ്മഹാമായ പൂണ്ടവൻ
വൻവാശിയോടപ്പടയെപ്പാഞ്ഞേററുംകൊണ്ടുകേറിനാൻ
അവൻവാനോരെയെല്ലാംവിട്ടെ,തിർത്താനിന്ദ്രനോടുതാൻ;
തേജസ്വിയാംവാസവനോ,കണ്ടീലാശത്രുപുത്രനെ.
സുമഹാവീരർ ദേവന്മാരായുധങ്ങളുമസ്സമേ
ചട്ട പോയിട്ടു,മഞ്ഞേതുംക്ലേശീലാ രാവണാത്മജൻ! ൨൫
നേർക്കെത്തും മാതലിയെ നല്ലമ്പുകൊണ്ടേററമെയ്തവൻ
ശരവർഷം മഹേന്ദ്രങ്കൽ വീണ്ടുമേ പെയ്തുകൂട്ടിനാൻ.
തേർ വിട്ടു സാരഥിയെയുമയച്ചഥ പുരന്ദരൻ
ഐരാവതപ്പുറത്തേറിത്തേടീ രാവണപുത്രനെ.
അങ്ങുമായാബലാൽക്കാണപ്പെടാതായ്വാനിൽ നിന്ന
(വൻ
മായ വീശി മഹേന്ദ്രങ്കൽപ്പാഞ്ഞേററെയ്താൻ ശരങ്ങളെ.
ഇന്ദ്രന്നു വാട്ടം കണ്ടാറേ ബന്ധിച്ചവനെ മായയാൽ
നിജസൈന്യത്തിലെയ്ക്കായിക്കൊണ്ടുപോന്നിതു രാവണിഃ
ബലാൽശ്ശക്രനെവൻപോരിൽനിന്നവൻകൊണ്ടുപോ
(കവേ,

Digitized By Kerala Sahitya Akademi

എന്താവാമെന്നഖിലരും ചിന്തയിൽപ്പെട്ട ദേവകൾ:
'കാണാകുന്നില മായാവി ശക്രജിത്തടർവെന്നവൻ,
സവിത്യനാമിന്ദ്രനെയും മായകൊണ്ടു കവന്നവൻ.'

അത്തപ്പിലരിശംകൊണ്ടേപ്പേരുമൊന്നിച്ചു വാനവർ
പിന്മാററിയാ രാവണനിൽച്ചൊരിഞ്ഞാരസ്ത്രവൃഷ്ടികൾ.
വസുക്കളോടുമാദിത്യരോടുമേററിട്ടു രാവണൻ (ക്ലായാൽ.
പോരാതെയായീ പൊരുതാൻ, പോരിൽ മാററാർ വല
അസ്ത്രമേററു ഞെരിഞ്ഞേററം വാട്ടമാന്ന പിതാവിനെ
കണ്ടിട്ടു ചൊല്ലിനാൻ കാണപ്പെടാതേ നിന്ന രാവണി:—
'വത്സ, പോക, നമുക്കല്ലാ, പോരാടൽ മതിയാക്കിടാം;
ജയിച്ചു നാമെന്നറിക;സ്വസ്ഥനാക,ത്തൽ വിട്ടു നീ: നൃ
ഇതാ, വാനോർപ്പടയ്ക്കും മുപ്പാരിനും പെരുമാളവൻ
ഭാഗ്യത്താൽപ്പിടിയിൽപ്പെട്ടു; വാനോക്കു മദമററുപോയ്!
പാഴിലെന്തിന്നുനിൻ യത്ന?–മിങ്ങിനിപ്പോർ വൃഥാ
(വിലേ.'

രാവണാത്മജവാക്യേവം കേട്ടു പോർ നിത്തിവാനവർ;
നടകൊള്ളുകയുംചെയ്താരി,ന്ദ്രൻ വേർപെട്ടദേവകൾ.

നിജസുതനുടെയീ പ്രിയോക്തി കേട്ടാ–
ദരവൊടു പോരതിൽനിന്നു വിട്ടുമാറി,
പുകളുടയ സുരാരി പുഷ്ടസത്വൻ
രജനിചരേശ്വരനുണ്ണിയോടുരച്ചാൻ:—
'അലംഘ്യബല, സമാനവിക്രമൻ
മമ കുലവംശകരൻ പ്രഭോ, ഭവാൻ:
അതിബലമെഴമണ്ടർകോനെയും
സുരരെയുമീവിധമിന്നു വെന്നുവല്ലോ! ൪൦

Digitized By Kerala Sahitya Akademi

ഛരിയെ രഥമണച്ചു കൊണ്ടുപോയ്ക്കൊ-
ള്ളുക പടയൊത്തു പുരത്തിലെയ്ക്കു നീ;
സചിവരൊടൊരുമിച്ചു വിദ്രുതം
തവ പിറകേ വരുവൻ ഋസേന ഞാനും.'
സരഥനഥ ദശാസ്യനന്ദനൻ
സുരപതിയെപ്പടയൊത്തു കൊണ്ടുപോയ്
സ്വഭവനഗതനായ്പ്പിരിച്ചിതാ,-
പ്പൊരുതിയ രാക്ഷസരെ പ്രതാപവാൻ.

## മുപ്പതാംസൎഗ്ഗം: ഇന്ദ്രവിമോചനം.

മേഘനാദൻ പ്രബലനാമമരർകോനെജ്ജയിക്കയാൽ,
പിതാമഹനെ മുൻ നിൎത്തിച്ചെന്നെത്തി ലങ്കയിൽസ്സുരർ.
ചെന്നങ്ങു പുത്രഭ്രാതാക്കൾ ചൂഴം രാവണനോടുടൻ
സാമത്തിൽച്ചൊല്ലിനാൻ, വാനത്തായിനിന്നു പിതാ
(മഹൻ:
'ഉണ്ണീ, രാവണ, തോഷിച്ചേൻ പോരിൽ നിൻതനയ
(കൽ ഞാൻ:
ഹാ, വിക്രമോദാരത; നിൻതുല്യൻ താൻ മീതെതാനിവൻ!
മൂപ്പാരൊട്ടുക്ക വെന്നല്ലോ നിജതേജസ്സുകൊണ്ടു നീ;
സാധിച്ചു ചെയ്ത ശപഥം; നന്ദിച്ചേൻ തൻതനൂജനിൽ.
അത്യന്തബലവാനീ നിൻപുത്രൻ രാവണ, വിശ്വവാൻ
ലോകത്തിലിന്ദ്രജിത്തെന്നേപേരാണ്ടോനായ്ച്ചമഞ്ഞിടും.
ബലവാൻ ദുൎജ്ജയനുമായ്ത്തരുമീ രാക്ഷസൻ ദൃഢം:

Digitized By Kerala Sahitya Akademi

രാജൻ, നീയിവനാലല്ലോ കീഴടക്കീ നിലിമ്പരെ!
വിട്ടയയ്ക്കു മഹാബാഹോ, പാകദ്വിട്ടാം മഹേന്ദ്രനെ;
ഇദ്ദേഹത്തെ വിടാനായിട്ടെന്തൊന്നേകേണ്ടു ദേവകൾ?'
ചൊന്നാനുടൻമഹാതേജസ്സി,ന്ദ്രജിത്ത,ടർവെല്ലുവോൻ:—
'സ്വാമിൻ, വിടേണമിയ്യാളെയെന്നാല,മരനാക ഞാൻ!'
തേജസ്സേറിയ ധാതാവു മേഘനാദനൊടോതിനാൻ:—
'ഇല്ലൊന്നുകൊണ്ടും ചാകായ്കയൊരുദേഹിക്കുമൂഴിയിൽ:
നാല്ക്കാലിക്കും,പതത്രിക്കു,മോജസ്സേറുന്നവററിനും.'
വിരിഞ്ചസ്വാമിതൻ തീർച്ചവാക്കു കേട്ടിന്ദ്രജിത്തവൻ
അങ്ങു നില്പവനോടോതീ മേഘനാദൻ മഹാബലൻ:—
'അല്ലെന്നാൽ,ക്കേളു,ണ്ടർകോനെ വിട്ടാൽക്കിട്ടേണ്ടുവൊ (ന്നിനെ:
അഗ്നിയിൽപ്പതിവായ് മന്ത്രഹോമംചെയ്യാലെനിക്കുടൻ,
ശത്രുക്കളെജ്ജയിപ്പാനായിട്ടു പോരിലിറങ്ങുവാൻ
അശ്വങ്ങളെപ്പൂട്ടിയ തേർ തിയ്യിൽനിന്നുളവാകണം;
അതിൽവാണാൽ മരിക്കായ്കഞാനി;-തെന്നുററ നിശ്ചയം.
തിയ്യിലാ മന്ത്രഹവനം തീരുന്നതിനുമുന്നമേ (ഞാൻ.
പോരിൽപ്പൊരുതിയെന്നാലോ,ചത്തുപോയ്ക്കോട്ടെദേവ,
തപസ്സാലല്ലി വാങ്ങുന്നതമരത്വത്തെയേവനും?
ഞാനോ,ദേവ,കരുത്താലീയമരത്വത്തെ നേടുവൻ.'
'ആകട്ടെ'യെന്നവനൊടായ്ച്ചൊന്നാൻ ദേവൻ പിതാ (മഹൻ;
വിട്ടാൻ ശക്രനെയിന്ദ്രാരി;വാനോരും വിണ്ണു പൂകിനാർ.

അന്നേരമണ്ടർകോൻ രാമ,ദേവശ്രീ കെട്ടു ദീനനായ്
മനോരാജ്യത്തിൽ മുഴുകിയിരുന്നു ചിന്ത വായ്കയാൽ.

Digitized By Kerala Sahitya Akademi

ആനിലയ്ക്കവനെക്കണ്ടിട്ടോതി ദേവൻ പിതാമഹൻ:—
'പണ്ടെന്തിനൊരകൃത്യം നീ ചെയ്തുവെച്ചു ശതക്രതോ?()
ദേവേന്ദ്ര,ഞാനന്നുൾക്കാമ്പാൽത്തീൎത്തേൻപ്രജകളെപ്പ്ര
ഒരേ നിറ,മൊരേ രൂപ,മൊരേ വാക്കഖിലൎക്കുമേ; (ഭോ:
ഇല്ലവൎക്കാകൃതിയിലും വ്യത്യാസം ലക്ഷണത്തിലും.
പിമ്പാ പ്രജകളെപ്പറ്റിച്ചിന്തിച്ചേനുള്ളിലൂന്നി ഞാൻ;
എന്നിട്ടവററിൻ വ്യത്യാസത്തിന്നായ്ത്തീൎത്തൊരു
(ത്തിയെ—
പ്രജാംഗാംഗങ്ങളിൽസ്സത്തായുള്ളതെല്ലാമെടുത്തു ഞാൻ
സൌന്ദൎയ്യനന്മകളൊടും വിരചിച്ചേനഹല്യയെ.
ഹലമെന്നതു വൈരൂപ്യം; ഹല്യം തൽമൂലമുള്ളതാം;
ഹല്യമില്ലാത്തതുവശാലഹല്യാഖ്യാതി നേടിനാൾ;
അഹല്യയെന്നേ പേരിട്ടേനവൾക്കു പുരുഹൂത,ഞാൻ.
ആസ്ത്രീയെശ്ശക്ര, സൃഷ്ടിച്ചശേഷം ത്രിദശപുംഗവ,
ഇവളാരുടെയാകേണമെന്ന ചിന്തയിലായി ഞാൻ.
ഭവാനോ, ശക്ര, മനസാ തീൎപ്പു ചെയ്യുകയായ് പ്രഭോ,
സ്ഥാനൌന്നത്യാലിവൾ മമ പത്നിയെന്നു പുരന്ദര.
എന്നാലവളെയേല്പിച്ചേൻ മഹാനാംഗൌതമങ്കൽഞാൻ
പെരുതാണ്ടുകൾ സൂക്ഷിപ്പാൻ; തിരിയെ തന്നാപിമ്പവൻ
അതിലാ മാമുനിയുടെ മനസ്ഥൈൎയ്യമറിഞ്ഞു ഞാൻ
തപസ്സും സിദ്ധിയുമറിഞ്ഞേകിനേൻ വേട്ടുകൊള്ളുവാൻ.
അതിൽച്ചൊടിച്ചാ മുനിതന്നാശ്രമം പുക്കു ധാൎമ്മിക,
കത്തും തീജ്വാല പോലുള്ളാ സ്ത്രീയെക്കണ്ടുപിടിച്ചു നീ.
അവളെത്തീണ്ടി ദേവേന്ദ്ര,കാമാൎത്ത്യാ പകപൂണ്ട നീ;
കണ്ടെത്തി നിന്നെയന്നേരമാശ്രമത്തിൽ മഹൎഷിയും.



Digitized By Kerala Sahitya Akademi

ശപിച്ചാനങ്ങയെക്രോധാല,തിതേജസ്വിയാമവൻ;

അതിനാൽ നേർമറിച്ചായിപ്പോയിനിൻ നില വാസവ:
'തീണ്ടിയല്ലോ ഭയം കൂടാതെൻപത്നിയെ മഹേന്ദ്ര,നീ;
അതിനാൽപ്പോരിൽനീരാജൻ,ശത്രുവിൻകയ്യിലായ്പ്പെടും!
ഇസ്സമ്പ്രദായം ദുർബ്ബുദ്ധേ,ഭവാനിങ്ങാചരിക്കയാൽ
മനുഷ്യലോകങ്ങളിലുമുണ്ടായ്വരുമസംശയം.
അതിൽപ്പകുതി ചെയ്യാൾക്കു;പാതിനിന്നിൽപ്പതിച്ചിടും;
നിൻസ്ഥാനം സ്ഥിരമായിട്ടുമിരിക്കില്ലി,ല്ലസംശയം:നൂ-ഒ
സുരേന്ദ്രനായ്ച്ചമഞ്ഞീടുമേവനും സ്ഥിരനായ്വരാ;
ഇശ്ശാപമേകിടുന്നേൻ ഞാനെ'ന്നവൻ നിന്നോടു ചൊല്ലി
(നാൻ.

അഹല്യയെശ്ശകാരിച്ചാൻ പിന്നെ ശ്രേഷ്ഠതപസ്സവൻ:-
'ദുഷ്ടേ. മുടിഞ്ഞുപോകെൻെറയാശ്രമാന്തത്തിൽനിന്നു നീ.
നിലവിട്ടവളായല്ലോ രൂപയൌവനയുക്ത നീ;
അതിനാൽപ്പാരിൽ നീമാത്രമല്ലാ രൂപാഢ്യയായ്വരൂ.
പ്രജകൾക്കൊക്കെയുളവാം തവ രൂപമസംശയം:
അതൊന്നുമൂലമാണല്ലോ വിഭ്രമം വന്നതിങ്ങിനെ.'
അന്നാൾ തുടങ്ങി പ്രജകൾ മുക്കാലും രൂപയുക്തരായ്.
പ്രസാദിപ്പിച്ചിതവളഗ്ഗൌതമർഷീന്ദ്രനെത്തദാ:- ൪൦
'ഞാൻതൊട്ടതറിയാഞ്ഞത്രേ നിന്നെ പൂണ്ട നിലിമ്പനെ
കാമത്താലല്ല വിപ്രർഷേ; കനിഞ്ഞരുളുകെൻപ്രഭോ!'
അഹല്യയേവം ചൊന്നപ്പോളഗ്ഗൌതമനുമോതിനാൻ:-
'പിറക്കു,മിക്ഷ്വാകുകുലേ തേജസ്സേറും മഹാരഥൻ
രാമനെന്നുലകിൽ ഖ്യാതൻ, പിന്നെക്കാട്ടിലണഞ്ഞിടും

Digitized By Kerala Sahitya Akademi

ബ്രാഹ്മണനായ് മഹാബാഹോ മൎത്ത്യമൈ പൂണ്ട മാധവൻ.
അവനെക്കൊണ്ടതെന്നു, ന്നു ഭദ്രേ, നീ ശുദ്ധയായ്സ്വരം:
ആളാകുമല്ലോ, നീ ചെയ്ത ദുഷ്കൃതം നീക്കുവാനവൻ.
അവനാതിത്ഥ്യവും ചെയ്തിട്ടെൻചാരത്തെത്തു പോ
(നിടാം;
പാക്കാമന്നു നിനക്കെന്നോടൊന്നിച്ചു വരവിന്നിനി!' ൪൫
എന്നുംപറഞ്ഞാ വിപ്രൎഷി ചെന്നാണഞ്ഞാൻനിജാശ്രമം;
ബ്രഹ്മവിൽപതിയവളോ, ചെയ്തുകൊണ്ടാൾപെരും
(തപം.
അത്താപസൻെറ ശാപത്താലത്രേ, വന്നതിതൊക്കയും
കാത്തുകൊൾക മഹാബാഹോ,നീയാച്ചെയ്തോരു ദുഷ്കൃതം;
അതിനാൽശ്ശത്രുവശനായ്, മറ്റൊന്നാലല്ല ശക്ര,നീ.
വെക്കം വൈഷ്ണവമാം യാഗം ശ്രദ്ധവെച്ചു കഴിക്കുനീ:
ആ യാഗംകൊണ്ടു സംശുദ്ധനായി സ്വൎഗ്ഗംഗമിച്ചിടാം.
നിൻപുത്രനുതിപ്പെട്ടിട്ടില്ലാ വമ്പോരിൽ വാസവ:
മുത്തച്ഛൻവൻസമുദ്രത്തിൽകൊണ്ടുപോയ്വെച്ചിരിക്കുയാം.'
ഇതു കേട്ടിട്ടു ദേവേന്ദ്രൻ വിഷ്ണുയാഗം കഴിച്ചുടൻ ൫൦
വീണ്ടും വിണ്ണേറിനാൻ, വിണ്ണോർകോനായ്വാഴ്ക തുട
(ങ്ങിനാൻ.
വിവരിച്ചേനിതിൻവണ്ണ,മിന്ദ്രജിത്തിൻ ബലത്തെ ഞാൻ;
അവനിന്ദ്രനെയും വെന്നാൻ മററുള്ളവരെയെന്തിനി?"
ആശ്ചൎയ്യമെന്നു ചൊന്നാരാ രാമലക്ഷ്മണരൊപ്പമേ
അഗസ്ത്യവാക്കു കേട്ടിട്ടു, യാതുധാനപ്ലവങ്ഗരും.
രാമൻെറയരികേ മേവും വിഭീഷണനുമോതിനാൻ:—
'ആശ്ചൎയ്യ,മെന്നെയോൎപ്പിച്ചു പണ്ടു കണ്ടതു സാമ്പ്രതം.'

Digitized By Kerala Sahitya Akademi

അഗസ്ത്യനോടോതി രാമനി,തും'കേട്ടേൻശരിക്കുഞാൻ.'
"ലോകകണ്ടകനായ്ത്തീർന്നാനീവിധം രാമ,രാവണൻ.
മകനൊത്തമരഭർത്താവാം ശക്രനെപ്പോരിൽവെന്നവൻ."

## മുപ്പത്തൊന്നാം സർഗ്ഗം: രാവണശിവപൂജ.

അതിതേജസ്വിയാം രാമൻ വിസ്മയംകൊണ്ടു വീണ്ടുമേ
ചോദിച്ചാൻ ശ്രേഷ്ഠമുനിയാമഗസ്ത്യനോടു താഴ്മയിൽ:—
'ഭഗവൻ, രാക്ഷസക്രൂരനെന്നതൊട്ടൂഴി ചുററിയോ,
അന്നു ലോകങ്ങൾ ശൂന്യങ്ങളായിരുന്നോ ദ്വിജോത്തമ?
അന്നിങ്ങൊരാളുമില്ലെന്നോ, രാജാവോ, രാജമാത്രനോ?
തോല്പിയ്ക്കപ്പെട്ടതില്ലല്ലോ രാവണൻ രാക്ഷസേശ്വരൻ.
അതോ, വീര്യം കുറഞ്ഞോരായിരുന്നോ നാടുവാഴികൾ?
വരാസ്ത്രം ശീലിയാത്തോരോ?തോററല്ലോ ചെരുതൂഴിപർ.'
കാകുത്സ്ഥനുടെ ചോദ്യം കേട്ടഗസ്ത്യൻ ഭഗവാനൃഷി
ചിരിച്ചു രാമനോടോതീ, ബ്രഹ്മാവീശനൊടാംവിധം:—
"ഈവിധം നൃപരെപ്പീഡിപ്പിച്ചുകൊണ്ടു നൃപർഷഭ,
നടന്നു രാവണൻ രാമ, ധരയിങ്കൽധരാപതേ!
പിന്നെ സ്വർഗ്ഗപുരം പോലെ മിന്നും മാഹിഷ്മതീപുരേ
ചെന്നെത്തിനാന,വിടെയുണ്ടഗ്നിസാന്നിധ്യമെപ്പൊഴും.
തിയ്യെന്നും ശരകുണ്ഡത്തിലാളുമങ്ങൊരു മന്നവൻ
വാണാനഗ്നിപ്രഭാവത്താലഗ്നിയ്ക്കൊത്തവന,ർജ്ജുനൻ.
എന്നാളിലോ കരുത്തേറും ഹൈഹയപ്പെരുമാളവൻ
രമിപ്പാൻസ്ത്രീകളൊത്തീശനർജ്ജുനൻ നർമ്മദയ്ക്കു പോയ്,
അന്നാളിൽത്തന്നെയാണങ്ങുചെന്നെത്തിയതു രാവണൻ;

Digitized By Kerala Sahitya Akademi

ചോദിച്ചു തത്സചിവരോടാ രാവണനാരക്കർകോൻ:- ()
'എങ്ങിജ്ജനക്ഷ്മാപാലൻ? വഴിപോലാശു ചൊല്ലുവിൻ:
രാവണൻ ഞാൻ നൃപനൊടു പോരാടാൻവന്നിരിക്കയാം;
മുന്നിൽ ഞാൻ വന്നതും നിങ്ങൾ ശരിയായറിയിക്കുവിൻ.'
എന്നേവംരാവണൻചൊന്നപ്പോതത്സചിവർ സൂരികൾ,
രാജാവിവിടെയില്ലെന്നു രാക്ഷസേശനൊടോതിനാർ.
പൌരർചൊന്നി,ജ്ജനൻപോയതറിഞ്ഞാവിശ്രവ
(സ്സുതൻ
പോന്നു മത്തിന്നലയ്ക്കാത്ത വിന്ധ്യശൈലത്തിലെത്തി
(നാൻ.
കാറിലുൾപ്പുക്കപോലൂ,ഴി പിളർത്തെത്തിയപോലെയും
കാണായ് വാനത്തുയരുന്നപോലെയും വിന്ധ്യപർവ്വതം;
ആയിരംമുടിയോടൊത്തും, സിംഹം ഗുഹയിൽമേവിയും,
തടത്തിൽക്കുളിർനീർച്ചാട്ടംകൊണ്ടുള്ളലറൽ പൊങ്ങി
നല്പാരുമായ് രമിക്കുന്ന ദേവഗന്ധർവ്വദൈത്യരാൽ (യും,
സാപ്സരഃകിംപുരുഷരാൽ വിണ്മട്ടായ്,പ്പൊക്കമേറിയും;
പളുങ്ങിനോടു ശരിയാം തണ്ണീരൊഴുകുമാർകളാൽ,
നാവാടിടും പത്തികളുള്ളനന്തൻ പോലെയായുമേ,
മീതേ വ്യാപിച്ച ഹിമവാൻപോലായ്ദ്ദരികളൊത്തുമേ
നില്ക്കും വിന്ധ്യനെവീക്ഷിച്ചുപുക്കാൻ നമ്മുടെ രാവണൻ:
പുണ്യയായ്,ക്കല്ലിൽ നീർ ചിന്നി,പ്പശ്ചിമാബ്ധിക്കുപോവ
പോത്താൾക്കരങ്ങുനല്പാനസൃമരം നരസിംഹവും(തായ്,
ചൂടേറു വാടിട്ടാഹിച്ചു നീർ കലക്കിയിരുന്നതായ്, ഹം
ചക്രവാകങ്ങൾ നീർക്കോഴി ഹംസകാരണ്ഡവങ്ങളും
സദാ മദാൽ സാരസവും കൂകിക്കൊണ്ടു ചുഴന്നതായ്,

Digitized By Kerala Sahitya Akademi

പൂമരപ്പൂമ്പൊടിച്ചാർത്തും ചക്രവാകസ്തനങ്ങളും
നല്ലന്നയരഞ്ഞാണവും വന്മണൽത്തിട്ടാം നിതംബവും
പൂവിമ്പൊടിക്കുറിക്കൂട്ടും തണ്ണീർവെൺനുരയാടയും
നീർപ്പൂകളാം പുല്ക്കല്യമായ്, ഫുല്ലോൽപലശുഭാക്ഷിയായ്,
നൽസ്സരിത്താം നർമ്മദയെ, പ്രിയതന്വിയെയാംവിധം,
പുഷ്പകം വിട്ടിറങ്ങിച്ചെന്നണഞ്ഞാശു ദശാനനൻ,
അതിൻചാരുമണൽത്തിട്ടിൽ നാനാമുനികൾ വാഴ്വതിൽ
ഇരുന്നാൻ സചിവന്മാരോടൊത്തു രാക്ഷസപുംഗവൻ.൨൫
അങ്ങു നർമ്മദയെ,ഗ്ഗംഗയിതെന്നായ് വാഴ്ത്തി രാവണൻ,
നർമ്മദാദർശനാലുള്ളിൽക്കുളിർകൊണ്ട നിശാടർകോൻ
ചൊന്നാൻ സലീലം സചിവശുകസാരണരോടുടൻ:—
'ഇതാ,രശ്മിസഹസ്രത്താൽപ്പാരു പൊന്നാക്കിവെച്ചതാൻ
കുടംചൂടേകിടും സൂര്യൻ നഭസ്സിൻ നേർനടുക്കിലായ്;
ഞാനിങ്ങിരിപ്പതോർത്തത്രേ, ചന്ദ്രനായ് നില്പതംശുമാൻ!
നർമ്മദാംബുത്തണുപ്പേന്തി നന്മണം പൂണ്ടു മെല്ലവേ
നമ്മെപ്പേടിച്ചിതാ, വാട്ടം തീർത്തു വീശുന്നു വായുവും!
നർമ്മത്തെക്കൈവളർത്തുന്ന നർമ്മദാസത്സരിത്തിതോ,
മീൻപക്ഷിനക്രോർമ്മിയൊടും നില്പൂ പേടിച്ച പെൺപടി!
പോരിലിന്ദ്രാഭനൃപർതൻ ശസ്ത്രത്താൽ മുറിയേററവർ
ഭവാന്മാർ ചന്ദനച്ചാറിന്നൊത്ത ചോര പുരണ്ടവർ;
ശർമ്മദശ്രീനർമ്മദയിലിറങ്ങിക്കൊൾവിനാകയാൽ,
സാർവ്വഭൗമാദിമത്തേഭമുഖ്യർ ഗംഗയിലാംവിധം.
ഈ മഹാനദിയിൽ സ്നാനംചെയ്തു പാപമകററിടാം;
ഞാനും ശരച്ചന്ദ്രസമശ്രീമണൽത്തിട്ടിലിപ്പൊഴേ
പുഷ്പാഞ്ജലി കഴിക്കുന്നുണ്ടിന്ദുചൂഡനു മെല്ലവേ.'

Digitized By Kerala Sahitya Akademi

എന്നീ രാവണവാക്കാലേ പ്രഹസ്തശുകസാരണർ
ഇറങ്ങിനാർ നർമ്മദയിൽ,സ്സധൂമ്രാക്ഷമഹോദരർ.
ആ രാക്ഷസേന്ദ്രമാതങ്ഗരുലച്ചു നർമ്മദപ്പുഴ, ൩൫
വാമനാഞ്ജനപത്മാദ്യർ കൊമ്പന്മാർ ഗങ്ഗ പോലവേ.
നർമ്മദാനദിയിൽ സ്നാനം ചെയ്താക്കെല്ലേറുമാശരർ
കേറിപ്പുഷ്പങ്ങളെത്തിച്ചു രാവണനച്ചനത്തിനായ്;
നർമ്മദാനന്മണൽത്തിട്ടിൽ വെണ്മകാർനിറമിയന്നതിൽ
ഒരു പൂമലയുണ്ടാക്കീ തെല്ലിടയ്ക്കുള്ളിലാശരർ!
പൂവേവം ശേഖരിച്ചാരേ സ്നാനത്തിന്നായരക്കർകോൻ,
ഗജേന്ദ്രൻ ഗങ്ഗയിൽപ്പോലേ നദിയിങ്കലിറങ്ങിനാൻ.
സ്നാനം കഴിച്ചു വിധിപോലഗ്ര്യമന്ത്രം ജപിച്ചുടൻ
ആ നർമ്മദാജലത്തിങ്കൽനിന്നു കേറീ ദശാനനൻ.
അങ്ങീറനുണ്ടുപേക്ഷിച്ചുവെൺവസ്ത്രംചുററിരാവ
(ണൻ ൪൦
കൈകൂപ്പിപ്പോകെ,യെപ്പേരും പിന്തുടർന്നിതു രാക്ഷസർ
അവൻറപോക്കിനോടൊപ്പംപ്രാണിരൂപാചലോപമർ.
രാവണൻ രാക്ഷസാധീശനെങ്ങെങ്ങു നടകൊള്ളുമോ,
അങ്ങങ്ങു കൊണ്ടുപോകാറുണ്ടൊരു ലിങ്ഗം ഹിരണ്മയം;
മണൽത്തിണ്ണയ്ക്കു നടുവിലാ ലിങ്ഗം വെച്ചു രാവണൻ
പൂജിച്ചാനമൃതിൻഗന്ധമുള്ള ഗന്ധസുമങ്ങളാൽ.

സദാർത്തി നീക്കും പരമാത്മരൂപിയായ്
വരങ്ങളേകും തരുണേന്ദുചൂഡനെ
സമച്ചനംചെയ്തഥ പാടിയാടിനാൻ
കരങ്ങളും നീട്ടിത്തിരുമുമ്പിലാശരൻ.

Digitized By Kerala Sahitya Akademi

## മുപ്പത്തിരണ്ടാംസർഗ്ഗം: രാവണഗ്രഹണം.

നർമ്മദാപുളിനത്തിങ്കലെങ്ങദാശേഷാരനരശർക്കോൻ
പുഷ്പാഞ്ജലി കഴിക്കുന്നിത,ദ്രിക്കിന്നൊട്ടടുക്കലായ്
അർജ്ജുനൻ വിജയിശ്രേഷ്ഠൻ പ്രൗഢ മാഹിഷ്മതീപതി
നാരിമാരൊത്തു വിഹരിച്ചിരുന്നു നർമ്മദാംബുവിൽ:
അവർക്കു നടുവേ രാജാവുപശോഭിച്ചിതർജ്ജുനൻ,
ആയിരംപിടിയാനയ്ക്കു നടുവിൽക്കൊമ്പനാംവിധം;
അവനോരായിരംകയ്യിൻ വൻകരുത്തൊന്നു നോക്കുവാൻ
തടുത്താൻ നർമ്മദയൊഴുക്കത്തദ്ബാഹുജങ്ങളാൽ.
കാർത്തവീര്യഭുജൌഘത്തിൽത്തടഞ്ഞിട്ടാ,ത്തെളിഞ്ഞനീർ
വക്കടസ്സുംപടി തിരിച്ചൊഴുകിടുകയായ് ദ്രുതം. ൩
മകരം മീൻ മുതലയും പൂവും ദർഭവിരിപ്പുമായ്
ആ നർമ്മദയൊഴുക്കുത്തു മഴക്കാലത്തെ മട്ടിലായ്.
ആ നീരൊഴുക്ക,ർജ്ജുനനാലയയ്ക്കപ്പെട്ടപോലവേ
തട്ടിനീക്കീ ദശാസ്യന്റെയപ്പുഷ്പബലിയൊക്കെയും.
അപ്പോളാ,പ്പാതി തീർന്നോരു കർമ്മം നിർത്തി ദശാനനൻ
പിന്നെയും പ്രിയയെപ്പോലെ ശ്രീനർമ്മദയെ നോക്കിനാൻ.
കടലേത്തുന്നതിന്നൊപ്പം വാച്ചുമാ നീരൊഴുക്കിനെ
പടിഞ്ഞാറേ വശം കണ്ടു കിഴക്കോട്ടഥ പോയിനാൻ;
അങ്ങു, പക്ഷിഗണം പാറി, മറ്റേതും മാറിടാതെതാൻ,
വികാരമില്ലാപ്പെൺപോലെകാണായ്രാവണനാനദി. ൪
ഒഴുക്കിൻഹേതു നോക്കാനായ്ശുകസാരണരെത്തദാ
വലംകൈവിരലാൽക്കല്പിച്ചയച്ചാൻ മൌനി രാവണൻ.
ദശാസ്യനാൽ പ്രേരിതരാം ഭ്രാതാക്കൾ ശുകസാരണർ

Digitized By Kerala Sahitya Akademi

നടകൊണ്ടാർ പടിഞ്ഞാട്ടു,വീരർ വാനത്തിലൂടവേ.
അംഭോജവാട്ടരം ചെന്നപ്പോളാ രജനീചരർ
കണ്ടു സ്ത്രീകളുമായ് നീരിൽക്കളിയാടുമൊരുത്തനെ:
കേശംനീരിൽച്ചിതറിയോൻ,ചെമ്പയനിനൊത്തവൻ
മദാൽവാല്ക്കൺചുകപ്പാർന്നാൻ, മദവിഹ്വലമാനസൻ:
പുഴയോരായിരംകയ്യാൽത്തടുത്തോന,രിമർദ്ദനൻ,
ഉർവ്വി പാദസഹസ്രത്താൽത്തടുക്കും മല പോലവേ; എ
മികച്ച ബാലപ്പെണ്ണുങ്ങളായിരംചേര ചുഴന്നവൻ,
മദിച്ച പെണ്ണാനകളായിരമൊത്താന പോലവേ;
അത്യദ്ഭുതാഭനവനെക്കണ്ടിട്ടു ശുകസാരണർ
മടങ്ങിച്ചെന്നരക്കന്മാർ ദശാസ്യനൊടു ചൊല്ലിനാർ:—
'അതാ, വമ്പയനിനൊക്കമൊരാൾ നർമ്മദയെ പ്രഭോ,
ചിറ പോലെ തടുത്തിട്ടുംകൊള്ളിപ്പൂ മടവാർകളെ.
അവനോരായിരംകയ്യാൽ നീർതടഞ്ഞതുമൂലമാം,
കടലേററം പോലെ പേർത്തുംപേർത്തുമേറുന്നതീ നദി.'
ശുകസാരണരീവണ്ണം പറയുന്നതു കേട്ടുടൻ,
'അർജ്ജുനൻതന്നെ'യെന്നോതിപ്പോയാൻ പോരിന്നു രാവണൻ. ()
ആ രാവണൻ രാക്ഷസർകോനർജ്ജുനാന്തം ഗമിക്കവേ,
അടിക്കയായ്കൊടുംകാററു ചീററിയും പൊടിപാററിയും;
ഒരിക്കലിടിവെട്ടിച്ചെഞ്ചോര വർഷിച്ചു കാർകളും.
മഹോദരമഹാപാർശ്വധൂമ്രാക്ഷശുകസാരണർ
ചുഴന്ന,ർജ്ജുനപാർശ്വത്തിലേക്കു പോയാനരക്കർകോൻ.
കറച്ചുസമയംകൊണ്ടാക്കരുത്തുടയ രാക്ഷസൻ
ആ നർമ്മദാഹ്രദം ഭീമമണഞ്ഞാനഞ്ജനപ്രഭൻ.



Digitized By Kerala Sahitya Akademi

അങ്ങു കാണായ് നിശാദേശനർജ്ജുനക്ഷിതിപാലകൻ
സ്ത്രീകളൊത്തൻനടുവിൽ, പെണ്ണാനകളൊത്താന പോലവേ.
ഉടൻ ക്രോധാൽ കൺ ചുകന്ന രാക്ഷസേന്ദ്രൻ ബലോ
(ദ്ധതൻ
അർജ്ജുനാമാത്യരോടേവം ചൊന്നാൻ ഗംഭീരഭാഷയിൽ:-()
'അമാത്യരേ, പറയുവിൻ ഹൈഹയക്ഷ്മാപനോടുടൻ:
വന്നിട്ടുണ്ടടർചെയ്വാനായ് രാക്ഷസൻ രാവണാഹ്വയൻ.'
രാവണൻതന്റെ ചൊൽ കേട്ടിട്ടവരർജ്ജുനമന്ത്രിമാർ
ശസ്ത്രം കൈക്കൊണ്ടെഴുന്നേററാരാ, രാവണനൊടോതി
(നാർ:—
'അറിയാം യുദ്ധകാലം തേ; നന്നെടോ, നന്നു രാവണ:
സ്ത്രീവൃതോന്മത്തനൃപനോടല്ലോ പോർ തേടിടുന്നു നീ!
പെൺമുന്നിൽത്തമ്പുരാനോടിവ്വണ്ണം പോർതേടിടുന്നു നീ
കരേണുനടുവേ മത്തേഭത്തോടു നരി പോലവേ?
ക്ഷമിക്കുകിന്നു, നീ രാത്രി താമസിക്കു ദശാനന;
വേണമെങ്കിൽത്താത, നാളെയാവാമർജ്ജുനനോടു പോർ.
ഇപ്പൊഴേ പൊരുതാനുള്ളിലുണ്ടു പോർക്കൊതിയെങ്കിലോ,
ഞങ്ങളെക്കൊന്നതിൻശേഷം ചെയ്യാമർജ്ജുനനോടു
(പോർ.'
ചില്ലാടു രാവണാമാത്യരബ്ഭൂമിഭൃദമാത്യരെ
യുദ്ധത്തിലിട്ടുമർദ്ദിച്ചാർ; തിന്നുകൊണ്ടാർ ബുഭുക്ഷിതർ.
ഉടൻ ഹലഹലാശബ്ദം മുഴക്കീ നമ്മദാതടേ
അർജ്ജുനാനുചരന്മാരും രാവണന്റെയമാത്യരും.
വജ്രകുന്തത്രിശൂലേഷു തോട്ടിയും തോമരങ്ങളും
രാവണാനുചിതരിൽച്ചാട്ടിക്കൊണ്ടെങ്ങും പാഞ്ഞുകേറി
ഹൈഹയേശന്റെ ഭടർതന്നൂക്കതീവ കരാളമായ്,
(നാർ;
സനക്രമീനമകരക്കടലെല്ലോപ്പമിരമ്പവും.



Digitized By Kerala Sahitya Akademi

രാവണാമാത്യരായുള്ളാ പ്രഹസ്തശുകസാരണർ
ചൊടിച്ചെരിച്ചാർ തേജസ്സാൽ,ക്കാർത്തവീര്യന്റെ സേ(നയെ.
രാവണൻ മന്ത്രിമാരൊത്താച്ചെയ്തുവെച്ചതുണത്തിനാർ
ക്രീഡിക്കുമർജ്ജുനൻതങ്കൽ,ഗ്ഗോപുരം കാക്കുമാളുകൾ.
കേട്ടിട്ടു, 'പേടിയാക്കൊ'ന്നാ സ്ത്രീകളോടോതിയർജ്ജുനൻ
ആ നീർ വിട്ടേറിനാൻ, ഗങ്ഗാനീർ വിട്ടഞ്ജനമാംവിധം.
ആയർജ്ജുനാനലൻ ക്രോധാൽക്കലങ്ങീടിന കണ്ണുമായ്
പ്രജ്വലിച്ചാൻ മഹാഘോരൻ പ്രളയാനലനാംവിധം.
വരഹേമാംഗദനവൻ ഗദകൈക്കൊണ്ടരക്കരെ
പായിച്ചാൻ വിദ്രുത,മിരുട്ടുകളെബ്ഭാനുപോലവേ.
കൈകൾകൊണ്ടു ചുഴറ്റുന്ന വലുതാം ഗദയോങ്ങിയും,
ഗരുഡന്റെ ജവംപൂണ്ടും നേരേ ചെന്നേറ്റിതർജ്ജുനൻ.
അവന്നു, വിന്ധ്യൻ സൂര്യന്നു പോലേ വഴി തടുത്തുടൻ
വിന്ധ്യാദ്രിസ്ഥിരനായ്നിന്നാൻ പ്രഹസ്തൻമുസലായുധൻ:
അവന്റെ നേർക്കുഗ്രമിരിമ്പുലയ്ക്കയതിഗർവ്വൊടേ
പ്രയോഗിച്ചു ചൊടിച്ചാർത്തു പ്രഹസ്തൻ, കൊണ്ടൽ പോ(ലവേ.
പൊങ്ങീ, പ്രഹസ്തനാ വിട്ട മുസലത്തിൻ തലയ്ക്കലായ്,
എരിയ്ക്കുംമട്ടു,ശോകപ്പൂംകുലയ്ക്കൊത്തോരു പാവകൻ.
ആ നേർക്കടുക്കും മുസലം കൃതവീര്യജനർജ്ജുനൻ
തട്ടിക്കളഞ്ഞാനടവിൽഗ്ഗദയാൽഗ്ഗദമെന്നിയേ. ൪൧
ആ പ്രഹസ്തനെയെന്നിട്ടു പാഞ്ഞേറ്റാൻ ഹൈഹയേശ്വ(രൻ
അഞ്ഞൂറുകൈ നീണ്ട പെരുംഗദ ചുറ്റിച്ചുകൊണ്ടുതാൻ.

Digitized By Kerala Sahitya Akademi

ഉൗക്കിലഗ്ഗദകൊണ്ടാഞ്ഞുതച്ചതേററാ പ്രഹസ്തനോ,
വീണുപോയ്, വജ്രിതൻ വജ്രമേററൊരു മല പോലവേ.
പ്രഹസ്തൻ വീണതീക്ഷിച്ച മാരിചശ്ശുകസാരണർ
സമഹോദരധൂമ്രാക്ഷർ പോക്കളം വിട്ടു മാറിനാർ.
പ്രഹസ്തൻ വീണ,മാത്യന്മാർ പിന്മാറിയദശാന്തരേ
പാഞ്ഞേററു രാവണൻ ചിക്കെന്നെജ്ജുനക്ഷ്മാപവക്ഷസി.
ആയിരംകയ്യനുമിരുപതുകയ്യനുമുഗ്രമായ്
ത്തുടന്നു പുളകം പൂണ്ടു പടയങ്ങു നൃപാശരർ. ൫൦
ഇളകും രണ്ടു മല പോലേ,ത്തും രണ്ടാഴി പോലവേ,
പിടിസ്സായ്രണ്ടുമദ്ദേഭം പോലെ, രണ്ടുരവിൻപടി
രണ്ടുപ്പുളാക്കരെപ്പോലേ, ചുട്ടുംരണ്ടഗ്നി പോലവേ.
ഇരച്ചും രണ്ടു മേഘം പോലി,രുസിംഹങ്ങൾ പോലവേ,
ചൊടിച്ച രുദ്രകാലന്മാർ പോലവേ രാക്ഷസാജ്ജുനർ
തമ്മിൽഗ്ഗദകൾകൊണ്ടേററമാഞ്ഞുതച്ചാർബ്ബലാൽ.
(കടർ.
എമ്മട്ടുശൈലങ്ങൾകൊട്ടുംവജ്രഘാതം സഹിച്ചുവോ,
അമ്മട്ടങ്ങു ഗദാഘാതം സഹിച്ചാരാ നരാശരർ!
എമ്മട്ടിടിത്തീയൊലിയിൽനിന്നുണ്ടാകുന്ന മാറെറാലി,
അമ്മട്ടുതദ്ഗദത്തല്ലാൽ മാറെറാലിക്കൊണ്ടു ദിക്കുകൾ. ൫൫
മാററാൻെറ മാറിൽ വീഴ്ത്തുമ്പോളെ,ജ്ജുനൻതൻെറഗ്ഗദ
പൊൻവണ്ണമാക്കീ,വാനത്തെത്തെളിവാർമിന്നൽപോല
ഏവം രാവണനംപേത്തും പേത്തുമജ്ജുനമാറിലായ് (വേ.
വീഴ്ത്തും ഗദ വിളങ്ങി, വന്മലമേൽക്കൊള്ളി പോലവേ.
അജ്ജുനൻ വാട്ടമേല്ക്കുന്നില്ലി,ല്ലാ രാക്ഷസനാഥനും;
അവക്കില്ലട, പണ്ടിന്ദ്രബലികൾക്കെന്നപോലെയായ്.
കൊമ്പാൽക്കാളകളെപ്പോലേ,കൊമ്പാലാനകൾപോ
(ലവേ,

Digitized By Kerala Sahitya Akademi

തമ്മിൽത്താഡിച്ചു പോർ ചെയ്താരാ നരാശരസത്തമർ.
അമർഷമോടർജ്ജുനനാഗ്ഗദ കെല്പോടെയിട്ടുടൻ
രാവണന്റെ പെരുംനെഞ്ഞത്തൊത്തു വീഴ്ത്തീ സ്തനാന്തരേ.
വരരക്ഷിതമാം രാവണോരസ്സിൽത്തട്ടിയഗ്ഗദ
കെല്പററപോല്യ,ളിവൊത്തു രണ്ടായൂഴിയിൽവീണുപോയ്!
എന്നാലങ്ങർജ്ജുനനുടെ ഗദയേറ്റാലെ രാവണൻ
ഒരു വില്പാട് പിന്മാറി; ഞെരങ്ങിക്കൊണ്ടിരിപ്പുമായ്.
തളർന്നതായ്ക്കണ്ടു തദാ ദശകണ്ഠനെയർജ്ജുനൻ
ചാടിപ്പിടിച്ചാൻ, സർപ്പത്തെഗ്ഗരുഡൻ പോലെയഞ്ജസാ;
ബലാലോരായിരംകയ്യാൽപ്പിടിച്ചിട്ടിദ്ദശാസ്യനെ
ബന്ധിച്ചാൻ ബലിയാം ഭൂപൻ ബലിയെശ്ശാർങ്ഗിപോലവേ.
അരക്കർക്കോനെബ്ബന്ധിക്കെ, സ്സിദ്ധചാരണദേവകൾ.
നന്നെന്നുരച്ചർജ്ജുനന്റെ ശിരസ്സിൽപ്പൂക്കൾ തൂകിനാർ.()
മാനിനെക്കടുവാ പോലെ, സിംഹമാനയെയാംവിധം
പിടിച്ചാർത്താൻ മുദാ പേർത്തും പേർത്തും കാർ പോലെ
(ഹൈഹയൻ.

പ്രഹസ്തനാശ്വസിച്ചിട്ടു ബദ്ധനായ ദശാസ്യനെ
കണ്ടാ രാക്ഷസരൊത്തീറ പൂണ്ടു പാഞ്ഞേറു ഭൂപനെ.
പാഞ്ഞേല്ക്കുമാ രാക്ഷസർതന്നൂക്കു കാണായി നിർഭരം,
മഴക്കാലത്തു കടലിൽക്കാറുകൾക്കുള്ളവാംവിധം.
ഉടൻ, 'വിട്ടു വിട്ടു, നില്ലു, നില്ലെ'ന്നേവം പെരുത്തുരു
ചൊല്ലിക്കൊണ്ടർജ്ജുനൻ തങ്കൽച്ചാട്ടീ ശൂലമുലക്കകൾ.
എത്തുന്നതിന്നുമ്പാദ്ദേവാരികൾതന്നായുധങ്ങളെ
പിടിച്ചാൻ ക്ലേശമിടാതാശു രിപുമർദ്ദനനർജ്ജുനൻ; ൨൦
എന്നിട്ടു,ദ്ദുർദ്ധരാഗ്ര്യായുധൌഘത്താൽത്താനരക്കരെ

Digitized By Kerala Sahitya Akademi

പിളർത്തകലെയോടിച്ചാൻ, കാർകളെക്കാററു പോലവേ.
അരക്കരെ വിരപ്പിച്ചു കൃതവീയ്യജനജ്ജുനൻ
ദശകണ്ഠനെയും കൊണ്ടു പുരം പൂകീ സുഹൃദ്വൃതൻ.
നാപൌരരാം വിപ്രർ സുമാക്ഷതോൽകരം
പൊഴിപ്പതേററപ്പുരി ചെന്നുപൂകിനാൻ
മഹേന്ദ്രതുല്യൻ,ബലിയെപ്പിടിച്ചു പ-
ണ്ടമത്ത്യർകോനെന്നതുപോലെയജ്ജുനൻ.

——•<>•——

## മുപ്പത്തിമൂന്നാംസഗ്ഗം: രാവണവിമോചനം.

ആ രാവണഗ്രഹണമോ വായുഗ്രഹണസന്നിഭം
കേട്ടു പുലസ്ത്യൻ, വാനിങ്കൽ വാനോർകളുരചെയ്കയാൽ.
പിന്നീടു, പുത്രസ്നേഹത്താലുൾ ചലിച്ചതിധൈയ്യവാൻ
മാഹിഷ്മതീശനെക്കാണ്മാനായെഴുന്നള്ളി മാമുനി:
വായുമാഗ്ഗമണഞ്ഞിട്ടാ വായുതുല്യജവൻ ദ്വിജൻ
മാഹിഷ്മതീപുരത്തെത്തി മനസ്സമ്പാതവിക്രമൻ;
ഹൃഷ്ടപുഷ്ടജനം തിങ്ങുമമരാവതിനേർ പുരി
പുക്കാൻ, ബ്രഹ്മാവു ശക്രൻെറയമരാവതി പോലവേ.
കാൽനടയ്ക്കുണയും സൂയ്യൻ പോലുള്ളദ്ദുന്നിരീക്ഷനെ
കണ്ടറിഞ്ഞുടനാൾക്കാർ ചെന്നജ്ജുനങ്കലുണത്തിനാർ.ഒ
പുലസ്ത്യനെന്നവർ പറഞ്ഞറിഞ്ഞാ ഹൈഹയാധിപൻ
തലയിൽത്തൊഴുകയ്യും വെച്ചെതിരേററു തപസ്വിയെ.
മധുപക്കമൊടൊത്തഘ്യമെടുത്തിട്ടു പുരോഹിതൻ
നൃപന്നു മുന്നിലായ്പ്പോന്നാനി,ന്ദ്രന്നു ഗുരുപോലവേ.
ഉദിക്കും സൂയ്യനെപ്പോലാ വരും മുനിയെയജ്ജുനൻ

Digitized By Kerala Sahitya Akademi

കണ്ടിട്ടു വെളുപ്പി വന്ദിച്ചാനി,ന്ദ്രനീശനെയാംവിധം.
പാദ്യാർഘ്യം മധുപക്കം ഗോവിവ നല്കി നൃപോത്തമൻ
പുലസ്ത്യനോടു ഹർഷത്താൽഗ്ഗദ്ഗദംപൂണ്ടുചൊല്ലിനാൻ:—
'ഇന്നു മാഹിഷ്മതി ശരിയ്ക്കുമരാവതി പോലെയായ്:
ഇന്നു ദുർദ്ദശനാം നിന്നെക്കണ്ടേനല്ലോ ദ്വിജേന്ദ്ര, ഞാൻ!
ഇന്നു ഞാൻ ദേവ,കുശലി,യിന്നമോഘം മമ വ്രതം,
ഇന്നെൻെറ ജന്മം സഫല,മിന്നേ സഫലമെൻ തപം:
വന്ദിച്ചുവല്ലോ, വാനോർക്കുവന്ദ്യമാം നിൻപദത്തെഞാൻ!
ഈ നാടുമിപ്പുത്രരുമിക്കുടുംബിനികളും ഞങ്ങളും
എന്തൊന്നു ചെയ്യണം ബ്രഹ്മൻ? ഞങ്ങളോടരുൾചെയ്ക
ധർമ്മാഗ്നിപുത്രരിൽ ക്ഷേമംചോദിച്ചഥപുലസ്ത്യനും(നീ.'
ഹേഹയാധിപനാമർജ്ജുനനോവീശനൊടു ചൊല്ലിനാൻ:—
'നരേന്ദ്ര, പദ്മപത്രാക്ഷ, പൂർണ്ണചന്ദ്രനിഭാനന,
നിൻകരുത്തെതിരറെറാന്നു: വെന്നല്ലോ നീ ദശാസ്യ
(നെ! ഹ ദ
ആരെപ്പേടിച്ചനങ്ങാതെനിന്നുപോം കാററുമാഴിയും,
ആമൽപൌത്രനിവൻനിന്നാൽബ്ബദ്ധനായ്‌രണേദുർജ്ജയൻ!
ഗ്രസിച്ചു പൈതലിൻകീത്തി, പേരും കേൾപ്പിച്ചു വെ
(ച്ചു നീ;
ഇന്നെനപേക്ഷ കൈക്കൊണ്ടു വിടുകുണ്ണി ദശാസ്യനെ.'
പുലസ്ത്യശാസനം കേട്ടിട്ടുരച്ചീലൊന്നുമർജ്ജുനൻ;
വിട്ടാനുടൻ നൃപാലേന്ദ്രൻ ഹൃഷ്ടനായ് രാക്ഷസേന്ദ്രനെ.

വിടുത്തി രക്ഷസ്സിനു ദിവ്യഭൂഷണ-
സ്രഗംബരാദ്യച്ചനഃമേകിയർജ്ജുനൻ
അഹിംസമാം സഖ്യവുമേററു സാഗ്നിയായ്,-
പ്പുലസ്ത്യനെക്കുപ്പിയണഞ്ഞിതാലയം.

Digitized By Kerala Sahitya Akademi

മുനിയാലുമനുജന്മാരതൻ രാക്ഷസേന്ദ്രൻ പ്രതാപവാൻ
പുല്കപ്പെട്ടേററിതാതിത്ഥ്യം, തോല്പിച്ചേലും സഖ്യജ്ഞനായ്-
പിതാമഹന്റെ മകനാം പുലസ്ത്യമുനിവര്യനും
അരക്കർകോനെ വിടുവിച്ചണഞ്ഞാൻ ബ്രഹ്മലോകമേ.
ഇമ്മട്ടിലുപ്പപ്പെട്ടാനാ രാവണൻ കാർത്തവീര്യനാൽ;
പുലസ്ത്യവാക്കിനാൽ വീണ്ടും വിട്ടുപോന്നു മഹാബലൻ.
ഏവമുണ്ടാം പ്രബലനിൽ പ്രബലൻ രഘുനന്ദന;
അവജ്ഞകൊള്ളൊല്ലന്യങ്കൽ, തനിക്കു ഹിതമോർപ്പവൻ.

പലാശർകോനാമവനഞ്ഞു കയ്യാ-
യിരം പെടുന്നോനൊടു വേഴ്ച നേടി
പെടുത്തിനാനല്ലൽ നൃപക്ക് വീണ്ടും;
മദാൽച്ചരിച്ചാൻ മഹിയിങ്കലെങ്ങും.

## മുപ്പത്തിനാലാംസർഗ്ഗം: ബാലിസമാഗമം.

അർജ്ജുനൻവിട്ടതിൽപ്പിന്നെ, രാവണൻ രാക്ഷസാ
നടന്നാൻ മന്നിലെല്ലാമേ, മട്ടപ്പാമട്ടിലുസ്ത്രയാൽ: (ധിപൻ
രക്ഷസ്സോ നരനോ വങ്കെല്പോത്തോനുണ്ടെന്നു കേൾക്കിൽ
അവനെച്ചെന്നു പോരിന്നു വിളിയ്ക്കും ഗർവി രാവണൻ. (കിൽ
ഒരിയ്ക്കൽ, ബ്ബാലി പാലിച്ച കിഷ്കിന്ധാപുരി പുക്കവൻ
വിളിച്ചാൻ പോരിനായ്, പ്പൊന്നിന്മാല ചാർത്തിയ ബാലി
(യെ .
അന്നേരം ചൊല്ലിനാർ പോരിന്നണഞ്ഞോനൊടു വാനരർ
അമാത്യൻ താരനും താരാതാതനും യുവരാജനും:—
‘പോയിരിപ്പൂ നിശാടേന്ദ്ര, ബാലി നിൻ കെല്പു താങ്ങു
(വോൻ;

Digitized By Kerala Sahitya Akademi

മറേറതു വാനരനുണ്ടു ശേഷി നിൻമുന്നിൽ നില്ക്കുവാൻ? ൭
നാലാഴികളിലും സന്ധ്യാവന്ദനം ചെയ്തു രാവണ,
ഇപ്പോൾത്തന്നെതിരിച്ചെത്തുംബാലി;തെല്ലിടനില്ക്കുനീ.
നോക്കകീയസ്ഥിപുഞ്ജങ്ങൾശംഖുപോലെവെളുത്തിതാ;
രാജൻ, കപീന്ദ്രതേജസ്സാൽപ്പോരിട്ടോരുടെയാണിവ.
ഭവാനമൃതു സേവിച്ചാൽപ്പോലും രാവണരാക്ഷസ,
ബാലിയോടേല്ക്കിലതേവരെയ്ക്കു തവ ജീവിതം!
കാണ്ക, ലോകാത്ഭുതനെ നീയധുനാ വിശ്രവസ്സുത,
നില്ക്കുകൊട്ടിട ദുഷ്പ്രാപമായ്വരും തവ ജീവിതം!
ചാകാൻ തിടുക്കമുണ്ടെങ്കിൽച്ചെല്ലുക തെക്കടലിങ്കൽ നീ;
ബാലിയെയത്ര കണ്ടെത്തും, നിലത്തഗ്നിയെയാംവിധം!

താരാത്ര്യരെയ്ക്കുകാരിച്ചാ രാവണൻ ലോകരാവണൻ
പോയാനപ്പുഷ്പകം കേറിത്തെക്കേക്കടലിലേയ്ക്കുതാൻ.
അങ്ങു, പൊന്മല പോലായിബ്ബാലസൂര്യാഭവക്ത്രനായ്
സന്ധ്യോപാസന ചെയ്യുന്ന ബാലിയെക്കണ്ടു രാവണൻ.
പുഷ്പകം വിട്ടിറങ്ങിപ്പിമ്പഞ്ജനദ്യുതി രാവണൻ
അബ്ബാലിയെപ്പിടിപ്പാനായ്ച്ചെന്നാൻകാലൊച്ചയെന്നി
യദൃച്ഛയാ രാവണനെയങ്ങു കണ്ടിതു ബാലിയും; (യേ.
എന്നാൽദുരാശനെക്കണ്ടിട്ടുണ്ടായീലൊരു ക്ഷുഭലും:
ശശത്തെസ്സിംഹം മഹിയെത്താക്ഷ്യനും കണ്ടമാതിരി,
ദുരാശനാം രാവണനെഗ്ഗണിച്ചീലാ കപീശ്വരൻ! ൧൭
'പിടിപ്പാൻ വന്നിടും പാപശീലനായ ദശാസ്യനെ
കക്ഷത്തിൽത്തൂക്കിയിട്ടിട്ടു പോവൻ വങ്കടൽ മൂന്നിലും;
കാണാകുമെൻെറ കക്ഷത്തിൽ,ത്തുടകൈമുണ്ടഴഞ്ഞു
(പോയ്



Digitized By Kerala Sahitya Akademi

ത്തുണ്ടും ദശാസ്യനാം ശത്രു,താക്ഷ്യങ്കൽപ്പാമ്പുപോലവേ!'
എന്നായ് നിനച്ചുറച്ചിട്ടു വേദമന്ത്രജപത്തൊടും
മിണ്ടാതിരുന്നാനബ്ബാലി,യൊരു മാമല പോലവേ.
തമ്മിൽപ്പിടിപ്പാൻനോക്കുന്നാക്കപിരാക്ഷസമന്നവർ
കിണഞ്ഞുകൊണ്ടത്തൊഴിലിന്നൊരുങ്ങീ ബലഗർവിതർ.
കാലൊച്ചയാൽപ്പിടിയ്ക്കാറായെന്നറിഞ്ഞദ്ദശാസ്യനെ
പിടിച്ചാൻ ബാലി പിന്നാൽത്താൻ സർപ്പത്തെപ്പക്ഷി
(പോലവേ;
പിടിപ്പാൻനോക്കുമാ നക്തഞ്ചരർകോനെപ്പിടിച്ചുടൻ
കക്ഷത്തടക്കി വാനത്തെയ്ക്കൂക്കോടേ ചാടിനാൻ കപി.
മേന്മേൽ നഖങ്ങളാൽമാന്തിനോവിച്ചാലും ദശാസ്യനെ
കൊണ്ടുപോയീടിനാൻബാലി, കാറിനെക്കാററുപോലവേ.
കൊണ്ടുപോകപ്പെട്ടും ലങ്കാരാജാവെ വിട്ടുവിയ്ക്കുവാൻ
ച്ചുക്കിക്കൊണ്ടോടിയേററാരാ രാക്ഷസാമാത്യർ ബാലിയെ.
അവർ പിന്തുടരും ബാലി വാനിൻമദ്ധ്യേ വിളങ്ങിനാൻ,
മേഘങ്ങൾ പിന്തുടർന്നീടും ഭാനുമാനെന്നപോലവേ.
ബാലിയോടു സമീപിയ്ക്കാൻ വയ്യാതാ രാക്ഷസോത്തമർ
അവൻെറ കൈതുടക്കാററാൽത്തളർന്നങ്ങിനെ നിന്നു
(പോയ്.
ബാലി പോകും വഴിയിൽനിന്നൊഴിഞ്ഞു മലപോലുമേ;
പിന്നെയെന്തു,യിർ കാക്കിയ്ക്കും മാംസരക്തശരീരവാൻ?
പക്ഷിയും ചെന്നിടാത്താഴിതന്നിലെല്ലാം മഹാജവൻ
വാനരേന്ദ്രൻ ക്രമത്താലേ സന്ധ്യോപാസ്തി നടത്തിനാൻ:
ഖേചരപ്രാണിവർഗ്ഗങ്ങൾ മാനിയ്ക്കും ഖേചരോത്തമൻ
പടിഞ്ഞാറേസ്സമുദ്രത്തിലെത്തി ബാലി സരാവണൻ;

Digitized By Kerala Sahitya Akademi

അതിങ്കൽ സ്നാതനായ്സ്സന്ധ്യ വന്ദിച്ചഥ ജപിച്ചുമേ
വടക്കേക്കടലിൽപ്പോയാൻ വാനരൻ ധൃതരാവണൻ;
അസംഖ്യംയോജനപ്പാടു പോയാൻ പെരിയ വാനരൻ
അരാതിയെ വഹിച്ചുംകൊണ്ടു,ൾക്കാമ്പുംകാററുമാംവിധം.
വടക്കേക്കടലിൽസ്സന്ധ്യ വന്ദിച്ചു പുനരെത്തിനാൻ
ധൃതപൌലസ്ത്യനബ്ബാലി കിഴക്കനലയാഴിയിൽ.
അങ്ങും സന്ധ്യയുപാസിച്ചാശ്ശക്രപുത്രൻ ഹരീശ്വരൻ
നീളേ രാവണനെക്കൊണ്ടു കിഷ്കിന്ധയ്ക്കു മടങ്ങിനാൻ.
നാലാഴികളിലും സന്ധ്യാവന്ദനം ചെയ്തു വാനരൻ
രാവണോദ്വഹനശ്രാന്തൻ കിഷ്കിന്ധത്തോപ്പിലെത്തി (നാൻ.
ദശാസ്യനെ സ്വകക്ഷത്തിൽനിന്നു വിട്ടു,വനോട്ടുടൻ
മേന്മേൽച്ചിരിച്ചു, 'നീയെങ്ങുനിന്നെ'ന്നാൻ കപിസത്ത
ത്തുലോം പകച്ചു വാട്ടത്താൽപ്പതറീടിന കണ്ണുമായ് (മൻ!
രാക്ഷസേന്ദ്രനിതിന്മട്ടു കപീന്ദ്രനൊടുചൊല്ലിനാൻ:– ൩൯
'വാനരേന്ദ്ര, മഹേന്ദ്രാഭ, ഞാൻ രാവണന,രക്കർകോൻ;
പോരിന്നിവിടെവന്നേനിന്നാ,പ്പെട്ടേൻ നിൻവശത്തിലും.
അഹോ, കരുത്തഹോ, വീര്യമഹോ, ഗാംഭീര്യമെന്നതും:
ചുററിച്ചല്ലോ പശുപ്രായമെന്നെക്കൊണ്ടാഴിനാലിലും!
ക്ഷീണിയ്ക്കാതീവിധം വീര, വെക്കം വൻസാഗരങ്ങളിൽ
മറേറതു വീരനെന്നേയുമെടുത്തുംകൊണ്ടു ചുററിടും?
ഇത്തരം പോകുമൂവ്വർക്കേ പാരിലുള്ളൂ പ്ലവങ്ഗമ:
മനോവായുസുപർണ്ണർക്കു; കില്ലില്ലിപ്പോൾബ്ബവാന്നുമേ!
അതിനാൽ നിൻബലംകണ്ടിട്ടിച്ഛിപ്പൂ കപിസംഹ,ഞാൻ:
സസ്നേഹമങ്ങുമായ്സ്സഖ്യം,നീണാളെയ്ക്കഗ്നിസാക്ഷി
(കം: ൪൦

Digitized By Kerala Sahitya Akademi

ഭാൎയ്യാപുത്രർ പുരം രാജ്യമൂണുടുപ്പുപഭോഗവും
എല്ലാം നമ്മൾക്കു ഭാഗിക്കാതാകവേണം ഹരീശ്വര!'
പിന്നീടു തീ ജ്വലിപ്പിച്ചാ രണ്ടാളും കപിരാക്ഷസർ
തമ്മിൽക്കെട്ടിപ്പുണൎന്നിട്ടങ്ങണ്ണന്തമ്പികളായിനാർ!
ഹൎഷിച്ചു തമ്മിൽക്കൈക്കോൎത്തുപിടിച്ചക്കപിരാക്ഷസർ,
രണ്ടു സിംഹങ്ങൾ ഗുഹ പോലഥ കിഷ്കിന്ധ പൂകിനാർ.
മാസമൊന്നങ്ങു സുഗ്രീവനൊപ്പം പാൎത്തിതു രാവണൻ;
പിന്നെ,മുപ്പാർ മുടിച്ചീടാൻമന്ത്രിമാർവന്നുകൊണ്ടുപോയ്.
പണ്ടിങ്ങിനെയുമൊന്നുണ്ടായ്: ബാലി രാവണനെ പ്രഭോ,
അടക്കിനാൻ, സോദരനുമാക്കിനാനഗ്നിസന്നിധൌ. ൪൭
ഉണ്ടായിരുന്നു ബാലിക്കു രാമ, നേരററ നൽബ്ബലം;
അയാളെയും ഭവാൻ ചുട്ടു, പാററയെത്തീയ്യു പോലവേ!"

## മുപ്പത്തഞ്ചാംസൎഗ്ഗം: ഹനൂമദുൽപത്തി.

ചോദിച്ചാൻ, തെക്കരുളിടും മുനിയോടഥ രാഘവൻ—
കൈകൾ കൂപ്പിവണക്കത്തിലൎത്ഥവത്താമിതോതിനാൻ:-
"നിസ്തുല്യം ബാലിയുടെയും രാവണൻെറയുമിബ്ബലം;
എന്നാലിവൎക്കു ഹനുമാനോളമില്ലെന്നു മന്മതം:
ശൌൎയ്യം ധൈൎയ്യം മിടുക്കൂൎജ്ജസ്സറിവും നയസിദ്ധിയും
പ്രഭാവവും വിക്രമവും വാഴുന്നു വായുപുത്രനിൽ.
കപിസൈന്യങ്ങൾകടൽപാൎത്തഴൽക്കൊൾവതുകണ്ടുടൻ
ആക്കമേകി മഹാബാഹു നൂറുയോജന ചാടിനാൻ;
ചെന്നേറിനാൻ ലങ്കയിലും രാവണാന്തഃപുരത്തിലും;
ആശ്വസ്തയാക്കിനാൻ, കണ്ടു സംസാരിച്ചങ്ങു സീതയെ.

Digitized By Kerala Sahitya Akademi

സേനാനിമാർ മന്ത്രിസുതർ, കിങ്കരന്മാർ, ദശാസ്യജൻ
ഇവരെത്രയും വീഴിച്ചാനല്ലോ തനിയെ മാരുതി;
വീണ്ടും ബന്ധം വിട്ടത്താ,ശരേശനായ്സ്സല്ലപിച്ചവൻ
ലങ്കയെച്ചുട്ടപൊട്ടിച്ചാൻ ഭൂമിയെത്തിയ്യു പോലവേ.
കൃതാന്തന്നും കുബേരന്നുമിന്ദ്രന്നും വിഷ്ണുവിന്നുമേ
കേൾക്കപ്പെട്ടന്നില ഹനൂമാൻെറ യുദ്ധവിചേഷ്ടിതം!
ഇവൻെറ ഭുജവീയ്യത്താലല്ലോ, വൈദേഹി, ലക്ഷ്മണൻ,
ലങ്ക, നാടി,ഷ്ടർ,ബന്ധുക്കൾ, ജയമെന്നിവ നേടിഞാൻ.
ഞങ്ങൾക്കു കീശേന്ദ്രസഖൻ ഹനൂമാനില്ലയെങ്കിലോ,
സീതതൻ വാത്തപോലും പേത്തറിയാനാർ കരുത്തനാം?
ഇവൻതാൻ ചുട്ടെരിയ്ക്കാഞ്ഞതെന്തുകൊണ്ടപ്പിണങ്ങലിൽ
സുഗ്രീവൻതൻപ്രിയത്തിന്നായ്മരത്തെപ്പോലെ ബാലി
(യെ?
സ്വന്തം കരുത്തു ഹനൂമാനറിഞ്ഞീടായ്കയാവണം
സങ്കടം കണ്ടുപോന്നല്ലോ പ്രാണപ്രിയകപീന്ദ്രനിൽ!
ഭഗവാനേ, ഹനൂമാനെക്കുറിച്ചിതു മഹാമതേ,
സകലം വിസ്തരിച്ചിങ്ങു നേരായ്ച്ചൊല്ക, സുരാച്ചിത."
രാമൻെറ യുക്തിയുതമാം ചോദ്യം കേട്ടിട്ടു മാമുനി
ഹനൂമാനുടെ മുമ്പാകെവെച്ചങ്ങിവണ്ണമോതിനാൻ:–
"നേരാണു ഹനൂമാനെക്കൊണ്ടങ്ങിച്ചൊന്നതു രാഘവ:
കെല്പിലും പോക്കിലും ബുദ്ധിതന്നിലും തുല്യനില്ലൊരാൾ.
ശാപം പിഴയ്ക്കാത്തൃഷിമാർ ശാപം പണ്ടിവനേകിനാർ;
അതിനാലറിയാതായ്പ്പോയ് ബലം ബലി പരംതപ.
ബാല്യത്തിലുമിവൻ ചെയ്ത പണി രാമ, മഹാബല,
വണ്ണിപ്പാനെളുതല്ലെന്നോത്ത്,റിയാപ്പോലെ നില്പയാം.

Digitized By Kerala Sahitya Akademi

അതു കേൾപ്പാൻ രഘുശ്രേഷ്ഠ, ഭവാനുണ്ടാശയെങ്കിലോ,
മനസ്സുവെച്ചു കേട്ടാലും; രാമ, ഞാനുരചെയ്തിടാം:
ഭാസ്കരൻെറ വരാൽപ്പൊന്നാം സുമേരുമലയില്ലയോ,
ഇവൻെറയച്ഛനങ്ങല്ലോ നാടു വാഴുന്നു കേസരി.
അദ്ദേഹത്തിൻെറയാരോമൽബ്ഭാര്യ, യഞ്ജനയെന്നവൾ;
അവളിൽത്താൻ ജനിപ്പിച്ചു പവനൻ നല്ലൊരുണ്ണിയെ.
ഈ നെൽക്കതിർസ്സപ്രഭനെപ്പെററതിൻശേഷമഞ്ജന
കാട്ടുൾ കൊണ്ടുവരാൻവേണ്ടിപ്പോയാൾ വൻകാടു
(ചുററുവോൾ.
അമ്മ വേർപെട്ടു പശിപൂണ്ടേററം ക്ഷീണിച്ചു കുഞ്ഞിവൻ
കരഞ്ഞാൻ നിർഭരം,മമക്കാട്ടിലെക്കുഞ്ഞു പോലവേ.
അന്നേരം ചെമ്പരുത്തിപ്പൂ പോലുദിക്കും ദിനേശനെ
കണ്ടാൻ, കായെന്ന കൊതിയാൽബ്ബാറുവിൻ നേക്ക
(ചാടിനാൻ;
ബാലാക്കനുടെ നേരിട്ടു ബാലൻ ബാലാക്കവിഗ്രഹൻ
ബാലാക്കനെപ്പിടിപ്പാനായ്ച്ചാടിനാൻ വാനിലേയ്ക്കുടൻ.
ഒരു പിഞ്ചുകിടാവാമീ ഹനുമാൻ ചാടിടുംവിധൌ
ദേവദാനവയക്ഷന്മാരേററവും വിസ്മയിച്ചുപോയ്: ൨൭
'ഊക്കിത്രയ്ക്കില്ല കാററിന്നും, ഗരുഢന്നും, മനസ്സിന്നും;
അമ്മട്ടിലല്ലോ കേറുന്നു വൻവാനത്തീസ്സമീരജൻ!
ഇളംകുഞ്ഞാമിവന്നിത്ര ഗതിവിക്രമമെങ്കിലോ,
യൌവനത്തിൻ കരുത്തൊത്താലൂക്കെത്രയ്ക്കുളവായ്വരും!'
പിമ്പേ വീശുകയായ് കാററാച്ചാടിയെത്തും സ്വപുത്രനെ
സൂര്യൻ പൊള്ളിച്ചുപോകാതെകാത്തു മഞ്ഞിൻതണു
(പ്പൊടും.

Digitized By Kerala Sahitya Akademi

നൂറായിരം യോജനകൾ കടന്നാൻ വാനിന്നെത്തിവൻ;
അച്ഛന്റെകെല്പാൽബ്ബാല്യത്താൽസ്സൂൎയ്യനരികിലെത്തി (നാൻ-
അപായമറിയാത്തോനിപ്പൈതലെന്നോൎത്തു ഭാസ്കരൻ,
കാൎയ്യമുണ്ടിവനാലെന്നും കണ്ടു ചൂടേകിയില്ലതാൻ. ൩൦
ഇവനെന്നാൾ തപനനെപ്പിടിപ്പാൻ ചാടിയെത്തിയോ,
അന്നാൾ ഗ്രസിപ്പാൻഭാവിച്ചുയാണു രാഹു ദിനേശനെ;
രാമ,സൂൎയ്യന്റെ തേരിന്മേൽവെച്ചിവൻ തൊട്ടനേരമേ
പേടിച്ചവിടെനിന്നോടീ രാഹു ചന്ദ്രാൎക്കമൎദ്ദനൻ.

ഇന്ദ്രാലയത്തിൽച്ചെന്നിട്ടുചൊടിച്ചസ്സിംഹികാസുതൻ
ബദ്ധഭ്രൂകുടിയായ്വാനോർ ചൂഴം ദേവനൊടോതിനാൻ:-
'ചന്ദ്രാൎക്കരെയെനിക്കുഷ്ടിക്കായിത്തന്നിട്ടു വാസവ,
ഇന്നെന്തേ മറെറാരാൾക്കേകാനഞ്ഞു വൃത്രവലാന്തക?
ഇന്നു വാവാകയാലേ ഞാൻ പിടിപ്പാൻ ചെന്നിതൎക്കനെ;
അപ്പോൾ വന്ന,ന്യനാം രാഹുപിടിച്ചാനാശുസൂൎയ്യനെ.'()
രാഹുവിൻ വാക്കു കേട്ടിട്ടു വെമ്പലോടാ വലാന്തകൻ
ആസനം വിട്ടെഴുന്നേററാൻ പൊന്മാലയുമെടുത്തുടൻ.
പിന്നെ,ക്കൈലാസകൂടാഭ, നാല്കൊമ്പും, മദവാൎച്ചയും,
പൊക്കവും, പൊങ്കുടമണിക്കിലുക്കം, കുറിമോടിയും
ചേൎന്ന കുംഭീന്ദ്രനിൽക്കേറിയിന്ദ്രൻ രാഘവാനുയായിയായ്
പോനാനീ ഹനുമാൻ ചാരേ നില്ക്കും സൂൎയ്യങ്കലേക്കുതാൻ.
രാഹു ശക്രനെ വിട്ടിട്ടു പോനാനതിജവത്തൊടേ;
പായും കുന്നിന്നുടിയ്ക്കൊക്കുമവനെക്കണ്ടിതഞ്ഞിവൻ.
ആസ്സൈംഹികേയനെക്കായെന്നോൎത്തു സൂൎയ്യനെ വിട്ടി (വൻ

Digitized By Kerala Sahitya Akademi

മേല്പോട്ടു ചാടിനാൻ വീണ്ടും രാഹുവെപ്പിടികൂടുവാൻ. ൪൰
രാമ, സൂര്യനെ വിട്ടോടിച്ചെന്നീടുന്നീ പ്ലവങ്ഗനെ
കണ്ടപ്പൊഴശ്ശിരശ്ശേഷൻ പിൻപുറത്തേക്കു നോക്കിനാൻ:
ഇന്ദ്രൻ രക്ഷപ്പെടുത്തേണമെന്നോർത്തസ്സിംഹികാസുതൻ
'ഇന്ദ്രേന്ദ്ര!' എന്നു പേടിച്ചു വിളിച്ചാൻ പേർത്തുപേർത്തുമേ.
രാഹു കേണാക്കവേ മുമ്പുതന്നെ നിശ്ചിതമാം സ്വരം
കേട്ടിന്ദ്രനോതീ:—'പേടിയ്ക്കേണ്ടി, വനെക്കൊല്ലുന്നുണ്ടു
(ഞാൻ.'
പിന്നീടൈരാവതത്തെക്കണ്ടി, തും വൻകായമെന്നുടൻ,
അഗ്ഗജപ്പെരുമാൾതൻനേർക്കാഞ്ഞു ചാടീ മരുത്സുതൻ.
വെള്ളാനയെപ്പിടിപ്പാനായ്ക്കുതിച്ചെത്തുമിവന്റെ മൈ,
ഘോരമിന്ദ്രാഗ്നികൾക്കൊപ്പമുജ്ജ്വലിച്ചു കുറച്ചിട. ൪൫
ഏവം പാഞ്ഞെത്തലുമിവനിൽക്കയ്യിൽനിന്നാഞ്ഞുചാട്ടി
അരിശംപെരുതേശാതേ കുലിശംത്രിദശേശ്വരൻ. (നാൻ,
ഇന്ദ്രന്റെ വജ്രമേററിട്ടു വീണുപോയ് മലമേലിവൻ;
വീണതോടേ ചതഞ്ഞുംപോയി, വൻതൻ വാമമാം ഹനു.

വജ്രമേററു വശംകെട്ടിബ്ബാലകൻ വീണുപോകയാൽ
ക്രോധിച്ചാൻ വായുവിന്നങ്കൽ; മാൽപെട്ടു പ്രജകൾക്കതി
സഞ്ചാരംനിർത്തിയനിലൻ പ്രജാന്തസ്ഥനാം പ്രള (ൽ.
തൻകൊച്ചുമകനേയും കൊണ്ടുൾപ്പുക്കാനൊരു ഗഹ്വരം;
വിൺമൂത്രമാർഗ്ഗരോധത്താൽ പ്രജകൾക്കല്ലലേററിനാൻ;
തടുത്താൻ സർവ്വഭൂതത്തെ, ശ്ശക്രൻ വർഷത്തെയാംവിധം. ൫൰
ഭൂതങ്ങളെങ്ങുമേ വായുകോപത്താൽ വീർപ്പുമുട്ടിയും
സന്ധിപ്പൊളിച്ചിൽബാധിച്ചും മരമുട്ടികൾപോലെയായ്!
കാത്തോത്തുക, വഷട്കാരം, കർമ്മം, ധർമ്മവുമെന്നിയേ

Digitized By Kerala Sahitya Akademi

മൂപ്പാരും വായുകോപത്താൽ, നരകംപുക്ക മട്ടിലായ്!
ഉടൻ പ്രജകൾ, ഗന്ധർവ്വദേവാസുരനരാദികൾ
ചാഞ്ഞുചെന്നാർ പ്രജേശങ്കൽ,ദുഃഖംനീക്കിസ്സുഖംവരാ
തൊഴുതോതീസുരർമഹോദരനേർവയറൊത്തവർ:- (ൻ;
'നീ തീർത്തു ഭഗവൻ, നാലുതരം പ്രജകളെ പ്രഭോ;
നീതാനീ വായുവെത്തന്നു ഞങ്ങൾക്കായുസ്സു കാക്കവാൻ.
പ്രാണേശനവനിന്നെന്തുകൊണ്ടോ സത്തമ, ഞങ്ങളെ ()
മാലേകി രോധിച്ചു, പുരസ്സുള്ളിൽ സ്ത്രീകളെയാംവിധം?
വായുപീഡിതരാം ഞങ്ങൾ ശരണംപുക്കിതങ്ങയെ;
തീർക്ക ദുഃഖമല്ലൊ, ഞങ്ങൾക്കിദ്ദുഃഖം വായുനിരോധജം.'
പ്രജാവാക്കിതു കേട്ടിട്ടാ പ്രജാനാഥൻ പ്രജാപതി
'ഹേതുവുണ്ടെ'ന്നരച്ചോതി വീണ്ടും പ്രജകളോടവൻ:-
'വായു കോപിച്ചു രോധിപ്പാനെന്തു കാരണമെന്നതും
കേൾപ്പിൻ പ്രജകളേ,സർവ്വം; കേൾപ്പിൻ തങ്ങൾക്ക തക്ക
അവന്റെ മകനെശ്ശക്രൻ രാഹുവിൻവാക്കമൂലമായ് (തും:
വീഴ്ത്തിനാനിന്നു ദേവേശൻ; ചൊടിച്ചാനാ മരുത്തതിൽ.
അദേഹൻ വായു ദേഹത്തിൽപ്പാലനാർത്ഥം ചരിക്കയാം;
വായുവില്ലായ്കിലോ, ദേഹം മരത്തിൻമുട്ടി പോലെയാം!
പ്രാണൻ വായു; സുഖം വായു; പാരിതൊട്ടുക്ക വായുതാൻ;
വായു കൈവിട്ടപോയെന്നാൽ,പ്പാരിനുണ്ടാകുമോ സുഖം
ഇപ്പോൾത്തന്നെയുപേക്ഷിച്ചാനായുസ്സാം വായു പാരിനെ;
ഇപ്പോൾത്താനവർ വീർപ്പറു കാഷ്ഠകുഡ്യസമാനരായ്!
അതിനാൽപ്പോക, നമ്മൾക്ക മാലേകും വായുവുള്ളേടം:
നശിക്കൊല്ലാ, പ്രസാദിപ്പിക്കുമാഞ്ഞു നാമാദിതേയരേ!'



Digitized By Kerala Sahitya Akademi

നിലിമ്പഗന്ധർവ്വഭുജങ്ഗഗുഹ്യക-
പ്രജാഗണത്തോടുടനാ പ്രജേശ്വരൻ
ഗമിച്ചിതി,ന്നാഹതിയേററ പുത്രനെ
ഗ്രഹിച്ചു ശശ്വദ്ഗതി മേവിടുന്നിടം.
തദാ ദിനേശാനലഹേമശോഭനായ്-
സ്സമീരണാങ്കേ മരുവുന്ന പുത്രനെ
നിരീക്ഷണംചെയ്തു കനിഞ്ഞു നാന്മുഖൻ,
സയക്ഷഗന്ധർവ്വസുരർഷിരാക്ഷസൻ. ൩൫

## മുപ്പത്താറാംസർഗ്ഗം: മുനിപ്രതിയാനം.

ബ്രഹ്മാവിനെക്കണ്ടനിലൻ തനൂജഹതിദുഃഖിതൻ
കുഞ്ഞിനെക്കൊണ്ടെഴുന്നേററാന,ജന്റെ തിരുമുമ്പിലായ്;
കിരീടം കുണ്ഡലം മാല പൊങ്കോപ്പുമിളകുംവിധം
വീണാൻ സാഷ്ടാങ്ഗമായ് വായു ധാതാവിൻ കാല്ക്കൽ
(മൂന്നുരു.
പണ്ടങ്ങളും തൂങ്ങി വിലസും തൃക്കയ്യാൽ വേദവിത്തവൻ
ആ വായുവെയെഴുന്നേല്പിച്ചക്കിടാവെത്തലോടിനാൻ.
പൊയ്ത്താർമകൻ ലീലയോടേ തൊട്ടനേരത്തുതാനിവൻ,
നീരാൽനനച്ച സസ്യം പോലുയിർക്കൊണ്ടിതു വീണ്ടുമേ!
ഇയ്യാളുയിർക്കൊണ്ടതു കണ്ടു,യിരാം വായുവും മുദാ
ഭൂതത്തിലെല്ലാം മുമ്പേട്ടിൽച്ചരിച്ചു തടവെന്നിയേ. ൭
വായുരോധമുടൻ വേർപെട്ടിട്ടാ പ്രജകളും തുഷ്ടരായ്,
ഹേമന്തക്കാറെറാഴികയാൽത്തണ്ടാർപ്പൊയ്കകൾ
(പോലവേ.

Digitized By Kerala Sahitya Akademi

ത്രിയുഗ്മൻ, ത്രികകുത്ത,പ്പോൾ ത്രിധാമാ,ത്രിദശാർച്ചിതൻ
സുരരോടോതിനാൻ ബ്രഹ്മാവനിലൻതൻപ്രിയത്തി
'ഭവാന്മാക്കിന്ദ്രവരുണമഹേശാഗ്നിധനേശരേ, (നായ്:-
അറിയാമൊക്കെയെന്നാലും ഹിതം ഞാൻ ചൊല്ലു
(കേൾക്കുവിൻ:
നിങ്ങൾക്കിക്കുഞ്ഞിനെക്കൊണ്ടു കാര്യമുണ്ടായിവന്നിടും;
അതിനാൽ വായുവിൻ പ്രീതിക്കേവരും വരമേകുവിൻ.'
ഉടനേ൯ാരായിരംകണ്ണൻ സുമുഖൻ പ്രീതിയുക്തനായ്
പൊല്ത്താരിന്മാലയെപ്പോക്കിപ്പിടിച്ചിങ്ങിനെ ചൊല്ലി
(നാൻ:—
'പൊട്ടിയല്ലോ ഹനുവിവന്നെൻവജ്രപ്രഹരത്തിനാൽ;
അതിനാൽ ഹനുമാനെന്ന പേർ നേടും കപിപുങ്ഗവൻ.
ഞാനിവന്നു കൊടുക്കുന്നേനൊരദ്ഭുതമഹാവരം:
ഇന്നുതൊട്ടെന്റെ വജ്രത്താൽക്കൊന്നുകൂടാതെയായ്വരും!'
സൂര്യനങ്ങരുളിച്ചെയ്തു ഭഗവാനിരുൾ നീക്കുവോൻ:-
'ഇവന്നെന്നുടെ തേജസ്സിൻ നൂറിലൊന്നേകിടുന്നു ഞാൻ.
ശാസ്ത്രം പഠിക്കുവാൻ ശേഷിയെന്നിവന്നുളവാകുമോ,
അന്നിവന്നേകുവൻ ശാസ്ത്ര;-മതിനാൽ വാഗ്മിയായ്വരും;
ശാസ്ത്രജ്ഞാനത്തിലിവനു തുല്യനില്ലെന്നതും വരും.'
വരം നല്കീ വരുണനു, 'മിവന്നു മരണം വരാ, എ
അസംഖ്യമാണ്ടു ചെന്നാലും നീരാലെൻകയറാലുമേ.'
ദണ്ഡിനാൽക്കൊന്നുകൂടായ്ക നല്കിയാരോഗ്യവും യമൻ.
'മോദിച്ചു ഞാൻ കൊടുക്കുന്നേൻ പോരിൽ വാടായ്കയാം
(വരം:
എന്റെയിഗ്ഗദയും പോരിലിവനെക്കൊലചെയ്കിടാ.'

Digitized By Kerala Sahitya Akademi

എന്നേവം വരദൻ ചൊന്നാനപ്പോഴേകാക്ഷിപിങ്ഗളൻ.
'എനിക്കുള്ളൊന്നായുധങ്ങൾക്കും വധ്യനായ്‌വരികില്ലിവൻ'
എന്നേവമേകീ ശിവനുമിവന്നു വലുതാം വരം.
'ബ്രഹ്മദണ്ഡത്തിനേതിന്നും വധ്യനായ്‌വരികില്ലിവൻ,
ദീർഘായുസ്സാംമഹാത്മാവാ'മെന്നായ് ബ്രഹ്മാവു ചൊല്ലി
വിശ്വകർമ്മാവുമീബ്ബാലസൂര്യന്നൊത്ത കിടാവിനെ (നാൻ.
കണ്ടിവന്നു വരം നല്കീ ശില്പിശ്രേഷ്ഠൻ മഹാമതി:—
'ദിവ്യായുധങ്ങളുണ്ടല്ലോ ഞാൻ തീർത്തവ,യവറ്റിനാൽ
പോരിൽക്കൊല്ലപ്പെടാത്തോനായ് നീണാൾ ജീവിച്ചിരു
(ന്നിടും.'
വാനോർവരങ്ങളണിയുമിവനെക്കണ്ടു തുഷ്ടനായ്
വായുവോടരുളിച്ചെയ്താനു,ലകിൻഗുരു നാന്മുഖൻ:—
'മാറ്റലർക്ക് ഭയം ചേർപ്പോൻ കൂറുകാർക്കഭയപ്രദൻ
തോല്പിപ്പെടാത്തോനാകും നിന്നുണ്ണി മാരുത, മാരുതി.
കാമരൂപൻ കാമചാരി കാമഗൻ പ്ലവഗോത്തമൻ
പോക്കിന്നു തടവറ്റോനാം, പുകളാണ്ടോനുമാസ്സുരും.
രാവണന്റെ വിനാശാർത്ഥം രാമപ്രിയകരങ്ങളായ് ൨൰
രോമാഞ്ചമേകിടും കൈകളിവൻ പോരിൽ നടത്തിടും.'
എന്നുരച്ചാ,മരുത്തോടു യാത്ര ചൊല്ലിസ്സുരാന്വിതർ
വന്നപാടേ മടങ്ങിപ്പോയ് വിരിഞ്ചാദികളേവരും.

സമീരനും തനയനെക്കൊണ്ടുചെന്നാക്കിനാൻ ഗൃഹേ;
വരാപ്തിയഞ്ജനയോടു ചൊല്ലിപ്പോന്നാൻ വെളിസ്സുടൻ.
വരങ്ങൾനേടിക്കാകുത്സ്ഥ, പ്രദത്തവരനാമിവൻ
തന്നതായ കരുത്താലേ നിറഞ്ഞു കടൽ പോലവേ;
കരുത്തിനാൽ നിറയവേ നിർഭയം കപിപുങ്ഗവൻ

Digitized By Kerala Sahitya Akademi

മഹർഷിമാർക്കു പിഴകൾ ചെയ്കയായാശ്രമങ്ങളിൽ:
ശാന്തർതന്നഗ്നിഹോത്രം സ്രുക്ഭാണ്ഡം ചീരാജിനങ്ങളും
കെടുത്തും തച്ചുടച്ചീടും ചീന്തിക്കീറും കടന്നിവൻ.
ഇതിന്മട്ടാം തൊഴിലുകൾ ചെയ്തുപോന്നു മഹാബലൻ,
വിരിഞ്ചനഖിലബ്രഹ്മദണ്ഡാവധ്യത നല്കിയോൻ;
അറിഞ്ഞു തൽപ്രഭാവത്താൽ ക്ഷമിച്ചിതു തപസ്വികൾ.
ഒരേവിധം കേസരിയും നഭസ്വാനും തടുക്കിലും
തെമ്മാടിത്തരമേ കാട്ടുമഞ്ജനാസുതനിക്കപി!
അതിൽ ഭൃഗ്വംഗിരോവംശ്യർ മഹർഷികൾ സരോഷരായ്
രാമ, ശാപമിവന്നേകീ വൻക്രോധാമർഷമെന്നിയേ:–
'നീയെന്തൊരു ബലാൽ ദ്രോഹിയ്ക്കുന്നു ഞങ്ങളെ വാനര,
അതേറെനാൾ നിയ്ക്കറിയാഞ്ഞങ്ങൾ തൻശാപമോഹിതൻ;
നിൻകീർത്തിയേയാപ്പിയ്ക്കുവതെന്നന്നേ വാഴ്ക ബലം തവ.'
മഹർഷിവാക്പ്രഭാവത്താൽ സ്വവീര്യമഞ്ഞാനമറിവൻ
ആയാശ്രമങ്ങളിൽത്തന്നേ നടന്നു സൌമ്യശീലനായ്.
വാനരക്കൊക്കെയന്നൃക്ഷരജസ്സാണധിനായകൻ,
ബാലിസുഗ്രീവർതന്നച്ഛൻ തേജസ്സാൽസ്സൂര്യസന്നിഭൻ.
നെടുനാൾ വാനരരുടെ നാടു വാണു കപീശ്വരൻ
സമയേ ചരമാവസ്ഥ പുക്കാനൃക്ഷരജസ്സവൻ.
അവൻമരിച്ചതിൻശേഷം വിജ്ഞർ മന്ത്രികൾ ബാലിയെ
വെച്ചാർ പിതൃപദേ, ബാലിസ്ഥാനേ സുഗ്രീവനേയുമേ.
സുഗ്രീവനോടിവന്നുണ്ടായ് രണ്ടെന്നില്ലാതഭേദ്യമായ്
ബാല്യംമുതല്ക്കുതാൻ സഖ്യം കാററിന്നഗ്നിയൊടാംവിധം.
അറിഞ്ഞിരുന്നില്ലാത്മീയബലം ശാപവശാലിവൻ,
ഹേ രാമ, ബാലിസുഗ്രീവർതമ്മിൽ വൈരമുദിച്ചനാൾ;

Digitized By Kerala Sahitya Akademi

ഹേ രാമ, ബാലിയിട്ടോടിയ്ക്കുന്നിസ്സുഗ്രീവനും തഥാ.
ഹേ ദേവ, തൻബലമറിഞ്ഞിരുന്നില്ലീ മരുത്സുതൻ;
ഋഷിശാപാൽ മറവി പെട്ടോനന്നിക്കപിസത്തമൻ,
ആനരോധിച്ചസിംഹംപോലൊപ്പംനിന്നീടിനാൻരണേ!

പരാക്രമോത്സാഹമതിപ്രതാപ-
സൌശീല്യമാധുര്യ്യനയാനയത്താൽ
ഗാംഭീര്യ്യചാതുര്യ്യസുവീര്യ്യധൈര്യ്യാ-
ലാരുണ്ടു ലോകേ ഹനുമാനിൽ മീതെ?
പഠിപ്പാനിവൻ വ്യാകരണം പഠിപ്പാൻ
സൂര്യ്യോന്മുഖൻ പിന്നടയായ്ക്കപീന്ദ്രൻ 47
പൂർവ്വാദ്രിമേൽനിന്നപരാദ്രി പുക്കാ-
നുദാരമാം ഗ്രന്ഥമെടുത്തമേയൻ;
സസൂത്രവൃത്ത്യർത്ഥപദം കപീന്ദ്രൻ
പഠിച്ചുയായ് സങ്ഗ്രഹമൊത്ത ഭാഷ്യം;
ഇവന്നൊരാളും കിടയില്ല, ശാസ്ത്രം
ഛന്ദോമുഖം വൈദുഷിയെന്നിവററിൽ.
ഇയ്യാൾ തപസ്സാലുമശേഷവിദ്യ-
യാലും സുരാചാര്യനിൽ മത്സരിപ്പോൻ;
ഇയ്യാൾ നവവ്യാകരണപ്രവീണൻ
ബ്രഹ്മാവുമാം നിൻകനിവാലെ മേലിൽ.
കേറാൻ തുടങ്ങും കടലിൻെറ പോലെ,
ലോകം ചുടാൻ പോമനലൻെറ പോലെ,
യുഗക്ഷയത്തിൽ ശ്ശമനൻെറ പോലെ-
യാരുള്ളു നില്പാൻ ഹനുമാൻെറ നേരേ?

Digitized By Kerala Sahitya Akademi

ഇവൻ കണക്കം;ന്ത്യരമാം കപീന്ദ്രർ
സുഗ്രീവമൈന്ദദ്വിവിദാഖ്യർ നീലൻ,
താരാങ്ഗദന്മാർ നളരംഭരങ്ങു-
മ്മായുമ്മർ സൃഷ്ടിച്ചവരാണു രാമ.

ഇതാ, ചൊല്ലീടിനേനെന്നോടങ്ങു ചോദിച്ചതൊക്കയും;
ഹനൂമാനച്ചെറുപ്പത്തിൽച്ചെയ്കയുണ്ടായതോതിനേൻ.”
അഗസ്ത്യവചനം കേട്ടു രാമൻ സൌമിത്രി താനുമേ
വല്ലാതെ വിസ്മയപ്പെട്ടു വാനരന്മാരരക്കരും.
അഗസ്ത്യൻ രാമനോടോതി:—“കേട്ടല്ലോ നീയിതൊ
(ക്കയും;
കണ്ടു, സല്ലാപവും ചെയ്തു; രാമ, ഞങ്ങൾ ഗമിയ്ക്കയായ്.”
തേജസ്സാളുമഗസ്ത്യന്റെയീ വാക്യം കേട്ടു രാഘവൻ
വണങ്ങിക്കൈകൾ കൂപ്പി മഹർഷിയൊടിതോതിനാൻ:—
“ഇന്നെന്നീശ്വരർ തോഷിച്ചാര, ച്ഛൻമുത്തച്ഛനാദികൾ
നിങ്ങളെക്കണ്ടു മോദിച്ചാരല്ലോ നിത്യം സബാന്ധവർ!
ഉണർത്തുവാനുണ്ടിതെനിയ്ക്കു;—ഈം സസ്പൃഹമോതുവൻ;
അതു നിങ്ങളെനിയ്ക്കായിക്കനിവാൽച്ചെയ്തിടേണമേ: ഒരു
വന്ന ഞാൻപൌരനാട്ടാരെത്തൻകാര്യങ്ങളിൽവെച്ചുടൻ
യാഗങ്ങൾ ചെയ്യുവൻ, നല്ലോരാം നിങ്ങൾതൻ മഹിമാ
(വിനാൽ
എൻയജ്ഞങ്ങളിലെന്നെന്നും വീര്യമേറിയ നിങ്ങൾതാൻ
സദസ്യരായിരിയ്ക്കേണം, മദനുഗ്രഹവാഞ്ഛയാ.
തപസ്സാൽക്കല്മഷം തീർന്ന നിങ്ങളെസ്സംശ്രയിച്ചു ഞാൻ
സുഖം നേടി, പ്പിതാക്കൾക്കുള്ളനുഗ്രഹവുമേല്ക്കുവൻ;
അതിനാൽനിങ്ങൾപതിവായൊന്നിച്ചിങ്ങെഴുന്നള്ള
(ണം.”

Digitized By Kerala Sahitya Akademi

ഇതു കേട്ടിട്ട,ഗസ്ത്യാദിമുനിമാർ സംശിതവ്രതർ
'എവമാവട്ടെ'യെന്നങ്ങു ചൊല്ലി,പ്പോവാനൊരുങ്ങിനാർ.
എന്നോതി മുനിമാരെല്ലാം വന്നപാടേ മടങ്ങിനാർ;
കാകുത്സ്ഥനോ,നിനച്ചോനക്കാര്യംതന്നെ സവിസ്മയം.
പിന്നെസ്സൂര്യൻ മറഞ്ഞാറേ,നരനാഥപ്ലവങ്ഗരെ
പിരിച്ചയച്ചു വിധിപോലന്തിയൂത്താ നൃപോത്തമൻ,
രാത്രിവന്നപ്പൊഴന്തഃപുരത്തിൽപ്പെരുമാറിനാൻ.

—***—

## മുപ്പത്തേഴാംസർഗ്ഗം: രാമപ്രബോധനം.

ധർമ്മാൽപ്പേർകേട്ടകാകുത്സ്ഥനഭിഷേകംനടന്നതിൽ
പൌരക്കു ഹർഷം വായ്പിച്ചോരൊന്നാം രാവു കഴിഞ്ഞു
(പോയ്.
ആ രാത്രിതന്നറുതിയിൽക്കാലേ പള്ളിയുണർത്തുവാൻ
കൊട്ടാരത്തിങ്കൽ വന്നെത്തീ സൌമ്യരാകിയ വന്ദികൾ.
കിന്നരക്കൊപ്പമഭ്യാസമുള്ള സുസ്വരരാമവർ
ചെന്നോത്തു വീരനൃപനെച്ചെമ്മേവാഴ്ത്തീ സഹർഷരായ്:-
'ഉണരു വീര, ഹേ സൌമ്യ, കൌസല്യാനന്ദവർദ്ധന:
ലോകമെല്ലാമുറങ്ങിപ്പോം, നീയുറങ്ങുകിൽ മന്നവ!
വിക്രമം വിഷ്ണുവിന്നൊപ്പം; വടിവശ്വിസമം തവ;
ബുദ്ധിയാൽഗ്ഗീഷ്പതിയ്ക്കൊത്തോൻ; പ്രജാപതിസമൻ
(ഭവാൻ;
ക്ഷമയാൽബ്ഭൂമിതുല്യൻ നീ തേജസ്സാൽസ്സൂര്യസന്നിഭൻ;
ഗതിവേഗം വായുവിന്നൊപ്പം; ഗാംഭീര്യം സാഗരോപമം.

Digitized By Kerala Sahitya Akademi

സ്ഥാണുപോലപ്രകമ്പ്യൻ നീ;-യിത്ര സൌമ്യത ചന്ദ്ര
ഷണ്ടില്ലീദൃശരാം ഭൂപരു,ണ്ടാകില്ലിനി മനവ! (നിൽ;
അതിദുൎദ്ധൎഷനല്ലോ നീ ധൎമ്മനിത്യൻ പ്രജാഹിതൻ;
വിട്ടന്നീലങ്ങയെ ശ്രീയും കീൎത്തിയും പുരുഷൎഷഭ.
ധൎമ്മവും ലക്ഷ്മിയും നിത്യം നിങ്കൽ നില്ക്കുന്നു രാഘവ!'
എന്നും മററും മധുരമായ്ക്കീൎത്തിച്ചാരങ്ങു വന്ദികൾ.
സൂതരും ദിവ്യനുതിയാലുണൎത്തീ രഘുനാഥനെ;
ചൊല്ലപ്പെട്ടും സ്തുതികളാലുണൎന്നരുളി രാഘവൻ. ൫൦
എണ്ണീററു വെൺവിരിപ്പുള്ളാപ്പള്ളിമെത്ത വെടി (ഞ്ഞവൻ,
പാൎത്തായ മെത്തമേൽനിന്നു ഭഗവാൻ വിഷ്ണു പോലവേ.
എഴുനേററ മഹാത്മാവെപ്പണിഞ്ഞു തൊഴുതാളുകൾ
വെൺഭാജനങ്ങളിൽത്തണ്ണീർ കൊണ്ടുവന്നാർ പെരുത്തു (പേർ.
നീരാടിശ്ശുചിയായ്ക്കാലത്തഗ്നിഹോത്രം കഴിച്ചവൻ
ദേവാലയം ജവാൽ പുക്കാൻ പുണ്യമിക്ഷ്വാകുസേവിതം.
അങ്ങു ദേവപിതൃപൂജ ചെമ്മേ കഴിച്ചുടൻ
പുറത്തെക്കെട്ടിലെയ്യെത്തീ രാമനാളുകൾ ചുററുമായ്.
വന്നുചേൎന്നു വസിഷ്ഠാദ്യര മഹാത്മാക്കളമാത്യരും
പുരോഹിതരുമെല്ലാരു,മഗ്നിപോലുജ്ജ്വലിപ്പവർ. ൫൫
മഹാന്മാർ ക്ഷത്രിയന്മാരുമോരോരോ നാട്ടു വാഴുവോർ
ഇരുന്നു രാഘവോപാന്തേ ശക്രങ്കൽസ്സുരർ പോലവേ.
ഭരതൻ, ലക്ഷ്മണൻ, കീൎത്തിചീൎത്ത ശത്രുഘ്നനെന്നിവർ,
യജ്ഞത്തിൽ മൂന്നഗ്നികൾപോലരികേ മേവിനാർ മുദാ.
വന്നെത്തിത്തൊഴുകയ്യോടേ കിങ്കരന്മാർ പെരുത്തുപേർ



Digitized By Kerala Sahitya Akademi

മുദിതാനനരായ്ച്ചാരേ നിന്നാർ മുദിതരെന്നവർ.
സുഗ്രീവൻതൊട്ടിരുപതു കാമരൂപിപ്ലവങ്ഗരും
മഹാവീര്യർ മഹൌജസ്സരിരുന്നു രാമസന്നിധൌ.
ഇരുന്നാരങ്ങിനെ വിഭീഷണനും നാലരക്കരും
മഹാൻെറ ചാരത്തുധനേശാന്തികേയക്ഷർപോലവേ. ൨൦
ആവിധം പുരവൃദ്ധന്മാർ കുലീനന്മാരുമാം നരർ
രാജാവെത്താനുവന്ദിച്ചു ചാരേ വാണാർ വിചക്ഷണർ.
ഏവം ചുഴന്നു രാജാവെ ശ്രീമാന്മാരൃഷിവര്യരും
രാജാക്കളും മഹാവീര്യർ വാനരന്മാരരക്കരും,
ഋഷിമാരനിശം ദേവേന്ദ്രാന്തികേ വാഴ്വതിൻവിധം;
ആ രൂപത്താലുമ്പർകോനെക്കാളുമേററം വിളങ്ങിനാൻ.
അവർ ചേന്നൊത്തിരുന്നപ്പോളു,താതു കഥ ഭങ്ഗിയിൽ
മഹാത്മാക്കൾ പുരാണജ്ഞർധമ്മത്തോടേകഥിച്ചുയായ്.

—*⁎*—

## അധികപാഠം ആറാംസർഗ്ഗം:

## ബാലിസുഗ്രീവോൽപത്തി.

---

ഇതെല്ലാംകേട്ടടൻചൊന്നാനഗസ്ത്യനൊടുരാഘവൻ:—
ബാലിസുഗ്രീവർതന്നച്ഛനേതാണൃക്ഷരജസ്സിവൻ?
അമ്മയാരാണു ഭഗവൻ? ചൊല്ലീലല്ലോ പരം ഭവാൻ,
ബാലിസുഗ്രീവമാതാവിൻ പേരെന്തെന്നെന്നൊടന്തണ.
ഇതന്തണ, കഥിച്ചാലും; ഞങ്ങൾക്കിങ്ങുണ്ടു കൌതുകം.'
എന്നു രാഘവവാക്യം കേട്ടഗസ്ത്യനുരിയാടിനാൻ:—
"കേൾക്കകിക്കഥയും രാമ; മുമ്പൊരിക്കൽച്ചതുക്കമായ്,

Digitized By Kerala Sahitya Akademi

എന്നാശ്രമത്തിൽ വന്നിട്ടു ചൊല്കയുണ്ടായി നാരദൻ.
ഒരുനാളങ്ങതിഥിയായ് വന്നാൻ സഞ്ചാരിയാമവൻ;
ശരിക്കു പൂജയുംചെയ്തേൻ, വിധിയിൽക്കണ്ടവണ്ണമേ. ൭
സുഖിച്ചിരിക്കെ,ക്കൗതുകാൽ ഞാൻ ചോദിച്ചപ്പൊഴിക്കഥ
പറഞ്ഞുതന്നു ധർമ്മിഷ്ഠൻ,'മാമുനേ! കേൾക്കകെ'ന്നുമായ്:
മേരുവെന്നുണ്ടൊ,ളി പെരുമൊരു തപ്പൊന്നുമാമല;
അതിൻറൊട്ടുക്കൊടുമുടി, വാനോരൊക്കെപ്പൂജിപ്പതാം.
അങ്ങു ദിവ്യബ്രഹ്മസഭ നൂറുയോജന ഭംഗിയിൽ;
തത്ര വാഴ്വൂ സദാ ദേവൻ നാന്മുഖൻ നളിനോദ്ഭവൻ.
യോഗാഭ്യാസത്തിലവനു കണ്ണിൽനിന്നൊഴുകീ ജലം;
ഭഗവാനതു തൃക്കയ്യുകൊണ്ടെടുത്തു കശക്കിനാൻ.
പിന്നെജ്ജഗൽകരനജൻ നിലത്തെയ്ക്കിട്ടനേരമേ,
അക്കണ്ണീർത്തുള്ളിയിലൊരു കപിയുണ്ടായി രാഘവ. ൨൦
പിറന്ന പൊഴുതിൽത്തന്നേ കപിയെപ്പുരുഷോത്തമ,
പ്രിയം ചൊന്നാശ്വസിപ്പിച്ചു മഹാത്മാവരുൾചെയ്തു (പോൽ:—
'കാണ്കെത്രയും പരന്നെന്നും വാനോർ പാർക്കുന്നപർവ്വതം
ഈ രമ്യമാം വന്മലമേലേറെക്കായ്കനി തിന്നു നീ
ചരിച്ചുകൊള്ളുകെൻചാരത്തനിശം കപിപുംഗവ;
പാർക്കിങ്ങൊട്ടുകാലം നീ നന്മയുണ്ടായ്വരും തവ.'
വിരിഞ്ചനീവിധം ചൊന്നനേരമക്കപിസത്തമൻ
ദേവദേവൻറെ തൃക്കാല്ക്കൽത്താനുകുമ്പിട്ടു രാഘവ,—
ജഗദ്ഗുരു ജഗൽകർത്താവാദിദേവനൊടോതിനാൻ:—
'കല്പിക്കുംവണ്ണമേ ദേവ, നില്പൻ നിൻചൊല്പടിക്കു (ഞാൻ.' ൨൩

Digitized By Kerala Sahitya Akademi

ദേവനോടിതുണർത്തിച്ചിട്ടു,ൾ കളിത്താ പ്ലവങ്ഗമൻ
പൂവും കായും നിറഞ്ഞുള്ള മരത്തോപ്പുകൾ പൂകിനാൻ.
കാററിൻവേഗത്തോടേ ചാടിക്കാട്ടിൽക്കായ്കൾ ചെലു
(ത്തിയും,
ചിലേടം നന്മധു നുകന്നൊ,ട്ടേറെപ്പൂക്കൾ നുള്ളിയും,
നാൾതോറുംസന്ധ്യയാകുമ്പോൾബ്രഹ്മനരികിലെത്തിടും;
മെച്ചപ്പെട്ടും പൂവുകളും കായ്കളും കൊണ്ടു രാഘവ,
ബ്രഹ്മാവാം ദേവദേവന്റെ കാല്ക്കലപ്പിച്ചുനിന്നിടും.
കുന്നിൽച്ചുററുമവനേവം കാലമേറെക്കഴിഞ്ഞുപോയ്.

അനന്തരം കുറേക്കാലം ചെന്നതിൽപ്പിന്നെ രാഘവ,
ദാഹംകൊണ്ടു വലഞ്ഞൃക്ഷരാജനാ വാനരോത്തമൻ. ൨൦
വടക്കേ മേരുമുടിമേൽച്ചെന്നപ്പോൾക്കണ്ടിതസ്ഥലേ,
നാനാപക്ഷികലം പൂകി നീർതെളിഞ്ഞൊരു പൊയ്കയെ.
സ്വച്ഛന്ദം സട കുടഞ്ഞുംകൊണ്ടതിൻതീരത്തു നില്ക്കവേ
കണ്ടാനപ്പൊയ്കയിൽത്തന്റെമുഖത്തിൻപ്രതിബിംബമേ:
‘ആരിതെ,ൻക്കുററനാംവൈരി,യീനീർക്കുള്ളിലിരിപ്പവൻ?’
പിന്നീടു മെയ്യുമാ വെള്ളംതന്നിൽക്കണ്ടാ പ്ലവങ്ഗമൻ
ഉൾക്രോധമോടെ,‘ന്നെയിവനവമാനിക്കയാം ദൃഢം;
അതിനാലിദ്ദുരാത്മാവെക്കൊലചെയ്യുന്നതുണ്ടു ഞാൻ.’
എന്നും മനംകൊണ്ടു നിനച്ചിട്ടു വാനരചാപലാൽ
ചാടിയാ നീർക്കയംതന്നിൽപ്പതിച്ചാൻവാനരോത്തമൻ.
തിരിയേ ചാടിയപ്പൊയ്കതന്നിൽനിന്നേറിനാനുടൻ;
എന്നാൽ തൽക്ഷണമേ രാമ, പെണ്ണായിപ്പോയി വാ
(നരൻ!
മനോഹരാങ്ഗിയാ നല്ല നാരി ലാവണ്യശാലിനി

Digitized By Kerala Sahitya Akademi

സുഭ്രൂ വിസ്തീർണ്ണജഘന നീലകുഞ്ചിതകേശിയാം
മുഗ്ദ്ധമന്ദസ്മിതമുഖി കുചങ്ങളിടതിങ്ങിയോൾ
ഹ്രദതീരത്തു ശോഭിച്ചു ചായാത്ത ചെടി പോലവേ;
ആക്കം കരം കലക്കന്നോളോമൽത്രൈലോക്യസുന്ദരി,
സരോജമില്ലാശ്രീപോലെ വെണ്ണിലാവെന്നപോലെയും;
ശ്രീഗൌരിവാണിമാക്കൊത്തമട്ടിലായഴകാലവൾ;
നിന്നാൾ ദിക്കൊക്കെ മിന്നിച്ചുകൊണ്ടങ്ങാ മണിമണ്ണ
(യാൾ. ൩൦

അപ്പോൾ തിരിച്ചുപോകുന്നുണ്ടായിരുന്നു സുരേശ്വരൻ
ബ്രഹ്മദേവൻെറ കാൽ വന്ദിച്ചിട്ടാ വഴിയിലൂടവേ;
അതുനേരത്തുതാൻ, ചുററിസ്സഞ്ചരിക്കുന്ന സൂര്യനും,
അക്കൃശോദരിയാൾ നില്ക്കുള്ളാ വനത്തിങ്കലെത്തിനാൻ.
കണ്ടെത്തി ദേവരൊന്നിച്ചസ്സുരസുന്ദരിയെത്തദാ;
കന്ദർപ്പവശരായ്ത്തീന്നാരവളെക്കാണ്കയാലവർ.
സർവാങ്ഗവും കലങ്ങിപ്പോയ് ശക്രാക്കരിരുപേക്കമേ,
ആ രൂപമദ്ഭുതം കണ്ടിട്ടാത്മധൈര്യം നശിക്കയാൽ!
ശക്രൻ സ്ഖലിച്ച ശുക്ലത്തെയവൾതൻ മൂർദ്ധ്നി വീഴ്ത്തിനാൻ;
ആ സ്ത്രീയായ്ച്ചേന്നിടാതെതാൻ തുയിരിൻശാന്തി നേടി
(നാൻ.

പ്രസവിച്ചാളവളുടൻ കരുത്തേറും കപീന്ദ്രനെ;
മഘോനാംവജ്രിതൻവീര്യം പാഴായ്പ്പോകാത്തതാകയാൽ;
ബാലത്തിൽവീഴ്കയാലത്രേ, ബീജം ബാലിസമാഖ്യമായ്.
അവളിൽക്കാമവശനായ്ച്ചമഞ്ഞ ദിനനാഥനും
മുൻചെയ്യപ്പെട്ടവിധമേ ബീജം ഗ്രീവയിൽ വീഴ്ത്തിനാൻ.
നല്ല വാക്കൊന്നുമേ ചൊല്ലീലത്തനാരിയൊടു സൂര്യനും;

Digitized By Kerala Sahitya Akademi

അവ്വണ്ണമവിടത്തെല്ലാമടങ്ങീ മദനാമയം.
ഉളവായ്വന്നു സുഗ്രീവൻ, ബീജം ഗ്രീവയിൽ വീണതിൽ;
ഏവമത്രേ പിറന്നു കെല്പേറും വീരർ കപീശ്വരർ.
ഇന്ദ്രൻ ഗുണം തികഞ്ഞുള്ളൊരക്ഷയത്തങ്കമാലയെ
ബാലിയാം വാനരേന്ദ്രനു നല്കി വിണ്ണിന്നുപോയിനാൻ;
സവിതാവക്കനും തന്നുണ്ണിക്കു വേണ്ടതു ചെയ്യുവാൻ
ഈ ഹനൂമാനെ നിയമിച്ചാ,കാശത്തെക്കു കേറിനാൻ.

ആ രാവു തീർന്നിട്ടാദിത്യൻ വന്നുദിച്ചുദശാന്തരേ
വീണ്ടും വാനരനായ്ത്തന്നേ ചമഞ്ഞാനവനൂഴിപ.
വാനരൻതന്നെയായ്ത്തീർന്നിട്ടവൻ കണ്ടാൻ സ്വപുത്രരെ,
കണ്ണു മഞ്ഞളച്ച കപിസത്തമരെ,ക്കാമരൂപരെ.
അവക്കമൃതിനൊക്കും തേൻ കൊടുത്തൃക്ഷരജസ്സവൻ
അവരെക്കൊണ്ടു ധാതാവിൻസന്നിധാനത്തിലെത്തി
(നാൻ.
മകവൃക്ഷരജസ്സെക്കണ്ടജൻ ലോകപിതാമഹൻ
പലപാടാശ്വസിപ്പിച്ചു മക്കളൊത്ത കുരങ്ങനെ. ൪൦
ആശ്വസിപ്പിച്ചുടനൊരു ദേവദൂതനൊടോതിനാൻ:-
'ചെല്ലുകെൻ ചൊല്ലിനാൽദ്ദൂത, നൽക്കിഷ്കിന്ധയി
(ലേക്കു നീ:
ഇവന്നല്ലോ ഗുണോദാരയാമാപ്പെരിയ നൽപ്പുരി;
നിവസിക്കുന്നുമുണ്ടങ്ങു വളരെ പ്ലവഗവ്രജം;
അതേ,റെ രത്നനിരയും കാമരൂപികൾ കീശരും
അങ്ങാടിത്തെരുവും നാലുജാതിയും ചേർന്നു ദൃശ്യയാം;
എൻചൊല്ലാൽവിശ്വകർമ്മാവു തീർത്തതാം;ചാരുദിവ്യ
അങ്ങു,ണ്ണികളുമൊത്തുണ്ണികപീന്ദ്രൃക്ഷരജസ്സിനെ, (യാം.

Digitized By Kerala Sahitya Akademi

യൂഥപാലരെയും മററു സാധുപ്ലവഗർത്തമ്മെയും
ക്ഷണിച്ചെല്ലാരെയും മാനിച്ചു,നാല്ക്കാർതൻസഭാന്ത
(രേ ൩൦
രാജാവായഭിഷേചിച്ചു വമ്പീഠത്തിലിരുത്തി നീ.
ധീമാനാം കപിതന്നൊററനോട്ടത്താലവരേവരും
എന്നെന്നുമീയൃക്ഷരജസ്സിന്നു കീഴിലമർന്നിടും.’

എന്നായ് ബ്രഹ്മാവരുൾകയാല,ദ്ദൂതൻ വാനരേന്ദ്രനെ
മുന്നിലാക്കിപ്പുറപ്പെട്ടാനാ; നൽപ്പുരിയിലേയ്ക്കുടൻ.
വായുവേഗത്തിലവനഗ്ഗൃഹ പൂക്ക കപീന്ദ്രനെ
രാജാവായിട്ടു വാഴിച്ചു ധാതാവിന്റുടെയാജ്ഞയാൽ.
രാജ്യാഭിഷേകവിധിയാൽ നീരാടിപ്പൂജ്യമാനനായ്
കിരീടം ചൂടി മെയ്ക്കോപ്പിട്ടാശ്ശ്രീമാനഭിഷിക്തനായ്:൩൧
ഏഴാഴിദ്വീപുകൾ പെട്ടമ്മൂഴിയിൽക്കീശരേവരോ,
കീഴണച്ചാൻ കരൾ തെളിഞ്ഞാ പ്ലവങ്ഗരെയൊക്കയും.
ഈവണ്ണം, ബാലിസുഗ്രീവക്കച്ഛനൃക്ഷരജസ്സവൻ;
അമ്മയും കപിതാന;-ങ്ങൾക്കുളവാകട്ടെ മങ്ഗളം!
ഇതേതഭിജ്ഞൻ കേൾപ്പിക്കു,മിതു കേട്ടീടുമേതൊരാൾ,
അവന്നുൾ കുളിരുംമാറു്കാമ്യങ്ങൾ നിറവേറിടും.

ഇതൊക്കെ ഞാനങ്ങയോടോതിനേൻ വിഭോ,
പാരം പരത്തിപ്പരമാത്ഥമാംവിധം;
ഏവം കഥിച്ചേൻ, പിശിതാശനന്മാർ,
കപീശ്വരന്മാരിവർതൻ പിറപ്പും.”

—**—

Digitized By Kerala Sahitya Akademi

# അധികപാഠം ഏഴാംസർഗ്ഗം:
# രാവണസനൽകുമാരസമാഗമം.

---

ആദ്ദിവ്യമായുള്ള പഴങ്കഥ കേട്ടിട്ടു രാഘവൻ
വീരൻ ഭ്രാതാക്കളോടൊപ്പമേററവും വിസ്മയിച്ചുപോയ്.
മുനിതൻ വാക്കു കേട്ടിട്ടൊന്നരുളിച്ചെയ്തു രാഘവൻ:-
'ഈ മഹാപുണ്യകഥ നിൻപ്രസാദംകൊണ്ടു കേട്ടു ഞാൻ.
അതീവ കൌതുഹലമുണ്ടെനിയ്ക്കു മുനിപുങ്ഗവ:
ബാലിസുഗ്രീവർതൻജന്മമത്ര്യം ദിവ്യമന്തണ!
ബ്രഹ്മർഷേ, ചിത്രമെന്തിങ്ങു? ബലത്താൽ പ്രബലോത്തമർ
ശക്രാക്കരിരുപേരല്ലോ പിറന്നു കപിസിംഹരായ്.'
രാമനീമട്ടുരച്ചപ്പോൾക്കുംഭസംഭവനോതിനാൻ:-
"ഇതിപ്രകാരമത്രേ, പണ്ടുണ്ടായ്വന്നു മഹാഭുജ.
ദിവ്യമാം മറെറാരു പഴങ്കഥ കേളിനി മന്നവ;
രാമ, വൈദേഹിയെപ്പണ്ടു രാവണൻ കട്ടതെന്തിനോ,
അതങ്ങയോടു ഞാൻ ചൊല്ലാം; ശ്രദ്ധവെയ്ക്കുക കേൾക്കു
(വാൻ:
പണ്ടുകൃതയുഗേ രാമ, ധാതാവിൻെറ മകൻ പ്രഭു
സനൽകുമാരൻ സൂര്യാഭൻ തേജസ്സാൽക്കത്തിടുംവിധം
സ്ഥിതിചെയ്വതു കണ്ടെത്തി രാവണൻരാക്ഷസാധിപൻ.
വിനയം പൂണ്ടു കുമ്പിട്ടു വന്ദിച്ചു തൊഴുകയ്യുമായ്
ആസ്സത്യവാക്കാമൃഷിയോടോതിനാൻ രാമ, രാവണൻ:-
'ആരാണി,യുലകിൽക്ഷേമൻ വാനോരിൽബ്ബലമേറി
(യോൻ?
സുരന്മാരെവനെക്കൊണ്ടു പോരിൽ വെല്വു രിപുക്കളെ? ()

മർത്ത്യരാക്കായ് മഖം ചെയ്തിതാ,രെ ധ്യാനിപ്പു യോ
(ഗികൾ?
ചൊല്ലിതെന്നോടു ഭഗവൻ, വിവരിച്ചു തപോധന.’
അവന്റെയുള്ളറിഞ്ഞിട്ടാ, ധ്യാനക്കണ്ണുള്ള കീർത്തിമാൻ
ചൊല്ലീരാവണനോടു,‘ണ്ണീ,കേട്ടുകൊൾകെ’ന്നു സാദരം:—
‘ഉലകെല്ലാം ഭരിക്കുന്നോൻ ജന്മം നാമറിയാത്തവൻ,
നിത്യം ദേവാസുരനതൻ, വിഷ്ണു, നാരായണൻ, പ്രഭുഃ
ഇവന്റെ നാഭിയിൽജ്ജാതൻ സർവ്വലോകേശനാമജൻ;
അവനല്ലോ ചമച്ചാനീയുലകെല്ലാം ചരാചരം.
ശരിക്കവനെയാലംബിച്ചുണ്ണുന്നു സുരരധ്വരേ
ഹവിസ്സുമമൃതും; മർത്ത്യരവനായ് ചെയ്യു യാഗവും
പൌരാണം വേദമിവയാൽപ്പാഞ്ചരാത്രങ്ങളാലുമേ;
ധ്യാനിപ്പു യോഗികൾ സദാ ചെയ്യു യജ്ഞമെചനുതാൻ.
ദൈത്യാസുരാശരരെയും മറ്റു ദേവാരിമാരെയും
ഒട്ടുക്ക വെല്ലു പോരിങ്കല,വൻ സർവ്വാർച്ചിതൻ സദാ.’
മഹർഷിതൻവാക്കതു കേട്ടാശരസ്വാമി രാവണൻ
വണങ്ങിനിന്നു ചോദിച്ചാൻ മുനീന്ദ്രനൊടു പിന്നെയും:—
‘പോരിൽക്കൊല്ലപ്പെട്ടും ദൈത്യദാനവാശരർവൈരികൾ
ചെന്നെന്തു ഗതി പൂകീടു?—മെവർ വിഷ്ണു വധിച്ചവർ?’
ആ രാവണന്റെ ചോദ്യം കേട്ടുത്തരം ചൊല്ലി മാമുനി:—
‘നിത്യം ദേവകൾ കൊല്ലുന്നോർ നാകലോകമണ
(ഞ്ഞിടും. ൨൦
അതിങ്കൽനിന്നു വീണ്ടും പോന്നൂഴിതട്ടിൽജ്ജനിച്ചിടും;
മുൻനന്മതിന്മകൾക്കൊത്തു ജനിച്ചീടും, മരിച്ചിടും.

എന്നാൽ, ത്രിലോകീപതി ചക്രപാണി
ജനാർദ്ദനൻ കൊന്ന നരേന്ദ്രരെല്ലാം



Digitized By Kerala Sahitya Akademi

അവങ്കലേ ചേൎന്നിതു; തമ്പുരാന്റെ-
യമൎഷവും ഭൂപ, വരത്തിനൊക്കം!'
സനൽകുമാരന്റെ മുഖത്തുനിന്നിതിൻ-
വിധം പുറപ്പെട്ട വചസ്സു കേൾക്കയാൽ
സഹൎഷനായ് വിസ്മിതനായി രാക്ഷസൻ:
'വമ്പോരിലെമ്മട്ടണയേണ്ടു വിഷ്ണുവെ?'

—*⁎*—

## അധികപാഠം എട്ടാംസൎഗ്ഗം:
## വിഷ്ണുലക്ഷണകഥനം.

ഈവണ്ണമാത്മരാത്മാവാം രാവണൻ ചിന്തചെയ്കവേ
വീണ്ടുമങ്ങിനെ വേറിട്ടൊന്നരുൾചെയ്താൻ മഹാമുനി:-
'ഭവാനുടെ മനോരാജ്യം വമ്പോരിൽ നിറവേറിടും;
സുഖം കൊൾക, കുറെക്കാലം കാത്തിരിക്കൂ മഹാഭുജ!'
ഇതു കേട്ടു മഹാബാഹു ചോദിച്ചാനൃഷിയോടവൻ:-
'അവന്റെ ചിഹ്നമെമ്മട്ടാണ്?-തളിച്ചെയ്കകൊക്കയും.'
അരക്കനുടെ ചൊൽ കേട്ടാ മുനിയുത്തരമോതിനാൻ:-
'കേൾക്കുക, ചൊല്ലിത്തരാമങ്ങയ്ക്കെല്ലാം രാക്ഷസപുംഗവ:
അദ്ദേവനെങ്ങുമേ ചേൎന്നോൻ, സൂക്ഷ്മാവ്യക്തൻ, സനാ
(തനൻ;
അവൻ വ്യാപിച്ചതൊട്ടുക്കി,ച്ചരാചരജഗത്ത്രയം:
മന്നിലും വാനിലും പാതാളത്തും കുന്നിൽ വനത്തിലും
സ്ഥാവരത്തിൽ നദിയിലുണ്ടവൻ നഗരത്തിലും.
ഓങ്കാരം സത്യവുമവൻ സാവിത്രിയഥ ഭൂമിയും
ധരാധരധരൻ ദേവനനന്താഹ്വയനാണവൻ.

Digitized By Kerala Sahitya Akademi

അഹസ്സു രാവപ്പടി രണ്ടുസന്ധ്യ,
ദിവാകരൻ ശീതകരൻ കൃതാന്തൻ,
കാററ,ഗ്നിയും,്കാലവുമായവൻതാൻ;
ബ്രഹ്മേശരും സ്കന്ദനുമായവൻതാൻ.
മിന്നുന്നു, ശോഭിപ്പൂ, ജഗത്തു കാപ്പൂ,
സൃഷ്ടിച്ചഴിയ്ക്കുന്നു ഭരിച്ചിടുന്നു;
ക്രീഡിയ്ക്കുയാണവ്യയലോകനാഥൻ
പുരാതനൻ വിഷ്ണു ഭവം മുടിപ്പാൻ.

അല്ലെങ്കിൽ, വളരെച്ചൊല്ലുതെന്തിനാണു ദശാനന?
അവൻ വ്യാപിച്ചതൊട്ടുക്കി,ച്ചരാചരജഗത്ത്രയം. ൨൦
നീലോൽപലദളശ്യാമൻ കിഞ്ജല്ക്കകപിശാംബരൻ.
മഴക്കാലത്തു വാനികൽ്മിന്നൽക്കാർ്പോലിരിപ്പവൻ.
ശ്രീമാൻ,കാർമേഘനേർവണ്ണൻ, കമലാരുണലോചനൻ,
മാറിൽ ശ്രീവത്സമുടയോൻ, ശശാങ്കകൃതലക്ഷണൻ.(?)
അവന്റെമെയ്ചേർന്നെന്നും, കാറിന്മേൽമിന്നൽപോ
(ലവേ
ദേഹം മറച്ചു മേവുന്നു ലക്ഷ്മി, സങ്ഗ്രാമരൂപിണി.(?)
കണ്ടെത്തുകില്ലായവനെദ്ദേവാസുരർ ഭുജങ്ഗരും;
പ്രസാദിപ്പിച്ചവനോ നേക്കവനെക്കണ്ടുകിട്ടിട്ടു.
ഉണ്ണി, യജ്ഞഫലത്താലും തപശ്ചര്യകളാലുമേ
കാണാവ്വരില്ലാ ഭഗവാൻ, ദാനത്താലിജ്യയാലുമേ; ൨൫
തദ്ഭക്തർ തദ്ഗതപ്രാണർ തന്മാനസർ തദാശ്രയർ
ഭഗവദ്ദർശനം നേടും, ജ്ഞാനത്താൽപ്പാപമററവർ.
കാണേണമങ്ങയ്ക്കവനെയെങ്കിലോ രാക്ഷസേശ്വര,
ചൊല്ലിത്തരാം സകലവും;-മിഷ്ടമെങ്കിൽ ശ്രവിയ്ക്കു നീ.

Digitized By Kerala Sahitya Akademi

കൃതമെന്ന യുഗം തീൎന്നശേഷം ത്രേതായുഗാദിയിൽ
ദേവമൎത്ത്യഹിതത്തിനു നൃപനായിപ്പിറന്നിടും:
ഇക്ഷ്വാകുക്കളിലുണ്ടാകും മന്നിൽദ്ദശരഥൻ നൃപൻ;
തൽപുത്രനായി രാമാഖ്യനായ്പ്പിറക്കും മഹാദ്യുതി.
മഹാദ്യുതി മഹാബുദ്ധി മഹാബലപരാക്രമൻ
മഹാബാഹു മഹാസത്ത്വൻ ക്ഷമയാൽമന്നിനൊത്തവൻ,
സൂൎയ്യൻ പോലരികൾക്കെന്നും പോരിൽ നോക്കരുതാ
(ത്തവൻ;
ഈവിധം മൎത്ത്യനാം രാമനാകും നാരായണൻ പ്രഭു.
അച്ഛന്റെ ചൊല്ലിനാൽദ്ദണ്ഡകക്കാട്ടിലാ വിഭു
മഹാനാം സോദരനുമായ്സ്സഞ്ചരിക്കും സുധാൎമ്മികൻ.
തൽപത്നിയാം മഹാഭാഗ ലക്ഷ്മി, സീതാഹ്വയത്തൊടും
ജനകൻതന്റെ മകളായ് മന്നിൽനിന്നു പിറന്നവൾ,
സൎവ്വലക്ഷണ നിസ്തുല്യരൂപശാലിനി രാമനെ
നിഴൽപോലനുവൎത്തിക്കും ചന്ദ്രനെ പ്രഭ പോലവേ.
ശീലാചാരഗുണം ചേൎന്ന സാധ്വി ധൈൎയ്യമിയന്നവൾ,
ഒററമൈ പൂണ്ട മാൎത്താണ്ഡരശ്മി പോലെയിരുന്നിടും! ()
വിസ്തരിച്ചോതിനേനേവമെല്ലാം നിന്നോടു രാവണ,
ശാശ്വതാവ്യയനാം ദേവദേവന്റെ മഹിമാവിനെ.'
ഇതു കേട്ടു മഹാബാഹു രാക്ഷസേന്ദ്രൻ പ്രതാപവാൻ
ഭവാനോടു പിണങ്ങാനായ്ച്ചിന്തചെയ്തിതു രാഘവ.
സനൽകുമാരവചനം പേൎത്തും പേൎത്തും നിനച്ചുതാൻ
തോഷിച്ചു രാവണൻ ശ്രീമാനടർ തേടി നടക്കയായ്."
രാമനക്കഥയും കേട്ടു വിസ്മയോൽഫുല്ലനേത്രനായ്
തലയൊന്നുകുലുക്കി,പ്പേൎത്തോൎത്താനക്കാൎയ്യമേ ഹൃദി

Digitized By Kerala Sahitya Akademi

ആ വാക്ക കേട്ടിട്ടു മനുഷ്യനായകൻ
സഹർഷമാശ്ചര്യ്യമിയന്ന കണ്ണുമായ്
അപ്പണ്ഡിതശ്രേഷ്ഠനൊടോതി വീണ്ടും:—
'കഥിയ്ക്കുകെന്നോടു പുരാണവാർത്തയെ.'

—***—

## അധികപാഠം ഒമ്പതാംസർഗ്ഗം:
## കഥാശ്രവണഫലശ്രുതി.

വീണ്ടും തേജസ്സു കൂടുന്ന കീർത്തിമാൻ കുംഭസംഭവൻ
നമ്രനാം രാമനോടോതി, ബ്രഹ്മാവീശനൊടാംവിധം:
സത്യവിക്രമനാം രാമനോടു, കേൾക്കെന്നുരച്ചുടൻ
കഥാശേഷം സുതേജസ്വി കഥിച്ചാൻ പ്രഭുവാമവൻ;
ചൊന്നതും കേട്ടതുംപോലെ,യാ നടന്നതുപോലെയും
കഥിച്ചാൻ പ്രീതിയുൾക്കൊണ്ടു കാകുത്സ്ഥനൊടു ബുദ്ധി(മാൻ:—
"ഇതിന്നത്രേ മഹാബാഹോ, ദുരാത്മാവായ രാവണൻ
ജനകക്ഷ്മാപസുതയെക്കട്ടു രാമ, മഹാമതേ
എന്നിക്കഥ മഹാബാഹോ, പുകളേറിയ നാരദൻ
സുമേരുമാമലയിൽവെച്ചെന്നോടഴകിലോതിനാൻ;
സദേവസിദ്ധഗന്ധർവ്വർ മഹാമുനികൾ കേൾക്കവേ,
വീണ്ടും കഥാവശേഷത്തെയുരചെയ്തിതു രാഘവ,
നാരദൻ പുരുതേജസ്സു പുഞ്ചിരിക്കൊണ്ടു മാനദ;
മാപാപങ്ങളകറ്റുന്നാക്കഥ കേൾക്ക നൃപോത്തമ.
അതു കേട്ടു മഹാബാഹോ, വാനോരൃഷിമാർകളും

Digitized By Kerala Sahitya Akademi

ഷഷ്ഠാകലാക്ഷരായ്ച്ചേന്നൊത്താ നാരദനൊടോതിനാർ:
പതിവായിത്തു കേൾപ്പിപ്പോൻ, ഭക്തിയാൽക്കേൾക്ക
(യോനുമേ
പുത്രപൌത്രരൊടും രാമ, വിണ്ണിൽപ്പൂജിതനായ്സുഖം.

—ം—

## അധികപാഠം പത്താംസർഗ്ഗം:
## ശ്വേതദ്വീപദർശനം.

പിന്നീടാ രാവണൻ രാമ, മന്നിടത്തിൽ നടകയായ്
ജയം തേടി മഹാശ്ശൂരരാക്ഷസന്മാരൊടൊപ്പമേ:
ദൈത്യാസുരാശരരിലാർകേൾക്കാകനുബലാഢ്യനായ്,
വിളിസ്സും പോരിനവനെബ്ബലശവ്വുള്ള രാവണൻ.
ഏവം പാർത്ഥിവ, പാർത്തട്ടിൽസ്സഞ്ചരിച്ചീടമായവൻ
കണ്ടെത്തീ ബ്രഹ്മലോകാഭ്യാഗതനാം നാരദർഷിയെ,
കാറിന്മേലായ് നടപ്പോനെ, മറെറാരക്കനെയാംവിധം;
അരികിൽച്ചെന്നു വന്ദിച്ചു നന്ദിച്ചു തൊഴകയ്യുമായ്
ചോദിച്ചിതാ നാരദനോടിമ്മൂൾക്കൊണ്ട രാവണൻ:–
'ഭവാൻ ബ്രഹ്മാദിലോകങ്ങൾ കണ്ടോനല്ലോ പെരുത്തുരു;
ഏതുലോകത്തിലാണു,ജ്ജ്വസ്സേറും നരർ മഹാബ്ബുതേ?
അവരായ്പ്പോർകൊതിപ്പൂഞാൻയഥാകാമംയഥാസുഖം.'
ക്രൂരാത്മാവാം രാവണനെൻറയിച്ചോദ്യം കേട്ടു നാരദൻ,
മഹാത്മാവൊട്ടിട നിനച്ചു,വനോടോതിയുത്തരം:–
'പൻദ്വീപൊന്നുണ്ടുരാജാവേ,പാൽപ്പയോധിയ്ക്കുടക്കലായ്;
അതിങ്കലുണ്ടു, ചന്ദ്രാഭരതിപ്രബലരാംനരർ:

Digitized By Kerala Sahitya Akademi

ക്രൂരന്മാർ, വീൎയ്യമേറുന്നോരി,ടിയ്ക്കൊത്തൊച്ചയുള്ളവർ,
പ്രധാനർ, ധൈൎയ്യവാന്മാർ വമ്പരിഘക്കൈകളുള്ളവർ;
ശ്വേതദ്വീപിങ്കൽ ഞാൻ കണ്ടിട്ടുണ്ടു രാക്ഷസനായക,
ഭവാൻ തേടുന്ന ബലവും വീൎയ്യവും പൂണ്ട കൂട്ടരെ.’
നാരദൻതൻ മറുപടി കേട്ടു ചോദിച്ചു രാവണൻ:—
‘എന്മട്ടാദ്വീപിലുണ്ടാകു,മതിപ്രബലർ നാരദ?
അമ്മഹാത്മാക്കളെവ്വണ്ണം ശ്വേതദ്വീപനിവാസരായ്?
എന്നോടിതെല്ലാം ശരിയായ് പ്രഭോ, പറക നാരദ:
കണ്ടോനല്ലോ ജഗത്തൊന്നും കൈനെല്ലിയ്ക്കു കണക്കു നീ!’
രാവണൻതന്റെ ചോദ്യം കേട്ടുത്തരംചൊല്ലിനാരദൻ:—
‘സദാ മറ്റൊന്നുമോക്കാതെ നാരായണനെയോൎപ്പവർ,
തൽപൂജനത്തിൽസ്സക്തന്മാർ,തച്ചിത്തന്മാർ,തദാശ്രയർ,
ഏകാഗ്രഭാവം പൂണ്ടോരാ, നരന്മാരാശരാധിപ;
തച്ചിത്തർ, തദ്ഗതപ്രാണരവർ നാരായണാശ്രിതർ;
ശ്വേതദ്വീപിൽ വസിപ്പോരായ്, പുണ്യകൎമ്മങ്ങളാലവർ.
ശാൎങ്ഗം കുലച്ചു പോരിങ്കൽച്ചക്രപാണി ജഗൽപതി
കൊന്നാനെവരെയോ ദേവ,വർ വിണ്ണിൽ വസിപ്പവർ.
യജ്ഞക്രിയകളാലുണ്ണീ, തപസ്സാൽ,സ്സംയമങ്ങളാൽ,
വൻദാനത്താലുമാ ലോകമെളുപ്പത്തിൽക്കിടച്ചിടാ.’
നാരദോക്തം ശ്രവിച്ചേറെ വിസ്മയിച്ചു ദശാനനൻ,
‘പോർ ചെയ്യനവരോടെ’ന്നു ചിരം ചിന്തിച്ചു രാവണൻ
വിട വാങ്ങിഗ്ഗമിച്ചാനാശ്ശ്വേതദ്വീപിങ്കലേയ്ക്കുടൻ.
നാരദൻതാനുമൊട്ടേറെനേരം ചിന്തിച്ചു കൌതുകാൽ
അത്യദ്ഭുതം കാണ്മതിനായ്പ്പോയാനങ്ങോട്ടുതാൻ ദ്രുതം.
നേരംപോക്കിന്നു പോർതേടുന്നോനല്ലോ നിത്യമദ്ദ്വിജൻ.

Digitized By Kerala Sahitya Akademi

അങ്ങോട്ടു പോയ് രാവണനുമരക്കരൊട്ടു രാഘവ,
വമ്പിച്ച സിംഹനാദത്താൽപ്പത്തുദിക്കും മുഴക്കവോൻ.
നാരദൻചെന്നതിൽപ്പിന്നെ,ക്കീത്തി ചീത്ത ദശാസ്യവും
ചെന്നു ശ്വേതപ്പെരുംദ്വീപിൽ,വിണ്ണോക്കും കിട്ടിടാത്ത
(തിൽ.
ആദ്വീപിനുടെ തേജസ്സാല്യക്കോടേ കാററടിയ്ക്കയാൽ
കെല്ലേറും രാവണനുടെ വിമാനം പുഷ്പകാഹ്വയം.
നില്ലാനശക്തമായ്ത്തീന്നു,കാററേററ മുകിൽ പോലവേ!
ദുദ്ദശദ്വീപണഞ്ഞപ്പോളാ,ശരേന്ദ്രൻെറ മന്ത്രിമാർ
ചൊല്ലീ രാവണനോടേറെപ്പേടിച്ചിറുകി രാക്ഷസർ:—
'ഞങ്ങൾ മോഹിച്ചു ബോധം കെട്ടുള്ളിടിഞ്ഞാശരേശ്വര,
നില്ക്കുവാൻ കഴിവററോരായ്, പൊരുതാനൊരുമട്ടിലും!'
എന്നോതിപ്പാഞ്ഞുപോയാരാ യാമിനീചരരേവരും;
രാവണൻ പൊന്നണിഞ്ഞോരു യാനമാം പുഷ്പകത്തെയും
വിരിച്ചയച്ചിതപ്പോഴാ നിശാടരൊട്ടുകൂടവേ.
പുഷ്പകം രാമ, പോയാറേ രാവണൻ രാക്ഷസേശ്വരൻ,
അരക്കരാരുമേ കൂടാത,തിഭീഷണരൂപനായ്
കടന്നുകൊണ്ടാനശ്വേതദ്വീപിലേയ്ക്കു ദശാനനൻ.
കടക്കുംനേരമേ ചിക്കെന്നങ്ങു കണ്ടെത്തി നാരിമാർ:
ഒരുത്തിയാ രാവണൻെറ കൈ കടന്നു പിടിച്ചുടൻ സം
പുഞ്ചിരിക്കൊണ്ടു ചോദിച്ചാളെ,'ന്തിന്നിവിടെ വന്നു നീ?
ആരാ,രുടെ തനൂജൻ നീയാ,രയച്ചവനോതുക.'
എന്നു കേട്ടിട്ടു രാജാവേ, ശുണ്ഠിപൂണ്ടോതി രാവണൻ:—
'ഞാൻ വിശ്രവസ്സിൻെറ മകൻ,രാക്ഷസൻ,രാവണാഭി
(ധൻ,

Digitized By Kerala Sahitya Akademi

പോരിനിങ്ങെത്തിനാനൊ;-നാൽക്കാണ്മിലൊരുവനേയു
ഇവണ്ണമാത്രരാത്മാവാം രാവണൻ പറയുംവിധൗ (മേ.
പൊട്ടിച്ചിരിച്ചാർ, തരുണിമാരാകുമവരേവരും.
ചൊടിച്ചൊരുത്തികളിയായ്ക്കരഞ്ഞിനൊപ്പോലെടുത്തുടൻ
ചുഴററി,ത്തോഴിമധ്യത്തെയ്യെറിഞ്ഞാളദ്ദശാസ്യനെ.
കഥിച്ചാളന്യ:—'നോക്കു ഞാൻ പിടിച്ച പുഴുവെസ്സഖി,
പത്തു മോന്തയുമെനാങ്കു കയ്യുമുള്ള കറുമ്പനെ.'
കയ്യാൽക്കയ്യിലെറിഞ്ഞേ,ററം വാട്ടമാറു ചുഴററിനാർ;
ചുഴററപ്പെട്ടിടുംനേര,മഭിജ്ഞൻ ബലി രാക്ഷസൻ
കടിച്ചാൻ കൈപ്പടത്തിന്മേൽ,ച്ചൊടിച്ചൊ.രു വരാങ്ഗി
വിട്ടു ദുഷ്ടപ്പുഴുവിനൊക്കയ്യു നൊന്തു കുടഞ്ഞവൾ; (യെ.
അരക്കർനാഥനെയെടുത്തന്യസ്ത്രീ വാനിലേറിനാൾ.
ചൊടിച്ചു,വളെയും മാന്തിപ്പൊളിച്ചിതു നഖങ്ങളാൽ;
വലിച്ചെറിഞ്ഞാളവളും ചിക്കെന്നാ രാത്രിചാരിയെ.
കടലിൻനടുവിൽച്ചെന്നുവീണാൻ പേടിച്ചരണ്ടവൻ,
വജ്രമേററു പിളർന്നോരു കുന്നിന്മുടി കണക്കിനെ;
വീണാൻ, വീണിട്ടു,തേമട്ടിൽക്കിടന്നാൻ കടലിങ്കലേ.
ഇവണ്ണമാ രാവണനെ ശ്വേതദ്വീപിലെ നാരിമാർ
പിടിച്ചതാതിടം രാമ, ചിക്കെന്നിട്ടുചുഴററിനാർ.
തേജസ്വിയാം നാരദനും തോലി പെട്ട ദശാസ്യനെ
കണ്ടേററെ വിസ്മയപ്പെട്ടു ചിരിച്ചാൻ നൃത്തമാടിനാൻ.
പിമ്പാഴിനീരിൽനിന്നേററം നനഞ്ഞ മുടിയോടവൻ
തെക്കേക്കരയ്ക്കണഞ്ഞിട്ടു ചിന്തചെയ്താൻ സവിസ്മയം:—
'ഭയപ്പാടിത്ര പെട്ടിട്ടില്ലെ,ൻെറ ലോകജയങ്ങളിൽ;
ജാത്യാ വീര്യം കുറഞ്ഞോരാം സ്ത്രീകളാക്കിതു വിരുദ്ധമാം.



Digitized By Kerala Sahitya Akademi

അതുകൊണ്ടീ,യുലകിനു നാഥന്മാരായ പൂരുഷർ
ധരിച്ചിരിയ്ക്കാം സ്ത്രീരൂപം, നാരദൻ മേ കഥിച്ചവർ.൪൭
ചെയ്യേണം സന്ധി ബലവാന്മാരോടെന്നോർത്തുറച്ചവൻ
വീണ്ടുമായവരെക്കണ്ടുകിട്ടാനക്കാട്ടിൽ നോക്കിനാൻ.
കണ്ടെത്തിനാനങ്ങു മഹാത്മാവാം ബ്രഹ്മതനൂജനെ,
സനൽകുമാരപ്രഭുവെ,സ്സർവ്വയോഗിവരിഷ്ഠനെ:
സമിത്താൽപ്പാവകൻ പോലേ തപസ്സാലുജ്ജ്വലിപ്പവൻ
കാണായ് വലത്തുഭാഗത്തു ഗുഹ പുക്കരുളുന്നതായ്.
അത്തപോവൃദ്ധനെക്കണ്ടു വന്ദിച്ചു തൊഴുതിട്ടവൻ
ആസ്സത്യവാക്കാം ബ്രഹ്മർഷിയോടു ചോദിച്ചു ലജ്ജയാ:-
'ഭഗവാനേ, മഹാത്മാവീ,ലോകം തീർത്തവനാരുവാൻ?
ആരീ ലോകത്തിൽ വാഴന്നോർ, സർവ്വജ്ഞാനിപുരോഗമ?
ധ്യാനിപ്പതെന്തിനെബ്രഹ്മൻ. ഭവാൻ ഗൂഢസമാധിയിൽ?
ചൊല്കിതെല്ലാം: വരിപ്പെട്ടോനല്ലോ സർവ്വജ്ഞനെന്നു
എന്നു കേട്ടു മഹാതേജസ്സു,വൻതന്നുള്ളറിഞ്ഞുടൻ (നീ.'
ചിരിച്ചുംകൊണ്ടു, 'മകനേ, കേൾക്കകെ'ന്നേ,വമോതി
'ആർ സർവ്വഭൂതാത്മകനിച്ചരാചരജഗത്ത്രയം (നാൻ:-
സർവ്വം ഭരിയ്ക്കുവോനാ,ർതന്നുൽപത്തിയറിവീല നാം,
വേദജ്ഞന്മാരെച്ചൊല്ലുന്നു തമസ്സില്ലാത്ത പൂരുഷൻ
ആദിത്യരൂപനരജൻ പരാത്മാവീശനെന്നുമേ,
ആർതൻനാഭിയിൽ നിന്നുണ്ടായെൻപിതാവു പിതാമ
(ഹൻ,
ക്രോധത്തിൽനിന്നു കൈലാസവാസിയാം ശ്രീമഹേശ
ശരിയ്ക്കാരെസ്സമാലംബിച്ചുമ്പരിമ്പമൊടധ്വരേ (നും,൫൭
ഹവിസ്സും ദൈത്യരെത്തോല്പിച്ചമൃതും നുകരുന്നുവോ,

Digitized By Kerala Sahitya Akademi

ആർതൻവിപ്പിൽപ്പിറന്നോരാം സ്ത്രീകൾ തോല്ക്കാത്തൊ
(രങ്ങയെ
പിടിച്ചു ചെരുത്തുക്കോടേ കടൽതന്നിലെറിഞ്ഞിതോ,
ആരേററം വീര്യമുടയ രക്ഷോദാനവദൈത്യരെ,
കഷ്ടക്കകാരെപ്പലരെ,പ്പല മൈ പൂണ്ടു കൊന്നിതോ,
ആ ലോകനാഥൻ ഗോവിന്ദനേററം മഹിമ പൂണ്ടവൻ
കടികൊൾവതിനായ്ത്തീത്തതാണീ ലോകം മഹാശ
ജഗദീശനെയച്യുതപ്പൂ നാരായണപരായണർ (യൻ.
ഭൂതത്തിലെങ്ങുമദ്വേഷർ മഹായോഗബലാന്വിതർ; നാം
പഞ്ചയജ്ഞം യജിക്കുന്നു മധുവൈരിക്കു നിത്യവും
ഏകാഗ്രരായ് മഹാസത്വർ വാഴുന്നുനൽസ്സമാധിയിൽ.
മഹഷിമാർ പുരാണത്തിൽപ്പാഞ്ചരാത്രത്തിലോത്തിലും
സാംഖ്യയോഗത്തിലും ചൊല്ലാൻ, ധ്യാനിക്കുന്നോ,
(യജിപ്പവൻ.
ഭഗവാൻ, ദേവമുനിമാർ പ്രതിഷ്ഠിച്ചതൾവോൻ, ഹരി,
മധുകൈടഭരെക്കൊന്നോന;-വനെക്കാണുവാൻ പണി.
ബ്രഹ്മാവുപോലുമറിയുന്നീലദ്ദേവനെ രാവണ!
നിത്യൻ, നാരായണസ്വാമി, ഭദ്രമാം ലോകഭൂഷണം,
ഹരിയാരാൽസ്സവിജ്ഞാതനവൻ കില്ലില്ല മുക്തനാം!'

മുനിതൻവാക്കിവണ്ണം കേട്ടു,കമേ തെളിവാന്നുടൻ,
മുനിപുങ്ഗവനോടങ്ങു വീണ്ടും ചോദിച്ചു രാക്ഷസൻ:-
'എമ്മട്ടിൽദ്ദേവനെക്കാണു,മെമ്മട്ടിൽക്കേൾക്കമൂഴിയിൽ?
എമ്മട്ടു പാരിൽ ക്രീഡിപ്പിതെ,മ്മട്ടിൽക്കണ്ടുകിട്ടിടും?
എത്രകാലം തപം ചെയ്താലീലോകത്തെത്തുവാൻ ദ്വിജ,
കഴിവുണ്ടാമെനിക്കോ?-ത്തുകതു സവ്ജ്ഞനല്ലി നീ!'

Digitized By Kerala Sahitya Akademi

അവൻെറ കൊതി ചേരും ചൊൽ കേട്ട ചൊല്ലിരുന്നു
(ള്ളവൻ
അൎത്ഥം ചെയ്കാനതെല്ലാമേ ക്രമത്തിൽ മതിമാൻ മുനി:-
അദ്ദേവനെന്നുമേ ചേൎന്നോൻ സൂക്ഷ്മാവ്യക്തൻ സനാത
അവൻ വ്യാപിച്ചതൊട്ടൊക്കെ,ച്ചരാചരജഗത്ത്രയം. (നൻ;
മന്നിലും വാനിലും പാതാളത്തും കുന്നിൽവനത്തിലും
എല്ലാക്കടലിലും പാൎപ്പുണ്ടി,ങ്ങാർകളിലുമായവൻ.
അഹസ്സ്, രാവപ്പടി രണ്ടുസന്ധ്യ, ദിവാകരൻ, ശീതക
(രൻ കൃതാന്തൻ,
ജലേശനും, കാലവുമായവൻതാൻ ബ്രഹ്മേന്ദ്രരുദ്രാദ്യരു
(മഗ്നിതാനും.
ഓങ്കാരഭ്രൂർഭുവസ്വങ്ങൾ ഗായത്രി,യിരുസന്ധ്യയും,
ധരാധരധരൻ ദേവനനന്താഹ്വയവാനവൻ.

ചെയ്യു, ജ്വലിപ്പു, വിലസുന്നിത,ടിപ്പു,കാപ്പൂ,
ഗൎജ്ജിപ്പി,തേല്പു, ചുടുവിപ്പിതെ,രിച്ചിടുന്നു
തീൎപ്പു ഭരിപ്പു, ഭുവനങ്ങൾ സദാ മുടിപ്പൂ;
കൊല്പു ബലാൽ ജഗതി ദൈത്യരെയായവൻതാൻ.

കണ്ടെത്തുകില്ലായവനെദ്ദേവാസുരർ ഭുജങ്ഗരും;
പ്രസാദിപ്പിച്ചവനോ നേക്കവനെക്കണ്ടുകിട്ടിടൂ.
തദ്ഭക്തർ, തദ്ഗതപ്രാണർ, ശുദ്ധന്മാർ, തൽപരായണർ
ഈ ലോകത്തണയാൻ പോരും, ജ്ഞാനത്താൽപ്പാപമ
(ററവർ;

പൂകമീ ലോക,മിമ്മട്ടിലുള്ളോരാം പുരുഷോത്തമർ,
ദാന്തർ, നിഷ്കാമകൎമ്മാക്കളെ,ക്രോധരി,രുളററവർ.
വമ്പിച്ചമെയ്യോടൊരുവനീ ലോകത്തെത്തിയാ,ലവൻ

Digitized By Kerala Sahitya Akademi

അമ്മട്ടേ വാഴമാറത്രേ; ഛരി തീൎത്തു മഛാപുരി
വൈവസ്വതന്മനുവിനു നാലേഴാം യുഗമെത്തിയാൽ,
വിഷ്ണുസാരൂപ്യവാനായിട്ടീ ലോകം പൂകുമേ ഭവാൻ.
ഇതിൽപ്പരം കേൾപ്പതിനില്ലേ,ന്നിൽനിന്നാശരേശ്വര;
എണീയ്ക്കു, പോക ഭദ്രം തേ! നേടും നീയിഷ്ടമാംപദം.'വ്വം
'ഓ' എന്നുരച്ചു മുനിയെക്കൊണ്ടാടി പ്രണമിച്ചവൻ
പെരുംപടയുമായ്ച്ചേൎന്നു പോനൂ ലങ്കയ്ക്കുശങ്കമേ.
ഛഷിച്ചൊട്ടൊഴിയാതെല്ലാം കണ്ടു നാരദനും ദ്രുതം
മേരുവിങ്കലണഞ്ഞിട്ടാശ്ശുഭമാം സഭ പൂകിനാൻ;
അതിങ്കൽ വാഴമജനെക്കൈകൾകൂപ്പിപ്പണിഞ്ഞവൻ
കേൾപ്പിച്ചാനമരന്മാരെ ബ്രഹ്മാവിനുടെ സന്നിധൌ.
മഛത്താം പുണ്യചരിതം കേട്ടിട്ടംഭോജസംഭവൻ
നന്നായ് നാരദനെപ്പുല്കി,ബ്ഭൂതഭാവിജ്ഞനോതിനാൻ:—
'മുന്നം ഛിരണ്യകശിപുവായോനീ രജനീചരൻ;
മഛാബലൻ വരംനേടീപ്പലതാലുമവധ്യനായ്. വ്വ
കരിയ്ക്കുലയാൾ പെരിയ മുകന്ദനെ,യഭക്തനെ
നിന്ദിച്ചാൻ സഭയിൽഗ്ഗർവാൽ നൃസിംഛാകൃതിവിഷ്ണുവെ.
അവൻ പിടിച്ചു പോരിങ്കൽ നഖംകൊണ്ടു പിളൎത്തവേ
രക്തസ്സ്വർശാൽ സുരാരീശനുണ്ടായീ ദിവ്യദർശനം:
ഈ രക്ഷോജന്മവും മൎത്ത്യാത്മാവാമവനിൽനിന്നുതാൻ
വരാൻപോം മൃത്യുവും ദിവ്യദൃക്കാൽക്കണ്ടിട്ടു മെല്ലവേ,
തൊഴുതു,ച്യുതനോടായിച്ചൊന്നാൻ ദൈത്യൻ തദഗ്ര(ഗൻ,
മാനതലാൽ നെഞ്ചുവിണ്ടല്പനേരംകൊണ്ടു തളൎന്നവൻ:—
'തങ്കപ്പൊന്നുടിയുള്ളോനേ, കത്തുംതീയെതിർകണ്ണനേ,

Digitized By Kerala Sahitya Akademi

വജ്രായുധനഖസ്പൃശ്, തൊഴാം തേ ദിവ്യസിംഹമേ! നം
കൈടഭാരേ, ഹരേ, ദേവ, വിഷ്ണോ, വിപുലവിക്രമ,
പാഹി മാം ഭൂതഭവ്യേശ, ശരണാഗതവത്സല!
രാക്ഷസത്വത്തിലും മർത്ത്യത്വത്തിലും നീ വധിച്ച ഞാൻ
നിൻലോകം പൂകണം സ്വാമിൻ; പ്രസാദിക്ക ജഗൽപ
(തേ!'
'അതവാ'മെന്നഥ ദൈത്യേശനോടുരച്ചെഴുന്നള്ളിനാൻ,
കിഞ്ചിന്നിച്ചാത്തെഴും ഹംസശ്രീവിമാനത്തിൽ മാധവൻ.
അങ്ങു രാക്ഷസനായ് വീണ്ടും പിറന്നാനസ്സുരാരിതാൻ,
രാക്ഷസത്തൊഴിലെപ്പോഴും ചെയ്തിട്ടാ വാസനാബലാൽ.
പാർ മുടിപ്പാൻമുതിർന്നോനെ,യിനിമർത്ത്യപ്പിറപ്പതിൽ
മൂന്നാമതുമവൻ കൊന്നാൽ, ശ്വേതദ്വീപമണഞ്ഞിടും
വിഷ്ണുതേജസ്സു പൂണ്ടിട്ടാ ബ്രഹ്മജ്ഞൻ ചൊന്നവണ്ണമേ;
ഇതിങ്ങിരുന്നിട്ടും ഞാനും കണ്ടതാണു സമാധിയാൽ,
ദേവനാം പരമാത്മാവിൻ മായ ചേർന്നുള്ളതൊക്കയും!
നാരദൻ ചൊന്നൊരിപ്പുണ്യകഥയാദ്യംമുതല്ക്കുതാൻ
നിത്യം വായിക്കിലാ മർത്ത്യൻ മികച്ച ഗതി നേടിടും.
പുണ്യമീ വൈഷ്ണവാഖ്യാനം സർവ്വപാപഘ്നമെവനോ
പതിവായ്ക്കേൾക്കു,മവനും പാപനിർമ്മുക്തനായ്‌വരും;
മുൻജന്മമോർക്കൽ, വിപ്രത്വം, വങ്കുലത്തിൽപ്പിറപ്പുമേ,
സർവ്വജ്ഞനിലയും നേടും; സംശയം വേണ്ടതിപ്പതിൽ.'
മനം കുളിർത്തു ഹരിയെ സ്തുതിച്ചപ്പത്മയോനിയും ൧൦൦
വാനോരെയെല്ലാം മാനിച്ചു തൻലോകം പുക്കിതീശ്വരൻ.

പില്പാടാ മേരുപൃഷ്ഠത്തിൽനിന്നു സഞ്ചാരി നാരദൻ
ദ്വാദശാബ്ദമഖം കാണ്മാൻ വന്നുചേർന്നൂ മദന്തികേ.

Digitized By Kerala Sahitya Akademi

ശാസ്ത്രത്തിന്നൊത്തു വന്ദിച്ചു സൽക്കരിച്ചേൻ ശരിക്കു ഞാൻ;
ചൊല്ലീടിനാനെന്നെയനുഗ്രഹിപ്പാനവനിക്കഥ.
ഞാനുമിസ്സഭയിൽപ്പുക്കു പാവനാൎത്ഥം മനോഹരം
നിൻഭക്തിയാൽ മഹാബാഹോ, കഥാമൃതമിതോതിനേൻ.
ഇതിന്നത്ര മഹാബാഹോ, ദുരാത്മാവായ രാവണൻ
അറിഞ്ഞു സീതയെക്കട്ടു, നിങ്കൈകൊണ്ടു മരിക്കുവാൻ.
അങ്ങു നാരായണൻ ദേവൻ ശംഖചക്രഗദാധരൻ ൧൦൫
ശാൎങ്ഗപത്മായുധധരൻ വാനോരെല്ലാം വണങ്ങിടുവോൻ
ശ്രീവത്സാങ്കൻ ഹൃഷീകേശൻ സൎവ്വദേവാഭിപൂജിതൻ
പത്മനാഭൻ മഹായോഗി ഭക്തൎക്കഭയമേകുവോൻ;
ഭവാൻ രാവണനെക്കൊല്ലാൻ മനുഷ്യവടിവാണ്ടവൻ.
തന്നെത്താനറിയുന്നില്ലേ, 'വിഷ്ണു ഞാനെ'ന്നു രാമ, നീ?
മോഹിക്കൊല്ലാ മഹാഭാഗ; തന്നെത്താനാൽ സ്മരിക്കു നീ.
ഗുഹ്യത്തെക്കാൾത്തുലോം ഗുഹ്യൻ ഭവാനെ,ന്നാൻ പി (താമഹൻ:
ത്രിവേദവാൻ ത്രിഗുണവാൻ ത്രിധാമാ ത്രിപദാത്മകൻ
ത്രികാലകൎമ്മി ത്രൈവിദ്യൻ ത്രിദശാരിപ്രമൎദ്ദനൻ.
അളന്നുവല്ലോ മൂപ്പാരും പണ്ടു മൂവ്വടികൊണ്ടു നീ: ൧൧൦
നീ മഹേന്ദ്രാനുജൻ ശ്രീമാൻ ബലിയെബ്ബദ്ധനാക്കുവാൻ
അദിതിക്കുണ്ണിയായ്ത്തീൎന്നു; വിഷ്ണു നീതാൻ സനാതനൻ.
ഭുവനാനുഗ്രഹത്തിന്നായ്പ്പിറന്നു നരജാതിയിൽ;
സുരർതൻകാൎയ്യമിതു നീ സാധിച്ചു സുരസത്തമ;
പാപി രാവണനെക്കൊന്നു പുത്രബന്ധുഗണത്തൊടും;
ഹൎഷിച്ചു സുരരെപ്പേരും തപസ്വിമുനിവൃന്ദവും.
ശാന്തമായീ ജഗത്തെല്ലാം നിൻപ്രസാദാൽ സുരേശ്വര!

Digitized By Kerala Sahitya Akademi

ലക്ഷ്മിയല്ലോ, മഹാഭാഗ സീത മന്നിൽപ്പിറന്നവൾ:
ശുഭയാമിവളങ്ങയ്ക്കായ്ജ്ജനിച്ചു ജനകാലയേ;
ലങ്ക പൂകിച്ചു സശ്രദ്ധം,മമ്മയെപ്പോലെ നോക്കിനാൻ. ()
ഈമട്ടിതോതിനേൻ രാമ, ഭവാനോടതികീർത്തിമൻ;
എന്നോടോ,ചൊല്ലിനാൻ ദീഘായുസ്സായ മുനി നാരദൻ.
സനൽകുമാരനെവ്വണ്ണമാ രാക്ഷസനൊടോതിയോ,
അവ്വണ്ണമെല്ലാം ചിക്കൊന്നു ചെയ്താനൊട്ടൊഴിയാതവൻ.
വിദ്വാൻ ശ്രാദ്ധത്തിൽ വിപ്രക്ക് ചാരേ വെച്ചിതു
(ചൊല്ലുകിൽ,
പിതൃക്കൾക്ക കൊടുക്കുന്നതെന്നുമക്ഷയമായ്വരും.''
ഇത്തിവൃകഥ കേട്ടിട്ടു രാമൻ താമരസേക്ഷണൻ
വമ്പിച്ച വിസ്മയം പൂണ്ടാൻ തമ്പിമാരൊത്ത രാഘവൻ.
സുഗ്രീവനും വാനരരും വിഭീഷണനരക്കരും
രാജാക്കളും മന്ത്രികളും മററു ചേന്നൊത്ത കൂട്ടരും
ബ്രഹ്മക്ഷത്രിയവൈശ്യന്മാർ ധമ്മശാലികൾ ശൂദ്രരും
എവരും കൺ വിടന്നോരായേ,വരും പരിഹൃഷ്ടരായ്,
രാമനെത്തന്നെ വൻപ്രീതി പൂണ്ടു നോക്കുകയായ് പരം.
അഗസ്ത്യൻ രാമനോടോതി:-''കേട്ടല്ലോ നീയിതൊ
(ക്കയും;
കണ്ടു, സല്ലാപവും ചെയ്തു;രാമ,ഞങ്ങൾഗമിക്കയായ്.''

—***—

Digitized By Kerala Sahitya Akademi

## മുപ്പത്തെട്ടാം സർഗ്ഗം:
## സാമന്തരാജവിസർജ്ജനം.

---

ഏവം വാഴും മഹാബാഹു രാഘവൻ നാളുതോറുമേ
നടത്തീ കാര്യമെല്ലാമേ നാട്ടിലും നഗരത്തിലും.
പിന്പൊട്ടുനാൾ കഴിഞ്ഞാറേ, വൈദേഹമിഥിലേശനെ
തൊഴുതിട്ടൊന്നിതിൻവണ്ണമരുളിച്ചെയ്തു രാഘവൻ:
'അങ്ങുന്നാണൊറ്റൊരാലംബ,മങ്ങു രക്ഷിച്ചു ഞങ്ങളെ:
നിന്നുഗ്രതേജസ്സാലത്രേ, കൊന്നു ഞാൻ ദശകണ്ഠനെ.
ഇക്ഷ്വാകുക്കൾക്കു സർവ്വർക്കും മൈഥിലന്മാർക്കുമൊക്കവേ
നിസ്തുലപ്രീതി കൈവന്നു രാജാവേ, ചാർച്ചകാരണം.
അതിനാൽത്തൻപുരത്തേയ്ക്കുപോക രത്നങ്ങൾകൊണ്ടുനീ;
കൂടെപ്പോരും ഭരതനും തുണയ്ക്കായ്ത്തവ മന്നവ!'
'അവ്വണ്ണ'മെന്നാ,നൃപനുംരാഘവൻതന്നൊടോതിനാൻ:—
'രാജാവേ, പ്രീതനായ് ഞാൻ നിൻ ദർശനാൽ നീതി
(യാലുമേ,
എനിയ്ക്കായിങ്ങൊരുക്കപ്പെട്ടുള്ള രത്നങ്ങളേവയോ,
അവയൊട്ടുക്കു രാജാവേ, പുത്രിമാർക്കേകിടുന്നു ഞാൻ.'
എന്നു കാകുത്സ്ഥനോടോതിജ്ജനകൻ തുഷ്ടമാനസൻ
ശ്രീയുതൻ യാത്രയും ചൊല്ലി മിഥിലയ്ക്കെഴുന്നള്ളിനാൻ.
ജനകൻപോയതിൻശേഷ,മമ്മാമൻ കേകയേശനെ
തൊഴുതൊന്നരുളിച്ചെയ്താനിവണ്ണം പ്രഭു രാഘവൻ:—
'ഈ നാടു ഞാനും ഭരതൻതാനും ലക്ഷ്മണനും നൃപ,
അങ്ങയ്ക്കധീനർ; ഞങ്ങൾക്കു താങ്ങങ്ങുന്നു നരർഷഭ!
അങ്ങയെച്ചൊല്ലി മാഴ്കീടും, പ്രായമേറിയ തമ്പുരാൻ;



Digitized By Kerala Sahitya Akademi

അതിവാലിന്നുതാനെങ്ങുമെഴുന്നള്ളീടണം നൃപ.
പിറകേ പിന്തുടർന്നീട്ടുമനുയാത്രയ്ക്കു ലക്ഷ്മണൻ,
വളരെദ്ധനവും നാനാരത്നങ്ങളുമെടുത്തുടൻ.'
'ആവാ'മെന്നു, യുധാജിത്തും യാത്രയെപ്പറ്റിയോതിനാൻ:-
'രത്നവും ധനവും നിങ്കൽത്താനിരിയ്ക്കട്ടെയെന്നുമേ.'
മൂർദ്ധാവു രാമൻ വന്ദിച്ചു വലംവെച്ചതിനുമേൽ,
രാജാവിനെ വലംവെച്ചിട്ടവൻ കേകയവർദ്ധനൻ
തുണയാം ലക്ഷ്മണനുമായ്ഗ്ഗമിച്ചാൻ കേകയേശ്വരൻ,
വൃത്രാസുരവധം ചെയ്ത വിഷ്ണുവൊത്തിന്ദ്രനാംവിധം.
  പിന്നെ രാമനൊരേടത്തും ഭയമില്ലാത്ത തോഴനെ,
പ്രതർദ്ദനാഖ്യനാം കാശിരാജാവെപ്പുല്കിയോതിനാൻ:-
'കാണിച്ചു പ്രീതിയങ്ങുന്നു, കാണിച്ചു ദൃഢമൈത്രിയും:
കൃതം ഭൂപ, ചെയ്തല്ലോ ഭരതാനുചിതനായ്ബ്ഭവാൻ.
ഇനിക്കാശീശ, നീ പൂകിക്കൊൾക വാരാണസീപുരം,
രമണീയം, ഭവദ്ഗുപ്തം, സുപ്രാകാരം, സുതോരണം.'
ഇത്ഥം ചൊല്ലി രാജാസനത്തിൽനിന്നെഴുന്നേററവൻ
മാറത്തണച്ചു മുറുകെപ്പുണർന്നാനതിധാർമ്മികൻ;
വിരിച്ചയയ്ക്കയും ചെയ്താൻ കൌസല്യാനന്ദവർദ്ധനൻ.
വിരിച്ചയച്ചു കാകുത്സ്ഥൻ വാട നല്കിയതിനുമേൽ
പോയാൻ വാരാണസിയ്ക്കാശു കാശീശനകുതോഭയൻ.
കാശീശനെപ്പിരിച്ചു,ഴിനാഥർ മുന്നൂറുപേരൊടായ്
ചിരിച്ചുകൊണ്ടു കാകുത്സ്ഥനുരച്ചു മധുരാക്ഷരം:-
'രക്ഷിച്ചു നിങ്ങൾതൻതേജസ്സിടിവില്ലാത്ത മൈത്രിയെ:
ധർമ്മം ശരിയ്ക്കുണ്ടെപ്പോഴു,മെന്നും നിങ്ങൾക്ക സത്യവും.

Digitized By Kerala Sahitya Akademi

മഹാന്മാർ നിങ്ങൾതൻ തേജസ്സ്, തപസ്സെന്നിവ (കൊണ്ടു താൻ
ദുർബ്ബുദ്ധി ദുഷ്ടൻ ഹതനായ് രാവണൻ രാക്ഷസാധമൻ:
ഞാനതിൽക്കാരണംമാത്രം; യുഷ്മത്തേജസ്സിനാൽ ഹതൻ
രാവണൻ സഗണൻ പോരിൽസ്സപുത്രാമാത്യബാന്ധവൻ!
വരുത്തിനാൻ ഭവാന്മാരെബ്ഭരതൻ സുമഹാശയൻ, ഹാ!
ജനകാത്മജയെക്കാട്ടിൽനിന്നു കട്ടതു കേൾക്കയാൽ.
ഒതുങ്ങിയ മഹാന്മാരാമര ചക്ഷിലേക്കുമേ
കാലമേറെക്കഴിഞ്ഞല്ലോ; തിരിയേ പോയിടാമിനി.'
അവനോടുത്തരം ചൊന്നാരേററം ഹർഷിച്ചു മുനിവർ:—
'ഭാഗ്യം, വിജയിയായ് രാമ; നാടു വാഴ്കയുമായി നീ!
ഭാഗ്യം, സീതയെ വീണ്ടേററു! ഭാഗ്യം, തോല്പിച്ചു (വൈരിയെ!
ഞങ്ങൾക്കിതു പെരുംനേട്ടം, ഞങ്ങൾക്കിതതിസമ്മദം:
കണ്ടല്ലോ, വൈരിയെക്കൊന്നു വെന്നോരാം നിന്നെ (രാഘവ!
എന്നാൽ ഞങ്ങളെ വാഴ്ത്തുന്നതിവിടത്തെയ്ക്കു ചേർന്നതാം;
വാഴ്ത്തത്തക്കവനേ, ഞങ്ങൾക്കാവില്ലിങ്ങിനെ വാഴ്ത്തുവാൻ!
വിട നല്കുക, പോകട്ടേ; ഞങ്ങൾക്കുണ്ടെന്നുമുള്ളിൽ നീ:
ഇങ്ങതിപ്രീതിയോടല്ലോ ഞങ്ങൾ പാർത്തു മഹാഭുജ;
തിരുവുള്ളം മഹാരാജ, വേണം ഞങ്ങളിലെന്നുമേ!'
എന്നായ്ത്തൊഴുതുണർത്തിച്ചാർപോകാൻമുതിരുമൃഷിവർ;
'എന്നാലങ്ങിനെ'യെന്നായ്ക്കേട്ടതിസന്തുഷ്ടരേവരും
കാകുത്സ്ഥനാൽസ്സത്കൃതരായ്ത്തൻതൻനാട്ടിന്നുപോയി (നാർ.

—***—

Digitized By Kerala Sahitya Akademi

## മുപ്പത്തൊമ്പതാം സർഗ്ഗം:
## രാജോപഹാരഗ്രഹണം.

---

ഗമിച്ചുകൊണ്ടാർ സാഹ്ലാദമാമഹാത്മാക്കൾമന്നവർ;
കുലുങ്ങീഭൂമി,യവർതൻ ഗജവാജിശതങ്ങളാൽ:
അങ്ങേറെയക്ഷൌഹിണി ചേർന്നിരുന്നു ഭരതാജ്ഞയാൽ
രാമകാര്യത്തിനായുന്നി പ്രഹൃഷ്ടബലയാനമായ്.
ചൊല്ലിനാരാബ്ബലത്തുള്ളൊന്നിരുന്ന ധരേശ്വരർ:—
'രാമവൈരിയെ നാം കണ്ടീലല്ലോ പോരിങ്കൽ മുൻവശം:
ഭരതൻ നമ്മെ വെറുതേ ചില്ലാടല്ലോ വരുത്തിനാൻ;
കൊന്നേനേ രാക്ഷസന്മാരെ ക്ഷിപ്രം കില്ലില്ല മന്നവർ.
രാമലക്ഷ്മണർതൻ ബാഹുവീര്യമാം രക്ഷയിൽസ്സുഖം
പൊരുതാമായിരുന്നു നിർബ്ബാധം കടലിന്നക്കരെ!'
എന്നും മറ്റും പലതുമേ ചൊല്ലിക്കൊണ്ടു സഹർഷരായ്
കൂട്ടമിട്ടു ഗമിച്ചാർ തൻനാട്ടിലേയ്ക്കാ നരേശ്വരർ:
നിജനാട്ടുകൾ മുഖ്യങ്ങൾ പുഷ്ടതുഷ്ടങ്ങൾ നീളവേ,
ധനധാന്യസമൃദ്ധങ്ങളീ,ട്ടുവെപ്പുമിയന്നവ.
മുന്മട്ടേ പുരിയിൽച്ചെന്നു നാനാരത്നഗണങ്ങളെ
രാമന്റെ കനിവിന്നായിക്കാഴ്ചയായേകിനാർ നൃപർ:
വാഹനാശ്വങ്ങൾ, രത്നങ്ങൾ, മദം പെരുകുമാനകൾ,
മികച്ചേറും ചന്ദനങ്ങൾ, ദിവ്യാഭരണസഞ്ചയം,
മണിത്തുമുത്തുപവിഴ,മഴകൊക്കുന്ന ദാസിമാർ
പല ചെമ്മരിയാടാടു, പല തേരിവ നല്കിനാർ.

ഭരതൻ ലക്ഷ്മണൻ ശത്രുഘ്നനുമെന്നീ മഹാബലർ
ആ രത്നങ്ങളെ വാങ്ങിത്തൻപുരേ തിരികെയെത്തിനാർ.

Digitized By Kerala Sahitya Akademi

ചേലൊത്തയോധ്യാപുരിയിൽ വന്നെത്തിപ്പുരുഷർഷഭർ
ആ നാനാവിധരത്നങ്ങൾ കാഴ്ചവെച്ചിതു രാമനിൽ.
അതെല്ലാം വാങ്ങി നന്ദിച്ച മഹാത്മാവായ രാമനും
നല്കിനാനുപകാരങ്ങൾ ചെയ്ത സുഗ്രീവമന്നവായ്;
വിഭീഷണന്നും കല്പിച്ചുനല്കിനാനഥ രാഘവൻ
മററു വെല്ലാൻ തുനിഞ്ഞച്ചോരാം വാനരക്കാശരക്കുമേ.
രാമൻ കൊടുത്ത രത്നങ്ങളക്കീശാശരരേവരും
ശിരസ്സിലും കൈകളിലും ധരിച്ചാർ ബലവത്തരർ. ഹ
ഹനൂമാനെയുമിക്ഷ്വാകുമഹാരഥനിളാധിപൻ
കൈമെയ്യുമങ്ങദനെയും മടിയിൽക്കേററി വീര്യവാൻ
രാമൻ തണ്ടാരിതൾക്കണ്ണൻ സുഗ്രീവനൊടിതോതി
(നാൻ:-
ഈയങ്ഗദൻ നിൻ നൽപ്പുത്രൻ,മന്ത്രിയാം വായുസൂനുവും,
സുഗ്രീവ, മന്ത്രകുശലരെന്നിസ്സ ഹിതകാരികൾ
നാനാസൽക്കാരമേല്ക്കേണ്ടോർ നിന്മൂലം വാനരേശ്വര!'
എന്നോതി മെയ്യിൽനിന്നൂരി മേത്തരം ഭൂഷണങ്ങളെ
ഹനൂമദങ്ഗദന്മാരിൽച്ചാർത്തിനാൻ കീർത്തിമാനവൻ.
വിളിച്ചു രാഘവൻ ഭൂരിവീര്യരാം യൂഥപാലരെ—
നീലൻ,നളൻ,കേസരിയും, കുമുദൻ, ഗന്ധമാദനൻ,വം
സുഷേണൻ,പനസൻ, വീരൻ മൈന്ദൻ, ദ്വിവിദന,
(ങ്ങിനെ
ജാംബവാനും, വിനതനും, ഗവാക്ഷന,ഹ ധൂമ്രനും,
വലീമുഖൻ, പ്രജങ്ഘൻ, സന്നാദൻ, ബലി ദരീമുഖൻ,
ദധിവക്ത്രൻ, യൂഥപേന്ദ്രജാനുവെന്നിവരെ—സ്വയം
കണ്ണാൽ നുകരുവോൻപോലായ്ച്ചൊന്നാൻ മധുരകോ
(മളം:-

Digitized By Kerala Sahitya Akademi

‘മിത്രങ്ങളും സോദരരും മെയ്യുമാകുന്നു നിങ്ങൾ മേ:
നിങ്ങളല്ലോ തുയിരിൽനിന്നെന്നെക്കേറ്റീ പ്ലവങ്ഗരേ!
ധന്യൻ, സുഗ്രീവരാജാവും വരമിത്രങ്ങൾ നിങ്ങളാൽ!’
എന്നുരച്ചു വിലപ്പെട്ട മൈക്കോപ്പുമുടയാടയും
യഥായോഗ്യമവർക്കേകിപ്പുണർന്നാൻ പുരുഷർഷഭൻ.
ഭുജിച്ചാർ നന്മണം ചേർന്ന മധുവും മധുപിങ്ഗളർ
മാംസങ്ങളും സുമൃഷ്ടങ്ങളായ മൂലഫലങ്ങളും.

ഏവം വസിച്ചീടുമവർക്കൊരുതിങ്ങൾതികഞ്ഞുപോയ്;
എന്നാൽ ക്ഷണപ്രായമതങ്ങേവർക്കും രാമഭക്തിയാൽ!
രമിച്ചു രാമനു,ക്കാമരൂപവാനരർതന്നൊടും
വീര്യവദ്രാക്ഷസരൊടുമൂർജ്ജിതക്കരൊടും സമം.
ഏവം കഴിഞ്ഞു സുഖമായ് രണ്ടാം ശിശിരമാസവും
ഹൃഷ്ടരാമാ പ്ലവങ്ഗർക്കും രാക്ഷസന്മാർക്കുമൊക്കവേ.
മനോജ്ഞേക്ഷ്വാകുപുരിയിൽപ്പരമപ്രീതരാമവർ
രാമസംഭാവനകളാൽസ്സുഖമായ്പ്പോക്കി നാളുകൾ. ൩൦

## നാല്പതാംസർഗ്ഗം:
## വാനരരാക്ഷസവിസർജ്ജനം.

ആ വാനരക്ഷരജനീചരരങ്ങിനെ വാഴ്കവേ,
തേജസ്സേറിയ കാകുത്സ്ഥൻ സുഗ്രീവനൊടിതോതിനാൻ:-
‘പോക, ദേവാസുരാധൃഷ്യ,കിഷ്കിന്ധയ്ക്കായി സൌമ്യ, നീ;
രക്ഷിയ്ക്കൂ, ബാധയില്ലാത്ത നാടമാത്യരൊടൊപ്പമേ.
ഈയങ്ഗദനെയും തുങ്ഗപ്രീതിയോടേ മഹാഭുജ,

Digitized By Kerala Sahitya Akademi

ഭരിയ്ക്ക ഹനൂമാനേയും കെല്പേറും നളനേയുമേ;
സുഷേണൻ ശൂരൻ വീരൻ, താരൻ കെല്പരിൽ മന്തി
(യോൻ,
ധൃഷ്ടനായ കുമുദൻ, നീലൻ ബഹുബലാന്വിതൻ,
വീരനാകും ശതബലി, മൈന്ദൻ, ദ്വിവിദ,നങ്ങിനെ
ഗജൻ, ഗവാക്ഷൻ, ഗവയൻ, ശരഭൻ ബലവത്തരൻ,
ഗന്ധമാദനനിച്ചൊന്നോരെയും പ്രീത്യാ ഭരിയ്ക്ക നീ
വിക്രാന്തനാമൃഷഭനെ,ബ്ബലിയാം ജാംബവാനെയും;
എന്നിയ്ക്കായുയിർ കൈവിട്ട മഹാത്മാക്കളെയൊക്കയും
ഭരിയ്ക്ക നീ പ്രീതിയോടേ; ചെയ്യൊല്ലിവരിലപ്രിയം.'
എന്നു സുഗ്രീവനോടോതി വീണ്ടും വീണ്ടും പുണന്നുടൻ
ചൊല്ലീ വിഭീഷണനൊടും രാമൻ മധുരമാംവിധം:—
'ലങ്ക പാലിയ്ക്ക ധർമ്മത്തിൽ:—മതൻ മേ ധർമ്മിയെന്നു നീ,
പുരത്തിന്നുമരക്കർക്കും ഭ്രാതാവാം ധനദന്നുമേ.
എന്തായാലു,മധർമ്മത്തിൽബ്ബുദ്ധി വെയ്ക്കൊല്ല നീ നൃപ:
ബുദ്ധിയുള്ള നൃപന്മാരാണേ,റനാളൂഴിവാഴുവോർ. ൧൦
എന്നെയും മന്നവ, ഭവാൻ സുഗ്രീവനെയുമെപ്പൊഴും
വൻപ്രീതിയോടോർത്തിടണം; പോയ്ക്കൊൾക,ഴലൊഴി
കാകുൽസ്ഥവചനം കേട്ടിട്ടക്ഷവാനരരാക്ഷസർ (ഞ്ഞു നീ.'
പേർത്തും പേർത്തും പ്രശംസിച്ചാർ,നന്നുനന്നെന്നുരാമനെ:—
'അംഗസ്സുണ്ടു മഹാബാഹോ, ധീയുമദ്ഭുതവീര്യവും
മഹാമാധുര്യവും രാമ, ധാതാവിന്നൊപ്പമെപ്പൊഴും!'
ആ വാനരനിശാടന്മാരിവണ്ണമുരചെയ്യവേ,
വണക്കം പൂണ്ടു ഹനുമാൻ രാഘവങ്കലുണത്തിനാൻ:—
'നിലനില്ക്കട്ടെ നൽപ്രേമം തമ്പുരാനേ, ഭവാങ്കൽ മേ,

Digitized By Kerala Sahitya Akademi

ഉറച്ച ഭക്തിയും വീര; മറെറാന്നിൽച്ചെല്ലൊലാമന്വം! ഛ്മ
രാമൻെറ കഥയെന്നോളം വീര, പാരിൽച്ചരിക്കുമോ,
അന്നോളംപ്രാണനെന്മെയ്യിൽനിന്നീടേണ,മസംശയം:
ദിവ്യോപാഖ്യാനമാമീ നിൻചരിതം രഘുനന്ദന,
അപ്സരസ്ത്രീകൾ കേൾപ്പിക്കുവേണമെന്നെ നരഷഭ;
ആ നിൻകഥാമൃതം വീര, ചെവികൊണ്ടിട്ടഞാൻപ്രഭോ,
ഉൽക്കണ്ഠയതകററാവൂ, കാറിനെക്കാററു പോലവേ!'
ഏവം ചൊല്ലും ഹനുമാനെ,യാസനാഗ്ര്യത്തിൽനിന്നുടൻ
എഴന്നേററുപുണന്നേവംസ്നേഹത്താൽച്ചൊല്ലിരാഘവൻ:-
'ഇതീവിധം കപിശ്രേഷ്ഠ, ഭവിക്കും വാദമില്ലിതിൽ:
എന്നോളമീയെൻചരിതംലോകത്തിൽപ്രചരിക്കുമോ, ()
അന്നോളം പുകളങ്ങക്കു നില്ക്കും, മെയ്യിലസുക്കളും;
എന്നോളം നില്ക്കുമോ പാർകളന്നോളം നില്ക്കുമെൻകഥ.
ഉപകാരത്തിനോരോന്നിനുയിർ തേ തരുവൻ കപേ;
ബാക്കിയാമുപകാരത്തിൽക്കടപ്പെള്ളികൾ ഞങ്ങൾ തേ!
എന്മെയ്യിൽ പററിപ്പോകട്ടേ തവോപകൃതി വാനര:
ആപത്തിലല്ലോ, മത്ത്യൻ പ്രത്യുപകാരാഹനാക്കുന്നു!'
പിന്നെ,ച്ചന്ദ്രാഭമാം ഹാരം കണ്ഠാലൂരിക്കകുത്സ്ഥജൻ
ആ ഹനൂമാൻെറ കണ്ഠത്തിലിട്ടാൻ വൈഡൂര്യനായകം.
ആ മാറത്തിട്ട വാർമുത്തുമാലയാൽ വിലസീ കപി,
മുകളിൽത്തിങ്കളമരും പൊന്നുമാമല പോലവേ.
രാമൻെറയരുളപ്പാടു കേട്ടിട്ട,ത്തുപ്പദങ്ങളിൽ
കുമ്പിട്ടു കുമ്പിട്ടു പുറപ്പെട്ടാത്തുജ്ജിതർ വാനരർ.
സുഗ്രീവനേയും ധർമ്മിഷ്ഠവിഭീഷണനെയും തദാ
കെട്ടിപ്പുണന്നാൻകാകുത്സ്ഥൻ;കണ്ണുനീർവാർത്തിതേവരും!

Digitized By Kerala Sahitya Akademi

ഗദ്ഗദം പൂണ്ടു കണ്ണീർ വാൎന്നുള്ളിടിഞ്ഞവരേവരും
മാലാൽ മൂൎച്ഛിച്ചപോലായിതാ രാമനെ വിടുന്നതിൽ!
ഏവം പെരിയ രാമൻതൻ പ്രസാദം നേടിടുയവരും
പോയാർ തൻതൻഗൃഹത്തെസ്സു, മെയ്വിട്ടം ദേഹിപോലവേ!
നിശാടകീശരക്ഷർ, കകുത്സ്ഥവംശവാ-
സ്സുണച്ചു രാമനു വണങ്ങിയങ്ങിനെ
വിയോഗദുഃഖാശ്രു നിറഞ്ഞ കണ്ണുമായ്
നിജാലയത്തെസ്സു തിരിച്ചുപോയിനാർ.

---

## നാല്പത്തൊന്നാംസർഗ്ഗം: പുഷ്പകവിസൎജ്ജനം.

---

വാനരക്ഷാശരന്മാരെപ്പിരിച്ചിട്ടു മഹാഭുജൻ
സോദരന്മാരുമായ് രാമൻ മോദിച്ചു സുഖമായ്സ്സുഖി.
പിന്നീടൊരപരാഹ്നത്തിൽത്തമ്പിമാരൊത്ത രാഘവൻ
കേട്ടു, നഭസ്സിൽനിന്നുണ്ടായ്വന്നോരു മധുരോക്തിയെ:-
'രാമ, നീ നോക്കുകൊന്നെന്നെസ്സൌമ്യ, സൌമ്യമുഖത്തിനാൽ:
കുബേരഭവനാൽ സ്വാമിൻ, വന്ന പുഷ്പകമാണു ഞാൻ.
ഭവാൻെറ ശാസനം കേട്ടു ഭവനത്തിൽഗ്ഗമിച്ചു ഞാൻ;
അദ്ദേഹമെന്നോടരുളീ, സേവിപ്പാനായ് നരോത്തമ:-
'നിന്നെ നേടി നരശ്രേഷ്ഠൻ മഹാത്മാവായ രാഘവൻ
ദുൎദ്ധൎഷനാം ദശാസ്യാശരേശനെക്കൊന്നു സങ്ഗരേ: 5
കൂട്ടത്തോടേ ബന്ധുസുതരൊത്താദ്ദുൎബ്ബുദ്ധി രാവണൻ
കൊല്ലപ്പെട്ടതിനാൽ പ്രീതിയുണ്ടെനിക്കുമനല്പമായ്.



Digitized By Kerala Sahitya Akademi

നിന്നെയാപ്പരമാത്മാവാം രാമൻ ലങ്കയിൽനേടിനാൻ;
അവനെത്താൻവഹിയ്ക്കു നീ; സൌമ്യ, തന്നേനനുജ്ഞഞാൻ.
എനിയ്ക്കിതു പെരുംനേട്ടം: ലോകവാഹനമായ നീ
കാകുത്സ്ഥനെ വഹിച്ചീടുമല്ലോ; പോയ്ക്കൊൾകനിർവ്യഥം!’
ഏവം പെരിയ വിത്തേശനുടെ ശാസനമേററു ഞാൻ
വന്നെത്തിനേൻ നിന്നരികിൽ;–ക്കില്ലെന്ന്യേ സ്വീകരിയ്ക്കു (മാം.
സർവ്വഭൂതദുരാധർഷമായെന്നും ധനദാജ്ഞയാൽ
ചരിയ്ക്കുവൻ പ്രഭാവത്താൽ, നിന്നാജ്ഞാകരനായി ഞാൻ.’
ഇമ്മട്ടു പുഷ്പകം ചൊന്നപ്പോളാ രാമൻ മഹാബലൻ
തിരിയേവന്നതാം പുഷ്പവിമാനം കണ്ടു ചൊല്ലിനാൻ:–
‘എങ്കിൽ സ്വാഗതമങ്ങയ്ക്കു നൽപ്പുഷ്പകവിമാനമേ.
ധനേശ്വരാനുകൂല്യത്താൽപ്പെടാ നമ്മൾക്കു ദുർന്നയം.’
മലർ, പൂവുകൾ സൌരഭ്യമുള്ള ധൂപമിവററിനാൽ
പുഷ്പകത്തെയുടൻ പൂജിച്ചാ മഹാബാഹു രാഘവൻ
‘പോയ്ക്കൊൾകെ’ന്നോതിനാൻ:–‘ഞാനിങ്ങോർക്കുമ്പോൾ (വന്നുകൊൾക നീ,
സിദ്ധർതൻവഴിയിൽസ്സൌമ്യ, വിഷാദംതേടിടൊല്ല നീ;
നിനക്കേല്ക്കൊല്ല തടവും, യഥേഷ്ടം സഞ്ചരിയ്ക്കുവേ.’
‘എന്നാലങ്ങിനെ’യെന്നോതി, രാമൻ പൂജിച്ചയയ്ക്കയാൽ
അങ്ങുനിന്നു യഥാകാമം നടകൊണ്ടിതു പുഷ്പകം.

ഇമ്മട്ടാസ്സുകൃതാത്മാവാം പുഷ്പകം പോയവേളയിൽ,
ഭരതൻ തൊഴുകയ്യോടേ കാകുത്സ്ഥനൊടു ചൊല്ലിനാൻ:–
‘കാണുന്നു വീര, ദേവാത്മാവിവിടുന്നുഴിവാഴ്കവേ,
അമാനുഷങ്ങൾ സത്ത്വങ്ങൾ പേർത്തുമോരോന്നു ചൊല്ലു
മനുഷ്യർക്കുഴലേശാതെ കഴിഞ്ഞൂ മാസമിങ്ങിനെ; (തായ്

Digitized By Kerala Sahitya Akademi

വൃദ്ധപ്രാണികളിൽപ്പോലും മൃത്യുവേല്പീല രാഘവ!
പെറുന്നു സ്ത്രീകൾ നോവെന്ന്യേ; നരരാരോഗ്യശാലികൾ;
പുരവാസിജനത്തിന്നു രാജൻ, വാഴ്കുന്നു ഹർഷവും.
കാലേ വർഷിപ്പിതം,മൃതാം നീർത്തുകിക്കൊണ്ടു വാരിദം; ൨൦
ഏല്ക്കുവാൻ സുഖമായ് നല്ല കാററും വീശുന്നതുണ്ടിതാ!
'ഇമ്മട്ടിൽ നീണാൾവാഴ്കസ്മൽത്തമ്പുരാനെ'ന്നു മന്നവ,
ചൊല്ലിപ്പോരുന്നു പുരിയിൽപ്പൌരനാട്ടാർ നരേശ്വര!'
ഏവം മധുരമാംവണ്ണം ഭരതൻ ചൊന്ന വാക്കുകൾ
കേട്ടിട്ടു മോദിച്ചരുളീ രാമൻ നൃപതിസത്തമൻ.

## നാല്പത്തിരണ്ടാംസർഗ്ഗം: സീതാഭിഷ്ടകഥനം.

ആവിധം, പൊന്നണിഞ്ഞുള്ളപുഷ്പകത്തെപ്പിരിച്ചുടൻ
അശോകവനമുൾപ്പുക്കാൻ സുമഹാബാഹു രാഘവൻ:
ചന്ദനം, മാവുകള,കിൽ,തുങ്ഗം, ലോഹിതചന്ദനം,
ദേവതാരത്തോപ്പിവയാൽച്ചുററുമേ വിലസുന്നൊടം;
ഇരിപ്പ, ചമ്പകാശോകം, പുന്ന, വേങ്ങ, പിലാവുകൾ,
നിർദ്ധൂമാഗ്നിപ്രഭം പാരിജാതവും വിലസുന്നിടം;
നീപാർജ്ജുനങ്ങൾ,പാച്ചോററി,പാല, നാഗാതിമുക്തകം,
കദളിത്തോപ്പു, മന്ദാരം, വള്ളിക്കെട്ടും നിറഞ്ഞിടം;
പൊടിക്കടമ്പുകള,ഥ ഞാഴൽ, ഞാവലിലഞ്ഞികൾ,
മാതളം, കോവിദാരങ്ങളിവയാൽ വിലസുന്നിടം;
മനോജ്ഞരമ്യങ്ങൾ, സദാ പൂവും കായുമിയന്നവ,
ദിവ്യഗന്ധരസാഢ്യങ്ങൾ, പുത്തൻ തളിരുദിച്ചവ,
ദിവ്യശില്പികളാൽച്ചെമ്മേ വളർത്തപ്പെട്ട ശാഖികൾ

Digitized By Kerala Sahitya Akademi

നൽപ്പൂതളിർത്തഴപ്പൊത്തു, മത്തഭൃംഗങ്ങൾ ചേൎന്നവ,
മാമ്പൂപ്പൊടികളെച്ചൂട്ടും നാനാവൎണ്ണപതത്രികൾ,
കുയിൽ വൻവണ്ടിത്തുകളാൽ മിന്നി വൈചിത്ര്യമാൎന്നിടം.
പൊന്നിൻനിറത്തിൽച്ചിലതു, ചിലതഗ്നിശിഖോപമം,
നീലാഞ്ജനാഭം ശോഭിച്ചു ചിലതങ്ങു മരങ്ങളിൽ;
തൂമണം വീശി പുഷ്പങ്ങൾ വിവിധസ്തബകങ്ങളും;
നാനാതരം തടാകങ്ങൾ നല്ല വെള്ളം നിറഞ്ഞവ,
മാണിക്യക്കൽപ്പടവൊട്ടും സ്ഫടികത്തിണ്ണയുള്ളവ,
ഫുല്ലോല്പലാബ്ജച്ചാൎത്താൎത്തു, ചക്രവാകങ്ങൾ ചേൎന്നവ,
സാരസം ഹംസവും കൂകി, ത്തത്ത നത്തും ചിലപ്പവ,
കരസ്ഥഭംഗിയാംവൎണ്ണം പൂത്തുനില്ക്കും മരങ്ങളാൽ
നാനാമതിൽക്കെട്ടുകളാൽ വിളങ്ങീ പാറയാലുമേ;
ആ വനത്തിലൊരേടത്തുണ്ടേ,ലർ വാച്ചു തൃണവ്രജം,
വൈഡൂൎയ്യക്കല്ലിനൊക്കുന്ന പച്ചപ്പുല്ലു നിറഞ്ഞതായ്;
അങ്ങി,ണക്കത്തൊട്ടും പൂത്ത വൃക്ഷങ്ങളുടെ പൂക്കളാൽ
ചിത്രങ്ങൾ പാറകളു,ഡുവ്യാപ്തമാം വാനിനൊപ്പമായ്;
ഇന്ദ്രൻെറനന്ദനത്തോട്ടുംബ്രാഹ്മചൈത്രരഥത്തൊട്ടും ഏഷ
സമാനമല്ലോ രാമൻെറ രുചിരാകാരമാം വനം.
വലുതായ ഗൃഹം ചേൎന്നു വള്ളിക്കുടിൽ ചുഴന്നതായ്
വിശാലമാമശോകക്കാവുൾപ്പുക്കു രഘുനന്ദനൻ
പൂച്ചാൎത്തണിഞ്ഞു പരവതാനി മേലേ വിരിച്ചതായ്
ചേലൊത്തൊരാസനത്തിന്മേലിരുന്നരുളി രാഘവൻ.
തെളിമൈരേയകമധു തൃക്കൈകൊണ്ടേന്തി രാഘവൻ
സീതയ്ക്കു നുകരാൻ നല്കി, ശചിയ്ക്കിന്ദ്രൻ കണക്കിനേ.
വെട്ടപ്പിയന്ന മാംസങ്ങൾ നാനാവിധഫലങ്ങളും

Digitized By Kerala Sahitya Akademi

രാമന്റെയമരേത്തിന്നായെത്തിച്ചാരാശു കിന്നരർ.
നൃത്താടീ രാജസവിധേ, നൃത്തും പാട്ടും പഠിച്ചവർ ൨൦
ചെറുപ്പക്കാരികൾ മനോജ്ഞാംഗിമാർ മധുമത്തമാർ;
ആ രമ്യരാമാവൎഗ്ഗത്തെ രാമൻ രമയദുത്തമൻ
തോഷിപ്പിച്ചാൻ,സദാധൎമ്മശീലൻചേലിലണിഞ്ഞവൻ.
വൈദേഹിയൊത്തു മേവുന്ന രാമനങ്ങു വിളങ്ങിനാൻ
അരുന്ധതിയുമായ് മേവും വസിഷ്ഠൻ പോലെ തേജസാ.

രാമനേവം മുദാ ദേവകുമാരിയ്ക്കൊത്ത സീതയെ
രമിപ്പിച്ചാൻ നാളിൽനാളിലൊ,രു ദേവൻ കണക്കിനെ.
അസ്സീതാരാമരമ്മട്ടിൽസ്സുചിരം വിഹരിയ്ക്കവേ,
കഴിഞ്ഞുപോയ്, സദാ ഭോഗം നല്കും ശിശിരമാമൃതു;
പോക്കിനാർ ശിശിരം നാനാഭോഗാനുഭവമോടവർ.
രാവിലെദ്ധൎമ്മകാൎയ്യങ്ങൾ ധൎമ്മത്തിൽച്ചെയ്തു ധാൎമ്മികൻ
ബാക്കിദ്ദിനാൎദ്ധംമുഴുവൻ വാഴുമന്തഃപുരത്തിലായ്.
സീതയും രാവിലെദ്ദേവപൂജാദികൾകഴിച്ചുടൻ
ശുശ്രൂഷചെയ്യുംശ്വശ്രൂക്കൾക്കെല്ലാംവ്യത്യാസമെന്നിയേ;
പിന്നെ രാമാന്തികേ ചെല്ലും ചിത്രാഭരണവസ്ത്രയായ്,
വിണ്ണിൽ വാഴും സഹസ്രാക്ഷനരികിൽശ്ശചി പോലവേ.
കല്യാണവതിയായുള്ള പത്നിയെക്കണ്ടു രാഘവൻ
നിസ്തുല്യഹൎഷമുൾക്കൊള്ളും; നന്നുനന്നെന്നുമോതിടും.
ദേവാത്മജാഭ സുശ്രോണി സീത തന്നോടു ചൊല്ലിനാൻ:—
"അടുത്തിരിപ്പു വൈദേഹി, സന്താനപ്രാപ്തി നിങ്കൽ മേ.
എന്തിൽ നിന്നിച്ഛ സുശ്രോണി? എന്തു ചെയ്യേണ്ടു നിൻ
പ്രിയം."
പുഞ്ചിരിക്കൊണ്ടു വൈദേഹി രാമനോടുരിയാടിനാൾ:—

Digitized By Kerala Sahitya Akademi

"പുണ്യാശ്രമങ്ങളെക്കാണ്മാനുണ്ടെനിയ്ക്കിച്ഛ രാഘവ;
ഗങ്ഗാതീരത്തു മേവുന്നോർ ദേവ, കായ്കനിയുണ്ണുവോർ
തേജസ്സരത്തോർ മുനിമാർതൻകാല്ക്കൽപ്പാക്ഷ്വവാനുമേ.
ഇതാണെന്നുറെറാരാകാങ്ക്ഷ: കായ്കിഴങ്ങുണ്ണുവോരുടെ
തപോവനത്തിലൊരുനാളെങ്കിലും രാമ, പാക്കണം."
'ആവാ'മെന്നേററരുളിനാൻ രാമനക്ലിഷ്ടചേഷ്ടിതൻ:—
"വിശ്വാസം കൊൾക വൈദേഹി: നാളെപ്പോകാം,മ
(സംശയം."
വൈദേഹിയാം ജാനകിയോടീവിധം ചൊല്ലി രാഘവൻ
രാമൻ നടുവിലെക്കെട്ടിൽഗ്ഗമിച്ചാൻ ക്ഷുറുകാരുമായ്.

## നാല്പത്തിമൂന്നാംസർഗ്ഗം:
## സീതാപവാദശ്രവണം.

അങ്ങിരുന്ന നരേന്ദ്രന്റെ ചാരേ ചേന്നിത്തു ചുററുമേ,
ഫലിതത്തിൽപ്പലതരം കഥ ചൊല്ലും വിചക്ഷണർ:
വിജയൻ, മധുമത്താഖ്യൻ, കാശ്യപൻ,പിങ്ഗളൻ,കുടൻ,
സുരാജൻ, കാളിയൻ, ഭദ്രൻ, ദന്തവക്ത്രൻ, സുമാഗധൻ;
പലജാതിക്കഥകളെച്ചിരി പൊട്ടീടുമാറിവർ
സാഹ്ലാദരായ്മഹാത്മാവാംകാകുത്സ്ഥനൊടുചൊല്ലിനാർ.
അതിലേതോകഥയിൽവെച്ചരുളിച്ചെയ്തു രാഘവൻ:—
"എന്തുള്ളു ഭദ്ര, വൃത്താന്തം നാട്ടിലും നഗരത്തിലും?
എന്നെക്കൊണ്ടെന്തു ചൊല്ലുന്നു നാട്ടാരും നഗരസ്ഥരും?
സീതാഭരതസൌമിത്രിമാരെപ്പററിയുമെന്തുവാൻ? ൧

ശത്രുഘ്നനെപ്പററിയുമെന്തെ?–ന്തു കൈകേയിയമ്മയെ?
നാട്ടിലും കാട്ടിലും ഭദ്രൻ സംസാരങ്ങൾക്കു പാത്രമാം."
രാമനേവം പറഞ്ഞാരേ, ഭദ്രൻ തൊഴുതുണൎത്തിനാൻ:–
"നല്ല സംസാരമാണുള്ളതുൎവ്വീശ, നഗരങ്ങളിൽ;
ദശാനനവധത്താലിജ്ജയം സൌമ്യ, ലഭിച്ചതോ.
വൎണ്ണിപ്പു കേമമായ്പ്പൌരർ തമ്പുരേ പുരുഷൎഷഭ."
ഭദ്രനിങ്ങിനെ ചൊന്നപ്പോൾക്കാകുത്സ്ഥൻ വീണ്ടുമോതി
(നാൻ:–
"കഥിയ്ക്കുക,ഉള്ളതിൻവൎണ്ണമെല്ലാമൊട്ടൊഴിയാതെ നീ,
നന്മയോ തിന്മയോപൌരർചൊല്ലിപ്പോരുന്നവാക്കുകൾ:
കേട്ടിന്നിനന്മഞാൻചെയ്യാം;തിന്മചെയ്യാതിരുന്നിടാം.()
കഥിയ്ക്ക വിശ്വാസമൊട്ടും ഭയം വിട്ടഴലെന്നിയേ,
നാട്ടാരും നഗരക്കാരും ചൊല്ലിപ്പോരുന്ന തിന്മകൾ."

ഈവിധം രാഘവൻ നൽച്ചൊല്ലുരച്ചളവു ഭദ്രനും
മഹാബാഹുവിനോടോതീ, സാദരം തൊഴുകയ്യുമായ്:–
"കല്പിച്ചുകേൾക്ക പൌരന്മാർ പറയും നന്മതിന്മകൾ,
ചത്വരംപാതയങ്ങാടികാനനോപവനങ്ങളിൽ:
'ചെയ്തു സുദുഷ്കരം രാമനാഴിയിൽസ്സേതുബന്ധനം,
ചെയ്തുകേൾക്കാതെയുള്ളൊന്നു പണ്ടാരും ദേവദൈത്യരും
ദുൎദ്ധൎഷനാം രാവണനെക്കൊന്നു യാനബലത്തൊടും;
കീഴാക്കീ വാനരരെയുമൃക്ഷരാക്ഷസർതമ്മെയും. ൧൭
യുധി രാവണനെക്കൊന്നു വീണ്ടെടുത്തിട്ടു സീതയെ
പൂകിച്ചുവല്ലോ സ്വഗൃഹം,മീൎഷ്യ കൈവിട്ടു രാഘവൻ;
അവിടുത്തെയ്ക്കു വൈദേഹീസംഭോഗസുഖമെങ്ങിനെ?
പിടിച്ചുരാവണൻമുന്നമൊക്കത്തായ്വെച്ചു കൊണ്ടുപോയ്

Digitized By Kerala Sahitya Akademi

ലങ്കാപുരത്തിലെത്തിച്ചിട്ടശോകക്കാവിൽവെച്ചുയാൽ
അരക്കക്കടിപെട്ടോളെ വെറുക്കാത്തെന്തു രാഘവൻ?
നമുക്കും ഭാൎയ്യമാർമേലിൽപ്പൊറുത്തീടേണ്ടിവന്നിടും:
രാജാവു ചെയ്തപോലല്ലോ, ചെയ്യു പ്രജകളൊക്കയും!'
ഇവണ്ണം പലതും ചൊല്ലുമാറുണ്ടാളുകൾ മന്നവ,
നഗരങ്ങളിലും നാട്ടുപുറങ്ങളിലുമൊക്കവേ."
ഇമ്മട്ടവൻെറ ചൊൽ കേട്ടു ദീനഭാവേന രാഘവൻ
ചോദിച്ചാൻമിത്രരോടെല്ലാം:-'കഥിയ്ക്കുവിനിതെങ്ങിനെ?'
എല്ലാരുമഭിവാദ്യംചെയ്തേ,ററം താണവണങ്ങിയും,
മാലാണ്ട രാമനോടോതീ:-'ശരിയാണിതു നിൎണ്ണയം.'
എല്ലാരുമൊന്നുപോലേ ചൊന്നതു കേട്ടിട്ടു രാഘവൻ
ചിരിച്ചയച്ചാനുടനേ തോഴന്മാരെയരിന്ദമൻ.

---

## നാല്പത്തിനാലാംസൎഗ്ഗം: സോദരാനയനം.

സഖാക്കളെപ്പിരിച്ചിട്ടോ,ന്നോൎത്തുറച്ചഥ രാഘവൻ
ചാരത്തു നില്ക്കും തവണക്കാരനോടിതു ചൊല്ലിനാൻ:-
'വരുത്തുക സുലക്ഷ്മാവായുള്ള ലക്ഷ്മണനെ ദ്രുതം,
ശ്രീമദ്ഭരതനേയും തോല്ക്കാത്ത ശത്രുഘ്നനേയുമേ.'
തലയിൽത്തൊഴുകയ്യോടേ രാമൻെറ മൊഴികേട്ടവൻ
ലക്ഷ്മണൻെറഗൃഹത്തിൽച്ചെന്നുൾപ്പുക്കാൻതടവെന്നിയേ;
സോപചാരം മഹാത്മാവോടുരച്ചാൻ തൊഴുകയ്യുമായ്:-
'തമ്പുരാൻ കാത്തിരിയ്ക്കുന്നു; വൈകാതങ്ങെഴുന്നള്ളണം.'
രാമൻെറ ശാസനംകേട്ടി,'ട്ടോ' എന്നരുളി ലക്ഷ്മണൻ

Digitized By Kerala Sahitya Akademi

പോന്നാൻ തേരേറി രാമന്റെ സദനത്തെസ്സു സത്വരം.
സൌമിത്രി പോരുന്നതു കണ്ടവൻ ഭരതസന്നിധൌ
ചെന്നാദരാൽക്കൈതൊഴുതു വണങ്ങിസ്സോപചാരമായ്
കഥിച്ചാ,'നങ്ങളെയെക്കാണ്മാനാഗ്രഹിയ്ക്കുന്നു തമ്പുരാൻ.'
ഭരതൻ ദ്വാരപാലകൻനിന്നു രാമോക്തി കേട്ടുടൻ
ആസനം വിട്ടെഴുന്നേററു നടന്നേ പോന്നിതുജ്ജിതൻ.
ഭരതൻ പോരുവതു കണ്ടഞ്ജസാ തൊഴുകയ്യുമായ്
ശത്രുഘ്നന്റെ ഗൃഹത്തിങ്കൽച്ചെന്നണത്തീടിനാനവൻ:—
'ഗമിയ്ക്ക രഘുനാഥങ്കൽ:—ക്കാത്തിരിയ്ക്കുന്നു തമ്പുരാൻ;
മുമ്പേ പോയ് ലക്ഷ്മണൻ,കീർത്തിവായ്ക്കും ഭരതനെന്നിവർ.'
അവന്റെ വചനം കേട്ടിട്ടെഴുന്നേററു ശിരസ്സിനെ
മന്നിൽ മുട്ടിച്ചു ശത്രുഘ്നൻ പോന്നു രാമങ്കലേയ്ക്കുടൻ.
തവണക്കാരനും പോന്നു രാമങ്കൽത്തൊഴുകയ്യോടേ,
സ്വന്തം ഭ്രാതാക്കളെല്ലാരും വന്നുചേർന്നുണർത്തിനാൻ.

കുമാരർ വന്നതായ്ക്കേട്ടു ചിന്താപരവശേന്ദ്രിയൻ
തല ചായ്ച്ചുള്ളഴൽന്നോനായ് ദ്വാരപാലനൊടോതിനാൻ:—
'കൂട്ടിക്കൊണ്ടുവരൂ വെക്കം കുമാരരെ മമാന്തികേ:
എൻജീവനീയിവരിലാണെ,ൻ പ്രിയപ്രാണനാണിവർ!'
നൃപന്റെ ചൊല്ലിനാൽ,ശുഭ്രവസ്ത്രരാമക്കുമാരകർ
വണങ്ങിക്കൈകളുംകൂപ്പിച്ചെന്നകംപുക്കിതാസ്ഥയിൽ.
അവിടത്തെത്തിരുമുഖം, ഗ്രസ്തചന്ദ്രന്റെമട്ടിലും
സന്ധ്യാർക്കമട്ടിലും കാന്തിഹീനമായ്ക്കണ്ടിതങ്ങവർ;
ധീമാൻ രാമന്റെ കണ്ണീരു നിറഞ്ഞ നയനങ്ങളും
ശ്രീയററ തണ്ടലർക്കൊത്ത മുഖവും പാർത്തുകണ്ടവർ
വെക്കം രാമന്റെ തൃക്കാല്ക്കൽത്താണുവന്ദിച്ചു മൂവരും



Digitized By Kerala Sahitya Akademi

നിന്നാരതിശ്രദ്ധയോടേ; രാമനോ, വാൎത്തു കണ്ണുനീർ:
കെട്ടിപ്പിടിച്ചെഴുന്നേല്പിച്ചവരോടു മഹാബലൻ,
'ഇരിപ്പിനെല്ലാവരു'മെന്നുരചെയ്തിട്ടു ചൊല്ലിനാൻ:-
"നിങ്ങളാണെന്റെ സർവസ്വം; നിങ്ങളാണെന്റെ ജീവി(തം;
നിങ്ങൾനേടിയനാടല്ലോ, രക്ഷിപ്പു ഞാൻ നരേന്ദ്രരേ!
നിങ്ങൾ ശാസ്ത്രാൎത്ഥമറിവോർ, ബുദ്ധിശക്തിയുമുള്ളവർ;
എൻകാൎയ്യമിതു ചേൎന്നൊത്തു ചിന്തിക്കേണം നരേന്ദ്രരേ!"
കാകുത്സ്ഥനിത്തരം ചൊല്ലക്കേ,സ്സുശ്രദ്ധരവരേവരും
'എന്തോന്നാണരുളിച്ചെയ്വാൻപോവതെ'ന്നുനടുങ്ങിനാർ.

—•<>•—

## നാല്പത്തഞ്ചാംസൎഗ്ഗം:
## സീതാത്യാഗനിയോഗം.

അവരെല്ലാവരും ദീനചിത്തരായിട്ടിരിക്കവേ,
വരളുന്ന മുഖത്തോടേ കഥിച്ചാൻ രഘുനന്ദനൻ:-
"കേൾക്കുവിൻ, നന്മ നിങ്ങൾക്കു, മറിച്ചുകരുതീടൊലാ;
പൌരരെൻസീതയെപ്പററിച്ചൊല്ലുന്നതെന്തെന്നു സർവരും:
ദോഷം വല്ലാതെ ചൊല്ലുന്നു പൌരരും നാട്ടുകാരുമേ;
വെറുപ്പുമുണ്ടെങ്കല,തോ മൎമ്മങ്ങളരിയുന്നു മേ!
ഞാൻമാന്യേക്ഷ്വാകുവംശത്തിൽപ്പിറന്നൊരുവനല്ലയോ;
സീതയും മാന്യജനകസദ്വംശത്തിൽപ്പിറന്നവൾ.
സൌമ്യ, നീയറിവോനല്ലോ, ശൂന്യമാം ദണ്ഡകാവനേ
രാവണൻ സീതയെക്കട്ടതു,മവനെക്കൊലചെയ്കയും.
അന്നു ജാനകിയെപ്പററിച്ചിന്തയുണ്ടായിവന്നു മേ:
'എങ്ങിട്ടുകൊണ്ടുപോം,മിങ്ങുപാൎത്തസീതയെ ഞാൻപുരേ?'

Digitized By Kerala Sahitya Akademi

അതിൽത്തെളിവിനായ്സ്സീത ചെന്തീയിൽച്ചാടിനാൾ
(തദാ;
നീയും ദേവകളും, കാണ്കെസ്സൌമിത്രേ,ഹവ്യവാഹനൻ,
സീത നിർദ്ദോഷയെന്നോതി, വാനിൽച്ചേറുന്ന വായുവും.
ചന്ദ്രഭാസ്കരരും സർവ്വദേവമാമുനിസന്നിധൌ
അന്നു ചൊല്ലുകയുണ്ടായീ സീത നിർദ്ദോഷയെന്നുതാൻ.
ഏവം സദവൃത്തയായോളെദ്ദേവഗന്ധർവ്വസന്നിധൌ,
ലങ്കാദ്വീപിങ്കൽവെച്ചെന്റെ കയ്യിൽത്തന്നാൻ പുരന്ദ
പേരാളും സീത സതിയെന്നുറപ്പുണ്ടെന്മനസ്സിനും; (രൻ.
അതിനാലാണ,യോദ്ധ്യയ്ക്കു കൊണ്ടുപോന്നതു സീതയെ.
എന്നാൽക്കനത്ത ദുഷ്പേരിത,ഴലും മുതിരുന്നു മേ;
ദോഷം വല്ലാതെ ചൊല്ലുന്നു പൌരരും നാട്ടുകാരുമേ.
അകീർത്തി പാരിലെവനെപ്പറ്റിച്ചൊല്ലിവരുന്നുവോ,
അവന,ശ്ശുദ്ധമുള്ളോളമധോഗതിയിലാണ്ടിടും.
അകീർത്തിവാനോർനിന്ദിപ്പൂ; പാരിൽമാനിപ്പുകീർത്തിയെ:
കീർത്തിയ്ക്കല്ലോ, മഹാത്മാക്കളെപ്പേരുടെയുമുദ്യമം.
വെടിയും ജീവനേയും ഞാൻ നിങ്ങളേയും നരേന്ദ്രരേ,
ദുഷ്പേരു നീങ്ങുവാനെ;-ന്തു പിന്നെജ്ജനകപുത്രിയെ?
അതിനാൽക്കാണ്മവിൻ, വീണുപോയിഞാനഴലാഴിയിൽ;
കാണുന്നീലി,തിലും മീതേ ദുഃഖമൊന്നേററതായിഞാൻ!
നാളെക്കാലത്തു സൌമിത്രേ,സുമന്ത്രൻചെന്നതേരിൽ നീ
കേറിസ്സീതയെയും കേററിക്കൊണ്ടാക്കു നാട്ടിനപ്പുറം:
ഗംഗയ്ക്കക്കരെയുണ്ടല്ലോ, മഹാൻ വാല്മീകിതന്നുടെ
ആശ്രമം ദിവ്യസദൃശം തമസക്കരതന്നിലായ്;
അശ്ശൂന്യദേശത്തിവളെ ത്യജിച്ചു രഘുനന്ദന,

Digitized By Kerala Sahitya Akademi

വെക്കം വരിക, ഭദ്രം തേ, ചെയ്തുകൊൾകെന്റെ വാക്കു നീ.
മറുത്തു ചൊല്ലിടായ്കിങ്ങു സീതയെപ്പററിയേതുമേ;
എന്നാൽ നീ പോക സൌമിത്രേ, വിചാരിക്കേണ്ടതില്ലിതിൽ.
ത്തുലോമപ്രീതിയാം നിങ്ങളെനിക്കി,ത്തു വിലക്കിയാൽ;
സത്യംചെയ്യിപ്പനെ,ൻകാലും പ്രാണനുംകൊണ്ടു നിങ്ങളെ!
ഇടയ്ക്കെന്നോടനുനയം വല്ലവണ്ണവുമോതിയാൽ,
അവരെന്നെന്നുമഹിതരെനിക്കി,ഷ്ടം തടുക്കയാൽ!
എന്നെ മാനിക്കുവിൻ നിങ്ങളെ,ൻകീഴില്ലവരെങ്കിലോ;
സീതയെക്കൊണ്ടുപോകിങ്ങുനിന്നിപ്പോൾ;— ചെയ്യുകെന്മൊഴി.
ഇവൾ മുൻ ചൊല്കയുണ്ടായീ, ‘ഗംഗാതീരാശ്രമങ്ങൾമേ
കാണേണ’മെന്നാവൾക്കുള്ളീ നിനവും നിറവേററിടാം.”
എന്നു ചൊല്ലിസ്സഹജരാൽച്ചുഴലപ്പെട്ട രാഘവൻ
കണ്ണീരൊലിച്ചു മുഖമോടകംപുക്കാൻ സുധാർമ്മികൻ;
ശോകമുൾക്കൊണ്ടു നെടുതായ് വീർപ്പിട്ടാനാനപോലവേ.

## നാല്പത്താറാംസർഗ്ഗം: സീതാനയനം.

പിന്നെ രാത്രിപുലർന്നാരേ ലക്ഷ്മണൻ ദീനമാനസൻ
വരളുന്ന മുഖത്തോടേ സുമന്ത്രനൊടു ചൊല്ലിനാൻ:—
‘സൂത, പൂട്ടുക നല്ലോരു തേരിന്നശ്വങ്ങളെ ദ്രുതം;
നന്നായ് വിരിക്കു വൈദേഹിക്കിരിപ്പാൻപള്ളിമെത്തയും.
സീതയെത്തമ്പുരാൻ ചൊല്ലാൽ, ധന്യർഷിപ്രവരാശ്രമേ

കൊണ്ടാക്കീടണമത്രേ ഞാൻ; വേഗം കൊണ്ടുവരുരഥം.'
ഏറാമെന്നസ്സുമന്ത്രൻ നല്ലശ്വങ്ങളെയണച്ചതായ്
പൂമെത്ത നന്നായി വിരിച്ചാമഞ്ജുപ്രഭമാം രഥം
കൊണ്ടുവന്നോതി, മിത്രമ്ധി കൂട്ടം സൌമിത്രിയോടുടൻ:–
'തേരിതാ,വന്നുചേർന്നല്ലോ; കർത്തവ്യം ചെയ്കിടാംപ്രഭോ!'
സുമന്ത്രനേവം ചൊന്നാറേ, ലക്ഷ്മണൻ നൃപമന്ദിരം
പുക്കു വൈദേഹിതൻ ചാരേ ചെന്നുരച്ചാൻ നരർഷഭൻ:–
'യാചിച്ചുവല്ലോ വരമീ സ്വാമിയാം നൃപനോടു നീ;
ഏറേറാതി നൃപനും ചൊന്നാനാ,ശ്രമേ കൊണ്ടുപോകു
(വാൻ.
ഞാൻ ദേവി, ഗംഗാതീരത്തിലൃഷിപുണ്യാശ്രമങ്ങളിൽ,
നമ്മൾതൻ തമ്പുരാൻചൊല്ലാലാശു ചെന്നു വിദേഹജേ,
മുനിമാരമരും കാട്ടിൽകൊണ്ടുപോകുവനങ്ങയെ.'
എന്നായ്പ്പെരിയസൌമിത്രി ചൊന്നനേരത്തു മൈഥിലി
നിസ്തുല്യഹർഷമുൾക്കൊണ്ടാൾ തീർപ്പും ചെയ്താൾ പുറ
(പ്പെടാൻ.
നാനാരത്നങ്ങളും മെച്ചമിയന്ന വസനങ്ങളും 20
കയ്ക്കിലെടുത്തു വൈദേഹിയെഴുന്നെള്ളാനൊരുങ്ങിനാൾ:
'മുനിപത്നിജനങ്ങൾക്കു നല്കാമിബ്ഭൂഷണങ്ങളും
നാനാധനങ്ങളും മെച്ചമിയന്ന വസനങ്ങളും.'
'ആവാ'മെന്നോതി, വൈദേഹിയാളെത്തേരേററി ലക്ഷ്മ
(ണൻ
രാമാജ്ഞയോർത്തുകൊണ്ടാശു പോയാൻ പായും ഹയങ്ങ
(ളാൽ.
ചോദിച്ചാൾസീതയും ലക്ഷ്മികൂട്ടുംലക്ഷ്മണനോടുടൻ:–

Digitized By Kerala Sahitya Akademi

'അമംഗളങ്ങൾ വളരെക്കാണ്മൂ ഞാൻ രഘുനന്ദന:
വലംകണ്ണിളകുന്നു മേ വിറയ്ക്കുന്നു ശരീരവും;
മനസ്സും മുൻനിലയിലല്ലെന്നു തോന്നുന്നു ലക്ഷ്മണ!
വല്ലാതെയുണ്ടൊരുൽകണ്ഠ,യെനിയ്ക്കേറ്റമധൈര്യവും;
ശൂന്യമായിട്ടുകാണുന്നേൻപൃത്ഥ്വിയെപ്പൃഥുലോചന! ഹേ
ആ നിൻഭ്രാതാവിനു ശുഭമല്ലയോ ഭ്രാതൃവത്സല,
എൻശ്വശ്രൂക്കൾക്കമേവക്കും വീര, വ്യത്യാസമെന്നിയേ.
ക്ഷേമമല്ലീ ജനങ്ങൾക്കു നാട്ടിലും നഗരത്തിലും?'
എന്നായ്,ദ്ദേവതമാരോടു തൊഴുതത്ഥിച്ചു മൈഥിലി.
അതു കേട്ടായ്യയെപ്പാരം താനുവന്ദിച്ചു ലക്ഷ്മണൻ
'ശുഭ'മെന്നാനഴൽ പുറത്താക്കാതുള്ളു വരണ്ടവൻ.
പിന്നെഗ്ഗോമതിവക്കത്തൊരാശ്രമേ പാത്തു വീണ്ടുമേ
പുലർകാലത്തെഴുന്നേററു സൂതനോടോതി ലക്ഷ്മണൻ:–
'പൂട്ടിക്കൊള്ളുക തേർ വെക്ക:–മിന്നു ഭാഗീരഥീജലം
ശിരസ്സിനാൽവഹിപ്പൻ ഞാൻ മലയിൽശ്ശംഭുപോലവേ.'
തേക്ക് ഹയഗണമൊക്കം നാലശ്വത്തെപ്പൂട്ടിനിന്നുടൻ,
'കേറാ'മെന്നു, കരം കൂപ്പിസ്സീതയോടോതി സാരഥി.
അസ്സീത സൂതവാക്കാലേ പള്ളിത്തേരിൽക്കരേറിനാൾ
സൌമിത്രിയോടും ധീമാനാം സുമന്ത്രനൊടുമൊപ്പമേ;
ചെന്നണഞ്ഞാൾ വിശാലാക്ഷി,പാപംപോക്കുന്നഗംഗ
പകുതിദ്ദിവസം യാത്രചെയ്തു ഗംഗാജലാശയം (യെ.
കണ്ടിട്ടു ലക്ഷ്മണൻ, ദുഃഖംമൂത്തുറക്കെക്കരഞ്ഞുപോയ്!
ആർത്തിനനാം ലക്ഷ്മണനെക്കണ്ടിട്ടേററം വിഷണ്ണയായ്
ചോദിച്ചു സീത ധമ്മജ്ഞ:–'കേഴ്വതെന്തീവിധംഭവാൻ?
ഞാനേറെനാളായ് വാഞ്ഛിച്ച ഗംഗാതീരമണഞ്ഞു നീ;

Digitized By Kerala Sahitya Akademi

സന്തോഷകാലത്തെന്തെന്നെദ്ദുഃഖിപ്പിക്കുന്നു ലക്ഷ്മണ?
നീയെന്നും രാമപാർശ്വത്തിൽപ്പാർക്കുന്നോൻ പുരുഷർഷഭ,
രണ്ടുനാളവിടുത്തോടു പിരിഞ്ഞിട്ടുഴലേല്ലയോ?
എനിക്കുംജീവിതത്തെക്കാൾപ്രിയൻലക്ഷ്മണ, രാഘവൻ;
ഞാനിത്ര മാഴ്കുന്നീലല്ലോ; നീയേവം വിഡ്ഢിയാകൊലാ!
എന്നെഗ്ഗംഗ കടത്തു നീ, കാണിക്കൂ മുനിമാരെയും;
എന്നിട്ടു താപസന്മാർക്കു വസ്ത്രഭൂഷകളേകുവൻ.
മഹർഷിമാരെശ്ശരിയായ് വന്ദിച്ചിട്ടൊരു രാവു താൻ
അവിടെപ്പാർത്തു നമ്മൾക്കപ്പുരത്തെക്കു മടങ്ങിടാം.
എനിക്കും, പത്മപത്രാക്ഷൻ സിംഹോരസ്കൻ കൃശോദരൻ
രമയദ്വരനാം രാമൻതന്നെക്കാണ്മാൻ തിടുക്കമായ്!'
അവൾതൻ വാക്കു കേട്ടിട്ടു നൽക്കണ്ണുകൾ തുടച്ചുടൻ
തോണിക്കാരെ വിളിച്ചാനാ, വീരാത്യുന്നദ്ധി ലക്ഷ്മണൻ;
'ഇതാ, തെയ്യാറു താൻതോണി'യെന്നാർതൊഴുതുമുക്കവർ.
കേറി ഗംഗ, കടപ്പാനായ് ലക്ഷ്മണൻ നല്ല തോണിയിൽ;
മനസ്സിരുത്തിയവളെക്കടത്തീ ഗംഗ ലക്ഷ്മണൻ.

## നാല്പത്തേഴാംസർഗ്ഗം: ഗംഗാതരണം.

നിഷാദരാൽസ്സജ്ജിതമാമിടംപെട്ടോരു തോണിയിൽ
മുമ്പേ മൈഥിലിയെക്കേററി, ക്കേറിനാൻ രാഘവാനുജൻ;
'നില്ക്കു'കെന്നാസ്സരഥനാം സുമന്ത്രനൊടു ചൊല്ലിനാൻ,
'നീക്കെ'ന്നു നാവികനൊടും, മാലാൽവേവുററ ലക്ഷ്മണൻ.
പിന്നെബ്ഭാഗീരഥിയുടെയക്കരയ്ക്കെത്തി ലക്ഷ്മണൻ

Digitized By Kerala Sahitya Akademi

കണ്ണീരിൽമുങ്ങിക്കൈക്കൂപ്പിസ്സീതയോടുരിയാടിവാൻ:-
'ഉണ്ടെന്നുള്ളിൽപ്പെട്ടൊരംശല്യ:-മെന്നൊ ജ്യേഷ്ഠൻ സുബുദ്ധി
ഇതുമൂലം ജഗന്നിന്ദ്യനാക്കിയല്ലോ വിദേഹജേ! (മാൻ
എത്ര നന്നിന്നു, മറിവോ മൃതിയോ പററുമെങ്കിൽ മേ!
ലോകം നിന്ദിയ്ക്കുമമ്മട്ടാം കൈ ചെയ്യാനർഹനല്ല ഞാൻ;ഉ
പ്ര സാദിയ്ക്കുകി,തെൻകുററമാണെന്നെണ്ണായ്ക ശോഭനേ!'
എന്നങ്ങു തൊഴുകയ്യോടേ മന്നിൽ വീണിതു ലക്ഷ്മണൻ.
മൃതി കാംക്ഷിച്ചു കൈകൂപ്പിക്കേഴുതായിട്ടു കാണുകയാൽ
പാരംനടുങ്ങിച്ചോദിച്ചാൾസൌമിത്രിയൊടുമൈഥിലി:-
'ഇതെന്താണറിവീലാഞാൻ; വാസ്തവം ചൊല്ക ലക്ഷ്മണ:
സ്വാസ്ഥ്യം നിനക്ക കാണ്മീലാ; ഭൂപനു സുഖമല്ലയോ?
നൃപൻതന്നാണ സത്യം: നിന്നഴലിന്നുള്ള കാരണം
ചൊല്ലേണ്ടുകാൽ നീ; നിന്നോടാജ്ഞാപിയ്ക്കുകയാണുഞാ
സീതാനിർബ്ബന്ധവാക്യത്താലുൾക്കനംവിട്ടുലക്ഷ്മണൻ(ൻ!'
മുഖം കുനിച്ചു കണ്ണീരാലിടർ പൂണ്ടുരിയാടിവാൻ:- ഫ
'പുരത്തിലും നാട്ടിലുമേ നിന്നെപ്പററി വിദേഹജേ,
കൊടുതായുള്ള ദുഷ്പ്പേരു സഭാമദ്ധ്യേ ശ്രവിയ്ക്കുയാൽ
രാമനുൾക്കാളെരിഞ്ഞെ,ന്നോടരുളി,പ്പുകിവാൻ ഗൃഹം.
പൊറാഞ്ഞു തമ്പുരാനുള്ളിൽ വെച്ചിരിയ്ക്കുന്നതൊന്നുമേ
പറയാൻ വയ്യ നിന്നുന്നിൽ;-ദേവി,വേണ്ടെന്നുവെച്ചു
(ഞാൻ.
വെടിഞ്ഞാൻ നൃപനെ,ൻചാരേ ദോഷമില്ലാത്ത നിന്നെ
പൌരാപവാദംപേടിച്ചു; മറിച്ചോർക്കായ്ക ദേവി,നീ! (യും
ആശ്രമങ്ങൾക്കരികിലായ്സ്സന്ത്യജിയ്ക്കേണമങ്ങയെ,
രാജാജ്ഞയും ഗർഭിണിതന്നഭിലാഷവുമോർത്തു ഞാൻ.

Digitized By Kerala Sahitya Akademi

ഇതാ, ഗങ്ഗാതടത്തിങ്കലാ ബ്രഹ്മൎഷിതപോവനം, ഏ
പുണ്യം രമ്യവുമായുള്ളൊന്നു;-ല്ലൽപ്പെട്ടീടൊലാ ശുഭേ!
എന്നച്ഛനാം ദശരഥക്ഷ്മാപനിഷ്ടസഖൻ ദ്വിജൻ
മികവേറും മുനിവ്യാഘ്രൻ വാല്മീകി പുകൾവായ്പവൻ;
ആ മഹാത്മാവുതൻ കാല്ക്കലണഞ്ഞു സുഖമാംവിധം,
നോൽമ്പൊത്തേകാഗ്രയായിട്ടു വാണാലും ജനകാത്മജേ;
പാതിവ്രത്യമൊടെപ്പോഴും രാമനെത്തന്നെയോൎത്തു നീ;
ആവിധം ചെയ്കയാലിയാൽദ്ദേവിക്കേററം ശുഭം വരും.'

## നാല്പത്തെട്ടാംസൎഗ്ഗം: സീതാത്യാഗം.

ഘോരമാം ലക്ഷ്മണനുടെ വാക്ക കേട്ടിട്ടു ജാനകി
വല്ലാത്തൊരല്ലലുൾക്കൊണ്ടു വീണുപോയിതു മൈഥിലി.
കുറച്ചുനേരം മൂൎഛിച്ചു, കണ്ണീർ ചിന്നിയ കണ്ണുമായ്,
ദീനസ്വരത്തിൽസ്സൌമിത്രിയോടുരച്ചിതു ജാനകി:—
"ദുഃഖിപ്പാൻതീൎത്തതാണിജ്ജന്മദേഹം ബ്രഹ്മാവു ല
(ക്ഷ്മണ:
ആവിധം കാണ്മതുണ്ടല്ലോ ദുഃഖൌഘം മമ സാംപ്രതം!
മുമ്പെന്തു പാപം ചെയ്തേനാ,ക്കേകീ ഭാൎയ്യാവിയോഗവും?
ത്യജിച്ചുവല്ലോ, സദ്വൃത്തസതിയാമെന്നെ മന്നവൻ!
രാമപാദം ഭജിച്ചല്ലോ പാൎത്തു പണ്ടാശ്രമത്തിൽ ഞാൻ,
ദുഃഖത്തിൽപ്പെട്ടുപോയിട്ടുമതു കൂസാതെ ലക്ഷ്മണ; ഒ
ആ ഞാൻ സൌമ്യ,തനിച്ചായിട്ടെവ്വണ്ണം പാൎക്കമാശ്രമേ?
ദുഃഖമാരോടുപറയും, ദുഃഖമേററം മുഴുത്ത ഞാൻ?



Digitized By Kerala Sahitya Akademi

എന്നോതും മുനിമാരോടു 'ദുഷ്കൃതം ചെയ്തതെന്തുവാൻ?
ബന്ധമെന്തു വെടിഞ്ഞീടാൻ മഹാത്മാവായ രാഘവൻ?
പ്രാണനെപ്പോക്കുവാനും വയ്യിപ്പോൾത്താൻ ജാനകി (വിജനേ:
അറിയുമല്ലോ സൌമിത്രേ, മദ്ഭർത്താവിൻ നൃപാന്വയം!
ചെയ്താജ്ഞ: കൈവെടിഞ്ഞേതൊട്ടുകാത്തിയാമെന്നു ലക്ഷ്മ(ണ;
നില്ക്കൂ ഭൂപന്റെ ചൊല്ക്കീഴിൽ;-കേൾക്കെന്നുടെ (വാക്കിതും:
ശ്വശ്രൂക്കളോടൊരേമട്ടിൽത്തലയിൽത്തൊഴുകയ്യുമായ്
തൃക്കാൽ വന്ദിച്ചു കുശലം കഥിയ്ക്കൂ പെരുമാളോടും; ഫം
താനുവന്ദിച്ചു സൌമിത്രേ, ചൊല്ലുകെല്ലാവരോടുമേ.
എത്രയും ധർമ്മപരനാം നൃപനോടിതുമോതണം:
'നേരായറിവുണ്ടല്ലോ, സീത സംശുദ്ധ രാഘവ,
ഉററ ഭക്തിയൊടെന്നെന്നും ഭവാന്റെ ഹിതമോപ്പുവൾ.
അകീർത്തിഭീതിയാലല്ലോ എന്നെ വീര, വെടിഞ്ഞു നീ;
അപവാദവശാലങ്ങയ്ക്കിടിവൊന്നുളവാകിലോ,
അതു തീക്കേണമല്ലോ ഞാൻ;-ഞെനിയ്ക്കുററൊരാശ്രയം!'
എത്രയും ധർമ്മപരനാം നൃപനോടിതുമോതണം:
'ഭവാൻ ഭ്രാതാക്കളിൽപ്പോലെ നില്ക്കൂ പൌരരിലെപ്പൊഴും:
യാതൊന്നു നേടും രാജാവേ, ധർമ്മത്താൽപ്പൌരവാസികൾ,
അതേ തവ മഹാധർമ്മ;-മിതിനാൽക്കീർത്തി മുന്തിടും.
എനിയ്ക്കെ,ന്മെയ്യിനെപ്പററിയില്ല ദുഃഖം നരർഷഭ,
പൌരാപവാദത്തെ നിനച്ചുള്ളോളം രഘുനന്ദന!
വരനാണീശ്വരൻ സ്ത്രീക്കു, വരൻ ബന്ധു വരൻ ഗുരു;
പ്രാണനാലുംപതിയ്ക്കിഷ്ടംവിശേഷാൽച്ചെയ്തുകൊള്ളണം.'

Digitized By Kerala Sahitya Akademi

എന്നുരാമനൊടെൻവാക്കാലെൻചുരുക്കമുരയ്ക്കണം;
തീണ്ടാരി തെററിയോരെന്നെ നോക്കിപ്പോയ്ക്കൊള്ളുകി
(പ്പൊഴേ.”

സീതയിങ്ങിനെച്ചൊല്ലുമ്പോളുൾക്കനം വിട്ട ലക്ഷ്മണൻ
നിലത്തു തല മുട്ടിച്ചു മിണ്ടാൻവയ്യാതെ നിന്നുപോയ്.
പിമ്പവൾക്കു വലംവെച്ചിട്ടറക്കെക്കണ്ണുകൊണ്ടുതാൻ
തെല്ലു ചിന്തിച്ചുചോദിച്ചാ,‘നെന്തീച്ചൊല്ലുന്നുശോഭനേ?
കണ്ടിട്ടില്ലുടൽ, തൃക്കാലേ മുൻകണ്ടിട്ടുള്ളു ഞാൻ ശുഭേ;
ഇക്കാട്ടിൽവെച്ചിങ്ങിനെ നോക്കേണ്ടു രാമവിയുക്തയെ!’
എന്നാ,ര്യയെ നമിച്ചിട്ടു തിരിയേ തോണി കേറിനാൻ;
തിരിയേ തോണിയിൽക്കേറി,ത്തോണി നീക്കാനുമോതി
വടക്കേക്കരമേലെത്തി,ക്കനക്കം ശോകമോടവൻ (നാൻ
ദുഃഖത്താൽ വെളിവറേറാനെപ്പോലായ്ത്തേരേറിനാൻ
(ദ്രുതം.
പേർത്തും പേർത്തും തിരിഞ്ഞാ,ങ്ങവക്കിൽസ്സീതയനാഥ
(യായ്
ചുററിത്തിരിവതും കണ്ടു നടകൊണ്ടിതു ലക്ഷ്മണൻ.
പേർത്തു പേർത്തകലത്തായ തേരും സൌമിത്രിതന്നെയും
നോക്കിക്കൊണ്ടുൾനടുങ്ങുന്ന സീത ശോകത്തിലാണ്ടു
(പോയ്!

കനത്ത മാൽകൊണ്ടു കുനിഞ്ഞു നാഥനെ-
ക്കാണാഞ്ഞു കീർത്തിപ്പെട്ടമാ യശോധന
ഉറക്കനെക്കേണിതു കേകിനാദിയാം
വനത്തിൽവെച്ചു,ല്ലൽ മുഴുത്ത സാധ്വിയാൾ!

Digitized By Kerala Sahitya Akademi

# നാല്പത്തൊമ്പതാംസൎഗ്ഗം:
## സീതാശ്രമപ്രവേശനം.

---

കേഴമസ്സീതയെത്തത്ര കണ്ടിട്ടു മുനിബാലകർ
പാഞ്ഞെത്തി,ഭഗവാൻതീക്ഷ്ണബുദ്ധിവാല്മീകിയുള്ളേടം.
അറിയിച്ചാര,വൎക്കടെയക്കരച്ചിലശേഷവും:—
'അദൃഷ്ടപൂൎവ്വയാമേതോ മഹാത്മാവിൻെറ പത്നിയാൾ,
ശ്രീലക്ഷ്മിയോത്തോൾ ഭഗവൻ, മോഹാൽക്കേഴുന്നു വികൃതാ
(സ്യയായ്.
ഭഗവൻ, കാങ്കഃ വാൻവിട്ടു വീണദേവതപോലവേ
പുഴവക്കത്തു ഭഗവൻ, ദുഃഖംപൂണ്ടൊരു പെണ്മണി
കാണാരായ്വന്നിതു ഞങ്ങൾക്ക, മാൽ മൂത്തു കരയുന്നവൾ
അനഹ ദുഃഖശോകത്താൽ വലഞ്ഞൊററയ്ക്കനാഥയാൾ.'
[തോന്നിലിവൾ നരസ്ത്രീയെന്നി,-വൾക്കരുൾകപൂജനം:
ഭവാനെയാശ്രമോപാന്തേ ശരണംപൂകിയോളിവൾ;
ത്രാതാവെസ്സാധ്വി തേടുന്നു ഭഗവാൻ കാത്തിടേണമേ!
അതു കേട്ടൊന്നോൎത്തുറച്ചു ദിവ്യദൃക്കുള്ള താപസൻ,
സീത നില്ക്കുമിടത്തെയ്ക്കുപാഞ്ഞുപോന്നാൻസുധാൎമ്മികൻ;
പോരുമാ പ്രാജ്ഞനെപ്പാൎത്തു പിന്തുടൎന്നിതു ശിഷ്യരും.
ആ സ്ഥലത്തെയ്ക്കുതാൻ തെല്ലു നടന്നിട്ടു മഹാമതി
ഹൃദ്യമാമൎഘ്യവും കൊണ്ടു ഗങ്ഗാതീരത്തിലെത്തിനാൻ;
കണ്ടാനനാഥയായ് രാമനോമലാം പത്നി സീതയെ.]
മാലേന്തുമസ്സീതയൊടു വാല്മീകി മുനിപുങ്ഗവൻ ൧൦
തേജസ്സാലുൾത്തണുപ്പിപ്പോൻപോലായ് മധുരമോതി
(നാൻ:—

Digitized By Kerala Sahitya Akademi

"രാമന്റെയോമന്മഹിഷിയായോൾ ദശരഥസ്നുഷ
ജനകക്ഷ്മാപസുത നീ; സ്വാഗതം തേ പതിവ്രതേ!
അറിഞ്ഞേൻ നിൻവരവിന്റെ ധമ്മദ്ധ്യാനത്തിനാലെ
(ഞാൻ;
കാരണത്തെയുമെല്ലാമേ കരളാൽക്കണ്ടിരിപ്പു ഞാൻ.
അറിയുന്നേൻ മഹാഭാഗേ, ഞാനീ നിൻ വാസ്തവത്തെയും:
എനിയ്ക്കിങ്ങറിയാമല്ലോ, മൂപ്പാരിൽപ്പെട്ടതൊക്കെയും!
സീതേ, നിർദ്ദോഷ നീയെന്നതറിവേൻ ദിവ്യദൃഷ്ടിയാൽ;
വിശ്വാസം കൊൾക വൈദേഹി: നിയ്യിപ്പോളെന്നടു
(ക്കലാം.
എന്നാശ്രമാന്തേ തപസാ വാഴുന്നുണ്ടൃഷിനാരിമാർ;
അവർ നിന്നെസ്സദാ കുഞ്ഞേ, കുഞ്ഞിനെപ്പോലെ നോ
(ക്കിടും.
ഇതാ, കൈക്കൊള്ളുകൎഘ്യത്തെവിശ്വസിച്ചഴലെന്നിയേ;
സ്വഗൃഹം പൂകിയാലെന്നപോലേ മാഴ്കാതിരിയ്ക്കു നീ."
പരമാശ്ചയ്യമൃഷിതൻ വാക്ക കേട്ടിട്ടു സീതയും
കാല്ക്കൽത്താണുപണിഞ്ഞാ, 'വാ'മെന്നോതീ തൊഴുകയ്യു
(മായ്;
കൈകൂപ്പിപ്പിന്തുടൎന്നാളാ, പ്പോകും മുനിയെ മൈഥിലി.
സീതയൊത്താ മുനിവരുന്നതു കണ്ടൃഷിപത്നിമാർ
ചെന്നടുത്താർ സസന്തോഷമിവണ്ണമുരിയാടിനാർ:—
'സ്വാഗതം തേ മുനിശ്രേഷ്ഠ: നീണാളാലാഗതൻ ഭവാൻ!
വന്ദിപ്പൂഞങ്ങളെപ്പേരും; ചൊല്ക ചെയ്യേണ്ടതെന്തു
(വാൻ?'
അവർതൻവാക്ക കേട്ടിട്ടു വാല്മീകിയിതുചൊല്ലിനാൻ:—

Digitized By Kerala Sahitya Akademi

"വന്നെത്തിവാളിതാ, സീത, ധീമാൻ രാമന്റെ പത്നി
സ്നുഷയല്ലോ ദശരഥന്നി,സ്സാധ്വി ജനകാത്മജ, (യാൾ:
നിർദ്ദോഷ,പതി കൈവിട്ടോൾ;ഞാൻ കാക്കേണ്ടവളെ
(പ്പൊഴം
ഇവളെപ്പെരുതാം സ്നേഹം പൂണ്ടുതാൻ നിങ്ങൾ നോ
(ക്കണം;
ഗൌരവാലെ,ന്റെ വാക്കാലും, വിശേഷാൽപ്പൂജചെയ്തു
(വിൻ."
പേർത്തും പേർത്തും മൈഥിലിയെക്കൊണ്ടുത്തേല്പിച്ചു കീർത്തി
(മാൻ
സശിഷ്യനായ്ത്തിരിച്ചു തന്നാശ്രമത്തെയ്ക്കു താപസൻ.

## ഐമ്പതാംസർഗ്ഗം: ലക്ഷ്മണസുമന്ത്രസംവാദം.

ആശ്രമസ്ഥലി പൂകിയ്ക്കപ്പെട്ട മൈഥിലി സീതയെ
കണ്ടു വല്ലാതഴൽപ്പെട്ടു ലക്ഷ്മണൻ ദീനമാനസൻ;
തേജസ്വി മന്ത്രസഖനാം സുമന്ത്രനൊടു ചൊല്ലിനാൻ:—
"രാമന്റെ സീതാസന്താപദുഃഖം നോക്കുക സാരഥേ!
ദുഃഖമെന്തിതിലുംമീതേ രാഘവന്നുള്ള നേരിടാൻ?
ത്യജിച്ചുവല്ലോ സദ്വൃത്തപത്നിയാകിയ സീതയെ!
തീർച്ചയായ് രാമനെന്നെന്നും സീതാവേർപാടു സാരഥേ;
ദൈവത്താൽ വന്നതാകുന്നു ദൈവം ദുർല്ലംഘമല്ലയോ!
ആർ ദേവഗന്ധർവരെയും രാക്ഷസാസുരർതമ്മെയും
ചൊടിച്ചാൽക്കൊല്ലു,മാ രാമൻ ദൈവത്തിൻകീഴിൽ
(നില്ക്കയായ്!

Digitized By Kerala Sahitya Akademi

പണ്ടച്ഛൻചൊല്ലുകയാൽ രാമൻ പാർത്തുവല്ലോ മഹാമതേ!
ശൂന്യമാം ദണ്ഡകക്കാട്ടിലഞ്ചുമൊമ്പതുമാണ്ടുകൾ;
അതിലുംവലുതാം ദുഃഖം, പൌരർതൻവാക്കുകേൾക്കയാൽ
വൈദേഹിയെപ്പോക്കിവിടൽ കടുതായ്ത്തോന്നിടുന്നുമേ!
ധർമ്മമെന്തീ,പ്പുകൾകെടുംതൊഴിൽകൊണ്ടുള്ളസാരഥേ:
ഇല്ലാത്തതല്ലോ ചൊല്ലുന്നു, സീതയെപ്പററിയാളുകൾ."
എന്നേവം ലക്ഷ്മണൻ ചൊന്ന നാനാ വാക്കുകൾ കേൾ
(ക്കയാൽ
ശ്രദ്ധ വെച്ചീവിധംചൊന്നാൻസുമന്ത്രനറിവേറിയോൻ:—
"സന്തപിയ്ക്കായ്ക സൌമിത്രേ,സീതയെപ്പററി ലക്ഷ്മണ;
മുൻകുട്ടിക്കണ്ടതിതു നിന്നച്ഛൻതൻമുന്നിലന്തണർ:—
'രാമൻ വിസൌഖ്യനായ്ദുഃഖമേറിയോനായ്വരും ദൃഢം;
മഹാത്മജനു നിയതം പററും പ്രിയവിയോഗവും.
നിന്നെസ്സീതയെയും ശത്രുഘ്നനെബ്ഭരതനേയുമേ
ത്യജിയ്ക്കും വളരെക്കാലം ചെന്നാൽ,ധാർമ്മികനാമഹാൻ.'
ഇതോതിക്കൂട സൌമിത്രേ, നിങ്കലോ ഭരതങ്കലോ;
നിങ്ങളെപ്പററി നൃപനിൽദ്ദുർവ്വാസാവുരചെയ്തതാം.
മഹാജനസമീപത്തിലെൻെറയും നരപുംഗവ,
വസിഷ്ഠൻെറയുമരികിൽവെച്ചല്ലോ ചൊല്ലി മാമുനി.
മുനിതൻ വാക്കു കേട്ടെന്നോടരുൾചെയ്തു നരർഷഭൻ:—
'ചൊല്ലീടായ്കിതൊരേടത്തുംജനങ്ങളോടുസൂത,നീ.'
ആ ലോകപാലനുടെയീയരുളപ്പാടൊരിയ്ക്കലും
തെററിച്ചീടാതെ നോക്കേണമെന്നത്രേ സൌമ്യ; മന്മതം.
പറഞ്ഞുകൂടാ നിന്മുന്നിൽവെച്ചു ഞാനേതുമട്ടിലും;
കേൾക്കാതെകഴിയില്ലെങ്കിൽസ്സൌമ്യ,കേൾക്കുകരാഘവ.

Digitized By Kerala Sahitya Akademi

മഹത്സ്യമല്ലോ കേൾപ്പിച്ചതെന്നെപ്പണ്ടു നരേശ്വരൻ;
എന്നാലുമരചെയ്തീടാം ദൈവം ദുല്ലംഘമല്ലയോ?
ഇദ്ദുഃഖശോകമതിനാലല്ലോ വന്നൊത്തതിങ്ങിനെ!
ചൊല്ലൊല്ലേ നീ ഭരതനിൽ,ശ്ശത്രുഘ്നൻറയടുക്കലും."
ആഗ്ഗഭീരാത്ഥചരമാം മികച്ച മൊഴി കേൾക്കയാൽ,
സത്യം ചൊല്ലുന്ന സൌമിത്രി സൂതനോടുരിയാടിനാൻ.

—•<>•—

## ഐമ്പത്തൊന്നാംസർഗ്ഗം:
## ലക്ഷ്മണസമാശ്വാസനം.

മഹാൻ ലക്ഷ്മണനവ്വണ്ണമാവശ്യപ്പെട്ട സാരഥി,
ഋഷിയാലരുളപ്പെട്ടതുരചെയ്വാനൊരുങ്ങിനാൻ:—
"പണ്ടത്രിതൻതനയനാം ദുവാസസ്സെന്ന മാമുനി
വസിച്ചാൻ വഷകാലത്തു വസിഷ്ഠൻറ ശുഭാശ്രമേ.
ആയാശ്രമത്തിൽത്തേജസ്വി നിന്നച്ഛനതികീത്തിമാൻ
മഹാത്മാവായ വാധ്യാനെക്കാണ്മാനായെഴുന്നള്ളിനാൻ;
അങ്ങു കണ്ടാൻ മഹസ്സാലേ ജ്വലിക്കും സൂര്യതുല്യനെ,
വസിഷ്ഠൻറയിടത്തായിട്ടിരിക്കും മുനിവര്യനെ;
അത്താപസേന്ദ്രഷികളെത്താഴ്മയോടേ വണങ്ങിനാൻ. ൩
സ്വാഗതാസനപാദ്യങ്ങൾ, കാക്കിഴങ്ങിവകൊണ്ടുടൻ
അവരാൽസ്സൽകൃതൻ ഭൂപൻ മുനിമാരൊത്തു മേവിനാൻ.
അവ്വണ്ണമവിടത്തിങ്കലിരുന്നപ്പൊരമഷിമാർ
ചൊല്ലീ മധുരമാമോരോ കഥ മധ്യാഹ്നവേളയിൽ.
അതിലേതോകഥയിൽവെച്ച്,രചൻ തൊഴുകയ്യോടേ

Digitized By Kerala Sahitya Akademi

ചോദിച്ചാനാ മഹാത്മാവാമാത്രേയമുനിതന്നോടായ്:—
'ഭഗവാനേ, മമ കുലമെത്രസ്സു നിലനിന്നിടും?
എൻരാമനെത്രയായുസ്സ? മററുപുത്രർക്കെത്രയാം?
രാമനുണ്ടാം സുതന്മാർക്കുമായുസ്സിങ്ങെത്രയാസ്സുഖം?
ഭഗവൻ, ചൊല്ലിയാൽക്കൊള്ളാമെൻകുലത്തിന്റെ ഭാ
തമ്പുരാനാം ദശരഥനച്ചോദിച്ചതു കേട്ടടൻ (വിയെ.'
തേജസ്സേറിയദുർവ്വാസാവരുൾചെയ്യാനൊരുങ്ങിനാൻ:—
'കേൾ പഴങ്കഥ രാജാവേ: പണ്ടു ദേവാസുരാഹവേ
സുരർ പായിച്ചിടും ദൈത്യരണഞ്ഞാർ ഭൃഗുപത്നിയെ;
വസിച്ചാരങ്ങവളിൽനിന്നഭയം നേടി നിർഭയം.
ഭൃഗുവിൻപത്നിയവരെക്കൈക്കൊണ്ടതിലമർഷിയായ്
അവൾതൻതലതീക്ഷ്ണാഗ്രചക്രത്താൽക്കൊയ്തുമാധവൻ.
അപ്പത്നിയെക്കൊന്നതുകണ്ടുടൻ ഭൃഗുകുലോദ്വഹൻ
രുഷാ ശപിച്ചുപോയ്, മാററാർക്കഴലേകും മുകുന്ദനെ:—
'കൊന്നല്ലോ കലികൊണ്ടെന്റെ കൊന്നുകൂടാത്ത പത്നി
(യെ;
അതിനാൽ മർത്ത്യലോകത്തിൽജ്ജനിയ്ക്കും നീ ജനാർദ്ദന;ഛ
അങ്ങു പത്നീവിരഹവും പററും തവ പെരുത്തനാൾ!'
ശപിച്ചിട്ടുള്ളനൊന്തോനായ് സ്വാത്മാവാൽ പ്രേരിതൻ
അദ്ദേവനർച്ചനം ചെയ്താൻ ശാപഭങ്ഗഭയത്തിനാൽ. (ഭൃഗു
തപസ്സാൽപ്പൂജിതൻ ദേവനരുളീ ഭക്തവത്സലൻ,
'ലോകപ്രിയത്തിനായ്ശ്ശാപമതു കൈക്കൊൾവനെന്നു'
(താൻ.
ഈവിധംപൂർവ്വജന്മത്തിൽ ഭൃഗുവിൻ ശാപമേല്ക്കയാൽ
തേജസ്വിയിങ്ങു നിൻപുത്രനായ്പ്പിറന്നു നൃപോത്തമ;



Digitized By Kerala Sahitya Akademi

രാമനെന്നായ് ത്രിലോകത്തിൽപ്പുകൾപ്പെട്ടിട്ടു മാനദ
നേട്ടമേ ഭൃഗുശാപത്തിൻ മഹത്തായ ഫലത്തെയും.
അയോദ്ധ്യാനാഥനായ് രാമനേറെക്കാലമിരുന്നിടും; ൨൰
അവനെപ്പിന്തുടർന്നോർക്ക് വരും സുഖസമൃദ്ധികൾ.
പതിനായിരമാമാണ്ടും പത്തു നൂറാണ്ടുമങ്ങിനെ
നാടുവാണിട്ടു കാകുത്സ്ഥൻ ബ്രഹ്മലോകമണഞ്ഞിടും.
മികവോടശ്വമേധങ്ങൾ കഴിച്ചിട്ടതിദുർജ്ജയൻ
രാജവംശങ്ങൾ വളരെ സ്ഥാപിക്കും പലമാതിരി.
പുത്രന്മാരിരുപേരുണ്ടായ്വരും രാമനു സീതയിൽ,
അയോദ്ധ്യയിങ്കലല്ലാ, മറെറാരേടത്തി;ത്തു തീച്ച്താൻ;
സീതാപുത്രർക്ക് കാകുത്സ്ഥൻ കഴിക്കുമഭിഷേകവും.'
അവനെല്ലാം ശരിക്കോതീ രാജവംശഗതാഗതം;
വിവരിച്ചതിതേജസ്വി മൌനം പൂണ്ടിതു മാമുനി. ൨൧
അമ്മട്ടാ മുനി മൌനം പൂണ്ടാറേ ദശരഥൻ നൃപൻ
മഹാത്മാക്കളെ വന്ദിച്ചു നൽപ്പുരിക്കു മടങ്ങിനാൻ.
മുനിപുംഗവനേവമരുളിച്ചെയ്തതൊക്കെ ഞാൻ
കേട്ടൊന്നോർക്കിലെനിക്കുള്ളിൽ;-ത്തു പാഴായ്ച്ചമഞ്ഞിടാ.
അതിനാലിവിടത്തെക്കു സന്താപം വേണ്ട രാഘവ;
സീതാരാഘവരെപ്പററിസ്സൈഥില്യം,കൊൾക നരോത്തമ.'
പരമാത്ഭുതമായ്സ്സൂതൻ പറഞ്ഞ മൊഴി കേൾക്കയാൽ
നിസ്തുല്യഹർഷമുൾക്കൊണ്ടാൻനന്നുനന്നെന്നുമോതിനാൻ-
സ്സൂതലക്ഷ്മണരീവണ്ണം വഴിക്കോരോന്നുരക്കവേ,
പോയ്മറഞ്ഞു കതിരവൻ; പാർത്തു കേശിനിപുക്കവർ.

Digitized By Kerala Sahitya Akademi

## ഐമ്പത്തിരണ്ടാംസർഗ്ഗം:
## രാമസമാശ്വാസനം.

---

അക്കേശിനിയിലാ രാവു പാർത്തിട്ടു രഘുനന്ദനൻ
പുലർകാലത്തെഴുന്നേററു പുറപ്പെട്ടിതു ലക്ഷ്മണൻ.
പിന്നെ നട്ടുച്ചയാം നേരത്തെത്തിച്ചേർന്നു മഹാരഥൻ
ഹൃഷ്ടസംപുഷ്ടജനയായ് രത്നം തിങ്ങുമയോധ്യയിൽ.
സുമഹാമതി സൌമിത്രി പാരം വല്ലായ്മ പൂണ്ടുപോയ്:
'രാമൻെറ കാല്ക്കൽച്ചെന്നിട്ടു ഞാനങ്ങെന്തോന്നുണർത്തി
എന്നു ചിന്തിച്ചുമവനു കാണായ്വന്നിതു മുന്നിലായ്, (ടും?'
രാമൻെറയന്തസ്സേറുന്ന സോമസന്നിഭമാം ഗൃഹം.
കൊട്ടാരപ്പടിവാതില്ക്കൽപ്പള്ളിത്തേർ വിട്ടിറങ്ങിനാൻ;
തല ചായ്ച്ചു ദുഃഖാലാം മാൽ പൂണ്ടുൾപ്പുക്കാൻ തടവെന്നിയേ.
കണ്ടാൻ മുന്നിലവൻ, കണ്ണീർ നിറഞ്ഞീടിന കണ്ണുമായ്
ഭദ്രാസനത്തിലരങ്ങും ദീനനാം ജ്യേഷ്ഠരാമനെ.
അവൻെറകാൽപിടിച്ചാനാ വൈവശ്യംപൂണ്ട ലക്ഷ്മണൻ;
ഉള്ളുറപ്പിച്ചു തൊഴുതു ചൊന്നാൻ ദീനസ്വരത്തോടേ:—
'ആര്യൻെറയാജ്ഞ മുന്നിർത്തി വൈദേഹിയെ വെടിഞ്ഞു
ഗംഗാതീരത്തു നിർദ്ദിഷ്ടവാല്മീകിവിമലാശ്രമേ; (ഞാൻ
അങ്ങാശ്രമാന്തികേ കീർത്തിയേറുമസ്സച്ചരിത്രയെ
വെടിഞ്ഞു വീര, തിരിയേ വന്നേൻ ത്വൽക്കാല്ക്കൽ നില്ക്കുവാൻ.
മാഴ്കൊലാ പുരുഷവ്യാഘ്ര: കാലത്തിൻഗതിയിങ്ങിനെ;
മാഴ്കാറില്ലങ്ങയെപ്പോലാം മനീഷികൾ മനസ്വികൾ. ()
വിനാശാവധിതാൻ നേട്ടം പതനാവധിയുന്നതി;
വിയോഗാവധി സംയോഗം മരണാവധി ജീവിതം!

Digitized By Kerala Sahitya Akademi

അതിനാൽഗ്ഗൃഹിണീപുത്രസുഹൃജ്ജനധനങ്ങളിൽ
ഏറെയാസക്തിവെച്ചീടായ്ക;-വയായ്ക്കുവേർപെട്ടാം ഉറപ്പം.
തന്നാൽത്തന്നെയടക്കാൻ നീ പോരുമുള്ളിന്റെയുള്ളിനാൽ,
പാരമൊട്ടുക്ക; കാകുത്സ്ഥ, പിന്നെത്തന്നേഴലെന്തുവാൻ?
മയങ്ങുമാറില്ലിവയിലം,ങ്ങല്ലൊക്കും നരഷഭർ.
അദുഷ്ടരുളവാമല്ലോ വീണ്ടുമങ്ങയ്ക്ക രാഘവ:
ദുഷ്ടരിൽപ്പെട്ടികൊണ്ടല്ലോ വെടിഞ്ഞു നൃപ, സീതയെ;
അദുഃഷ്ടർതാൻ പുരത്തിങ്കലുണ്ടാം, കില്ലില്ല മന്നവ! ൧൭
അതിനാൽ നീ നരവ്യാഘ്ര, ധൈര്യത്താൽ സ്ഥിരചിത്തനായ്
വെടികിബ്ബുദ്ധിദൌർബ്ബല്യം;-മഴൽപ്പെട്ടരുളീടൊലാ.'
മഹാൻ ലക്ഷ്മണനീവണ്ണം ചൊല്കയാലതിതുഷ്ടനായ്
സൌമിത്രിയോടരുളിനാൻ രാഘവൻ മിത്രവത്സലൻ:-
'ശരിയാണു നരശ്രേഷ്ഠ, നീ കഥിപ്പതു ലക്ഷ്മണ;
വീര,സന്തുഷ്ടനായ്ക്കൻഞാനെൻകാര്യംചെയ്തുവെച്ചതിൽ.
സ്വാസ്ഥ്യവുംസൌമ്യ,കൈവന്നു;പരിതാപമകററിനേൻ;
നിൻമനോജ്ഞവചസ്സെന്നെയാശ്വസിപ്പിച്ചു ലക്ഷ്മണ!'

---

## ഐമ്പത്തിമൂന്നാം സർഗ്ഗം:
## നൃഗശാപനയകഥനം.

---

ലക്ഷ്മണനെൻറ മഹാശ്ചര്യമാകുമാ മൊഴി കേൾക്കയാൽ
രാമൻ പെരികെ നന്ദിച്ചാനരുൾചെയ്താനിതിൻവിധം:-
"ഇത്തരം ബന്ധു,വിക്കാലം വിശേഷിച്ചും, ചുരുക്കമാം;
സൌമ്യ, നീയത്ര മച്ചിത്താനുഗനല്ലോ മഹാമതേ!

Digitized By Kerala Sahitya Akademi

എന്നാലൊന്നു കിടപ്പുണ്ടെൻമനസ്സിൽ ശുഭലക്ഷണ,
അതു കേൾക്കുക കേട്ടിട്ടു ചെയ്കയുംവേണമെന്മൊഴി:
നാലായ് നാൾ, പൌരർതൻ കാര്യം നോക്കാതായിട്ടു
(സൌമ്യ, ഞാൻ;
അതെൻമർമ്മങ്ങളെക്കൊത്തിനുറുക്കീടുന്നു ലക്ഷ്മണ!
വിളിയ്ക്കു പൌരാഗ്ര്യരെയും, മന്ത്ര്യുപാധ്യായർതമ്മെയും,
കാര്യം തേടും പുമാന്മാരെ സ്ത്രീകളേയും നരർഷഭ. ൭
നാൾതോറും പൌരകാര്യങ്ങൾ നടത്തീടായ്കിലാ, നൃപൻ
കില്ലില്ലി, ടുങ്ങിയ കൊടുംനരകത്തിൽപ്പതിച്ചുപോം!
കേൾപ്പുണ്ടു, പണ്ടു നൃഗനെന്നൊരു രാജാവു കീർത്തിമാൻ
രാജ്യം ഭരിച്ചുപോന്നു നേർ ചൊല്ലോൻ ശുദ്ധൻ ദ്വിജ
(പ്രിയൻ.
ഒരിയ്ക്കൽപ്പുഷ്കരത്തിങ്കൽവെച്ചു വിപ്രർക്കു നല്കിനാൻ
പൊന്നണിഞ്ഞ കിടാവൊക്കും കോടിപ്പൈക്കളെയാ
(നൃപൻ;
അക്കൂട്ടത്തിൽ, ക്കിടാവൊത്തു നല്കിപ്പോയി വികല്മഷ,
ഒരുഞ്ഛവൃത്തി നിസ്വാഗ്നിഹോത്രിവിപ്രന്റെ പയ്യിനെ.
പോയ്പ്പോയ പയ്യിനെ ക്ഷുത്താൽ വലഞ്ഞവനതാതിടം
പെരുതാണ്ടു തിരഞ്ഞിട്ടും കണ്ടെത്തീലേതു നാട്ടിലും. ൧൦
പിമ്പവൻ പോയ്ക്കനഖലത്തൊരു വിപ്രന്റെ മന്ദിരേ
കണ്ടെത്തി, കല്യയായ് മുത്തൻകിടാവൊത്ത, സ്വഗോ
(വിനെ.
ഉടൻവിളിച്ചാനതിനെ, യതിൻപേർ ചൊല്ലിയന്തണൻ;
'ശബളേ, വരികെ'ന്നുള്ള ശബ്ദം കേട്ടിതു ഗോവവൾ.
ക്ഷുത്താൽവലഞ്ഞ വിപ്രന്റെയശ്ശബ്ദത്തെയറിഞ്ഞവൾ
പിറകേ പിന്തുടർന്നാളാ, ഗ്ഗമിക്കും വഹ്നിതുല്യനെ.

Digitized By Kerala Sahitya Akademi

രക്ഷകദ്വിജരും വെക്കം പിന്തുടൎന്നിതു പശ്വിനെ;
ചെന്നോതിനാനാമുനിയോടെ,'ൻപശ്വാണെ'ന്നു
(സത്വരം:-
'രാജസിംഹൻ നൃഗനെനിയ്ക്കായിക്കല്പിച്ചുതന്നതാം.'
നടന്നു വലുതാം വാദ,മാ വിജദ്വിജർതങ്ങളിൽ.
വാദംനിമിത്തം ദാതാവെക്കാണ്മാൻ ചെന്നിടിനാരവർ;
എന്നാൽ, നൃഗാജ്ഞ കിട്ടീലാ രാജമന്ദിരഗോപുരേ.
പെരുത്തുനാളു പാൎക്കയാലരിശം തേടിനാരവർ;
അതുചെയ്താർ മഹാത്മാക്കളിരുപേരും ദ്വിജോത്തമർ,
അഴൽ മൂത്തരിശം പൂണ്ടോരൊ,രു ഘോരവചസ്സിനെ:-
'അൎത്ഥികൾക്കൎത്ഥസിദ്ധിയ്ക്കു കാണ്മാൻ സമ്മതിയായ്ക
(യാൽ,
ആൎക്കുമേ കണ്ടുകൂടാത്തൊരോന്തായിത്തീൎന്നിടും ഭവാൻ;
അനേകമായിരത്താണ്ടും, ബഹുനൂറാണ്ടുമങ്ങിനെ,
ഓന്തായ്ബ്ഭവാൻ കുഴിയ്ക്കുള്ളിലേറെക്കാലം കിടന്നിടും.
പിറന്നരുളമിപ്പാരിൽ വിഷ്ണു മാനുഷരൂപനായ്,
യദുകീൎത്തി വളൎപ്പോനായ്, വാസുദേവാഭിധാനനായ്;
അവിടുന്നു വിടുൎത്തീടു,മിശ്ശാപം തവ മന്നവ;
അക്കാലംകൊണ്ടു നീ പ്രായശ്ചിത്തം ചെയ്തോനുമായ്വരും.
ഭാരം മുടിപ്പാനിരുവർ നരനാരായണാഹ്വയർ
പിറന്നീടും മഹാവീൎയ്യർ, കലികാലമടുക്കവേ.'
ശാപമേവം കൊടുത്തിട്ടാ വിപ്രന്മാരഴലെന്നിയേ
നല്കീ മറ്റൊരു വിപ്രന്നാ,ക്കെല്പററ മുതുപശ്വിനെ.
ഇമ്മട്ടനുഭവിയ്ക്കുന്നു ഘോരമശ്ശാപമാ നൃപൻ!
കാൎയ്യപ്രാൎത്ഥികളെക്കണ്ണീപ്പിച്ചാൽ നൃപനു ദോഷമാം;

Digitized By Kerala Sahitya Akademi

ന്നതിനാലെന്നെ വേഗത്തിൽക്കാണേട്ടേകാൎയ്യമുള്ളവർ.ഛ൰
കാൎയ്യം ശരിയ്ക്കനുഷ്ഠിച്ചാൽ ഫലം ഭൂപതി നേടുമേ;
ചെല്ക നീ കാത്തുനിന്നാലും കാൎയ്യമുള്ളോരെ ലക്ഷ്മണ.”

## ഐമ്പത്തിനാലാം സൎഗ്ഗം:
## നൃഗശാപകഥനം.

രാമൻെറ വാക്ക കേട്ടിട്ട സത്തറിഞ്ഞുള്ള ലക്ഷ്മണൻ
തേജസ്സാളിയ കാകുത്സ്ഥനോട കൈകൂപ്പിയോതിനാൻ:-
'കാകുത്സ്ഥ, ചെറുകുററത്തിന്നല്ലോ, നൃഗനൃപഷിയിൽ,
മറെറാരന്തകദണ്ഡാമീ വൻശാപം ചാട്ടിയന്തണർ!
തന്നിയ്ക്കപകടം നേരിട്ടതു കേട്ട നരഷഭ,
രുഷ്ടരാമന്തണന്മാരോടെന്തോതീ നൃഗമന്നവൻ?'
സൌമിത്രിയേവം ചോദിയ്ക്കെ രാഘവൻ വീണ്ടുമോതി
(നാൻ:-
“കേൾ സൌമ്യ,പണ്ടാ രാജാവു ശാപമേററിട്ടചെയ്കതും:
വിപ്രന്മാർ വഴിയിൽക്കേറിപ്പോയ്പോയതു ധരിയ്ക്കയാൽ,
മന്ത്ര്യുപാധ്യായരെപ്പൌരരേയുമെല്ലാം വിളിച്ചുടൻ
ചൊന്നാനവരൊടും നാട്ടുമേലാളരോടുമൊക്കയും
മാലേററ നൃഗരാജാവു:-'ബുദ്ധി വെച്ചിതു കേൾക്കുവിൻ:
നാരദൻ, പർവതരിവർ വൻഭയം മമ ചേൎത്തിതാ,
ഗമിച്ചാർ വിണ്ടലത്തേയ്ക്കായ് മാന്യർ ഭദ്രർ മഹൌജവർ.
ഇങ്ങിപ്പൊഴഭിഷേചിപ്പിൻ വസുവാമിക്കുമാരനെ;
പതുപ്പിയന്ന കുഴിയുമെനിയ്ക്കായ്ത്തീൎക്ക ശില്പികൾ;
കഴിച്ചുകൂട്ടിടുന്നുണ്ട വിപ്രശാപത്തെ ഞാനതിൽ.

Digitized By Kerala Sahitya Akademi

മഴയേല്ക്കാതൊരു കുഴി, മഞ്ഞേല്ക്കാതൊന്നു വേറെയും,
പതുപ്പിയന്നു വെയിലേല്ക്കാതൊന്നും തീർക്കട്ടെ ശില്പികൾ.
വൃക്ഷം നാനാലതകളും കായ്ക്കും നാനാമരങ്ങളും
പടർന്നു തണലുണ്ടാകുന്നവയും നട്ടുവെയ്ക്കുവിൻ.
എല്ലാവശത്തും കുഴികൾക്കൊരു ഭംഗി വരുത്തുവിൻ;
സുഖമായിങ്ങു വാഴ്വൻ ഞാൻ, കാലം കഴിയുവോളവും.
മണം കോലും മലർകളും ചമപ്പിനവയിൽസ്സദാ,
എനിയ്ക്കു ചുററുമായിട്ടൊന്നരയോജനദ്വയോളവും.
ഇമ്മട്ടേർപ്പാടു ചെയ്തിട്ടന്നരുളീ വസുവോടവൻ:–
‘ക്ഷത്രധർമ്മാൽ ഭരിയ്ക്കുണ്ണി, നാട്ടാരെദ്ധർമ്മനിത്യനായ്:
നീ കണ്ടുവല്ലോ, വിപ്രന്മാർ ശാപമേല്പിച്ചതെന്റമേൽ,
അത്രമാത്രം പിഴയിലും ശുണ്ഠി പൂണ്ടു നരോത്തമ!
മാഴ്കൊല്ല മകനേ, തെല്ലുമെന്നെച്ചൊല്ലി നരർഷഭ:
ദൈവം ബലീയസ്സിതിനാലല്ലോ കഷ്ടത്തിലായി ഞാൻ!
വരത്തക്കവ വന്നീടും, പോകത്തക്കവ പോയിടും,
കിട്ടത്തക്കവ കിട്ടീടും, സുഖദുഃഖങ്ങളിങ്ങിനെ
മുൻജന്മവാസനകളാലു;-ണ്ണീ, വ്യസനിയായ്ക്ക നീ!’
എന്നു പുത്രനോടങ്ങോതി നൃഗരാജാവു കീർത്തിമാൻ
ചേലൊത്ത കുഴിയുൾപ്പുക്കാൻ പാർപ്പാനായ്പ്പുരുഷർഷഭ.

ഈവണ്ണമന്നു,ത്തമരത്നജാലം
ചേർന്നുള്ളതാമക്കുഴി പുക്കു ഭൂപൻ,
കോപം കലർന്നന്തണരേകിയിട്ട
ശാപം മഹാത്മാവു ഭുജിച്ചുകൊണ്ടാൻ.

—***—

Digitized By Kerala Sahitya Akademi

## ഐമ്പത്തഞ്ചാംസർഗ്ഗം:
## നിമിവസിഷ്ഠദേഹാപായകഥനം.

---

"ഈവിധം നൃഗശാപത്തെ നിന്നോടുവിവരിച്ചു ഞാൻ;
കേൾക്കുവാനിച്ഛയുണ്ടെങ്കിൽ, കഥ മറ്റൊന്നു കേൾ
(ക്കിനി."
രാമനീമട്ടു ചൊന്നാറെ, സൌമിത്രി പുനരോതിനാൻ!—
'എനിക്കാ,ശ്ചര്യകഥകൾ കേട്ടാൽ മതിവരാ നൃപ!'
ഈ ലക്ഷ്മണോദിതം കേട്ട രാമനിക്ഷ്വാകുനന്ദനൻ
മികച്ച ധർമ്മമൊത്തോരു കഥ ചൊല്ലാനൊരുങ്ങിനാൻ:—
"മഹാത്മേക്ഷ്വാകുസുതരിൽ നിമിയെന്നൊരു മന്നവൻ
പന്തിരണ്ടാമനായുണ്ടായിരുന്നു വീര്യധർമ്മവാൻ.
ആ രാജാവതിവീര്യാഢ്യനൊരു വിണ്ണെതിരാം പുരം
പണിയിച്ചീടിനാനന്നു ഗൌതമന്റയടുക്കലായ്. ൫.
പുരത്തിന്നേകിനാൻ വൈജയന്തമെന്നുള്ള നാമവും;
അതിങ്കൽ വാണു നിമിയാം രാജർഷി പുകളേറിയോൻ.
അവിടെയ്ക്കൊന്നു തോന്നീ, വമ്പുരം തീർപ്പിച്ചതിന്നുമേൽ:—
'ദീർഘസത്രം കഴിയ്ക്കേണം, മച്ഛന്നുമുളവാകുവാൻ.'
പിമ്പ,ച്ഛനാം മനുസുതനിക്ഷ്വാകുവൊടുരച്ചവൻ
മുമ്പേ വരിച്ചാൻ ബ്രഹ്മർഷിവരനായ വസിഷ്ഠനെ;
അതിനുശേഷം രാജർഷി നിമിയിക്ഷ്വാകുനന്ദനൻ
അത്ര്യംഗിരസ്സുകളെയും ഭൃഗുമാമുനിതന്നെയും.
വസിഷ്ഠനാ നൃപർഷീന്ദ്രനാകും നിമിയോടോതിനാൻ:—
'വരിച്ചാനെന്നെ മുമ്പിന്ദ്രൻ കാത്തിരിക്കുകതേവരെ.' ൧൦
പകരക്കാരനായ് തത്ര ഗൌതമൻ ദ്വിജസത്തമൻ;



Digitized By Kerala Sahitya Akademi

വസിഷ്ഠനോ മഹാതേജസ്സിന്ദ്രയജ്ഞം നടത്തിനാൻ.
നരേന്ദ്രനാ ബ്രാഹ്മണരെ വരുത്തി നിമിമന്നവൻ
യാഗം തുടങ്ങീ ഹിമവൽപാൎശ്വത്തിൽ സ്വപുരാന്തികേ;
രാജാവയ്യായിരത്താണ്ടു ദീക്ഷയും പൂണ്ടു മേവിനാൻ.
ഇന്ദ്രയജ്ഞം കഴിഞ്ഞാറേ വസിഷ്ഠൻ ഭഗവാനൃഷി
രാജാവിന്നരികത്തെത്തീ ഹൌത്രംകൊള്ളാനനിന്ദിതൻ.
ഗൌതമൻ പകരക്കാരനായിരുന്നതു കാൺകയാൽ
പെരികെ ക്രോധമുൾക്കൊണ്ടാൻ വസിഷ്ഠൻ ബ്രഹ്മനന്ദനൻ.
അദ്ദേഹം നൃപനെക്കാണ്മാൻ കാത്തിരുന്നു കുറച്ചിട;
എന്നാലുറങ്ങീടുകയായിരുന്നു രാജൎഷി നിൎഭരം.
രാജൎഷി തന്നെക്കാണായ്കകൊണ്ടും ശുണ്ഠി മുഴക്കയാൽ,
മാഹാത്മ്യശാലിയായുള്ള വസിഷ്ഠനുരിയാടിനാൻ:-
'മററൊരാളെ വരിച്ചല്ലോ നീയെന്നെത്തള്ളി മന്നവ!
അതിനാൽ, നിന്നുടെയുടൽ നഷ്ടചേതനമായ്വരും.'
പിന്നീടുണൎന്ന രാജൎഷി ശാപവാക്യം ശ്രവിക്കയാൽ
ബ്രഹ്മസൂനുവിനോടോതീ വാശിയാലതിരുഷ്ടനായ്:-
'കാരാതുറങ്ങുമെൻപേരിലരിശത്താൽക്കലങ്ങി നീ
മററൊരന്തകദണ്ഡനു തോന്നും ശാപാഗ്നി ചേൎക്കയാൽ,
ഭവാൻെറയും സുരുചിരപ്രഭമായ കളേബരം
നഷ്ടചൈതന്യമായ്ത്തീരും; ബ്രഹ്മൎഷേ, ശങ്കയില്ലിതിൽ.'

ഇതി കോപമൊടന്നു രണ്ടുപേരും
തമ്മിൽസ്സദൃശജ്ഞന്മാർ ശാപമേകി
ദ്രുതമങ്ങു വിദേഹരായ്ച്ചമഞ്ഞു,
തപസ്ഥിതിയിൽ പ്രഭാവമുള്ളോർ!"

—•<>•—

Digitized By Kerala Sahitya Akademi

# ഐമ്പത്താറാം സർഗ്ഗം:
## മിത്രാവരുണപ്രാപ്തികഥനം.

---

രാമന്റെ വാക്കു കേട്ടിട്ടു വീരാരിമർദ്ദി ലക്ഷ്മണൻ
ചോദിച്ചാൻ തൊഴുതാ,ത്തേജസ്സാളും രാഘവനോടുടൻ:-
'ദേഹം വിട്ടിട്ടു കാകുത്സ്ഥ, വിപ്രപാർത്ഥിവരായവർ
വീണ്ടും സദേഹരായ്ത്തീർന്നതെവ്വണ്ണം, ദേവസമ്മതർ?'
എവം ചോദിച്ച സൗമിത്രിതന്നോടിക്ഷ്വാകുനന്ദനൻ
ഉത്തരം ചൊല്ലിനാൻ രാമൻ തേജസ്സേറും നരർഷഭൻ:-
"തമ്മിൽശ്ശപിച്ചു മെയ് വിട്ടാ ക്ഷത്രിയബ്രാഹ്മണർഷിമാർ
വെറുംവായുക്കളായ്ത്തീർന്നു ധർമ്മശീലർ തപോധനർ.
പിന്നെ, മറ്റൊരു മെയ്യിന്നുവേണ്ടി, മെയ് വിട്ട മാമുനി
വസിഷ്ഠനതിതേജസ്വി ചെന്നാനച്ഛന്റെ ചാരവേ. ൫
ദേവദേവന്റെ തൃക്കാല്ക്കൽ വന്ദനം ചെയ്തിതിൻവിധം
ചൊന്നാൻ പിതാമഹനൊടാ,ക്കാറ്റായിത്തീർന്ന ധാർമ്മി(കൻ:-
'ഭഗവൻ, നിമിശാപത്താൽദ്ദേഹംപോയവനായിഞാൻ;
ലോകനാഥ, മഹാദേവ, കാറ്റായേനിവനണ്ഡജ!
എവർക്കും ദേഹമില്ലാഞ്ഞാലതിദുഃഖമകപ്പെടും;
ദേഹമില്ലാത്തവന്നെല്ലാക്കാര്യവും മുടിയും പ്രഭോ.
വേറേ ദേഹം ലഭിപ്പാനായ് പ്രസാദിച്ചരുളേണമേ!'
ബ്രഹ്മാവുമവനോടോതി സ്വയംഭൂവമിതപ്രഭൻ:-
'മിത്രാവരുണവീര്യത്തിൽച്ചേർന്നുകൊൾക സുകീർത്തിമൻ,
എന്നാലും, ദ്വിജമൗലേ, നീയയോനിഭവനായ്വരും;

Digitized By Kerala Sahitya Akademi

മഹത്താംധർമ്മമൊത്തോനായ്വീണ്ടുമെൻകീഴണഞ്ഞിടി
എന്നുദേവൻറചൊൽകേട്ടുവന്ദിച്ചുപരമേഷ്ഠിയെ (ടും.'
വലവുംവെച്ചു വരുണാലയത്തെയ്ക്കാശു പോയിനാൻ.
അക്കാലത്തോ,വരുണനൊന്നായ്വാണുകൊണ്ടിതുമിത്രനും
സുരോത്തമാരാധിതനായ്,പ്പാലാഴിയൊടുകൂടവേ.
അക്കാലമേ, മികച്ചുള്ളൊരപ്സരസ്സാകുമുർവ്വശി
യദൃച്ഛയ്ക്കാഴിനാഥങ്കൽ വന്നെത്തീ തോഴിമാരുമായ്.
സുരൂപയാമുർവ്വശിയങ്ങാഴിയിൽക്കളിയാടവേ,
അവളെക്കണ്ടു വരുണനതിയായുഴറീ മനം.
ഉടൻ തണ്ടാരിതൾക്കണ്ണാളാമപ്പൂർണ്ണേന്ദുവക്ത്രയെ
വരിച്ചു വരുണൻ സംഗം ചെയ്യാൻ, ശ്രേഷ്ഠാപ്സരസ്സിനെ.
ചൊന്നാൾ വരുണനോടപ്പോൾത്തൊഴുകൈപ്പൂണ്ടു നി (ന്നവൾ:-
'മുമ്പേ വരിച്ചിതിങ്ങെന്നെസ്സാക്ഷാൽമിത്രൻ സുരേശ്വര.'
കാമൻറയമ്പേറ്റു വലഞ്ഞോതിനാൻ വരുണൻ തദാ:-
'ഈ വീര്യം ദേവകൃതമാമിക്കുടത്തിങ്കൽ വീഴ്ത്തുവൻ;
ഏവം വീഴ്ത്തി വരാരോഹേ, സാധിയ്ക്കുന്നേൻ സുവർണ്ണിനി,
നിൻപേരിലുള്ള കാമത്തെ,സ്സംഗം നീയരുളായ്കിൽഞാൻ.'
ആ ലോകപാലൻ വരുണൻ ഭംഗിയിൽച്ചൊന്നതങ്ങിനെ
കേട്ടിട്ടു പെരികെ പ്രീതിയുൾക്കൊണ്ടുർവ്വശി ചൊല്ലി (നാൾ:-
'എന്നാലങ്ങിനെയാകട്ടേ: നിങ്കൽനില്ക്കുന്നിതെന്മനം;
ഉൾപ്രേമവും ഭവാന്നേറും; ദേഹമോ, മിത്രനിൽ പ്രഭോ.'
എവമുർവ്വശി ചൊന്നപ്പോളാ, രേതസ്സു മഹാദ്ഭുതം,
എരിതീജ്ജ്വാല പോലുള്ളൊന്നക്കുടത്തിങ്കൽ വീഴ്ത്തിനാൻ.

Digitized By Kerala Sahitya Akademi

ചെന്നെത്തിനാളുൎവ്വശിയും മിത്രദേവൻെറ സന്നിധൌ
മിത്രനോ, ശ്രുണ്ണി പൂണ്ടേവമായുൎവ്വശിയൊടോതിനാൻ:-
'മുഞ്ഞുട്ടി ഞാനിങ്ങാവശ്യപ്പെട്ട നീയെന്നെ വിട്ടുപോയ്
വേറേ ഭൎത്താവിനെ വരിച്ചല്ലോ; ദുൎവൃത്തയാണു നീ!
ഇദ്ദുസ്നടപ്പിനാലെ,ൻെറ കോപംകൊണ്ടു കലങ്ങി നീ
മനുഷ്യലോകത്തിലണഞ്ഞൊട്ടുകാലം വസിച്ചിടും.
പുരൂരവസ്സാം രാജൎഷി കാശിരാജൻ ബുധാത്മജൻ; ഉ ളെ
അവനുകൽച്ചെല്ലുക, ദുൎബ്ബുദ്ധേ; നിൻഭൎത്താവാകുമിങ്ങവൻ.'
പുരൂരവസ്സിന്നരികേ ചെന്നാൾ ശാപവശാലവൾ;
ബുധാത്മജ്രവായ പുരൂരവസ്സിനൊടിണങ്ങിനാൾ.
അവന്നുണ്ടായിതായുസ്സാം ശ്രീമൽ പുത്രൻ മഹാബലൻ:
അവന്നുണ്ടായ് നഹുഷനാം പുത്രനിന്ദ്രസമപ്രഭൻ:
വൃത്രങ്കൽ വജ്രമെയ്തിട്ടു ശക്രൻ ചുററിനടക്കവേ
ആറായിരം വൎഷമിവനിന്ദ്രാധ്യാനം ഭരിച്ചുപോൽ.

അശ്ശാപമേററൂഴിയിലെത്തി, നൽപ്പു-
ല്ലിണഞ്ഞുപോളുൎവ്വശി പേശലാക്ഷി
അനേകമാണ്ടിങ്ങു വസിച്ചു സുഭ്രൂ
ശാപക്ഷയേ ശക്രസദസ്സണഞ്ഞാൾ.''

—०o०—

## ഐമ്പത്തേഴാംസൎഗ്ഗം:
## വസിഷ്ഠദേഹലാഭകഥനം.

അത്ഭുതത്തെജ്ജനിപ്പിയ്ക്കുമദ്ദിവ്യകഥ കേൾക്കയാൽ
പാരംമാദിച്ചു ചോദിച്ചാൻകാകുത്സ്ഥനൊടു ലക്ഷ്മണൻ:-
'ദേഹം വിട്ടിട്ടു കാകുത്സ്ഥ,വിപ്രപാൎത്ഥിവരായവർ

Digitized By Kerala Sahitya Akademi

വീണ്ടും സദേഹരായ്ത്തീൎന്നതെവ്വണ്ണം, ദേവസമ്മതർ?'
അവൻെറ ചോദ്യം കേട്ടിട്ടു രാമൻ സത്യപരാക്രമൻ
മഹാത്മാവാം വസിഷ്ഠൻെറബാക്കിക്കഥയുമോതിനാൻ:-
'വീൎയ്യം മഹാന്മാർ കുംഭത്തിലാക്കിയല്ലോ രാഘൂത്തമ;
അതിലുണ്ടായ് രണ്ടു വിപ്രർ തേജോമയരൃഷീശ്വരർ:
അതിങ്കലാദ്യമുൽപന്നനഗസ്ത്യൻ ഭഗവാനൃഷി,
'നിന്നുണ്ണിയല്ലഞാനെ'ന്നുചൊല്ലിമിത്രനെ വിട്ടുപോ (യ്: ഇ
മുമ്പതിലാക്കിയോ വീൎയ്യം മിത്രനുൎവ്വശിമൂലമായ്,
ആകുടത്തിൽത്തന്നെയത്രേ ചേൎന്നു വരുണവീൎയ്യവും.
പിമ്പൊട്ടുകാലം ചെന്നാരേ, മിത്രാവരുണതേജസാ
വസിഷ്ഠനുളവായ്തന്നാനിക്ഷ്വാകുക്കൾക്കു ദൈവതം;
ആ ശ്ലാഘ്യനെ,ജ്ജനിച്ചന്നേ, ഇക്ഷ്വാകു സുമഹാദ്യുതി
നമ്മൾതൻവംശനന്മയ്ക്കു സൌമ്യ, വാദ്ധ്യാനുമാക്കിനാൻ.
ഇപ്രകാരം, മഹാത്മാവാം വസിഷ്ഠൻ പുതുമെയ്യുമായ്
പിറന്നതോതിനേൻ സൌമ്യ; നിമിതൻ കഥ കേളിനി:
അദേഹനാമരചനെക്കണ്ടാ മുനികളേവരും
അവനെക്കൊണ്ടു ചെയ്യിച്ചു യാഗദീക്ഷ മനീഷികൾ; ()
സംരക്ഷിക്കുകയുംചെയ്തു നൃപദേഹം ദ്വിജോത്തമർ
ഗന്ധമാല്യംതുകിൽകളാൽ, പ്പൌരഭൃത്യരൊടൊപ്പമേ.
പിന്നെ യാഗം കഴിഞ്ഞാരേ ഭൃഗുവങ്ങേവമോതിനാൻ:-
'നിനക്കു ചേതസ്സെത്തിപ്പൻ: തെളിഞ്ഞേൻ നിന്നിൽ (ഞാൻ നൃപ.'
വാനോരുമെല്ലാം കൊണ്ടാടി നിമിചേതസ്സൊടോതി (നാൻ:-

Digitized By Kerala Sahitya Akademi

വരം വാങ്ങുക രാജർഷേ, നിൻചേതസ്സെന്തു വേണ്ടണം?.'
ഇസ്സർവ്വദേവച്ചൊൽ കേട്ടു നിമിചേതസ്സു ചൊല്ലിനാൻ:–
'സർവ്വഭൂതാക്ഷികളിൽ ഞാൻ പാർക്കുവൻ സുരമുഖ്യരേ'
'ആവാ'മെന്നേവിബുധരുംനിമിചേതസ്സോടോതിനാർ:–
'സർവ്വഭൂതാക്ഷികളിൽ നീ വായുവായ്സ്സഞ്ചരിച്ചിടും; ഈ
വായുവായ്സ്സഞ്ചരിക്കുന്ന നിന്നാൽക്കണ്ണിനു ചിമ്മലും,
കൂടെക്കൂടെ ശ്രമം തീർപ്പാനുണ്ടാസ്സുഖമിളാപതേ.'
എന്നോതിസ്സുരരെപ്പേരും വന്നപാടെഴുന്നള്ളിനാർ.
മഹാന്മാരാമൃഷികളോ, നിമിതന്റെ കളേബരം
എടുത്തരണിയായ് വെച്ചു മഥിച്ചാരങ്ങു കെല്പോടേ:
മഹാന്മാർ മന്ത്രഹോമത്താൽ നിമിക്കുണ്ണി പിറക്കുവാൻ
മഥിക്കുമ്പോളരണിയിലുണ്ടായ് വന്നപമുള്ളോരാൾ.
മഥനാൽ മിഥിനാമാവായ്ജ്ജനനാൽ ജനകാഖ്യനായ്;
ആ വിദേഹങ്കൽനിന്നുണ്ടാകയാൽവൈദേഹനെന്നുമായ്.
എവം വിദേഹരാജാവു ജാതൻ ജനകനാദിമൻ
മിഥി തേജസ്വി,യവനാലത്രേ മൈഥിലനെന്ന പേർ."

## ഐമ്പത്തെട്ടാംസർഗ്ഗം:യയാതിശാപകഥനം

രാമനേവം കഥിക്കുമ്പോൾചൊന്നാൻവീരാരിമർദ്ദനൻ,
തേജസ്സാലാളുവോൻപോലാംമഹാത്മാവോടുലക്ഷ്മണൻ:–
'ഈലോം വിചിത്രാത്ഭുതമിപ്പുരാവൃത്തം നൃപർഷഭ,
ദേഹം വിട്ടവരായ്ത്തീർന്നു വസിഷ്ഠനിമിമാരുടെ:
നിമിയോ ക്ഷത്രിയൻ ശൂരൻ വിശേഷാൽദ്ദീക്ഷകൊ
(ണ്ടവൻ;

Digitized By Kerala Sahitya Akademi

ന്നവൻ ക്ഷമിച്ചതില്ലല്ലോ മഹാത്മാവാം വസിഷ്ഠനിൽ!’
എന്നീ വചസ്സു കേട്ടിട്ടാ ശ്രീമാൻ ക്ഷത്രിയപുംഗവൻ
സർവ്വശാസ്ത്രജ്ഞനായുള്ള ലക്ഷ്മണൻതന്നോടോതിനാൻ,
തേജസ്സാളും തമ്പിയോടു രാമൻ രമയരുത്തമൻ:—
“കാണ്മീലാ വീര, പുരുഷന്മാരിലെല്ലാരിലും ക്ഷമ. ൫
സൌമിത്രേ, ദുസ്സഹം ക്രോധം സത്ത്വമാശ്ശാവലംബനാൽ
യയാതിയാലടക്കപ്പെട്ടതു നീ കേൾക്കകാസ്ഥയാ:
യയാതി നാഹുഷന്നുണ്ണി മന്നവൻ പൌരവർദ്ധനൻ,
അവന്നു ഭാര്യമാർ സൌമ്യ, രണ്ടാളതുല്യരൂപമാർ:
ഒരുത്തിയാ നാഹുഷനാം രാജർഷിക്കേറ്റമാമലാൾ,
ശർമ്മിഷ്ഠയെന്ന ദൈതേയി വൃഷപർവ്വകുമാരിയാൾ.
മറ്റെഗ്ഗൃഹിണിയോ, ശുക്രപുത്രി പൂരുഷപുംഗവ;
നരേന്ദ്രന്നിഷ്ടയായീലാ, ദേവയാനി സുമദ്ധ്യയാൾ.
രണ്ടുപുത്രരവർക്കുണ്ടായ,ഴകാൾക്കെല്ലമുള്ളവർ:
ശർമ്മിഷ്ഠ പൂരുവെപ്പെറ്റു യദുവെദ്ദേവയാനിയും. ൧൦
പൂരുവായ് മന്നവന്നിഷ്ടൻ നന്മയാല,മ്മൂലവും;
അതിനാൽ വ്യസനംപൂണ്ടു യദുവമ്മയൊടോതിനാൻ:—
‘അക്ലിഷ്ടകാരിയാം ദേവൻ ഭാർഗ്ഗവന്റെ കുലോത്ഭ നീ
സഹിപ്പു ഹൃത്തിലെദ്ദുഃഖ,മസഹ്യമവമാനവും.
നമുക്കൊന്നിച്ചുതാൻ ദേവി, ചെന്തീയ്യിൽച്ചെന്നു ചാടിടാം;
രമിച്ചുകൊള്ളട്ടെ നൃപൻ ദൈത്യപുത്രിയൊടേറെനാൾ!
സഹിക്കാം ഭവതിക്കെങ്കിലെ,നിക്കു വിട നല്കണം:
ക്ഷമിക്ക നീ, ക്ഷമിക്കാ ഞാൻ, ചാകയാണില്ല സംശയം!’

Digitized By Kerala Sahitya Akademi

വല്ലാതവശനായ്ക്കേഴം മകന്റെ മൊഴി കേൾക്കയാൽ
സ്ഫുരിച്ചാളരിശം പൂണ്ടു ദേവയാനി പിതാവിനെ. ൧൯
കുമാരിതന്നഭിപ്രായമങ്ങറിഞ്ഞിട്ടു ഭാർഗ്ഗവൻ
അദ്ദേവയാനിതൻ ചാരേ വെമ്പലോടെഴുന്നള്ളിനാൻ.
അവൾതന്നഴലും ചിത്തക്ഷോഭവും പന്തികേടതും
കണ്ടിട്ടെ,'ന്താണിതെ'ന്നച്ഛൻ ചോദിച്ചാൻ മകളോടു
അച്ഛനാദ്ദീപ്തതേജസ്സാം ഭാർഗ്ഗവൻ പലവട്ടവും (ടൻ.
ചോദിച്ചതുള്ളവേ ചൊന്നാൾ ദേവയാനി സരോഷയായ്:—
'ഞാനുഗ്രമാം വിഷം തിന്നു,മല്ലെങ്കിൽ മുനിസത്തമ,
തീയിലോ നീററിലോ ചാടും; വയ്യാ ജീവിച്ചിരിക്കുവാൻ!
അറിവീലിവിടന്നെന്റെയവമാനവുമല്ലലും;
ബ്രഹ്മൻ,വൃക്ഷാവമാനത്താൽ നശിപ്പൂ വൃക്ഷജീവികൾ! ൨൦
അവജ്ഞമൂലം രാജർഷിയിടിചേല്പിച്ചു ഭാർഗ്ഗവ,
അവജ്ഞയെ കൊൾകയാണെങ്കലാ,ദരിക്കുന്നതില്ല മാം!'
അവൾതൻ വാക്കിവണ്ണം കേട്ടരിശത്തിൽക്കുളിച്ചുടൻ
നഹുഷാത്മജനോടായിട്ടുരചെയ്തിതു ഭാർഗ്ഗവൻ:—
'അവമാനിപ്പിതല്ലോ നീ ധൃഷ്ടുകൊണ്ടെന്നെ നാഹുഷ;
അതിനാൽ മൂത്ത ജരയേററാവതില്ലാതെയായ്‌വരും!'
ഇവണ്ണം ചൊല്ലി മകളെയാശ്വസിപ്പിച്ചു ഭാർഗ്ഗവൻ
തിരിച്ചു തൻഗൃഹത്തേക്കായ് ബ്രഹ്മർഷിബഹുകീർത്തിമാൻ.

ഇവണ്ണമോതിസ്സുത ദേവയാനി-
ക്കാശ്വാസമേകി ദ്വിജപുംഗവാഗ്ര്യൻ
ശാപം യയാതിക്കരുളിത്തിരിച്ചു-
പോയാനവൻ, തേജസി സൂര്യതുല്യൻ. ൨൧

—ooo—



Digitized By Kerala Sahitya Akademi

# ഐമ്പത്തൊമ്പതാംസൎഗ്ഗം:
## യയാതിക്ഷമാകഥനം.

---

ശുക്രന്റെയരിശംകേട്ടു ദീനനായ്ത്തീന്ന നാഹുഷൻ
പകൎത്താവുന്ന ജര പൂണ്ടേവം യദുവൊടോതിനാൻ:—
'യദോ, ധൎമ്മജ്ഞനല്ലോ നീയേറ്റുവാങ്ങുക നന്ദന,
പകൎത്താവുന്ന ജര മേ; ഞാൻ രമിയ്ക്കട്ടെ കീൎത്തിമൻ:
ഭോഗത്തിൽ മതിവന്നിട്ടില്ലെനിയ്ക്കു പുരുഷൎഷഭ;
കാമം നന്നായ്ബ്ഭുജിച്ചിട്ടു തിരിയേ വാങ്ങുവൻ ജര.'
യദുവാ വാക്കു കേട്ടിട്ടു നരൎഷഭനൊടോതിനാൻ:—
'നിന്നോമനമകൻ പൂരു വാങ്ങട്ടേ ജര മന്നവ:
ഞാൻ പുറത്താണു സമ്പത്തിൽനിന്നും ചാരത്തുനിന്നുമേ;
വാങ്ങട്ടേ പാൎത്ഥിവ, ഭവാനൊരുമിച്ചൂൺകഴിപ്പവർ!' ഇ
അവന്റെയാ വാക്കു കേട്ടു നൃപൻ പൂരുവൊടോതിനാൻ:—
'എനിയ്ക്കുവേണ്ടിജ്ജരയിതേറ്റുവാങ്ങു മഹാത്മജ'
ഏവം യയാതി ചൊന്നാറെപ്പൂരുവോ,തൊഴുതോതിനാൻ:—
'ധന്യോസ്മ്യനുഗൃഹീതോസ്മി! ഞാൻ നിൻചൊല്ക്കീഴിൽ
(നില്പവൻ.'
പൂരുവിൻ വാക്കു കേട്ടിട്ടു പാരം മോദിച്ചു നാഹുഷൻ
നേരററ ഹൎഷം പൂണ്ടാന,ജ്ജരയേയും പകൎത്തിനാൻ.
യുവാവായായിരംവട്ടം യാഗം ചെയ്താ നരേശ്വരൻ
അനേകമായിരത്താണ്ടു സംരക്ഷിച്ചാൻ ധരിത്രിയെ.
കാലമേറെക്കഴിഞ്ഞാറേ പൂരുവോടോതി മന്നവൻ:—
'ജര തന്നേയ്ക്കു മകനേ, ന്യാസം തിരിയെ നല്കു മേ: ഹം
ഉണ്ണീ, ന്യാസനിലയ്ക്കല്ലോ, ജര നിങ്കൽപ്പകൎത്തിഞാൻ;

Digitized By Kerala Sahitya Akademi

അതിനാലജ്ജരയെ ഞാനേററുവാങ്ങുന്നു, മാഴ്കൊലാ.
പ്രീതനായ് ഞാൻ മഹാബാഹോ, ചൊന്നമാതിരി ചെ
(യ്കയാൽ;
പ്രീത്യാ നിനക്ക ചെയ്യുന്നേനിങ്ങു പട്ടാഭിഷേകവും.'
എന്നുണ്ണി പൂരുവോടോതി യയാതി നഹുഷാത്മജൻ
ദേവയാനിസുതനൊടു കോപം പൂണ്ടോതി മന്നവൻ:—
'എൻപുത്രനായ്പ്പിറന്നു നീയൊരു ദുർദ്ധരാക്ഷസൻ;
എന്നാജ്ഞ ലംഘിയ്ക്കുകയാൽ നൃപത്വം നേടിടായ്ക നീ.
അച്ഛനായ്ഗ്ഗുരുവാമെന്നെയവമാനിച്ചിരിയ്ക്കയാൽ
നിങ്കൽനിന്നുളവാം, യാതുധാനരാക്ഷസർ ദാരുണർ.
ചേരില്ലാ സോമവംശത്തിൽദ്ദുഷ്ടനാം നിന്റെ സന്തതി;
നിൻവംശവും നിനക്കൊത്തു ദുർന്നയം പൂണ്ടതായ്വരും!'
എന്നങ്ങുരച്ചു രാജർഷി രാജ്യം വാഴിച്ചു പൂരുവെ
അഭിഷേചിച്ചു കൊണ്ടാടി,യാശ്രമം പുക്കു മേവിനാൻ.
പിന്നെ,പ്പെരുത്തു കാലത്താൽക്കാലധർമ്മമണഞ്ഞവൻ
സ്വർഗ്ഗം ഗമിച്ചാന,രചൻ യയാതി നഹുഷാത്മജൻ.
പൂരുവാ നാടു രക്ഷിച്ചാൻ മഹാധർമ്മാനുവർത്തിയായ്,
കാശിനാട്ടിൽ പ്രതിഷ്ഠാനവമ്പുരേ വാണു കീർത്തിമാൻ.
യദു പിന്നെജ്ജനിപ്പിച്ചാനസംഖ്യം യാതുധാനരെ,
രാജവംശച്യുതൻ,ക്രൌഞ്ചക്കാട്ടിൽദ്ദുർഗ്ഗപുരസ്ഥിതൻ. ൨൦
ഏവം ശുക്രൻ പ്രയോഗിച്ച ശാപത്തെ നഹുഷാത്മജൻ
സഹിച്ചു ക്ഷത്രധർമ്മത്താൽ; ക്ഷമിച്ചീലിതു താൻ നിമി.
ചൊന്നേനിതെല്ലാം നിന്നോടു; സൽക്കാരെയൊക്കയും
വരുത്തിക്കാണ്കനാം സൌമ്യ! നൃഗന്റെപിഴപററൊലാ."

Digitized By Kerala Sahitya Akademi

പനിമതിമുഖനാകും രാമനേവം കഥിയ്ക്കേ,-
ട്ടിവി പരമമധുവൃന്ദം മാഞ്ഞുപോയിത്തുടങ്ങീ;
അരുണകിരണരാഗംകൊണ്ടു, ചായത്തിൽ മുക്കി-
ടിന പുടവ പുതച്ചോരു പോലെയായ് പൂർവ്വദിക്കും.

പ്രക്ഷിപ്തം ഒന്നാംസർഗ്ഗം:

സാരമേയാഗമനം.

നേരം നന്നായ്പ്പുലർന്നാരേ കൃതപൂർവ്വാഹ്നകൃത്യനായ്
പുക്കാൻ ധർമ്മാസനം ഭൂപൻ രാമൻ താമരസേക്ഷണൻ,
രാജധർമ്മങ്ങൾനോക്കാനായ്പ്പൌരബ്രാഹ്മണർതമ്മൊടും
വസിഷ്ഠനാം ഗുരുവൊടൃഷികശ്യപനോടുമേ.
മന്ത്രിമാർ വ്യവഹാരജ്ഞർ വേറെയും ധർമ്മപാരഗർ
നീതിജ്ഞർ സഭ്യർ മന്നോർകളിവരാൽത്തിങ്ങിയസ്സഭ.
വിളങ്ങീ ശക്രവരുണയമർതൻ സഭ പോലവേ,
അക്ലിഷ്ടകാരിയാം രാമരാജസിംഹന്റെയസ്സഭ.
രാമൻ ചൊന്നാൻ സുലക്ഷ്മാവാം ലക്ഷ്മണൻതന്നൊടു (ഞുടൻ:-
'നീ ചെല്ലുക മഹാബാഹോ, സുമിത്രാനന്ദവർദ്ധന,
വിളിയ്ക്കുയും ചെയ്യുക നീ കാര്യാർത്ഥികളെ ലക്ഷ്മണ.'
രാമന്റെ വാക്കു കേട്ടിട്ടു ലക്ഷ്മണൻ ശുഭലക്ഷണൻ
പടിയ്ക്കൽച്ചെന്നുതാൻ തന്നെ വിളിച്ചാൻകാര്യസക്തരെ.
'കാര്യമൊന്നുമെനിയ്ക്കി'ന്നെന്നുരച്ചീലൊരുത്തനും:
ആധിവ്യാധികളില്ലല്ലോ രാമൻ രാജ്യം ഭരിയ്ക്കവേ.

Digitized By Kerala Sahitya Akademi

സസ്യം വിളഞ്ഞതാണൂഴി സർവ്വൌഷധിയുമുള്ളതാം;
ചാകാറില്ലുഞ്ഞുബാലൻതാൻമദ്ധ്യമൻതാൻ, യുവാവുതാൻ.
ധർമ്മത്താൽപ്പാലിതം സർവ്വം പാറുമാറില്ലുപദ്രവം;
സങ്കടക്കാരെയും കാണാ, രാമൻ രാജ്യം ഭരിക്കവേ.
ലക്ഷ്മണൻ തൊഴുകൈ പൂണ്ടു രാമനോടിത്തുണർത്തിനാൻ;
രാമനുള്ളം തെളിഞ്ഞു സൌമിത്രിയോടിതോതിനാൻ:—
‘വീണ്ടും ചെന്നിടുകാ, രാഷ്ട്ര കാർയ്യമുള്ള ജനങ്ങളെ:
അധർമ്മമെന്തുമുണ്ടാകാ, നീതി നന്നായ് നടത്തിയാൽ;
എല്ലാരുമാ രാജഭയാൽത്തമ്മിൽക്കാക്കുംവിധത്തിലാം!
ഞാനിഷ്ടമക്കൾപോലിങ്ങു കാക്കുന്നുണ്ടെന്റെ നാട്ടുകാർ;
എന്നാലും, നീ മഹാബാഹോ, നാട്ടാരെക്കാക്കകാസ്ഥ
(യിൽ.’
എന്നു കേട്ടു നൃപാഗാരം വിട്ടുപോന്നിതു ലക്ഷ്മണൻ
കണ്ടു ദ്വാരപ്രദേശത്തു നിന്നീടുമൊരു നായയെ:
അതെന്തോനോക്കിയുംകൊണ്ടുമോങ്ങീടുന്നുണ്ടിടയ്ക്കിടെ;
അതു കണ്ടിട്ടു ചോദിച്ചു വീര്യവാനായ ലക്ഷ്മണൻ:—
‘എന്തു വേണം മഹാഭാഗ? ചൊല്ലു നീ ശങ്കയെന്നിയേ.’
സൌമിത്രിയുടെ ചൊൽകേട്ടു സാരമേയവുമോതിനാൻ:—
‘അക്ലിഷ്ടകാരിയായ്സ്സർവ്വഭൂതങ്ങൾക്കും ശരണ്യനായ്
ഭയത്തിലഭയം നല്കുമാ രാമനോടു ചൊല്ലുവൻ.’
ഈവിധം സാരമേയത്തിൻ വാക്കു കേട്ടിട്ടു ലക്ഷ്മണൻ
അതു രാഘവനോടോതാൻ പള്ളിപ്പൂമേട പൂകിനാൻ;
രാമങ്കലറിയിച്ചിട്ടു വീണ്ടും വെളിയിലെത്തിനാൻ:—
‘ചൊല്ലാൻവല്ലതുമുണ്ടെങ്കിൽച്ചൊല്ലുക, നൃപനോടു നീ.’
സൌമിത്രിയുടെചൊൽകേട്ടുസാരമേയവുമോതിനാൻ:—

Digitized By Kerala Sahitya Akademi

‘ദേവാലയം രാജഗൃഹം ബ്രഹ്മാലയമിവറ്റകം ൨൦
വാഴുന്നു വഹ്നി, ദേവേന്ദ്രനാദിത്യൻ, വായുവെന്നിവർ.
ഞങ്ങളോ, ഹീനജാതിക്കാരിങ്ങു ചേരില്ല ലക്ഷ്മണ;
ഇങ്ങുൾപ്പൂകാനശക്തൻ ഞാൻ: നൃപൻ മെയ്പൂണ്ട
(ധർമ്മമാം!
നേർ ചൊല്ലാൻ പോർമിടുക്കുള്ളോൻ സർവ്വഭൂതഹിതോ
(ദ്യതൻ
ഷാഡ്ഗുണ്യപടുവേത്താവാ നീതികർത്താവു രാഘവൻ;
സർവ്വജ്ഞൻ സർവ്വം കാണ്മോൻ രാമൻ രമയദുത്തമൻ;
അവൻ സോമനവൻ മൃത്യുവവൻ വൈശ്രവണൻ യമൻ,
ഹുതാശനനും, വരുണനും, വാനോർകോനും ദിനേശനും!
സൌമിത്രേ, ചൊല്ലുകവനോട്, കാകുത്സ്ഥൻ പ്രജേശ
(രൻ;
ആജ്ഞ കിട്ടാതെ സൌമിത്രേ, ഞാനകത്തു കടന്നിടാ.’
കനിവാളേ മഹാഭാഗനകംപുക്കാൻ മഹാദ്യുതി;
പള്ളിമേടയകംപുക്കങ്ങറിയിച്ചിതു ലക്ഷ്മണൻ:-
‘കേൾ ഞാനുണർത്തിപ്പവതു കൌസല്യാനന്ദവർദ്ധന:
ഞാൻ പറഞ്ഞേൻ മഹാബാഹോ, ഭവാൻതന്നാജ്ഞ
(യാൽ വിഭോ;
കാര്യത്തിനായ് വന്നവനാം ശ്വാവോ, ദ്വാരത്തു
(നില്പൂയാം.’
ലക്ഷ്മണൻതന്റെ ചൊൽ കേട്ടിട്ടരുളിച്ചെയ്തു രാമനും:-
‘ഇങ്ങു കൊണ്ടുവരൂ, കാര്യത്തിന്നായ്നില്പോനെയഞ്ജസാ.’

Digitized By Kerala Sahitya Akademi

# പ്രക്ഷിപ്തം രണ്ടാംസൎഗ്ഗം:
## സാരമേയപ്രതിയാനം.

---

രാമന്റെ വാക്കു കേട്ടിട്ടു ധീമാൻ സൌമിത്രി സത്വരം
കുക്കുരത്തെ വിളിച്ചിട്ടു രാഘവങ്കലുണൎത്തിനാൻ.
വന്നോരു നായയെക്കണ്ടു രാമനൊന്നുരിയാടിനാൻ:—
‘ചൊല്വാനുള്ളതു ചൊന്നാലും; ശ്വാവേ, പേടിക്ക
(വേണ്ട നീ.’
തല വിണ്ടുള്ളൊരാ ശ്വാവോ, തത്ര രാമനെ നോക്കിനാൻ;
‘ഉണൎവോൻ സുപ്തരിൽ നൃപൻ; നാട്ടാരെക്കാക്കുവോൻ
(നൃപൻ;
നൃപൻ കൎത്താവു, ഗോപ്താവു, മുലകിന്നൊക്കെയഗ്രനും;
നൃപൻ കാലം യുഗവുമാം;—മിജ്ജഗത്തൊക്കെയും നൃപൻ!
ധൎമ്മത്തെസ്സനയംകൊണ്ടു രക്ഷിപ്പു രക്ഷകൻ നൃപൻ;
നൃപൻ പാലിച്ചിടാതായാൽ, നാട്ടാരാശു നശിച്ചുപോം. ഒ
ധാരണാൽ ധൎമ്മമെന്നായ് പേർ; ധൎമ്മത്താൽ ധൃതർ
(നാട്ടുകാർ;
സചരാചരമാം മുപ്പാൎക്കെല്ലാം താങ്ങായിനില്ക്കയും,
മാറ്റാരെയും താങ്ങുകയും നാട്ടാൎക്കുൾപ്രീതി ചേൎക്കയും
അതത്രേ ധാരണം;—അതുധൎമ്മമെന്നാണു നിശ്ചയം.
ഈയുറ്റധൎമ്മമേ രാമ, പരത്തിൽ ഫലദം നൃപ,
ധൎമ്മത്താൽക്കൈവരാതൊന്നുമില്ലെന്നത്രേ നിനപ്പു ഞാൻ.
ദാനം, ദയവു, സൽപൂജ, വ്യാപാരങ്ങളിലാൎജ്ജവം—
മുഖ്യധൎമ്മമിതേ രാമ, രക്ഷിപ്പൊന്നിങ്ങുമങ്ങുമേ.
പ്രമാണങ്ങൾക്കു കാകുത്സ്ഥ, നീ പ്രമാണം ശുഭവ്രത;

Digitized By Kerala Sahitya Akademi

ഇവിടെയ്ക്കറിയാമല്ലോ, സജ്ജനത്തിൻെറ ധർമ്മവും. ൧൦
ധർമ്മങ്ങൾക്കററ ശേഷം നീ ഗുണങ്ങൾക്കർണ്ണവോപമൻ;
ഓരാതെ ചൊല്ലിപ്പോയേൻ ഞാൻ ഭവാനോടു നൃപോത്തമ!
പ്രസാദിയ്ക്കു,വണങ്ങുന്നേനിതിൽക്കോപിയ്ക്കൊലാ ഭവാൻ.'
ശ്വാവിൻെറ വാക്കു കേട്ടിട്ടാ രാഘവൻ പുനരോതിനാൻ:-
'ഞാനങ്ങയ്ക്കെന്തു ചെയ്യേണ്ടൂ? കില്ലെന്യേ ചൊല്ലു, വൈകൊലാ.'

രാമൻെറ വാക്കു കേട്ടിട്ടു സാരമേയമിതോതിനാൻ:-
'ധർമ്മത്താൽനേടണം നാടു ധർമ്മത്താൽത്താൻഭരിയ്ക്കണം:
ധർമ്മാൽശരണ്യനാകുന്നു നൃപൻ സർവ്വഭയാപഹൻ.
ഇതോർത്തെ,നിയ്ക്കായ് ച്ചെയ്യേണ്ടുന്നതു കേൾക്കുക രാഘവ:
ഒരു സിദ്ധാർത്ഥനാം ഭിക്ഷു പാർപ്പുണ്ടന്തണമന്ദിരേ; ൧൧
അയാൾനിർദ്ദോഷനാമെന്നെക്കേറിത്തച്ചാൻ വൃഥാവിലേ!'
ഇതു കേട്ടു,പ്പൊഴേ രാമനയച്ചാൻ ദ്വാരപാലനെ;
കൊണ്ടുവന്നാനവൻ സർവ്വസിദ്ധാർത്ഥപടു വിപ്രനെ
അങ്ങു രാഘവനെക്കണ്ടു വിപ്രമുഖ്യൻ മഹാദ്യുതി:-
'കാര്യംരാമ, നിനക്കെന്നാലെന്തെന്നനഘ, ചൊല്ക നീ.'
എന്നാരണൻ പറഞ്ഞോരേ, രാമനൊന്നുരിയാടിനാൻ:-
'ഈ ശ്വാവിനെയടിച്ചല്ലോ ഭവാനിങ്ങിനെയന്തണ;
തെററെന്തു ചെയ്തിതങ്ങയ്ക്കു വടിയാൽത്തല്ലുവാൻ ദ്വിജ?
ക്രോധം പ്രാണഹരൻവൈരി; ക്രോധം മിത്രാഭനാം രിപു;
ക്രോധം വൻതീക്ഷ്ണവാളല്ലോ; ക്രോധം സർവ്വവിനാശനം!
തപസ്സു ചെയ്വതു, യജിപ്പതും, ദാനം കൊടുപ്പതും
ക്രോധത്താലേ നശിയ്ക്കുന്നു ക്രോധം നീക്കേണമാകയാൽ.
ഇന്ദ്രിയങ്ങളെ,യോടുന്ന ദുഷ്ടാശ്വങ്ങളെയാംവിധം

Digitized By Kerala Sahitya Akademi

നേരേ തെളിയിക്കണം ധൈൎയ്യാലി,ന്ദ്രിയാൎത്ഥത്തിൽ
(നിന്നുനാം.
മനസ്സാൽത്തൊഴിലാൽവാക്കാൽക്കണ്ണാലും ചെയ്തുകൊ
(ള്ളണം;
നന്മ പാരിനു ചെയ്കെന്നാൽ ദ്വേഷവുംലേപവുംപെടാ.
ചെയ്യാം, മൂൎച്ഛപെടും വാളോ ചവുട്ടപ്പെട്ട സൎപ്പമോ
സദാ ചൊടിയ്ക്കുംരിപുവോ ദുൎവൃത്താത്മാവുതൻതൊഴിൽ!
ഒതുക്കമഭ്യസിച്ചാലും, സ്വഭാവനില മാറിടാ;
സ്വഭാവം മൂടിവെച്ചാലും സ്വഭാവം വെളിവാം ദൃഢം.'
ഇമ്മട്ടുക്ലിഷ്ടകൎമ്മാവാം രാമൻ ചൊന്നളവാ ദ്വിജൻ,
സൎവ്വാൎത്ഥസിദ്ധനാം വിപ്രനോതിനാൻ രാമസന്നിധൌ:—
'തല്ലിപ്പോയെന്നിതിനെ ഞാൻ ക്രോധമുൾക്കാമ്പിലേ
(ല്ക്കയാൽ:
കാലേ ഭിക്ഷാന്നമില്ലാഞ്ഞു ഭിക്ഷയ്ക്കായി നടക്കവേ,
നിരത്തിൽ നില്ക്കുമിശ്വാവെ,പ്പോ പോ എന്നാട്ടി
(നോക്കി ഞാൻ;
പതുക്കെപ്പോയ് നടുനിരത്തിങ്കൽ നിന്നാൻ വിലങ്ങനെ.
അതിൽ ക്രോധാൽ വിശപ്പാലും തച്ചേനിതിനെരാഘവ;
രാജരാജേന്ദ്ര, ശിക്ഷിച്ചുകൊൾകെന്നെ,ക്കററവാളിയെ:
നീ ശിക്ഷിച്ചാലെനിക്കില്ലാ രാജേന്ദ്ര, നരകാൽ ഭയം.'
ചോദിച്ചുതളിനാൻ രാമൻ സദസ്യന്മാരൊടൊക്കയും:—
'ചൊല്ലുകി,വനെന്തു ചെയ്യേണ,മെന്തു ശിക്ഷ കൊടു
(ക്കണം?
ശരിക്കു ശിക്ഷ ചെയ്താലേ പ്രജാരക്ഷണമായ്വരൂ.'
ഭൃഗ്വാംഗിരസകുത്സാദ്യർ വസിഷ്ഠന,ഥ കശ്യപൻ,



Digitized By Kerala Sahitya Akademi

ധർമ്മപാലകമുഖ്യന്മാരമാത്യരഥ നാഗരർ
ഇവരും മററു പലരുമഞ്ചു ചേർന്നൊത്ത പണ്ഡിതർ,
'പാടില്ല ദണ്ഡം ദ്വിജനിലെന്നാർശാസ്ത്രജ്ഞരെ'ന്നുടൻ
ചൊല്ലുകയായ് രാഘവനൊടു രാജധർമ്മസ്ഥരേവരും.
പിന്നീടാ മുനിമാരെല്ലാം രാമനോടങ്ങു ചൊല്ലിനാർ:—
'മന്നവൻ ശാസിതാവാക്കും നീ വിശേഷിച്ചു രാഘവ:
മൂപ്പാക്കും ശാസിതാവാം നീ വിഷ്ണുദേവൻ സനാതനൻ.'
അവരേവരുമീവണ്ണംചൊന്നപ്പോൾശ്വാവുമോതിനാൻ:-
'തുഷ്ടനായെങ്കിൽ നീ രാമ, തരാമെങ്കിൽ വരം മമ, നൃപ!
'എന്തുചെയ്യേണ്ടു ഞാനെ'ന്നുവീര,നീയേററതിൻവിധം,
കൊടുക്കുകീ ബ്രാഹ്മണന്നു കൌലപത്യം നരാധിപ;
കാലഞ്ജരത്തിൽ ഭൂപേന്ദ്ര, കൌലപത്യം കൊടുക്കുക.'
ഉടനേ രാമനാൽക്കൌലപത്യത്തിലഭിഷിക്തനായ്
പോയാനാനപ്പുറത്തേറി മോദിച്ചാപ്പൂജിതൻ ദ്വിജൻ.
അപ്പൊഴാ രാമസചിവരത്ഭുതപ്പെട്ടു ചൊല്ലിനാർ:-
'വരമല്ലോ ദ്വിജന്നേകീ; ശാപമല്ലിതു സുപ്രഭ!'
ഏവം സചിവർചൊന്നാറേ രാമനൊന്നരിയാടിനാൻ:-
'നീതിസ്സത്തറിയാ നിങ്ങൾ കാരണം ശ്വാവറിഞ്ഞിടും.'
പിന്നെരാമൻെറ ചോദ്യത്താൽസ്സാരമേയമിതോതി
(നാൻ:-
'അങ്ങിരുന്നേൻ, കുലപതിയായിശ്ശിഷ്ടാന്നമുണ്ടു ഞാൻ:
ദേവബ്രാഹ്മണപൂജയ്ക്കും ദാസദാസീജനത്തിനും
വക നല്കിശ്ശുഭം തേടിദ്ദേവസ്വം രാമ, കാത്തുഞാൻ.
വിനീതൻ ശീലസമ്പന്നനേവക്കും ഹിതതൽപരൻ,
ആ ഞാൻ നികൃഷ്ടനിലയാമിഗ്ഗൊരാവസ്ഥ പൂകിനേൻ;

Digitized By Kerala Sahitya Akademi

ഈശ്ശുണ്ണിയേറും ദ്വിജനോ ദ്രോഹിപ്പവനധാർമ്മികൻ
ക്രുദ്ധൻ നൃശംസൻ പരുഷനവിദ്വാൻ ധർമ്മമററവൻ
പാതിത്യമിരേഴുതലമുറയ്ക്കേകും കകുത്സ്ഥജ!
അതിനാലേതുപൊഴുതും കൈവലപത്യമെടുക്കൊലാ:
കരാളെബ്ബന്ധുഗോപുത്രരോടും നരകിയാക്കുവാൻ,
ദേവഗോബ്രാഹ്മണരുടെ മേൽനോട്ടം നല്കിയാൽ മതി!
ബ്രഹ്മസ്വ,മഥ ദേവസ്വം,സ്ത്രീസ്വത്തും,ബാലവിത്തവും,
കൊടുത്തതും ഹരിപ്പുന്നോനിഷ്ടരൊത്തു നശിച്ചുപോം.
ആരെടുക്കുന്നു ദേവസ്വം ബ്രഹ്മസ്വമിവ രാഘവ,
വീണുപോം ദാരുണാവീചിനരകത്തിലവൻ ക്ഷണാൽ.
മനസ്സുകൊണ്ടും ദേവസ്വബ്രഹ്മസ്വങ്ങളെടുക്കുകിൽ,
നരകാൽ നരകത്തിങ്കൽ വീണുപോം,മാ നരാധമൻ.'
ആ വാക്കു കേട്ടു രാമന്നു കൺ വിടൎന്നിതു വിസ്മയാൽ;
തേജസ്സു കൂടിടും ശ്വാവോ, പോയാൻ വന്നവഴിക്കുതാൻ.
മുൻജന്മത്താലവൻ ശിഷ്ടൻ ജാതിമാത്രം ദുഷിച്ചവൻ,
കാശിയിങ്കൽ മഹാഭാഗൻ ചെയ്തു പ്രായോപവേശവും.

—•<>•—

## പ്രക്ഷിപ്തം മൂന്നാംസർഗ്ഗം:
## ഗൃധ്രോലൂകവിവാദം.

ആ രമ്യമാം മലംകാട്ടിൽ, നല്ലവൃക്ഷങ്ങളുള്ളതിൽ,
കുയിൽക്കൂട്ടങ്ങൾ കൂകീടുന്നതിൽ,പ്പുഴ ചുഴന്നതിൽ,
സിംഹവ്യാഘ്രങ്ങളും നാനാപക്ഷിച്ചാർത്തും നിറഞ്ഞതിൽ
ചാർത്തിരുന്നു പെരുത്തോണ്ടായ് കഴുവൊന്നൊ,രുലൂകവും.
അവരിൽക്കഴുകൻ ദുഷ്ടൻകൊണ്ടു കൂമന്റെ കൂടിനെ,

Digitized By Kerala Sahitya Akademi

‘ഇതെന്റതെ’ന്നു കയ്യേറി,യവനായ്ശ്ശൃങ്ഗക്കൂട്ടിനാൻ.
‘ലോകത്തിലെല്ലാം രാജാവു രാമൻ താമരസേക്ഷണൻ;
അവങ്കൽച്ചെല്ലുകടൻ നാ,മിക്കൂട്ടിനാർക്കെന്ന തീ
(ർപ്പിനായ്.’
എന്നാലോചിച്ചുറച്ചിട്ട,ങ്ങൊരു തീർച്ച വരുത്തുവാൻ
പോന്നാരക്കഴുകൂമന്മാര,രിശം പൂണ്ടമർഷിതർ. ൩
ചിക്കെന്നു രാമന്നരികിലെത്തിത്തൃക്കാൽ വണങ്ങിനാർ
തമ്മിൽ വൈരംവരികയാൽക്കലഹിച്ചുംകലങ്ങിയോർ;
പിന്നീടാ നൃപനെപ്പാർത്തു കഴുവൊന്നുരിയാടിനാൻ:—
‘സുരർക്കുമസുരർക്കും നീ മേലാളെന്നു നിനപ്പു ഞാൻ.
ഗുരുശുക്രരിലും മീതെയാണങ്ങുന്നു മഹാദ്യുതേ!
പാരിൻമേൽക്കീഴറിയുവോൻ, ശ്രീയാൽ മറ്റൊരു വെ
(ണ്മതി,
സൂര്യനെപ്പോലെ ദുർദ്ദർശൻ,ഹിമവാൻ ഗൌരവത്തിൽനീ;
ഗാംഭീര്യത്തിൽപ്പയോരാശി,ലോകരക്ഷയിൽ നീ യമൻ;
ക്ഷമയാലൂഴി പോലുള്ളോൻ, വേഗത്താൽക്കാററിനൊത്ത
(വൻ,
ഗുരു നീ സർവസമ്പന്നൻ കാകുത്സ്ഥ പുകളാണ്ടവൻ, ൧൦
അമർഷി, ദുർജ്ജയൻ, ജിഷ്ണു, സർവാസ്ത്രവിധിപാരഗൻ!
കേൾക്കകെന്നറിയിപ്പുണ്ടു രാമ, പൂരുഷപുങ്ഗവ:
പൂർവന്മാർ തീർത്തൊരെൻഗേഹം കൈമിടുക്കാലെരാലവ,
കൂമൻ തട്ടിപ്പറിയ്ക്കുന്നു കാത്തുരക്ഷിയ്ക്ക തമ്പുരാൻ!’
ഏവം കഴു കഥിച്ചാറെ കൂമനൊന്നുരിയാടിനാൻ:—
‘സോമേന്ദ്രസൂര്യധനദകൃതാന്തന്മാരിൽനിന്നുപോൽ
ജനിയ്ക്കുന്നു നൃപൻ രാമ;തെല്ലൊന്നേയുള്ളു മാനുഷം;

Digitized By Kerala Sahitya Akademi

അങ്ങോ, സൎവമയൻ ദേവനാഥനാം വിഷ്ണു പോലവേ!
സൌമ്യതാഗുണങ്ങളുണ്ടല്ലോ, രാജൻ, വേണ്ടുംവിധം വിഭോ:
നോക്കിസ്സമം ചരിപ്പൂ നീ;-യതിനാൽസ്സോമജൻ ഭവാൻ.
ദാനദണ്ഡക്രുധകളിൽ പ്രജേശൻ പാപഭീഹരൻ,
ദാതാ, ഗോപ്താവു, ഹൎത്താവു, ഞങ്ങൾക്കിന്ദ്രോപമൻഭവാ
സൎവഭൂതദുരാധൎഷൻ,തേജസ്സാൽത്തിയ്യിനൊത്തവൻ, (ൻ.
പാരിന്നു നിത്യം ചൂടേകുന്നവൻ, സൂൎയ്യോപമൻ ഭവാൻ.
സാക്ഷാൽവിത്തേശതുല്യൻനീയ,ല്ലെങ്കിൽധനദാധികൻ:
ശ്രീ നിങ്കൽധനദങ്കൽപ്പോലുണ്ടെന്നും രാജസത്തമ;
ധനദൻതൻതൊഴിലിനാൽ ഞങ്ങൾക്കു ധനദൻ ഭവാൻ.
ചരാചരങ്ങളാം സൎവഭൂതൌഘങ്ങളിലും സമൻ;
ശത്രുമിത്രങ്ങളിൽദൃഷ്ടി തുല്യമങ്ങേക്കു രാഘവ;
കാൎയ്യത്തിൽത്തീൎപ്പുചെയ്കെന്നുംധൎമ്മംപോലാണുശാസനം;
രാമ, നിൻകോപമേല്ക്കുന്നോനെ മൃത്യു മണ്ടിയണഞ്ഞിടും;
അതിനാൽച്ചൊല്ലു യമനെ,ന്നതിവിക്രാന്തനങ്ങയെ.
ഭവാൻെറയീ മാനുഷമാം ഭാവവും നൃപസത്തമ,
കനിവേറുന്നതാം രാമ, സത്വൌഘത്തിൽ ക്ഷമിപ്പതാം.
ബലം കെട്ടോരനാഥന്നു ബലം മന്നവനല്ലയോ;
കണ്ണില്ലാത്തോനു നൽക്കണ്ണു ഗതിഹീനന്നു നീ ഗതി.
ഞങ്ങൾക്കുംനാഥനല്ലോനീ;കേൾക്കകെൻവാക്കധാൎമ്മിക:
കഴവെൻകൂടണഞ്ഞെന്നെ ദ്രോഹിക്കുന്നു നരേശ്വര;
നീയല്ലോ ദേവമൎത്ത്യൎക്കു ശാസിതാവു നരൎഷഭ!'

ഇതു കേട്ടിട്ടു കാകുത്സ്ഥൻ വിളിച്ചാനങ്ങമാത്യരെ: വദി
ജയന്തൻ, ധൃഷ്ടി, വിജയൻ,സിദ്ധാൎത്ഥൻ,രാഷ്ട്രവൎദ്ധനൻ,
അശോക-ധൎമ്മപാലന്മാര, സുമന്ത്രൻ സുമഹാബലൻ,

Digitized By Kerala Sahitya Akademi

രാമന്റെ മന്ത്രികളിവർ, മന്നൻ ദശരഥന്റെയും,
നീതിമാന്മാർ മഹാത്മാക്കൾ ശാസ്ത്രമെല്ലാം പഠിച്ചവർ
കൂറുള്ളവർ കുലീനന്മാർ നയമന്ത്രവിശാരദർ;
വിളിച്ചാനവരെദ്ധർമ്മി, പുഷ്പകം വിട്ടിറങ്ങിനാൻ,
അശ്ശൂദ്രോലൂകവാദത്തെച്ചോദിച്ചാൻ രഘുസത്തമൻ:–
'നിന്റെ കൂടിതു നിർമ്മിച്ചിട്ടെത്രയാണ്ടായി, ഗൃധ്രമേ?
ഇക്കാര്യം ചൊല്ലുകറിവുണ്ടെങ്കിലെ,ന്നോടു സത്യമായ്.'
ഇതു കേട്ടിട്ടു കഴുകൻ കാകുത്സ്ഥനൊടു ചൊല്ലിനാൻ:–
'ഇയ്യൂഴി ചൂഴവേ രാമ, ജാതരായ മനുഷ്യരാൽ
നിറയപ്പെട്ടതെന്നൊട്ടു,ണ്ടന്നേമുതലെൻഗൃഹം.'
ക്ലൂമനും രാമനോടോതീ:–'തമ്പുരാനേ, മരങ്ങളാൽ
ശോഭിച്ചതെന്നോ പാർത്തിട്ടി,തുണ്ടന്നേമുതലെൻഗൃഹം.'

ഇതു കേട്ടുടനേ രാമൻ സഭ്യന്മാരോടു ചൊല്ലിനാൻ:–

"വൃദ്ധൻ പെടാത്തിൽ,സ്സഭയല്ലതല്ലോ;
ധർമ്മം കഥിയ്ക്കാത്തവർ വൃദ്ധരല്ലാ;
സത്യം കൂടാതുള്ളതു ധർമ്മമല്ലാ,
വ്യാജം കലർന്നുള്ളതോ, സത്യമല്ലാ.

അറിഞ്ഞിട്ടെപ്പൊഴും ചിന്ത പൂണ്ടു മിണ്ടാതിരിയ്ക്കിലോ,
അസ്സഭ്യർ വേണ്ടതോതാത്തോരേ,വരും ദോഷരപ്പവർ!
അറിഞ്ഞിട്ടുത്തരം ചൊല്ലാ കാമാൽ ക്രോധാൽ ഭയാലെ (വൻ, നര
അവൻ, തങ്കൽപ്പിണയ്ക്കുന്നു വരുണക്കയറായിരം;
അതിലോ,രാണ്ടു ചെല്ലുമ്പോളൊന്നേ കയറഴിഞ്ഞിട്ടു!
അതിനാൽസ്സത്യമറിവോൻ സത്യം നേരിട്ടു ചൊല്ലണം.'

Digitized By Kerala Sahitya Akademi

ഇതു കേട്ടിട്ടമാത്യന്മാർ കാകുത്ഥനൊടുണൎത്തിനാർ:-
'ക്ഷമൻ നേർ ചൊല്ലു രാജാവേ, കഴ്‌വല്ലാ മഹാമതേ.
പ്രമാണം നീ നൃപശ്രേഷ്ഠ: നൃപനല്ലോ മഹാഗതി;
നാട്ടാൎക്കെല്ലാം നൃപൻ തായ്‌വേർ; നൃപൻ ശാശ്വതധൎമ്മ
രാജാവു ശാസിച്ചുവരും നരർ ദുൎഗ്ഗതി പൂകിടാ; (മാം!
കൃതാന്തനാലുപേക്ഷിയ്ക്കപ്പെട്ടോരാ,മാ നരോത്തമർ.'
അമാത്യർതന്നഭിപ്രായം കേട്ടു രാമനുമോതിനാൻ:-
'കേൾപ്പിൻ,ചൊല്ലാം പുരാണത്തിൽപ്പറഞ്ഞിട്ടുള്ളതിങ്ങു
വാനും ചന്ദ്രാൎക്കതാരങ്ങൾ വങ്കാടും പൎവ്വതങ്ങളും (ഞാൻ.
സചരാചരമപ്പാരുമാഴിവെള്ളത്തിലാണ്ടുപോയ്.
അനേകനായരുളി മറെറാരു മേരു കണക്കെവൻ,
ആ വിഷ്ണുവിൻ തിരുവയർ പുക്കാൾ ശ്രീയൊത്തു മേദിനി.
ഭൂതാത്മാവവളെ സ്വൈരമുൾച്ചേൎത്താഴിയ്ക്കകത്തു പോയ്
കിടന്നുറങ്ങീ വളരെക്കാലം ദേവൻ മഹാദ്യുതി.
വിഷ്ണു പള്ളിയുറങ്ങുമ്പോൾ ബ്രഹ്മാവു വയർ പൂകിനാൻ;
പിന്നെ,പ്പുഴത്തു കാണാഞ്ഞിട്ടങ്ങുവാണാൻ സുയോഗവാൻ.
വിഷ്ണുവിൻനാഭിയിൽപ്പൊന്തണ്ടാരൊന്നുണ്ടായവേള
(യിൽ
പുറത്തു പോന്നാ ബ്രഹ്മാവു യോഗിയായി മഹാപ്രഭു [illegible]
സൃഷ്ടിയ്ക്കൊരുങ്ങി,ഭൂവായുപൎവ്വതങ്ങൾ മരങ്ങളും
മൎത്ത്യസൎപ്പാദികളെയും സൃഷ്ടിച്ചാൻ വൻതപസ്സിനാൽ,
ജരായുജാണ്ഡജകളാമെല്ലാപ്രജകൾതമ്മെയും.
അന്നു കൎണ്ണമലത്തിങ്കൽനിന്നുണ്ടായ് മധുകൈടഭർ:
അദ്ദാനവർ മഹാവീൎയ്യർ, ഘോരരൂപർ, ദുരാസദർ
അങ്ങു ധാതാവിനെക്കണ്ടിട്ടരിശംതേടിനാർ തുലോം;

Digitized By Kerala Sahitya Akademi

ഉടൻ പെരിയൊരുക്കോടേ പാഞ്ഞെററാരാത്മയോനി
(യെ.
അതു കണ്ടിട്ടു വല്ലാത്തൊരൊച്ചയിട്ടാൻ പിതാമഹൻ;
അശ്ശബ്ദംകൊണ്ടുഹരിയോടൊത്തെതിർത്തിതുദാനവർ. ൨൦
അതിൽത്തൃച്ചക്രമേററിട്ടു ചത്തുപോയ് മധുകൈടഭർ;
മേദസ്സിനാൽക്കതിന്നുംപോയ് ഭൂമിയൊട്ടുക്ക നീളവേ.
ശുദ്ധിപ്പെടുത്തിനാൻ വീണ്ടുമാ വിശ്വംഭരനാം ഹരി;
മരങ്ങളാൽ നിറച്ചാനാ വിശുദ്ധിപ്പെട്ട ഭൂമിയെ.
നാനാസസ്യൌഷധികളുമുണ്ടായ്വന്നു സമഗ്രമായ്;
ഭുവിന്നു മേദോഗന്ധത്താലത്രേ, മേദിനിയെന്ന പേർ.
അതിനാൽ,ക്കൂട കഴകൻേറതല്ല,മൺേറയാം ദ്വന്ദ്വം;
ദണ്ഡ്യനാണന്യഭവനം കയ്യേറും പാപിയാം കഴ.
ഉപദ്രവിപ്പു പാപാത്മാവിവൻ വലിയ ദുർന്നയൻ!"
കേൾക്കായൊ,രശരീരിച്ചൊല്ലാകാശത്തിങ്കൽനിന്നു
(ടൻ:_ ൨൫
'കൊല്ലായ്കാശു തപോവീര്യാൽ മുന്നമേ വെന്ത ഗൃധ്രനെ:
കാലഗൌതമനാൽദ്ദഗ്ദ്ധനൊരു രാജാവിവൻ നൃപ;
ബ്രഹ്മദത്താഹ്വയനിവൻ ശൂരൻ സത്യവ്രതൻ ശുചി.
ഇദ്ദേഹത്തിൻ ഗൃഹത്തിൽച്ചെന്നന്തണൻ നൃപസത്തമ,
യാചിച്ചാനൊരുനൂററാണ്ടുകാലത്തെയ്യൂഷ്ടി നല്കുവാൻ.
ഉടനേ നൃപനാം ബ്രഹ്മദത്തൻ താൻതാനൊരുക്കിനാൻ
അത്തേജസ്വിക്കു പാദ്യാർഘ്യം, ഹൃദ്യമാകിയ ഭക്ഷ്യവും.
അന്നാ മഹാൻെറ ഭോജ്യത്തിൽ മാംസമുണ്ടായിരുന്നു
(പോൽ;
അതിൽച്ചൊടിച്ചു,വന്നുഗ്രശാപമൊന്നേകിനാൻ മുനി:-

Digitized By Kerala Sahitya Akademi

'രാജൻ, നീ കഴുവാകാ,' 'ഹാ, ചെയ്യൊല്ലേ'ന്നോതിനാ
(നവൻ:- ന്നം
പ്രസാദിക്കുക ധർമ്മജ്ഞ: ഞാനറിഞ്ഞീല സുവ്രത!
ശാപമോക്ഷം മഹാഭാഗ, കല്പിക്കുക മമാനഘ!'
അറിയാതാണിതെന്നെണ്ണി, ക്ഷമാപരോടരുളീ മുനി:-
'ഇക്ഷ്വാകുരാജവംശത്തിൽപ്പിറക്കമതികീർത്തിമാൻ
രാമനെന്ന മഹാഭാഗൻ രാജാവംബുജലോചനൻ;
അവൻ തൊട്ടാലൊഴിഞ്ഞീടും പാപം തവ നരർഷഭ!'
അതു കേട്ടുടനേ തൊട്ടു രാമൻ ഭൂപനരേന്ദ്രനെ;
ഗൃധ്രതം വിട്ടരചനും ദിവ്യഗന്ധാനുലേപനായ്
ദിവ്യാത്മാവാം പുരുഷനായ്ക്കാകുത്സ്ഥനൊടിതോതി
(നാൻ:-
'കൊള്ളാം രാഘവ, ധർമ്മജ്ഞ, നിൻപ്രസാദേന ഞാൻ
(വിഭോ
ഘോരമാം നരകം വിട്ടേൻ; ശാപമോക്ഷം വരുത്തി നീ!'

## അറുപതാംസർഗ്ഗം: ഭാർഗ്ഗവാദ്യാഗമനം.

രാമലക്ഷ്മണരന്നേവം സംസാരിച്ചരുളീടവേ,
വസന്തനിശ വന്നെത്തീ തണുപ്പും ചൂടുമെന്നിയേ.
നേരംനന്നായ്പ്പുലന്നാറേ കൃതപൂർവാഹ്നകൃത്യനായ്
രാഘവൻ പൌരകാര്യങ്ങൾക്കാസ്ഥാനത്തെഴുന്നള്ളിനാൻ.
പിന്നെസ്സുമന്ത്രൻ വന്നിട്ടു കാകുത്സ്ഥനൊടുണർത്തിനാൻ:-
'ആജ്ഞകിട്ടാഞ്ഞിതാ,രാജൻ,ദ്വാരേനില്ക്കുന്നു താപസർ:
ഭൃഗുവംശ്യൻ ച്യവനനെ മുന്നിറുത്തി മഹർഷിമാർ



Digitized By Kerala Sahitya Akademi

മഹാരാജാവിനെക്കാണ്മാൻ തിടുക്കീടുന്നു സത്വരം
പ്രീതി പൂണ്ടു നരവ്യാഘ്ര, യമുനാതീരവാസികൾ.'
അവൻെറവചനംകേട്ടു ധർമ്മജ്ഞൻരാമനോതിനാൻ:- ൪
'ഉൾപ്പൂകിയ്ക്ക മഹാഭാഗഭാർഗ്ഗവാദിമവിപ്രരെ.'
രാജാജ്ഞ നേടി ദ്വാരസ്ഥൻ തലയിൽത്തൊഴുകയ്യുമായ്-
ദുർദ്ധർഷരാം താപസരെയകത്തെയ്ക്ക കടത്തിനാൻ.
നൂററിൽപ്പുറംപേരവിടെ,ത്തൻതേജസ്സാൽജ്വലിപ്പവർ
കൊട്ടാരത്തിലകംപുക്കാർ മഹാത്മാക്കൾ തപോധനർ.
ആ വിപ്രർ, സർവ്വതീർത്ഥാംബു നിറച്ചുള്ള കുടങ്ങളും
വളരെക്കാഴ്ചനികളും കാഴ്ചവെച്ചിതു രാമനിൽ.
അതെല്ലാം—തീർത്ഥജലവും നാനാകാഴ്ചകളുമൊക്കവേ—
സ്വീകരിച്ചിട്ടു സംപ്രീതി വെളിവാക്കിയ രാമനും
അരുൾചെയ്താൻമഹാബാഹുമുനീന്ദ്രന്മാരൊടൊക്കവേ:-
'ഇതാ, മികച്ചാസനങ്ങൾ യഥായോഗ്യമിരുന്നിടാം.'
രാമൻെറ വാക്കു കേട്ടിട്ടു മഹാമുനികളേവരും
മിന്നും പൊന്നിൻബ്ബ്രസികളിലിരുന്നരുളിനാരുടൻ.
ഇരുന്ന താപസന്മാരെ നോക്കിപ്പരപുരഞ്ജയൻ,
തുലോമൊതുങ്ങിത്തൊഴുതൊന്നുരചെയ്തിതു രാഘവൻ:-
'നിങ്ങളെന്തിന്നെഴുന്നള്ളീ? ഞാൻ ശ്രദ്ധിച്ചെന്തുചെയ്യ(ണം?
ആജ്ഞാവശ്യൻ ഞാൻ മുനീന്ദ്രർക്കെ,ന്തിഷ്ടവും സൈ്വരമേ(കുവോൻ.
എൻെറ രാജ്യമിതൊട്ടുക്കും, നെഞ്ചകത്തുള്ള ജീവനും,
ഇതൊക്കെ ബ്രാഹ്മണർക്കുള്ളൊന്നി;-ച്ചൊല്ലുന്നതു സത്യ(മാം!'

Digitized By Kerala Sahitya Akademi

അവൻെറ ഭാഷിതം കേട്ട നന്നെന്നൊച്ചമുഴക്കിനാർ ഉ
തപം കടുത്ത മുനിമാർ യമുനാതീരവാസികൾ.
പിന്നെപ്പെരിയ ഹർഷം പൂണ്ടാമഹാത്മാക്കളോതിനാർ:-
'അങ്ങല്ലോ ചെന്നിട്ട മന്നിലി,ല്ലന്യനു നരോത്തമ:
കഴിഞ്ഞുപോയവളരെക്ഷ്മാപർ ഭൂപ, മഹാബലർ
കാൎയ്യഗൌരവമോൎത്താൎയ്യം ചെയ്യിട്ടില്ലാ പ്രതിജ്ഞയെ;
കഥിച്ചുവല്ലോ ദ്വിജഭക്തി മൂലമീ-
പ്രതിജ്ഞ, കാൎയ്യം നിനയാതെതന്നെ നീ!
ഫലിയ്ക്കയുംചെയ്യുമതീ,ഷലില്ലിതിൽ;-
പ്പെട്ടുംഭയം തീൎത്തൃഷിരക്ഷ ചെയ്ക നീ.'

---

## അറുപത്തൊന്നാംസർഗ്ഗം:
## ലവണപീഡാകഥനം.

---

ഇവണ്ണം മുനിമാർ ചൊല്ലേ,ക്കാകുത്സ്ഥനുരിയാടിനാൻ:—
'കാൎയ്യമെന്ത്യ?ഷിമാർ ചൊല്ലിൻ; നീങ്ങട്ടേ നിങ്ങൾതൻ ഭയം.'
കാകുത്സ്ഥനാവിധം ചൊന്നനേരം ഭാൎഗ്ഗവനോതിനാൻ:-
"കേൾക്ക, നാടിൻഭയങ്ങൾക്കു ഹേതുവെന്തെന്നു പാൎത്ഥിവ:
രാജൻ, കൃതയുഗത്തിൽപ്പണ്ടൊരുദൈത്യൻ മഹാബലൻ
ലോലസ്യ മൂത്ത മകനായുണ്ടായ് മധു മഹാസുരൻ
ശരണ്യൻബ്രാഹ്മണഹിതൻ ബുദ്ധിസ്ഥൈൎയ്യവുമുള്ളവൻ

Digitized By Kerala Sahitya Akademi

വമ്പേറുമമ്പരൊടവന്നുണ്ടായ് നിസ്തുല്യമൈത്രിയും.
വീര്യവാനാം മധുവവൻ ധർമ്മത്തിൽസ്ഥിരചിത്തനായ്
തപം ചെയ്താൻ ശിവപ്രീതിക്കനേകായിരമാണ്ടുകൾ. ൯
അവങ്കൽപ്രീതനായ്ച്ചെന്നാൻ ഗിരിശൻ വരമേകുവാൻ;
കൊണ്ടാടി രുദ്രനവനു നല്കിനാനത്ഭുതം വരം.
മിന്നുന്നൊരു മഹാവീര്യശൂലം ശൂലത്തിൽനിന്നുതാൻ
വലിച്ചെടുത്തേകി മുദാ മഹാത്മാവുരിയാടിനാൻ:—
'നീയീ നിസ്തുലമാം ധർമ്മം ചെയ്തല്ലോ, ഞാൻതെളി
(ഞ്ഞിടാൻ;
അതിനാലതിസന്തുഷ്ട്യാ തന്നേൻ പെരിയൊരായുധം.
ദേവദ്വിജരൊടെന്നോളം പിണങ്ങാ നീ മഹാസുര,
നിനക്കന്നോളമിശ്ശൂലം; മറിച്ചായാൽ മറഞ്ഞുപോം.
ആരാനുമിണ്ടലില്ലാതെ നിന്നോടമരിനേല്ക്കുകിൽ,
ശൂലമായാളെ നീറാക്കിപ്പേർത്തും നിൻകയ്യിലെത്തിടും.' ൧൦
രുദ്രങ്കൽനിന്നിതിൻവണ്ണം വരം നേടി മഹാസുരൻ
വീണ്ടും നമസ്കരിച്ചേവം മഹാദേവനൊടോതിനാൻ:—
'ഭഗവാനേ, മഹത്താമിശ്ശൂലമെന്റെ കുലത്തിനും
നില്ക്കേണമെന്നുമേ ദേവ; നാഥനല്ലോ സുരർക്ക് നീ.'
എന്നുരയ്ക്കും മധുവൊടാസ്സർവ്വഭൂതേശ്വരൻ ശിവൻ
ചൊല്ലീ തേജസ്വിയാം ദേവൻ:—'പറ്റുകില്ലിതതിൻ
(വിധം:
പാഴാകൊല്ലെൻപ്രസാദത്താൽ, നീയപേക്ഷിച്ചതത്രയും
നിന്റെ പുത്രനൊരുത്തന്നിശ്ശൂലം സ്വാധീനമായ്വരും.
എപ്പോൾ നിൻമകനിശ്ശൂലം കയ്യിലുണ്ടായിരിക്കുമോ,
അപ്പോളേതൊരുദേഹിക്കും ശൂലഹസ്തനവധ്യനാം.' ൧൧

Digitized By Kerala Sahitya Akademi

ദേവനോടീ മഹാശ്ചര്യവരവും വാങ്ങിയാ മധു
തിളങ്ങുന്നോരു ഭവനം തീർപ്പിച്ചാനസുരോത്തമൻ.
അവനു കുംഭിനസിയാം ധന്യയാൾ പ്രിയപത്നിയായ്:
ദീപ്താംഗി വിശ്വാവസുവിന്നുണ്ടായോളനലാഖ്യയിൽ.
അവൾക്കുണ്ണി മഹാവീര്യൻ ഘോരൻ ലവണനെന്നവൻ
ബാല്യംമുതല്ക്കേ പാപങ്ങൾ ചെയ്തുപോന്നാൻദുരാശയൻ.
മധുവാകട്ടെ, പുത്രന്റെ ദുർന്നടപ്പുകൾ കാൺകയാൽ
കോപവും താപവും പൂണ്ടാൻ; ചൊല്ലീലിവനൊടൊന്നു
ഈ ലോകം വിട്ടുപോയിട്ടു വരുണാലയമാണ്ടവൻ (മേ!
ശൂലത്തെ ലവണന്നേകി,യറിയിച്ചാൻ വരത്തെയും. ൨൦
അവൻ ശൂലപ്രഭാവത്താൽ നിജദുഷ്ടതയാലുമേ
തപിപ്പിക്കുന്നു മൂപ്പാരും വിശേഷാൽ മുനിമാരെയും.
പ്രഭാവമേവം ലവണന്നു,മ്മട്ടല്ലൊന്നു ശൂലവും;
നീയേ പ്രമാണം കാകുത്സ്ഥ: നീയേ ഞങ്ങൾക്കൊരാശ്ര
വളരെപ്പാർത്ഥിവരൊടു ഭയാർത്തരൃഷിമാർ പുരാ (യം!
യാചിച്ചാരഭയം വീര; കാണ്മീലാ രക്ഷിതാവിനെ!
പിന്നെദ്ദശാസ്യൻസബലൻകൊല്ലപ്പെട്ടതു കേൾക്കയാൽ,
കാണ്മില താത,രക്ഷയ്ക്കു മന്നിൽ മറ്റൊരു ഭൂപനെ;
കാത്താൽക്കൊള്ളാംലവണനാൽബ്ഭയപ്പാടേററ ഞങ്ങളെ!

അറിയിച്ചിതു രാമ, നിന്നൊടി-
ങ്ങിതുമട്ടിൽ,ബ്ഭയഹേതുവുള്ളതും;
കഴിവുണ്ടു തടുക്കുവാൻ നിന-
ക്കു;-തു ചെയ്യാലുമഹീനവിക്രമ."

## അറുപത്തിരണ്ടാംസർഗ്ഗം: ശത്രുഘ്നനിയോഗം.

എന്നോതും മുനിമാരോടു രാമനുംതൊഴുതോതിനാൻ:—
'തീററയെന്തു, നടപ്പെന്തു, ലവണനെങ്ങു പാർപ്പിടം?'
കാകുത്സ്ഥനുടെയിച്ചോദ്യം കേട്ടാ മുനികളേവരും,
അറിയിച്ചീടിനാരങ്ങു ലവണന്റെ വളർച്ചയെ:—
"തീററ ജന്തുക്കളൊട്ടുക്ക, വിശേഷിച്ചും തപസ്വികൾ;
നടപ്പെല്ലായ്പ്പൊഴും ക്രൌര്യം, പാർപ്പോ മധുവനത്തിലും.
അനേകമായിരം സിംഹവ്യാഘ്രദ്വിപമൃഗത്തെയും
മനുഷ്യർതമ്മെയും കൊന്നുതിന്നുന്നു പകൽ നിത്യവും;
മററുള്ള ജന്തുക്കളെയും തിന്നുന്നു ബലവാനവൻ,
സംഹാരസമയേ വായപിളൎന്ന യമനാംവിധം." ൭
ആ വാക്കു കേട്ടു കാകുത്സ്ഥൻ മുനിമുഖ്യരൊടോതിനാൻ:—
'കൊല്ലിപ്പനാ രാക്ഷസനെ നീങ്ങട്ടേ നിങ്ങൾതൻഭയം.'
തേജസ്സാളും മുനികളോടമ്മട്ടേററു പറഞ്ഞവൻ,
ചേർന്നൊത്ത തമ്പിമാരോടു ചോദിച്ചാൻ രഘുനന്ദനൻ:—
'വീരൻ ലവണഹിംസയ്ക്കാര്? താർതൻ ഭാഗമാക്കണം?
മഹാഭുജൻ ഭരതനോ ധീമാൻ ശത്രുഘ്നനോ പരം?'
കാകുത്സ്ഥനിതുചോദിച്ചനേരം ഭരതനോതിനാൻ:—
'ഞാൻ കൊന്നുകൊൾവനവനെ—യായതെൻ ഭാഗമാ
(ക്കിടാം.'
ധൈര്യവും ശൌര്യവും ചേൎന്ന ഭരതച്ചൊല്ലു കേട്ടുടൻ
സ്വർണ്ണാസനാലെഴുന്നേററുനിന്നാനാ ലക്ഷ്മണാനുജൻ;
നരനായകനെക്കുമ്പിട്ടഥ ശത്രുഘ്നനോതിനാൻ:—
'തൊഴിൽ ചെയ്തു മഹാബാഹു മധ്യമൻ രഘുനന്ദനൻ:

Digitized By Kerala Sahitya Akademi

ചാലിച്ചുപോന്നുവല്ലോ പണ്ടാൎത്തിയില്ലാത്തയോദ്ധ്യയെ
സന്താപമുള്ളിൽ വെച്ചുംകൊണ്ടാൎയ്യൻ വനെത്തുവോളം
കട്ടേറെയിങ്ങനുഭവിച്ചല്ലോ ദുഃഖങ്ങളും നൃപ: (വും.
നന്ദിഗ്രാമേ പുരാ പാൎത്തു ദുഃഖതല്പക്കിടപ്പോടും
ജടയോടും മരവുരി പൂണ്ടു കാൎശ്യവിവൎണ്ണമായ്.
ദുഃഖമെന്മട്ടനുഭവിച്ചവനീ രഘുനന്ദനൻ
വീണ്ടും കഷ്ടപ്പെട്ടൊല്ലീ, ഞാൻ പ്രേഷ്യനായ് നില്ക്കേ മ
(നാവ!'
ശത്രുഘ്നനാവിധംചൊല്കേ രാഘവൻ വീണ്ടുമോതിനാൻ:-
'ഏവമാവട്ടെ കാകുത്സ്ഥ:-ചെയ്തുകൊൾകെൻെറ ശാസ
(നം;
രാജാവായ് നിന്നെ വാഴിപ്പൻ മധുവിൻ നൽപ്പുരത്തിൽ
നിൎത്തു ഭരതനെ ക്ലേശാൎഹനെങ്കിൽ മഹാഭുജ, (ഞാൻ.
ശൂരൻ വിദ്യപഠിച്ചോൻ നീ പോരുമേ പുരി തീൎക്കുവാൻ.
ഊർ വൈരിയെ മുടിച്ചിട്ടു രാജഭാവത്തിൽ വീണ്ടുമേ
അഞ്ചപ്പെട്ടത്താ നൃപനെ,യവൻ നരകമാണ്ടുപോം.
അതിനാലാ മധുസുതദുഷ്ടനെക്കൊലചെയ്തു നീ
നാടുവാഴകധൎമ്മത്താലെ,ൻ ചൊൽകേൾപ്പവനെങ്കിലോ.
ചൊല്ലൊല്ലുത്തരവും ശൂര, ഞാൻ ചൊല്ലുതിനിടയ്ക്കു നീ,
അണ്ണൻെറശാസനംതള്ളിച്ചെയ്യേണംവാദമില്ലിതിൽ. ()
കൈക്കൊൾക നീ രാഘവ, ഞാൻ നടത്തുമഭിഷേകവും
വസിഷ്ഠാദിദ്വിജന്മാരാൽ വിധിമന്ത്രപുരസ്സരം.'

—൦൦—

Digitized By Kerala Sahitya Akademi

## അറുപത്തിമൂന്നാംസർഗ്ഗം:—
## ലവണവധോപായകഥനം.

---

രാമനിങ്ങിനെ ചൊന്നാറേ ലജ്ജ വല്ലാതുദിയ്ക്കയാൽ,
വിഷ്മമേറിയ ശത്രുഘ്നൻ മെല്ലെ മെല്ലെയുണർത്തിനാൻ:—
'അധർമ്മം ഞാനിതിൽക്കാണ്മൂ കാകുത്സ്ഥ, മനുജേശ്വര:
എമ്മട്ടു,ഗ്രജരുള്ളപ്പോളനുജന്നഭിഷേചനം?
തീർച്ചയായ്ച്ചെയ്കയുംവേണം നിന്നാജ്ഞ പുരുഷർഷഭ:
അതിക്രമിച്ചുകൂടല്ലോ മഹാഭാഗ, തവാജ്ഞയെ;
നീ ചൊല്ലിക്കേൾപ്പൂ ഞാൻവീര,കേട്ടിട്ടുണ്ടാത്തതന്നിലും.
പ്രതിജ്ഞ മധ്യമൻചെയ്കെ,ച്ചൊല്ലിക്കൂടാ മറുത്തു ഞാൻ;
ചൊല്ലിപ്പോയേൻ, 'ലവണനെ ഞാൻ കൊല്ലുവൻ പോരിലെ'ന്നു ഞാൻ;
അശ്ലോരദുർവ്വചസ്സാലാണിക്കഷ്ടം മേ നരർഷഭ!
മറുത്തുചൊല്ലിക്കൂടല്ലോ വീണ്ടും, ജ്യേഷ്ഠനുരച്ചതിൽ,
അധർമ്മം ചേർന്നിടുകിലും പരലോകം കെടുകിലും.
രണ്ടാമതങ്ങയോടും ഞാൻ മറുത്തോതില്ല രാഘവ:
രണ്ടാമത്തതിനാൽദ്ദണ്ഡം പതിയ്ക്കൊല്ലെങ്കൽ മാനദ;
അരുളിച്ചെയ്തതേ ചെയ്വോൻ, ഞാൻ, കാകുത്സ്ഥ, നരർഷഭ.
അകറ്റുകെൻചെയ്വനയിലധർമ്മം രഘുനന്ദന!'
എന്നു ശൂരൻ മഹാത്മാവു ശത്രുഘ്നനുരചെയ്തതിൽ
ഹർഷിച്ചു രാമൻ ഭരതലക്ഷ്മണന്മാരൊടോതിനാൻ:—
'വട്ടങ്ങളഭിഷേകത്തിന്നാസ്ഥയോടേ വരുത്തുവിൻ;
ഇന്നേ ചെയ്വൻ നരവ്യാഘ്രരാഘവനഭിഷേചനം.

Digitized By Kerala Sahitya Akademi

വാദ്ധ്യാരെ, നഗരക്കാരെ,യൃത്വിക്കുകളെ രാഘവ;
അമാത്യരെയുമെല്ലാമെൻചൊല്ലിനാലേ വരുത്തുവിൻ.”

അരുളപ്പാടു കേട്ടിട്ടവ്വണ്ണം ചെയ്താർ മഹാരഥർ,
പുരോഹിതനെ മുന്നിർത്തിയഭിഷേകസമുദ്യമം;
രാജധാനിയിൽ വന്നെത്തീ രാജാക്കളഥ വിപ്രരും.
മുതിർന്നിതു മഹാത്മാവാം ശത്രുഘ്നാഭിഷേചനം,
രാഘവന്നും പുരത്തിന്നും തുഷ്ടി നല്കി,സ്സമൃദ്ധമായ്.
ശത്രുഘ്നനഭിഷേകത്താൽ വിളങ്ങീ സൂര്യസന്നിഭൻ,
സേന്ദ്രദേവാഭിഷേകത്താൽ സ്കന്ദൻപണ്ടെന്നപോലവേ.
അക്ലിഷ്ടകാരിയാം രാമൻ ശത്രുഘ്നാഭിഷേചനം
ചെയ്കതിൽപ്പൌരർ മോദിച്ചു പഠിപ്പേറിയ വിപ്രരും.
കൌസല്യ, കൈകേയി,യഥ സുമിത്രയിവർ മങ്ഗളം
ചെയ്തു രാജാലയത്തിങ്കൽ മററു രാജ്ഞീജനങ്ങളും.
മുനിമാർ സുമഹാത്മാക്കൾ യമുനാതീരവാസികൾ
ചത്തു ലവണനെന്നോർത്താർ ശത്രുഘ്നാഭിഷേചനാൽ.

പട്ടാഭിഷിക്തനാം ശത്രുഘ്നനെയങ്കത്തിൽ വെച്ചുടൻ
തേജസ്സവനു വായ്ക്കുംമാറിനിപ്പിൽച്ചൊല്ലി രാഘവൻ:–
“നിനക്കമോഘം ദിവ്യാസ്ത്രമിതാ, പരപുരഞ്ജയ;
ഇതിനാൽസ്സൌമ്യ,ലവണൻതന്നെക്കൊല്ലാം കകുൽസ്ഥജ.
സ്വയംഭൂവജിതൻ ദേവനദൃഷ്ടൻ ദേവദൈത്യരാൽ ഹ.
മഹാബ്ധിയിൽശ്ശയിക്കുമ്പോൾത്തീർത്താരമ്പിതു രാഘവ:
ആക്കമേ കണ്ടുകിട്ടാത്തോനവനത്യന്തരുഷ്ടനായ്
നിർമ്മിച്ചതാണീ നല്ലമ്പ്, മധുകൈടഭദുഷ്ടരും
സർവ്വരാക്ഷസരും വീര, വിഘ്നം ചെയ്കെ മുടിയ്ക്കുവാൻ;



Digitized By Kerala Sahitya Akademi

മുപ്പാർച്ചമപ്പാനവരെപ്പോരിൽക്കൊന്നിതു പിമ്പവൻ.
ഈ മികച്ച ശരത്താലന്നക്കൈടഭമധുക്കളെ
കൊന്നിട്ട ജനഭോഗാൎത്ഥം തീൎത്തു ലോകങ്ങളായവൻ.
മുന്നം രാവണനെക്കൊല്ലാനെയ്യതില്ലിശ്ശരത്തെ ഞാൻ
വൻനാശമുണ്ടാംശത്രുഘ്ന,ദേഹികൾക്കെന്നുകാങ്കയാൽ.
വൻശൂലമുണ്ടവന്നല്ലോ, മഹാത്മാവാം ത്രിലോചനൻ ()
ശത്രുക്ഷതിക്കു മധുവിന്നേകിയോരുത്തമായുധം;
ചേൎത്തും പൂജിച്ചുപോന്നീടുമതു ഗേഹത്തിൽ വെച്ചവൻ
ദിക്കിലെല്ലാടവും ചെന്നു മുഖ്യമാം തീററ നേടിടും;
ആരാനുമിവനെപ്പോരിന്നാഹ്വാനംചെയ്യിലപ്പൊഴേ,
അരക്കനശ്ശൂലമെടുത്തവനെബ്ഭസ്മമാക്കിടും.
അതിനാൽ,ശ്ശത്രുഘാതായ് നീ ദ്വാരേ നില്ക്ക നരൎഷഭ,
നിരായുധനവൻ ഗേഹം പൂകുന്നതിനുമുന്നമേ.
പുരംപൂകുന്നതിൻമുമ്പേ പോരിന്നു പുരുഷൎഷഭ,
വിളിക്കേണം മഹാബാഹോ; കൊല്ലാമെന്നാലരക്കനെ.
മറിച്ചുചെയ്യില,വനെക്കൊലചെയ്യാൻകഴിഞ്ഞിടാ; ൩൦
ഈവിധം ചെയ്തുകൊണ്ടാലോ,വീര,നാശമണഞ്ഞുപോം.
ചൊന്നേനിതെല്ലാം നിന്നോടു ശൂലത്തിൻ പരിഹാരവും;
ദുൎല്ലംഘമല്ലോ ശ്രീമാനാം ശിതികണ്ഠൻെറ നിശ്ചയം.”

—o*o—

Digitized By Kerala Sahitya Akademi

# അറുപത്തിനാലാംസൎഗ്ഗം:

## ശത്രുഘ്നപ്രസ്ഥാപനം.

---

എന്നോതിയാരാഘവനെവീണ്ടുംവീണ്ടും പുകഴ്ത്തിനാൻ;
പിന്നീടു വീണ്ടും മറ്റൊന്നു ചൊല്ലിനാൻ രഘുനന്ദനൻ:-
"നാലായിരം കുതിരകളിവയും പുരുഷർഷഭ,
രണ്ടായിരം തേരുകളും നൂറു നല്ല ഗജങ്ങളും
നാനാവാണിഭമുൾച്ചേൎന്ന നടവങ്ങാടിവീഥിയും
കാകുത്സ്ഥനെപ്പിന്തുടരുകാ,ട്ടക്കാർ കൂത്തുകാരുമേ.
മാററു കൂടിയ ലക്ഷം പൊൻനാണ്യവും പുരുഷർഷഭ,
കൊണ്ടുപോയ്ക്കൊൾക ശത്രുഘ്ന, വേണ്ടുംയാനധനങ്ങളും.
വീര, ഹർഷിച്ചു തോഷിച്ചു കീഴ്‌നില്ക്കുംമാറു സേനയെ
ഭരിച്ചു നല്ല വാക്കോതി രഞ്ജിപ്പിയ്ക്കു നരോത്തമ: 3)
നിന്നീടുകില്ല സമ്പത്തും ഭാൎയ്യാബന്ധുജനങ്ങളും,
ഭൃത്യർ സന്തുഷ്ടിയില്ലാതെ മേവുന്നേടത്തു രാഘവ.
ഇപ്പൊഴ് ഹൃഷ്ടജനമാം വൻസൈന്യത്തെയയച്ചു നീ
തനിയേ പോക മധുവിൻ കാട്ടിലെയ്ക്കാ,ത്തചാപനായ്.
നീ പോരിടാൻ ചെല്ലുവതാ ലവണൻ മധുവിൻമകൻ
അറിയാത്തവിധം ചെല്ക, ശങ്കിയ്ക്കപ്പെട്ടിടാതെതാൻ.
മറിച്ചു കൊല്ലാൻ വയ്യാൎക്കുമവനെപ്പുരുഷർഷഭ:
നേരിട്ടുകാണപ്പെട്ടോനെക്കൊന്നീടും ലവണൻ ധ്രുവം.
ഏവം, വേനൽ കഴിഞ്ഞിട്ടു മഴക്കാലം തുടങ്ങിയാൽ,
സൌമ്യ, കൊല്ലു ലവണനെ:-ത്തച്ചിതാണ,ദ്ദുരാശനിൽ.
മഹർഷിമാർതൻപിറകേപോകട്ടേനിൻറസൈനികർ,

Digitized By Kerala Sahitya Akademi

വേനൽ തീരുന്നതിൻമുമ്പേ ഭാഗീരഥി കടക്കുവാൻ.
സൈന്യത്തെയൊട്ടുക്കങ്ങുണ്ടാതീരത്തായ് നിർത്തിയാസ്ഥ
(യിൽ
മുമ്പിട്ടു വില്ലുമായ്ച്ചെല്ക സുശീഘ്രഗതിയായി നീ.''

എന്നു രാമൻെറ ചൊൽ കേട്ടു,ബ്ബലിഷ്ഠബ്ബലമുഖ്യരെ
വരുത്തിനിർത്തി,ശ്ശത്രുഘ്നനവരോടുരിയാടിനാൻ:_
'നിങ്ങൾക്കു നിശ്ചയിച്ചിട്ടുള്ളാ പ്രദേശത്തു പാർക്കുവിൻ;
പിണങ്ങിടാതെ പാർക്കേണ്ണം,മാർഗ്ഗംബാധ പെടാതെയും.'
അവർക്കീയാജ്ഞയരുളി വൻസൈന്യത്തെയയച്ചവൻ
കൌസല്യയ്ക്കും സുമിത്രയ്ക്കും കൈകേയിക്കുംവണങ്ങിനാൻ.
പിന്നീടു രാമനെ വലംവെച്ചു താണുവണങ്ങിനാൻ;
വിട വാങ്ങുകയും ചെയ്താൻ ശത്രുഘ്നൻ ശത്രുതാപനൻ.
ലക്ഷ്മണൻ, ഭരതൻ, വാധ്യാൻ വസിഷ്ഠനിവർതമ്മെയും
പണിഞ്ഞു തൊഴുകയ്യോടേ ശത്രുഘ്നൻ പ്രയതാശയൻ
വലത്തുവെയ്ക്കുയുംചെയ്തു പുറപ്പെട്ടാൻ മഹാബലൻ:

ഗജോത്തമാശ്വൌഘഗണം നിറഞ്ഞതാം
ബലത്തെ മുന്നിട്ടരുൾചെയ്തയച്ചവൻ
നൃപൻെറ ചാരത്തൊരു തിങ്ങൾ മേവിനാൻ;
പിന്നെഗ്ഗമിച്ചാൻ രഘുവംശവർദ്ധനൻ.

—○*○—

Digitized By Kerala Sahitya Akademi

# അറുപത്തഞ്ചാംസൎഗ്ഗം:—
# മിത്രസഹോപാഖ്യാനം.

---

സൈന്യത്തെയൊക്കയുമയച്ചൊ, രുവാസംകഴിഞ്ഞ
(മേൽ,
വഴിക്കേകാകിയായ്പ്പോന്നാൻ ശത്രുഘ്നൻവെമ്പലോടുമേ.
ഇടയ്ക്കു രണ്ടുനാൾ പാൎത്തു ശൂരൻ രാഘവനന്ദനൻ
ചെന്നെത്തി വാല്മീകിശുഭാശ്രമമാം നല്ല പാൎപ്പിടം.
മഹാത്മാവായ വാല്മീകിമുനീന്ദ്രനെ നമിച്ചുടൻ
കരങ്ങൾകൂപ്പിനിന്നേവമറിയിച്ചീടിനാനവൻ:—
'ഭഗവൻ, ഗുരുകാൎയ്യത്താൽ വന്ന ഞാനിങ്ങു പാൎക്കുവൻ;
നാളെക്കാലത്തു പോയീടാം, ഘോരപശ്ചിമദിക്കിനായ്.'
ശത്രുഘ്നവചനം കേട്ടു ചിരിച്ചു മുനിപുംഗവൻ
മഹാത്മാവോടരുളിനാൻ:—'സ്വാഗതം തേ സുകീൎത്തിമൻ!
ഈയാശ്രമം തന്നുതാൻ രഘുവംശ്യൎക്കു സൌമ്യനേ;
കൈക്കൊൾക ശങ്ക കൂടാതെ,ൻപാദ്യമാസനമൎഘ്യവും.'
സൽകാരം സ്വീകരിച്ചിട്ടു കായ്കിഴങ്ങുകൾകൊണ്ടുതാൻ
അത്താഴമുണ്ടാൻ കാകുത്സ്ഥൻ; തേടിനാനുററ തൃപ്തിയും.

കായ്കിഴങ്ങുകൾതിന്നിട്ടു ചോദിച്ചു മുനിയോടവൻ:—
'കിഴക്കു യജ്ഞസമ്പത്തിതാരുടേതാ,ശ്രമാന്തികേ?'
അദ്ദേഹത്തിന്റെയിച്ചോദ്യംകേട്ടു വാല്മീകിചൊല്ലി
(നാൻ:—
"ശത്രുഘ്ന, കേൾക്കു,പണ്ടാർതൻയാഗസ്ഥലമിതെന്നതി:
നിങ്ങൾതൻ പൂൎവ്വനായോരു സുദാസപ്പെരുമാളുടെ

Digitized By Kerala Sahitya Akademi

പുത്രൻ,വീരസഹാഭിഖ്യൻ,വീൎയ്യവാനതിധാൎമ്മികൻ;ഛം
ബാല്യത്തിൽത്തന്നെ,യാശ്ശൂരൻസൌദാസൻവേട്ടയാടവേ
കണ്ടെത്തിനാൻ സദാ ചുററിനടക്കും രണ്ടരക്കരെ:
ആ വ്യാഘ്രരൂപരാം ഘോരരക്കില്ല സന്തുഷ്ടതൃപ്തികൾ,
അനേകമായിരംവിതം ജന്തുക്കളെയശിയ്ക്കിലും.
അവനാ രാക്ഷസരെയും കാട്ടിൽജ്ജന്തുക്കൾ തീൎന്നതും
കണ്ട,തിക്രുദ്ധനായ്ക്കൊന്നാൻ വൻബാണത്താലൊരു
ഒരരക്കനെ വീഴിച്ച സൌദാസൻ പുരുഷൎഷഭൻ (ത്തനെ;
താപവും കോപവും വിട്ട,ക്കൊല്ലപ്പെട്ടോനെ നോക്കിനാ
അദ്ദേഹംനോക്കവതുകണ്ടാ രക്ഷസ്സിൻസുഹൃത്തമൻ (ൻ.
കൊട്ടംവ്യസനമുൾക്കൊണ്ടാൻ; സൌദാസനൊടിതോ
(തിനാൻ:-
'കൊന്നല്ലോ മമ നിൎദ്ദോഷനായ ചങ്ങാതിയെബ്ഭവാൻ,
അതിന്നു പകരം ചെയ്യനിങ്ങയ്ക്കുമറുദുഷ്ട,ഞാൻ.'
എന്നരച്ച,വിടെത്തന്നേ മറഞ്ഞാനാ നിശാചരൻ.
കാലക്രമാൽ മിത്രസഹൻ രാജാവായിട്ടു മേവിനാൻ.
ഈയാശ്രമത്തിന്നരികേ ഭൂപൻ യജ്ഞംതുടങ്ങിനാൻ;
അശ്വമേധം മഹായജ്ഞമതു കാത്താൻ വസിഷ്ഠനും.
നടന്നു വലുതാം യജ്ഞ,മേററം വളരെ വത്സരം,
സമൃദ്ധമായ് മഹാശ്രീയായ്സ്സുരയജ്ഞത്തിനൊപ്പമായ്.
യജ്ഞാവസാനേ പണ്ടത്തെപ്പകയോൎത്തപ്പലാശനൻ
വസിഷ്ഠരൂപം പൂണ്ടേവം രാജാവിനൊടു ചൊല്ലിനാൻ:-
'ഈ യാഗം മുഴമിച്ചല്ലോ; മാംസം ചേൎന്നൊരു ഭോജനം
ചിക്കെന്നെനിയ്ക്കേകണമിന്നാ,ലോചിയ്ക്കേണ്ടതില്ലി
(തിൽ.'

Digitized By Kerala Sahitya Akademi

അരക്കൻ വിപ്രരൂപം പൂണ്ടരചെയ്സുസ്ത കേൾക്കയാൽ,
പാകവിദ്യാനിപുണനോടരുളിച്ചെയ്തു മന്നവൻ:–
'മാംസം ചേൎത്തു ഹവിഷ്യാന്നം, സ്വാദുള്ളൊന്നാംപ്ര
(കാരമേ
ചിക്കെന്നുണ്ടാക്കിടേണം നീ, ഗുരുപ്രീതി വരുത്തുവാൻ.'
രാജേന്ദ്രശാസനത്താലേ വെപ്പുലൾക്കൊണ്ടു പാചകൻ:
പാചകാകാരനായ്നിന്നാനാ രക്ഷസ്സങ്ങു വീണ്ടുമേ.
അവൻ മനുഷ്യമാംസം വെച്ചു,വിശങ്കലുണ്ണത്തിനാൻ:–
'ഇതാ,സ്വാദുഹവിഷ്യാന്നമെത്തിച്ചേൻമാംസമിശ്രിതം.'
മാംസമൊത്താശരൻ കൊണ്ടുവന്ന ഭോജ്യം നരഷഭ,
വസിഷ്ഠന്നേകിനാൻ, പത്നി മദയന്തിയുമൊത്തവൻ.
പാത്രത്തിലുള്ളതു നരമാംസമണെന്നറിഞ്ഞുടൻ
മഹത്താമരിശം പൂണ്ടു മറയോനുരിയാടിനാൻ:–
'ഇബ്ഭോജനമെനിയ്ക്കേകാനല്ലോ കരുതി നീ നൃപ;
അതിനാൽ, നിൎണ്ണയ,മിതായ്ത്തീരുമേ തവ ഭോജനം!'
അതിൽച്ചൊടിച്ചുസൌദാസൻവെള്ളംകയ്യിലെടുത്തു
(ടൻ
വസിഷ്ഠനെശ്ശപിപ്പാനോങ്ങുമ്പോൾ,ബ്ഭാൎയ്യവിലക്കിനാ
(ൾ:–
'പ്രഭു നമ്മൾക്കു രാജാവേ, വസിഷ്ഠൻ ഭഗവാനൃഷി;
പോരാപ്രതിശപിപ്പാൻനീവാദ്ധ്യാനെദ്ദേവതുല്യനെ.' ൩൦
അന്നേരം ക്രോധമായ്ത്തീൎന്ന തേജോബലയുതം ജലം
കളഞ്ഞാൻ ധാൎമ്മിക;–നതിൽക്കാലു രണ്ടും നനഞ്ഞു
(പോയ്;
ഉടൻ കല്മാഷമായ്ത്തീൎന്നു രാജാവിൻ കാലുരണ്ടുമേ.

Digitized By Kerala Sahitya Akademi

അന്നേമുതല്ക്കാ രാജാവു സൌദാസനതികീൎത്തിമാൻ
കല്മാഷപാദനായ്ത്തീൎന്നാൻ;പേരാണ്ടാവാവിധംനൃപൻ.
പത്നീസഹിതനായ്പ്പേൎത്തും പേൎത്തും കുമ്പിട്ട മന്നവൻ
വീണ്ടും വസിഷ്ഠനോടോതീ വിപ്രരൂപൻെറ ഭാഷിതം.'
അതു,രക്കൻെറ ചതിയെന്നാ നൃപേന്ദ്രൻെറ വാക്കിനാൽ
അറിഞ്ഞോതി നരവ്യാഘ്രരാജാവോട്ട വസിഷ്ഠനും:-
'കോപം മുഴുത്തമൂലം ഞാനേവമൊന്നു പറഞ്ഞുപോയ്;
ഇതു പാഴാക്കവാൻപററില്ല;-ഞാനൊരുവരം തരാം:നൃപ!
ഈരാറുവത്സരം ചെന്നാൽശ്ശാപമോക്ഷം ഭവിച്ചിടും;
എൻപ്രസാദാൽസ്മരിയ്ക്കാതാം കഴിഞ്ഞതുനൃപേന്ദ്ര, നീ.'
ആ രാജാവേവമശ്ശാപം ഭുജിച്ചിട്ടരിസൂദനൻ
രാജ്യം രണ്ടാമതും നേടീ; രക്ഷിച്ചു നാട്ടുകാരെയും.
കല്മാഷപാദനൃദ്ദേഹത്തിൻെറ സത്രൃജ്ഞഭൂമിയാം,
ഈയാശ്രമത്തിന്നരികേ നീ ചോദിച്ചതു രാഘവ.''
ആ രാജേന്ദ്രൻെറയാശ്ചൎയ്യതരമാം കഥ കേട്ടവൻ
മാമുനിയ്ക്കഭിവാദ്യം ചെയ്തു,വിശ്രമിക്കാൻ പൎണ്ണശാലയിൽ.

—o*o—

## അറുപത്താറാംസൎഗ്ഗം:
## സീതാപ്രസവശ്രവണം.

ശത്രുഘ്നനേതു രാവിങ്കൽപ്പാൎത്തുപോ പൎണ്ണശാലയിൽ,
ആ രാവിൽത്താനിരുസുതന്മാരെപ്പെററിതു സീതയും.
പാതിരാവായ നേരത്തു മുനിനന്ദനർ ബാലകർ.
പ്രിയം വാല്മീകിയോടോതീ, സീതതൻപ്രസവം ശുഭം:-

Digitized By Kerala Sahitya Akademi

-ഭഗവൻ, രണ്ടു സുതരെപ്പെററാളാ രാമപത്നിയാം;
രക്ഷ നല്കൂ, സുതേജസ്സേ, ഭൂതബാധ തടുക്കുവാൻ.'
അവർതൻ വാക്കു കേട്ടിട്ടു കാണ്മാൻ പോന്നിതു മാമുനി,
രാജസ്സേറിയ ബാലേന്ദുതുല്യരാം ദേവപുത്രരെ.
ചെന്നാനങ്ങുള്ള കുളിരുംമാറു കണ്ടാൻ കുമാരരെ;
ചെയ്താനവർക്കടൻ ഭൂതരക്ഷോനാശനരക്ഷയും: ൫
കുശത്തിൻ തുമ്പു ലവമെന്നിവ കൈക്കൊണ്ടു വൈദികൻ
ആ വാല്മീകിയവർക്കേകീ ഭൂതനാശനരക്ഷയായ്.
'ഇതിലഗ്രജനായോനെ മന്ത്രപൂതകുശങ്ങളാൽ
തുടയ്ക്കുവേണം;–മതിനാൽക്കുശനെന്നാ,മിവനുപേർ.
ഇതിൽക്കനിഷ്ഠനായോനെ ലവത്താലാദരത്തൊടേ
തുടയ്ക്കേണം കിഴവികളു,–വനോ, ലവനെന്നു പേർ.
ഇമ്മട്ടിരട്ടപെറേറാരീ രണ്ടാം കുശലവാഹ്വയർ,
ഞാനിട്ട പേർകളെക്കൊണ്ടു കീർത്തിപ്പെട്ടവരായ്‌വരും.'
ആ രക്ഷ വാങ്ങീ മുനിതൻ കയ്യിൽനിന്നാസ്ഥയോടവർ;
അവർക്കു രക്ഷയും ചെയ്തു കല്മഷം കുലരാത്തവർ. ൨൦
ആവിധം വൃദ്ധമാർ ചെയ്ത കർമ്മവും ഗോത്രനാമവും
രാമൻെറ പേർ ചൊല്ലിയതും സീതതൻ സുപ്രസൂതിയും
ശ്രവിച്ചാനർദ്ധരാവിങ്കൽ,ശ്ശത്രുഘ്നൻ പെരുതാം പ്രിയം;
പർണ്ണശാലയണഞ്ഞ,'മ്മേ, ഭാഗ്യ':–മെന്നുരിയാടിനാൻ!
ആ മഹാത്മാവു ശത്രുഘ്നനമ്മട്ടാഹ്ലാദമേല്ക്കയാൽ,
വർഷത്തിലെശ്രാവണിയാംരാത്രിവെക്കംകഴിഞ്ഞുപോയ്!
പ്രഭാതത്തിൽ മഹാവീര്യൻ കൃതപൂർവാഹ്നകൃത്യനായ്,
കൈകൂപ്പി മുനിയോടോതി,പ്പടിഞ്ഞാട്ടെഴുനള്ളിനാൻ.
വഴിയ്ക്കേഴല്ല പാർത്തിട്ടു കാളിന്ദിക്കര പുക്കവൻ

പുണ്യശ്ലോകർഷികളുടെയാശ്രമേ ചെന്നു മേവിനാൻ.൧൭
അവിടെബ്ഭാഗ്യവൻ മുമ്പാം മുനിമാരോടുമാ നൃപൻ
ഓരോരോ സൽകഥയുമായ്പ്പാർത്താൻ പെരിയ കീർത്തി
ഫലത്തിനാനാ നിശ കാഞ്ചനാദി- (മാൻ.
ഋഷിമാരോടു സമേതനായി,
അനേകമട്ടാം കഥയാൽ, മഹാത്മാ-
വവൻ രഘുശ്രേഷ്ഠനിളേന്ദ്രപുത്രൻ.

—--<>--—

## അറുപത്തേഴാം സർഗ്ഗം:
## മാന്ധാതൃവധാനുവർണ്ണനം.

രാത്രിയിൽബ്ഭൃഗുജന്മാവാം ച്യവനദ്വിജനോടു താൻ
ചോദിച്ചുകൊണ്ടാൻശത്രുഘ്നൻ:-'ലവണനെത്രയാം (ബലം?
ശൂലത്തിൻബലവും? ബ്രഹ്മൻ,ദ്വന്ദ്വയുദ്ധമണഞ്ഞതിൽ
മുമ്പിവൻമുഖ്യശൂലത്താൽക്കൊന്നിട്ടുണ്ടാരെയൊക്കയും??
ആ മഹാത്മാവു ശത്രുഘ്നനിച്ചോദിച്ചതു കേട്ടുടൻ
തേജസ്സു കൂടും ച്യവനൻ രഘുപുത്രനൊടോതിനാൻ:-
'എണ്ണാവതല്ലി,വൻ ചെയ്തതൊക്കയും രഘുനന്ദന;
ഇക്ഷ്വാകുവംശ്യനിൽ ചെയ്യപ്പെട്ടതൊന്നിഹ കേൾക്കനീ:
അയോധ്യയിൽപ്പണ്ടരചൻ, യുവനാശ്വസുതൻ ബലി
മാന്ധാതാവെന്നു മൂപ്പാരിൽപ്പുകൾനേടിയ വീര്യവാൻ;൭
മഹിയൊട്ടുക്ക ചൊല്ക്കീഴിലാക്കിയിട്ടാ മഹീശ്വരൻ
ദേവലോകത്തെയും വെല്ലാനൊരുക്കം കൂട്ടിനാൻ നൃപൻ.

Digitized By Kerala Sahitya Akademi

കടുത്തിതിന്ദ്രനു ഭയം, പെരിയോരാം സുരക്കുമേ,
ദേവലോകം ജയിപ്പാനായ് മാന്ധാതാവു മുതിർന്നതിൽ.
'ഇന്ദ്രാർദ്ധാസന-രാജ്യാർദ്ധയുക്തനായ്ദ്ദേവവന്ദ്യനായ്
വാഴ്വൻ ഞാനെ'ന്നു ശപഥം ചെയ്തു കേറീ ധരേശ്വരൻ.
അവന്റെ ദുരഭിപ്രായമറിഞ്ഞു വലശാസനൻ
യുവനാശ്വജനോടേവം സാന്ത്വമൊന്നരിയാടിനാൻ:—
'രാജാവല്ലോ നരവ്യാഘ്ര, മർത്ത്യനാടിന്നുതന്നെ നീ;
ഭൂമിയെക്കീഴടക്കാതി,ങ്ങുമ്പർനാടു കൊതിക്കയാം.
പൃഥിവിയൊട്ടുക്ക നിൻകീഴിലായിരിക്കുന്നുവെങ്കിലോ,
വിൺ വാണുകൊൾക നീ വീര,സഭൃത്യബലവാഹനായ്.'
എന്നോതുമുമ്പർകോനോടു ചോദിച്ചാൻ യുവനാശ്വജൻ:—
'മന്നിലെങ്ങുണ്ടു തടവൊന്നെന്നാജ്ഞെക്കു പുരന്ദര!'
ചൊന്നാനിന്ദ്രൻ:—'മധുവനേ മധുപുത്രനൊരാശരൻ
കൂട്ടാക്കുന്നീലനഘ, നിൻശാസനം ലവണാഭിധൻ.'
അമരർകോൻചൊന്നകൊടുതാമനിഷ്ടമിതുകേൾക്കയാൽ
ലജ്ജിച്ചു തലയും താഴ്ത്തി മിണ്ടാതെ നിന്നിതൂഴിപൻ.
നാണത്താൽത്തല ചാഞ്ഞി,ന്ദ്രനോടു യാത്ര പറഞ്ഞുടൻ
ഈലോകത്തെക്കു തിരിയേപോന്നു ശ്രീമാൻനരേശ്വരൻ;
അമർഷമുൾക്കൊണ്ടദ്ദേഹം സഭൃത്യബലവാഹനായ്
വന്നണഞ്ഞു മധുജനെക്കീഴടക്കാനരിന്ദമൻ.
യുദ്ധംചെയ്വാൻ ലവണനെക്കിട്ടാനപ്പുരുഷർഷഭൻ
ലവണന്റെ സമീപത്തെക്കയച്ചാനൊരു ദൂതനെ.
ചെന്ന,പ്രിയങ്ങൾ വളരെച്ചൊന്നാൻ മധുജനോടവൻ;
പിടിച്ചുതിന്നാന,വ്വണ്ണം പേശും ദൂതനെ രാക്ഷസൻ.
ദൂതൻ വരാൻ വൈകിയതിലരിശംകൊണ്ടു മന്നവൻ

Digitized By Kerala Sahitya Akademi

ആ രാക്ഷസനെയെപ്പോട്ടമപ്പു തുകിക്കഴക്കിനാൻ.
അതിൽച്ചിരിച്ചു ശൂലത്തെക്കൈക്കൊണ്ടാനാ നിശാ
(ചരൻ;
ക്രൂട്ടത്തോടേ വധിപ്പാനായ്ച്ചാട്ടിനാനുത്തമായുധം. ൨൦
കത്തുമശ്ശൂലമോ,സേനായാനഭൃത്യരൊടൊപ്പമേ
നൃപനെച്ചുട്ടെരിച്ചെ,ത്തീ വീണ്ടും ലവണപാണിയിൽ.
പടയൊത്താ മഹാരാജാവീവണ്ണം കൊലയേറുപോയ്;
ശൂലത്തിൻെറ ബലം സൌമ്യ, മികവാൎന്നുളവററതാം!
എന്നാൽ,ശ്ശസ്ത്രഗ്രഹത്തിന്നു മുന്നേ ലവണനെ ധ്രുതം
കൊല്ലാം നാളെ പ്രഭാതത്തില;-ത്തേസ്സു നിയതം ജയം.
പാരിന്നു നിൻചെയ്യുനയാൽ ശ്രേയസ്സുമുള്ളവാസ്സരം!
ചൊന്നേനിതെല്ലാം നിന്നോടു, ദുർബ്ബുദ്ധി ലവണൻെറയും
ശൂലത്തിൻെറയുമത്യന്തം ബലം ഘോരം നരഷഭ;
അതുകൊണ്ടിങ്ങു മാന്ധാതാവറുതിപ്പെട്ടതും നൃപ. ൨൫

നാളെ പ്രഭാതേ മധുസൂനുതന്നെ,-
ക്കില്ലില്ല, മട്ടിച്ചുവിടാം മഹാത്മൻ,
ശൂലം വിനാ കൊററിനു പോന്ന തവ്വിൽ;-
ജ്ജയം വരും തേ നിയതം നരേന്ദ്ര!”

## അറുപത്തെട്ടാംസൎഗ്ഗം:
## ശത്രുഘ്നലവണസമാഗമം.

കഥയും ചൊല്ലി,യവർ നൽജ്ജയം പ്രാൎത്ഥിച്ചുകൊൾ
(കവേ,
മഹാത്മാവായ ശത്രുഘ്നന്നിരവാശു കഴിഞ്ഞുപോയ്.

Digitized By Kerala Sahitya Akademi

നേരംപുലൎന്നപ്പൊഴുതാ,ധീരനാകിയ രാക്ഷസൻ
പുരം വിട്ടു പുറത്തെയ്ക്കു പോയിനാനിര തേടുവാൻ.
അത്തവ്വിൽത്തന്നെ, ശത്രുഘ്നൻ വീരൻ യമുനയാററിനെ
കടന്നുപോയ് മധുപുരദ്വാരേ നിന്നാൻ സചാപനായ്.
പിന്നു,ച്ചയ്ക്കു തിരിച്ചെത്തീ ചണ്ഡകൎമ്മാവു രാക്ഷസൻ,
അനേകമായിരം ജന്തുക്കളെക്കെട്ടിച്ചുമന്നവൻ.
കണ്ടു പടിയ്ക്കൽശ്ശത്രുഘ്നനായുധം പൂണ്ടു നില്പതും;
ചോദിച്ചു പിമ്പരക്കൻ:—'നിയ്യിതുകൊണ്ടെന്തുചെയ്യിടും?
ഇമ്മട്ടാമായുധക്കാരെ ലക്ഷംപേരെ നരാധമ,
തിന്നിരിപ്പു രുഷാ ഞാൻ; നീ കാലനെക്കാത്തുനില്ക്കയോ!
ഇത്തീററത്താൻ തികയുമിന്നെനിയ്ക്കു പുരുഷാധമ,
താന്തന്നെ വന്നു നീ വായിൽപ്പുക്കതെങ്ങിനെ ദുൎമ്മതേ!'
അവനേവം പറഞ്ഞിട്ടു പേൎത്തും പേൎത്തും ചിരിയ്ക്കവേ,
വീൎയ്യമേറിയ ശത്രുഘ്നൻ കോപാൽക്കണ്ണീരു തൂകിനാൻ;
മഹാത്മാവായ ശത്രുഘ്നന്നുഗ്രയും കോപമേല്ക്കയാൽ
മെയ്യിലാകെപ്പുറപ്പെട്ടു തേജസ്സിനുടെ രശ്മികൾ.
അരിശം മൂത്ത ശത്രുഘ്നനരക്കനൊടു ചൊല്ലിനാൻ:—
'വേണമെന്നുണ്ടു മേ ദ്വന്ദ്വയുദ്ധം നിന്നോടു ദുൎമ്മതേ: ഹം
ഞാനോ, ദശരഥന്നുണ്ണി, ധീമദ്രാമന്റെ സോദരൻ,
ശത്രുഘ്നനെന്ന ശത്രുഘ്നൻ, നിൻവധത്തിനു വന്നവൻ.
തന്നാലും ദ്വന്ദ്വയുദ്ധത്തെ,പ്പോർ തേടീടുമെനിയ്ക്കുടൻ;
ജീവികൾക്കൊക്കെ രിപു നീ ജീവനോടേ ഗമിച്ചിടാ!'
അവനമ്മട്ടുരയ്ക്കുമ്പോൾ,ച്ചിരിച്ചുംകൊണ്ടരക്കനും
നരസത്തമനോടോതീ:—'ഭാഗ്യം, നീ വന്നു ദുൎമ്മതേ!
എൻചിററമ്മയ്ക്കാങ്ങളയാം രാവണനാശരനാഥനെ

Digitized By Kerala Sahitya Akademi

കൊന്നല്ലോ ദുർമ്മതേ, രാമൻ പെൺമൂലം പുരുഷാധമ.
അതൊക്കയും ക്ഷമിച്ചു ഞാൻ രാവണൻെറ കുലക്ഷയം:
മുല്ലാടവജ്ഞയാലത്രേ, വിശേഷിച്ചും ക്ഷമിച്ചു ഞാൻ.
എപ്പേരും ഹതരായെന്നാൽ,പ്പുല്ലുപോലഭിഭൂതരായ്,
ഉണ്ടായോരി,നിയുണ്ടാകുവോരും, നിങ്ങൾ നരാധമർ!
തരുവൻ ദുർമ്മതേ, യുദ്ധം,പോർ തേടുന്ന നിനക്കു ഞാൻ;
നില്ലുകിത്തിരിനേരം: ഞാനായുധം കൊണ്ടുവന്നിടാം;
നിനക്കു തക്കതായിട്ടുള്ളൊരായുധമൊരുക്കിടാം.'
ശത്രുഘ്നനഥ ചൊന്നാൻ:–'നീ ജീവനോടെങ്ങുപോയിടും?
പെട്ടെന്നു കണ്ട മാററാനെ വിട്ടയയ്ക്കില്ല ബുദ്ധിമാൻ:
യാതൊരാൾ ബുദ്ധിമോശത്താലിടംവൈരിക്കുനല്കുമോ,
ബുദ്ധിമാന്ദ്യാലവൻ കൊല്ലപ്പെട്ടുപോം വിഡ്ഢിപോലവേ!

വീക്ഷിച്ചുകൊൾകീയുലകത്തെ നന്നായ്:
നാനാശിതേഷുച്ഛടയാലയപ്പൻ,
മുപ്പാരിനും രാഘവനും ദ്വിഷത്തായ്–
സ്സുദുഷ്ടനാം നിന്നെ യമാലയത്തിൽ!'

—*—

## അറുപത്തൊമ്പതാം സർഗ്ഗം:
## ലവണാസുരവധം.

ആ മഹാത്മാവു ശത്രുഘ്നനിപ്പറഞ്ഞതു കേട്ടവൻ
വല്ലാതെയരിശംകൊണ്ടാൻ, നില്ലുനില്ലെന്നുമോതിനാൻ.
പല്ലിറുമ്മിപ്പിടിച്ചും, കൈ കയ്യിൽ വെച്ചു തിരുമ്മിയും
പലവട്ടം വിളിച്ചാനാ ലവണൻ രാഘുസിംഹനെ.

Digitized By Kerala Sahitya Akademi

വിളിപ്പുമാഗേലാരവപ്പുസ്സാകം ലവണനോടടൻ
സൌമിത്രി ദേവശത്രുഘ്നൻ ശത്രുഘ്നനിതുചൊല്ലിനാൻ:—
'നീ വെന്ന മററുള്ളവർ പോലല്ല ശത്രുഘ്നനെന്നവൻ;
അതിനാൽ,ശ്ശരമേററിന്നു ചെല്ക കാലാലയത്തിൽ നീ!
മുനിമാരിന്നു, ഞാൻ പോരിൽക്കൊന്നനിന്നെസ്സുദൃമ്മതേ,
കാണട്ടെ,യാ രാവണനെസ്സുരർപോലെ,ബുധട്ടിജർ!
നീയിന്നെന്നമ്പിനാൽ വെന്തു വീണമൂലം നിശാചര,
കുശലം വന്നുകൂടീടും, നാട്ടിലും നഗരത്തിലും!
ഇന്നെ,ൻകൈ വിട്ട പാഞ്ഞൊരു വജ്രനേർമുഖമാം ശരം
കേറും നിൻനെഞ്ചില,ക്കാംശു താമരപ്പൂവിലാംവിധം!'
 എന്നു കേട്ടിട്ടു ലവണൻ കലികൊണ്ടൊ,രു മാമരം
ചാട്ടീ ശത്രുഘ്നവക്ഷസ്സില;—തവൻ തവിടാക്കിനാൻ.
ആ വേല പാഴായതു കണ്ടിട്ടു വീണ്ടും നിശാചരൻ
പറിച്ചൊട്ടേറെ വൃക്ഷങ്ങൾ ചാട്ടീ ശത്രുഘ്നനിൽബ്ബലി.
തേജസ്വി ശത്രുഘ്നനു,മൊട്ടേറെ വൃക്ഷങ്ങളെത്തവേ,
മൂന്നുംനാലുംമൊട്ടുഴിഞ്ഞതെത്തൊരോന്നുംനുറുക്കിനാൻ;ഫം
വിമ്പരക്കൻെറ നെഞ്ഞത്തു ശത്രുഘ്നനതിവീര്യവാൻ
പെയ്തു വളരെയമ്പെ;—ന്നാൽ,നോവുകൊണ്ടീലരാക്ഷസ
ചിരിയുംകൂട്ടി ലവണൻ മരമൊന്നോങ്ങി വീര്യവാൻ (ൻ·
ശൂരനെത്തലയിൽത്തച്ചാൻ; മൂർച്ഛിച്ചു മൈ കുഴഞ്ഞവൻ.
ആ വീരൻ വീണനേരത്തു ഹാഹാകാരമുയന്നുപോയ്
ദേവഗന്ധർവമുനിമാർക്കപ്സരസ്ത്രീജനത്തിനും!
ശത്രുഘ്നൻ ഹതനായ് മന്നിൽവീണിതെന്നൊരവജ്ഞയാ
തക്കം കിട്ടുകിലും രക്ഷസ്സുൾപ്പൂകീലാ നിജാലയം; (ൽ,
എന്തീലാ ശൂലവു,മവൻ മന്നിൽ വീണതു കാണുകയാൽ;

Digitized By Kerala Sahitya Akademi

ഹതനായ്പ്പോയിതെന്നോർത്തിട്ട,ത്തീററകളെയേന്തി
(നാൻ
എന്നാൽ, ക്ഷണേന ബോധം പൂണ്ടേററുനിന്നാൻ ധൃതാ
പുരദ്വാരത്തു ശത്രുഘ്നവു,ഷിവൃന്ദാഭിനന്ദിതൻ; (യുധൻ
എന്നിട്ട,മോഘമായുള്ളൊ ശ്രേഷ്ഠദിവ്യാസ്ത്രമേന്തിനാൻ,
പത്തുദിക്കും നിറയ്ക്കുന്ന തേജസ്സാൽഘോരമുജ്ജ്വലം.
വജ്രസ്യദം, വജ്രമുഖം, മേരുമന്ദരസന്നിഭം,
മൊട്ടൊക്കയുമുഴിഞ്ഞുള്ളൊന്ന,ടരിങ്കലനിർജ്ജിതം,
രക്തമാം ചന്ദനം പൂശി, നൽപ്പത്രം പൂണ്ട സായകം,
ദേവദാനവദൈത്യേന്ദ്രചക്രേന്ദ്രവിദാരണം,
കല്പാന്തസമയത്താളും കാലത്തിയ്യെന്നപോലവേ
കണ്ടു ഭൂതങ്ങളൊട്ടുക്ക പാരം ഞെട്ടിത്തെറിച്ചുപോയ്!൨൨

ദേവാസുരാപ്സരോവൃന്ദഗന്ധർവ്വമുനിമാരൊടും
അസ്വസ്ഥമായ്ജ്ജഗത്തെല്ലാം ചെന്നെത്തി ബ്രഹ്മസന്നി
ചൊല്ലീ വരദനാം ബ്രഹ്മദേവദേവേശനോടുടൻ:— (ധൌ;
'ലോകം മുടിയുമാറായോ, സ്വാമിൻ, പ്രളയമായിതോ?
മുൻ കണ്ടിട്ടില്ല കേട്ടിട്ടുമില്ലിവണ്ണം പിതാമഹ;
വാനോർ പേടിച്ചു മോഹിപ്പൂ ലോകനാശം നിനയ്ക്കയാൽ!'
അവർതൻ വചനം കേട്ടിട്ടജൻ ലോകപിതാമഹൻ
ഭയത്തിൻകാരണം ചൊല്ലീ വാനോർക്കഭയമേകുവോൻ;
അരുൾചെയ്തു മധുരമായ്:—'കേൾപ്പിൻദേവകളൊക്കയും:
ശൂരം ലവണനെക്കൊല്ലാൻപോരിൽശ്ശത്രുഘ്നനേന്തിനാൻ;
അതിൻ തേജസ്സിൽനാമെല്ലാംമയങ്ങിപ്പോയ്സുരേന്ദ്രരേ!
പാർ തീർത്തൊരാദിദേവൻേറയാണാ,ത്തേജോമയം ശരം;

Digitized By Kerala Sahitya Akademi

നിത്യമാമിതിനാലല്ലോ ഭയം വന്നു കിടാങ്ങളേ.
മധുകൈടഭരാകുന്ന ദൈത്യരെക്കൊലചെയ്യുവാൻ
ആ മഹാത്മാവു നിർമ്മിച്ചതത്രേ, പെരിയൊരിശ്ശരം.
തേജോമയം ശരം വിഷ്ണുവൊരാൾമാത്രമറിഞ്ഞിടും:
ഇതു താനാ, മഹാത്മാവാം വിഷ്ണുവിൻ പൂർവ്വവിഗ്രഹം.
ഇനിപ്പോയ്ക്കൊള്ളുവിൻ, വീരൻ മഹാത്മാ രാമസോദരൻ
രക്ഷോഗ്ര്യനാം ലവണനെക്കൊലചെയ്വതു കാണുവിൻ!'

ആദ്ദേവദേവനരുൾചെയ്തതു കേട്ടസ്സുധാശനർ ൨൦
പോന്നുവന്നെത്തി, ലവണശത്രുഘ്നർ പൊരുതുന്നിടം.
ശത്രുഘ്നനങ്ങു കൈക്കൊണ്ടിട്ടുള്ളാദ്ദിവ്യാഭമാം ശരം,
കത്തും കാലാഗ്നിയെപ്പോലെ കണ്ടു ഭൂതങ്ങളൊക്കയും.
വാനം ദേവകളാൽ മൂടപ്പെട്ടതായ്ക്കണ്ടു രാഘവൻ
പാരമാർത്തലറി,പ്പാർത്താൻ വീണ്ടുമാ മധുപുത്രനെ.
ആ മഹാത്മാവു ശത്രുഘ്നനങ്ങു വീണ്ടും വിളിയ്ക്കയാൽ
അരിശം കൊണ്ടു ലവണനടുത്താനടരാടുവാൻ.
വില്ലാളിവരനാ വില്ലു ചെവിയോളം വലിച്ചുടൻ
ലവണന്റെ പെരുമ്മാറത്തെയ്താനപ്പെരുതാം ശരം;
അവന്റെ മാറാശു പിളർത്ത്,തു പാതാളമാണ്ടുപോയ്. ൨൧
പാതാളം പുക്കു,മരരാൽപ്പൂജിതം ദിവ്യസായകം
തിരിച്ചണഞ്ഞിതിക്ഷ്വാകുകുലനന്ദനനിൽ ക്ഷണാൽ.
ശത്രുഘ്നന്റെ ശരംകൊണ്ടു പിളർന്നാ ലവണാശരൻ
പെട്ടെന്നു വീണുപോയ് മന്നിൽ, വജ്രഹതമററദ്രി പോലവേ.
ലവണാശരനെക്കൊന്നപ്പോളാ,പ്പെരിയ ശൂലവും,
വാനോരെല്ലാവരും കാണ്കെച്ചെന്നുചേർന്നിതു രുദ്രനിൽ.



Digitized By Kerala Sahitya Akademi

ഒരൊററയമ്പെയ്തു ജഗത്ത്രയത്തിൻ-
ഭയത്തെ വീഴിച്ച രഘുപ്രവീരൻ
നൽച്ചാപവും ബാണവുമായ് ലസിച്ചാ-
നി,രുട്ടകററിക്കതിരോൻ കണക്കേ.
ഉടൻ നിലിമ്പർഷിഭുജംഗമങ്ങൾ
സവാപ്സരസ്ത്രീകളുമൊത്തു വാഴ്ത്തി:-
'ഭാഗ്യാൽജ്ജയം ദാശരഥിക്കു കിട്ടി
ഭയം വിനാ; പാർപ്പു കണക്കടങ്ങി!' ൪൧

## ഏഴപതാംസർഗ്ഗം: പുരീനിവേശനം.

ലവണൻ കൊലയേററപ്പോളി,ന്ദ്രാഗ്ന്യാദികൾ ദേവ
(കൾ
ശത്രുജിത്തായ ശത്രുഘ്നനോടു തേൻചൊല്ലുചൊല്ലിനാർ:-
'ഭാഗ്യം, ജയം നിനക്കുണ്ണീ! ഭാഗ്യം, ലവണരാക്ഷസൻ
കൊല്ലപ്പെട്ടു നരവ്യാഘ്ര! വരം വാങ്ങുക സുവ്രത:
വരദായികളീ, വന്നോരെല്ലാം തവ ജയൈഷികൾ;
ഞങ്ങൾതൻ ദർശനം പാഴിലാകില്ലല്ലോ മഹാഭുജ.'
സുരോക്തം കേട്ടു ശത്രുഘ്നൻ തലയിൽത്തൊഴുകയ്യുമായ്
ഉത്തരം ചൊല്ലിനാൻ ശൂരൻ യതാത്മാവു മഹാഭുജൻ:-
'ഈ രമ്യമാം മധുപുരം മധുരം ദേവനിർമ്മിതം
വെക്കം നഗരമാകേണം;-മിതെനിക്കുത്തമം വരം.' ൫
ആ രാഘവനൊട'ുവ്വണ്ണ'മെന്നാർ നന്ദിച്ചു ദേവകൾ:-
'രമ്യമാം പുരി, കില്ലില്ലാ, ഭവിക്കും ശൂരസേനയായ്.'

Digitized By Kerala Sahitya Akademi

ഇത്തു ചൊന്നാ മഹാത്മാക്കളാകാശത്തെയ്ക്കു കേറിനാർ.
തേജസ്വി ശത്രുഘ്നനുമൈശ്വര്യത്തിനെ വരുത്തിനാൻ;
ശത്രുഘ്നശാസനം കേട്ടിട്ടാശു വന്നെത്തിയപ്പട.
ശ്രാവണംകൊണ്ടു ശത്രുഘ്നനുറപ്പിയ്ക്കൽ തുടങ്ങിനാൻ:
ആദ്ദിവ്യയാം നല്ല പുരി പന്തീരാണ്ടിടകൊണ്ടവൻ
ഉറപ്പിച്ചാൻ, ശൂരസേനദേശവും ഭയശൂന്യമായ്;
പച്ചയുള്ളവ പാടങ്ങൾ, കാലേ വർഷിയ്ക്കുമമ്പർകോൻ.
അരോഗവീരരുള്ളോനായ്ശ്ശത്രുഘ്നഭുജരക്ഷയാൽ
തിങ്കൾക്കീർ പോലെ യമുനാതീരത്തു വിലസീ പുരി:
നാല്ക്കൂട്ടുവഴിവൻവീടങ്ങാടിത്തെരുവിയന്നതായ്,
നാലുജാതികൾ വാഴ്പ്പോന്നായ് നാനാവാണിഭമുള്ളതായ്.
മുന്നമാ ലവണൻ തീൎത്ത ഗൃഹമേ വെള്ളവീശലാൽ
സംശോഭിപ്പിച്ചു ശത്രുഘ്നൻ നാനാവൎണ്ണങ്ങളാലുമേ.
ആരാമങ്ങൾ വിഹാരങ്ങളിവ ചുററുമിയന്നതായ്,
മററും ചാരുക്കളാൽദ്ദേവമൎത്ത്യരാലും ലസിച്ചതായ്,
നാനാവില്പനവസ്തുക്കൾ ചേൎന്നതായ്,ദ്ദിവ്യരൂപയായ്,
നാനാദേശാഗതന്മാരാം കച്ചോടക്കാരുമുള്ളതായ്,
സമൃദ്ധയാമപ്പുരി കണ്ടൃദ്ധാൎത്ഥൻ ഭരതാനുജൻ
ത്തുലോം മോദിച്ചു ശത്രുഘ്നൻ പാരമുൾക്കളിർ തേടിനാൻ.
അവൻ നിനച്ചു മധുരാപുരം സ്ഥാപിച്ചതിന്നുമേൽ:–
‘രാമപാദങ്ങളെക്കാണ്മനീരാറാമത്തെയാണ്ടിൽ ഞാൻ.’

പലേതരം മനുജർ ചുഴന്ന വിൺപുരീ–
നികാശയാം പുരിയതു തീൎത്തതിന്നുമേൽ
നിനയ്ക്കയായ് രഘുപതിപാദദൎശനം,
നരാധിപൻ രഘുകുലവംശവൎദ്ധനൻ.

Digitized By Kerala Sahitya Akademi

## ഏഴപത്തൊന്നാംസൎഗ്ഗം:

## രാമചരിതശ്രവണം.

---

ശത്രുഘ്നൻ പിന്നെയീരാറാമാണ്ടിൽപ്പോരാനൊരുങ്ങി
രാമൻ വാഴുമയോദ്ധ്യയ്ക്കായ,ല്പഭൃത്യബലാനുഗൻ. (നാൻ·
മന്ത്രീന്ദ്രസേനാധിപരെത്തിരിയേ ചൊന്നയച്ചുടൻ
പോന്നു മഹാവാജികളും നൂറുതേർകളുമൊത്തവൻ.
കുറിച്ചവണ്ണമേഴെട്ടുദിക്കിൽപ്പാൎത്താ രാല്പദേഹൻ
വാല്മീകിയാശ്രമത്തിങ്കലെത്തിപ്പാൎത്തിതു കീൎത്തിമാൻ.
വാല്മീകിയുടെ തൃക്കാല്ക്കൽ വന്ദിച്ചപ്പുരുഷഷഭൻ
കൈക്കൊണ്ടുമുനിയാൽദ്ദത്തം പാദ്യാൎഘ്യാതിഥിപൂജനം.
അഞ്ഞായിരക്കണക്കായി നാനാമധുരവാൎത്തകൾ
കഥിച്ചിതു മഹാത്മാവാം ശത്രുഘ്നനൊടു മാമുനി. ൫
ചൊല്ലീ, ലവണനെക്കൊന്ന കാൎയ്യത്തെപ്പററിയും മുനി:-
'ദുസ്സാധമാമൊന്നല്ലോ നീ ചെയ്തു ലവണനിഗ്രഹാൽ:
വളരെണ്ണുപരെസ്സൌമ്യ, കൊന്നിരിപ്പൂ കരുത്തരെ
പോർ ചെയ്തു ലവണൻ സേനായാനാഢ്യരെ മഹാഭുജ;
അപ്പാപിയെ വധിച്ചല്ലോ കളിയായ് നീ നരഷഭ;
തന്മൂലം ലോകഭയവും നിൻതേജസ്സാൽശ്ശമിച്ചുപോയ്!
വമ്പാടു പെട്ടാണൊപ്പിച്ചതു,ഗ്രം രാവണനിഗ്രഹം;
വന്മഹത്താം തൊഴിലിതോ, നിഷ്പ്രയാസം നടത്തി നീ!
ദേവകൾക്കീ ലവണനെക്കൊന്നതിൽ പ്രീതി പാരമായ്;
സൎവ്വഭൂതഗണത്തിനും ചെയ്തു ലോകത്തിനും പ്രിയം. ഹം·
ആ യുദ്ധവും വേണ്ടവിധം കണ്ടേൻ ഞാൻ പുരുഷഷഭ,

Digitized By Kerala Sahitya Akademi

പുരുഹൂതന്റെ സഭയിലിരുന്നു രഘുനന്ദനൻ.
എനിക്കുമുണ്ടു ശത്രുഘ്ന, കരളിൽ പ്രീതിയേററവും;
നിൻമൂൎദ്ധ്നി മുകരുന്നേൻ ഞാനി;–തല്ലോസ്നേഹലക്ഷണം.’
എന്നു, ശത്രുഘ്നമൂൎദ്ധാവിൽ മുകൎന്നഥ മഹാമുനി
ചെയ്താനാതിഥ്യമവനു,മവൻതൻ കൂട്ടുകാൎക്കുമേ.

ഊൺകഴിച്ചനരേന്ദ്രന്നു കേൾക്കായ് മുൻചെയ്തവണ്ണമേ
രാമവൃത്തം മധുരമായ്പ്പാടീടുന്നതത്യുത്തമം:
തന്ത്രീലയത്തൊടും, സ്ഥാനത്രയത്തിൽ കരണത്തൊടും,
സംസ്കൃതം, ലക്ഷണോപേത,മൊത്ത താളക്കൊഴുപ്പൊടും
കേൾക്കായ്വന്നു, പഴയതാം രാമന്റെ ചരിതം തദാ;
വൃത്തത്തിനൊത്താപ്പരമാൎത്ഥാക്ഷരങ്ങൾ മുറയ്ക്കുതാൻ
കേട്ടിട്ടു കണ്ണുനീർ വാൎന്നു മയങ്ങിപ്പോയ് നരൎഷഭൻ.
തെല്ലുനേരം മയങ്ങിപ്പോയ്, മേന്മേൽ നിശ്വാസമിട്ടവൻ
കഴിഞ്ഞതൊക്കെയപ്പാട്ടിൽക്കേട്ടാന,ന്നുള്ളതിൻവിധം.
രാജാവിൻകൂടെയുള്ളോരും വാസ്തുമപ്പാട്ടു കേൾക്കയാൽ
മുഖം താന്നു,ള്ളുഴന്നോരായ് ച്ചൊന്നാരാശ്ചൎയ്യമെന്നുമേ.
പടയാളികളും തത്ര സംസാരിച്ചാർ പരസ്പരം:–
‘എന്താണിതേ?ങ്ങിരിപ്പു നാം? സ്വപ്നമിങ്ങിനെ കാണ്മ
പണ്ടുനാംകണ്ടകാൎയ്യംതാനാശ്രമത്തിങ്കൽവീണ്ടുമേ (ത്തോ?
കേൾപ്പാനുണ്ടി;–തുപാട്ടായിച്ചേൎന്നതാം സ്വപ്നമാകുമോ!’
അവരത്യത്ഭുതം പൂണ്ടു ശത്രുഘ്നനോടിതോതിനാൻ:–
‘ചെമ്മേ ചോദിയ്ക്കൂ, വാല്മീകിമുനീന്ദ്രനൊടു തമ്പുരാൻ.’
ശത്രുഘ്നനോ, കൌതുകമുള്ളെല്ലാവരൊടുമോതിനാൻ:–
‘നമുക്കു ഭടരേ, ചോദിയ്ക്കാവതല്ലിങ്ങിതൊന്നുമേ:

Digitized By Kerala Sahitya Akademi

ഉണ്ടാം വളരെയാശ്ചൎയ്യമിങ്ങി, മുന്യാശ്രമസ്ഥലേ;
മഹാമുനിയൊടപേക്ഷിയ്ക്കാവതല്ലത്ര കൌതുകാൽ.'
ഇവണ്ണം സൈനികന്മാരോടുരച്ചു രഘുനന്ദനൻ
ആ മഹൎഷിയെ വന്ദിച്ചു പുക്കാൻ തന്നുടെ പാൎപ്പിടം.

## എഴുപത്തിരണ്ടാം സൎഗ്ഗം:
## ശത്രുഘ്നപ്രതിയാനം.

കിടക്കമാ നരവ്യാഘ്രനന്നു നേടീല നിദ്രയെ,
ഉൾചലിച്ചു,ഗ്ര്യമാം രാമഗീതത്തെപ്പററിയോൎക്കയാൽ.
അതിൻ തന്ത്രീലയം ചേൎന്ന മധുരധ്വനി കേൾക്കയാൽ,
മഹാത്മാവായ ശത്രുഘ്നനിരവാശു കഴിഞ്ഞുപോയ്.
ശൎവ്വരി പുലൎന്നാറേ നിത്യകൎമ്മം കഴിച്ചുടൻ
മുനിപുങ്ഗവനോടോതീ ശത്രുഘ്നൻ തൊഴുകൈയുമായ്:—
'ഭഗവൻ, കാണ്കവേണം മേ രഘുനന്ദനരാമനെ
വിട തന്നരുളീടേണമിശ്ശിതവ്രതരൊത്തു നീ.'
ഇത്ഥമാശ്ശത്രുദമനൻ ശത്രുഘ്നനുരചെയ്യവേ,
വാല്മീകിയും രാഘവനെപ്പുണൎന്നു വിട നല്കിനാൻ. ൧
മുനിശ്രേഷ്ഠനെ വന്ദിച്ചു മിന്നും തേരേറിയഞ്ജസാ
പോന്നാനവനയോദ്ധ്യയ്ക്കു രാഘവാലോകനോത്സുകൻ.
രമ്യയാം പുരിയിൽച്ചെന്നാ ശ്രീമാനിക്ഷ്വാകനന്ദനൻ
തേജസ്സേറിയ രാമൻെറ വാസം പുക്കാൻ മഹാഭുജൻ.
അവൻ മന്ത്രികൾതൻ മദ്ധ്യേ രാകേന്ദുമുഖരാമനെ
കണ്ടാനമരമദ്ധ്യത്തിലണ്ടർകോനെക്കണക്കിനേ.

Digitized By Kerala Sahitya Akademi

വന്ദിച്ചഥ മഹാത്മാവെ,ത്തേജസ്സാൽദ്ദീപ്തരൂപനെ,
സത്യവിക്രമനായുള്ള രാമനെത്തൊഴുതോതിനാൻ:—
'മഹാരാജാവു കല്പിച്ചപോലതൊട്ടുക്ക ചെയ്തു ഞാൻ:
കൊന്നേൻ ദുഷ്ടൻ ലവണനെ സ്ഥാപിച്ചേൻ തൽപുര
(ത്തെയും.
ഇതാ, കഴിഞ്ഞു പന്തിരാണ്ട,ങ്ങെന്ന്യേ രഘുനന്ദന;
എനിയ്ക്കു വയ്യ-ങ്ങയുമായ്പ്പിരിഞ്ഞുമരുവാൻ നൃപ!
അതിനാൽദ്ദയ ചെയ്യേണമിൽക്കാകുത്സ്ഥ, പുരുവിക്രമ;
പിരിഞ്ഞുപാർക്കാ, നെടുനാൾ, തായില്ലാക്കുട്ടിപോലെ
(ഞാൻ!'
ഏവംകഥിയ്ക്കെ,ക്കാകുത്സ്ഥൻ പുണർന്നീവണ്ണമോതി
'ശൂര,ഖേദിയ്ക്കൊലാ,തി,താക്ഷത്രിയാചാരമാണ്ടരാ:— (നാൻ:—
പിരിഞ്ഞു പാർപ്പിൽ മനോർകൾ മാഴ്കമാറില്ല രാഘവ.
നാട്ടാരെക്ഷത്രധർമ്മത്താൽക്കാക്കേണം നാം കാകുത്സ്ഥജ.
വീര, വേണ്ടപ്പൊഴെല്ലാം നീയെന്നെക്കാണ്മാന
(യോദ്ധ്യയിൽ
വന്നുകൊൾകനരശ്രേഷ്ഠ;പോകയുംചെയ്കനിൻപുരേ.്മ
എനിയ്ക്കും പ്രാണനെക്കാളും തുലോമരുമ നീ ദൃഢം;
എന്നാലും, തീർച്ചയായ് വേണ്ടതാണല്ലോ രാജ്യരക്ഷണം.
അതിനാലേഴുനാൾ പാർത്തുകൊൾകെന്നോടൊത്തു രാഘവ;
പിന്നെപ്പോണം മധുരയിൽ, ഭൃത്യയാനബലാഢ്യനായ്.'
ഉള്ളിൽത്തട്ടിന ധർമ്മിഷ്ഠരാമവാക്കിതു കേൾക്കയാൽ
ദീനസ്വരത്തിൽശ്ശത്രുഘ്നൻ,'നാവാ'മെന്നുരിയാടിനാൻ.
എഴുനാളങ്ങു രാമാജ്ഞപ്പടി പാർത്തിട്ടു രാഘവൻ,
പെരുംവില്ലാളി തിരിയേപോകവാനായൊരുങ്ങിനാൻ;

Digitized By Kerala Sahitya Akademi

മഹാവീരൻ സത്യവിക്രാന്തൻ രാമൻ, ഭരതലക്ഷ്മണർ,
ഇവരോടങ്ങു വിടചോദിച്ചു വന്തേരിലേറിനാൻ.
ഏററം വഴി മഹാത്മാക്കളാമബ്ഭരതലക്ഷ്മണർ
പിറകേ ചെന്ന ശത്രുഘ്നൻ പോയീ പുരിയിലേക്കുടൻ.

---

## എഴുപത്തിമൂന്നാം സർഗ്ഗം:
## ബ്രാഹ്മണബാലമരണം.

---

ശത്രുഘ്നനെയയച്ചിട്ടാ രണ്ടു സോദരർതമ്മൊടും
സുഖിയായ് നാടു ധർമ്മത്താൽക്കാത്തുമോദിച്ചു രാഘവൻ.
ചിലനാൾകളിലുൾനാട്ടുകാരൻ വൃദ്ധനൊരന്തണൻ
ചത്ത കുട്ടിയെയും കൊണ്ടു രാജദ്വാരത്തിലെത്തിനാൻ.
'മകനേ, മകനേ,' എന്നു പലവട്ടം പലേതരം
സ്നേഹദുഃഖവശാൽക്കേണുംകൊണ്ടേവം ചൊല്ലിനാൻ
(ദ്വിജൻ:—
'എന്തുവാനൊരു ദുഷ്കർമ്മം ചെയ്തുപോയ് മുൻപിറപ്പിൽ
(ഞാൻ!
കാണേണ്ടിയല്ലോ നേക്കേകപുത്രനാം നിൻവിപത്തി മേ:
കഷ്ടിച്ചീരേഴാണ്ടു ചെന്ന കുട്ടിയപ്രാപ്തയൗവനൻ
അകാലമൃത്യുവാണ്ടല്ലോ മമ മാലിന്നു പൈതലേ! 5
ഏതാനും നാളുകൾകളിൽച്ചത്തുപോ,മില്ല സംശയം,
ഞാനും നിന്നമ്മയും നിന്നെപ്പററിദ്ദുഃഖിച്ചു പൈതലേ!
ഞാൻ ഭോഷ്ക്കുചൊന്നതായോപ്പീലോ,പ്പതില്ലൊരു ഹിം
(സയും;

Digitized By Kerala Sahitya Akademi

എത്തു ജീവിയിലും പാപം ചെയ്തതായോർപ്പതില്ല ഞാൻ.
ഇന്നെ,ന്തു ദുഷ്കൃതംകൊണ്ടി,ബ്ബാല്യത്തിൽത്തന്നെയെ(ന്മകൻ
പിതൃകാര്യങ്ങൾ ചെയ്യാതെ കാലാലയമണഞ്ഞുപോയ്?
മുൻ കണ്ടിട്ടില്ല കേട്ടിട്ടുമില്ലീ,വണ്ണം ഭയങ്കരം;
രാമരാജ്യത്തുതാനേവം, കാലത്തിൻമുമ്പമേ മൃതി!
എന്തോ പെരിയ ദുഷ്കർമ്മമുണ്ടു രാമനു നിർണ്ണയം:
മരിച്ചുപോയിടുന്നല്ലോ നാട്ടുകാരായ കുട്ടികൾ!
മററുനാടുകളിൽബ്ബാലർക്കില്ലല്ലോ മൃത്യുവാൽബ്ഭയം;
ജീവിപ്പിയ്ക്കുക രാജാവേ, ഭവാനീച്ചത്ത കുട്ടിയെ!
രാജദ്വാരത്തനാഥരാം ചാകുമേ പത്നിയൊത്തു ഞാൻ;
ബ്രഹ്മഹത്യയെയും നേടിസ്സുഖിച്ചരുൾക രാമ, നീ!
ഭ്രാതാക്കളൊത്തു രാജാവേ, ദീർഘായുസ്സായിരിയ്ക്ക നീ:
പാർത്തല്ലോ സുഖമായ് ഞങ്ങളീനിൻനാട്ടിൽ മഹാബല!
ഇതു വന്നുപിണഞ്ഞല്ലോ; രാമ, നിൻകീഴിൽ വാഴ്കയാൽ
കാലൻെറ കീഴിലാപ്പെട്ട ഞങ്ങൾക്കില്ലല്പവും സുഖം!
ഇന്നനാഥം മഹാന്മാരാമൈക്ഷ്വാകരുടെ മന്നിടം,
ബാലമൃത്യുകരൻ രാമൻ നാഥനാവുകയാൽ ധ്രുവം!
രാജദോഷാൽ വിപത്തെല്ലാ,മസംരക്ഷിതർ നാട്ടുകാർ;
നൃപൻ ദുർവൃത്തനായ്ത്തീർന്നാലകാലേ ചാകുമാളുകൾ!
ഉൾനാട്ടിലും പുരിയിലും നരർ തിന്മകൾ ചെയ്കയും,
രക്ഷയില്ലായ്കയും കൂടിച്ചേർന്നേ കാലഭയം വരൂ!
ഉണ്ടായിരിയ്ക്കുമേ രാജദോഷം പുരിയിൽ നാട്ടിലോ;
വാദമില്ല, തിനാലല്ലോ, ബാലക്ക് മൃതിയിങ്ങിനെ!'



Digitized By Kerala Sahitya Akademi

എന്നായ്പ്പലതരം പേർത്തും പേർത്തും ചൊല്ലി ക്ഷിതീശ (വിൽ
പാടുനിന്നു,ഴലാൽ വെന്താ, മകനെത്തഴുകീടിനാൻ.

---

## ഏഴുപത്തിനാലാം സർഗ്ഗം:
## ബാലമരണഹേതുജ്ഞാനം.

---

എവമാ ബ്രാഹ്മണനുടെ ദുഃഖശോകമിയന്നതായ്
ദീനമാമാവലാതിച്ചൊല്ലെല്ലാം കേട്ടു കകുത്സ്ഥജൻ;
അതിനാൽ മാലിൽ വെന്തിട്ടാ മന്ത്രിമാരെ വരുത്തിനാൻ
വസിഷ്ഠവാമദേവാനുജാതരെ,പ്പൌരർതമ്മെയും.
വസിഷ്ഠനൊത്തുൾപ്പൂകിക്കപ്പെട്ടാരന്തണരെട്ടുപേർ;
‘വർദ്ധിപ്പൂതാവുകെ’ന്നാര,ദ്ദേവശ്രീനൃപനോടവർ:
മാർക്കണ്ഡേയൻ, വാമദേവൻ, മൌദ്ഗല്യനു,ഥ കാശ്യപൻ,
കാത്യായനാഖ്യൻ, ജാബാലി, ഗൌതമൻ, പിന്നെ
ഈ ദ്വിജർഷഭരെപ്പേരുമിരുന്നാരാസനങ്ങളിൽ. (നാരദൻ
വന്നൊത്ത മാമുനികളെ വന്ദിച്ചു തൊഴുതീടിനാൻ; ദ
മാനിച്ചാനു,ചിതംപോലേ മന്ത്രിപൌരജനത്തെയും.
അത്തേജോദീപ്തരെപ്പേരുമിരുന്നതിനുശേഷമേ
ചൊന്നാനൊട്ടുക്കകാകുത്സ്ഥനി,‘ദ്വിജൻപാടുനില്ക്കയാം.’

മാലാണ്ട മനുവനുടെയാ വാക്യം കേട്ടു നാരദൻ
നൃപനോടുത്തരം ചൊന്നാൻ ശുഭമായ് മുനിസന്നിധൌ:—
“കേൾക്ക, ബാലനകാലത്തു ചത്തതിൻ ഹേതു മന്നവ;
കേട്ടിട്ടു ചെയ്ക കർത്തവ്യം രഘുനന്ദന, മന്നവ:

Digitized By Kerala Sahitya Akademi

പണ്ടു കൃതയുഗേ രാജൻ, വിപ്രർമാത്രം തപസ്വികൾ;
അവിപ്രന്മാർ രാജാവേ, തപസ്സില്ലൊരുമട്ടിലും.
വെളിവൊത്താ യുഗം ബ്രഹ്മഭൂതമായുജ്ജ്വലിക്കവേ,
ദീർഗ്ഘദർശികളായ് മൃത്യുഹീനരായ് വാണിതേവരും.
പിന്നെ ത്രേതായുഗം: തത്ര ദൃഢവിഗ്രഹർ മാനവർ;
അന്നു പൂർവ്വതപസ്സൊത്തോരായ്ത്തീരും ക്ഷത്രവംശജർ.
വീര്യത്താലും തപസ്സാലും മീതെയാം മുൻപിറന്നവർ,
ത്രേതായുഗമിതിൽപ്പെട്ട മഹാന്മാരാം മനുഷ്യരിൽ.
കൃതത്തിൽ മേൽകീഴാണല്ലോ ബ്രഹ്മക്ഷത്രങ്ങൾതൻ
(സ്ഥിതി;
അവരണ്ടും ത്രേതയിങ്കൽ വീര്യത്താലൊന്നുപോലെയായ്.
വ്യത്യാസമേറെക്കാണാഞ്ഞമ്മൂലമങ്ങവരേവരും
അന്നു സമ്മതമാംവണ്ണം സ്ഥാപിച്ചു നാലുജാതിയെ.
വെളിവൊത്താ യുഗം ധർമ്മഭൂതമായുജ്ജ്വലിക്കവേ,
അധർമ്മമവനിത്തട്ടിലർപ്പിച്ചിതൊരു കാലടി;
ചുരുങ്ങുമല്ലോ തേജസ്സൊന്ന,ധർമ്മത്തോടു ചേരുകിൽ.
രാജസം ഭോജനദ്രവ്യം മുമ്പുള്ളോർക്കു വെറുംമലം;
അനൃതാഖ്യമതേപ്പെട്ടു പാർത്തട്ടിലൊരുകാലിനാൽ!
അധർമ്മമീയനൃതമാമൊരു കാലടിവെപ്പിനാൽ
വെളിപ്പെട്ടത്തിയായുസ്സിൻപരിമാണത്തെയാദ്യമായ്.
അധർമ്മം മേദിനിയിലീയനൃതത്തിനെ വെയ്ക്കയാൽ,
സത്യധർമ്മസ്ഥരായ് ലോകരാചരിച്ചു ശുഭങ്ങൾതാൻ.
ത്രേതായുഗത്തിലുള്ളോരാം ബ്രഹ്മക്ഷത്രിയരേവരും
തപസ്സു ചെയ്താർ, മററുള്ള ജനങ്ങൾ പരിചര്യയും.
അതങ്ങു വൈശ്യശൂദ്രർക്കു മുഖ്യമാകിയ ധർമ്മമായ്;

Digitized By Kerala Sahitya Akademi

ശൂദ്രൻ വിശേഷാൽശ്ശുശ്രൂഷചെയ്തു ജാതികൾ മൂന്നിനും.
ഇതിന്നൊട്ടുവിലക്കുട്ടക്കധർമ്മാനൃതമേല്ക്കയാൽ,
മീതെയുള്ളവരത്യന്തം ക്ഷീണരായ്പ്പോയ് നൃപോത്തമ.
അധർമ്മമത,തിൽപ്പിന്നെ രണ്ടാംകാലുമിറക്കിനാൻ;
അതിനാലീ യുഗത്തിന്നു നാമം ദ്വാപരമെന്നതായ്.
ഇരുകാൽവെച്ചതായുള്ളാ ദ്വാപരാഖ്യയുഗത്തിലോ,
അധർമ്മമോടനൃതവും മതിന്ത്ര മനുജർഷഭ.
ആദ്വാപരത്തിൽവൈശ്യന്മാർതപംചെയ്തുതുടങ്ങിനാർ;
തപം മൂന്നു യുഗത്താലേ മൂന്നു ജാതിസ്ഥമായ് ക്രമാൽ.൨൭
ധർമ്മം മൂന്നു യുഗത്താലേ മൂന്നു ജാതിസ്ഥുറച്ചുപോയ്;
ശൂദ്രർ യുഗങ്ങളാൽധർമ്മം നേടുന്നില നരർഷഭ.
ജാതി താനോൻനൃപശുശ്രൂഷ,ചെയ്യുമേ വെരുതാംതപം:
മേലിൽക്കലിയുഗത്തിങ്കൽത്തപം ശൂദ്രർ തുടങ്ങിടും;
ശൂദ്രന്നു പരമാധർമ്മം രാജാവേ, ദ്വാപരത്തിലും.
എന്നാൽ,ദുഷ്ടനവൻഭൂപ,നിന്നാട്ടരികിൽ വൻതപം
ചെയ്യുതുണ്ടിപ്പൊഴ;-തിനാലത്രേ കുട്ടി മരിച്ചുപോയ്:
അധർമ്മംതാന,കാര്യം താന ശ്രീമൂലം പുരത്തിലോ
നൃപൻറനാട്ടിലോദുഷ്ടാത്മാവൊരാൾചെയ്തുപോരുകിൽ,
ചിക്കെന്നു നരകം പൂകും രാജാവു,മസംശയം!     ൩൦
തപസ്സു, വേദാധ്യയനം, സൽകർമ്മമിവതൻ ഫലം
ആറിലൊന്നേററുവാങ്ങുന്നു, ധർമ്മത്താൽ നാടു കാക്ക
(വോൻ:
ആറിലൊന്നേററിടുമവൻ നാടു കാക്കായ്കതെങ്ങിനെ?
അതിനാൽ,ത്തൻറ രാജ്യത്തൊന്നന്വേഷിയ്ക്ക നരർഷഭ;
എവിടെദുഷ്കൃതം കാണു,മവിടെച്ചെയ്ക യത്നവും.

Digitized By Kerala Sahitya Akademi

ഇമ്മട്ടായാൽ, നരക്കായുർവ്വൃദ്ധിയും ധർമ്മവൃദ്ധിയും
നരശ്രേഷ്ഠ, ഭവിച്ചീട്ടു,മിക്കിടാവിനു ജീവനും.”

—೦°೦—

## എഴുപത്തഞ്ചാം സർഗ്ഗം:
## ശൂദ്രതാപസദർശനം.

—೦೦೦—

നാരദൻെറ സുധാതുല്യമായ വാക്കിതു കേൾക്കയാൽ
നിസ്തുല്യഹർഷമാർന്നേവം സൌമിത്രിയൊടുരചെയ്തിനാൻ:—
‘സൌമ്യ, ചൊല്ക്കാ,ശ്വസിപ്പിയ്ക്ക സുവ്രതദ്വിജവര്യനെ;
എണ്ണപ്പാത്തിയിൽ വെപ്പിയ്ക്കുക,ണ്ണിതൻദേഹവുംഭവാൻ:
ശ്രേഷ്ഠഗന്ധങ്ങൾ സൌരഭ്യമുള്ളെണ്ണകളിവററിനാൽ,
ഉണ്ണിയ്ക്കുടവു തട്ടാത്തവണ്ണമേ സൌമ്യ, ചെയ്യണം;
സൽകർമ്മിപ്പൈതലിൻദേഹംസൂക്ഷിയ്ക്കപ്പെട്ടിരിയ്ക്കയാൽ,
കേടും വ്യത്യാസവും പററിപ്പോകാത്തപടി ചെയ്ക നീ.’
സുലക്ഷ്മാവാം ലക്ഷ്മണനോടിതാജ്ഞാപിച്ചു രാഘവൻ
പുഷ്പകത്തെവിചാരിച്ചാൻ,‘വരികെ’ന്ന,തികീർത്തിമാൻ.
അന്തർഗ്ഗതമറിഞ്ഞിട്ടാ,പ്പൊന്നണിഞ്ഞുള്ള പുഷ്പകം
വന്നെത്തീ ചെററുനേരത്താൽ,ക്കാകുത്സ്ഥനുടെ ചാരവേ.
അതു കുമ്പിട്ടുണർത്തിച്ചാനി, ‘താ ഞാൻ മനുജാധിപ;
നിൻകീഴ്നില്പാൻമഹാബാഹോ;വന്നുചേർന്നിതുകിങ്കരൻ.’
പുഷ്പകത്തിൻെറ സരസച്ചൊല്ലു കേട്ടു നരാധിപൻ
ആ മുനീന്ദ്രരെ വന്ദിച്ചു വിമാനത്തിൽക്കരേറിനാൻ;
രണ്ടാവനാഴിയും വില്ലും വിളങ്ങും വാളുമേന്തിനാൻ;
പുരത്തിൽ വീരസൌമിത്രിഭരതന്മാരെയാക്കിനാൻ.

Digitized By Kerala Sahitya Akademi

പടിഞ്ഞാട്ടായെഴുന്നള്ളീ; തിരഞ്ഞുംകൊണ്ടതാതിടം
ശ്രീമാൻ ഹിമാദ്രിവൃതമാം വടക്കേദ്ദിക്കിലെത്തിനാൻ. ൧൦
അങ്ങുമേ ദൃഷ്ടതം തെല്ലുപോലും കണ്ടെത്തിടായ്കയാൽ,
കിഴക്കേദ്ദിക്കുമൊട്ടുക്ക തൃക്കൺപാർത്തു നരാധിപൻ:
വിശുദ്ധാചാരമോടൊത്തു കണ്ണാടിയ്ക്കെതിർവെണ്മയിൽ
കണ്ടാനതു മഹാബാഹു പുഷ്പകസ്ഥൻ നരാധിപൻ.
പിന്നെ, രാജർഷിതനയൻ തെക്കേദ്ദിക്കിങ്കലെത്തിനാൻ;
ശൈവലത്തിൻവടക്കായിക്കണ്ടു വമ്പൊയ്കയൊന്നവൻ.
അപ്പൊയ്കയിൽ,ഗ്ഗുരുതപം ചെയ്യുന്നൊരു തപസ്വിയെ
കണ്ടെത്തീ രാഘവൻ ശ്രീമാൻതലകീഴ്ത്തൂങ്ങിനില്പതായ്.
വന്തപം ചെയ്യുമായാൾതന്നരികിൽച്ചെന്നണഞ്ഞുടൻ
അരുൾചെയ്തു രഘുശ്രേഷ്ഠൻ:-'ധന്യനാണങ്ങു സുവ്രത! ൧൧
ജാതിയേതിൽത്തപോവൃദ്ധ, നിൻജന്മം ദൃഢവിക്രമ?
ചോദിപ്പൂ കൌതുകത്താൽഞാൻ,രാമൻ,ദശരഥാത്മജൻ.
നിനിഷ്ടമെന്തുവാൻ, സ്വർഗ്ഗലാഭമോ മറ്റുവല്ലതോ?
നീ ദുഷ്കരം തപം ചെയ്തീടുന്നതെന്തു വരത്തിനാം?
ഇന്നതിന്നു തപം ചെയ്വതെന്നു കേൾക്കട്ടെ താപസ;
വിപ്രനോ നീ? തവ ശുഭം, ദുർജ്ജയൻ ക്ഷത്രവംശ്യനോ?
തൃതീയജാതിയാം വിട്ടോ? ശൂദ്രനോ? ചൊല്ലുവാസ്തവം.'

ഇതിൻവിധം ദാശരഥിക്ഷിതീശൻ
ചോദിച്ചപോതാ,ത്തലതൂങ്ങിനില്പോൻ
ചൊല്ലീടിനാൻ ജാതി നൃപേന്ദ്രനോടു,
യതാൽത്തപംചെയ്യുവതെന്തിനെന്നും.

Digitized By Kerala Sahitya Akademi

## ഏഴപത്താറാംസർഗ്ഗം:
## ബ്രാഹ്മണബാലോജ്ജീവനം.

---

അക്ലിഷ്ടകർമ്മാവായുള്ള രാമൻെറ മൊഴി കേട്ടവൻ
അവ്വണ്ണം തലകീഴായ്ത്താൻ നിന്നേവമുരിയാടിനാൻ:-
'ശൂദ്രജാതിയിലുണ്ടായോനാണു, ശംബൂകനെന്ന ഞാൻ;
മെയ്യോടേ രാമ, വിണ്ണേറാനിച്ഛിപ്പേനതികീർത്തിമൻ.
നുണ ചൊല്വീല ഞാൻ രാമ, വിൺ നേടാനുള്ള വാഞ്ഛ
യാൽ
കട്ടംതപസ്സു ചെയ്യോരു ശൂദ്രൻ ഞാൻ രഘുനന്ദന!'
അശ്ശൂദ്രനാവിധം ചൊല്കെ,ത്തിളങ്ങും തെളിവാളിനെ
ശരിസ്സുറയിൽനിന്നൂരിത്തല കൊയ്തിതു രാഘവൻ.
അശ്ശൂദ്രനെക്കൊന്നളവിലി,ന്ദ്രാഗ്ന്യാദികൾ ദേവകൾ
നന്നു നന്നെന്നു മേന്മേലേ പുകഴ്ത്തീ രഘുനാഥനെ.
ഉണ്ടായ് പെരിയ പൂമാരി: ദിവ്യപുഷ്പങ്ങൾ നീളവേ
പൊഴിഞ്ഞൂ കാററിനാൽച്ചിന്നിപ്പാരംസൌരഭ്യശാലികൾ.
സത്യവിക്രമനാം രാമനോടു ചൊന്നാർ മുദാ സുരർ:-
'ഇദ്ദേവകാര്യം നീ സൌമ്യ, നന്നായ്ച്ചെയ്തു മഹാമതേ;
വാങ്ങിക്കൊള്ളുക കാകുത്സ്ഥ, വേണ്ടും വരമരിന്ദമ:
കിട്ടില്ലെന്നാക്കിവെച്ചല്ലോ വിണ്ണിശ്ശൂദ്രന്നു സൌമ്യ,നീ.'
വാനോർതൻ വാക്കു കേട്ടിട്ടു രാഘവൻപെരുതാസ്ഥയിൽ
തൊഴുതോ,രായിരം കണ്ണുള്ളപ്പർകോനോടു ചൊല്ലിനാൻ:
'വാനോരെങ്കൽത്തെളിഞ്ഞെങ്കിൽ,ജ്ജീവിക്കട്ടേ ദ്വിജാ
(ത്മജൻ;

Digitized By Kerala Sahitya Akademi

തന്നിടുവിൻ മേ വരമിതി;-താണെന്നുററ കാങ്ക്ഷിതം.
എൻതെററാലല്ലി, വിപ്രൻെറ ബാലനാമേകപുത്രനെ
കാലത്തിൻമുന്നമേ കാലം കൊണ്ടാക്കി യമമന്ദിരേ!
നന്മ നിങ്ങൾക്കു;-യിരവനോകകെ;-ൻവാക്കു തെ
(റെറാലാ:
'നിന്നുണ്ണിയ്ക്കുകവനുയിരെ'ന്നേറെറൻദ്വിജനോടുഞാൻ.'
രാഘവൻെറ വചസ്സേവം കേട്ടിട്ടു വിബുധോത്തമർ
പ്രീതനാം രാഘവനൊടു ചൊല്ലിനാർപ്രീതരായ് സുരർ:-
'സ്വസ്ഥനായ്ക്കൊൾക കാകുത്സ്ഥ:-ബാലനാമവനിന്നു
(താൻ
ജീവിതം വീണ്ടുമേ നേടിബ്ബന്ധുക്കളൊടിണങ്ങിനാൻ;
ഇശ്ശൂദ്രനിങ്ങു കാകുത്സ്ഥ, വീഴിയ്ക്കപ്പെട്ടതെപ്പൊഴോ,
അപ്പൊഴേ ജീവിതം നേടിക്കഴിഞ്ഞു ബാലനാമവൻ.
സ്വസ്തി, തേ മങ്ഗളം! ഞങ്ങൾ പോകട്ടേ പുരുഷർഷഭ;
ഇങ്ങഗസ്ത്യാശ്രമം കാണ്കവേണമെന്നുണ്ടു രാഘവ:
ദീക്ഷയാദ്ദീപ്തതേജസ്സാം ബ്രഹ്മർഷിയ്ക്കു കഴിഞ്ഞുപോയ്:
പന്തിരണ്ടാണ്ടു ചെന്നല്ലോ തണ്ണീരിങ്കൽക്കിടപ്പുമായ്.
പോകട്ടെയാ മാമുനിയെക്കൊണ്ടാടാൻ ഞങ്ങൾ രാഘവ;
പോരികങ്ങുന്നുമൃഷിയെക്കാണ്മാന,ങ്ങയ്ക്കു മങ്ഗളം!'
'ആവാ'മെന്നമരന്മാരോടേററുരച്ചിട്ടു രാഘവൻ
പൊന്നണിഞ്ഞൊരപ്പുഷ്പകമാം വിമാനത്തിൽക്കരേറിനാൻ.
പോന്നാരുടൻ പരപ്പേറും വിമാനങ്ങളിലസ്സുരർ;
രാമനും പിന്തുടന്നെത്തി കുംഭജൻെറ തപോവനേ. ൨൦
സുരർ വന്നതു കണ്ടിട്ടാ,ത്തപോനിധിയഗസ്ത്യനും
പൂജിച്ചു ധാർമ്മികനൊരേനിലയ്ക്കവരെയൊക്കയും.

Digitized By Kerala Sahitya Akademi

സൽകാരമേററിട്ട മഹാമുനിയെസ്സൽകരിച്ചുടൻ
ഗമിച്ചാർ വിണ്ണിലെല്ലാരുംകാരോടുമാത്തുഷ്ടരാംസുരർ.
അവർപോയ്ക്കൊണ്ടതിൽപ്പിന്നെ.പുഷ്പകംവിട്ടിറങ്ങി
വന്ദിച്ചാനഥ കാകുത്ഥനഗസ്ത്യർഷിവരിഷ്ഠനെ. (നാൻ;
തേജസ്സാൽക്കത്തുവോൻ പോലാം മഹാത്മാവെപ്പണി
(ഞ്ഞവൻ
മികച്ചൊരാതിത്ഥ്യവുമേററി,യന്നാൻ നരനായകൻ.
അവനോടോതി,തേജസ്വി വൻതപസ്സുള്ള കുംഭജൻ:—
'സ്വാഗതം തേ നരശ്രേഷ്ഠ! ഭാഗ്യം, നീ വന്നുരാഘവ!വ
നീ മേ ബഹുമതൻ രാമ, വളരെസ്സദ്ഗുണങ്ങളാൽ;
പൂജിയ്ക്കത്തക്കൊരതിഥി, നിത്യമെന്നുള്ളിൽ വാഴുവോൻ.
നീ ശൂദ്രനെക്കൊന്നിടുവാൻ വന്നതായോതി വിണ്ണവർ;
ജീവിപ്പിച്ചിതു ധർമ്മത്താൽ നീയന്തണതനൂജനെ!
പാക്കിന്നേത്തെ രാവങ്ങുന്നെ,ൻെറ ചാരത്തു രാഘവ;
രാവിലെപ്പുഷ്പകം കേറിപ്പോയ്ക്കൊ,മരമനസ്സുതാൻ.
നീയോ, നാരായണൻ ശ്രീമാനെ;-ല്ലാം നിങ്കലുറച്ചതാം;
ഭൂതത്തിനെല്ലാം പ്രഭു നീ; പുരുഷൻ നീ സനാതനൻ!
ഈയൊരാഭരണം സൌമ്യ, വിശ്വകർമ്മവിനിർമ്മിതം,
ദിവ്യാകാരയുതം, ദിവ്യം, തൻതേജസ്സാൽസ്സമുജ്ജ്വലം ()
വാങ്ങുകങ്ങുന്നു കാകുത്ഥ: മൽപ്രിയം ചെയ്ക രാഘവ:
ദാനംകിട്ടിയതിൻ ദാനത്തിന്നേറെപ്പലമുണ്ടുപോൽ.
ധരിപ്പാനങ്ങയേ പോരൂ, വൻഫലം നല്കുവാനുമേ:
കരേററാൻ പോരുമല്ലോ നീ,യിന്ദ്രാദിസുരർതമ്മെയും!
അതിനാൽ വിധിപോലേകീടുന്നേൻ; കൈക്കൊൾക മന്ന
സൂര്യനൊപ്പം വിളങ്ങിടും വിചിത്രം ദിവ്യഭൂഷണം.' (വ,



Digitized By Kerala Sahitya Akademi

[ഉരചെയ്താൻമഹാത്മാവോടൈ,ക്ഷ്വാകരിൽമഹാരഥൻ
ക്ഷത്രധർമ്മത്തെയോത്തിട്ടു രാമൻ പെരിയ ബുദ്ധിമാൻ:–
'ഭഗവാനേ, ബ്രാഹ്മണന്നിദ്ദാനം വാങ്ങലനിന്ദ്യമാം;
ഞാനോ,ക്ഷത്രിയനെ,പ്പൂർണ്ണംവാങ്ങേണ്ടബ്രാഹ്മണർഷഭ, ()
വിശേഷാൽബ്രാഹ്മണൻതന്നതി?–തൊന്നുപറയേണമേ.'
എന്നു രാമന്റെ ചോദ്യം കേട്ടുത്തരം ചൊല്ലി മാമുനി:–
'പണ്ടു രാമ, ബ്രഹ്മഭൂതമാകും കൃതയുഗാന്തരേ
മർത്ത്യക്കരചനില്ലെങ്ങും; ദേവകൾക്കുണ്ടു വാസവൻ.
ആ മർത്ത്യർ ഭൂപനെക്കിട്ടാൻ ദേവദേവങ്കലെത്തിനാർ:–
'വാനോർക്കരചനായ് വെച്ചുവല്ലോ നീ ദേവ, ശക്രനെ;
ഞങ്ങൾക്കേകു ലോകേശ, നരപുങ്ഗവഭൂപനെ:
ഞങ്ങളായവനെപ്പൂജിച്ച,ഘം നീക്കി നടന്നിടാം.
രാജാവില്ലാതെ പാർക്കില്ലിതെ;–ങ്ങൾതൻദൃഢനിശ്ചയം.'
മർത്ത്യർതൻ വാക്ക കേട്ടിട്ടു കാര്യം നന്നായുറച്ചുടൻ
ബ്രഹ്മാവമരരിൽ ശ്രേഷ്ഠൻ സേന്ദ്രരാം ലോകപാലരെ
വിളിച്ചെല്ലാരൊടും ചൊല്ലീ:–'തേജോഭാഗങ്ങളേകുവിൻ.'
ലോകപാലരുടൻ നല്കീ തൻതേജോഭാഗമേവരും.
പിന്നെത്തുമ്മീടിനാൻ ബ്രഹ്മാവ;–തിലുണ്ടായ് ക്ഷുപൻ (നൃപൻ;
ബ്രഹ്മാവവനിലാ ലോകപാലാംശങ്ങളിണക്കിനാൻ.
എന്നിട്ടാ പ്രജകൾക്കേകീ നാഥനായ് ക്ഷുപഭൂപനെ:
അതിലിന്ദ്രന്റെ ഭാഗത്താലൂഴികീഴ്നിർത്തിനാൻ നൃപൻ;
വരുണനുള്ള ഭാഗത്താൽ മെയ് പോഷിപ്പിച്ചു രാഘവ;
കുബേരനുടെ ഭാഗത്താലവർക്കേകിനാൻ ധനം;

Digitized By Kerala Sahitya Akademi

അവൻ യമന്റെ ഭാഗത്താൽശ്ശാസിച്ചീതു ജനങ്ങളെ. ൨൯
അതിലിന്ദ്രന്റെ ഭാഗത്താൽ നരേന്ദ്ര, രഘുനന്ദന,
വാങ്ങുക,ഞാനിശ്ശുഭമാ,മെന്നൊക്കേററിടുവാൻ പ്രഭോ!’]
പെരികെദ്ധർമ്മമൊത്തുള്ള മുനിവാക്യത്തെ കേട്ടുടൻ
വാങ്ങിനാൻ രാമനൃഷിയോടാ നല്ലാഭരണത്തിനെ.
ആ ശ്രേഷ്ഠമാമാഭരണം വാങ്ങിയിട്ടങ്ങു രാഘവൻ,
വിളങ്ങുമതു കൈവന്ന വഴി കേൾപ്പാനൊരുങ്ങിനാൻ:–
‘ഇതേററമദ്ഭുതം, ദിവ്യവടിവൊത്തുള്ളതു,ത്തമം
എവ്വണ്ണം കിട്ടി ഭഗവാനെ,ങ്ങുനിന്നാ,രു തന്നതാം?
ചോദിപ്പേൻ കൌതുകാൽ ബ്രഹ്മൻ, ഭവാനോടതികീ(ർത്തിമൻ:
മികച്ചൊരീടുവെപ്പല്ലോ, നാനാശ്ചര്യനിരക്കു നീ!’ ൩൦
കാകുൽസ്ഥനിത്തരംചൊല്ലുംനേരത്തു മുനിചൊല്ലിനാൻ:–
“കേൾ, മുൻത്രേതായുഗത്തിങ്കൽസ്സംഭവിച്ചതു രാമ, നീ:

## ഏഴപത്തേഴാംസർഗ്ഗം:
## ശ്വേതോപാഖ്യാനപ്രാരംഭം.

പൂർവ്വത്രേതായുഗേ രാമ, കാടൊന്നൊട്ടേറെവീതിയിൽ,
നൂറുയോജനചുറെറാത്തു, മൃഗപക്ഷികളെന്നിയേ;
മനുഷ്യരില്ലാത്തക്കാട്ടിൽ വന്തപം ചെയ്തിരുന്ന ഞാൻ
അക്കാടു മുഴവൻ സൌമ്യ, ചുററിനോക്കാനിറങ്ങിനേൻ;
ഞാനക്കാടിന്റെ മട്ടിന്നതെന്നറപ്പാനശക്തനായ്.
സ്വാദേറും കായ്ക്കനിയൊടും നാനാവൃക്ഷഗണത്തൊടും

Digitized By Kerala Sahitya Akademi

ഒരു യോജന നീണ്ടോരു പൊയ്കയുണ്ടാ വനാന്തരേ:
അന്നം നീർക്കോഴിയും തിങ്ങി,ച്ചക്രവാകങ്ങൾ ചേർന്നതായ്,
പദ്മോൽപലഗണം തിങ്ങി,പ്പായൽ മേലേ പരന്നതായ്;
അതതീവാദ്ഭുതം, സ്വാദുള്ളംഭസ്സൊത്ത,റ്റമുത്തമം, ൫
കലക്കം വിട്ടു,ഴക്കററു, നൽപ്പക്ഷികൾ ചുഴന്നതാം.
അപ്പൊയ്കയ്ക്കരികത്തായുണ്ടൊ,രദ്ഭുതമഹാശ്രമം,
സുപുണ്യമായ്,പ്പഴയതായ്,ത്താപസന്മാരൊഴിഞ്ഞതായ്.
ഞാനങ്ങു പാർത്തേൻ ഗ്രീഷ്മത്തിലൊരു രാവു നരർഷഭ;
കാലത്തുക്കാനെഴുന്നേററപ്പൊയ്കയ്ക്കരികിലെത്തിനേൻ.
കണ്ടെത്തിനേനങ്ങൊരിടത്തൊ,രക്ഷയമഹാശവം
വൻശ്രീയൊടും കിടക്കുന്നതസ്സരസ്സിൽ നരേശ്വര.
അതിനെപ്പററി,'യെന്താമിതെ'ന്ന ചിന്തയൊടും പ്രഭോ,
നിന്നേനങ്ങൊട്ടുനേരം ഞാൻ പൊയ്കവക്കത്തു രാഘവ.
കണ്ടേനങ്ങൊട്ടുനേരത്താൽ,ദ്ദിവ്യമദ്ഭുതദർശനം
വിമാനമൊന്നതിശ്രേഷ്ഠം ഹംസയുക്തം മനോജവം.
ആ വിമാനത്തിലോ, വീര, ശ്രീമാനാമൊരുദിവ്യനെ
സേവിപ്പൂ ദിവ്യമെയ്ക്കോപ്പിട്ടപ്സരസ്ത്രീകളായിരം:
പാടുന്നു ദിവ്യഗാനങ്ങളാ;-ടുന്നിതവരിൽച്ചിലർ;
മൃദംഗവീണാപണവം വായിച്ചീടുകയാം ചിലർ;
വെണ്ണിലാവൊളി മിന്നുന്ന പൊൻപിടിച്ചാമരങ്ങളാൽ
അവന്റെ തണ്ടാർക്കണ്ണുള്ളമുഖത്തായ്‌വീശിനാർ ചിലർ.
സൂര്യൻ സുമേരുശൃംഗത്തെപ്പോലേ സിംഹാസനത്തിനെ
വെടിഞ്ഞഥ വിമാനത്തിൽനിന്നിറങ്ങി രഘൂദ്വഹ,
ഞാൻ കാണ്കെ രാമ, തിന്നാനാശ്ശവത്തെദ്ദിവ്യനാമവൻ.
ആപ്പീത്ത മാംസം ധാരാളമിച്ഛപോലെ ഭുജിച്ചുടൻ

Digitized By Kerala Sahitya Akademi

ദിവ്യൻ കൈ കഴുകാനായിട്ടപ്പൊഴുക്കയിലിറങ്ങിനാൻ.
ശരിക്കു കൈ കഴുകിയിട്ടദ്ദിവ്യൻ രഘുപുംഗവ,
നല്ല പള്ളിവിമാനത്തിൽച്ചെന്നുകേറാനൊരുങ്ങിനാൻ.
ദേവസന്നിഭനദ്ദിവ്യൻ വിമാനത്തിങ്കൽ വീണ്ടുമേ
കരേറുന്നതു കണ്ടിട്ടു ചോദിച്ചേൻ ഞാൻ നരർഷഭ:-
'ആരാണങ്ങുന്നു ദേവാഭൻ? തീററയോ തിരെ നിന്ദിതം;
ഇതെന്തിനു ഭവാൻ സൌമ്യ, തിന്നുന്നു? ചൊല്ലവേണമേ.
ആർക്കുണ്ടാ,മിത്തരം മട്ടും തീററയും ദേവസന്നിഭ?
തോന്നുന്നു വിസ്മയം സൌമ്യ; നേർക്കേൾപ്പാനിച്ഛയുണ്ടു (മേ:
ചേർന്നതാണെന്നു തോന്നുന്നീല, ഞാൻ നീ ശവഭക്ഷണം.'
കൌതുകാലിപ്പടി സത്യമായ് ഞാൻ
ചൊന്നപ്പൊഴാ നാകചരൻ നരേന്ദ്ര,
ഈയെന്റെ വാക്കൊട്ടൊഴിയാതെ കേട്ടി-
ട്ടു,ച്ചിന്നമെന്നോടുരചെയ്തിതെല്ലാം.

## എഴുപത്തെട്ടാംസർഗ്ഗം:
## ശ്വേതക്ലേശനിവൃത്തി.

എൻ വാക്കു രാമ, കേട്ടിട്ടു തൊഴുതു, ത്തരമിത്തരം
വിശദാക്ഷരമായ്ച്ചൊന്നാനദ്ദിവ്യൻ രഘുനന്ദന:-
'ബ്രഹ്മൻ, കേൾ, സുഖദുഃഖങ്ങളെനിക്കേററ പഴംകഥ;
തള്ളിപ്പോകരുതല്ലോ ഞാന,ങ്ങു ചോദിക്കുകിൽ ദ്വിജ:
പണ്ടു, വൈദർഭകൻ രാജാവെന്നാളുന, തികീർത്തിമാൻ,

Digitized By Kerala Sahitya Akademi

സുദേവനെന്നു മൂപ്പാരിൽ വിളിപ്പെട്ടോരു വീൎയ്യവാൻ;
അവിടെയ്ക്കുളവായ് രണ്ടു പുത്രന്മാരിരുമാതരിൽ:
ഞാൻ ശ്വേതനെന്നുപേരായോനനുജൻ സുരഥൻദ്വിജ.
അച്ഛൻ വിണ്ണാണ്ടതിൻശേഷമെന്നെ വാഴിച്ചു നാഗരർ;
അങ്ങു ധൎമ്മത്തൊടേ രാജ്യംഭരിച്ചേൻ,ശ്രദ്ധവെച്ചുഞാൻ.
അനേകായിരമാണ്ടേവം കഴിഞ്ഞു മമ സുവ്രത,
രാജ്യം ഭരിച്ചും ധൎമ്മത്താൽ നാട്ടാരെക്കാത്തുമന്തണ.
ചില്ലാടൊരു നിമിത്തത്താലായുസ്സായമറിഞ്ഞു ഞാൻ
മൃത്യുകാലത്തെയുൾക്കൊണ്ടു കാട്ടിൽപ്പോന്നേൻ ദ്വിജോ
പശുപക്ഷികളില്ലാത്ത ദുൎഗ്ഗമാകിയ കാടിതിൽ (ത്തമ:
പൂകിനേൻ ഞാൻ തപംചെയ്വാൻ; സരസ്സിൻസുഭഗാന്തി
സോദര്യനാം സുരഥനെപ്പെരുമാളാക്കിവെച്ചുഞാൻ (കേ;
ഇസ്സരസ്സിങ്കൽ വന്നെത്തി,ത്തപം ചെയ്തേൻ പെരുത്തു
മുവ്വായിരത്താണ്ടു പെരുംകാട്ടിൽദ്ദുഷ്കരമാം തപം (നാൾ.
ചെയ്തിട്ടു ചെന്നണഞ്ഞേൻഞാൻബ്രഹ്മലോകമനുത്തമം.
എന്നിട്ടു വിണ്ണണഞ്ഞിട്ടുമേല്ക്കുയായി ദ്വിജോത്തമ
പൈദാഹങ്ങൾ മഹോദാര; തന്മൂലം ഞാൻ വലഞ്ഞു
(പോയ്.
ചെന്നു മൂലോകമേലാളാം പിതാമഹനൊടോതിനാൻ:-
'ഭഗവൻ,ബ്രഹ്മലോകത്തിങ്ങില്ലല്ലോക്ഷുൽപിപാസകൾ;
ഇതെന്തു കൎമ്മഫലമോ? പൈദാഹവശനായി ഞാൻ!
എന്തുഞാൻദേവ, തിന്നേണ്ടു?ചൊല്കതിങ്ങുപിതാമഹ.'
പിതാമഹനുടൻ ചൊല്ലീ:-'നിനക്കുണ്മാൻ സുദേവജ
സ്വാദുള്ളനിജമാംസംതാൻ; തിന്നുകൊൾകതു നിത്യവും.
തന്നെ പോററിയതേയുള്ളൂ വന്തപം ചെയ്തുപോന്ന നീ:

Digitized By Kerala Sahitya Akademi

എന്നും ശ്വേത,മുളസ്സില്ലാ,വിതയ്ക്കാത്തതു ബുദ്ധിമൻ! ഏതെ
നിനക്കില്ലല്പവും ദാനം; തപസ്സേ ചെയ്തതുള്ളു നീ;
അതിനാലാണു ദൈദാഹബാധയുണ്ണിയ്ക്കു വിണ്ണിലും.
നീയാത്തിന്നുതടിപ്പിച്ച തന്നുത്തമശരീരമേ
ഭക്ഷിച്ചുകൊൾകമൃതുപോലെ;-തിന്നാൽ മതിവന്നിടും.
എന്നോ ശ്വേത, മഹാത്മാവാമഗസ്ത്യമുനി കാടതിൽ
വന്നുചേരും ദുരാശഷ്ന,ന്നു നീ ക്ലേശമുക്തനാം.
അവൻവാനോരെയുംസൌമ്യ,പോരുമല്ലോകരേറുവാൻ;
പിന്നെപ്പൈദാഹവശനാം നിന്നെയെന്തോ, മഹാഭുജ!'
ഭഗവാനാം ദേവദേവനുടെ തീപ്പുകേട്ടു ഞാൻ
തിന്നുപോരുന്നു തന്മെയ്യാം നിന്ദ്യാഹാരം ദ്വിജോത്തമ.
ഇതു ഞാനേററമാണ്ടായി ബ്രഹ്മൻ, തിന്നുന്നുവെങ്കിലും,
ക്ഷയിപ്പതില്ലാ ബ്രഹ്മർഷേ, തെല്ലുല്ലി,വനു തൃപ്തിയും.
ഏവം കഷ്ടപ്പെട്ടമെന്നിയ്ക്കുക്കഷ്ടപ്പാടു തീക്ക നീ:
മററാരും വരികില്ലിങ്ങു കുംഭജദ്വിജനെന്നിയേ.
ഈയൊരാഭരണം സൌമ്യ, കരേററാനായ്ദ്വിജോത്തമ,
സ്വീകരിയ്ക്കുക,ഭദ്രംതേ; പ്രസാദിച്ചരുളേണമേ!
ഇതിൽനിന്നുളവാം, പൊന്നും പണവും വസനങ്ങളും
ഭക്ഷ്യവും ഭോജ്യവും ബ്രഹ്മൻ, ബ്രഹ്മർഷേ, ഭൂഷണങ്ങളും.
കാമമൊട്ടുക്കു നല്കുന്നേൻ ഭോഗവും മുനിപുംഗവ;
എന്നെക്കരേററാൻ ഭഗവൻ, പ്രസാദിച്ചരുളേണമേ!'
അദ്ദിവ്യനുടെ സന്താപംകലന്ന മൊഴികേൾക്കയാൽ
വാങ്ങിക്കൊണ്ടേൻകരേററാനാശ്ശോഭനാഭരണത്തെഞാൻ-
ഞാനാ വിശിഷ്ടാഭരണമേററുവാങ്ങിയനേരമേ

Digitized By Kerala Sahitya Akademi

രാജൎഷിയുടെ മുമ്പേത്തെ മൎത്ത്യദേഹം നശിച്ചുപോയ്.
ദേഹം നശിച്ചനേരത്താ രാജൎഷിയതിതുഷ്ടനായ്;
മോദിച്ചു തുഷ്ടനായ് രാജാവുമ്പൎന്നാടേറിനാൻ സുഖം.
അതിന്നായ് മമ കാകുത്സ്ഥ,മഹേന്ദ്രസമനാമവൻ
തന്നതാണ,ത്ഭുതാകാരമാകുമീദ്ദിവ്യഭൂഷണം.”

## ഏഴുപത്തൊമ്പതാംസൎഗ്ഗം:
## ദണ്ഡോപാഖ്യാനപ്രാരംഭം.

അത്യത്ഭുതമഗസ്ത്യന്റെയാ വാക്യം കേട്ടു രാഘവൻ
ഗൌരവാൽവിസ്മയത്താലുംചോദിപ്പാനൊന്നുവീണ്ടുമേ:-
‘ശ്വേതൻ വൈദൎഭരാട്ടെങ്ങു ചെയ്തുവോ കൊടുതാംതപം,
അക്കാടെമ്മട്ടു ഭഗവൻ, പശുപക്ഷിവിഹീനമായ്?
ശൂന്യമായ് മൎത്ത്യർ കേറാത്തതായുള്ളാക്കാട്ടിലെങ്ങിനെ
ചെന്നുതപസ്സിനാബ്ഭൂപൻ?നേർകേൾപ്പാനിച്ഛയുണ്ടുമേ.’
കൌതുകാന്വിതമായുള്ള രാമന്റെ മൊഴികേൾക്കയാൽ,
മികച്ച തേജസ്സുടയോനൃഷിചൊല്ലുവാനൊരുങ്ങിനാൻ:-
“പുരാ കൃതയുഗേ രാമ, മനു ദണ്ഡധരൻ പ്രഭു;
അവന്നുണ്ടായ് മഹാൻപുത്രനിക്ഷ്വാകുകുലനന്ദനൻ.
അജ്ജ്യേഷ്ഠാത്മസുതനെ രാജ്യത്തിൽ നിയമിച്ചവൻ.
‘ഭുവി രാജകുലങ്ങൾക്കു കൎത്താവാകെ’ന്നു ചൊല്ലിനാൻ.
‘ആവാ’മെന്നേല്പുയുംചെയ്താനച്ഛനോടന്നു രാഘവ;
അതിൽത്തികച്ചും തോഷിച്ചു പുത്രനോടോതിനാൻമനു:-
‘നന്ദിച്ചേൻ പരമോദാര, കൎത്താവാം നീയസംശയം;

Digitized By Kerala Sahitya Akademi

ദണ്ഡത്താൽച്ചെയ്യുസംരക്ഷ; വൃഥാ ചെയ്യൊല്ലദണ്ഡവും.
കുററക്കാരാം മനുജരിൽദ്ദണ്ഡമേല്പിപ്പതാകിലോ,
വിധിപ്രയുക്തമദ്ദണ്ഡം വിണ്ണണയ്ക്കും മഹീശനെ.
അതിനാലുണ്ണി, സൂക്ഷിച്ചു ചെയ്യു ദണ്ഡം മഹാഭുജ;
എന്നാൽ,പ്പാരിൽ മികച്ചുള്ള ധർമ്മം തവ ലഭിച്ചിടും.'
എന്നപ്പുത്രനൊടൊട്ടേറെച്ചൊന്നാ മനു സമാധിയാൽ
ഹൃഷ്ടനായ് ത്രിദിവം പുക്കാൻ ബ്രഹ്മലോകം സനാതനം.

അവൻ വിണ്ണാണ്ടതിൻശേഷ,മിക്ഷ്വാകുവമിതപ്രഭൻ,
'പുത്രരെമ്മട്ടെനിയ്ക്കുണ്ടാ'മെന്നു ചിന്ത തുടങ്ങിനാൻ.
അതാതു നാനാ കർമ്മത്താൽ മനുപുത്രൻ സുധാർമ്മികൻ
ജനിപ്പിച്ചു ദേവപുത്രതുല്യരാം നൂറുപുത്രരെ.
അവർക്കെല്ലാമിളയവൻ, പഠിപ്പില്ലാത്ത പാമരൻ,
ജ്യേഷ്ഠശുശ്രൂഷയും താത, ചെയ്യാതായ് രഘുനന്ദന!
ആ മന്ദബുദ്ധിയ്ക്കു പിതാവരുളീ ദണ്ഡനെന്ന പേർ,
'തീർച്ചയായ്പ്പിണയുംദണ്ഡമിയ്യാൾക്കെ'ന്നു നിനയ്ക്കയാൽ
അത്രയും ഘോരമാം ദേശം കാണാഞ്ഞുണ്ണിയ്ക്കു രാഘവ,
വിന്ധ്യശൈവലമധ്യത്തിലേകീ രാജ്യമരിന്ദമ.
അദ്ദണ്ഡൻ പെരുമാളായാനാ രമ്യഗിരിസാനുവിൽ;
തീർപ്പിച്ചാൻ രാമ, നേരററ കേമമാം രാജധാനിയും;
രാജധാനിയ്ക്കരുളിനാൻ മധുമന്താഖ്യയും പ്രഭോ;
വാധ്യാനാക്കീടിനാൻ പുണ്യവ്രതനാമുശനസ്സിനെ.
ഏവമാ നൃപനാ നാടു വാണു വാധ്യാനൊടൊപ്പമേ,
ഹൃഷ്ടമർത്ത്യർ നിറഞ്ഞുള്ളൊന്ന,ണ്ടർഃകാൻ വിണ്ണു
(പോലവേ.



Digitized By Kerala Sahitya Akademi

ഇവണ്ണമന്നാ മനുജേന്ദ്രപുത്ര-
നായുള്ള രാജാവുശനസ്സൊടൊപ്പം
വൻനാട്ടു വാണാനുശനസ്സൊടൊത്തു
വിണ്ണിങ്കലാ മാബലിയെന്നപോലേ."

—*—

## എണ്പതാംസർഗ്ഗം: അരജാധർഷണം.

രാമനോടിത്തരച്ചിട്ടു കുംഭസംഭവമാമുനി
മറെറാന്നിക്കഥയിൽപ്പെട്ടതുരചെയ്യാനൊരുങ്ങിനാൻ:_
"അദ്ദണ്ഡനങ്ങു കാകുത്സ്ഥ, പെരുതായിരമാണ്ടുകൾ
കണ്ടകാപേതമാം നാട്ടു വാണാൻ സംയതചിത്തനായ്.
അന്നൊരിയ്ക്കൽസ്സുഭഗമാം ചൈത്രമാസത്തിൽ മന്നവൻ
രമ്യമാമുശനസ്സിൻെറയാശ്രമം ചെന്നുപൂകിനാൻ.
അങ്ങു നിസ്തുല്യസൌന്ദര്യ ശുക്രപുത്രി വരിഷ്ഠയാൾ
കാട്ടിലേകത്ര ലാത്തീടുന്നതു കണ്ടെത്തി മന്നവൻ.
അവളെക്കണ്ടു കാമാസ്ത്രപീഡ പൂണ്ടസ്സുദുർമ്മതി
ചെന്നടുത്തതിസംഭ്രാന്തയായ കന്യയൊടോതിനാൻ:_
'എങ്ങുനിന്നാണുസുശ്രോണി?നീയാർതൻമകൾശോഭ
(നേ?
കാമപീഡിതനായത്രേ വന്നു സുമുഖി, നിങ്കൽ ഞാൻ.'
മനംമറന്നു വെളിവറേവമക്കാമി ചൊല്ലവേ,
ചൊന്നാളനുനയത്തോടേ ദണ്ഡനോടിതു ഭാർഗ്ഗവി:__
'അക്ലിഷ്ടകാരിയാം ദേവൻ ഭാർഗ്ഗവന്നാദ്യപുത്രി ഞാൻ
അരജാഭിഖ്യ രാജേന്ദ്ര, ധരിയ്ക്കാശ്രമവാസിനി.

Digitized By Kerala Sahitya Akademi

തൊടൊല്ലെന്നെബ്ബലാൽബ്ഭ്രൂചഃകന്യ താതനധീനഞാൻ;
എന്നച്ഛൻ ഗുരു രാജേന്ദ്ര, ശിഷ്യനാണമ്മഹാനു നീ.
വൻവിപത്തുവരുത്തുംതേകോപിച്ചാല,ത്തപോധികൻ!
എന്നെക്കിട്ടേണമെന്നാകിൽ നല്ല ധൎമ്മവഴിയ്ക്കു നീ
വരിഷ്ഠ തേജസ്സേറുന്നൊന്നച്ഛനോടു നൃപോത്തമ. ൨൦
മറിച്ചായാൽത്തവ പെട്ടം പെരികെഘോരമാം ഫലം:
എന്നച്ഛനരിശംകൊണ്ടാൽ മൂപ്പാരും ചുട്ടെരിയ്ക്കുമേ!
ചോദിച്ചാലെ,ന്നെയങ്ങയ്ക്കു തരുമച്ഛൻ ശുഭാകൃതേ'
എന്നോതുമ്പോളരജയോട,ങ്ങവശനാകയാൽ
ശിരസ്സിൽത്തൊഴുകൈവെച്ചു ചൊന്നാൻ ദണ്ഡൻ

(മദോൽകടൻ:-

'പ്രസാദംകൊൾക സുശ്രോണി;നേരംവൈകിച്ചിടൊല്ല
നീമൂലമായ് മമ പ്രാണൻ പിളരുന്നു വരാനനേ! (നീ:
നിന്നെക്കിടച്ചിട്ടേറേറാട്ടേ കൊലയോ, ഘോരശാപമോ;
ഭക്ത്യാചേരുംവിവശനാമെങ്കൽച്ചേരുക ഭീരു, നീ!' ൨൫
എന്നുരച്ചാ,ക്കരുത്തിട്ടം കന്യയെബ്ബലി കൈകളാൽ
പിടിച്ചൂടി യഥാകാമം മൈഥുനത്തിന്നൊരുങ്ങിനാൻ:
ദണ്ഡൻ പ്രചണ്ഡമിഘോരകൎമ്മം ചെയ്തിട്ടു വിദ്രുതം
നടകൊണ്ടാൻ മികച്ചുള്ള മധുമന്തപുരിയ്ക്കുതാൻ.
കരഞ്ഞുംകൊണ്ടരജയുമാശ്രമത്തിന്നടുക്കലേ
പേടിച്ചു കാത്തുനില്പായീ ദേവസന്നിഭനച്ഛനെ.

---

Digitized By Kerala Sahitya Akademi

# ഏഴുപത്തൊന്നാംസൎഗ്ഗം:
## ദണ്ഡരാജ്യധ്വംസനം.

ഇത്തു തെല്ലിടയാൽക്കേട്ടദ്ദേവൎഷിയമിതപ്രഭൻ
തന്നാശ്രമേ തിരിച്ചെത്തീ ശിഷ്യരോടും ക്ഷുധാൎത്തനായ്.
അവന്നു കാണായ,രജ രജസ്സാണ്ടെഴൽ തിങ്ങിയും,
പുലച്ചുഷ്ണരണഗ്രസ്തനിലാവിന്നൊത്തു മങ്ങിയും.
അദ്ദേഹമരിശംകൊണ്ടാൻ, വിശേഷിച്ചും വിശപ്പിനാൽ;
മൂപ്പാരും ചുട്ടെരിപ്പോൻ പോലെ,വം ശിഷ്യരൊടോതി
(നാൻ:—
'കാണ്മിൻ, വിരുദ്ധകൎമ്മാവാമജിതാത്മാവു ദണ്ഡനിൽ
എൻക്രോധാലെരിതിയ്യിന്നുട്ടേല്ക്കും ഘോരവിപത്തിനെ!
പെട്ടുപോയ് നാശ,മിദ്ദുഷ്ടപാപിയ്ക്കും കൂട്ടുകാൎക്കുമേ:
ചെന്തീജ്വാലയെയാണല്ലോ തൊടാൻനോക്കുന്നതിങ്ങി
(വൻ
അവൻ ചെയ്തുകളഞ്ഞല്ലോ കൊടുതാം പാപമിങ്ങനെ,
അതിനാൽ,പ്പാപകൎമ്മത്തിൻ ഫലം ദുൎമ്മതി നേടുമേ:
ഈ രാജാവേഴുനാൾകൊണ്ടു ഭൃത്യയാനബലത്തൊടേ
വധിയ്ക്കപ്പെട്ടുപോം ദുഷ്ടൻ, പാപംചെയ്തതു മൂലമായ്;
ഇദ്ദുഷ്ടബുദ്ധിതൻ നാടും നൂറുയോജന ചുററുമേ
വമ്പിച്ച പൊടിവൎഷത്താൽ മൂടിടും പാകശാസനൻ!
ഇങ്ങുള്ള സൎവസത്വങ്ങളചരങ്ങൾ ചരങ്ങളും
കനത്ത പൊടിവൎഷത്താലെല്ലാടത്തും നശിച്ചുപോം;
ദണ്ഡൻെറ രാജ്യത്തിനകത്തുണ്ടായിട്ടുള്ളതൊക്കയും
ഏഴുനാൾ പൊടിവൎഷത്താൽക്കാണാതല്ലാതെയായ്വരും!'

Digitized By Kerala Sahitya Akademi

എന്നോതി ക്രോധതാമ്രാക്ഷനാശ്രമസ്ഥരൊടപ്പൊഴേ
ആനാട്ടിന്നപ്പുറംചെന്നു പാർത്തുകൊൾകെന്നുമോതിനാൻ.
ഉശനസ്സിൻെറ മൊഴി കേട്ടാ,ശ്രമേ വാണിരുന്നവർ
ആ നാട്ടിൽനിന്നു പോയിട്ടു പാർപ്പുറപ്പിച്ചിതപ്പുറം.
ഏവം മുനികളോടോതിച്ചൊന്നാനരജയോടവൻ:–
'പാർക്കുകീയാശ്രമത്തിൽത്താൻ ദുർബുദ്ധേ,ഹൃത്തടക്കി നീ.
അരജേ, യോജനപ്പാടിയൊളിമിന്നുന്ന പൊയ്കയാൽ
പുലർന്നുകൊൾക മാലെന്യേ, കാത്തിരിക്കുക കാലവും.
നിൻ ചാരത്തേത്തു സത്വങ്ങളന്നാളിൽ നിവസിക്കുമോ,
അവക്കു പൊടിവർഷത്താൽ നാശം പററില്ലൊരിക്കലും.'
ബ്രഹ്മർഷിതൻ നിയോഗത്തെക്കേട്ടിട്ടരജ ഭാർഗ്ഗവി
അച്ഛൻ ഭാർഗ്ഗവനോടാ,'വാ'മെന്നാള,ഴൽ മുഴത്തവൾ;
ഇതോതിബ്ഭാർഗ്ഗവൻ പാർപ്പു മറെറാരേടത്തിലാക്കിനാൻ.
നരേന്ദ്രനുടെയാ നാടോ, ഭൃത്യയാനബലത്തൊടേ
നാളേഴാൽച്ചാമ്പലായ്പ്പോയീ, ബ്രഹ്മജ്ഞൻ ചൊന്നവ
അദ്ദണ്ഡനാടിതുവീശ, വിന്ധ്യശൈവലമധ്യഗം, (ണ്ണമേ.
നൽകൃതത്തിലധർമ്മത്താലാ ബ്രഹ്മർഷി ശപിക്കയാൽ,
അന്നുതൊട്ടിട്ടു കാകുത്ഥ, ദണ്ഡകാരണ്യസംജ്ഞമായ്;
ഇങ്ങു താപസർ പാർത്തേടം ജനസ്ഥാനവുമായ് തദാ.
നീ ചോദിക്കുമിതെല്ലാമേ ചൊന്നേൻ നിന്നോടു രാഘവ;
സമയം വീര,വൈകുന്നു സന്ധ്യ വന്ദിച്ചുകൊള്ളുവാൻ.
ഇതാ,മഹർഷിമാരെല്ലാമെങ്ങും നിറകുടത്തൊടേ
കുളിച്ചുത്തു നരവ്യാഘ്ര, സൂര്യോപാസന ചെയ്കയായ്.
ചേർന്നാ ബ്രഹ്മജ്ഞവര്യന്മാർ ബ്രഹ്മമന്ത്രം ജപിക്കവേ,
മറഞ്ഞു പകലോൻ രാമ; പോയിട്ടുക്കൽ കഴിക്കു നീ."

---

Digitized By Kerala Sahitya Akademi

## എണ്പത്തിരണ്ടാം സൎഗ്ഗം:
## രാമപ്രത്യാഗമനം.

---

ഋഷിതൻ വാക്കുകേട്ടന്തിയുക്കവാനായി രാഘവൻ
ഗമിച്ചാനപ്സരസ്ത്രീകൾ മരുവും നല്ല പൊയ്കയിൽ.
അതിങ്കലൂത്തൊ,ടുക്കത്തെസ്സന്ധ്യ വന്ദിച്ചു രാഘവൻ
പോന്നുൾപ്പൂക്കാൻ,മഹാത്മാവാം കുംഭഭൂവിന്റെയാശ്രമം.
അവന്നഗസ്ത്യൻ നല്പേറും കന്ദമൂലൌഷധങ്ങളും
വിശുദ്ധശാല്യാദികളും ഭക്ഷണത്തിന്നൊരുക്കിനാൻ.
ആസ്സുധയ്ക്കൊപ്പമാമന്നമശിച്ചിട്ടാ നരോത്തമൻ
സംപ്രീതിയും തുഷ്ടിയുമാൎന്നമ്പിൽപ്പള്ളിയുറങ്ങിനാൻ.
കാലത്തെണീററാ,ഹ്നികമാം കൎമ്മവും ചെയ്തരിന്ദമൻ
മുനിതന്നരികിൽച്ചെന്നു വിട വാങ്ങാൻ രഘൂത്തമൻ. ൧

വന്ദിച്ചു ചൊല്ലിനാൻ രാമൻ കുംഭജൎഷീന്ദ്രനോടുടൻ:-
'യാത്ര ചൊല്വേൻ' നിജപുരേ പോകുവാൻ വിട നല്കുമേ.
ധന്യോസ്മ്യ,നുഗൃഹീതോസ്മി മഹാനെക്കാൺകകൊണ്ടു
(ഞാൻ!
കാണുവാൻ വന്നുകൊള്ളാമിങ്ങാ,ത്മശുദ്ധിയ്ക്കു മേലിലും.'
അമ്മട്ടത്ഭുതമാം വാക്കു കാകുത്സ്ഥനുരചെയ്യവേ
പെരികെ പ്രീതനായ്ച്ചൊന്നാൻ ധൎമ്മനേത്രൻ തപോ
(ധനൻ:-
'അത്യത്ഭുതം നിന്നുടെയീ വാക്യം രാമ, ശുഭാക്ഷരം:
ഏവൎക്കും ശുദ്ധിയേകുന്നോൻ, നീതന്നോ രഘുനന്ദന!
നിന്നെ വല്ലവരും ചെററുനേരമേ രാമ, കാണുകിൽ,

Digitized By Kerala Sahitya Akademi

ശുദ്ധരായ് വിണ്ണുന്നത്തെല്ലാ വാനോക്കം പൂജ്യരാമവർ;
മന്നിൽക്കൊട്ടംകണ്ണുകളാൽ നിന്നെക്കാണുന്ന ദേഹിയോ,
യമദണ്ഡാൽക്കൊലപ്പെട്ട നരകേ വീണുപോമുടൻ!
ഈദൃശൻ നീ രഘുശ്രേഷ്ഠ, ശുദ്ധിയേവക്കമേകുവോൻ;
പാരിൽ നിൻകഥ ചൊല്ലോരും നേടുമേ സിദ്ധി രാഘവ!
പോക മാഴ്കാതെ, സുഖമായ്ബ്ഭയം വിട്ട വഴിക്കുതാൻ;
രാജ്യം ഭരിക്ക ധമ്മത്താൽ; നീയല്ലോ പാരിനാശ്രയം.'
ഇവണ്ണം മുനി ചൊന്നാറെ ചൊങ്ങിച്ച തൊഴുകയ്യുമായ്,
ആപ്പുണ്യവാനാമൃഷിയെപ്പണിഞ്ഞു പ്രാജ്ഞനാം നൃപൻ;
മഹർഷിയെയുമസ്സർവ്വമുനിമാരെയുമാസ്ഥയാ
പണിഞ്ഞാ,പ്പൊന്നണിഞ്ഞുള്ള പുഷ്പകത്തിൽക്കരേറിനാ
പോരുമഗ്ഗ്യക്രസമനെച്ചുറ്റുമാശീർവചസ്സിനാൽ (ൻ.
കൊണ്ടാടീ താപസർ, പുരന്ദരനെസ്സുരർ പോലവേ.
കാണായി,വാനത്താ രാമൻ പൊന്നണിപ്പുഷ്പകസ്ഥിതൻ,
മഴക്കാലത്തു മേഘത്തിന്നരികേ തിങ്കൾ പോലവേ.
നേരം മധ്യാഹ്നമായപ്പോഴ,ങ്ങങ്ങർച്ച്യമാനനായ്
അയോധ്യപുരേ കാകുത്സ്ഥൻ നടുക്കെട്ടിലിറങ്ങിനാൻ.
ഇറങ്ങി,ക്കാമഗതിയായ് മിന്നുമപ്പുഷ്പകത്തിനെ
വിരിച്ചയച്ച് 'പോകെ'ന്നും, 'ശുഭ'മാമെന്നുമായ് പ്രഭു;
രാമൻ കെട്ടിന്നകം നില്ക്കും കാവല്ക്കാരനൊടോതിനാൻ:–
'ചെന്നാബ്ഭരതനെ സൗമിത്രിമാരെ, വിക്രമയുക്തരെ, ൨൦
ഞാൻ വന്നതറിയിച്ചിട്ട വിളിപ്പിക്കുക, വൈകൊലാ.'

Digitized By Kerala Sahitya Akademi

# എൺപത്തിമൂന്നാം സർഗ്ഗം:
## രാജസൂയനിവാരണം.

അക്ലിഷ്ടകർമ്മാവായുള്ള രാമന്റെ മൊഴി കേട്ടുടൻ
ദ്വാഃസ്ഥൻ കുമാരരെക്കൊണ്ടുവന്നുണർത്തിച്ചു രാമനെ.
രാമൽസ്സൌമിത്രിഭരതർ വന്നണഞ്ഞതു കണ്ടുടൻ,
പുണർന്നു രാമനീവണ്ണമരുൾചെയ്തിതു രാഘവൻ:-
"സാധിച്ചേൻ ശ്രേഷ്ഠമാം വിപ്രകാര്യം നേരാംവിധ
(ത്തിൽ ഞാൻ;
ഇനിക്കാകുത്സ്ഥരേ, ധർമ്മസേതു തീർപ്പാൻ കൊതിപ്പു ഞാൻ.
അക്ഷയ്യ,മവ്യയം, ധർമ്മസേതുവെന്നെന്റെ നിശ്ചയം;
ധർമ്മസങ്കീർത്തനമിതും സർവ്വപാപപ്രണാശനം!
ആത്മാവാം നിങ്ങളോടൊത്തു രാജസൂയമനുത്തമം
കഴിപ്പാനാഗ്രഹിക്കുന്നേന;-തിൽ ധർമ്മമനശ്വരം.
രാജസൂയം കഴിച്ചത്രേ, മിത്രൻ ശത്രുവിനാശനൻ
നേടി വരുണപട്ടത്തെ,സ്സുയജ്ഞം സുഷ്ഠു ചെയ്കയാൽ;
സോമനും രാജസൂയത്തെ ധർമ്മത്താൽ ചെയ്തു ധാർമ്മികൻ
പാരിലെങ്ങും പുകൾപ്പെട്ടു നേടീ ശാശ്വതമാം പദം.
ഇന്നേക്കു നല്ലതെന്തെന്നതാലോചിക്കുക ഞാനുമായ്;
നാളത്തേക്കും ഹിതം യാതൊന്നതും ശ്രദ്ധിച്ചു ചൊല്ലു
(വിൻ."

കാകുത്സ്ഥനുടെയിച്ചൊല്ലു കേട്ടു, ചൊല്ലിരുത്തുള്ളവൻ
ഭരതൻ കൈതൊഴുതി,തിൻവണ്ണമൊന്നുരിയാടിനാൻ:-
"നിങ്കൽസ്സാധോ, മഹാധർമ്മം; നിങ്കൽ ധരണിയൊക്ക
(യും

Digitized By Kerala Sahitya Akademi

നിലനില്പൂ മഹാബാഹോ, യശസ്സും പുരുവിക്രമ!
ഞങ്ങൾപോലെനരേന്ദ്രന്മാർ മഹാൻലോകേശനങ്ങളെ,
പ്രജേശവൈസ്സുരർ കണക്കല്ലോ കാണുന്നു സർവ്വരും.
നാട്ടാരുമച്ഛനെപ്പോലെ കാണ്മൂ നിന്നെ മഹാബല;
ക്ഷോണിയ്ക്കും പ്രാണികൾക്കും നീ ഗതി രാഘവ, മനാവ!
ആ നീയീവിധമാം യജ്ഞമെവ്വണ്ണം ചെയ്തിടും നൃപ?
ഇതിൽക്കാണപ്പെടുന്നല്ലോ, ഭുവി രാജകുലക്ഷയം:
പാരിങ്കലെവരോ രാജൻ, പൌരുഷം ചേർന്ന പൂരുഷർ,
അവർക്കെല്ലാമിതിൽപ്പററും സർവ്വകോപത്തിനാൽ ക്ഷയം·
അതിനാൽ,ഗ്ഗുണസമ്പന്നൻ ഭവാനതുലവിക്രമ,
മടിയ്ക്കായ്കൂഴി: നിൻകീഴിലല്ലോ നില്പൂ നരർഷഭ!”
ഭരതന്റെ സുധാത്രുപമായ വാക്കിതു കേൾക്കയാൽ
നിസ്തുല്യഹർഷമുൾക്കൊണ്ടാൻ രാമൻ സത്യപരാക്രമൻ;
ചൊന്നാൻ നൽച്ചൊല്ലു കൈകേയ്യാനന്ദവർദ്ധനനോട
(വൻ:—
“പ്രീതനായ്ത്തുഷ്ടനായ്ഞാൻ, നിൻവാക്കാലനഘ,സാംപ്ര
പുരുഷവ്യാഘ്ര, ധരയെപ്പരിപാലിച്ചിടുന്നതായ് തം:
ധർമ്മം ചേർന്നുള്ള വാക്കല്ലോ ചൊല്ലി നീ കെല്പിലിങ്ങിനെ!
രാജസൂയമഹായാഗം ചെയ്വാനോർത്തതിൽനിന്നു ഞാൻ
പിൻവലിയ്ക്കുന്നു ധർമ്മജ്ഞ, നിന്റെ ശോഭനവാക്കിനാൽ:
ലോകപീഡ പെടും കർമ്മം ചെയ്കീടൊല്ലറിവുള്ളവർ.
നന്മ, ബാലർ പറഞ്ഞാലും കേൾക്കേണം ലക്ഷ്മണാഗ്രജ;
കൈക്കൊണ്ടേനതിനാൽ,ത്തക്ക നിൻനൽച്ചൊല്ലുമഹാമ
(തേ!”



Digitized By Kerala Sahitya Akademi

# എണ്പത്തിനാലാം സർഗ്ഗം:
## വൃത്രവധകഥനാരംഭം.

---

ആ രാമനും, മഹാത്മാവാം ഭരതൻതാനുമീവിധം
ചൊന്നപ്പോൾ നല്ല വാക്കോതീ കാകുത്സ്ഥനൊടു ലക്ഷ്മണ
"അശ്വമേധമഹായജ്ഞം, സർവ്വപാപവിനാശനം, (ൻ:-
ദുർദ്ധർഷം, പാവനം, ചെയ്യേണം നീ രഘുനന്ദന.
കേൾപ്പുണ്ടല്ലോ, മഹാത്മാവാമുമ്പർകോന്റെ പഴംകഥ;
ബ്രഹ്മഹത്യാർത്തനാം ശക്രനശ്വമേധാൽ വിശുദ്ധനായ്:
പണ്ടു ദേവാസുരസ്നേഹകാലത്തത്രേ മഹാഭുജ,
വൃത്രനെന്ന മഹാനായ ദൈതേയൻ ലോകസമ്മതൻ,
നൂറുയോജനവണ്ണത്തിൽ, മൂന്നിരട്ടിയുയർന്നവൻ,
മൂന്നുലോകത്തെയും രാഗാൽസ്സസ്നേഹം നോക്കിടുന്നവൻ, ഉ
കൃതജ്ഞൻ, ധർമ്മമറിവോൻ, ബുദ്ധിസ്ഥൈര്യവുമുള്ളവൻ
വാഴ്പുള്ളോരൂഴി രക്ഷിച്ചു, ധർമ്മത്താലപ്രമത്തനായ്.
അവൻ രക്ഷിക്കെയന്നുർവ്വി കാമമെല്ലാം ചുരന്നിനാൾ:
രസോത്തരങ്ങളായ്ത്തീർന്നു പൂക്കൾ മൂലഫലങ്ങളും;
മഹാത്മാവിൻ സമൃദ്ധോർവ്വിയുഴാതെ വിളയുന്നതായ്;
വാണാനമ്മട്ടിലാശ്ചര്യമാകും വാഴ്പുള്ള നാടവൻ!
അവന്നു തോന്നീ:-'ചെയ്യേണമെനിക്കു,ത്തമം തപം:
ഉററ നന്മ തപസ്സല്ലോ; മററുസൌഖ്യമൊരുൾഭ്രമം!'

മധുരാധിപനായ് നാട്ടിൽ മൂത്തപുത്രനെ വെച്ചവൻ
ചെയ്താൻകടുംതപംവാനോർക്കാകെത്താപംപെടുംവിധം.
വൃത്രൻ തപസ്സു ചെയ്യുമ്പോളു,മ്പർകോനതിദീനനായ്

Digitized By Kerala Sahitya Akademi

വിഷ്ണുവിൻെറ സമീപത്തു ചെന്നിട്ടിങ്ങിനെ ചൊല്ലി
(നാൻ:-
'വൃത്രൻ യെന്നാൻ മഹാബാഹോ, തപസ്സാലുലകങ്ങളെ:
കരുത്തൻ ധാൎമ്മികനവൻ; വശ്യാ,യാളെയടക്കുവാൻ!
തപസ്സിനിയുമദ്ദൈത്യപ്പെരുമാൾ ചെയ്യുമെങ്കിലോ,
ലോകങ്ങൾ നിന്നിടുംകാലത്തോളമായാൾക്കു കീഴിലാം!
നീയക്കെണ്ണേമനിലമാന്തിപ്പതാനും മഹാബല:
നീ ചൊടിച്ചാൽ ഞൊടിയിടയ്ക്കുണ്ടോ വൃത്രൻ സുരേശ്വര!
എന്നാളങ്ങയുമായ് വിഷ്ണോ, വേഴ്ചയുണ്ടായിവന്നുവോ,
അന്നതൊട്ടുലകങ്ങൾക്കു നാഥനായ്ത്തീൎന്നിതായവൻ.
അതിനാൽ,ദ്ദയ ചെയ്കാലും വാനോരിൽ,ക്കരൾവെച്ചു നീ:
നീ നിനച്ചേ ജഗത്തെല്ലാം ബാധ നീങ്ങിസ്സുഖപ്പെട്ടു.
ഈവിഷ്ണോരേവരും വിഷ്ണോ, നോക്കിനില്ക്കുന്നിതങ്ങയെ;
വമ്പിച്ച വൃത്രഘാതത്താലിവൎക്കു തുണ ചെയ്ക നീ.
ഈ മഹാന്മാൎക്കു നീയല്ലോ തുണ ചെയ്വു നിരന്തരം;
അസഹ്യമാമിതവൎക്കു; നീയേ ഗീൎവ്വാണരാശ്രയം!"

—•<>•—

## എണ്പത്തഞ്ചാംസൎഗ്ഗം: വൃത്രവധകഥനം.

ലക്ഷ്മണൻെറ വചസ്സേവം കേട്ടരച്ചാനരിന്ദമൻ,
'ചൊല്ക, സുവ്രത, വൃത്രൻെറ വധമൊക്കയു'മെന്നുതാൻ.
എന്നു രാഘവവാക്കാലേ സുമിത്രാനന്ദവൎദ്ധനൻ
വീണ്ടുമേ ദിവ്യകഥയെക്കഥിച്ചിതു ശുഭവ്രതൻ:-
"ശക്രൻെറയും സുരരുടെയൊക്കയും വാക്കു കേട്ടടൻ

Digitized By Kerala Sahitya Akademi

വിഷ്ണു ചൊന്നാനിതി,ന്ദ്രാദിവാനവന്മാരൊടൊക്കയും:-
'മുന്നേ മഹാനാം വൃത്രങ്കൽ വേഴ്ച കൊണ്ടവനാണു ഞാൻ;
അതിനാൽ,ദൈത്ത്യവരനെക്കൊല്ലായ്യുഷ്മൽപ്രിയത്തിനായ്
തീച്ച്യായുളവാക്കേണംതാനുംനിങ്ങൾക്കനൽസ്സുഖം;
അതിനാൽ വൃത്രനെക്കൊല്വാനുപായമുരചെയ്യുവൻ.
മൂന്നായിട്ടു വിഭാഗിയ്ക്കാമെന്നെ ഞാനമരേന്ദ്രരേ,
അതിനാൽ വൃത്രനെക്കൊല്ലാം സഹസ്രാക്ഷനസംശയം:
ഒരംശമിന്ദ്രനിൽച്ചെല്ലു, മറ്റൊന്നു കുലിശത്തിലും;
മൂന്നാമത്തുഴിമേൽച്ചെല്ലു; കൊല്ലാമപ്പോത്തു വൃത്രനെ.'
ദേവേശനാവിധം ചൊല്ലെ,ദ്ദേവന്മാരുരിയാടിനാർ:-
'വാസ്തവംതന്നെ, കില്ലില്ലാ, നീ ചൊല്വതസുരാന്തക;
ഭദ്രം തേ! ഞങ്ങൾ പോകട്ടേ വൃത്രാസുരവധത്തിനായ്.
ചേത്താലും പരമോദാര, നിൻതേജസ്സമരേന്ദ്രനിൽ.'
പിന്നീട്ട ശക്രാദികളാം മഹാത്മാക്കളശേഷരും
ചെന്നണഞ്ഞാർ.മഹാദൈത്യൻവൃത്രൻമേവുന്നകാനനം.
അങ്ങുകാണായ്തപംചെയ്യുംതേജോവ്യാപ്തൻവരാസുരൻ,
മുപ്പാർന്നകരുവോൻപോലെവാനെരിപ്പോൻകണക്കിനേ!
ദൈത്യേന്ദ്രനെക്കണ്ടളവേ നടുങ്ങിപ്പോയി വാനവർ:
'എവ്വണ്ണമിവനെക്കൊല്ലു,മെവ്വണ്ണം തോല്വി പററിടാ?'
അവർ ചിന്തയിലാണ്ടാറേ, സഹസ്രാക്ഷൻ പുരന്ദരൻ
വജ്രത്തെക്കൈകളാലേന്തി വിട്ടാൻ വൃത്രന്റെ മൂദ്ധ്നി.
ഘോരകാലാഗ്നിയെപ്പോലെ, വൻദീപ്താച്ചിസ്സുപോലവേ
വീഴും വൃത്രശിരസ്സാലേ ലോകം പേടിച്ചുരണ്ടുപോയ്!
ആ വൃത്രനെക്കൊന്നതു നന്നായില്ലെന്നുള്ള ചിന്തയാൽ

Digitized By Kerala Sahitya Akademi

പാരതിത്തിയിലേയ്ക്കോടി, പേരാണ്ട വിബുധേശ്വരൻ.
പായുമിന്ദ്രന്റെ പിന്നാലേ പാഞ്ഞെത്തി ബ്രഹ്മഹത്യയും
തടിയാങ്ഗങ്ങളിൽക്കേറി; ശക്രൻ ദുഃഖത്തിലാണ്ടുപോയ്.

ശത്രുവെക്കൊല്ലുകിലും, ശക്രനില്ലാഞ്ഞഗ്ന്യാദിദേവകൾ
പേൎത്തുംപേൎത്തുംസ്തുതിച്ചാരാ,മുപ്പാരിൻപതിവിഷ്ണുവെ:-
'നീയേ ഗതി മഹേശാന, ലോകത്തിന്നാദ്യനാദിജൻ
സമസ്തഭൂതരക്ഷയ്ക്കായ് വിഷ്ണുവായിട്ടിരിപ്പവൻ.
നീതാനീ വൃത്രനെക്കൊന്നു; ശക്രനെ ബ്രഹ്മഹത്യയും
ബാധിയ്ക്കുന്നു സുരവ്യാഘ്ര; നല്കുതിന്നൊരു മോചനം.'
ആ വാനോരുടെയാ വാക്ക കേട്ടു വിഷ്ണുവുമോതിനാൻ:-
'ഇന്ദ്രനെന്നെ യജിയ്ക്കട്ടേ; വജ്രിയെശ്ശുദ്ധനാക്കുവൻ.
പുണ്യാശ്വമേധംകൊണ്ടെന്നെപ്പൂജിച്ചാൽ,പ്പാകശാസന
വീണ്ടും ഭയപ്പാടു പെടാതണ്ടർകോനായി വാണിടും.' (ൻ
അമൃതിന്നൊത്ത വാക്കേവം വാനോരോടരുൾചെയ്തുടൻ,
സ്തുതനാം വിഷ്ണു ദേവേശൻ വിണ്ണിലെയ്ക്കെഴുന്നള്ളിനാൻ.''

---

## എണ്പത്തേഴാംസൎഗ്ഗം:
## അശ്വമേധമാഹാത്മ്യകഥനം.

---

വൃത്രന്റെ നിധനം ശേഷിപ്പില്ലാതൊട്ടുക്കുരച്ചുടൻ
ബാക്കിക്കഥ തുടൎന്നാനാ ലക്ഷ്മണൻ നരസത്തമൻ:-
''ദേവഭീതിദനാം വീൎയ്യമേറും വൃത്രന്റെ ഹിംസയാൽ
ബ്രഹ്മഹത്യ പിടിച്ചിന്ദ്രൻ വൃത്രഘ്നൻ മൂൎഛയാണ്ടുപോയ്.
തെളിവും വെളിവും കെട്ടു പാരതിത്തിയണഞ്ഞവൻ

Digitized By Kerala Sahitya Akademi

തെല്ലനാളവിടെപ്പാർത്താറു,ഴസ്സും പാമ്പു പോലവേ.
അന്നു ദേവേന്ദ്രനില്ലാഞ്ഞു ലോകം പേടിച്ചരണ്ടുപോയ്:
ഭൂവും നശിച്ചപോലായീ, വരണ്ടും കാടുണങ്ങിയും;
വററിപ്പോയി പുഴകളും നീർക്കയങ്ങളുമൊക്കവേ;
വലഞ്ഞെലഞ്ഞു ജീവങ്ങൾ, മഴയില്ലാതെയാകയാൽ. ൭
ഉടവിപ്പാരിനേററപ്പോളുള്ളുഴന്ന സുധാശനർ,
വിഷ്ണു മുമ്പരുളിച്ചെയ്ത യജ്ഞം ചെയ്യാനൊരുങ്ങിനാർ.
പിന്നെദ്ദേവകളെല്ലാരുമുപാധ്യായഷിമാരുമായ്
ചെന്നണഞ്ഞാർ,ഭയോന്മത്തനായശക്രൻറസന്നിധൌ.
ബ്രഹ്മഹത്യ പിടിച്ചോനാം വജ്രിയെപ്പാർത്തുകണ്ടവർ
അദ്ദേവേശനെ മുന്നിത്തിയശ്വമേധം തുടങ്ങിനാർ.
മഹാത്മാവാം മഹേന്ദ്രന്നാ ബ്രഹ്മഹത്യയൊഴിയ്ക്കുവാൻ
മുതിന്നു കേമമായുള്ളൊരശ്വമേധം നരേശ്വര.

യാഗാവസാനത്തിൽ മഹാത്മാവുതൻ ബ്രഹ്മഹത്യയും
മുമ്പിൽ നിന്നോതിനാളെ,'ങ്ങു പാപ്പെനിയ്ക്കേ?പ്പെട്ടുത്തു (വിൻ.'
ചൊല്ലിനാരതിനോടപ്പോൾത്തുഷ്ടരായ്പ്രീതരായ്സ്സുരർ:-
'നാലായിട്ടു പകുത്താലും നീതാൻ നിന്നെദ്ദുരാസദേ.'
ബ്രഹ്മഹത്യ മഹാന്മാരാം വാനോർതൻ വാക്കുകേട്ടുടൻ
ഭാഗിച്ചു, പാപ്പിടം വേറേ വരിച്ചാൾ ദുഃഖവാസിനി:-
'ഒരംശത്താൽ,മദംപോക്കംസ്വൈരചാരിണിയായഞാൻ
വർഷാകാലേ നാലുമാസം പാക്കവൻ നിറയാർകളിൽ;
ഒരംശത്താൽസ്സദാകാലം, ദുഃഖവാസിനിയായ ഞാൻ
ഭൂമിയിൽപ്പാക്കവൻ; കില്ലില്ലി,ക്കഥിപ്പതു സത്യമാം;
മൂന്നാമതാമെന്നംശത്താൽ മൂന്നുനാൾ പാത്തുകൊള്ളുവൻ

Digitized By Kerala Sahitya Akademi

താരുണ്യത്താളളലൂഠംത്തിങ്കും സ്ത്രീകളിൽ,ത്തള്ളൽ പോ
(ക്കി ഞാൻ;
നിൎദ്ദോഷബ്രാഹ്മണരെയാർ പൊളി ചൊല്ലി വധിക്കുമോ,
അവരിൽച്ചേരുവൻനാലാംഭാഗത്താൽഞാൻസുരേന്ദ്രരേ.'
വാനോരുമതിനോടോതി:-'നീ ചൊല്ലീടുന്നതൊക്കയും
ആമട്ടാകട്ടെ; പോയ്ക്കൊൾക യഥേഷ്ടം ദുഃഖവാസിനി.'
പിന്നെ നന്ദിച്ചു വന്ദിച്ചു സഹസ്രാക്ഷനെ വാനവർ;
അഴൽ വിട്ടു വിശുദ്ധാത്മാവായിതപ്പുരുഹൂതനും.
ബാധയും നീങ്ങിയുലകിന്നെല്ലാ,മിന്ദ്രന്റെ വാഴ്ചയാൽ;
ആശ്ചൎയ്യമായ യജ്ഞത്തെപ്പൂജിച്ചാനന്നു ശക്രനും.
ഇത്രയ്ക്കാണ്,ശ്വമേധത്തിൻ മാഹാത്മ്യം രഘുനന്ദന;
കഴിയ്ക്കൂ സുമഹാഭാഗ, വാജിമേധം മഹീപതേ." ൨൦
വരലക്ഷ്മണവാക്കിതെത്രയും
മധുരം കേട്ടു നൃപൻ മഹാനുഭാവൻ
അമരേന്ദ്രസമാനവിക്രമൌജ-
സ്സുകതാരിൽക്കുളിർ പൂണ്ടു തുഷ്ടനായി.

# എണ്പത്തേഴാംസൎഗ്ഗം:
## ഇളോപാഖ്യാനപ്രാരംഭം.

ലക്ഷ്മണൻതന്റെയാ വാക്യം കേട്ടു വാക്യവിശാരദൻ
ചിരിപൂണ്ടരുളിച്ചെയ്താനുരുതേജസ്സു രാഘവൻ:-
"ശരിയാണു, നരശ്രേഷ്ഠ, നീ ചൊല്ലിയതു ലക്ഷ്മണ,
വൃത്രഘാതവുമൊട്ടുക്ക വാജിമേധപ്രഭാവവും.

Digitized By Kerala Sahitya Akademi

കേൾപ്പൂ, പുരാ കർദ്ദമനാമാ പ്രജാപതിതൻ മകൻ
സൌമ്യ, ബാഹ്ലീശ്വരൻ ശ്രീമാനിളനെന്നൊരു കീർത്തി
ആ രാജാവൂഴി മുഴുവൻ കീഴടക്കിസ്സുധാർമ്മികൻ (മാൻ;
രാജ്യത്തെ മക്കളെപ്പോലെ കാത്തുപോന്നു നരർഷഭ.
അത്യുദാരർ സുരന്മാരും സമൃദ്ധന്മാരിയ ദൈത്യരും
നാഗരാക്ഷസഗന്ധർവ്വർ സുമഹാത്മാക്കൾ യക്ഷരും ൫
പൂജിസ്ക്കും, സൌമ്യ, ഭയമാണ്ടനിശം രഘുനന്ദന,
ഭയപ്പെട്ടം മൂന്നുലകം, മഹാത്മാവു ചൊടിക്കുകിൽ!
അമ്മട്ടിലായിരുന്നല്ലോ, ധർമ്മവീര്യസ്ഥനാ നൃപൻ;
ബുദ്ധികൊണ്ടും മികച്ചുള്ളോൻ ബാഹ്ലീശൻ പുകളേറി
(യോൻ.

ആ മഹാബാഹു നല്ലോരു കാട്ടിൽ വേട്ട തുടങ്ങിനാൻ
രമ്യമാം ചൈത്രമാസത്തിൽ,ഭൃത്യയാനബലത്തൊടേ.
കൊന്നാൻ മൃഗങ്ങളെക്കാട്ടിൽ നൂറുമായിരവും നൃപൻ;
കൊന്നിട്ടു മതി വന്നീലാ, മഹാനാം മന്നവന്നതിൽ.
നാനാമൃഗസഹസ്രത്തെക്കൊന്നുകൊണ്ടു മഹാശയൻ
സുബ്രഹ്മണ്യന്റെ ജനനപ്രദേശത്തിങ്കലെത്തിനാൻ. ൧൦
അവിടെ,ശ്ശുംഭദേവേശൻ ദുർദ്ധർഷൻ മലമങ്കയെ
രമിപ്പിച്ചരുളുന്നുണ്ടായിരുന്നു പാർഷദാന്വിതൻ:
താനും വഹിച്ചാൻ സ്ത്രീരൂപം ഗൌരീശൻ വൃഷഭധ്വജൻ
ദേവിക്കു തുഷ്ടി ചേർപ്പാനാ മലഞ്ചോലയ്ക്കുകളിലായ്.
അക്കാട്ടിലുള്ള പുംലിംഗവാച്യസത്ത്വഗണങ്ങളും
സ്ത്രീകളായ്ത്തീർന്നിരുന്നു പുന്നാമമൊത്ത തരുക്കളും;
പെണ്ണായ്ച്ചമഞ്ഞിരുന്നു മറ്റുള്ള വസ്തുവുമൊക്കവേ.
അപ്പൊഴാണാ,പ്രദേശത്തു ചെന്നണഞ്ഞതു മന്നവൻ,

Digitized By Kerala Sahitya Akademi

മൃഗലക്ഷങ്ങളെക്കൊന്നുംകൊണ്ടിളൻ കർദ്ദമാത്മജൻ.
വ്യാളപക്ഷിമൃഗൌഘത്തോടെല്ലാം പെണ്ണായിരുന്നതും,
താനുമാൾക്കാരൊടൊപ്പം പെണ്ണായതും കണ്ടു രാഘവ, ()
പെരുംദുഃഖമവന്നുണ്ടായ് തൻെറയാ നില കാൺകയാൽ,
ഗൌരീശൻതൻ പണിയതെന്നറിഞ്ഞിട്ടേശി ഭീതിയും.
ഉടൻ കപർദ്ദിശ്രീകണ്ഠനാമാപ്പെരിയ ദേവനെ
ശരണംപ്രാകിനാൻ ഭൂപൻ ഭൃത്യയാനബലത്തൊടേ.
അതിൽച്ചിരിച്ചു വരദൻ ദേവിയൊത്തു മഹേശ്വരൻ
പ്രജാപതിതനൂജന്നു വരം നല്കാനൊരുങ്ങിനാൻ:—
'എണീയ്ക്കൂ,ണീയ്ക്കൂ രാജർഷേ, കാർദ്ദമേയ, മഹാബല:
പുംസ്ത്വമൊന്നൊന്നിയേ സൌമ്യ, വരം വാങ്ങുക സുവ്രത.'
ദേവേശ്വരൻ തള്ളുകയാൽ മാലിൽ മുങ്ങിയ മന്നവൻ,
മഹാത്മാവോടു പെണ്ണായോൻ വാങ്ങിയില്ലന്യമാം വരം.
പിന്നെ, വന്മാലൊടേ സദ്വാത്മാവുകൊണ്ടും നൃപാലകൻ
വണങ്ങിനാൻ, മാമലതൻ മകളാം ദേവി ഗൌരിയെ.
'വരേശി, നീ ജഗത്തിന്നൊരമ്മയല്ലോ വരപ്രദേ;
അമോഘദർശനേ, ദേവി, സൌമ്യത്തൃക്കണ്ണയയ്ക്കണേ!'
രാജർഷിതന്നഭിപ്രായമറിഞ്ഞു ഹരസന്നിധൌ
ശുഭമാമുത്തരംചൊന്നാൾ ദേവി രുദ്രൻെറയോമലാൾ:—
'ദേവൻ തരും പാതി വരം, വരം പാതി നിനക്ക ഞാൻ;
അതിനാൽ, സ്ത്രീപുമാന്മാരിലിഷ്ടമാം പാതി വാങ്ങു നീ.'
ഏവമാശ്ചര്യതരമായ് ശ്രേഷ്ഠമാം ദേവിതൻവരം
കേട്ടേററമുൾ കുളിർത്തോനായുരചെയ്തിതു മന്നവൻ:— ൨൫
'എന്നിൽദ്ദേവി തെളിഞ്ഞെങ്കിൽ, മന്നിൽ നേരററ ചേ
(ലൊട്ടും

42 *

Digitized By Kerala Sahitya Akademi

ഞാനൊററമാസം പെണ്ണായിട്ടാണാവുകൊരുമാസമേ.'
അവൻെറയീപ്ലിതമറിഞ്ഞു,മലാനന ദേവിയും
ശുഭമാമുത്തരം ചൊന്നാൾ,'വണ്ണംതന്നെയാസ്ലരം:
ആണായാലങ്ങു രാജാവേ, പെണ്ണായതു മറന്നുപോം;
പിന്നെത്തെമാസംപെണ്ണായാലാ,ണായതുമറന്നുപോം.'
അവ്വണ്ണം മാസമൊന്നാണായ്ത്തീന്നാക്കാർദ്ദമി മന്നവൻ
ത്രൈലോക്യസുന്ദരിപ്പെണ്ണായിളയാ.യൊരുതിങ്ങളിൽ.''

## ഏഴ്പത്തെട്ടാംസർഗ്ഗം: ഇളാബുധസമാഗമം.

രാമനങ്ങിളനെപ്പററിക്കഥിച്ച കഥ കേൾക്കയാൽ
ലക്ഷ്മണനും ഭരതനുമുളവായ് വിസ്മയം തുലോം.
രാമനെക്കൈതൊഴുതവരപേക്ഷിച്ചിതു വീണ്ടുമേ
ആ മഹാനാം നരേന്ദ്രൻെറ ചരിതം വിസ്തരിക്കുവാൻ:—
'പെണ്ണായിട്ടേതുനിലയിൽപ്പാർത്തു ദുർഗ്ഗതിയാം നൃപൻ?
ആണാകുമ്പോളെവ്വണ്ണം നാൾ കഴിച്ചീടിനാനവൻ?'
അവർ കൌതുഹലത്തോടുമിച്ചോദിച്ചതു കേട്ടുടൻ
കാകുത്സ്ഥനരുളിച്ചെയ്താനാ നൃപൻെറയവസ്ഥയെ:—
''ഒന്നാംമാസമതിൽ,പ്പാരിലഴകേറിയ നാരിയായ്,
മുമ്പേതന്നെയനുഗന്മാരാമാ നാരികളൊടൊപ്പമേ, 6
പൊന്തവള്ളിമരം തിങ്ങുമാ വനം കാൽനടയ്ക്കുടൻ
ചെന്നണഞ്ഞബ്ജപത്രാക്ഷി കളിച്ചു ലോകസുന്ദരി;
വാഹനങ്ങളുമൊട്ടുക്ക കൈവെടിഞ്ഞങ്ങു ചുററുമേ
ഗിരിപ്പുറപ്പാന്നിടയിൽ ക്രീഡിച്ചാളിളയാമവൾ.

Digitized By Kerala Sahitya Akademi

പിന്നീട,ക്കാടകംതന്നിൽ മാമലയ്ക്കൊട്ടടുക്കലായ്,
നാനാപക്ഷിഗണം ചേൎന്ന വിളങ്ങുമൊരു പൊയ്കയെ
കണ്ടാളങ്ങിള ചന്ദ്രന്റെ സുതനാം ബുധനേയുമേ:
അവൻ ജ്വലിക്കും മെയ്യുള്ളോനു,ദ്യൽപൂൎണ്ണേന്ദുസന്നിഭൻ,
തണ്ണീർനടുക്കിൽക്കടുതാം തപം ചെയ്വോൻ,ദുരാസദൻ,
യശസ്കരൻ, കാമകരൻ, യൌവനപ്രായമാൎന്നവൻ. ൨൦
അജ്ജലാശയമെല്ലാമിട്ടിളക്കി വിസ്മയിച്ചവൾ
സ്ത്രീകളായ്ത്തീൎന്ന മൂന്നാൾക്കാരൊന്നിച്ചു രഘുനന്ദന.
അവളെക്കണ്ടതോടൊപ്പം കാമാസ്ത്രവശനായ്ബ്ബുധൻ
മനസ്സടക്കാനാളായീല,ലഞ്ഞാൻ നീരിലങ്ങിനെ.
മുപ്പാരിൽവെച്ചുത്തമയാമിളയെപ്പാൎത്തുകൊണ്ടവൻ
ചിന്ത പൂണ്ടാനി, 'താരുമ്പൎമങ്ങയെക്കാൾ മികച്ചവൾ?
ദേവാസുരസ്ത്രീകളിലുമപ്സരോനാഗിമാരിലും
മുൻകണ്ടിട്ടില്ല ഞാനി,ത്ര ചന്തം ചേരുമൊരുത്തിയെ!
അന്യൻ വേട്ടവളല്ലെങ്കിലനുരൂപയെനിക്കിവൾ.'
എന്നാലോചിച്ചു വെള്ളത്തിൽനിന്നുടൻ കരയേറിനാൻ;
ആശ്രമത്തിലണഞ്ഞങ്ങോട്ടാ, ശ്രേഷ്ഠമടവാർകളെ
വിളിച്ചാൻ ധാൎമ്മികന,വരദ്ദേഹത്തെ വണങ്ങിനാർ.
ചോദിച്ചിതദ്ധാൎമ്മികനാ,'ക്കളേള്ളാളീ ലോകസുന്ദരി?
എന്തിനു വന്നവളുമാണെ?-ല്ലാം വൈകാതെ ചൊല്ലു
അവന്റെ നന്മൊഴിയതു മധുരം മധുരാക്ഷരം (വിൻ.'
കേട്ടാമങ്ങകളെല്ലാരും ചൊന്നാർ മധുരമാംവിധം:-
'ഈ നിതംബിനിയാൾ ഞങ്ങൾക്കെന്നും സ്വാമിനിയായ
(വൾ;

Digitized By Kerala Sahitya Akademi

വേൾക്കപ്പെടാത്തോൾ, കാടെങ്ങും ചുററുന്നു ഞങ്ങളെൎ
(ത്തിവൾ.'
ആ നാരിമാർതൻ വിസ്പഷ്ടപദമാം വാക്കുകേട്ടടൻ
നല്ലൊരാവത്തറിവിദ്യയാവത്തിച്ചീടിനാൻ ദചിജൻ;
ആ രാജാവിൻെറ വൃത്താന്തമാകമാനമറിഞ്ഞവൻ
ആ സ്ത്രീകളോടേവരൊട്ടം ചൊല്ലിനാൻ മുനിപുങ്ഗവൻ:-
'പാക്കാം, കിമ്പുരുഷസ്ത്രീകളായിട്ടിഗ്ഗിരിസാനുവിൽ;
ചിക്കെന്നിപ്പവ്വതത്തിങ്കലേപ്പെട്ടുത്തുക വാപ്പിടം.
ഇലകായ്ക്കനിയാൽനിങ്ങൾക്കെല്ലാക്കംനാൾകഴിച്ചിടാം;
സ്ത്രീകളേ, കിമ്പുരുഷരെക്കിട്ടം നിങ്ങൾക്ക കാന്തരായ്.'
ചന്ദ്രപുത്രൻെറയാ വാക്ക കേട്ടാ സ്ത്രീകൾ പെരുത്തുപേർ
പാത്താർ കിമ്പുരുഷസ്ത്രീകളാക്കപ്പെട്ട, ചലാന്തികേ-"

—— ०°० ——

## എണ്പത്തൊമ്പതാംസഗ്ഗം പുരൂരവസ്സംഭവം.

അതിൽക്കിമ്പുരുഷോൽപത്തികേട്ടാബ്ബരതലക്ഷ്മണർ,
ആശ്ചയ്യമെന്നാർ നൃപനാം രാമനോടിരുപേരുമേ.
ധമ്മാത്മാവാകുമാ രാമൻ മികച്ച പുകൾ പൂണ്ടവൻ
ആ പ്രജാപതിപുത്രൻെറ കഥ വീണ്ടും തുടങ്ങിനാൻ:-
"അക്കിമ്പുരുഷിമാരെല്ലാം പോയതായ്ക്കണ്ടു മാമുനി
ആശ്ചന്തമേറും സ്ത്രീയോടു പുഞ്ചിരിക്കൊണ്ടു ചൊല്ലി
(നാൻ:-
'സോമൻെറയോമനമകനാണു, ഞാൻ കോമളാനനേ;
ചേരുകെന്നിൽ വരാരോഹേ, രാഗത്താൽ സ്നിഗ്ദ്ധനേത്ര
(യായ്.'

Digitized By Kerala Sahitya Akademi

ആ വാക്ക കേട്ട, തൻകൂട്ടർ വിട്ടേകാന്തസ്ഥയാമിള
മൈവിളങ്ങും ഗ്രഹശ്രേഷ്ഠൻതന്നോടുത്തരമോതിനാൾ:-
'സൈ്വരചാരിണി ഞാൻ സൌമ്യ, ചാന്ദ്രേ, നിൻകീ
(ഴിൽ നില്പവൾ;
നേരേ നടത്തിക്കൊൾകെന്നെ;-യിഷ്ടംപോലെ യഥേ
അവൾതന്നത്ഭുതാലാപമിതു കേട്ടിട്ടു ഹൃഷ്ടനായ് (ഷ്ടമേ.'
രമിച്ചാനവളോടൊത്താക്കാമിയാം സോമനന്ദനൻ.
വസന്തമാക്കാമിബുധനിളയാമസ്സുവക്ത്രയെ
പാരം രമിപ്പിക്കെ, ഞൊടിനേരംപോലകഴിഞ്ഞുപോയ്!
തിങ്ങളൊന്നു തികഞ്ഞാറേ മുഴവാർതിങ്കൾനേർമുഖൻ
പ്രജാപതിസുതൻ ശ്രീമാനുണർന്നേററിതു മെത്തയിൽ.
അപ്പോൾക്കണ്ടാനസ്സരസ്സിൽത്തപം ചെയ്യുന്ന ചാന്ദ്രിയെ;
കൈ പൊക്കിപ്പിടിവിട്ടുമുമവനോടോതി മന്നവൻ:- ഫ
'ഭഗവൻ, ദുർഗ്ഗമാം ശൈലം പുക്കേനാൾക്കാരൊടൊത്തു
(ഞാൻ;
കാണുന്നുമില്ലസ്സൈന്യത്തെ;-യെൻകൂട്ടരവരെങ്ങുപോ
മുന്നോമ്മവിട്ടാ രാജഷിയിച്ചോദിച്ചതു കേട്ടവൻ (യ്?'
നൽച്ചൊല്ലാലാശ്വസിപ്പിച്ചുംകൊണ്ടുരച്ചിതുഭംഗിയിൽ:-
'കനത്ത കല്ലുമഴയാൽ വീണുപോയ് തവ കിങ്കരർ;
ഭവാനും മഴകാറേററു തോററുറങ്ങീ മമാശ്രമേ.
ആശ്വസിക്കുക ഭദ്രം തേ: ഭയതാപങ്ങൾ വിട്ടു നീ
കായ്കിഴങ്ങുണമായ് വിര, പാത്തുകൊൾകിങ്ങു സൌഖ്യ
(മായ്.'
ആ വാക്കാലാശ്വസിച്ചിട്ടാ മഹീപതി മഹാമതി
ഭൃത്യനാശവശാലേററമത്തൽ പൂണ്ടുരിയാടിനാൻ:- ഫ

Digitized By Kerala Sahitya Akademi

'ത്യജിയ്ക്കില്ലെൻറ രാജ്യം ഞാൻ, ഭൃത്യർ വേർപെട്ടുപോ
(കിലും:
വാക്കില്ലിഹ ക്ഷണംപോലും; ബ്രഹ്മൻ, വിടതരേണമേ!
എൻെറ മൂത്തമകൻ വിപ്ര, ധർമ്മാത്മാവ,തികീർത്തിമാൻ;
ശശബിന്ദുസമാഖ്യാതനവനെൻനാടു വാണിടും.
സുഖത്തിൽ വാണ ഗൃഹിണീഭൃത്യരെസ്സന്ത്യജിയ്ക്കുവാൻ
വയ്യെനിയ്ക്കു;-ശുഭം തെല്ലുമരുളായ്ക മഹാദ്യുതേ!'
രാജേന്ദ്രനാവിധം ചൊല്ലെ,പ്പരമാദ്ഭുതമായ് ബുധൻ
സാന്ത്വനംചെയ്തരുളിനാ,'നിങ്ങു പാർപ്പാനുറയ്ക്ക നീ.
വേണ്ടാ ഭവാനു സന്താപം കാർദ്ദമേയ, മഹാബല:
ഒരാണ്ടിവിടെ വാണെന്നാൽ,ത്തവ നന്മവരുത്തുവൻ.'൨൦
അക്ലിഷ്ടകർമ്മാവു ബുധൻതൻെറയീമൊഴി കേൾക്കയാൽ
തീർച്ചപ്പെട്ടത്തീ പാർപ്പാവാ,ബ്രഹ്മജ്ഞെൻചൊന്നവണ്ണമേ.

ഒരുമാസം വരസ്ത്രീയായ് രമിപ്പിയ്ക്കുമവൻ സദാ;
ഒരുമാസമവൻ വീണ്ടുമാണായ്ധർമ്മം നിനച്ചിടും.
ഒമ്പതാമത്തെ മാസത്തിലാ വരശ്രോണിയാമിള
പെററു, പുത്രരവസ്സേന്ന കെല്പേറും ചാന്ദ്രിപുത്രനെ.
പെററന്നേ, ബുധനേർവണ്ണമൊക്കമൂർജ്ജിതനുണ്ണിയെ
കൊടുത്തേല്പിച്ചിതച്ഛൻെറ പക്കൽസ്സുശ്രോണിയാമിള.
ഒരാണ്ടു ചെല്ലുതിന്നിടയ്ക്കാണായ്ത്തീർന്നോനെയബ്ബുധൻ
ധർമ്മംചേരുംകഥകളാലാഹ്ലാദിപ്പിച്ചിതാത്മവാൻ.''൨൫

# തൊണ്ണൂറാംസർഗ്ഗം: ഇളാശപമേധം.

അമ്മട്ടവൻെറയാശ്ചര്യജന്മം രാമനുരയ്ക്കവേ,
ചോദിച്ചാർ വീണ്ടുമേ, കീർത്തിയേറും ഭരതലക്ഷ്മണർ:–
'കാരാണ്ടു ചാന്ദ്രിതൻചാരേ വസിച്ചിട്ടിളയാമവൾ
എന്തു ചെയ്തു നരശ്രേഷ്ഠ? നീയതോതിത്തരേണമേ.'
അവർ ചോദിച്ച മധുരച്ചോദ്യം കേട്ടിട്ടു വീണ്ടുമേ
പ്രജാപതിതനൂജൻെറ ചരിതം രാമനോതിനാൻ:–
"ശൂരനാണായ കാലത്തു ബുധൻ പെരിയ ബുദ്ധിമാൻ,
പേർ പുകഴ്ന്നോനു,ദാരശ്രീസംവത്തനെ വരുത്തിനാൻ;
അരിഷ്ടനേമി മുനി,യാ ച്യവനൻ ഭൃഗുവിൻ മകൻ,
പ്രമോദനൻ, മോദകരൻ, ദുർവാസസ്സായിടും മുനി
ഇത്തത്തപദശികളെയും വിളിച്ചിട്ടു,കതികോവിദൻ
ധൈര്യത്താൽ നെഞ്ഞുറപ്പുള്ളാ മിത്രരോടൊക്കെയോതി
(നാൻ:–
'ഈ മന്നവൻ, മഹാബാഹു, കർദ്ദമന്നുണ്ണിയാമിളൻ;
ഇവന്നു പെട്ടതറിവിൻ; ശ്രേയസ്സിവനു ചേർക്കുവിൻ.'
അവരേററുരചെയ്യത്താൻ വന്നണഞ്ഞു ബുധാശ്രമേ,
മഹാബ്രാഹ്മണരോടൊത്തു തേജസ്സേറിയ കർദ്ദമൻ;
പുലസ്ത്യൻ ക്രതുവും പിന്നെ വഷട്കാരവുമങ്ങിനെ
തേജസ്സപദിയാമോങ്കാരവുമീയാശ്രമത്തിങ്കലെത്തിനാർ.
തങ്ങളിൽച്ചേർന്നിതിൽ മനം കുളിർത്തോരവരേവരും
വെവ്വേറെ ചൊന്നാരോരോന്നു ബാഹ്ലീശൻെറ ഹിതത്തി
(നായ്.
എന്നാൽക്കർദ്ദമനുണ്ണിയ്ക്കു പാരം ഹിതമിതോതിനാൻ:–

Digitized By Kerala Sahitya Akademi

'വിപ്രരേ, പാർത്ഥിവനെന്തു നന്മയെന്നതു കേൾക്കുവിൻ:
വേറേ മരുന്നു കാണ്മീലാ, വൃഷാങ്കനെയൊഴിച്ചു ഞാൻ;
അശ്വമേധമൊഴിഞ്ഞൊന്നില്ല,വിടെയ്ക്കിഷ്ടയജ്ഞവും.
അതിനാല,രചന്നായിട്ടൃഷദ്ധ്വജനെ യജിക്കു നാം.'
എന്നിക്കുത്തമവാക്കാലേ വിപ്രപുംഗവരേവരും
സമ്മതിച്ചാരതേ യജ്ഞം, മഹേശാരാധനത്തിനായ്.
സംവർത്തരാജർഷിയുടെ ശിഷ്യൻ, പരപുരഞ്ജയൻ,
മരുത്തനെന്നു പേരാണ്ടോൻ യജ്ഞക്കോപ്പുണ്ടൊരുക്കിനാൻ.
നടന്നു വലുതാം യാഗം ശശിപുത്രാശ്രമാന്തികേ; ൧൫
അതിമാത്രം പ്രസാദിച്ചു മഹാകീർത്തി മഹേശനും.
യാഗം കഴിഞ്ഞസമയത്തുൾത്തെളിഞ്ഞതിതുഷ്ടനായ്
ചൊന്നാൻ ബ്രാഹ്മണരോടെല്ലാം ഗൌരീശനിളസന്നി
(ധൌ:–
'തോഷിച്ചേനശ്വമേധത്താൽ, ഭ്ഭക്തിയാലും ദ്വിജേന്ദ്രരേ!
ഞാനിബ്ബാഹ്ലീശ്വരന്നെന്തു ചെയ്യേണ്ടു പ്രിയമാം ശുഭം?'
ശിവനിങ്ങിനെ ചൊല്ലുമ്പോളത്യാദരമൊടാ ദ്വിജർ
കനിയിച്ചാർ ശിവനെയങ്ങി,ളയാണായ്വരുംവിധം.
അതിൽത്തെളിഞ്ഞു ദേവേശനിളയ്ക്കു പുരുഷത്വമേ
വീണ്ടുമേകീ; മറഞ്ഞാന,തേകിയിട്ടു മഹാദ്യുതി.
അശ്വമേധം കഴിഞ്ഞാരേ മറഞ്ഞു മദനാന്തകൻ; ൨൦
വന്നപാടേവരും പോയി ദീർഘദർശികൾ വിപ്രരും.

രാജാവോ, ബാഹ്ലി കൈവിട്ടു മദ്ധ്യദേശത്തു കേമമായ്
പണിയിച്ചാൻ, പ്രതിഷ്ഠാനമെന്ന കീർത്തി പെറും പുരം.
ബാഹ്ലിയിൽശ്ശശബിന്ദ്വാഖ്യൻ രാജർഷി സമിതിഞ്ജയൻ

Digitized By Kerala Sahitya Akademi

പ്രതിഷ്ഠാനത്തിലൻ ഭൂപൻ പ്രജാപതിസുതൻ ബലി.
കാലത്തിലന്നവൻ പുക്കാൻ ബ്രഹ്മലോകമനുത്തമം;
പുരൂരവസ്സൈളനൃപൻ പ്രതിഷ്ഠാനത്തു മേവിനാൻ.
ഇത്ഥമാണശ്വമേധത്തിൻ മാഹാത്മ്യം മർത്ത്യസിംഹരേ!
സ്ത്രീയായോൻ പൌരുഷം നേടി, മറ്റു ദുർല്ലഭമായതും!"

## തൊണ്ണൂറ്റൊന്നാംസർഗ്ഗം:
## അശ്വമേധനിശ്ചയം.

ഇത്ഥം സോദരരോടോതിക്കാകുത്സ്ഥനമിതപ്രഭൻ
വീണ്ടും ലക്ഷ്മണനോടേവം ധർമ്മ്യമാം മൊഴി ചൊല്ലി(നാൻ:—
'വസിഷ്ഠ-വാമദേവന്മാർ, ജാബാലി,യഥ കാശ്യപൻ,
അശ്വമേധപ്രയോഗജ്ഞരേവർക്കും മുമ്പരാം ദ്വിജർ
ഇവരെല്ലാരെയും കൊണ്ടുവന്നാലോചിച്ചു ലക്ഷ്മണ,
ലക്ഷണം ചേർന്നോരശ്വത്തെ വിടുവൻ സാവധാനനായ്.'
രാഘവൻതൻ മൊഴിയിതു കേട്ടു വെളിഗ്ഗമിച്ചവൻ
വിളിച്ചെല്ലാ ദ്വിജരെയും വരുത്തിക്കാട്ടി രാമനെ.
അവർ കണ്ടു പദത്തിങ്കൽപ്പണിഞ്ഞ സുരതുല്യനെ,
ദുർദ്ധർഷനാം രാഘവനെ,യാശിസ്സാലേ പുകഴ്ത്തിനാർ.
കരങ്ങൾ കൂപ്പി,യാ വിപ്രവരന്മാരോടു രാഘവൻ
അശ്വമേധത്തിനെപ്പറ്റി ധർമ്മ്യമാം മൊഴി ചൊല്ലിനാൻ.
രാമന്റെ വാക്കു കേട്ടിട്ടു വൃഷാങ്കനെ നമിച്ചവർ
പാടേ കൊണ്ടാടിനാരശ്വമേധത്തെ ദ്വിജരേവരും.



Digitized By Kerala Sahitya Akademi

അനന്തരമശ്വമേധത്തെക്കുറിച്ചാ ദ്വിജസത്തമർ
ആശ്ചര്യമായ്ച്ചൊന്നതുകേട്ടാമോദിച്ചാനവൻ തുലോം.
അവരേററതറിഞ്ഞോ,തീ രാമൻ ലക്ഷ്മണനോടടൻ:—.
“ചൊന്നയസ്സൂ മഹാത്മാവാം സുഗ്രീവന്നാശു ദൂതരെ:
‘മഹാകപികളും ഭൂരിവാനരന്മാരുമൊത്തു നീ
മഹോത്സവത്തിൽച്ചേരാനായ്ബ്ഭദ്രം തേ, വരികെ’ന്നുതാ
വിഭീഷണനു മേറെപ്പേർ കാമഗാശരർതന്മൊടും (ൻ.
മഹാശ്വമേധയജ്ഞത്തിന്നെത്തട്ടെ,യതിവിക്രമൻ.
എൻപ്രിയം ചെയ്യുവാൻ നോക്കും മഹാഭാഗർ നരേന്ദ്രരും
ആൾക്കാരൊത്തുടനെത്തട്ടേ ശ്രേഷ്ഠമാം ക്രതു കാണുവാൻ.
വിദേശങ്ങളിലെദ്ധർമ്മിദ്വിജന്മാരെയുമൊക്കവേ
അശ്വമേധത്തിനു വരാൻ ക്ഷണിച്ചീടുക ലക്ഷ്മണ.
തപോധനർഷികളെയും വരുത്തേണം മഹാഭുജ,
സഭാര്യരാം വിദേശീയദ്വിജന്മാരെയുമൊക്കവേ,
വാദ്യക്കാർ കൂത്തുകാരാട്ടക്കാരി,യാളുകൾതന്നെയും.
ഗോമതീനൈമിശക്കാട്ടിൽ വലുതാം യാഗശാലയും ചമ
തീർപ്പിയ്ക്കൂ:—മതു നൽപ്പുണ്യസ്ഥലമല്ലോ മഹാഭുജ;
ശാന്തികർമ്മങ്ങളും നീളെത്തുടങ്ങട്ടേ മഹാഭുജ;
വളരെദ്ധാർമ്മികർ കഴിച്ചിട്ടുണ്ടു രഘുനന്ദന,
നൈമിശത്തിൽ മഹായജ്ഞം മികവുററ മഖോത്തമം.
സൽക്കാരമേററു സന്തുഷ്ടപുഷ്ടരായ് വേണമേവരും
തിരിച്ചുപോവാൻ ധർമ്മജ്ഞ; ക്ഷണിയ്ക്കൂ ലോകരെ ക്ഷ
നുറുങ്ങാത്തരിയുംകൊണ്ടുവാഹങ്ങളൊരുലക്ഷവും,(ണാൽ.
മുദ്ഗമെള്ളൊത്തയുതവും മുൻപോകട്ടേ മഹാബല.
ഉഴുന്നു,പ്പും മുതിരയും, ചണംപയറു,മങ്ങിനെ

Digitized By Kerala Sahitya Akademi

വേണ്ടോളം സ്നേഹവും, മരച്ചിട്ടില്ലാഗ്ഗന്ധവർഗ്ഗവും,
പൊന്നേറെക്കോടിയും, വെള്ളി നൂറിലേറിയ കോടിയും
മുന്നടത്തിച്ചു ഭരതൻ മുമ്പേ പോകട്ടെയാസ്ഥയാ.
ഇടയ്ക്കു വേണ്ടുമങ്ങാടി, സമസ്തനടനത്തകർ,
വെപ്പുകാർ, വളരെ സ്ത്രീകൾ നിത്യയൌവനമൊത്തവർ
മുൻപോകട്ടേ ഭരതനൊത്തിവരും, സൈന്യവൃന്ദവും,
പൌരരും, ബാലവൃദ്ധന്മാർ, വിപ്രരും പെരുതാസ്ഥയിൽ.
തച്ചന്മാരെ,പ്പണിക്കാരെ,പ്പൌരരെ,ക്കോശപാലരെ,
എന്നമ്മമാരേവരെയും കുമാരാന്തഃപുരത്തെയും,
പൊൻകൊണ്ടുള്ളെൻപത്നിയേയും, ദീക്ഷാകർമ്മജ്ഞരെ
(ത്തന്മെയും
മുമ്പേ നടത്തിബ്ഭരതൻ മുൻപോകട്ടേ പുകഴ്ന്നവൻ.”
കാജസ്സേറും നരേന്ദ്രർക്കുമാർക്കൊക്കും മേത്തരത്തിലായ്
പാർപ്പിടങ്ങൾ ചമപ്പാനുമരുളീ നൃപസത്തമൻ.

# തൊണ്ണൂററിരണ്ടാംസർഗ്ഗം:

## അശ്വമേധാരംഭം.

ചിക്കെന്നതൊട്ടുക്കു തികച്ചൊരുക്കിബ്ഭരതാഗ്രജൻ
വിട്ടാൻ, ലക്ഷണമൊത്തോരു കൃഷ്ണസാരഹയത്തിനെ.
സാധ്വൃത്വിക്കാം ലക്ഷ്മണനെയശ്വരക്ഷയ്ക്കു വെച്ചുടൻ
നൈമിശത്തെയ്ക്കെഴുന്നള്ളി പടയോടൊത്തു രാഘവൻ.
പാരമത്ഭുതമാം യാഗശാല കണ്ടു മഹാഭുജൻ
നിസ്തുല്യഹർഷമുൾക്കൊണ്ടാൻ, കേമമായെന്നു ചൊല്ലി
നൈമിശേ വാഴുമവനു ഭൂമിപാലകരേവരും (നാൻ

Digitized By Kerala Sahitya Akademi

കാൎയ്യദ്രവ്യങ്ങളെത്തിച്ചാർ; മാനിച്ചരുളി രാമനും:
മഹാന്മാരാം മഹീശൎക്കമാൎക്കൎക്കും മേത്തരത്തിലായ്
പാൎപ്പിടങ്ങൾ നരശ്രേഷ്ഠൻ കല്പിച്ചേകി മഹാമതി; ൯
ആൾക്കാരൊത്ത മഹാത്മാക്കൾക്കന്നപാനങ്ങൾ വസ്ത്രവും
കൊടുത്തുപോന്നു ശത്രുഘ്നയുക്തൻ ഭരതനഞ്ജസാ.
മഹാന്മാരാം പ്ലവങ്ഗന്മാർ സുഗ്രീവനൊടുകൂടവേ
ബ്രാഹ്മണൎക്കു വിളമ്പുന്നോരായ് നിന്നാർ താഴ്മയൊടേവരും.
പൂമാലയിട്ടു പെരുതാശരരൊത്തു വിഭീഷണൻ
നിന്നു കടുംതപസ്സുള്ള മുനിമാൎക്കൊരു ഭൃത്യനായ്.
തുടങ്ങിയേവമേൎപ്പാടോട,ശ്വമേധാഖ്യമധ്വരം;
ലക്ഷ്മണൻ കാവലായിട്ടു നടന്നു ഹയചൎയ്യയും;
ഈമട്ടായ് രാജസിംഹൻെറ കേമമാം യാഗമുത്തമം.
മഹാൻെറയശ്വമേധത്തിലങ്ങില്ലാ മറ്റൊരൊച്ചയും:ഥ
യഥേഷ്ടം നല്കൂ, നല്കുന്നേ, യാചിപ്പോർ തുഷ്ടരാംവരെ!
നല്കപ്പെട്ടു സകലവും മഹാത്മാവിൻ മഹാധ്വരേ
പലമാതിരി ഗൌഡങ്ങൾ ഖാണ്ഡവങ്ങളുമങ്ങിനെ;
യാചകച്ചുണ്ടിൽനിന്നച്ചൊല്ലെത്തുന്നതിനുമുന്നമേ,
കാണപ്പെട്ടു കപിനിശാചരർ നല്കിക്കഴിഞ്ഞതായ്!
ഇല്ലൊരാളും മലിനനായാ,ൎത്തനായ്, ക്ഷീണനായുമേ;
ഹൃഷ്ടപുഷ്ടജനം തിങ്ങുമാ മഹീശമഹാധ്വരേ.
അങ്ങെത്രയോ വയസ്സാൎന്ന മഹാമുനിജനത്തിനും
ഓൎമ്മയില്ലേവമാം യാഗ;-മുണ്ടായിട്ടില്ലതെന്നുമേ!
ആൎക്കുപൊൻവേണമെന്നുണ്ടോ,പൊന്നവനുലഭ്യമായ്
ധനാൎത്ഥിക്കു ധനം കിട്ടീ; രത്നകാംക്ഷിക്കു രത്നവും.
സ്വൎണ്ണങ്ങളും വെള്ളികളും രത്നങ്ങൾ വസനങ്ങളും.

Digitized By Kerala Sahitya Akademi

കൊടുക്കവാനായ്ക്കുള്ള മൂരാരംകൂട്ടിക്കാണായി സന്തതം!
'മഹേന്ദ്രന്നോ ധനേശന്നോ യമന്നോ വരുണന്നുമോ
മുൻകണ്ടിട്ടില്ല നാമമ്മട്ടെ'ന്നുരച്ചാർ തപോധനർ!
എങ്ങും നിന്നാർ കുരങ്ങന്മാരെ,ങ്ങുമമ്മട്ടരക്കരും;
വാരിക്കൊടുത്താരത്ഥിഭ്യപ്പാക്കേ,റെച്ചോറാട വിത്തവും.
ഇവണ്ണം രാജസിംഹൻെറ യാഗമെല്ലാഗ്ഗുണത്തൊടും,
മാരാണ്ടിലധികംകാലം നടന്നിതിടിവെന്നിയേ.

---

## തൊണ്ണൂററിമൂന്നാംസൎഗ്ഗം:
## രാമായണഗാനനിയോഗം.

അച്ചണ്ണമത്യത്ഭുതമായുള്ള യാഗം നടക്കവേ
ശിഷ്യരൊത്താശ്ശു വന്നെത്തീ വാല്മീകി മുനിപുങ്ഗവൻ.
അത്ഭുതക്കാഴ്ചയായ്ദ്ദിവ്യരൂപമാം ക്രതു കണ്ടവൻ
ഋഷിവാടത്തിനരികേ തീൎത്താൻ നൽപ്പൎണ്ണശാലകൾ.
കായ്കിഴങ്ങു നിറഞ്ഞൊ,ഭ കോലും വളരെ വണ്ടികൾ
നല്ല വാല്മീകിവാടത്തിലരികത്തായി നിൎത്തിനാർ.
വാല്മീകി തമ്പുരാനാലും മഹാമുനികളാലുമേ
ചെമ്മേപൂജിതനായ്‌വാണാൻ,തേജസ്വിപരമാത്മവാൻ.
രണ്ടുശിഷ്യരൊടദ്ദേഹമുൾക്കുളിർത്തോതി:—'നിങ്ങൾപോയ്
മുദാ രാമായണം കാവ്യമെല്ലാം ശ്രദ്ധിച്ചു പാടണം: ൩
പുണ്യൎഷിവാടങ്ങളിലും, ബ്രഹ്മാലയഗണത്തിലും,
തേർവീഥി-പാതകളിലും, മന്നോർതൻ മന്ദിരത്തിലും,
രാമാലയത്തിൻദ്വാരത്തും, കൎമ്മം ചെയ്യുമിടത്തിലും

Digitized By Kerala Sahitya Akademi

പാടേണം,ഋത്വിക്കുകൾതൻ മുന്നിലും സവിശേഷമായ്-
ഇങ്ങീ മലസ്സുമേലുണ്ടായവയായ് വിവിധങ്ങളായ്
സ്വാദുക്കളാം കായ്ക്കളശിച്ചശിച്ചങ്ങിനെ പാടുവിൻ:
വൃക്ഷമൂലഫലം തിന്നാൽ വാട്ടം നിങ്ങൾക്കു വന്നിടാ;
സ്വരത്തിന്നു തരക്കേടും വരികില്ല കുമാരരേ.
കേൾപ്പാനായ്ത്തമ്പുരാൻ രാമൻ വിളിച്ചരുളിയെങ്കിലോ,
മുനിമാർ വന്നിരിപ്പായശേഷം പാട്ടു തുടങ്ങുവിൻ.
ഓരോരോ നാളിരുപതു സൎഗ്ഗം പാടുക ഹൃദ്യമായ്,
ബഹുപ്രമാണമോടേ ഞാൻ പണ്ടുദ്ദേശിച്ചിരിപ്പതിൽ.
എന്നാലോ,ത്വര തോന്നൊല്ലേ പണം കിട്ടാൻ തരിമ്പുമേ:
ആശ്രമേ കായ്ക്കിഴങ്ങുണ്ണായ്പ്പാൎക്കുവോൎക്കെന്തിനാം പണം?
‘നിങ്ങളാർതൻബാലരെ’ന്നു രാമൻ ചോദിച്ചുവെങ്കിലോ,
‘ഞങ്ങൾവാല്മീകിതൻശിഷ്യരെ’ന്നേ ചൊല്ലുക ഭൂപനിൽ.
ഇസ്സ്വരക്ലിപ്തികളുമപൂൎവസ്വരകേന്ദ്രവും
മുറുക്കി മീട്ടിയഴകിൽപ്പാടേണമിടരെന്നിയേ.
പാടുകാൎയ്യംമുതല,നാദരിക്കരുതു ഭൂപനെ:
ധൎമ്മത്താൽദ്ദേഹികൾക്കെല്ലാമച്ഛനല്ലോ മഹീശ്വരൻ.
നാളെക്കാലത്തുചെന്നെത്തിനിങ്ങൾസന്തുഷ്ടചിത്തരായ്
പാടേണം വീണയും മീട്ടിശ്ശ്രേയം, മധുരമാംവിധം.’
എന്നിവണ്ണം പലവുരു ചൊന്നാ, പ്രാചേതസൻ മുനി
മൌനംപൂണ്ടാൻമഹോദാരൻ,വാല്മീകി,പുകൾവാച്ച
(വൻ.
അവരാ മുനിതൻ ചൊല്ലാലിരുപേർ മൈഥിലീസുതർ,
‘ഇമ്മട്ടേ ചെയ്തിടാ’മെന്നു, പുറപ്പെട്ടാരരിന്ദമർ.

Digitized By Kerala Sahitya Akademi

ആശ്ചൎയ്യമായന്നൃഷി ചൊന്ന വാക്യ-
മതു,ശുചിമാർ ഭാൎഗ്ഗവനീതി പോലവെ
മനസ്സിൽ വെച്ചിട്ടു സുഖേന രാത്രിയെ-
പ്പുലൎത്തിനാരുത്സുകരക്കുമാരകർ.

സാഹിത്യ ... തൃശ്ശൂർ

## തൊണ്ണൂററിനാലാംസൎഗ്ഗം: രാമായണഗാനം.

പ്രഭാതവേളയിൽ സ്നാനംചെയ്തു ഹോമം കഴിച്ചവർ,
മുനി മുമ്പരുളിച്ചെയ്തമട്ടങ്ങൊട്ടുക്ക പാടിനാർ.
അക്കാകുത്സ്ഥനുടൻ കേട്ടു, പൂൎവ്വാചാൎയ്യർ ചമച്ചതാം
ഗേയം ചെന്നൊത്തതായ് മുമ്പില്ലാത്തൊരാപ്പാഠ്യജാതി
ബഹുപ്രമാണമായ്ത്തന്ത്രീലയമൊത്തു കുമാരരാൽ (ഗേയ.
ചൊല്ലപ്പെട്ടതു കേട്ടേററം കൌതുകം പൂണ്ടു രാഘവൻ.
പിന്നെ,ക്കൎമ്മാന്തരേ ഭൂപൻ വിളിച്ചു മുനിമുഖ്യരെ,
മന്നോരെയും,നരവ്യാഘ്രൻ പൌര-പണ്ഡിതർതമ്മെയും;
പൌരാണികന്മാർ,ശബ്ദജ്ഞർ,വൃദ്ധന്മാരാംദ്വിജാതികൾ,
സ്വരലക്ഷണവിജ്ഞന്മാരു,മററും ദ്വിജസത്തമർ, ൭
പാട്ടുകാർ, ലക്ഷണജ്ഞന്മാർ, വിശേഷിച്ചഥ നാഗരർ,
പാദാക്ഷരസമാസജ്ഞരു,വം ഛന്ദോവിശാരദർ,
സ്വരമാത്രാവിഭാഗജ്ഞർ, മഹാജ്യോതിഷപണ്ഡിതർ,
ക്രിയാകല്പപ്രവീണന്മാർ, കാൎയ്യസാമൎത്ഥ്യമുള്ളവർ,
ഭാഷാജ്ഞരിംഗിതജ്ഞന്മാരെ,ല്ലാപ്പൌരജനങ്ങളും,
സംഭാഷണത്തിലും യുക്തിപ്രയോഗാഭിജ്ഞർ താൎക്കികർ,
ഛന്ദോഭിജ്ഞർ, പുരാണജ്ഞർ,വൈദികദ്വിജസത്തമർ,

Digitized By Kerala Sahitya Akademi

ചിത്രജ്ഞർ, വൃത്തസൂത്രജ്ഞർ, പാട്ടുംകൂത്തുംപഠിച്ചവർ,
വേദാന്താചാര്യർ, നീതിജ്ഞർ, ശാസ്ത്രജ്ഞരിവർതമ്മെയും
വരുത്തിച്ചേർത്തു, പാടാനായിരുത്തി രണ്ടുപേരെയും. ൧൦

കണ്ടാ മുനികളെപ്പേരുമോജസ്സേറിയ ഭൂപരും
രാജാവിനെയുമപ്പാട്ടുകാരെയും നയനങ്ങളാൽ
നുകരുംമട്ടിലായ്,ത്തമ്മിൽച്ചൊന്നാരെല്ലാരുമെങ്ങുമേ:—
'രണ്ടാളും രാമതുല്യന്മാർ, ബിംബോദ്ധൃൽബിംബസന്നിഭർ:
ജടയില്ല, മരത്തോലുമുടുത്തിട്ടില്ലയെങ്കിലോ,
ഗാതാക്കളും രാഘവനും തമ്മിലെന്താണൊരന്തരം!'
അവരേവം പറയവേ, കേൾപ്പോർക്കുൾ കുളിരുംവിധം
ഗാനം തുടങ്ങിനാരവിടെ,യാ രണ്ടു മുനിബാലകർ.
നടന്തു മാർജ്ജരി ചെട്ടും സങ്ഗീത,മതിമാനുഷം;
മതി വന്നതുമില്ലാർക്കും കേൾപ്പോർക്കഗ്ഗാനമേന്മയാൽ.
നാരദപ്രോക്തമാം പൂർവ്വസർഗ്ഗമാദ്യം തുടങ്ങിനാർ;
അതേമുതല്ക്കിരുപതുവരെസ്സർഗ്ഗങ്ങൾപാടിനാർ.
അസ്സർഗ്ഗമങ്ങിരുപതും കേട്ടിട്ടു രഘുനന്ദനൻ
വൈകുന്നേരം സഹജനോടരുളീ സഹജപ്രിയൻ:—
'പതിനെണ്ണായിരം പൊന്നീ മഹാത്മാക്കൾക്കു രാഘവ,
കൊടുത്തിടുക ചിക്കെന്നു, മററിച്ഛിഷ്ടപ്പെടുന്നതും.'
ആ രാഘവൻ കുമാരർക്കു വെക്കം വെവ്വേറെ നല്കിനാൻ;
കൊടുക്കപ്പെട്ടിട്ടും പൊന്നു മേടിച്ചീലാ കുശീലവർ.
വിസ്മയിച്ചു മഹാത്മാക്കളിതെന്തിന്നെന്നുമോതിനാർ:—
'കാട്ടിലെക്കായ്കനികളും തിന്നു കാട്ടിൽ വസിപ്പവർ ൨൦

Digitized By Kerala Sahitya Akademi

ഞങ്ങൾ പൊന്നിൻപണംകൊണ്ടു കാട്ടിലെന്തൊന്നു
(ചെയ്തിടും?'
അവ്വണ്ണമവർ ചൊല്ലുന്നനേരം കൌതുഹലത്തോടേ
ശ്രോതാക്കളും രാഘവനുമേവരും വിസ്മയിച്ചുപോയ്.

അക്കാവ്യം കിട്ടിയവഴി കേൾക്കുവാൻവേണ്ടി രാഘ
ആ മുനിക്കുട്ടികളൊടു ചോദിച്ചാനലംധൃതി:- (വൻ
'എത്രയുണ്ടാവുമിക്കാവ്യം? മഹാത്മാവെങ്ങു നിൎത്തിടും?
തീൎത്തതാരീ മഹാകാവ്യ?-മമ്മുനിശ്രേഷ്ഠനെങ്ങുവാൻ?'
ചോദിച്ചിടും രാഘവനോടോതിനാർ മുനിബാലകർ:-
'തീൎത്ത വാല്മീകിഭഗവാൻ വന്നിട്ടുണ്ടധ്വരാന്തികേ;
അദ്ദേഹമല്ലോ കാണിച്ചു നിൻചരിത്രമിതൊക്കയും. ഉദി
ശ്ലോകങ്ങൾ നിൎമ്മിച്ചിതിരുപത്തിനാലായിരം മുനി;
ഉപാഖ്യാനങ്ങളോ നൂറും, തപസ്സുടയ ഭാൎഗ്ഗവൻ!
ആദ്യംമുതല്ക്കു രാജാവേ, ശരിക്കഞ്ഞൂറുസൎഗ്ഗവും
കാണ്ഡമാറുമിതിൽത്തീൎത്താൻ;മഹാത്മാവുത്തരത്തെ
(യും,
തീൎത്താൻ തവ ചരിത്രത്തിൽ ഞങ്ങൾതൻഗുരുവാമൃഷി;
ജീവകാലാവധിവരെയ്ക്കുള്ളതൊക്കയുമുണ്ടിതിൽ.
രാജാവേ, കേൾക്കുവാൻശ്രദ്ധയുണ്ടെന്നാകിൽമഹാരഥ,
കൎമ്മംനിൎത്തുംവിധൌകേട്ടുകൊൾകസാനുജനായ്സ്സുഖം.'
ആവാമെന്നരുളീ രാമൻ; രാഘവാനുജ്ഞയോടവർ
മുനിവ്യാഘ്രന്റെയരികത്തെയ്ക്കുപോനൂസഹർഷരായ്. ൯൦
രാമനും സുമഹാന്മാരാം മുനിഭൂപരൊടൊപ്പമേ
അഗ്ഗാനമാധുരി നുകൎന്നുൾപ്പൂക്കാൻ കൎമ്മശാലയിൽ.



Digitized By Kerala Sahitya Akademi

കേട്ടീടിനാൻ, താളലയം കലന്നും
സർഗ്ഗങ്ങൾ ചേർന്നും സ്വരശബ്ദമൊത്തും
തന്ത്രീലയവ്യഞ്ജനയോഗമൊത്തും
കുശീലവന്മാരുടെയസ്സുഗീതം.

## തൊണ്ണൂററഞ്ചാംസർഗ്ഗം:
## സീതാശപഥനിശ്ചയം.

രാമൻ വളരെനാളേവമാ നല്ലേറിയ പാട്ടിനെ
കേൾക്കയുണ്ടായ്, മുനിക്ഷ്മാപവാനരന്മാരൊടൊപ്പമേ.
അപ്പാട്ടിൽപ്പാട്ടുകാർ സീതാപുത്രരാണെന്നു കേൾക്ക
(യാൽ,
അസ്സദസ്സിൻ നടുവിൽവെച്ചരുളിച്ചെയ്തു രാഘവൻ
സദ്വൃത്തദൂതരെ വിളിച്ചാത്മചിന്തിതമിവിധം:—
'ചെല്ലിൻ, ചൊല്ലുവിനെൻവാക്ക ഭഗവാനുടെ സന്നി
(ധൌ:
സീത സദ്വൃത്തയാണെങ്കിൽ,ദ്ദോഷഹീനയുമെങ്കിലോ,
ചെയ്യട്ടെയിങ്ങു,ഷിന്ദ്രാനുമതിയോടാത്മശുദ്ധിയെ.
മുനിതൻചക്ഷവും സീതാമനസ്സുംനേക്കറിഞ്ഞുടൻ,
ഉറപ്പു തന്നിടാമെന്നുണ്ടെങ്കിലെന്നോടു ചൊല്ലുവിൻ.
നാളെക്കാലത്തു ശപഥം ജനകാത്മജ മൈഥിലി
സഭാമദ്ധ്യേനടത്തട്ടെ,യെൻദുഷ്പേർ തീർപ്പതിനുതാൻ.'

ഈവണ്ണമത്യത്ഭുതമാം രാമൻെറ മൊഴി കേൾക്കയാൽ,
ദൂതർ ചെന്നു മുനിവ്യാഘ്രൻമേവുംവാടത്തിലെത്തിനാർ;

Digitized By Kerala Sahitya Akademi

വൻഭാസ്സാൻജ്ജ്വലിയ്ക്കുന്ന മഹാത്മാവെപ്പണിഞ്ഞവർ
മയം താവും മധുരമാം രാമവാക്യമുന്നത്തിനാർ.
അവർതൻ വാക്ക കേട്ടിട്ടു രാഘവൻെറ മനോഗതം
മനസ്സിലാക്കി,ത്തേജസ്സു പെരുകും മുനി ചൊല്ലിനാൻ:-
'ആവട്ടെ, നിങ്ങൾക്കു ശുഭം, രാഘവൻ പറയുംവിധം
ചെയ്യുമേ സീത: ഭർത്താവാണല്ലോ, സ്ത്രീകൾക്കൊരീശ്വ
മുനിയിങ്ങിനെ ചൊന്നാറേ രാമദൂതരശേഷരും (രൻ.'
ചിക്കെന്നോജസ്സി രാമങ്കൽ വന്നു,ഷിച്ചൊല്ലുന്നത്തി
(നാർ.
മഹാത്മാവിൻെറ മൊഴി കേട്ടാഹ്ലാദം പൂണ്ട രാഘവൻ
അങ്ങുള്ള മുനിമാരോടും നൃപന്മാരോടുമോതിനാൻ:-
'സശിഷ്യർ ഭഗവാന്മാരു,മാർക്കാരൊത്ത നരേന്ദ്രരും
ദർശിയ്ക്കു സീതാശപഥം വേണമെന്നോക്ക്മന്ത്ര്യരും.'
മഹാത്മാവായ കാകുത്സ്ഥനുടെയാ വാക്കുകേൾക്കയാൽ
നന്നു നന്നെന്നു ഘോഷിച്ചാർ മുനിപ്രവരരേവരും.
നൃപന്മാരും പ്രശംസിച്ചു മഹാത്മാവായ രാമനെ:-
'അങ്ങയ്ക്കേ ചേർന്നിട്ടു മന്നിലി,ല്ലന്യനുനരോത്തമ!'
ഇവണ്ണം തീർപ്പു ചെയ്തിട്ടു നാളെയാമെന്നു, രാഘവൻ
പിരിച്ചയച്ചാനവരെയെല്ലാമന്നരിസൂദനൻ.

ശപഥക്രിയ നാളെയെന്നു തീർപ്പി-
പ്പടിചെയ്താപ്പെരിയോൻ മഹാനുഭാവൻ
പെരിയോരൃഷിമാരെയും നൃപന്മാ-
രെയുമൊട്ടുക്കു പിരിച്ചു രാജസിംഹൻ.

—•<>•—

Digitized By Kerala Sahitya Akademi

# തൊണ്ണൂററാറാംസൎഗ്ഗം:
## വാല്മീകിപ്രത്യഭിജ്ഞാപനം.

---

ആ രാവറുതിയിൽസ്സത്രശാല പുക്ക നൃപാലകൻ
വിളിച്ചാനൃഷിമാരെല്ലാരെയും തേജസ്വി രാഘവൻ:
വസിഷ്ഠ-വാമദേവന്മാർ, ജാബാലി,യഥ കാശ്യപൻ,
തപസ്സേറിയ ഗാധേയൻ, ദുർവ്വാസാവുഗ്ര്യതാപസൻ,
പുലസ്ത്യപ്ന്മാ,വിധം ശക്തി,ഭാർഗ്ഗവൻ, പിന്നെ വാമനൻ,
മാർക്കണ്ഡേയൻ ചിരായുസ്സു മൌദ്ഗല്യൻ പുകളേറി
(യോൻ,
ഗർഗ്ഗൻ, ച്യവനനെന്നെ,നല്ല ശതാനന്ദൻ സുധാർമ്മികൻ,
തേജസ്സേറും ഭരദ്വാജനഗ്നിപുത്രനതിപ്രഭൻ,
നാരദൻ, പർവ്വതൻ, പിന്നെഗ്ഗൌതമൻപുകളേറിയോൻ,
കാത്യായന-സുയജ്ഞന്മാർ, തപോനിധിയഗസ്ത്യനും ഖ
ഇവരും മററുവളരെശ്ശിതവ്രതർ മുനീന്ദ്രരും
കൌതുഹലാകുലന്മാരായേവരും വന്നുകൂടിനാർ;
വീര്യമേറുമരക്കന്മാർ കരുത്തേറും പ്ലവങ്ഗരും
വന്നുകൂടീ,മഹാത്മാക്കളേവരും കൌതുകത്തോടേ;
ശൂദ്രരും ക്ഷത്രിയരനേകായിരംപേർകൾ വൈശ്യരും
നാനാപ്രദേശങ്ങളിലെസ്സംശിതവ്രതർ വിപ്രരും
കർമ്മസ്ഥരും ജ്ഞാനികളും മററു യോഗാനുഷക്തരും
സീതതൻ ശപഥം കാണ്മാനേവരും വന്നുകൂടിനാർ.
എല്ലാരും വന്നു മല പോലനങ്ങാതെയിരിപ്പതായ്
കേട്ടു മാമുനിയും വെക്കം സീതയൊത്തെഴുന്നള്ളിനാൻ.൧൦

Digitized By Kerala Sahitya Akademi

സീതയാ മുനിതൻ പിമ്പേ നടന്നു തലചായ്ച്ചുതാൻ,
രാമനെക്കരളിൽച്ചേർത്തു കൈക്കൂപ്പിബ്ബാഷ്പകണ്ഠിയായ്.
അജന്റെ പിമ്പേ ശ്രുതിപോലാ,വാല്മീകിക്കുപിന്നിലായ്
വരുന്ന സീതയെക്കണ്ടു സാധുവാദം മുഴക്കിനാർ:
പൊങ്ങീ ഹലഹലാശബ്ദമീവിധം സകലക്ഷമേ,
ദുഃഖത്താൽ വീതിവെച്ചോരു ശോകമുള്ളിട്ടലയ്ക്കയാൽ.
'രാമ, നന്നെ'ന്നു ചിലപേർ, 'സീതേ, നന്നെ'ന്നു മററു
(പേർ,
രണ്ടാളെയുംപററിയുമങ്ങോർത്തു കാണികൾ മററുപേർ.

ഉടൻ ജനങ്ങൾക്കിടയിൽക്കടന്നു മുനിപുംഗവൻ,
സീതയോടൊത്തവാല്മീകിരാമനോടേവമോതിനാൻ:—൧൩
"ഇതാ, ദാശരഥേ, സീത, ധർമ്മചാരിണി, സുവ്രത,
ദുഷ്പേർനിമിത്തം വെടിയപ്പെട്ടോളെന്നാശ്രമാന്തികേ;
ലോകാപവാദം പേടിച്ച തവ രാമ, മഹാവ്രത,
ഉറപ്പു തരുമേ സീത; നല്കനുജ്ഞയതിന്നു നീ.
ഇരട്ടപെററുണ്ടായൊരീയിരുപേർ ജാനകീസുതർ
നിൻപുത്രർതാൻ ദുരാധർഷർ; ഞാനിച്ചൊല്ലതു സത്യമാം:
പ്രചേതസ്സിന്നു പത്താമൻ മകൻ ഞാൻ രഘുനന്ദന,
പൊളിവാക്കോർമ്മാറേയില്ലി;-വർ നിന്നുടെയുണ്ണികൾ!
അനേകമായിരത്താണ്ടു തപം ചെയ്തവനാണു ഞാൻ;
അതിൻഫലംകിടയ്ക്കേണ്ടാ,കററംസീതയ്ക്കിരിയ്ക്കുകിൽ! ൨൦
മനസാ കർമ്മണാ വാചാ പിണഞ്ഞിട്ടില്ല കല്ബിഷം;
തൽഫലം, സീത നിർദ്ദോഷയെങ്കിലേ കൈവരേണ്ടു മേ!
അഞ്ചിന്ദ്രിയത്തിലും സീതയ്ക്കാറാമതു മനസ്സിലും

Digitized By Kerala Sahitya Akademi

കാകുത്സ്ഥ, ശുദ്ധി കണ്ടല്ലോ, കൈക്കൊണ്ടു കാട്ടിൽ വെച്ചു
(ഞാൻ.
ഇവൾ സംശുദ്ധചരിത, പാപഹീന, പതിവ്രത
ലോകാപവാദം പേടിച്ച തവ വിശ്വാസമേകിടും.
സംശുദ്ധഭാവയിവളെ,ന്നു ശരിക്കു ദിവ്യ-
ദൃക്കാലെ ഞാൻ നരവരാത്മജ, കണ്ടിരിപ്പു;
ലോകാപവാദകലുഷാശയനായ് ത്യജിച്ചു-
തല്ലോ ഭവാൻ പ്രിയയെ, നല്ലവളെന്നറിഞ്ഞും."

—— ०O० ——

## തൊണ്ണൂറേഴാംസർഗ്ഗം: സീതാഭൂപ്രവേശം.

എവം വാല്മീകി ചൊന്നാറേ രാമനുത്തരമോതിനാൻ,
തൊഴുതും ജനമദ്ധ്യത്തിലപ്പെണ്മണിയെ നോക്കിയും:-
"മഹാഭാഗ, ഭവാൻ ചൊന്നപോലെയാവട്ടെ ധാർമ്മിക;
എനിക്കു വന്നു വിശ്വാസം ബ്രഹ്മൻ,നിൻസൂനൃതോക്തി
(യാൽ.
മുൻതന്നിരിപ്പു വിശ്വാസം വൈദേഹി സുരസന്നിധൌ:
ചെയ്തുവല്ലോ ശപഥമതു;തിനാൽഗ്ഗേഹമേററിനേൻ.
ലോകാപവാദം വലുതാണ,തല്ലോ പോക്കി സീതയെ;
ബ്രഹ്മൻ, ലോകഭയാലത്രേ, ശുദ്ധയാണെന്നു കാണ്കിലും
വെടിഞ്ഞു വൈദേഹിയെഞാന;-തങ്ങുന്നുപൊറുക്കണം!
അറിവേനി,വരെൻപുത്രർ, യമജാതർ കുശീലവർ;
ജനമദ്ധ്യേ വിശുദ്ധിപ്പെട്ടു,പ്രിയററട്ടെ സീതമേ!"
രാഘവൻറയഭിപ്രായമറിഞ്ഞമരസത്തമർ

Digitized By Kerala Sahitya Akademi

പിതാമഹൻെറ പിന്നാലേ പുരുഹൂതാദ്യതൂജ്ജിതർ
അസ്സീതാശപഥത്തിന്നായേവരും വന്നുകൂടിനാർ;
ആദിത്യവസുരുദ്രന്മാര,ശ്വിദേവർ, മരുത്തുകൾ,
ഗന്ധൎവ്വര,പ്സരസ്ത്രീകളേവരും വന്നുകൂടിനാർ;
വിശ്വദേവകൾ, സാദ്ധ്യന്മാർ, മഹൎഷികളുമേവരും;
സുപൎണ്ണനാഗസിദ്ധന്മാർ കരൾക്കുളിരൊടേവരും;
സീതാശപഥസംഭ്രാന്തരേവരും വന്നുകൂടിനാർ.

ദേവൎഷിമാരെദ്ദശിച്ചു രാഘവൻ വീണ്ടുമോതിനാൻ:–()
'ഉറപ്പു വന്നു മേ നല്ല മുനിവാക്കാൽസ്സുരേന്ദ്രരേ;
ജനമദ്ധ്യേ വിശുദ്ധിപ്പെട്ട,ബ്ബിയററട്ടെ സീത മേ!'
അപ്പോൾപ്പുണ്യശുഭൻ വായു ദിവ്യഗന്ധൻ മനോരമൻ
ആ ലോകരെസ്സുരശ്രേഷ്ഠനാഹ്ലാദിപ്പിച്ചു നീളവേ;
പണ്ടകൃതയുഗത്തിൽപ്പോല,ത്തചിന്ത്യമൊരത്ഭുതം
വീക്ഷിച്ചു സൎവ്വരാജ്യത്തുനിന്നുമേ വന്ന മാനുഷർ.

വന്നോരേവരെയും കണ്ടു, കാവി ചുററിയ സീതയും
കൈകൾകൂപ്പി മുഖം താഴ്ത്തിക്കീഴ്പ്പോട്ടേ നോക്കിയോതി,
(നാൾ:–
"നിനയ്ക്കാറില്ല ഞാൻ രാമനൊഴിഞ്ഞാരെയുമെങ്കിലോ,
എനിക്കു മാധവീദേവി പഴുതൊന്നു തരേണമേ! ഛ൭
മനസാ കൎമ്മണാ വാചാ ചെയ്യേൻ രാമാൎച്ചയെങ്കിലോ,
എനിക്കു മാധവീദേവി പഴുതൊന്നു തരേണമേ!
രാമേതരനെയോൎപ്പീലെന്നിയെൻചൊൽ സത്യമെങ്കി
എനിക്കു മാധവീദേവി പഴുതൊന്നു തരേണമേ!" (ലോ,
എന്നു വൈദേഹി ശപഥം ചെയ്കെക്കാണായൊരത്ഭുതം:

Digitized By Kerala Sahitya Akademi

നൽദ്ദിവ്യസിംഹാസനമൊന്നുയന്നു വസുധാതലാൽ,
ദിവ്യരത്നമണിഞ്ഞോരാം നാഗങ്ങൾ പൃഥുവിക്രമർ
പടങ്ങളാൽ വഹിപ്പൊന്നു, ദിവ്യാകാരം, മനോഹരം;
അങ്ങു ഭൂദേവി തൃക്കയ്യാൽപ്പിടിച്ചാ രാമപത്നിയെ
സ്വാഗതംകൊണ്ടു കൊണ്ടാടിയാസനത്തിലിരുത്തിനാൾ-
ആസനേ വാണു പാതാളത്തെത്തു പൂകുന്ന സീതയെ
കണ്ടിട്ടി,ടവിടാതങ്ങു ദിവ്യപുഷ്പങ്ങൾ തൂകിനാർ.
ചിക്കെന്നു വിണ്ണോക്കിടയിൽ മുഴങ്ങീ സാധുകാരവും:
'നന്നു, നന്നി,പ്പടിയ്ക്കല്ലോ നിൻശീലം ജനകാത്മജേ!'
എന്നൊക്കെയായിപ്പലതും വാനിൽ മേവുന്ന ദേവകൾ,
സീതയുൾപ്പൂകിയതു കണ്ടുരചെയ്താർ സഹർഷരായ്.
യാഗശാലയിൽ മേവീടുമത്താപസരുമേവരും
നരവ്യാഘ്രർ നൃപന്മാരും തേടീ തീരാത്ത വിസ്മയം;
ദ്യോവിലും ഭൂവിലും ചേർന്ന ചരാചരമശേഷവും,
പാതാളത്തുള്ള കൂററന്മാർ ദാനവന്മാരഹീന്ദ്രരും. 26
ചിലരാഹ്ലാദമോടാർത്തു; ചിലർ ചിന്തയിലാണ്ടുപോയ്;
ചിലർ നിസ്സംജ്ഞരായ് നോക്കീരാമനെ; ച്ചിലർസീതയെ.
സീതയുൾപ്പൂകിയതു കണ്ടവൎക്കാപ്പെട്ട സംഭ്രമം:
തെല്ലുനേരം മയങ്ങിപ്പോയ് വല്ലാതെയുലകൊക്കയും!

—ooXoo—

Digitized By Kerala Sahitya Akademi

## തൊണ്ണൂറെറട്ടാംസർഗ്ഗം:

## ബ്രഹ്മസാന്ത്വവചനം.

---

സീത പാതാളമുൾപ്പുക്കനേരം വാനരദേവതം
നന്നു,നന്നെന്നൃഷികളുമാർത്തു രാമൻെറ സന്നിധൌ.
ദണ്ഡാം വടി നിലത്തൂന്നി,ക്കണ്ണീർചിന്നിയ കണ്ണുമായ്;
തല ചാച്ചു,ല്ലലാണ്ടാ,വതില്ലാതുഴളി രാഘവൻ.
ഏറെനേരം തെരുതെരെക്കണ്ണീർതൂകിക്കരഞ്ഞവൻ
ക്രോധവും ശോകവും പൂണ്ടൊന്നുരചെയ്തിതു രാഘവൻ:—
“അഭൂതപൂർവ്വമഴൽ മേ തീണ്ടാൻനോക്കുന്നു ഹന്ത! വൈ:
ഞാൻകാണ്കവേ മറഞ്ഞല്ലോ,മൂർത്തശ്രീപോലെമൈഥിലി!
പണ്ടാഴിക്കപ്പുറം ലങ്ക പുക്കാസ്സീതയദൃശ്യയായ്;
എത്തിച്ചേനങ്ങുനിന്നുംഞാനെ,ന്തുചെയ്വനിദ്ധരാതലാൽ? ഓ
ഭൂദേവി, ഭദ്രേ, തിരിയേതന്നേക്കൂ മമ സീതയെ;
അല്ലെങ്കിൽക്കാട്ടുവൻ ക്രോധ;—മെന്നെ നീയറിയില്ലയോ!
നീ മമ ശ്വശ്രുതാൻ: നിങ്കൽനിന്നല്ലോ സീതയെ സ്വയം,
കലപ്പ കൈക്കൊണ്ടുഴുതിട്ടെടുത്തു ജനകൻ പുരാ.
സീതയെത്തിരിയേനല്കു; പഴുതോ തനാകൊല്ക മേ:
പാതാളത്തോ വിണ്ണിലോ ഞാനവളോടൊത്തുപാർക്കുവൻ.
വരുത്തുകാസ്സീതയെ നീ: മത്തൻ മൈഥിലിയാലെഞാൻ!
ഉൾപ്പൂക്ക സീതയെയതേമെയ്യോടിങ്ങു തരായ്കിലോ,
മേടും കാടുമിണങ്ങും നിൻ നിലയെല്ലാമുടക്കുവൻ;
മുടിപ്പനൂഴി ഞാനി,ങ്ങു വെള്ളമാക്കട്ടെയൊക്കയും!”
കാകുത്സ്ഥൻ ക്രോധശോകങ്ങൾ പൂണ്ടേവമുരിയാടവേ,



Digitized By Kerala Sahitya Akademi

രംല്യനന്ദനനോടോതി ബ്രഹ്മാവമരസംയുതൻ:-
"രാമ, രാമ, ഭവാനല്ലൽപ്പെട്ടീടരുതു സുവ്രത;
കാൎമ്മിസ്സു നീ മുൻനിലയും കാൎയ്യത്തിപ്പ്രമരിന്ദമ.
കാപ്പിസ്സേണ്ടാമഹാബാഹോ, മേന്മയേറിയനിന്നെഞാൻ;
ഇതേക്ഷണത്തിൽദ്ദ്ധർഷ, വൈഷ്ണവം ജന്മമോക്ക നീ.
സീത നിൎദ്ദോഷ, സതി, നിൻമുന്നവ ഡ്ഡയിലെത്തുവാൻ
നാഗലോകം സുഖം പൂകി, തപദാശ്രയതപോബലാൽ;
വിണ്ണിൽവെച്ചുളവാം വീണ്ടും ചേച്ചയങ്ങൾക്കസംശയം.
ഇസ്സദസ്സിൻനടുവിൽ ഞാൻ ചൊല്ലുതൊന്നു ധരിസ്സു നീ:
കാവ്യങ്ങളിൽ മികച്ചോരിക്കാവ്യംതന്നേ ശ്രവിസ്സുകിൽ,
വിസ്തരിച്ചൊക്കെയറിയപ്പെട്ടിടും രാമ, നിർണ്ണയം.
ജനനംമുതൽ നീ വീര, സുഖദുഃഖം ഭുജിച്ചതും
ഭാവിയുത്തരവും തീൎത്തിട്ടുണ്ടു വാല്മീകി പേൎത്തിതിൽ.
ആദികാവ്യമിതെല്ലാമേ രാമ, നിന്നെക്കുറിച്ചുതാൻ:
വേറേ കാവ്യയശോയോഗ്യനില്ലല്ലോ രാമനെന്നിയേ.
കേട്ടേൻ നിന്നേരതിതെല്ലാം ഞാനുമ്പരോടൊത്തു മുന്നമേ;
ഇതത്ഭുതമയം, ദിവ്യം സത്യവാക്യമനാവൃതം.
അതിനാൽ, പുരുഷവ്യാഘ്ര, ധൎമ്മത്തിൽ ശ്രദ്ധ വെച്ചു നീ
രാമായണത്തിലെബ്ബാവിശേഷവും കേൾക്ക രാഘവ:
ശേഷ,മുത്തരമാണുള്ളതിക്കാവ്യത്തിൽസ്സുകീൎത്തിമൻ;
അദ്ദുത്തമം മുനികളോടൊത്തു കേൾക്ക മഹാത്മതേ.
കേൾക്കാൻപാടില്ല കാകുത്സ്ഥ, മറ്റൊരുത്തന്നിതുത്തമം;
വീരൎഷിയങ്ങൾക്കു പാടുള്ളൂ രാഘനന്ദന."
ഇത്രയും ചൊല്ലി,യാ ബ്രഹ്മദേവൻ ത്രിഭുവനേശ്വരൻ

Digitized By Kerala Sahitya Akademi

ദേവബാന്ധവരോടൊത്തു വിണ്ണിലേയ്ക്കെഴുന്നള്ളിനാൻ.
ബ്രഹ്മലോകർഷികൾ മഹാന്മാരങ്ങുണ്ടായിരുന്നവർ
ബ്രഹ്മാനുവാദാൽത്തിരികെപ്പോന്നാരോജസ്സുകൂടിയോർ,
രാഘവന്റെ ഭവിഷ്യത്താമുത്തരത്തെ ശ്രവിക്കുവാൻ.
രാമഭദ്രവദേവന്റെപ്പുണ്യമാംമൊഴികേൾക്കയാൽ, ഉദ്
തികഞ്ഞതേജസ്സുടയോൻവാല്മീകിയൊടിതോതിനാൻ:—
'കേൾപ്പാനിച്ഛിപ്പൂ ഭഗവൻ, ബ്രഹ്മലോകമഹർഷിമാർ
എൻഭാവിയാമുത്തരവു;—മതു നാളെത്തുടങ്ങിടാം.'
ഇവണ്ണം തീർപ്പുചെയ്തിട്ടജ്ജനൌഘത്തെപ്പിരിച്ചവൻ
കുശീലവരെയും കൊണ്ടു പൂകിനാൻ പർണ്ണശാലയിൽ;
അസ്സീതയെക്കുറിച്ചല്ലൽപ്പെട്ടുതാൻ തീർന്നിതാ നിശ.

—oOo—

## തൊണ്ണൂറ്റൊമ്പതാംസർഗ്ഗം: മാതൃനിര്യാണം.

ഉഷസ്സിൽ മാമുനികളെ വരുത്തി രഘുനന്ദനൻ,
'പാടുവിൻ ശങ്കിയാതെ'ന്നു പുത്രന്മാരോടു ചൊല്ലിനാൻ.
ബ്രഹ്മർഷിമാർ മഹാത്മാക്കളിരുന്നപൊഴുതങ്ങിനെ
ഭവിഷ്യദുത്തരം കാവ്യം പാടിനാർ കുശീലവർ.
സീത സത്യപ്രഭാവത്താൽ ഭൂതലം പുക്കതിന്നുമേൽ,
ആ യാഗവും കഴിഞ്ഞാറെ, രാമനാഴൽ മുഴുത്തുപോയ്:
ശൂന്യമായ്ത്തോന്നിയീലോകം,സീതയെക്കണ്ടിടായ്കയാൽ;
തീർത്തും വലഞ്ഞാൻ ദുഃഖത്താൽ, സ്വാസ്ഥ്യം നേടീല
(മാനസ.
ചിരിപ്പാൻ പാർത്ഥിവരെയും കീശക്ഷ്മാശരർതമ്മെയും;

Digitized By Kerala Sahitya Akademi

ധനമേകിപ്പിരിച്ചാനാ ദ്വിജേന്ദ്രരെയുമൊക്കവേ; ൯
യാഗമേവം വിധിയ്യൊത്തു കലാശിപ്പിച്ചു രാഘവൻ
എല്ലാരെയും പിരിച്ചിട്ടു രാമൻ താമരസേക്ഷണൻ
സീതയെക്കരളിൽച്ചേർത്തു പോന്നുൾപ്പുക്കാനയോധ്യയിൽ,
ഇഷ്ടയജ്ഞൻ നരാധീശനിരുപുത്രരൊടൊപ്പമേ.

സീതയല്ലാതൊരുവളെ വേട്ടീല രഘുനന്ദനൻ;
പത്നി, യജ്ഞത്തിൽയജ്ഞത്തിൽപ്പൊന്നുകൊണ്ടുള്ളജാന
പതിനായിരമാണ്ടശ്വമേധയാഗം നടത്തിനാൻ; (കി
വാജപേയം, ദശഘ്നണം, പിന്നെബ്ബഹുസുവർണ്ണകം,
അഗ്നിഷ്ടോമാതിരാത്രങ്ങൾ, ചെലവേറിയ ഗോസവം,
മറ്റു യാഗങ്ങളും ചെയ്താനാ ശ്രീമാനാപ്തദക്ഷിണം. ൮൦
ഇമ്മട്ടു വളരെക്കാലം, ധർമ്മത്തിൽ സ്ഥിരചിത്തനായ്
നാടു വാണ മഹാത്മാവാം കാകുത്സ്ഥന്നു കഴിഞ്ഞുപോയ്.
രാജാക്കന്മാർ നാളിൽ നാളിൽസ്സന്തോഷിപ്പിച്ചു രാമനെ;
നിന്നു രാമന്റെ ചൊല്ക്കീഴിൽ വാനരക്ഷനിശാടരും.
കാലേ വർഷിച്ചു കാർമേഘം; തെളിഞ്ഞു ദിക്കശേഷവും;
സമൃദ്ധ്യാ പുരിയും നാടും ഹൃഷ്ടപുഷ്ടജനാഢ്യമായ്.
അകാലമൃത്യുവില്ലാർക്കും, പ്രാണികൾക്കില്ല രോഗവും;
അനർത്ഥമൊന്നുമില്ലാതായ്. രാമൻ രാജ്യം ഭരിക്കവേ.

നെടുനാൾ ചെന്നതിൻശേഷം, രാമാംബിക യശ
(സ്വിനി
പുത്രപൌത്രർക്കിടയിൽവെച്ചന്ത്യാവസ്ഥയടഞ്ഞുപോയ്.
പിന്തുടർന്നു പുകൾപ്പെട്ടോരക്കൈകേയി, സുമിത്രയും;
ധർമ്മം പലതരം ചെയ്തു വിണ്ടലത്തിങ്കൽ മേവിനാർ:
വിണ്ണിൽദ്ദശരഥക്ഷ്മാപനോടു ചേർന്നാത്തസമ്മദം

Digitized By Kerala Sahitya Akademi

മഹാഭാഗകളെല്ലാരും ധൎമ്മമൊട്ടുക്ക നേടിനാർ.
രാമനത്തായമാക്കായിച്ചെയ്തുകൊണ്ടാനൊരേവിധം
കാലേ കാലേ മഹാദാനം, തപസ്സേറിയ വിപ്രരിൽ;
പിതൃകൎമ്മാഹരത്നങ്ങൾ നല്കി രാമൻ സുധാൎമ്മികൻ
ചെയ്തു ദുസ്സാധയജ്ഞങ്ങൾ പിതൃദേവപ്രിയത്തിനായ്.
അനേകായിരമാണ്ടേവം സുഖമായിക്കഴിഞ്ഞുപോയ്,
യജ്ഞത്താൽ വിവിധം ധൎമ്മം വളൎത്തിക്കൊണ്ടനാരതം.

—•<>•—

## ഒരുനൂറാംസൎഗ്ഗം: ഭരതപ്രേഷണം.

പിമ്പൊരിക്കൽ യുധാജിത്തിങ്ങയച്ചാൻ കേകയേശ്വ
(രൻ,
തൻവാദ്ധ്യാനെമഹാത്മാവാം കാകുത്സ്ഥനുടെസന്നിധൌ:
അങ്ഗിരസ്സുനുവാം തേജസ്സേറും ബ്രഹ്മൎഷി ഗാൎഗ്ഗ്യനെ;
നല്ല സമ്മാനമായി,രയ്യായിരം തുരഗത്തെയും
രത്നങ്ങൾ കമ്പിളികളും ശ്രേഷ്ഠചിത്രാംബരങ്ങളും
അയച്ചിരുന്നു രാമന്നു ശോഭനാഭരണങ്ങളും.
മനീഷിയാം രാഘവനോ, ഗാൎഗ്ഗ്യബ്രഹ്മൎഷി വന്നതും
അമ്മാമനശ്വപതിയാ മഹാധനമയച്ചതും
കേട്ടിട്ടൊ,രു വിളിപ്പാടിലെതിരേററു സഹാനുജൻ
പൂജിച്ചു ഗാൎഗ്ഗ്യനെച്ചെമ്മേ, ശക്രൻ വ്യാഴനെയാംവിധം.
അമ്മട്ടാ മുനിയെപ്പൂജിച്ചു ധനം സ്വീകരിച്ചുടൻ
അമ്മാമനുററ കുശലമെല്ലാം ചോദിച്ചു രാഘവൻ,
ഇരുന്നാ ഭഗവാനോടു ചോദിപ്പാനായ്ത്തുടങ്ങിനാൻ:—

Digitized By Kerala Sahitya Akademi

'എന്തോ നീ മാതുല?-നതിനാണല്ലോ ഭഗവാനിഹ
വന്നെത്തി, സാക്ഷാൽ വ്യാഴൻപോലുക്തൃഭിജ്ഞരിലഗ്രി
രാമന്റെ ചോദ്യം കേട്ടിട്ടു കാര്യവിസ്തരമത്ഭുതം (മൻ.'
കാകുത്ഥനോടു പറയാൻതുടങ്ങി മുനിസത്തമൻ:-
'നിൻമാതുലൻ യുധാജിത്തു നന്ദിയോടേ നരഷഭ,
ചൊല്ലുന്നതു മഹാബാഹോ, കേട്ടാലും വേണമെങ്കിൽ നീ:
സിന്ധുവിന്നിരുഭാഗത്തുമായിപ്പെരിയ നന്മയിൽ ൧൦
ഗന്ധർവരാജ്യമൊന്നുണ്ടു, ഫലമൂലോപശോഭിതം;
അതു കാക്കുന്നു പോരാടാൻ പോരും ഗന്ധർവർ സായുധർ
വീര, ശൈലൂഷപുത്രന്മാർ മുക്കോടിപ്പേർ മഹാബലർ.
ആ നൽഗ്ഗന്ധർവനഗരം ജയിച്ചിട്ടങ്ങു രാഘവ,
സ്ഥാപിച്ചാലും മഹാബാഹോ, ശരിയായ്ത്തൻപുരദ്വയം.
മറ്റൊരാൾ ചെല്ലുകില്ലങ്ങു; നാടോ പെരുതു ശോഭനം;
ശ്രദ്ധ കൊൾക മഹാബാഹോ: വേണ്ടതേ ചൊല്ലു നി
(ങ്കൽ ഞാൻ.'
മാതുലോക്തി മുനീന്ദ്രങ്കൽനിന്നു കേട്ടിട്ടു രാഘവൻ,
'അതു വാ'മെന്നോതി നന്ദിച്ചു ഭരതൻതന്നെ നോക്കിനാൻ.
പിന്നെ നന്ദിച്ചു തൊഴുതാ ദ്വിജനോടോതി രാഘവൻ:- ()
'ഇക്കുമാരകരന്നാട്ടിൽ ബ്രഹ്മർഷേ, പെരുമാറിടും,
ഭരതാത്മജർ വീരന്മാർ തക്ഷപുഷ്കലനാമകർ
ധർമ്മത്തിൽ സ്ഥിരചിത്തന്മാരമ്മാമനുടെ രക്ഷയിൽ;
ഭരതൻതന്നെ മുന്നിർത്തിക്കുമാരർ സബലാനുഗർ
ഗന്ധർവപുത്രരെക്കൊന്നു പുരി രണ്ടു ചമച്ചിടും.
ആ നല്ലിരുപുരം സ്ഥാപിച്ചു,വിടത്തിൽത്തനൂജരെ

Digitized By Kerala Sahitya Akademi

വാഴിച്ചു, വീണ്ടുമെൻചാരത്തെത്തിക്കൊള്ളും സുധാർമ്മിക
ഏവം ബ്രഹ്മർഷിയോടോതിബ്ബലാനുഗജനത്തോടേ (ൻ.
ചൊല്ലിവിട്ടാൻ ഭരതനെ;-ച്ചെയ്യാൻ പുത്രാഭിഷേകവും.

ഭരതൻ ശുഭമാം നാളില,ങ്ങിരസ്സിൻതനൂജനെ
മുന്നിലാക്കിപ്പുറപ്പെട്ടാൻ പടയൊത്തു സുതാന്വിതൻ.
ഗമിച്ചു നഗരാൽ, ദൂരം രാമാനുഗതമപ്പട,
ഇന്ദ്രൻ നിയോഗിച്ചതു പോലു,മ്മരാലും ദുരാസദം.
മാംസം തിന്നുന്ന ജന്തുക്കൾ ക്രൂരന്മാരാമരക്കരും
പിന്തുടന്നു ഭരതനെ,ച്ചോര പാരം കുടിയ്ക്കുവാൻ;
മാംസം ചെലുത്തുന്ന മഹാഘോരഭൂതശതങ്ങളും
ഗന്ധർവ്വപുത്രർതൻ മാംസം തിന്മാനായിരമായിരം;
നരിപന്നികൾ സിംഹങ്ങൾ ഖഗപക്ഷിഗണങ്ങളും
ഗമിച്ചു പടതൻമുന്നിലായിട്ടായിരമായിരം!
വഴിയ്ക്കൊന്നരമാസം പാർത്തഴലേശാതെയപ്പട
ചെന്നൊത്തി കേകയത്തിങ്കൽ,ത്തുഷ്ടപുഷ്ടജനാവൃതം.

## ഒരുനൂറെറാന്നാംസർഗ്ഗം: ഗന്ധർവ്വവിജയം.

സേനേശൻ ഭരതൻ ഗാർഗ്ഗ്യനൊത്തു വന്നതു കേൾക്ക (യാൽ
കേകയേന്ദ്രൻ യുധാജിത്തു പെരികെ പ്രീതി തേടിനാൻ.
വമ്പിച്ചോരാൾക്കൂട്ടമൊടക്കേകയേശനിറങ്ങിനാൻ;
ചെന്നേററാൻ കാമരൂപാഢ്യഗന്ധർവ്വരൊടു സത്വരം.
യുധാജിത്തും ഭരതനും ലഘുവിക്രമയുക്തരായ്

Digitized By Kerala Sahitya Akademi

ഗന്ധർവ്വനഗരം പുക്കാർ സേനാനുഗജനത്തോടേ.
ഭരതൻ വന്നതായ്ക്കേട്ടു ഗന്ധർവ്വരിടചേർന്നുടൻ
പോരിന്നൊരുമ്പെട്ടലറി സുമഹാവീര്യർ ചുററുമേ.
പിന്നെ,ത്തുമുലമാം യുദ്ധമേഴുനാളതിഘോരമായ്
കോൾമയിർക്കൊള്ളുമാറുണ്ടായ്; ജയമില്ലിരുപക്ഷത്തിനും. ൫
വാൾചിൽവേൽമുതലച്ചാർത്തുൾച്ചുന്ന ചെഞ്ചോരയാറു
(കൾ
മനുഷ്യമെയ്യൊഴുക്കിക്കൊണ്ടൊലിച്ചു ദിക്കിലൊക്കയും.
ചൊടിച്ചു രാമാനുജനാം ഭരതൻ ബഹുഘോരമായ്
സംവർത്തമെന്ന കാലാസ്ത്രമെയ്താൻ ഗന്ധർവ്വപങ്ക്തിയിൽ.
സംവർത്തകാലപാശക്കെട്ടേററു ഗാത്രം പിളർന്നവർ
കൊല്ലപ്പെട്ടു ക്ഷണംകൊണ്ടാ മഹാനാൽ മൂന്നുകോടിയും.
കണ്ണിമയ്ക്കുമിടയ്ക്കുള്ളിലാ നിലയ്ക്കുള്ള വമ്പരെ
ഈവിധം ഘോരമായ്ക്കൊന്നതങ്ങറിഞ്ഞീല വാനവർ!

അവരെല്ലാരെയും കൊന്നു ഭരതൻ കൈകയീസുതൻ
സ്ഥാപിച്ചുകൊണ്ടാനുടനേ, സമൃദ്ധം രണ്ടു വമ്പുരം: ൧൦
തക്ഷന്നു തക്ഷശില, പുഷ്കലന്നോ പുഷ്കലാവതം,
നല്ല ഗന്ധർവ്വദേശത്തുമവൻ ഗാന്ധാരനാട്ടിലും;
ധനരത്നഗണം തിങ്ങി,ക്കാടിനത്താൽത്തെളിഞ്ഞതാം;
ഗുണവാപ്യാലിന്നക്കുത്തോടന്യോന്യം മത്സരിപ്പതാം;
രണ്ടും സുശോഭനം, വ്യാജഹീനവ്യാപാരമുള്ളതാം;
യാനോദ്യാനം നിറഞ്ഞ,ങ്ങാടികൾ വേറുതിരിച്ചതാം;
രണ്ടു വമ്പുരവും രമ്യം, മററു സമ്പത്തുമാർന്നതാം;
മിന്നും വൻഗൃഹമോടേ,ഴുനിലമേട ചുഴന്നതാം;

Digitized By Kerala Sahitya Akademi

ശ്രീമദ്ദേവാലയശ്രേണികൊണ്ടു ശോഭ കലന്നതാം;
പനപച്ചിലവൃക്ഷംമൈലെള്ളിലിഞ്ഞികൾ ചേന്നതാം.
അയ്യാണ്ടുകൊണ്ടുറപ്പിച്ചു ഭരതൻ കൈകയീസുതൻ
അയോധ്യയിൽത്തിരിച്ചെത്തി, രാമഭ്രാതാ മഹാഭുജൻ.
വന്ദിച്ചു സാക്ഷാലപരധർമ്മം പോലാമുദാരനെ
രാമനെബ്ഭരതൻ ശ്രീമാൻ, ബ്രഹ്മാവെശ്ശക്രനാംവിധം
നടന്നപോലുണത്തിച്ചു മഹാഗന്ധവ്വനിഗ്രഹം;
നാട്ടുറപ്പിച്ചതും കേട്ടു നന്ദിച്ചരുളി രാഘവൻ.

---

## ഒരുനൂററിരണ്ടാംസർഗ്ഗം:
## ലക്ഷ്മണകുമാരാഭിഷേകം.

---

അതു കേട്ടിട്ടു ഹർഷിച്ചാൻ തമ്പിമാരൊത്ത രാഘവൻ;
പിന്നെ, ലക്ഷ്മണനോടന്നൊരത്ഭുതച്ചൊല്ലു ചൊല്ലിനാൻ:—
'ഈനിന്നുണ്ണികൾസൌമിത്രേ,ധർമ്മവിജ്ഞാനശാലികൾ,
നാടുവാഴാൻ മിടുക്കരല്ലോ,രംഗദൻ ചന്ദ്രകേതുവും.
രാജ്യംവാഴിപ്പനിവരെ:—ച്ചിന്തിയ്ക്കു വഴിപോലവേ,
ഈ വില്ലുക്കു രസം തോന്നും രമ്യദേശം സുവിസ്തൃതം;
സൌമ്യ, മനോജ്ഞസുഖവുമാശ്രമങ്ങൾക്കു നാശവും
പററാത്ത ദേശം നോക്കേണം: തെററുകാരായ്വരൊല്ല
(നാം.'
രാമനിങ്ങിനെ ചൊന്നാറേ ചൊല്ലീ ഭരതനുത്തരം:—
'ഇക്കാരുപഥമാം ദേശം രമണീയം നിരാമയം; ൩
അവിടെപ്പുരി തീർപ്പിയ്ക്കാം മഹാനാമംഗദന്നുടൻ;



Digitized By Kerala Sahitya Akademi

ചന്ദ്രകേതുവിന്റെ, നല്ല ചന്ദ്രകാന്തം നിരാമയം.'

ഭരതൻ ചൊല്ലിയ വചസ്സിതു കൈക്കൊണ്ടു രാഘവൻ
അദ്ദേശം കീഴടക്കിപ്പിമ്പങ്ങനാരുളീടിനാൻ;
നല്ലങ്ഗദീയാപുരിയൊന്നങ്ങുന്നുളവാക്കിനാൻ
രമ്യം, നൽക്കാവലുള്ളൊന്നു, രാമനക്ലിഷ്ടചേഷ്ടിതൻ.
അച്ചന്ദ്രകേതുമല്ലനോ, തീർപ്പിച്ചാൻ മല്ലഭൂമിയിൽ
ചന്ദ്രകാന്താഹ്വയം, ദിവ്യം, വിൺപുരംപോലെയാം
പിന്നീടു, രാമഭരതലക്ഷ്മണന്മാർ ത്തുലോം മുദാ (പുരം.
സങ്ഗരത്തിൽ ദുരാധർഷർ കഴിച്ചാരഭിഷേകവും. ൨൦
ഉണ്ണികൾക്കഭിഷേകം ചെയ്കയച്ചാനഥ രാഘവൻ
പടിഞ്ഞാട്ടായങ്ഗദനെ, വടക്കായ് ച്ചന്ദ്രകേതുവെ.
സൌമിത്രി ലക്ഷ്മണൻ പോയാനങ്ഗദനനുയാത്രയായ്;
അച്ചന്ദ്രകേതുവിൻകൂടെഗ്ഗമിച്ചു കൈകയീസുതൻ.

അങ്ഗദീയയിലോരാണ്ടുപാർത്തതിൽപ്പിന്നെലക്ഷ്മണൻ,
ഉണ്ണി ദുർദ്ധർഷനായ്വാഴ്കെ, ത്തിരിച്ചെത്തിയയോദ്ധ്യയിൽ.
അമ്മട്ടോരാണ്ടിലധികം പാർത്തു ഭരതനും മുദാ
അയോദ്ധ്യയിൽത്തിരിച്ചെത്തിരാമപാദത്തിൽമേവിനാൻ.
സൌമിത്രിയും ഭരതനും രാമപാദാനുവൃത്തിയിൽ
കാലം പോകുന്നതും സ്നേഹാലറിഞ്ഞീലതിധാർമ്മികർ!
ഇമ്മട്ടവർക്കു പതിനായിരമാണ്ടു കഴിഞ്ഞുപോയ്,
ധർമ്മത്തിൽപ്പൌരകാര്യത്തിലെന്നും യത്നിച്ചുകൊണ്ടുതാ (ൻ

രമിച്ചു കാലം മുഴുവൻ കൃതാർത്ഥരായ്-
പ്പുരശ്രീയാം ധർമ്മപുരത്തിൽ മേവിനാർ
പ്രദീപ്തതേജസ്സുകൾ മൂവർ, വന്മഖ
സമിദ്ധരാം മൂന്നു ഹുതാശർപോലവേ.

Digitized By Kerala Sahitya Akademi

# ഒരുനൂററിമൂന്നാംസർഗ്ഗം: ബ്രഹ്മദൂതാഗമനം.

പിമ്പൊട്ടുകാലം ചെന്നാറേ, രാമൻ ധർമ്മത്തിൽ (വാഴ്കവേ,
കാലൻ താപസവേഷം പൂണ്ടു രാജദ്വാരത്തിലെത്തിനാൻ.
ചൊന്നാൻ പുകഴ്പ്പെട്ടും ധീരനായലക്ഷ്മണനോടവൻ:-
'ഞാൻ കാര്യഗൌരവാൽ വന്നതറിയിയ്ക്കുക രാമനെ:
ഓജസ്സേറും പ്രബലനാം മഹർഷിയുടെ ദൂതനായ്
രാമനെക്കാണുവാൻ വന്നേൻ കാര്യത്താൽ ഞാൻ മഹാബ (ല.'
അദ്ദേഹത്തിൻെറയീവാക്കുകേട്ടുസൌമിത്രിസത്വരം,
അത്താപസൻ വന്നതുചെന്നറിയിച്ചിതു രാമനെ:-
'ജയിയ്ക്ക രാജധർമ്മത്താലിരുപാരും മഹാവ്രത!
വന്നിട്ടുണ്ടങ്ങയെക്കാണ്മാൻ ദൂതനായർക്കതാപസൻ.' ൭
ലക്ഷ്മണൻെറ വചസ്സേവം കേട്ടു രാമനുമോതിനാൻ:-
'കൂട്ടിക്കൊണ്ടു വരാമുന്നീ, തേജസ്വി മുനിദൂതനെ.'
'ഓ'എന്നുരച്ചു സൌമിത്രി കൊണ്ടുചെന്നു തപസ്വിയെ,
രശ്മിയാൽച്ചുട്ടെരിപ്പോനെ,ത്തേജസ്സാൽദ്ദീപ്തരൂപനെ.
ചെന്നുകണ്ടാത്മതേജസ്സാലാളും രാഘവനോടവൻ,
'കാകുത്സ്ഥ,വർദ്ധിച്ചതാകെ'ന്നഴകിൽച്ചൊല്ലിനാനൃഷി.
അവന്നു രാമൻ തേജസ്വിയർഘ്യംമുമ്പായ പൂജയെ
നല്കിനാൻ; കുശലം ചെമ്മേ ചോദിപ്പാനുമൊരുങ്ങിനാൻ.
ആ രാമൻ കുശലപ്രശ്നം ചെയ്താറേ വാഗ്മിസത്തമൻ
ദിവ്യസ്വർണ്ണാസനത്തിന്മേലിരുന്നാൻ പുകളേറിയോൻ.
രാമനങ്ങവനോടോതീ:-'സ്വാഗതം തേ മഹാമുനേ!
സന്ദേശം നല്ക മേ: ദൂതനായല്ലോ വന്നുചേർന്നു നീ.'

Digitized By Kerala Sahitya Akademi

രാജകേസരിയാവശ്യപ്പെട്ടാറേ മുനി ചൊല്ലിനാൻ:-
രഹസ്സിൽ വേണം പറയാൻ, നീ ഹിതാപേക്ഷി
(യെങ്കിലോ:
കേൾക്കയോ കാണ്കയോ ചെയ്യുന്നവനെക്കൊല്ലണംഭവാൻ
എന്നാണൃഷിന്ദ്രവചനം, തവസമ്മതമാവുകിൽ.'
'ആവാ'മെന്നേററു കാകുത്സ്ഥൻ സൌമിത്രിയൊടു ചൊ
(ല്ലിനാൻ:-
'ദ്വാരേ നില്ക്കു മഹാബാഹോ; മാററിനിർത്തുശിപായിയെ:
രഹസ്സിലൃഷിയും ഞാനും കൂടിച്ചൊല്ലുന്നു ലക്ഷ്മണ,
കേൾക്കയോ കാണ്കയോ ചെയ്യുന്നവൻമേവധ്യനായ്വരും.'
ആ ലക്ഷ്മണനെ വാതില്ക്കൽക്കാവലായ്നിർത്തി രാഘവൻ
കാകുത്സ്ഥനവനോടോതീ,'മുനേ, ചൊല്ലീടുകെ'ന്നുടൻ:-
'അങ്ങോട്ടുവാനോപ്പുതു,മങ്ങാരയച്ചവനെന്നതും
പറഞ്ഞുകൊൾക ശങ്കിയ്ക്കാതു;-ണ്ടു വാഞ്ഛയെനിയ്ക്കുമേ.'

—*—

## ഒരുനൂററിനാലാംസർഗ്ഗം:
## ബ്രഹ്മസന്ദേശകഥനം.

---

"കേൾ മഹാസത്വ, ഞാൻ വന്നതെന്തിനെന്നതുമന്ന
ദേവൻപിതാമഹൻചൊല്ലിവിട്ടിതെന്നെമഹാബല. (വ;
മുന്നവസ്ഥയിൽ ഞാൻ നിൻെറ പുത്രൻ പരപുരഞ്ജയ,
മായയാൽജ്ജനിതൻ വീര, കാലനെ,ല്ലാം മുടിപ്പവൻ.
ഭഗവാനാം വിധാതാവു ചൊല്ലു ലോകേശ്വരൻ പ്രഭു:-
'ചെയ്യല്ലോ സമയംസൌമ്യ,നിഃശത്രുകൾകാക്കവാൻ.

Digitized By Kerala Sahitya Akademi

പണ്ടു ലോകങ്ങളെത്താൻതാൻ മായയാൽസ്സംഹരിച്ചു നീ
മഹാർണ്ണവാംഭസി കിടന്നെന്നെസ്സൃഷ്ടിച്ചിതാദ്യമേ;
പിന്നീടു ഭോഗിയായ് നീരിൽദ്ദീർഘം പാമ്പാമനന്തനെ:
രണ്ടൂർജ്ജസ്വലസത്വങ്ങളേയും നീ തീർത്തു മായയാൽ: ൯
അക്കൈടഭമധുക്കൾക്കുള്ളസ്ഥിനിര വിരിക്കയാൽ
ഉടൻ മേദിനിയായ്ത്തീർന്നു, മലയും തിങ്ങിയീ മഹി.
നാഭിയിൽബ്ഭാസ്കരനൊത്ത ദിവ്യപത്മത്തിലെന്നെയും
തീർത്തു സൃഷ്ടിച്ചുമതലയെല്ലാമെന്നിൽച്ചുമത്തി നീ.
ഭാരം ചുമന്ന ലോകേശനായ നിന്നെബ്ഭജിച്ചു ഞാൻ:—
'രക്ഷിക്ക ഭൂതങ്ങളെ: നീയല്ലോ, തേജസ്സു നല്കി മേ.'
അതിനാല,ദ്ദുരാധർഷശാശ്വതത്വത്തിൽനിന്നു നീ
വിഷ്ണുത്വം പൂണ്ടെഴുന്നള്ളിനാൻ, ഭൂതരക്ഷ നടത്തുവാൻ.
അദിതിക്കുണ്ണി, വീര്യാഢ്യൻ, ഭ്രാതാക്കൾക്കതിവീര്യദൻ,
അവർക്കു വേണ്ടും കാര്യത്തിൽത്തുണചെയ്യരുളുന്നു നീ. ൰
ആ നീ, പ്രജകൾ തന്നല്ലൽ കാൺകയാൽ ഭുവനോത്തമ,
രാവണന്റെ വധത്തിന്നായുറച്ചു മർത്ത്യനാകുവാൻ;
പതിനായിരമാമാണ്ടും പത്തുനൂററാണ്ടുമല്ലയോ,
വസിപ്പാൻ നിശ്ചയം ചെയ്തുവെച്ചു താൻതന്നെപണ്ടു നീ.
സംകല്പപുത്രനങ്ങയ്ക്കാ മർത്ത്യായുസ്സു തികഞ്ഞുപോയ്;
ഇതാ, കാലൻ നരശ്രേഷ്ഠ, നിൻ ചാരത്തറിയിക്കുവാൻ.
വീണ്ടും രാജേന്ദ്ര, നാട്ടാരെസ്സംരക്ഷിക്കേണമെങ്കിലോ,
വസിച്ചുകൊൾക; ഭദ്രം തേ!' വീര, ധാതാവിതോതിനാൻ.
'അതല്ലാ, വിണ്ണു കാക്കണമെന്നാണെങ്കിൽക്കകുത്സ്ഥജ,
വാനോർ മാലററു വാഴട്ടെ വിഷ്ണുവാലേ സനാഥരായ്.'' ൰൧

Digitized By Kerala Sahitya Akademi

പിതാമഹന്റെ വചനം കാലൻ ചൊന്നതു കേട്ടടൻ
സർവ്വസംഹാരിയോടോതീ, പുഞ്ചിരിക്കൊണ്ടു രാഘവൻ:-
'പാരമത്ഭുതമാം ദേവദേവന്റെ മൊഴി കേൾക്കയാൽ
പ്രീതി വന്നിതെനിയ്ക്കേററം, ഭവാൻ വന്നതിനാലുമേ.
മൂന്നുലോകത്തിനും വേണ്ടിയല്ലോ മമ സമുത്ഭവം;
നന്മയങ്ങുള്ളു, പോയ്ക്കൊള്ളാം, പോന്നേടത്തേയ്ക്കുതന്നെ
(ഞാൻ;
എന്നുള്ളിലുള്ളതേ വന്നിതു;-തിൽസ്സംശയമില്ല മേ.
എന്നാൽ,ക്കീഴാളരാം വാനോർക്കുള്ള കാര്യത്തിലൊക്കയും
നില്ക്കേണം സർവ്വഹര, ഞാൻ, ധാതാവോതിയ പോലെ
(താൻ.'

---

## ഒരുനൂററഞ്ചൊംസർഗ്ഗം: ബ്രഹ്മദൂതവിസർജ്ജനം.

---

അവരേവം സല്ലപിയ്ക്കെ,ദ്ദുർവ്വാസാ ഭഗവാനൃഷി
രാമനെക്കാണുവാൻവേണ്ടി രാജദ്വാരത്തിലെത്തിനാൻ.
ചെന്നണഞ്ഞാ മുനിശ്രേഷ്ഠൻ സൌമിത്രിയോടു ചൊല്ലി
(നാൻ:-
'കാട്ടിത്തരു രാമനെ;-യെൻകാര്യംപോംതാമസിയ്ക്കുകിൽ.'
മുനിതൻ വാക്കു കേട്ടിട്ടു, പരവീരനിഷൂദനൻ
കൈവണങ്ങി മഹാത്മാവോടുരചെയ്തിതു ലക്ഷ്മണൻ.
'ചൊല്ലുണ്ടതെന്തു ഭഗവൻ? കാര്യമെന്തെ,ന്തു വേണ്ടതോ
രാമൻ ജോലിയിലാണ്;-ല്പനേരം കാത്താലുമന്തണ! ' (ൻ?
അതു കേട്ടരിശത്താലേ കലങ്ങി മുനിപുങ്ഗവൻ,

Digitized By Kerala Sahitya Akademi

ദ്ദൃഷ്ടിയാൽച്ചുട്ടെരിപ്പോൻ പോലെ,സ്സൗമിത്രിയോടോതി
(നാൻ:-
'സൌമിത്രേ, ഇക്ഷണം നമ്മെയറിയിയ്ക്കുക രാമനിൽ;
സൌമിത്രേ, ഇക്ഷണം നമ്മെയറിയിയ്ക്കാതിരിയ്ക്കിലോ,
രാജ്യത്തെ നിന്നെപ്പുരിയെയ്യുപിപ്പൻ രാമനേയുമേ,
സൌമിത്രേ,ഞാൻഭരതനെ,നിങ്ങൾതൻമക്കൾതന്നെ
(യും;
ആളാകയില്ല ഞാൻ, വീണ്ടും ക്രോധമുള്ളിലടക്കവാൻ!'
ആ മഹാത്മാവിനുടെയാഘോരമാം വാക്ക കേട്ടവൻ
മനസ്സുകൊണ്ടു ചിന്തിച്ചാനാ വാക്കിനുടെ നിശ്ചയം:-
'ഞാനൊരാൾ ചത്തുകൊള്ളട്ടേനാശമെല്ലാൎക്കുമെല്ലാ
എന്നായ് നിനച്ചുറച്ചിട്ടു രാഘവങ്കലുണൎത്തിനാൻ.(ലാ.'
ലക്ഷ്മണോക്തം ശ്രവിച്ചിട്ടു കാലനെച്ചൊന്നയച്ചുടൻ
രാമരാജൻ വെളിയ്ക്കെത്തി ദൎശിച്ചാനത്രിപുത്രനെ.
തേജസ്സാൽക്കത്തുവോൻ പോലാം മഹാത്മാവെപ്പണി
(ഞ്ഞവൻ,
കാൎയ്യമെന്തെന്നു, കാകുത്സ്ഥൻ ചോദിച്ചാൻ തൊഴുകയ്യു
(മായ്.
ആ രാഘവോക്തി കേട്ടോ,ത്തി രാമസ്വാമിയൊടുത്തരം
ദുൎവ്വാസാവു മുനിശ്രേഷ്ഠൻ:-'കേട്ടാലും ധൎമ്മവത്സല:
അവസാനിച്ചതിന്നല്ലോ, സഹസ്രാബ്ദികമെൻതപഃ;
തന്നാൽക്കൊള്ളാമന്നഘ,മേ തക്കതാം ഭോജനം ഭവാൻ.'
ആ വാക്ക കേട്ടിട്ടുൾപ്രീതിയോടേ രാജാവു രാഘവൻ
മുനിമുഖ്യനൊപ്പെട്ടത്തിക്കൊടുത്താൻ തക്ക ഭോജനം.
അമൃതിന്നൊക്കുമക്ക്വോന്നം ഭുജിച്ചാ മുനിസത്തമൻ, 23

Digitized By Kerala Sahitya Akademi

'രാമ, നന്നായി'യെന്നോതിപ്പോയാൻ തന്നാശ്രമത്തി
(ന്നായ്.

മുനീന്ദ്രൻസ്വാശ്രമത്തെയ്ക്കുപോയാരേ,ലക്ഷ്മണാഗ്രജൻ
കാലവാക്കുകളോൎമ്മിച്ചിട്ട,തിങ്കലഴൽ തേടിനാൻ;
അഴലാൽ വെന്തുരുകി,യാക്കൊട്ടതാം നിലയോൎക്കയാൽ
തല ചാഞ്ഞു വലഞ്ഞൊന്നും ചൊല്ലുവാൻ വയ്യാതെ മേ
(വിനാൻ.

കാലന്റെയാവാക്കുകളെക്കരൾകൊണ്ടോൎത്തു രാഘവൻ,
ഇല്ലിതെന്നായുറച്ചിട്ടു മൌനം പൂണ്ടാൻ പുകഴ്ന്നവൻ.

---

## ഒരുനൂററാറാംസൎഗ്ഗം: ലക്ഷ്മണത്യാഗം.

---

ഗ്രസ്തേന്ദു പോലെ മാലാണ്ടു തലയും ചായ്ച്ചിരിപ്പതായ
കണ്ട,ന്നോടേമധുരമായ് രാമനോടോതി ലക്ഷ്മണൻ:-
'എന്നെച്ചൊല്ലി മഹാബാഹോ,വ്യസനിയ്ക്കരുതേ ഭവാൻ:
പൂൎവ്വകൎമ്മപ്പടിയ്ക്കല്ലോ, കാലത്തിൻ ഗതിയിങ്ങിനെ.
ത്യജിയ്ക്ക ശങ്കിയാതെന്നെ;-പ്പാലിച്ചാലും പ്രതിജ്ഞ നീ:
പ്രതിജ്ഞ തെററിയാൽസ്സൌമ്യ,നരകം പൂകുമേ നരർ.
രാജേന്ദ്ര, കനിവുണ്ടെങ്കിൽ, ഞാനനുഗ്രാഹ്യനെങ്കിൽ, നീ
ത്യജിയ്ക്ക മടിയാതെന്നെ;-ധൎമ്മം വായ്പിയ്ക്ക രാഘവ.'
എന്നു സൌമിത്രി ചൊന്നാരേ രാമൻ പ്രചലിതേന്ദ്രിയൻ
വരുത്തിനാൻ; ഉപാദ്ധ്യായനെയുമമാത്യന്മാരെയുമങ്ങു
ചൊന്നാനവൎക്കിടയിൽവെച്ചു,ന്നതനാരു രാഘവൻ:-
ദുൎവ്വാസാവിന്റെ വരവും, താപസങ്കൽ പ്രതിജ്ഞയും.

Digitized By Kerala Sahitya Akademi

അതു കേട്ടിട്ടിരിപ്പായാരാചാൎയ്യാമാത്യരേവരും;
എന്നാൽ,വരിഷ്ഠതേജസ്സാം വസിഷ്ഠനിതുചൊല്ലിനാൻ:-
'കണ്ടേനേവം മഹാബാഹോ, നിൻനാശം രോമഹൎഷണം;
അങ്ങല്ലൊ ലക്ഷ്മണനുമായ് വേർപാടും രാമ, കീൎത്തിമൻ.
ത്യജിക്കുകിവനെ:-കാലം ബലി; നിൻവാക്കു തെററൊലാ:
പ്രതിജ്ഞ പാഴായ്പ്പോയെന്നാൽ,ധൎമ്മവും നഷ്ടമായ്വരും;
ധൎമ്മം നശിച്ചുപോയാലോ, ചരാചരജഗത്ത്രയം
സുരൎഷിഗണമൊത്തെല്ലാം തീൎച്ചയായും നശിച്ചുപോം! ൧൦
അതിനാൽ, നീ നരവ്യാഘ്ര, മൂപ്പാരിൻപാലനത്തിനായ്
സൌമിത്രിയെവെടിഞ്ഞിട്ടും ലോകത്തെനിലനിൎത്തണം.'
ഒന്നിച്ചു ചേൎന്നോരവർതൻ ധൎമ്മാൎത്ഥയുതമാ മൊഴി
കേട്ട രാമൻ സഭാമദ്ധ്യേ ലക്ഷ്മണൻതന്നൊടോതിനാൻ:-
'നിന്നെ ത്യജിപ്പൻ സൌമിത്രേ: ധൎമ്മഹാനിഭവിക്കൊലാ;
ത്യാഗമോ വധമോ ചെയ്യാം: രണ്ടും നല്ലോൎക്കു തുല്യമേ.'
രാമൻചൊല്ലികഴിഞ്ഞാറേ,കണ്ണീർചിന്നിയകണ്ണുമായ്
ഗമിച്ചാൻ ലക്ഷ്മണൻ ക്ഷിപ്രം; പൂകിയില്ല നിജാലയം.
സരയുക്കര പുക്കാചമിച്ചവൻ തൊഴുകയ്യുമായ്
സ്രോതസ്സെല്ലാം നിരോധിച്ചു, വീൎപ്പയയ്ക്കാതെമേവിനാൻ.
വീൎപ്പററ യോഗിയവനിൽ,പ്സരസ്സ്ത്രീകളിന്ദ്രനും
വാനവന്മാരൃഷികളുമേവരും പൂക്കൾ തൂകിനാർ.
മനുഷ്യരാരും കാണാതെ ശരീരത്തോടുകൂടവേ
കരുത്തനാം ലക്ഷ്മണനെക്കൊണ്ടിന്ദ്രൻ വിണ്ണുപൂകിനാൻ.
വിഷ്ണുവിൻെറ ചതുൎഭാഗം വന്നതങ്ങമരോത്തമർ
കണ്ടേവരും പ്രമോദിച്ചു പൂജിച്ചാരൃഷിമുഖ്യരും.



Digitized By Kerala Sahitya Akademi

# ഒരുനൂററേഴാംസർഗ്ഗം: കുശലവാഭിഷേകം.

രാമൻ ലക്ഷ്മണനെപ്പോക്കിദ്ദുഃഖശോകസമേതനായ്
പുരോഹിതാമാത്യരൊടും പൌരരോടുമിതോതിനാൻ:-
'ധർമ്മിഷ്ഠവീരഭരതന്നിന്നു രാജ്യാഭിഷേചനം
ചെയ്തു,യോധ്യാധിപത്യത്തെനല്കിഞാൻകാടുപൂകുവൻ.
വരുത്തുവിൻ പദാർത്ഥങ്ങൾ, കാലതാമസമേല്ലൊലാ;
ലക്ഷ്മണൻപോയവഴിയേ പോകയാണിന്നുതന്നെഞാൻ.'
ആ രാഘവൻെറ മൊഴി കേട്ടെല്ലാപ്രജകളും തുലോം
നിലംവരെക്കുനിഞ്ഞു,സ്തപ്രാണർപോലെ ചമഞ്ഞുപോയ്!
ബോധം വിട്ടാൻ ഭരതനുംരാമൻെറമൊഴി കേൾക്കയാൽ;
രാജ്യത്തെപ്പററി നിന്ദിച്ചു രാമനോടിതുചൊല്ലിനാൻ:-
'സത്യത്താണിതു രാജാവേ: രാജ്യവും വിണ്ണുപോലുമേ
എനിക്കു വേണ്ടാ ഇവിടുത്തോടുകൂടാതെ രാഘവ!
വാഴിക്കുകിക്കുശലവന്മാരെ രാജൻ നരാധിപ:
തെൻകോസലത്തിൽക്കുശനെ, വടക്കു ലവവീരനെ.
പോകട്ടേ ദൂതർ ശത്രുഘ്നസമീപത്തെയ്ക്കു സത്വരം
വെക്കംനമ്മുടെയിപ്പോക്കു ചൊല്ലുവാൻ,താമസിയ്ക്കൊലാ.'

ഭരതാഭാഷണം കേട്ടു, മഴലാൽ വെന്ത പൌരരെ
തല ചായ്ച്ചവരായ്ക്കണ്ടും, വസിഷ്ഠവുരിയാടിനാൻ:-
'ഉണ്ണീ, കണ്ടാലും,മി നാട്ടാർ മന്നിൽച്ചാഞ്ഞതു രാഘവ;
അറിഞ്ഞു ചെയ്കിവൎക്കിഷ്ടം, ചൊയ്യൊല്ലിവരിലപ്രിയം.'
വസിഷ്ഠവാക്കാൽ നാട്ടാരെയെഴുന്നേല്പിച്ചു രാഘവൻ,
'എന്തു ചെയ്യേണ്ടു ഞാനെ'ന്നാനവരെല്ലാവരോടുമേ.

Digitized By Kerala Sahitya Akademi

ഉടൻ പ്രജകളെപ്പേരും രാമനോടുരിയാടിനാർ:-
'പിറകേ പോരു,മങ്ങുന്നു പോമിടത്തെയ്ക്കു ഞങ്ങളും.
പൌരരിൽപ്രീതിയുണ്ടെങ്കിൽ,പ്പാരംസ്നേഹമിരിയ്ക്കുകിൽ,
പോരട്ടേ രാമ, സന്മാൎഗ്ഗേ സഭാൎയ്യാപുത്രർ ഞങ്ങളും.
തപോവനത്തിൽ,ദ്ദുൎഗ്ഗത്തിൽ,പ്പുഴയിൽ,ക്കടലിങ്കലോ,
ഞങ്ങൾ തേ ത്യാജ്യരല്ലെങ്കിൽക്കൊണ്ടുപോയാലുമീശ്വര!
ഇതു ഞങ്ങൾക്കു നൽപ്രീതി;-യിതു ഞങ്ങൾക്കു നൽവരം:
ഞങ്ങൾക്കുണ്ടെപ്പൊഴും പ്രീതി നിന്നെപ്പിന്തുടരാൻനൃപ!'
പൌരർതൻഭക്തിഭരവും, താൻ തീൎത്തും ചെയ്തിടേണ്ടതും
കണ്ടിട്ടാ,വട്ടെയെന്നോതിയതുനാൾതന്നെ രാഘവൻ
തെക്കോസലത്തിൽക്കുശനെ, വടക്കു ലവവീരനെ,
അഭിഷേചിച്ചു പെരിയ കുശീലവരെയിങ്ങിനെ;
പുരത്തിലഭിഷേചിച്ച പുത്രന്മാരെ മഹാഭുജൻ
മടിയിൽച്ചേൎത്തു തഴുകി മുകൎന്നാൻ മൂൎദ്ധ്നി നൂറുരു;
അനേകമായിരം തേരുമയുതങ്ങൾ ഗജങ്ങളും
നൂറായിരം കുതിരയുമോരോരാൾക്കേകിനാൻ ധനം;
ബഹുരത്നധനത്തോടും ഹൃഷ്ടപുഷ്ടജനത്തൊടും
സ്വപുരത്തെയ്ക്കയച്ചാനക്കുശീലവസഗൎഭ്യരെ. ൨൦
വാഴിച്ചു വീരസുതരെപ്പുരങ്ങളിലയച്ചവൻ
മഹാത്മാവായ ശത്രുഘ്നന്നോതിവിട്ടിതു ദൂതരെ.

—*—

Digitized By Kerala Sahitya Akademi

## ഒരുനൂറെറട്ടാംസർഗ്ഗം:
## ശത്രുഘ്നാദ്യനുഗമനാനുവാദം.

---

രാമൻ പറഞ്ഞതയച്ചോരാദ്ദൂതന്മാർ ദ്രുതഗാമികൾ
മധുരയ്ക്കഞ്ജസാ പോയാർ പാർത്തില്ല വഴിയ്ക്കവർ.
മൂന്നുനാൾകൊണ്ടു മധുരതന്നിൽച്ചെന്നെത്തിയിട്ടവർ
ശത്രുഘ്നനോടുണർത്തിച്ചാരുള്ളവണ്ണമതൊക്കെയും:
ലക്ഷ്മണന്റെ പരിത്യാഗം,രാഘവൻതൻ പ്രതിജ്ഞയും;
പുത്രാഭിഷേകവും,പൌരർക്കുടെപ്പോകാനുറച്ചതും,
കുശനാ രമ്യനഗരി വിന്ധ്യശൈലതടത്തിലായ്
കുശാവതീനാമമൊടേ ധീമാൻ രാമൻ ചമച്ചതും,
ലവനും രമ്യയായുള്ളാ ശ്രാവസ്തീപുരി തീർത്തതും,
അയോദ്ധ്യയെശ്ശൂന്യയാക്കി, രാമൻ ഭരതനെന്നിവർ
മഹാരഥന്മാർ വിണ്ണിന്നു പോകാൻ ഭാവിച്ചിരിച്ചതും;
ഏവം പെരിയ ശത്രുഘ്നനോടൊട്ടുക്കറിയിച്ചുടൻ
അടങ്ങിനാരദ്ദൂതന്മാർ, 'തമ്പുരാൻ വെമ്പുകെ'ന്നുമായ്.

കുലനാശമതത്യുഗ്രം വന്നടുത്തതു കേൾക്കയാൽ
വാദ്ധ്യാനാം കാഞ്ചനനെയും പൌരരേയും വരുത്തിനാൻ;
ഉണ്ടായതെല്ലാമവരോടുരച്ചാൻ രഘുനന്ദനൻ.
താനും സോദരരോടൊപ്പം മൈ വിടാൻ കരുതുന്നതും.
പിന്നെ രണ്ടുണ്ണികളെയും വാഴിച്ചാൻ വീരനാ നൃപൻ:
സുബാഹു നേടീ മധുര, വൈദിശം ശത്രുഘാതിയും.
രണ്ടായ്പ്പകുത്താ മധുരപ്പടയും വിധിപോലവേ
ധനവും നല്കി വാഴിച്ചാരിരുപുത്രരെ മന്നവൻ:

Digitized By Kerala Sahitya Akademi

സുബാഹുവേ മധുരയിൽശ്ശത്രുഘാതിയെ വൈദിശേ
വാഴിച്ചു,യോദ്ധ്യയ്ക്കൊററത്തേരാലേ പോന്നിതു രാഘവൻ.

അവൻ കണ്ടു മഹാത്മാവെ,ക്കത്തുമഗ്നിയെയാംവിധം,
നേർത്ത വെൺപട്ടുടുത്തോനെ,ശ്ശാശ്വതർഷിസമേതനെ.
അവൻ രാമനെ വന്ദിച്ചു കൈകൂപ്പി പ്രയതേന്ദ്രിയൻ
ധർമ്മമേ കരുതിക്കൊണ്ടു ധർമ്മജ്ഞനൊടു ചൊല്ലിനാൻ:-
'പുത്രാഭിഷേകം ശരിയായ്ക്കഴിച്ചു രഘുനന്ദന,
നിൻകൂടെപ്പോരുവാൻതീർപ്പു ചെയ്തിരിയ്ക്കുന്നു ഞാൻനൃപ.
മറിച്ചൊന്നരുൾചെയ്യൊല്ലേ വീര! നിന്നുടെ ശാസനം
പാഴാക്കീടരുതെന്നുണ്ടു, വിശേഷിച്ചെൻനിലയ്ക്കൊരാൾ.'
അവൻെറയക്കരളുറപ്പറിഞ്ഞു രഘുനന്ദനൻ
രാമനു,'ങ്ങിനെ താനെ'ന്നു ശത്രുഘ്നനൊടു ചൊല്ലിനാൻ.

ആ വാക്കോതിക്കഴിയവേ, കാമരൂപികൾ കീശരും
ഋക്ഷരും രാക്ഷസന്മാരും വന്നുചേർന്നാർ പെരുത്തുപേർ.
സുഗ്രീവനുടെ പിന്നാലേ, വന്നെത്തിയവരേവരും,
വിണ്ണേറുവാനൊത്തരുള്ളം രാമനെക്കാണ്മതിന്നുതാൻ;
ദേവപുത്രർഷിസുതരും ഗന്ധർവരുടെ മക്കളും
രാമൻെറ വേർപാടിതറിഞ്ഞെ,വരുംവന്നുകൂടിനാർ.
രാമനോടോതിനാർ വന്ദിച്ചു,ക്കീശാശരരേവരും:- ൨൦
'നിൻപിമ്പേ പോരുവാനല്ലോ വന്നെത്തീ ഞങ്ങൾമനുവ.
രാമ, ഞങ്ങളെ വിട്ടങ്ങു പോകിലോ പുരുഷോത്തമ,
ഞങ്ങളു,ണ്ടു യമദണ്ഡാങ്ങി വീഴിച്ചമട്ടിലാം!'
എന്നു കേട്ടു ചിരിച്ചുംകൊണ്ടാ,'വാ'മെന്നോതി രാഘവൻ.
ഊർജ്ജസ്വി സുഗ്രീവനുമപ്പോഴതാ വീരരാമനെ

Digitized By Kerala Sahitya Akademi

പണിഞ്ഞു വിധിയാംവണ്ണമുണൎത്തിപ്പാനൊരുങ്ങിനാൻ:—
'വീരാംഗദനെ വാഴിച്ചിട്ടത്രേ, വന്നെത്തി ഞാൻ നൃപ,
നിൻകൂടെപ്പോരുവാൻ തീൎപ്പു ചെയ്തിരിക്കുന്നു മന്നവ.'
അദ്ഭാഷിതം ശ്രവിച്ചിട്ടു രാമൻ രമയദഗ്രിമൻ
കപീന്ദ്രനോട,വനുടെ വേഷ്ടയോൎത്തുരിയാടിനാൻ:— ൨൰
'സുഹൃത്തേ, കേൾക്ക സുഗ്രീവ: ഭവാനോടു പിരിഞ്ഞു ഞാൻ
പോകില്ല ദേവലോകത്തോ, മഹാപരപദത്തിലോ.'

വിഭീഷണാശരാധീശനോടു ചൊല്ലീ സുകീൎത്തിമാൻ:—
'എന്നോളമുണ്ടാം പ്രജകളന്നോളം നീ വിഭീഷണ,
രാക്ഷസേന്ദ്ര, മഹാവീൎയ്യ, ലങ്കയിങ്കലിരുന്നിടും;
എന്നോളം സൂൎയ്യചന്ദ്രന്മാരെ,ന്നോളം ഭൂമി നില്ക്കുമോ,
പാരിലെൻകഥയെന്നോള,മന്നോളം നാടു വാഴ്ക നീ.
ശാസിപ്പു നിന്നെ സ്നേഹാൽ ഞാൻ: ചെയ്കവേണം മമാ
(ജ്ഞ നീ;
ധൎമ്മാൽ പ്രജകളെക്കാത്തുകൊൾകി;—ഞ്ഞുത്തരമോതൊലാ.
മറ്റൊന്നുകൂടിച്ചൊല്ലുന്നേൻ രാക്ഷസേന്ദ്ര, മഹാമതേ: ()
പൂജിക്കുകിക്ഷ്വാകുലേശ്വരനാം ജഗദീശനെ,
വാസവാദിസുരന്മാൎക്കുമെന്നെന്നും പൂജനീയനെ.'
ഏറാമെന്നഥ കൈക്കൊണ്ടാൻ രാമവാക്യം വിഭീഷണൻ,
രാഘവാജ്ഞയെയോൎത്തിട്ടു രാക്ഷസേന്ദ്രക്കു തമ്പുരാൻ.

അവനോടിത്തുരച്ചോ,തീ ഹനുമാനോടു രാഘവൻ:—
'പ്രതിജ്ഞ:പോക്കൊലാ, ജീവിച്ചിരിപ്പാൻ നിശ്ചയിച്ചു നീ;
പാരിലെൻകഥയെന്നോളം പ്രചരിക്കും ഹരീശ്വര,
അന്നോളവും രമിച്ചാലും, നന്ദിച്ചെ,ൻവാക്കു കാത്തു നീ.'

Digitized By Kerala Sahitya Akademi

ഏവം പെരിയ കാകുത്സ്ഥൻ ചൊന്നപ്പോളാഞ്ജനേയനും
അതീവ ഹർഷമുൾക്കൊണ്ടിട്ടൊരുവാക്യമുണർത്തിനാൻ:—
'എന്നോളം ശുദ്ധിനല്കും നിൻകഥ പാരിൽ നടക്കുമോ,
അന്നോളം മന്നിൽ വാഴ്വൻ, നിന്നാജ്ഞ പാലിച്ചുകൊണ്ടു
(ഞാൻ.'

അമ്മട്ടേ, ബ്രഹ്മസുതനാം കിഴവൻ ജാംബവാനൊടും
മൈന്ദദ്വിവിദർതമ്മോടുമരുൾചെയ്തേ,വരോടുമായ്
'ജീവിച്ചിരിപ്പിനെന്നെന്നും, കലികാലംവരെയ്ക്കുമേ.'
എന്നുരച്ചിട്ടു കാകുത്സ്ഥൻ വാനരക്ഷരൊടൊക്കയും
ചൊല്ലിനാൻ:—'ശരി,യെൻകൂടെപ്പോന്നുകൊൾവിൻ
(യഥേഷ്ടമേ.'

—•<>•—

## ഒരുനൂറെറാമ്പതാംസർഗ്ഗം: മഹാപ്രസ്ഥാനം.

ആ യാമിനി പുലന്നാറേ, മാർവിരിഞ്ഞോരുരുപ്രഥൻ
രാമൻ തണ്ടാരിതൾക്കണ്ണൻ പുരോഹിതനൊടോതിനാൻ:—
'ദീപ്താഗ്നിഹോത്രവുംകൊണ്ടുമുൻനടക്കട്ടെയന്തണർ.(ൻ:—
മഹാപ്രയാണോചിതമാം വാജപേയാതപത്രവും.'
വസിഷ്ഠനതിതേജസ്വി ചെയ്താനൊട്ടൊഴിയാതുടൻ,
മഹാപ്രസ്ഥാനവിധിയിൽ വേണ്ടും ധർമ്മത്തെയൊക്കയും.
പിന്നെ നേരിയതാംവസ്ത്രം ചാർത്തി, ബ്രഹ്മജപത്തൊടേ,
തൃക്കൈവിരല്കളിൽ ദർഭയിടചേർത്തെഴുന്നള്ളിനാൻ.
ആരോടുമൊന്നും മിണ്ടാതെ നിശ്ചേഷ്ടൻ പഥി നിസ്സുഖൻ
അഗ്രേഹംവിട്ടെഴുന്നള്ളീ,സൂര്യൻപോലുജ്ജ്വലിപ്പവൻ. ഒ

Digitized By Kerala Sahitya Akademi

രാഘവന്നു വലത്തായി നിന്നു ലക്ഷ്മി സപദ്മയാൾ;
ഇടത്തോ, ഹ്രീമഹാദേവി; മുന്നിൽസ്സംഹാരശക്തിയും.
പലജാതിക്കണകളും, മികച്ച കുലവില്ലതും
അമ്മട്ടായുധമൊട്ടുക്കം നടന്നു നരമെയ്യൊടേ.
വിപ്രമൈ പൂണ്ട വേദങ്ങൾ, ഗായത്രീ സർവ്വരക്ഷിണി,
വഷട്കാരമൊടോങ്കാര,മെല്ലാം രാമാനുഗങ്ങളായ്.
മഹാത്മാരാമൃഷികളും മഹീദേവരുമൊക്കവേ
പിന്തുടന്നാർ മഹാത്മാവെ, സ്വർഗ്ഗവാതിൽ തുറക്കവേ.
അവൻ പോകെപ്പിന്തുടന്നാരന്തഃപുരവധൂക്കളും,
ദാസിമാർ ബാലവൃദ്ധന്മാർ ഷണ്ഡഭൃത്യരുമൊത്തുടൻ.
ശത്രുഘ്നനും ഭരതനുമന്തഃപുരമൊടൊപ്പമേ
ഗതിയാം രാമനെപ്പൂക്ക പിഞ്ചെന്നു സാഗ്നിഹോത്രരായ്.
കൂടിച്ചേർന്നഗ്നിഹോത്രത്തോടാ മഹാത്മാക്കളേവരും
ധീമാനാം രാമനെയനുവ്രജിച്ചു സകുടുംബമേ.
അമാത്യഭൃത്യരും ബന്ധു പശുപുത്രാനുഗാഢ്യരായ്
പിന്തുടന്നു പ്രഹർഷത്തോടേവരും രഘുനാഥനെ.
അങ്ങു പൌരരുമെപ്പേരും ഹൃഷ്ടപുഷ്ടജനത്തൊടേ
പോകുമാ രാമനെയനുവ്രജിച്ചു ഗുണരഞ്ജിതർ.
സ്ത്രീകളും പുരുഷന്മാരും യാനപക്ഷിപശുക്കളും
നിഷ്പാപരേവരും ഹർഷാൽപ്പിന്തുടന്നിതു രാമനെ.
കുളിച്ചിമ്പത്തിൽ മോദിച്ചും പുളച്ചും കീശരൊക്കവേ
ദൃഢം കിലുകിലെന്നാർത്തും പിന്തുടന്നിതു രാമനെ.
ദീനനായതിലില്ലാരും, നാണിച്ചുമഴലേന്തിയും;
ഏവരും ഹൃഷ്ടരായ് മോദിച്ചത്യാശ്ചര്യത്തെ നല്കിനാർ!

Digitized By Kerala Sahitya Akademi

പോകും രാഘവനെക്കാണ്മാൻ വന്നോരന്നാട്ടുകാരുമേ
കാങ്ക്ഷയാൽത്തന്നെ മോദിച്ചു പിന്തുടൎന്നിതു വിണ്ണിനായ്.
വാനരക്ഷരരക്ഷന്മാർ പുരവാസിജനങ്ങളും
പിന്തുടൎന്നാർ പരമമാം ഭക്തിയാലുള്ളുറപ്പൊടും.
നഗരത്തിൽ മറഞ്ഞങ്ങു മരുവും ഭൂതജാലവും
പിന്തുടൎന്നിതു വിണ്ണിനായെഴുന്നള്ളിയ രാമനെ. ൨൦
ഏവ കാകുത്ഥനെക്കാണ്മു ചരങ്ങളചരങ്ങളും,
രാമൻെറ പോക്കിലവയും പിന്തുടൎന്നാരശേഷരും.
ജീവനുള്ളൊന്നു ചെറുതും കാണായ്വന്നീലയോധ്യയിൽ;
തിൎയ്യക്കുകളുമൊട്ടുക്ക പിന്തുടൎന്നിതു രാമനെ!

---

## ഒരുനൂററിപ്പത്താംസൎഗ്ഗം: സ്വൎഗ്ഗാരോഹണം.

കാതമൊന്നര പോന്നിട്ടു പടിഞ്ഞാട്ടു തിരിഞ്ഞതിൽ,
പുണ്യാംഭസ്സായ സരയൂപ്പുഴ കണ്ടു രഘൂദ്വഹൻ.
ചുഴി ചിന്നും പുഴയതു പിന്തുടൎന്നങ്ങുമേ നൃപൻ
നാട്ടാരൊത്താ സ്ഥലത്തെത്തി, രാമൻ രാഘവനന്ദനൻ.
അത്തക്ഷണത്തിൽബ്രഹ്മാവു,ലോകത്തിൻെറപിതാമഹൻ
വാനോരോടും മഹാത്മാക്കളൃഷിമാരോടുമൊപ്പമേ,
ദിവ്യങ്ങളാം വിമാനങ്ങൾ നൂറുകോടി ചുഴന്നവൻ
വന്നെത്തി, രാഘവൻ വിണ്ണു പൂകാനായ് മരുവുന്നിടം.
ദിവ്യതേജസ്സണിനഭസ്സേറെ ജ്യോതിസ്സ്വരൂപമായ്,
പുണ്യങ്ങൾചെയ്ത വിണ്ണോർതൻ താനേമിന്നുംമഹസ്സിനാ
നൽക്കാററുവീശി,സൌരഭ്യംകലൎന്നസുഖമാംവിധം; (ൽ;



Digitized By Kerala Sahitya Akademi

പൊഴിഞ്ഞു മേൽക്കുമേൽ വാനോർ ചൊരിഞ്ഞു മലർമാ
അങ്ങപ്സരസ്ത്രീഗന്ധർവ്വർ പെരുമ്പറയടിയ്ക്കവേ, (രിയും!
നടന്നു സരയൂതോയം പൂകാൻ രാമനൊരുങ്ങിനാൻ.

അപ്പോൾപ്പിതാമഹൻ വാനത്തിങ്കൽനിന്നരിയാടി
(നാൻ:–
‘വിഷ്ണോ, വരിക, ഭദ്രം തേ, ഭാഗ്യാൽ നീ വന്നു രാഘവ!
ദേവശ്രീസോദരരുമായ് നിജമെയ്യാണ്ടുകൊൾക നീ.
ഇഷ്ടംപോലുള്ള നിജമെയ്യാണ്ടുകൊൾക മഹാഭുജ:
തേജസ്വിൻ, വൈഷ്ണവമതോ ശാശ്വതബ്രഹ്മരൂപമോ.
ലോകത്തിൻഗതി നീ ദേവ; നിന്നെയാരുമറിഞ്ഞിടാ, ഫം
പണ്ടേ നീ വേട്ടൊരു നെടുംകണ്ണാളാം മായയെന്നിയെ.
അചിന്ത്യന,ജരൻ, സർവ്വവ്യാപ്തനക്ഷയനാണു നീ;
യഥേഷ്ടംനിജമെയ്യാണ്ടുകൊൾക താൻതാൻമഹാദ്യുതേ!’

പിതാമഹൻെറചൊൽകേട്ടുതീർപ്പുചെയ്തതിബുദ്ധിമാൻ
തമ്പിമാരൊത്തു മെയ്യോടേ വിഷ്ണുതേജസ്സു പൂകിനാൻ.
ഉടൻ ദേവകൾ പൂജിച്ചു വിഷ്ണുവായ്ത്തീർന്ന ദേവനെ,
മരുദ്ഗണങ്ങൾ സാദ്ധ്യന്മാരഗ്നീന്ദ്രർ മുതൽപേർകളും
ദിവ്യർഷിമാരും ഗന്ധർവ്വരപ്സരസ്ത്രീജനങ്ങളും
സുപർണ്ണനാഗാശരരും ദൈത്യദാനവയക്ഷരും.
ആ വാനോർ നന്ദനന്നെന്നാർ:–‘നാകംപാപമകന്നിതാ,
എല്ലാം പുളച്ചു സന്തോഷം പൂണ്ടു പാരം കൃതാർത്ഥമായ്!’
പിന്നെ,ത്തേജസ്വിയാം വിഷ്ണു പിതാമഹനൊടോതിനാ
‘ലോകമിജ്ജനവൃന്ദത്തിന്നേകീടുക ശുഭവ്രത: (ൻ:–
ഇദ്ധീരരേവരും സ്നേഹംകൊണ്ടെന്നെപ്പിന്തുടർന്നവർ,

Digitized By Kerala Sahitya Akademi

ഭക്തന്മാർ, ഭജനീയന്മാരെ,നിഷ്ഠായുടൽ വിട്ടവർ.’
ആ വിഷ്ണുവാക്യം കേട്ടിട്ടാ ബ്രഹ്മദേവൻ ജഗൽഗുരു:-
‘സന്താനനാമകം ലോകം പുകമീ വന്നുചേർന്നവർ:
തിര്യക്കാകിലുമൊന്നേ,വം നിന്നെ ധ്യാനിച്ചുകൊണ്ടുതാൻ
ഭക്തിയാലുയിർ കൈവിട്ടാൽസ്സന്താനം പുക്ക വാഴമേ
സർവ്വബ്രഹ്മഗുണോപേതം ബ്രഹ്മലോകസമീപഗം. ൨൦
തന്നതാം യോനിയിൽച്ചേരും വാനരന്മാരുമൃക്ഷരും:
എപ്പേരുമേതുസുരരാൽജ്ജാതരായ്, സുരസംഭവർ
അത്തൻപിതാക്കളിൽപ്പുകും, വാനോരൊട്ടുക്ക കാണകവേ;
അതിൽസ്സുഗ്രീവനാദിത്യമണ്ഡലം ചെന്നുപുകിടും.’
ദേവേശനാവിധം ചൊല്ലേ,ഗ്ഗോപ്രതാരമണഞ്ഞവർ
ഹർഷാശ്രു തൂകിയെപ്പേരുമിറങ്ങീ സരയൂജലേ.
ശരിക്കേവനവൻ നീരിലിറങ്ങിക്കളിർ പൂണ്ടിതോ,
മർത്ത്യമൈ വിട്ടവനവൻ വിമാനത്തിൽക്കരേറിനാൻ.
നിര്യഗ്ജന്തുക്കളും നൂറായിരമായ്സ്സരയൂജലം
പുക്ക വിണ്ണേറിനാരേ,ററമൊളിമിന്നിയമെയ്യുമായ്; ൨൫
ദിവ്യരായ്, ദിവ്യമെയ്യോടേ ദേവതുല്യം വിളങ്ങിനാർ.
സരയൂസലിലം പുക്ക ചരങ്ങളചരങ്ങളും
ആ വെള്ളത്തിൽ നനഞ്ഞിട്ടു ദേവലോകത്തു കേറിനാർ.
അതിങ്കൽ മെയ്യുപേക്ഷിച്ച വാനരക്ഷനിശാടരും
ദേഹങ്ങൾ നീരിൽക്കൈവിട്ടു നാകലോകം കരേറിനാർ.
വന്നോരേവരെയും വിണ്ണിൽപ്പാപ്പിച്ചഥ ജഗൽഗുരു
ഹൃഷ്ടസന്തുഷ്ടരാം വാനോരൊത്തു വൻവിണ്ണു പുകിനാൻ.

Digitized By Kerala Sahitya Akademi

# ഒരുനൂററിപ്പതിനൊന്നാംസൎഗ്ഗം: ഫലശ്രുതി.

ഇതേവരെക്കീയാഖ്യാനം, സോത്തരം, ബ്രഹ്മപൂജിതം,
രാമായണസമാഖ്യാതം, മുഖ്യം വാല്മീകിനിൎമ്മിതം.
പിന്നെ വാണരുളീ വിഷ്ണു നാകലോകത്തിൽ മുൻപടി;
അവൻ വ്യാപിച്ചതൊ,ട്ടുക്കിച്ചരാചരജഗത്ത്രയം.
അതിനാൽ, ദേവഗന്ധൎവ്വ സിദ്ധന്മാരൃഷിമുഖ്യരും
ദിവ്യം രാമായണം ദ്യോവിൽ നിത്യംകേൾക്കുന്നു ഹൃഷ്ട (രായ്.
ആയുസ്സൌഭാഗ്യകര,മീയാഖ്യാനം പാപനാശനം,
രാമായണം വേദസമം ശ്രാദ്ധേ കേൾപ്പിക്കണംബുധൻ.
അപുത്രന്നുളവാം പുത്രന,ധനന്നുളവാം ധനം;
പാപമെല്ലാം വിട്ടു,മൊരു പദംപോലും പഠിക്കുകിൽ!
പാപങ്ങൾ ദിവസംതോറും ചെയ്തുപോരും മനുഷ്യനും,
ശ്ലോകമൊന്നെങ്കിലും ചൊന്നാൽപ്പാപമുക്തി ലഭിച്ചിടും.
വായിപ്പോനുകൊടുക്കേണം വസ്ത്രംപൈസ്വൎണ്ണമെന്നിവ:
വായിപ്പോൻ പരിതോഷിച്ചാൽത്തോഷിച്ചു സുരരൊക്കെ
ഈ രാമായണമാഖ്യാനമായുഷ്യം ചൊല്ലീടും നരൻ (യും!
പുത്രപൌത്രരുമായ്പ്പൂജയേല്ക്കു,മിങ്ങും പരത്തിലും.
ഉഷസ്സിലു,ച്ചക്കു,പരാഹ്നത്തിൽ,സ്സായാഹ്നവേളയിൽ
രാമായണം മനംവെച്ചു വായിപ്പോനിടിവിൽപ്പെടാ.
അയോധ്യാരമ്യപുരിയും പെരുതാണ്ടുകൾ ശൂന്യയായ്,
ഋഷഭക്ഷ്മാപനെ ലഭിച്ചാൾപ്പാൎപ്പടയതാസ്ഥരും.
ആയുഷ്യമാമീയാഖ്യാനം ഭാവിയോടുത്തരത്തൊടും
തീൎത്താൻ പ്രാചേതസന;-ത്തുകൊണ്ടാടി പത്മയോനിയും.

Digitized By Kerala Sahitya Akademi

അശ്വമേധസഹസ്രത്തെ വാജപേയായുതത്തെയും
നേടീട്ടു,മൊരുസർഗ്ഗംതാൻ കേട്ടുവെന്നാകിൽ മാനവൻ!
പ്രയാഗാദികൾ തീർത്ഥങ്ങൾ ഗംഗമുമ്പാം സരിത്തുകൾ
നൈമിശാദ്യരണ്യങ്ങൾ കുരുക്ഷേത്രാദികങ്ങളും
സംസേവിച്ചവനാം, രാമായണമിബ്ഭുവി കേട്ടവൻ!
സൂര്യോപരാഗേ പൊൻഭാരംകുരുക്ഷേത്രത്തിലേകുവോൻ,
ലോകേ രാമായണംകേൾപ്പോനി,രുപേരിവർ തുല്യരാം!
ശരിയായ് ശ്രദ്ധയോടൊത്തു രാമൻെറകഥ കേൾപ്പവൻ
സർവ്വപാപക്ഷയം നേടും, വിഷ്ണുലോകമണഞ്ഞിടും.
ആർഷമീയാദ്യമാം കാവ്യം, പണ്ടു വാല്മീകിയാൽക്കൃതം
ഭക്തിയോടശ്വഹംകേൾപ്പോൻവിഷ്ണുസാരൂപ്യമാർന്നിടും.
പുത്രദാരങ്ങൾ വർദ്ധിക്കും, സമ്പത്തുമഥ വംശവും;
നേരാണിതെന്നറിഞ്ഞിട്ടുകേൾക്കേണംയത ചിത്തരായ്:
ഗായത്രീരൂപമാണല്ലോ രാമായണമിതുത്തമം.
അപുത്രനുളവാം പുത്രന, ധനനുളവാം ധനം;
പാപമെല്ലാം വിട്ടു,മൊരു പദംപോലും പഠിക്കുകിൽ.
രാമൻെറ ചരിതം നിത്യം ചൊല്ലോനുംകേൾക്കുവോനു
(മേ
ഭക്ത്യാ പാപമൊഴിഞ്ഞൊനായ്ദ്ദീർഘായുസ്സു ലഭിച്ചിടും.
നിത്യംരാമനെയോക്കേണം,നന്മ നേടാൻകൊതിപ്പവൻ,
കേൾപ്പിക്കണം ബ്രാഹ്മണരെയാഖ്യാനമിതു നാൾക്കു
രംഘുനാഥൻെറ ചരിതമിതു വായിച്ചതീപ്പവൻ (നാൾ.
മരിച്ചാൽ വിഷ്ണുലോകത്തു ചെല്ലു,മില്ലൊരുസംശയം;
അവൻെറയച്ഛൻ, മുത്തച്ഛൻ, മുതുമുത്തച്ഛന,ങ്ങിനെ

Digitized By Kerala Sahitya Akademi

അവനാച്ഛവ,വനാച്ഛനിവരും വിഷ്ണുവിങ്കലാം.
രാമൻെറ കഥയെന്നെന്നും ചതുവ്ൎഗ്ഗം തരുന്നതാം;
അതിനാൽ, ശ്രദ്ധവെച്ചെന്നും കേൾക്കേണം സതതോ
(ത്തമം.
ഭക്ത്യാ രാമായണത്തിങ്കൽപ്പാദമോ പദമാത്രമോ
കേൾപ്പോൻ ബ്രഹ്മപദം പൂകും; ബ്രഹ്മാവാൽപ്പൂജ്യനാം
ഏവം പുരാതനാഖ്യാനമിതു, നിങ്ങൾക്കു മങ്ഗളം, (സദാ.
വിശ്വാസമോടു വായിപ്പിൻ; വാഴ്ത്തുകേ വിഷ്ണുവിൻബലം!

സമാപ്തം

Digitized By Kerala Sahitya Akademi